# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2021 ഒക്ടോബർ 8, വെള്ളി

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1443/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..102

**II അടിയന്തരപ്രമേയം**

കോവിഡ് മരണനിരക്കിലെ അപാകത

- ശ്രീ. പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു) ..539

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ശബരിമല വിമാനത്താവള പദ്ധതി

- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ..559

(2) മാലിന്യ സംസ്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..563

**IV സബ്മിഷൻ**

(1) ചെമ്പുമുക്ക് പാലം/റോഡ് പുനർനിർമ്മാണം

- ശ്രീ. പി. ടി. തോമസ് ..568

(2) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ നടപടി

- ശ്രീ. വി. ജോയി ..569

(3) സ്കൂൾ കെട്ടിട നിർമ്മാണം

- ശ്രീ. കെ. പി. എ. മജീദ് ..571

(4) അക്കിക്കാവ്-എരുമപ്പെട്ടി റോഡ് നിർമ്മാണം

- ശ്രീ. എ. സി. മൊയ്തീൻ ..573

*പേജ്*

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിന്റെ പരിഗണന ..574

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

- ശ്രീ. പി. പി. ചിത്തരഞ്ജൻ ..575

(ii) 2021 -ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി രൂപീകരണ ബിൽ

- ശ്രീ. ടി. വി. ഇബ്രാഹിം ..577

(iii) 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

- ശ്രീ. സി. ആർ. മഹേഷ് ..581

(iv) 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..584

(v) 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

- ശ്രീ. ടി. ഐ. മധുസൂദനൻ ..587

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച:

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

- ശ്രീ. കെ. ഡി. പ്രസേനൻ ..589

*പേജ്*

(ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

- ശ്രീ. അനൂപ് ജേക്കബ് ..591

(iii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

- ശ്രീ. എൻ. ഷംസുദ്ദീൻ ..592

**അനുബന്ധം** ..595

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 8, വെള്ളി*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2021 ഒക്ടോബർ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നമ്പർ (* 121)

**ക്ഷീര സംഘങ്ങൾക്ക് ആദായ നികുതി ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി**

1 (*121) ശ്രീ. ആന്റണി ജോൺ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഒ . ആർ. കേളു:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾക്ക് ആദായ നികുതി ഏർപ്പെടുത്തരുതെന്ന നിയമം നിലനിൽക്കെ പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളെ ആദായ നികുതിയുടെ പരിധിയിലുൾപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടിയിന്മേൽ സംസ്ഥാനം സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നാലായിരത്തോളം ക്ഷീര സഹകരണ സംഘങ്ങളെയും രണ്ടുലക്ഷത്തിൽപ്പരം ക്ഷീര കർഷകരെയും ഇത് എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(സി) ക്ഷീര സംഘങ്ങളിൽനിന്നാണ് നികുതി ഈടാക്കാൻ നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും നികുതിഭാരം കർഷകരുടെ മേലാണ് വരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനത്തിൽനിന്ന് ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30-6-2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 194 Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനും ടി.ഡി.എസ്. (TDS) ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനുമായി ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1-9-2021-ൽ നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയം കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ബോദ്ധ്യപ്പെടുത്തിയിട്ടുമുണ്ട്.

(ബി) ഉണ്ട്. സാധാരണഗതിയിൽ, ഒരു വ്യാപാര സ്ഥാപനത്തിന്റെ ലാഭത്തിൽനിന്നുമാണ് വരുമാന നികുതി ഈടാക്കുന്നതിന് വ്യവസ്ഥയുള്ളത്. ക്ഷീര സംഘങ്ങളുടെ വരുമാനത്തിൽനിന്നും കർഷകർക്ക് പാൽ വില നൽകുന്നതിനും സംഘത്തിന്റെ ചെലവുകൾ നടത്തുന്നതിനും ആവശ്യമായ തുക കഴിഞ്ഞ് എഡ്യൂക്കേഷൻ ഫണ്ട്, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട്, കന്നുകാലി വികസന നിധി, പൊതുനന്മ/ദാനനിധി എന്നിവ കുറച്ച് ബാക്കി തുക കർഷകർക്ക് ബോണസ്സായി നൽകുന്നു. ഇത്തരത്തിലുള്ള ചെലവുകളെല്ലാം കഴിഞ്ഞ് സംഘങ്ങൾക്ക് യാതൊരു ലാഭവും നീക്കിയിരിപ്പും ഉണ്ടാകാറില്ല. മൊത്തം വിറ്റുവരവ് 50 ലക്ഷം രൂപയിൽ അധികരിക്കുന്ന സംഘങ്ങൾ, ഉറവിടത്തിൽനിന്നും ആദായ നികുതി ഒടുക്കേണ്ട സാഹചര്യം (ടി.ഡി.എസ്.) ഉണ്ടായാൽ അത് സംഘത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയെ ബാധിക്കുകയും കർഷകർക്ക് ബോണസ്സുപോലും നൽകാനാവാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. ഇത് ക്ഷീര സംഘങ്ങളുടെ നിലനിൽപ്പിനെത്തന്നെ ദോഷകരമായി ബാധിക്കും. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തര നടപടി വേണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രിയെ 1-10-2021-ൽ നേരിൽ കണ്ട് കാര്യങ്ങൾ

വിശദമാക്കുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. നിവേദനം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിനുമാത്രമാണ് നിയമ നിർമ്മാണം നടത്താൻ ഭരണഘടനാപരമായി അധികാരമുള്ളത്. ആകയാൽ പ്രസ്തുത വിഷയത്തിന്മേൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിന് 01-10-2021-ൽ ബഹു. കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രിയെ നേരിൽ കണ്ട് വിഷയം ബോധിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ നിവേദനം ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നിവേദനം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ക്ഷീരകർഷകരുടെ ഉൽപ്പാദക ബോണസ്സായി നൽകുന്നത് സംഘത്തിന്റെ പ്രവർത്തന ലാഭത്തിന്റെ എത്ര ശതമാനമാണ്; ക്ഷീരകർഷകർ ആദായനികുതിയുടെ പരിധിയിൽ വരുമ്പോൾ ക്ഷീര സംഘങ്ങളിൽനിന്നും ക്ഷീരകർഷകർക്ക് ലഭിക്കുന്ന ഉൽപ്പാദക ബോണസിനെ ആയത് ബാധിക്കുമോ; വിശദമാക്കാമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, ക്ഷീരസംഘത്തിൽ ലഭിക്കുന്ന വരുമാനത്തിൽനിന്നും 65 ശതമാനം പാൽ വിലയും പ്രവർത്തനച്ചെലവും മറ്റു അനുവദനീയ കിഴിവുകളും കഴിഞ്ഞ് ബാക്കിവരുന്ന തുക കർഷകർക്കുതന്നെ വിതരണം ചെയ്തുവരികയാണ്. ഇതിനെ ഉൽപ്പാദന ബോണസ് എന്നറിയപ്പെടുന്നു. പുതിയ കേന്ദ്ര നിയമപ്രകാരം ഒരു സാമ്പത്തിക വർഷം 50 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള സംഘങ്ങൾക്ക് പാൽ വില നൽകുന്ന മിൽമ യൂണിയനുകൾ പ്രസ്തുത തുകയിൽ അധികരിക്കുന്ന തുകയ്ക്ക് 0.1 ശതമാനം വീതം ഉറവിടത്തിൽ നികുതി പിടിക്കുകയും ഇൻകം ടാക്സായി സർക്കാരിൽ ഒടുക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും മറ്റു സാഹചര്യങ്ങളുംവച്ച് ഭൂരിഭാഗം സംഘങ്ങളും വളരെ ചെറിയ സംഘങ്ങളാണ്. എന്നാൽ കാലിത്തീറ്റ വിൽക്കുന്നതിലൂടെയും പാൽവില വഴിയും അവയെല്ലാം 50 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുണ്ടാകും. ദൈനംദിന പ്രവർത്തനത്തിനുപോലും പാടുപെടുന്ന ഇത്തരം സംഘങ്ങൾക്ക് നികുതി ബാധകമാക്കിയാൽ കർഷകർക്ക് നിലവിൽ ലഭിക്കുന്ന പാൽ വിലപോലും നൽകാൻ സാധിക്കുകയില്ല.

ശ്രീ. ആന്റണി ജോൺ: സർ, ഈ പ്രത്യേക സാഹചര്യത്തിൽ ക്ഷീര കർഷകർക്കും ക്ഷീര സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ ഇടപെടുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കുറഞ്ഞ പലിശ നിരക്കിൽ ക്ഷീര കർഷകർക്കും ക്ഷീര സംഘങ്ങൾക്കും വായ്പ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡയറി ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ സാധിക്കുന്ന മേഖലയാണ് കന്നുകാലി വളർത്തലും അനുബന്ധപ്രവർത്തനങ്ങളും. ഈ മേഖലയിലെ നികുതിയുടെ കാര്യമാണ് ഇപ്പോൾ പറഞ്ഞത്. അതുപോലെ വിഷമം ഉണ്ടാക്കുന്ന കാര്യമാണ് എപ്പോഴൊക്കെ പാലിന് വില വർദ്ധിക്കുന്നുവോ അപ്പോഴൊക്കെ കാലിത്തീറ്റയുടെ വിലയും വർദ്ധിപ്പിക്കുക എന്നത്. ഫലത്തിൽ പാലിന്റെ വില വർദ്ധിപ്പിച്ചതിന്റെ ഗുണം കർഷകർക്ക് ലഭിക്കുന്നില്ല. അതിനെതിരെ ശക്തമായി പ്രതികരിക്കണം, അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിൽ 36 രൂപ മുതൽ 45 രൂപ വരെ പാലിന് വില കൊടുക്കുന്നുണ്ട്. തമിഴ്നാട് ഉൾപ്പെടെയുള്ള ഇതരസംസ്ഥാനങ്ങളിൽ പാലിന്റെ വില (26 രൂപ) വളരെ കുറവാണ്. അതുകൊണ്ട് ഇതരസംസ്ഥാനങ്ങളിൽ നിന്നും പാൽ കേരളത്തിലേയ്ക്ക് വരുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് പാലിനല്ല വില കൂട്ടേണ്ടത്, ഉൽപ്പാദനച്ചെലവ് എങ്ങനെ കുറയ്ക്കാമെന്നാണ് നോക്കേണ്ടത്. അതുമായി ബന്ധപ്പെട്ട ചർച്ച മിൽമയും കേരള ഫീഡ്സ് ലിമിറ്റഡും ആരംഭിച്ചുകഴിഞ്ഞു. അതുകൂടാതെ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ അതാണ് ഏറ്റവും കൂടുതൽ ചർച്ചചെയ്തത്. കാലിത്തീറ്റയ്ക്കുള്ള അസംസ്കൃത വസ്തുക്കൾക്ക് പലപ്പോഴും ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. കാലിത്തീറ്റ കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല. ഗുജറാത്ത്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നെല്ലുൽപ്പാദനം കഴിഞ്ഞ് കച്ചിൽ കളയുകയാണ് ചെയ്യുന്നത്. ആ കച്ചിൽ കൊണ്ടുവന്ന് അതിൽ ചേർക്കാവുന്ന ഇൻഗ്രീഡിയൻസ് ചേർത്താൽ അത് ഫലപുഷ്ടിയോടുകൂടി ഉപയോഗിക്കാൻ കഴിയും. ഇതര സംസ്ഥാനങ്ങളിൽനിന്നും കച്ചിൽ റെയിൽവേ വഴി കൊണ്ടുവരാൻ സാധിക്കുമോയെന്ന ചർച്ചയാണ് കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ തുടങ്ങിവച്ചിരിക്കുന്നത്. അത് നടപ്പിലാക്കുന്നതിനുള്ള പരിശ്രമത്തിലാണ്. കാലിത്തീറ്റ വില കുറയ്ക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

ശ്രീ. ഒ. ആർ. കേളു: സർ, തൊഴിലുറപ്പ് പദ്ധതിയുമായി ക്ഷീരമേഖലയെ ബന്ധിപ്പിച്ചിട്ടുണ്ട്. അതിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ക്ഷീരമേഖലയിൽ നടപ്പാക്കുന്നത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ക്ഷീരമേഖലയിൽ കാലിത്തൊഴുത്ത് നിർമ്മാണവും തീറ്റപ്പുൽ കൃഷിയും വ്യാപകമായി നടത്തുന്നുണ്ട്. കാർഷിക മേഖലയെയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്ഷീരമേഖലയെക്കൂടി കാർഷിക വൃത്തിയിലുൾപ്പെടുത്തണമെന്ന നിവേദനം കേന്ദ്രഗവൺമെന്റിന് നൽകിയിട്ടുണ്ട് പ്രാവർത്തികമാക്കിയാൽ കാർഷിക മേഖലയും മൃഗസംരക്ഷണ മേഖലയും ഒരുമിച്ച് ഇതിൽ ഉൾപ്പെടുത്താൻ സാധിക്കും.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, നിരവധി ജില്ലകൾ തീരപ്രദേശവുമായി ബന്ധപ്പെട്ട് കിടക്കുന്നവയാണ്. സങ്കരയിനം പശുക്കൾക്ക് അന്തരീക്ഷ ഊഷ്മാവ്, പാലുൽപ്പാദന വർദ്ധനവ് എന്നീ സമ്മർദ്ദങ്ങളാൽ രോഗാതുരത വർദ്ധിച്ചു കൊണ്ടിരിക്കുന്നു. തൈലേറിയ, അനാപ്ലാസ്മ, ബബേസിയ എന്നീ പ്രോട്ടോസോവൻ രോഗങ്ങൾ വർദ്ധിക്കുന്നു. ഈ അസുഖങ്ങളെ പ്രതിരോധിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ കൈക്കൊണ്ടിട്ടുണ്ട്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കന്നുകാലികളിൽ ഉണ്ടാകുന്ന ഒരു വലിയ രോഗമാണ് കുളമ്പുരോഗം. കുളമ്പുരോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മിനിഞ്ഞാന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വസതിയിലെ തൊഴുത്തിലെ കന്നുകാലികളിൽനിന്നും ആരംഭിച്ചിട്ടുണ്ട്. അത് കേരളമൊട്ടാകെ നടപ്പിലാക്കിയാൽ വരുന്ന നാല് വർഷം കൊണ്ട് കുളമ്പുരോഗം പിടിച്ചുനിർത്താൻ സാധിക്കും. കാലികളിൽ രോഗങ്ങളുണ്ടാകുമ്പോൾ പരിശോധന നടത്താൻ പാലോടുള്ള യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റുമായി ആലോചിക്കുന്നുണ്ട്. വരുംദിവസങ്ങളിൽ അതൊക്കെ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോവിഡ് കാലഘട്ടത്തിൽ ക്ഷീരകർഷകർക്ക് പാൽ വിൽക്കാൻ സാധിക്കാത്ത അവസ്ഥാവിശേഷമുണ്ടായി. പാലെടുക്കാൻ ആളില്ല, കൊടുക്കാൻ നിവൃത്തിയില്ല, പട്ടിണിയായി. ഈ പാൽ മുഴുവൻ അവസാനം അവർക്ക് ഒഴിച്ചുകളയേണ്ടിവന്നു. ഇതിന്റെ ഫലമായി നിരവധി ബുദ്ധിമുട്ടും സാമ്പത്തികക്ലേശവും അവർക്കുണ്ടായിട്ടുണ്ട്. അതേസമയം മറ്റ് സംസ്ഥാനങ്ങളിൽനിന്നുവരുന്ന ഗുണമേന്മയില്ലാത്ത പാൽ ഇവിടെ ധാരാളം

വിനിയോഗിക്കുന്നുമുണ്ട്. ആ കമ്പനികളുടെ പേര് എനിക്കറിയാം പക്ഷേ നിയമസഭ പോലുള്ള ഒരുസ്ഥലത്ത് ഏതെങ്കിലുമൊരു സ്വകാര്യ കമ്പനിയെക്കുറിച്ച് പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് ഞാൻ ആ പേര് വെളിപ്പെടുത്തുന്നില്ല. അത് അങ്ങേയ്ക്കുമറിയാമെന്നാണ് എന്റെ വിശ്വാസം. പുറത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ട ക്ഷീരകർഷകർ ചരിച്ചുകളഞ്ഞ പാലിന് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന രണ്ടുദിവസത്തിനുള്ളിലാണ് മലബാർ മേഖലയിൽ കർഷകർ പാൽ ചരിച്ചുകളയുന്ന പ്രശ്നമുണ്ടായത്. അപ്പോൾത്തന്നെ മിൽമയുടെ ഡയറക്ടർ ഉൾപ്പെടെയുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും അടിയന്തരമായി വിളിച്ചുചേർക്കുകയും രണ്ട് ദിവസംകൊണ്ട് കേരളത്തിൽ പാൽ ചരിച്ചുകളയുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയും ചെയ്തു. വ്യാപകമായി സംസ്ഥാനത്തുണ്ടായ കോവിഡ്-19 ക്ഷീരകർഷകരെയും ബാധിച്ചുവെന്നത് ശരിയാണ്. മിൽമ അധികം വരുന്ന പാൽ ഇതരസംസ്ഥാനങ്ങളിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കി മാറ്റുകയാണ് ചെയ്തുകൊണ്ടിരുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ കേരളത്തിൽനിന്ന് തമിഴ്നാട്ടിലേയ്ക്ക് മുപ്പതോളം ടാങ്കുകളിൽ പാൽ പോകുകയും അവിടെ രണ്ടുംമൂന്നും ദിവസം ക്യൂവിൽ കിടക്കേണ്ട അവസ്ഥയുണ്ടാവുകയും ചെയ്തു. അങ്ങനെയാണ് പാൽ ചരിച്ചുകളയേണ്ട സാഹചര്യമുണ്ടായത്. ഈ പ്രശ്നം രണ്ടുദിവസംകൊണ്ടുതന്നെ മിൽമ പരിഹരിച്ചു. മുഴുവൻ സംഘങ്ങളുടെയും പാൽ മിൽമ ശേഖരിച്ചു. നിലവിൽ അത്തരത്തിലുള്ള പ്രശ്നമില്ല. അതിനോടൊപ്പം മലപ്പുറം ജില്ലയിലെ മൂർക്കനാട് വില്ലേജിൽ 52 കോടി രൂപ ചെലവുവരുന്ന മിൽമയുടെ പാൽപ്പൊടി ഫാക്ടറിക്ക് തറക്കല്ലിട്ടുകഴിഞ്ഞു. ഇനി എത്ര പാൽ അധികംവന്നാലും കേരളത്തിൽത്തന്നെ പൊടിയാക്കിമാറ്റാനുള്ള എല്ലാ സംവിധാനങ്ങളും കൊണ്ടുവരികയാണ്. ഒരു വർഷത്തിനകം അത് പ്രാവർത്തികമാക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, കേന്ദ്ര മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയ കാര്യം ബഹുമാനപ്പെട്ട മന്ത്രി മറുപടിയിലൂടെ സൂചിപ്പിക്കുകയുണ്ടായി. എന്തെല്ലാം പ്രൊപ്പോസലുകളാണ് കേന്ദ്രസർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്; പുതിയ പദ്ധതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ വകുപ്പ് കൈകാര്യംചെയ്യുന്ന കേന്ദ്ര മന്ത്രി ശ്രീ. പർഷോട്ടം രൂപാല ഉൾപ്പടെയുള്ളവരെ നേരിട്ടുകണ്ട് ചർച്ച നടത്തി. സംസ്ഥാന സർക്കാർ ഒരു തവണ നേരിട്ടും ഒരുതവണ ഓൺലൈനായും കേന്ദ്ര ക്ഷീരവികസന

വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. കാലിത്തീറ്റയുടെ കാര്യമാണ് പ്രധാനമായും ചർച്ചചെയ്തത്. കാലിത്തീറ്റ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വിവിധ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട്, ആവശ്യമായ ingredients കൊണ്ടുവരാനുള്ള ഒരു സംവിധാനം ആലോചിക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. പാലോട് ഒരു വലിയ വാക്സിൻ കേന്ദ്രമുണ്ട്. പശുക്കൾക്ക് രോഗങ്ങളും മറ്റുമുണ്ടാകുമ്പോൾ അവിടെനിന്നാണ് അത്യാവശ്യംവേണ്ട പല മരുന്നുകളും ഉല്പാദിപ്പിക്കുന്നത്. കന്നുകാലികൾക്ക് പടർന്നുപിടിക്കുന്ന കുളമ്പുരോഗത്തിനുവേണ്ട മരുന്ന് അവിടെ ഉല്പാദിപ്പിക്കാൻ കേന്ദ്രം സഹായിക്കാമെന്ന് ഇപ്പോൾ പറഞ്ഞിട്ടുണ്ട്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന മരുന്നുകളിൽ കുറച്ച് മരുന്ന് എടുക്കാമെന്ന് സമ്മതിച്ചിട്ടുമുണ്ട്. കേരളത്തിൽ 30 ലക്ഷം പശുക്കളാണുള്ളത്. ഒരു ലക്ഷം പശുക്കൾക്ക് ഒരു ആംബുലൻസ് എന്ന നിലയിൽ 29 ആംബുലൻസുകൾ അനുവദിച്ചുകഴിഞ്ഞു. നാലരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടര മാസംകൊണ്ട് ഉദ്ഘാടന കർമ്മം നിർവ്വഹിക്കാൻ കഴിയും. അതിനുവേണ്ടി കേന്ദ്രമന്ത്രിയുൾപ്പെടെ കേരളത്തിൽ വരാമെന്നാണ് സമ്മതിച്ചിരിക്കുന്നത്. അതുപോലെ മറ്റ് പല മേഖലകളിലും ഒട്ടനവധി കാര്യങ്ങൾ ചെയ്യാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അവയെല്ലാം എടുത്തുപറയുന്നില്ല. വരും ദിവസങ്ങളിൽ അതിന്റെ പ്രോജക്ടുകൾ സമർപ്പിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ് : സർ, മിൽമയുടെ തിരുവനന്തപുരം യൂണിയൻ പിരിച്ചുവിട്ടിരിക്കുകയാണ്. ഇന്ത്യയിലാദ്യമായി തൊഴിലുറപ്പ് പദ്ധതി മിൽമയിൽ നടപ്പിലാക്കിയത് തിരുവനന്തപുരം യൂണിയനാണ്. കേന്ദ്രഗവൺമെന്റ് അതിനെ അഭിനന്ദിച്ചുകൊണ്ട് ഇന്ത്യയിലെല്ലായിടത്തും വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടെന്ന് അന്ന് പറഞ്ഞിരുന്നു. അത്തരത്തിൽ സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരുന്ന യൂണിയൻ പിരിച്ചുവിടാനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് മൂന്ന് ടേം നിശ്ചയിച്ചു എന്നതാണ്. യൂണിയന്റെ കീഴിലുള്ള പ്രാഥമിക സംഘങ്ങൾക്ക് കാലാവധിയില്ല, ഫെഡറേഷന് കാലാവധിയില്ല. മിൽമയുടെ രൂപീകരണത്തിലോ വളർച്ചയിലോ യാതൊരു വിയർപ്പുമൊഴുക്കാത്ത ആൾക്കാർ രാഷ്ട്രീയമായി അതിനെ പിരിച്ചുവിടുന്നതിനും പിടിച്ചെടുക്കുന്നതിനുംവേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അടിയന്തരമായി തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യ സമിതിയെ അവിടെ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ചോദ്യമല്ല ഇവിടെ ചോദിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. അത് ക്ഷീരമേഖലയിൽക്കൂടി കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്കാണ് പോകുന്നത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയതായി അറിഞ്ഞു. നല്ല പദ്ധതികളും ലഭിച്ചു. അതത് പ്രദേശത്തെ കർഷകരുമായി ആശയവിനിമയം നടത്തി മൃഗസംരക്ഷണം, കൃഷി, ക്ഷീര വികസനം തുടങ്ങിയ വകുപ്പുകളിൽനിന്നുള്ള നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പുതിയ പദ്ധതികളാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയുമായി ചർച്ചകൾ നടത്തി അത്തരം പദ്ധതികൾ പരമാവധി നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, അതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കും. അതിന്റെ ആദ്യനടപടിയെന്ന നിലയ്ക്ക് കേന്ദ്രത്തിൽ നിന്ന് മൂന്ന് ഉദ്യോഗസ്ഥർ രണ്ടാഴ്ചയ്ക്കകം കേരളത്തിൽ വരാനും ഇവിടത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്താനുമുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിക്കഴിഞ്ഞു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ആലപ്പുഴ ഭാഗത്ത് കുളമ്പുരോഗം പ്രത്യക്ഷപ്പെട്ടതായി മേയ്, ജൂൺ മാസങ്ങളിൽ വാർത്തകളുണ്ടായിരുന്നു. അത് മറ്റുഭാഗങ്ങളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ടോ; അത് പൂർണ്ണമായി തടയാൻ സാധിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u> : സർ, ആലപ്പുഴയിലാണ് ആദ്യമായി കുളമ്പുരോഗം റിപ്പോർട്ട് ചെയ്തത്. ആ സമയത്ത് കേന്ദ്രഗവൺമെന്റ് കുളമ്പുരോഗനിയന്ത്രണത്തിനാവശ്യമായ വാക്സിൻ നമുക്ക് തന്നിരുന്നില്ല. എന്നാൽ വളരെ അടിയന്തരമായി കേരള ഗവൺമെന്റ് മൃഗസംരക്ഷണ വകുപ്പുവഴി ഏകദേശം ഒരു ലക്ഷം വാക്സിൻ വിലയ്ക്കെടുത്ത് റൗണ്ട് വാക്സിനേഷൻ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി ഈ രോഗം പരമാവധി മാറ്റാനുള്ള എല്ലാ ശ്രമങ്ങളും ചെയ്തുവരുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇന്ന് കേരളത്തിൽ സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷകൾക്ക് ഫീസ് സൗജന്യമാക്കുകയും എല്ലാ വിധ സർട്ടിഫിക്കറ്റുകളുടെയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്ത എൽ.ഡി.എഫ്. സർക്കാർ കേരളം കണികണ്ടുണരുന്ന നന്മയാണ്. ധവളവിപ്ലവവും ഹരിത വിപ്ലവവും ഇന്ത്യയിൽ എക്കാലവും ആവേശപൂർവ്വം ചർച്ചചെയ്തിരുന്ന വിഷയങ്ങളാണ്. എന്നാൽ ഈ സഭയിൽ ഹരിതവിപ്ലവം ചർച്ചചെയ്യാൻ സാധിക്കാത്ത അവസ്ഥ കോൺഗ്രസ് ഉണ്ടാക്കിയിരിക്കുകയാണ്. ധവള വിപ്ലവവുമായി ബന്ധപ്പെട്ട് ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച പുരോഗമിക്കുമെന്നാണ് കരുതുന്നത്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേന്ദ്ര ഗവണ്മെന്റ് നികുതിയേർപ്പെടുത്തുകയും കോവിഡ് കാലമായതിനാൽ പാലിന് വിലകൂട്ടാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പാലുല്പാദന ചെലവ് കുറയ്ക്കുന്നതിന് കർഷകർക്ക് എന്തെങ്കിലും സഹായപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം ചികിത്സാച്ചെലവ് ലഘൂകരിക്കുന്നതിന് എല്ലാ ബ്ലോക്കിലും മൊബൈൽ വൈദ്യസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി : സർ, തീറ്റ ഉല്പാദനത്തിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. പരമാവധി തീറ്റ കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കാനും കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടുകൂടി അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരാനുമുള്ള ശ്രമമാണ് ആരംഭിച്ചിരിക്കുന്നത്. അതോടൊപ്പം കേരളത്തിലെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് കൊണ്ടുവരുന്നുണ്ട്. ഇതിനായി കേന്ദ്രത്തിന്റെ ഫണ്ട് 60 ശതമാനം ലഭിക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. ബാക്കി വിഹിതം കേരളവും വഹിച്ചാൽ അതുൾപ്പെടെ നടപ്പിലാക്കാൻ സാധിക്കും. കേരളത്തിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും മൊബൈൽ ചികിത്സാ സൗകര്യം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. ആദ്യഘട്ടമെന്നനിലയിൽ കേന്ദ്രഗവണ്മെന്റിൽനിന്നും ലഭിച്ച വാഹനങ്ങൾ അടിയന്തരമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. 60 ശതമാനം ഫണ്ട് കേന്ദ്രഗവണ്മെന്റ് തരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്.

## സംസ്ഥാനത്തെ റെയിൽവേ വികസനം

2 (*122) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നടന്നുവരുന്ന പാത ഇരട്ടിപ്പിക്കൽ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തീരദേശ പാതകളുടെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(സി) കായംകുളം-എറണാകുളം തീരദേശ പാതയുടെയും കായംകുളം-കോട്ടയം-എറണാകുളം പാതയുടെയും ഇരട്ടിപ്പിക്കൽ ജോലി എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാതകളിൽ ഏതെല്ലാം ഭാഗങ്ങളിലാണ് പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കാനുള്ളത്; ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ.വി.അബ്ദുറഹിമാൻ: സർ, (എ) റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ താഴെപ്പറയുംപ്രകാരം പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം നടന്നു വരുന്നു.

ആലപ്പുഴ : എറണാകുളം - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിനായി 32 ഹെക്ടർ 19 ആർ 84 ച.മീ. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിരുന്നുവെങ്കിലും നിലവിൽ കുമ്പളം-തുറവൂർ റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി 8 ഹെക്ടർ 66 ആർ 2 ച.മീ. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ജില്ലയിൽ നടന്നുവരുന്നത്. കോടന്തുരുത്ത് വില്ലേജിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും റെയിൽവേ അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് ബന്ധപ്പെട്ട റിക്കാർഡുകൾ പൂർണ്ണമായി നൽകിയിട്ടില്ലാത്തതുമാണ്.

എറണാകുളം: എറണാകുളം - കുമ്പളം റെയിൽവെപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 5.87 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. റെയിൽവേ എൽ.എ. ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നമുറയ്ക്ക് സർവ്വേ നടപടികളും SIA പഠനത്തിനുള്ള നടപടികൾ തുടങ്ങുന്നതാണ്.

കോട്ടയം : കോട്ടയം ജില്ലയിൽ നാളിതുവരെ 40.7677 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി. നിലവിലെ സ്ഥിതി അനുബന്ധമായി* ചേർക്കുന്നു.

(ബി) ആലപ്പുഴ : ഹരിപ്പാട് - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, സബ്-വേ നിർമ്മാണം, അത്രൂർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക ഭൂവുടമകൾക്ക് കൈമാറിയിട്ടുള്ളതാണ്. എറണാകുളം ജില്ലയിൽ തീരദേശ പാതകളുടെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികൾ ഉണ്ടായിട്ടില്ലാത്തതാണ്.

(സി) കായംകുളം - എറണാകുളം തീരദേശപാതയിൽ കായംകുളം - അമ്പലപ്പുഴ വരെയും കായംകുളം - കോട്ടയം - എറണാകുളം റെയിൽപ്പാതയിൽ കായംകുളം - ചിങ്ങവനം വരെയും പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജില്ല തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു.

ആലപ്പുഴ: അമ്പലപ്പുഴ- എറണാകുളം വരെയുള്ള തീരദേശ റെയിൽപ്പാതയിൽ പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കാനുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റെയിൽവേ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

കോട്ടയം: കോട്ടയം ജില്ലയിൽ 0.8958 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ അവശേഷിക്കുന്നത്. സമയബന്ധിതമായി റെയിൽവേയ്ക്ക് ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം: തീരദേശ പാത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. കോട്ടയം-കായംകുളം-എറണാകുളം റെയിൽപാത ഇരട്ടിപ്പിക്കലിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, മാറിമാറിവരുന്ന കേന്ദ്ര സർക്കാർ കേരളത്തിലെ റെയിൽവേ മേഖലയിലുണ്ടാകേണ്ട കാലോചിതമായ വികസനത്തിനുനേരെ മുഖംതിരിഞ്ഞുനിൽക്കുന്ന കാഴ്ചയാണ് നിരന്തരം കണ്ടുവരുന്നത്. പുതിയ പാത നിർമ്മിക്കുക, പാത ഇരട്ടിപ്പിക്കുക, സിഗ്നലിംഗ്, പുതിയ ട്രെയിൻ അനുവദിക്കുക, റെയിൽവേ സ്റ്റേഷൻ നവീകരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാംതന്നെ കാര്യക്ഷമമായും സമയബന്ധിതമായും തീർക്കുന്നതിന് കേന്ദ്ര സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ലെന്ന് കണ്ടുവരുന്നു. റെയിൽവേപ്പാത ഇരട്ടിപ്പിച്ച് ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധം ഏർപ്പെടുത്തിയാൽ സംസ്ഥാനത്ത് റെയിൽ ഗതാഗത രംഗത്ത് വൻപുരോഗതി സാദ്ധ്യമാകും. അതുകൊണ്ട് ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കരുനാഗപ്പള്ളി-ശങ്കരമംഗലം റെയിൽവേ ലൈൻ ചവറ KMML (Kerala Minerals and Metals Ltd.) റെയിൽവേയ്ക്ക് പണം നൽകി നിർമ്മിച്ചിട്ടുള്ളതാണ്. കെ.എം.എം.ൽ.-ന്റെ ചരക്കുഗതാഗത ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന രീതിയിലാണ് ലൈൻ വിഭാവന ചെയ്തിട്ടുള്ളത്. ശങ്കരമംഗലത്തുനിന്നും കൊല്ലം പോർട്ടുവരെ ഈ ലൈൻ ദീർഘിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ഡോ. സുജിത് വിജയൻ പിള്ള: സർ, എല്ലാ ശബരിമല തീർത്ഥാടന കാലത്തും ചർച്ച ചെയ്യപ്പെടുന്നൊരു കാര്യമാണ് ശബരി റെയിൽപ്പാത. സംസ്ഥാന സർക്കാർ ഈ പദ്ധതിയുടെ പകുതി ചെലവ് വഹിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പാത യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ശബരി റെയിൽപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്, 2018-19-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. സ്ഥലം ഉടമകളിൽനിന്നും ഏറ്റെടുക്കുന്നതിനായി സ്ഥലം ഫ്രീസ് ചെയ്ത് വച്ചതാണ്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി തലങ്ങളിലെല്ലാം ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നിരുന്നു. അതിനുശേഷം ബഹുമാനപ്പെട്ട നാല് മന്ത്രിമാരും റെയിൽവേ അധികൃതരുമായി വീണ്ടും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ഈ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം കേരള ഗവൺമെന്റ് നൽകാമെന്നും സമ്മതിച്ചതാണ്. എത്രയും പെട്ടെന്നുതന്നെ ശബരി റെയിൽപ്പാത നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, ഡിജിറ്റൽ ഇന്ത്യയെന്ന സങ്കൽപ്പം കേന്ദ്ര സർക്കാർ നാഴികയ്ക്ക് നാൽപ്പതുവട്ടം വിളിച്ചുപറയുന്നുവെങ്കിലും ട്രെയിനുകളിൽ യാത്രചെയ്യുമ്പോൾ നമുക്ക് മനസ്സിലാകും ഇന്ത്യൻ റെയിൽവേയ്ക്ക് ഹൈടെക്കാകാൻ ഇനിയും ഒരുപാട് ദൂരമുണ്ടെന്ന്. നിരവധി രാജ്യങ്ങളിൽ യാത്രചെയ്തിട്ടുള്ള വ്യക്തിയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? ദീർഘദൂര യാത്രികരായ സ്ത്രീകൾ ട്രെയിനുകളിൽ കയറുമ്പോൾ, പലപ്പോഴും എത്തിച്ചേരുന്ന സ്ഥലങ്ങളെപ്പറ്റി അറിയാൻ കഴിയുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇന്റർനെറ്റ് സേവനം ലഭ്യമാകാതെ വരികയാണെങ്കിൽ ട്രെയിൻ എവിടെയെത്തിയെന്ന് അറിയാൻ കഴിയാത്ത സാഹചര്യമുണ്ട്. ട്രെയിൻ എവിടെയെത്തി എന്നറിയുന്നതിനായി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് സമ്മർദ്ദമുണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, രാജധാനി എക്സ്പ്രസ് പോലുള്ള ദീർഘദൂര ട്രെയിനുകളിൽ അതാത് സ്റ്റേഷനുകളുടെ പേരുകൾ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന ചില എക്സ്പ്രസ് ട്രെയിനുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിനുള്ളിൽ ഓടുന്ന ട്രെയിനുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം റെയിൽവേ അധികൃതരുമായി സംസാരിക്കുന്നതാണ്. അടുത്ത ദിവസം തന്നെ ഒരു യോഗം നിശ്ചയിച്ചിട്ടുണ്ട്, അതിൽ ഈ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രിയും അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ മാസം 4-ാം തീയതിയും 29-ാം തീയതയും ചർച്ച നടത്തിയിരുന്നു. കേരളത്തിലെ റെയിൽവേ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്തു. അതോടൊപ്പം കോവിഡ് പശ്ചാത്തലത്തിനുശേഷം പ്ലാറ്റ്ഫോം ടിക്കറ്റും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കുകയും പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കുകയും ചെയ്യുന്ന കാര്യങ്ങളിലെല്ലാം നല്ല സമീപനമാണ് റെയിൽവേയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പ്ലാറ്റ്ഫോം ടിക്കറ്റ് നിരക്കിൽ വലിയ വർദ്ധനവ് നടത്തിയ പ്രശ്നം നിലനിന്നിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്ലാറ്റ്ഫോമിൽ കൂടുതൽ ആളുകൾ പ്രവേശിക്കാതിരിക്കാൻ വേണ്ടിയാണ് 50 രൂപ നിശ്ചയിച്ചിട്ടുള്ളതെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിരിക്കുന്നത്. തീർച്ചയായും അതിലും മാറ്റമുണ്ടാകുമെന്നാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാതയുടെ സർവ്വേ നടപടികൾ ഏത് ഘട്ടംവരെ എത്തിയിട്ടുണ്ട്; ശബരി റെയിൽപ്പാതയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് വായ്പയെടുക്കുന്ന കാര്യത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതോടൊപ്പം ഇപ്പോൾ നിർത്തലാക്കിയിട്ടുള്ള സീസൺ ടിക്കറ്റുകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; അതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ സഭയെ അറിയിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കെ-റെയിലുമായി ബന്ധപ്പെട്ട് വളരെ വേഗത്തിലാണ് സംസ്ഥാനം മുമ്പോട്ടുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട് 'കിഫ്ബി', 'ഹഡ്കോ' പോലുള്ള ഏജൻസികളും അതുപോലെ വിദേശ രാജ്യങ്ങളിൽനിന്നും വായ്പ സ്വീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. അതിന് പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ സർവ്വേ നടപടികൾ തുടങ്ങുന്നതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങളിൽ എൽ. എ. ഡെപ്യൂട്ടി കളക്ടർമാരെ നിയമിക്കുന്ന നടപടികൾ പൂർത്തിയായിവരികയാണ്. എത്രയും പെട്ടെന്നുതന്നെ സ്ഥലമെടുക്കുന്ന നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സീസൺ ടിക്കറ്റിന്റേതുൾപ്പെടെയുള്ള കാര്യങ്ങളിൽ റെയിൽവേ ബോർഡുമായി ചർച്ച നടത്തിയശേഷം കാര്യങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം ജില്ലയിൽ, എറണാകുളം ടൗൺ, എറണാകുളം ജംഗ്ഷൻ എന്നിങ്ങനെ രണ്ട് റെയിൽവേ സ്റ്റേഷനുകളാണുള്ളത്. ഈ റെയിൽവേ സ്റ്റേഷനുകളെ കൂടുതലായി വികസിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്പോൾത്തന്നെ പല ട്രെയിനുകളും ഈ സ്റ്റേഷനുകളിൽ എത്തിച്ചേരുന്നത് മണിക്കൂറുകളോളം ഔട്ടറിൽ നിർത്തി യിട്ടതിനുശേഷമാണ്. അതുകൊണ്ടാണ് പുതിയൊരു റെയിൽവേ സ്റ്റേഷനെന്ന ആശയം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. പൊന്നുരുന്നിയിൽ 90 ഏക്കർ സ്ഥലത്ത് ഒരു പുതിയ ടെർമിനൽ സ്ഥാപിച്ചാൽ വാട്ടർ മെട്രോ, മെട്രോ, റോഡ് ഗതാഗതം തുടങ്ങി എല്ലാ ഗതാഗത സംവിധാനങ്ങളെയും സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു ട്രാവൽ ഹബ്ബായി മാറ്റിയെടുക്കാൻ കഴിയും. ഇതിനുവേണ്ടി കെ-റെയിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എറണാകുളത്ത് കെ-റെയിലുമായി ബന്ധപ്പെട്ട് പുതിയ പ്ലാറ്റ്ഫോമുകളും സംവിധാനങ്ങളും നടപ്പിലാകും. നിലവിൽ എറണാകുളത്ത് റെയിൽവേ സ്റ്റേഷന്റെ നിർമ്മാണത്തെപ്പറ്റി ഇതുവരെയും സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും സംസ്ഥാനം ചെയ്യുമെന്ന് ഉറപ്പ് നൽകുകയാണ്.

മി. സ്പീക്കർ: മുപ്പതുപേരാണ് ഉപചോദ്യം ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് എല്ലാവരുടേയും ചോദ്യങ്ങളനുവദിക്കാൻ ചെയറിന് ബുദ്ധിമുട്ടാണെന്ന കാര്യം മനസ്സിലാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അതിവേഗ റെയിൽവേ തടസ്സപ്പെടുത്തുന്ന പ്രതിഷേധങ്ങളും നീക്കങ്ങളും ആരംഭിച്ചതായുള്ള റിപ്പോർട്ടുകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഇത്തരം പ്രതിഷേധങ്ങളും എതിർപ്പുകളും നേരിടുന്നതിനാവശ്യമായ നിലയിലുള്ള ജനകീയ സഹകരണം ഉറപ്പുവരുത്തുന്നതിന് ഗവണ്മെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്? കേരളത്തിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന പാസഞ്ചർ ട്രെയിനുകളിലെ കമ്പാർട്ടുമെന്റുകളെല്ലാം പഴക്കംചെന്നതും ദ്രവിച്ചതുമാണ്. അത് നവീകരിക്കണമെന്ന കേരളത്തിന്റെ നിർദ്ദേശങ്ങൾ ഇനിയെങ്കിലും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കെ-റെയിലുമായി ബന്ധപ്പെട്ട് ആശങ്ക നിലനിൽക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട പ്രചരണങ്ങൾ വിഷയം കൃത്യമായി പഠിക്കാത്തതുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തെ

സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട, തലമുറയുടെ ആവശ്യമായിട്ടാണ് സിൽവർലൈൻ സ്ഥാപിക്കാൻ പോകുന്നത്. തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെയുള്ള യാത്രയിൽ മനുഷ്യായുസ്സിന്റെ നിരവധി മണിക്കൂറുകളാണ് സേവ് ചെയ്യാൻ സാധിക്കുക. അതോടൊപ്പം റോഡുകളിലുള്ള ഗതാഗതത്തെ വലിയതോതിൽ കുറയ്ക്കാൻ കഴിയുന്ന ഒരു പദ്ധതിയുമാണ്. ഇത്തരം കാര്യങ്ങളിൽ ഒരാശങ്കയും വേണ്ടെന്നും അതിന് കൃത്യമായി പരിഹാരം കണ്ടുകൊണ്ടാണ് മുന്നോട്ട് പോകുന്നതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ പ്രസ്താവന നടത്തിയിട്ടുണ്ട്. അതോടൊപ്പം റെയിൽവേ കോച്ചുകളുടെ കാര്യം കഴിഞ്ഞ 4-ാം തീയതി നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട സതേൺ റെയിൽവേ ജനറൽ മാനേജരുമായി സംസാരിച്ചിരുന്നു. നിലവിൽ എല്ലാ സ്ഥലങ്ങളിലും ഒരേ തരത്തിലുള്ള കോച്ചുകളാണെന്നും അത്തരത്തിലുള്ള പരാതികളുണ്ടെങ്കിൽ ഇനിയും പരിഹരിക്കാൻ തയ്യാറാണെന്നും അവർ അറിയിച്ചിട്ടുണ്ട്.

മി. സ്പീക്കർ: റെയിൽവേ എന്നത് കേന്ദ്ര സർക്കാരിന്റെ വകുപ്പാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മറന്നതായിട്ടാണ് തോന്നുന്നത്. ഒരുപാടുപേർ ഇതുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ചോദിക്കുന്നതിന് ആവശ്യമുന്നയിക്കുന്നുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാതകളിലൊന്നായ നിലമ്പൂർ-ഷൊർണ്ണൂർ പാത ഏതാണ്ട് ചരമമണി മുഴങ്ങിയ സ്ഥിതിയിലാണ്. അയ്യായിരത്തോളം ആളുകൾ നിരന്തരമായി ഉപയോഗിച്ചിരുന്നതാണ്. പതിനാലോളം പാസഞ്ചർ സർവ്വീസുകൾ ഇപ്പോൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ്. പാസഞ്ചർ ട്രെയിനുകൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടിയെടുക്കാൻ ശ്രദ്ധിക്കുമോ; ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള നീക്കം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലമ്പൂർ-ഷൊർണ്ണൂർ പാതയിൽ കൂടുതൽ പാസഞ്ചർ ട്രെയിനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം 4-ാം തീയതിയിലെ യോഗത്തിൽ ചർച്ചയിൽ വന്നിട്ടുണ്ടായിരുന്നു. രാജ്യറാണി എക്സ്പ്രസ്സിന്റെ വിഷയത്തിൽ പുതിയ ടൂറിസ്റ്റ് കോച്ചുകൾ ഏർപ്പെടുത്തുന്ന തരത്തിലുള്ള കാര്യങ്ങളും ചർച്ചചെയ്തിരുന്നു. നിലവിലെ കോവിഡ് പശ്ചാത്തലത്തിൽ ഇന്ത്യയിലൊട്ടുക്കും പാസഞ്ചർ ട്രെയിനുകൾ ഇപ്പോൾ ഭാഗികമായി മാത്രമാണ് ഓടുന്നത്. അത് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് തീർച്ചയായും നിലമ്പൂർ പാതയിൽ പുതിയ പാസഞ്ചർ സർവ്വീസുകൾ

അനുവദിക്കാമെന്ന് അവർ അറിയിച്ചിട്ടുണ്ട്. നിലമ്പൂർ-കോയമ്പത്തൂർ പാസഞ്ചർ വേണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അക്കാര്യം ഇപ്പോൾ പരിഗണിക്കാൻ പറ്റില്ലെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ശബരി റെയിൽവേ എന്ന ആശയത്തിന് ദീർഘകാലത്തെ പഴക്കമുള്ളതാണ്. എന്റെ നിയോജക മണ്ഡലമുൾപ്പെടെയുള്ള മേഖലയുടെയും മലയോര മേഖലയുടെയും പ്രത്യേകിച്ച് ശബരിമല തീർത്ഥാടനത്തിന്റെയുമൊക്കെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ആദ്യസമയത്തുണ്ടായിരുന്ന ആവേശം പിന്നീട് കുറഞ്ഞു. ഇപ്പോൾ വീണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നു എന്നാണ് മനസ്സിലാക്കുന്നത്. ഇത്തരം വൻകിട പദ്ധതികൾ വരുമ്പോൾ പ്രാദേശികമായ കുറേ എതിർപ്പുകളും ആശങ്കകളും ഉണ്ടാകും. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ റെയിൽവേ ലൈൻ കടന്നുപോകുന്ന മേഖലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള ജനപ്രതിനിധികളെയും മറ്റുള്ളവരെയുംകൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ആശങ്കകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ട് പോയാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ കുറേക്കൂടി ത്വരിതപ്പെടുത്താൻ കഴിയും. ഇപ്പോൾത്തന്നെ ഞങ്ങളുടെ നാട്ടിൽ പല രീതിയിലാണ് ഇതിനെ സംബന്ധിച്ചുള്ള വാർത്തകൾ വരുന്നത്. അക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർമാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഇടപെടലുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 7-1-2021-ലെ ജി.ഒ. പ്രകാരം സർക്കാർ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം എല്ലാ തലങ്ങളിലും ചർച്ച ചെയ്യാൻതന്നെയാണ് ആഗ്രഹിക്കുന്നത്. നിലവിൽ ശബരി റെയിലുമായി ബന്ധപ്പെട്ട റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു നിവേദക സംഘം കഴിഞ്ഞ ദിവസം എന്നെ വന്നുകണ്ടിരുന്നുവെങ്കിലും കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിഞ്ഞില്ല. കാരണം, സഭയിൽ വരുന്നൊരു ചോദ്യത്തിന് ഉത്തരമായി പറയേണ്ട വിഷയം അവരുമായി ചർച്ചചെയ്യാൻ കഴിഞ്ഞില്ല. എങ്കിലും ഒരിക്കലും ഇത് നഷ്ടപ്പെട്ട് പോകുന്ന അവസ്ഥ ഇപ്പോഴില്ല. നിലവിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നുള്ള രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും യോഗം വിളിച്ച് കാര്യങ്ങൾ അറിയിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, തിരുവനന്തപുരത്തുനിന്ന് ഉച്ചയ്ക്ക് 2.45-ന് പുറപ്പെടുന്ന ജനശതാബ്ദി ട്രെയിൻ ചില സീസണിൽ ആലുവയിൽ നിർത്താറുണ്ട്. പക്ഷേ സാധാരണ ഗതിയിൽ പ്രസ്തുത ട്രെയിൻ ആലുവയിൽ നിർത്താത്ത സാഹചര്യവുമുണ്ട്. ആലുവ ഒരു പ്രധാനപ്പെട്ട സ്റ്റേഷനാണ്. എല്ലാ എക്സ്പ്രസ് ട്രെയിനുകളും നിർത്തുന്നുണ്ട്. ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ എം.പി.-യും ഞങ്ങളും പല നിവേദനങ്ങളും അപേക്ഷകളും ഇതു സംബന്ധിച്ച് റെയിൽവേ മന്ത്രിക്കും മറ്റും കൊടുക്കാറുണ്ട്. പക്ഷേ അതുസംബന്ധിച്ച് നടപടി ഉണ്ടാകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട്, ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഉച്ചയ്ക്ക് തിരുവനന്തപുരത്തുനിന്ന് പോകുന്ന ജനശതാബ്ദി ട്രെയിൻ ആലുവയിൽ നിർത്താനുള്ള സാഹചര്യമുണ്ടാക്കുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ജനശതാബ്ദി പോലുള്ള അതിവേഗ ട്രെയിനുകൾക്ക് എല്ലാ സ്ഥലങ്ങളിലും സ്റ്റോപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേ ഇതുവരെ സമ്മതം അറിയിച്ചിട്ടില്ല. നിലവിൽ ജനശതാബ്ദി രാവിലെ 9.45-ന് തിരുവനന്തപുരത്തെത്തുന്ന രീതിയിൽ ക്രമീകരിക്കാമെന്ന് റെയിൽവേ സമ്മതിച്ചിട്ടുണ്ട്. ഇത്തരം ട്രെയിനുകളുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ച നടത്തിയതാണ്. അതിന്റെ വേഗത നിയന്ത്രിക്കുന്ന സംവിധാനത്തിൽ 60 കിലോമീറ്റർ ദൂരത്തിലല്ലാതെ പുതിയ സ്റ്റോപ്പുകൾ അനുവദിക്കാൻ സാധിക്കില്ല എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. വീണ്ടും ചർച്ചകൾ നടത്താം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനുകളിലൊന്നായ ഷൊർണ്ണൂരിനെ ഒരു ട്രയാംഗുലർ സ്റ്റേഷനാക്കണമെന്ന് നിരവധി കാലമായി മലബാറിലെ ജനങ്ങൾ മുഴുവൻ ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. മലബാറിലെ യാത്രക്കാർക്ക് തൃശ്ശൂർ ഭാഗത്തുനിന്നുവരുന്ന ട്രെയിനുകളിൽ കയറാൻ സാധിക്കാത്ത അവസ്ഥയുണ്ട്. പണ്ട് പല ട്രെയിനുകളും ഷൊർണ്ണൂർ ടച്ച് ചെയ്തുകൊണ്ടാണ് പോയിരുന്നത്. ഇപ്പോൾ നേരിട്ട് പോകുന്നതുകൊണ്ട് അവയിൽ കയറാൻ സാധിക്കുന്നില്ല. അതുപോലെ, ഷൊർണ്ണൂർ പാലത്തിൽനിന്ന് ഒരു സിംഗിൾ ലൈൻ മാത്രമാണുള്ളത്. അതിനാൽ പല വണ്ടികളും പാലത്തിനപ്പുറത്ത് നിർത്തേണ്ടിവരുന്നത് ധാരാളം താമസം വരുത്തുന്നുണ്ട്. സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി അതൊരു ട്രയാംഗുലർ സ്റ്റേഷനാക്കിയാൽ ധാരാളം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. അങ്ങയുടെ മണ്ഡലത്തിനുംകൂടി പ്രയോജനം ലഭിക്കുന്ന ഒന്നാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഷൊർണ്ണൂരിലെ മൂന്നാമത് സ്റ്റേഷനെ സംബന്ധിച്ച് പുതിയ ഗവണ്മെന്റ് വന്നതിനുശേഷം അധികൃതരുമായി ചർച്ച നടത്തിയതാണ്. മുൻപ് അത്തരത്തിലുള്ള സർവ്വേ സംവിധാനങ്ങളും മറ്റുമുണ്ടായിരുന്നുവെങ്കിലും നിലവിൽ അതിനെക്കുറിച്ച് റെയിൽവേ ആലോചിക്കുന്നില്ല എന്നാണറിയാൻ കഴിഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ പാത ഇരട്ടിപ്പിക്കൽ പദ്ധതികൾ വേഗത്തിൽ പോകുന്നു, ഭൂമി ഏറ്റെടുക്കൽ നടപടികളും അതിന്റെ ഭാഗമായി നീങ്ങുകയാണ്. റെയിൽവേ സിഗ്നൽ സംവിധാനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ട്രെയിൻ യാത്ര കുറച്ചുകൂടി വേഗതയിലാകും. ഇപ്പോൾ രാജധാനി, ജനശതാബ്ദി പോലുള്ള എക്സ്പ്രസ് ട്രെയിനുകൾ വളരെ വേഗതയിൽ എറണാകുളത്തും മലബാർ പ്രദേശങ്ങളിലുമൊക്കെ എത്തിച്ചേരുന്നുണ്ട്. നിലവിലുള്ള റെയിൽവേ സംവിധാനം ശാക്തീകരിച്ചാൽ യാത്രാസമയം വളരെയേറെ കുറയ്ക്കാൻ കഴിയും. മനുഷ്യന്റെ സമയം ട്രെയിൻ യാത്രയിലും റോഡുകളിലുമൊക്കെ ഒരുപാട് നഷ്ടപ്പെടുന്നു എന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. സിൽവർലൈൻ വലിയ രീതിയിലുള്ള സാമ്പത്തിക ബാദ്ധ്യതയും പരിസ്ഥിതി പ്രശ്നങ്ങളുമുണ്ടാക്കും. ഇതിൽ ലാഭകരമാകുന്ന സാഹചര്യങ്ങൾ കുറവാണ്. അത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? ഇതിലൊരു വാശിയുടെ ആവശ്യമില്ല. ഞങ്ങളാരും വികസനത്തിന് എതിരല്ല. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകുമോ; പുനരാലോചനയ്ക്ക് വിധേയമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിലുള്ള പാതയിലൂടെ വേഗത്തിൽ ട്രെയിനുകൾ ഓടിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഏറ്റവും കൂടുതൽ വളവുകളുള്ള റെയിൽവേ സംവിധാനമാണ് കേരളത്തിലുള്ളത്. അതിവേഗ ട്രെയിനുകൾ ഓടിക്കാൻ പ്രയാസമാണ്. മറ്റൊരു വാദമുള്ളത്, പുതിയ സിഗ്നൽ സംവിധാനം കൊണ്ടുവന്നാൽ വേഗത്തിൽ ഓടിക്കാമെന്നാണ്. നിലവിലുള്ളത് മാറ്റി പുതിയൊരു സംവിധാനം വരുത്താൻ കാലതാമസമുണ്ട്. അതോടൊപ്പം അത്തരത്തിലുള്ള കാര്യം ഇപ്പോൾ റെയിൽവേ ആലോചിക്കുന്നില്ല. കെ-റെയിലുമായി ബന്ധപ്പെട്ട് യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും നിലവിൽ പഠനത്തിൽ കണ്ടെത്തിയിട്ടില്ല. അത്തരത്തിലുള്ള എല്ലാ ആശങ്കകളും പരിഹരിച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നത്. കെ-റെയിൽ യാതൊരു പൊല്യൂഷനും പുറത്തേയ്ക്ക് വിടാത്തതാണ്. ആ രീതിയിൽ ഏറ്റവും നൂതന സാങ്കേതികവിദ്യയാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, ശബരി റെയിൽപ്പാത യാഥാർത്ഥ്യമാക്കാൻ ഗവണ്മെന്റ് നടപ്പിലാക്കുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ശബരിമലയുടെ ഒരു കവാടമാണ് പുനലൂർ. ധാരാളം അയ്യപ്പഭക്തരാണ് പുനലൂരെത്തി കുളത്തൂപ്പുഴ, അച്ചൻകോവിൽ, ആര്യങ്കാവ് അയ്യപ്പ ക്ഷേത്രങ്ങൾ സന്ദർശിച്ച് ശബരിമലയിലേയ്ക്ക് പോകുന്നത്. ശബരി റെയിൽപ്പാത പുനലൂർ വരെ നീട്ടണമെന്നത് വളരെ നാളുകളായുള്ള ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ;

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ ശബരി റെയിൽപ്പാതയുടെ എസ്റ്റിമേറ്റ് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കുന്ന നടപടി മാത്രമാണ് ബാക്കിയുള്ളത്. അതുകൂടി വന്നുകഴിഞ്ഞാൽ പണി ആരംഭിക്കാൻ സാധിക്കുന്നമെന്നതാണ് നിലവിലെ അവസ്ഥ. അതിനുശേഷം രണ്ടാംഘട്ടമെന്ന നിലയിൽ അത്തരത്തിലുള്ള കാര്യങ്ങൾ ആലോചിച്ച് മുന്നോട്ട് പോകാൻ കഴിയും. കാരണം അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിനാണ് ഏറ്റവും കൂടുതൽ പങ്കുള്ളത്.

ശ്രീ. വി ജോയി: സർ, തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ സെക്കൻഡ് ടെർമിനലായ കൊച്ചുവേളി റെയിൽവേ സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിമാർ നടത്തുന്ന പ്രഖ്യാപനങ്ങൾ എന്തെങ്കിലും യാഥാർത്ഥ്യമാകാൻ സാധ്യതയുണ്ടോ;

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ അത്തരത്തിലുള്ള പദ്ധതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, റെയിൽവേ അക്കാര്യം അറിയിച്ചിട്ടുമില്ല. നിലവിൽ റെയിൽവേയുടെ ഭാഗത്തുനിന്നും പ്രസ്തുത ഭാഗങ്ങളിലേയ്ക്ക് പുതിയ പദ്ധതികൾ ഇല്ലെന്നാണ് അറിയാൻ സാധിച്ചത്.

ശ്രീമതി കെ. കെ. രമ: സർ, നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈനിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയും വലിയ പാരിസ്ഥിതിക പ്രശ്നങ്ങളില്ലെന്ന് പഠനത്തിൽ കണ്ടെത്തിയതായും പറയുകയുണ്ടായി. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും റാപ്പിഡ് എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ടും സർക്കാരിന് ലഭ്യമായിട്ടുണ്ടോ, എങ്കിൽ ആയത് തയ്യാറാക്കാൻ ഏൽപ്പിച്ച ഏജൻസികൾ ഏതാണെന്ന വിവരം ലഭ്യമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കെ-റെയിലുമായി ബന്ധപ്പെട്ട പഠനങ്ങൾ ഇപ്പോഴും നടന്നുവരികയാണ്. പാരിസ്ഥിതിക പഠന റിപ്പോർട്ട് പൂർത്തിയാകുന്ന

മുറയ്ക്ക് അടുത്തദിവസം പുറത്തുവിടുന്നതാണ്. നിലവിൽ ഇത്തരത്തിലുള്ള കാര്യങ്ങളിൽ ജനങ്ങളിൽ ആശങ്ക പരത്തരുതെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. നിലവിൽ കൃത്യമായ കാര്യങ്ങളോടു കൂടിയാണ് സംസ്ഥാനം മുന്നോട്ട് പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രചരണങ്ങളാണ് നടക്കുന്നത്. മലബാർ ഭാഗങ്ങളിൽ കെ-റെയിലുമായി ബന്ധപ്പെട്ട് 100 മീറ്റർ സ്ഥലം പുതിയതായി ഏറ്റെടുക്കുമെന്ന രീതിയിലുള്ള പ്രചരണമാണ് നടക്കുന്നത്. ശരിയായ വസ്തുത മലബാർ ഭാഗങ്ങളിലെ റെയിലിനോട് ചേർന്നുള്ള ഇരുപതോ ഇരുപത്തിയഞ്ചോ മീറ്റർ ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിലുള്ള പ്രചരണങ്ങൾ എല്ലാം അസ്ഥാനത്താണ്, ആരംഭഘട്ടത്തിൽ പഠന റിപ്പോർട്ട് അടുത്ത ദിവസംതന്നെ പുറത്തുവിടുന്നതാണ്.

ശ്രീമതി ദെലീമ: സർ, എറണാകുളത്തോട് ചേർന്നുകിടക്കുന്ന ഭാഗങ്ങളായ അരൂർ, തുറവൂർ ഭാഗങ്ങളിലേയ്ക്ക് മെട്രോ റെയിൽ വ്യാപിപ്പിക്കാൻ സാദ്ധ്യതയുണ്ടോ, മൂന്നാംഘട്ടം എടുത്തിട്ടുണ്ടെന്ന് അറിയാൻ സാധിച്ചുവെങ്കിലും ആയതിന്റെ തൽസ്ഥിതി എന്താണെന്നതു സംബന്ധിച്ച് വ്യക്തമാക്കാമോ;

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ മെട്രോയുടെ രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പുതിയ പ്ലാനുകൾ ഇപ്പോൾ ആലോചിച്ചിട്ടില്ല, ഭാവിയിൽ അത്തരം കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കാമെന്നേ പറയാൻ സാധിക്കൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, കോവിഡ്-19 സാഹചര്യത്തിൽ റദ്ദാക്കിയ സ്പോട്ട് ടിക്കറ്റ്, സ്പോട്ട് റിസർവ്വേഷൻ, അവയിലബിലിറ്റി അനുസരിച്ച് പെട്ടെന്ന് ടിക്കറ്റ് കൊടുക്കൽ എന്നിവ നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. മറ്റു പല സംസ്ഥാനങ്ങളിലും ഈ സംവിധാനം ആരംഭിച്ചിട്ടുണ്ട്. അതുപോലെ പാലക്കാടുനിന്നും നേരിട്ട് തിരുവനന്തപുരത്തേയ്ക്ക് ഒരു ജനശതാബ്ദി എക്സ്പ്രസ്സ് വേണമെന്നത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. പാലക്കാടുനിന്നും തിരുവനന്തപുരത്തേയ്ക്ക് പെട്ടെന്ന് എത്താൻ യാതൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയാണ്. ആയതിനാൽ ഒരു ഡേ ട്രെയിൻ അനുവദിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ കേന്ദ്ര റെയിൽവേ മന്ത്രിയല്ലെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിക്കുന്ന കാര്യങ്ങൾ കൃത്യമായി റെയിൽവേ ബോർഡുമായി ചർച്ച ചെയ്തിട്ടാണ് മറുപടി പറയുന്നത്. ശ്രീ. ഷാഫി പറമ്പിൽ സംസ്ഥാന യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റുകൂടിയാണ്, അത് മനസ്സിലാക്കണം. ഇക്കാര്യം

തീർച്ചയായും ആവശ്യമുള്ളതുതന്നെയാണ്. നിലവിലുള്ള റെയിൽവേ ട്രാക്കുകളിൽ കൂടുതൽ ട്രെയിനുകൾ ഓടിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. കൂടുതൽ ട്രെയിനുകൾ വേണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നുണ്ട്, പക്ഷെ, നിലവിലുള്ള ട്രാക്കുകളിൽ കൂടുതൽ ട്രെയിനുകൾ കൂടുതൽ വേഗത്തിൽ ഓടിക്കാൻ കഴിയുകയില്ലെന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ഡബ്ലിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ട്രെയിനുകൾ അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. റിസർവ്വേഷൻ സംവിധാനം ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കാമെന്ന് റെയിൽവേ കഴിഞ്ഞ 4-ാം തീയതി നടന്ന യോഗത്തിലും അറിയിച്ചിട്ടുണ്ട്.

**ഗ്രാമവണ്ടി പദ്ധതി**

3 (*123) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പൊതുഗതാഗത രംഗത്ത് ഗുണകരമായ മാറ്റത്തിന് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി ഇതിനകം എവിടെയെല്ലാം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ഡി) ഇന്ധന വിലക്കയറ്റത്തിന്റെയും പാരിസ്ഥിതിക ആഘാതത്തിന്റെയും സാഹചര്യത്തിൽ പൊതുഗതാഗതം ശക്തിപ്പെടുത്തി വാഹനപ്പെരുപ്പം കുറയ്ക്കുന്നതിനും ഗ്രാമീണ ഗതാഗതം സുഗമമാക്കുന്നതിനും ഗ്രാമവണ്ടികൾ വ്യാപകമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ) സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി. നൽകുന്ന ഇൻവോയിസ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതുമാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യവും പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി. എഫ്. പുതുക്കൽ/ പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.-ക്കായിരിക്കും.

13. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിന് 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് മാത്രം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടിവരും.

16. RTC ആക്ടിന് വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേരു പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

(ബി) പ്രതീക്ഷിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലേയ്ക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേയ്ക്കും പൊതുഗതാഗത സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. ഈ പുതിയ പദ്ധതി പൊതുഗതാഗത രംഗത്ത് ഗുണകരമായ മാറ്റത്തിന് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിലോ മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെയോ ആവിഷ്കരിക്കേണ്ട ബൃഹത്തായ പദ്ധതി ആയതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ ബഡ്ജറ്റ് അംഗീകരിച്ച ശേഷമേ അപേക്ഷ ക്ഷണിക്കാനും പദ്ധതി തുടങ്ങാനും സാധിക്കുകയുള്ളൂ.

(ഡി) പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും ഗതാഗത സൗകര്യം ഇനിയും എത്തിപ്പെടാത്ത മേഖലകളിൽ ഗതാഗത സൗകര്യം ഒരുക്കുന്നതിനും ഗ്രാമീണ ഗതാഗതം സുഗമമാക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നാൽ ഗ്രാമവണ്ടികൾ വ്യാപകമാക്കാൻ കഴിയും.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് ജില്ലയിൽ കോവിഡിനുമുമ്പ് 92 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ 65 ഷെഡ്യൂളുകൾ മാത്രമാണുള്ളത്. പല ബസ്സുകളും കോമൺ പൂളിൽ കട്ടപ്പുറത്ത് കിടത്തിയിരിക്കുയാണ്. കാഞ്ഞങ്ങാട്-ചന്ദ്രഗിരി-കാസർഗോഡ് റൂട്ട് ദേശസാൽകൃത

റൂട്ടാണ്. കാസർഗോഡ്-മംഗലാപുരം ഇന്റർസ്റ്റേറ്റ് റൂട്ടാണ്, രണ്ട് സംസ്ഥാനങ്ങളുടെയും കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. സ്കൂൾ തുറക്കുന്നതോടെ യാത്രാപ്രശ്നം അതീവ സങ്കീർണ്ണമാകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നിർത്തലാക്കിയ എല്ലാ ഷെഡ്യൂളുകളും പുനഃസ്ഥാപിച്ച് നേരത്തെ ഓടിയതും അതിനുപുറമേ പുതിയ ബസ്സുകളും അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, കോവിഡ് മഹാമാരിയെത്തുടർന്ന് ബസ് സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണം കുറഞ്ഞിരിക്കുകയാണ്. എന്നാൽ അതിനുശേഷം ചെലവ് വളരെയേറെ വർദ്ധിച്ചിരിക്കുകയുമാണ്. ഡീസലിന്റെ ഇന്നത്തെ വില 99.09 രൂപയാണ്. യാത്രക്കാരുള്ള സ്ഥലങ്ങളിലെ ബസ്സുകൾ നിർത്തിയിട്ടില്ല. എന്നാൽ ഭീമമായ നഷ്ടമാണുള്ളത്. കോവിഡ് മഹാമാരിക്ക് മുമ്പുണ്ടായിരുന്നതിന്റെ പകുതിപോലും കളക്ഷൻ ഇല്ലാത്ത അവസ്ഥയിൽ അത്തരം സർവ്വീസുകൾ തുടങ്ങാൻ കഴിയില്ല. യാത്രക്കാർ കെ.എസ്.ആർ.ടി.സി. ബസ്സിനെ കൂടുതലായി ആശ്രയിക്കുന്ന ഘട്ടംവന്നാൽ എല്ലാ ബസ്സുകളും പുനഃസ്ഥാപിക്കുമെന്ന് മാത്രമല്ല, കൂടുതൽ സർവ്വീസുകൾ നടത്താനും കെ.എസ്.ആർ.ടി.സി. തയ്യാറാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 'ഗ്രാമവണ്ടി' നല്ലൊരു ആശയമാണ്, അത് നടപ്പിലാക്കുമ്പോൾ എല്ലാവരും ആവശ്യപ്പെടുന്ന വണ്ടികൾ കൈവശമുണ്ടാകുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഏജൻസികളെങ്കിലും വ്യക്തികളോ മറ്റ് സ്ഥാപനങ്ങളോ കൂട്ടായ്മകളോ ഇതിൽ പങ്കാളികളാകാൻ മുമ്പോട്ടുവന്നാൽ അംഗീകരിക്കാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുമോ;

ശ്രീ. ആന്റണി രാജു: സർ, ഗ്രാമവണ്ടി പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുമായി ചർച്ച നടത്തിയതിനുശേഷമാണ് ഞാൻ ഇവിടെ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഈ മാസം 13-ാം തീയതി തദ്ദേശ സ്വയംഭരണ, ഗതാഗത വകുപ്പുകൾ ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തുന്നുണ്ട്. വാഹനങ്ങളെ സംബന്ധിച്ച ലഭ്യതയ്ക്ക് കുറവൊന്നുമുണ്ടാകില്ല. നമുക്കറിയാം, കേരളത്തിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആയിരക്കണക്കിന് വാഹനങ്ങൾക്ക് സർവ്വീസ് നടത്താൻ കഴിയാത്ത അവസ്ഥയുണ്ട്. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം പുതുതായി വാഹനങ്ങൾ വാങ്ങാതെ സ്വകാര്യ വ്യക്തികളുടെ വാഹനങ്ങൾ വാർഷിക കരാറടിസ്ഥാനത്തിൽ വെറ്റ് ലീസിനെടുത്ത് ആവശ്യമുള്ളത്ര വാഹനങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് നൽകാൻ കഴിയും.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വളരെ നൂതനമായ പദ്ധതി ആവിഷ്കരിച്ചതിന് താങ്കൾക്കും വകുപ്പിനും അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ സംസ്ഥാനത്ത് ആയിരക്കണക്കിന് ടെമ്പോ ട്രാവലർ ഉൾപ്പെടെയുള്ള വാഹനങ്ങൾ സമാന്തര സർവ്വീസുകൾ നടത്തുന്നുണ്ട്. അവരൊക്കെ ഇപ്പോൾ ഒളിച്ചും പാത്തുമൊക്കെയാണ് സർവ്വീസ് നടത്തുന്നത്. അത്തരം പാരലൽ സർവ്വീസുകാരെ ഈ പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ കഴിയുമോ; ഇതിന്റെ ടിക്കറ്റ് നിരക്ക് സംബന്ധിച്ചുകൂടി വിശദീകരിക്കാമോ;

ശ്രീ. ആന്റണി രാജു: സർ, സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 വർഷം പിന്നിട്ടിട്ടും ഇന്നും ഗതാഗത സൗകര്യം ലഭ്യമാക്കാൻ കഴിയാത്ത നൂറുകണക്കിന് ഗ്രാമങ്ങൾ കേരളത്തിലുണ്ട്. അവർക്കൊക്കെ യാത്രാ സൗകര്യമൊരുക്കേണ്ട ബാദ്ധ്യത എല്ലാവർക്കുമുണ്ട്, കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുണ്ട്.അതുകൊണ്ടുതന്നെ യാത്രാസൗകര്യം ഒരുക്കുമ്പോഴുണ്ടാകുന്ന നഷ്ടം എല്ലാവരും ചേർന്ന് പങ്കുവയ്ക്കുന്നതായിരിക്കും പ്രായോഗികം. കെ.എസ്.ആർ.ടി.സി. മാത്രം ആ നഷ്ടം വഹിക്കണമെന്ന് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട വി. കെ. പ്രശാന്ത് പറഞ്ഞതുപോലെ ഈ സ്വപ്നപദ്ധതി യാഥാർത്ഥ്യമായാൽ ഭീമമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരളത്തിലെ ആയിരക്കണക്കിന് സ്വകാര്യ വാഹന ഉടമകളുടെ വാഹനങ്ങൾകൂടി വെറ്റ് ലീസിന് എടുത്തുകൊണ്ട് ഈ സർവ്വീസുകൾ യാഥാർത്ഥ്യമാക്കാൻ കഴിയും. പല മേഖലകളിലും പാരലൽ സർവ്വീസുകൾ നടത്തുന്നത് അവർക്കാവശ്യമായ ബസ് സർവ്വീസ് കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ്. ഗ്രാമപഞ്ചായത്തുകൾ സഹകരിച്ചാൽ ഇന്ത്യയിൽ ആദ്യമായി ആവശ്യമായ എല്ലാ മേഖലകളിലും ഗ്രാമവണ്ടിയെന്ന പദ്ധതി ആവിഷ്കരിച്ച സംസ്ഥാനമായി കേരളം മാറും. മുക്കിലും മൂലയിലും കെ.എസ്.ആർ.ടി.സി.-ക്ക് വാഹനമെത്തിക്കാനും യാത്രക്കാരുടെ ആവശ്യം യാഥാർത്ഥ്യമാക്കാനും കഴിയും.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കോവിഡ് പ്രതിസന്ധിക്കിടയിലും പുതിയ പദ്ധതികളുമായി കെ.എസ്.ആർ.ടി.സി. മുന്നേറുകയാണ്. ഗ്രാമീണ മേഖലയിലെ യാത്രാപ്രശ്നങ്ങളുടെ പരിഹാരമായി കൊണ്ടുവന്ന ഗ്രാമവണ്ടി പദ്ധതി അഭിനന്ദനാർഹമാണ്. ഇത്തരമൊരു ആശയം അവതരിപ്പിച്ച ഗതാഗത വകുപ്പിനെയും ഗവണ്മെന്റിനെയും അഭിനന്ദിക്കുന്നു. ഗ്രാമവണ്ടിയുടെ ടിക്കറ്റ് നിരക്ക് കെ.എസ്.ആർ.ടി.സി.-യുടേത് തന്നെയാകുമോ; അന്തർ ജില്ലാ സർവ്വീസുകൾ ഗ്രാമവണ്ടി പദ്ധതിയിലുണ്ടാകുമോ;

ശ്രീ. ആന്റണി രാജു: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ഗ്രാമവണ്ടിയുടെ നിരക്ക് കെ.എസ്.ആർ.ടി.സി. ഇന്ന് നിശ്ചയിച്ചിട്ടുള്ള നിരക്ക് മാത്രമായിരിക്കും. മാത്രമല്ല, കെ.എസ്.ആർ.ടി.സി. നൽകുന്ന എല്ലാ ഇളവുകളും ഗ്രാമവണ്ടിയിലുമുണ്ടാകും. അന്തർജില്ലകളെ സംബന്ധിച്ചാണെങ്കിൽ, അതിർത്തിയിലുള്ള ഏതെങ്കിലുമൊരു പഞ്ചായത്തിന് അടുത്ത ജില്ലയിലേയ്ക്കാണ് വാഹന സൗകര്യം വേണ്ടതെങ്കിൽ അടുത്ത ജില്ലകളിലേയ്ക്കും ഗ്രാമവണ്ടി സർവ്വീസ് നടത്തുന്നതിന് തടസ്സമൊന്നുമില്ല, അക്കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിൽ ഗതാഗത വകുപ്പ് സമൂഹത്തിനാകെ മാതൃകയാകുന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടുള്ള ഗ്രാമവണ്ടി എന്ന പുതിയ പദ്ധതിക്ക് എല്ലാ അർത്ഥത്തിലും മുൻകൈയെടുത്ത വകുപ്പുമന്ത്രിക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്. പ്രസ്തുത ബസ്സുകളിലെ സീറ്റുകളുടെ എണ്ണം 18, 24, 32 എന്നീ നിലയിലുള്ളതാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഗ്രാമീണ മേഖലയിലേയ്ക്ക് ഈ സീറ്റ് നിലയിൽ വാഹനങ്ങൾ ഓടിക്കാൻ കഴിയുമോ, ഇതിന് പ്രയാസങ്ങളുണ്ടാകുമോ;

ശ്രീ. ആന്റണി രാജു: സർ, വലിയ വാഹനങ്ങൾ പോകാൻ കഴിയാത്ത മേഖലകളിൽ 18, 24, 32 സീറ്റുകളുള്ള ചെറിയ വാഹനങ്ങൾ കൊടുക്കാം. വലിയ വാഹനങ്ങൾ മാത്രം പോകുന്ന മേഖലകളിൽ വലിയ സീറ്റുള്ള വാഹനങ്ങളും കൊടുക്കാം. ഇതിന്റെ പ്രത്യേകത നേരത്തെ ചോദിച്ച സ്പോൺസറിംഗാണ്. നമ്മുടെ നാട്ടിൽ പല ആളുകൾക്കും ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയവ വരുമ്പോഴും പൂർവ്വികരുടെ ചരമവാർഷികം വരുമ്പോഴും നാട്ടിൽ എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമുണ്ടാകും. അവർ ഇതിനോടനുബന്ധിച്ച് ഒരു ദിവസത്തെ സർവ്വീസ് സ്പോൺസർ ചെയ്യാൻ തയ്യാറായാൽ അവരുടെ പേരൊക്കെ പ്രദർശിപ്പിച്ചുകൊണ്ട് സർവ്വീസ് നടത്തും. അതുകൊണ്ട് ഇത്തരം സ്പോൺസർഷിപ്പ് ഏറ്റെടുക്കാൻ കഴിയുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങിവിടെ ഗ്രാമവണ്ടി സംവിധാനത്തെക്കുറിച്ച് സൂചിപ്പിച്ചു, ഗ്രാമങ്ങളുടെ ഉൾപ്രദേശത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുമ്പോൾ ലാഭകരമല്ലെന്ന കാരണത്താൽ സർവ്വീസുകൾ നിർത്താറുണ്ട്. ഇക്കാര്യത്തിൽ ഒരു മാറ്റം വരുത്തിക്കൂടേ; ചില റൂട്ടുകളിൽ ലാഭമുണ്ടാകും. മറ്റു ചില റൂട്ടുകളിൽ നഷ്ടമായിരിക്കാം. അങ്ങനെ വരുമ്പോൾ വിദൂരപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുമ്പോഴുണ്ടാകുന്ന ചുരുക്കംചില നഷ്ടങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് വഹിച്ചുകൂടേ?

മി. സ്പീക്കർ: ഇക്കാര്യത്തിൽ നേരത്തെ മറുപടി പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മന്ത്രി പറഞ്ഞത് 150 കി.മീ. എന്ന വിഷയമാണ്, ഞാൻ ചോദിച്ചത് മറ്റൊന്നാണ്. ഗ്രാമവണ്ടിയെന്ന പേരിട്ടത് ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിലാണെന്നുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആന്റണി രാജു: സർ, ഏതായാലും ബഹുമാനപ്പെട്ട അംഗം സഭയിലില്ലാത്തതുകൊണ്ടാണ് അക്കാര്യം കേൾക്കാതെ പോയത്. എന്റെ മറുപടിയിൽ ഞാനത് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്റെ മനസ്സിലുണ്ടായിരുന്ന പേര് അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാനത് സ്വീകരിച്ചു. ഗ്രാമങ്ങളിലേയ്ക്ക് ആളില്ലെങ്കിലും വണ്ടി ഓടണമെന്ന് പറഞ്ഞു. ഗ്രാമവണ്ടി ഇതിനെല്ലാമുള്ള മറുപടിയാകാൻ പോകുകയാണ്. അങ്ങയെപ്പോലുള്ള ആളുകൾ സഹകരിച്ചാൽ മതിയാകും.

ശ്രീ. പി. ടി. എ. റഹീം: സർ, ഗ്രാമവണ്ടി നല്ലൊരു ആശയമാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചാണ് ഇത് പ്രാവർത്തിക മാക്കാനുദ്ദേശിക്കുന്നതെന്ന് പറയുന്നു. ഇപ്പോൾ പല സ്കൂളുകളിലും വണ്ടികൾ കേടുവന്ന് കിടക്കുകയാണ്. പി.ടി.എ., അൺഎയിഡഡ് സ്കൂളുകൾ എന്നിവയുമായി സഹകരിച്ച് ഈ പദ്ധതി നടപ്പാക്കാൻ സാധിക്കുമോ;

ശ്രീ. ആന്റണി രാജു: സർ, സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ എന്ന ബൃഹത്തായ പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും എല്ലാ സ്കൂളുകളിലേയ്ക്കും നടപ്പിലാക്കുകയും ചെയ്യും.വാഹനങ്ങളുടെ ചുമതല സ്കൂളുകൾ കെ.എസ്.ആർ.ടി.സി.-യെയാണ് ഏൽപ്പിക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചുമതല വിദ്യാർത്ഥികളെ പഠിപ്പിക്കലാണ്. എല്ലാ സ്കൂളുകളിലേയ്ക്കും ആവശ്യമുള്ള സ്റ്റുഡന്റ്സ് ഓൺലി ബോണ്ട് സർവ്വീസ് ഏർപ്പെടുത്താൻ തയ്യാറാണ്. ഇപ്പോൾത്തന്നെ പലമേഖലകളിലും ഈ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ വ്യവസായ വകുപ്പുമന്ത്രിയുമായും സംസാരിച്ചിട്ടുണ്ട്. കമ്പനികൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താം. കമ്പനികളിലെ ഷിഫ്റ്റ് അനുസരിച്ച് യഥാസമയം കമ്പനികളിലേയ്ക്കും തിരിച്ചുമെത്തിക്കാൻ സാധിക്കും. അതുപോലെ എവിടെ നിന്നുവേണമെങ്കിലും സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥികളെ എത്തിക്കുകയും വൈകുന്നേരം മടക്കിക്കൊണ്ടുപോകുകയും ചെയ്യാം. ബോണ്ട് സർവ്വീസിന് കെ.എസ്.ആർ.ടി.സി. തയ്യാറാണ്, ഇതിലേയ്ക്കായി എത്ര ബസ്സുകൾ വേണമെങ്കിലും നൽകാൻ തയ്യാറാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിപ്ലവകരമായ മാറ്റമാണ് ഗാതഗതമേഖലയിൽ ഗ്രാമവണ്ടി എന്ന പദ്ധതിയിലൂടെ നടപ്പിലാക്കാൻ പോകുന്നത്, അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. കുടുംബശ്രീയുടെ ഒരു ഔട്ട്‌ലെറ്റ് ഗ്രാമവണ്ടികളിൽ കൊണ്ടുവന്നാൽ കുറേയേറെ കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കും. അതും ഒരു വരുമാനമാർഗ്ഗമാണ്, ആ രീതിയിലുള്ള ഒരു പ്രോജക്ടുകൂടി ഉൾപ്പെടുത്തുമോ;

ശ്രീ. ആന്റണി രാജു: സർ, ഏതായാലും ഇപ്പോൾ അക്കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടില്ല. ഗ്രാമവണ്ടി ഇറങ്ങിത്തുടങ്ങുമ്പോൾ ഇതുപോലുള്ള നൂതനമായ ആശയങ്ങൾ വന്നാൽ അതുൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ്.

മി. സ്പീക്കർ: വളരെ ചുരുക്കി ചോദിക്കുക..

ശ്രീ. ജി. എസ്. ജയലാൽ: സർ, 150 കി.മീ. ഒരു ഗ്രാമവണ്ടിക്ക് വേണമെന്ന് പറഞ്ഞു. ചില തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഒന്നോ രണ്ടോ സമയത്ത് മാത്രമായി ചുരുക്കേണ്ടിവരും. ചിലപ്പോൾ 25-30 കി.മീ. മാത്രമായിരിക്കും അവർക്ക് ആവശ്യമായി വരുന്നത്. 150 കി. മീ.-ന്റെ ഡീസലിന് പണമടയ്ക്കാതെ ഭാഗികമായി നടപ്പിലാക്കാൻ കഴിയുമോ; ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ;

ശ്രീ. ആന്റണി രാജു: സർ, അങ്ങനെയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സമീപപ്രദേശങ്ങളിലെ പഞ്ചായത്തുമായി കൈകോർത്തുകൊണ്ട് ഈ ലക്ഷ്യത്തിലേയ്ക്ക് എത്താൻ കഴിയും. ഒരു ദിവസം 25 കി.മീ. മാത്രം വണ്ടി ഓടിയാൽ വെറ്റ് ലീസിന് എടുത്താൽപ്പോലും വാഹനം തരുന്നയാൾക്ക് അത് മുതലാകില്ല. അതുകൊണ്ട് ഒരു മിനിമം കി.മീ. എങ്കിലും ഓടിയാൽ മാത്രമേ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിയൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കോഴിക്കോട് എയർപോർട്ടിൽ വിമാനസർവ്വീസുകൾ കൂടുതലായുള്ളത് അർദ്ധരാത്രിയിലാണ്. ജോലി ഒഴിവാക്കി തിരിച്ചുവരുന്ന ആളുകളുമുണ്ടാകും. അവർക്കെല്ലാം പ്രധാനപ്പെട്ട ടൗണുകളിലേയ്ക്കും വീടുകളിലേയ്ക്കും പോകുന്നതിനുവേണ്ടി എയർപോർട്ടിൽ നിന്നും ലോഫ്ലോർ വണ്ടികൾ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ഭാഗങ്ങളിലേയ്ക്ക് ഏർപ്പെടുത്താൻ കഴിയുമോ;

ശ്രീ. ആന്റണി രാജു: സർ, കഴിഞ്ഞ ദിവസം നെടുമ്പാശ്ശേരിയിൽനിന്നും ബൽക്കായി 50 മുതൽ 100 പേർക്ക് പോകാനായി വണ്ടി ആവശ്യപ്പെട്ടിരുന്നു. നേരത്തേ ആവശ്യപ്പെട്ടാൽ എയർപോർട്ടിൽനിന്നും എവിടേയ്ക്ക് വേണമെങ്കിലും ബോണ്ട് സർവ്വീസ് നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഏറ്റവും വലിയ കണക്റ്റിവിറ്റിയാണ് പട്ടാമ്പി. പട്ടാമ്പിയിൽ നേരത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അതില്ല. സ്ഥലം ലഭ്യമാക്കിക്കഴിഞ്ഞാൽ അത് കൊണ്ടുവരാൻ തയ്യാറാകുമോ;

ശ്രീ. ആന്റണി രാജു: സർ, ഈ വിഷയം പ്രത്യേകമായി എഴുതിത്തന്നാൽ പരിശോധിച്ച് മറുപടി പറയുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡുനിന്നും മംഗലാപുരത്തേയ്ക്ക് പഠിക്കാൻ പോകുന്ന കുട്ടികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ അനുവദിക്കുമോ? മംഗലാപുരം കെ.എസ്.ആർ.ടി.സി. ഈ സംവിധാനം നൽകുന്നുണ്ട്, നമ്മൾ ഇതുവരെ നൽകിയിട്ടില്ല. സ്കൂളുകളും കോളേജുകളും തുറക്കുമ്പോൾ ആ പ്രയാസം കുട്ടികൾ അനുഭവിക്കുന്നുണ്ട്. ഇതിന് പരിഹാരമുണ്ടാക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കാസർഗോഡ് മേഖലയിലെ വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെങ്ങനെ പരിഹരിക്കാമെന്ന് സർക്കാർ പരിശോധിച്ചുവരികയാണ്.

മി.സ്പീക്കർ: ഓർഡർ...ഓർഡർ ....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സങ്കരയിനം തെങ്ങിൻതൈകളുടെ ഉല്പാദനം**

4(*124) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല സംഭരിക്കുന്ന വിത്തുതേങ്ങകൾക്ക് ഗുണനിലവാരമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സംസ്ഥാനത്തെ കർഷകരിൽനിന്നും ഗുണമേന്മയുള്ള വിത്തുതേങ്ങ ശേഖരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും ഗുണമേന്മയുള്ള വിത്തുതേങ്ങ സംഭരണം നടത്തിവരുന്നു. കൃഷി വകുപ്പിനുകീഴിലുള്ള വിത്തുതേങ്ങ സംഭരണ യൂണിറ്റുകളായ സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, വടകര (കോഴിക്കോട് ജില്ല), സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, ചാവക്കാട് (തൃശ്ശൂർ ജില്ല), ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട് (കണ്ണൂർ ജില്ല) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നുള്ള തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി വിത്തുതേങ്ങ ശേഖരിക്കുന്നു. സംസ്ഥാനത്തെ കർഷകരിൽനിന്നും പശ്ചിമതീര നെടിയയിനം (West Coast Tall-Wet), കുറിയയിനം, സങ്കരയിനം (ടിx ഡി, ഡിx ടി) എന്നിവയുടെ വിത്തുതേങ്ങയാണ് സംഭരിക്കുന്നത്. നാളികേര വികസന കൗൺസിൽ പദ്ധതിപ്രകാരം വിത്തു തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്കും അനുബന്ധ ചെലവുകൾക്കുമായി 1,391 ലക്ഷം രൂപയാണ് 2021-22 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. 12 ലക്ഷം നെടിയയിനവും ഒരു ലക്ഷം കുറിയയിനവും 3 ലക്ഷം സങ്കരയിനവും ശേഖരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വടകര വിത്ത് വികസന യൂണിറ്റിന്റെ മേൽനോട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, വടകര മേഖലകളിൽ നിന്നാണ് WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ പ്രധാനമായും സംഭരിക്കുന്നത്. കൂടാതെ, തൃശ്ശൂർ ജില്ലയിൽനിന്നും കാസർഗോഡ് ജില്ലയിൽ നിന്നും WCT വിത്തുതേങ്ങാ സംഭരണം നടത്തുന്നു. തൃശ്ശൂർ ചാവക്കാട് പ്രദേശത്തും മലപ്പുറം ജില്ലയിൽ വിത്ത് കൃഷിത്തോട്ടം മുണ്ടേരി, പെരുമ്പടമ്പ പ്രദേശങ്ങളിൽനിന്നും കാസർഗോഡ് ജില്ലയിലുമാണ് സങ്കരയിനം വിത്തുതേങ്ങ ഉൽപ്പാദനത്തിനായുള്ള സങ്കരണ പ്രവർത്തനങ്ങൾ നടത്തി ടിx ഡി, ഡിx ടി ഇനത്തിൽപ്പെട്ട സങ്കരയിനം വിത്തുതേങ്ങ ഉൽപ്പാദിപ്പിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കർഷകരുടെ കൃഷിത്തോട്ടങ്ങളിലെ ലഭ്യമായ നല്ലയിനം കുറിയയിനം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് അവയിൽനിന്നും കുറിയയിനം വിത്തുതേങ്ങകളുടെ ശേഖരണവും നടത്തുന്നു.

(സി) ഉയരം കുറഞ്ഞ ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം തെങ്ങിൻ തൈകൾ കൂടുതൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ഇടത്തരം ഉയരമുള്ള അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകൾ കാർഷിക സർവ്വകലാശാല ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഈ വർഷം ഇപ്രകാരം 45000 തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഉയരം കുറഞ്ഞ ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം തെങ്ങിൻതൈകൾ കൂടുതൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വിത്തുതേങ്ങാ സംഭരണ കാലയളവിൽ ശേഖരിച്ച 65554 എണ്ണം ഡി x ടി, 66598 എണ്ണം ടി x ഡി വിത്തുതേങ്ങകൾ കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളിൽ പാകി തൈകളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021 വിത്തുതേങ്ങാ സംഭരണ കാലയളവിൽ 3 ലക്ഷം സങ്കരയിനം വിത്തുതേങ്ങയും ഒരു ലക്ഷം കുറിയയിനം വിത്തുതേങ്ങയും സംഭരിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരുംവർഷങ്ങളിൽ ഉയരം കുറഞ്ഞ ഉൽപ്പാദനശേഷി കൂടിയ സങ്കരയിനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ഫാമുകളിലും കർഷകരുടെ കൃഷിയിടങ്ങളിലും കുറിയയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാളികേര വികസന കൗൺസിൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഈ വർഷം ആവശ്യമുള്ള വിത്ത് തേങ്ങകളുടെ സിംഹഭാഗവും സംസ്ഥാനത്തെ നാളികേര കർഷകരിൽനിന്നുതന്നെയാണ് സംഭരിച്ചിട്ടുള്ളത്. ഈ വർഷം 2,32,109 വിത്തുതേങ്ങ ഇപ്രകാരം സംഭരിച്ച് പാകിയിട്ടുണ്ട്.

**കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള തീരുമാനം**

5 (*125) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്തുന്നവരുടെ ആരോഗ്യ സുരക്ഷയ്ക്കായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും സ്ഥാപനങ്ങളിൽ എത്തുന്നവരുടെ ആരോഗ്യ സുരക്ഷയ്ക്കായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## സർവ്വകലാശാലകളുടെയും കോളേജുകളുടെയും എൻ.ഐ.ആർ.എഫ്. റാങ്കിംഗ്

6 (*126) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും മികവ് നിലനിർത്താനായി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എൻ.ഐ.ആർ.എഫ്. റാങ്കിംഗ് 2021-ൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മികവ് നിലനിർത്തിയിട്ടുണ്ട്.

| ദേശീയ റാങ്കിംഗ് | സർവ്വകലാശാല |
|---|---|
| 27 | കേരള സർവ്വകലാശാല |
| 31 | മഹാത്മാഗാന്ധി സർവ്വകലാശാല |
| 44 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി |
| 60 | കാലിക്കറ്റ് സർവ്വകലാശാല |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ദേശീയ റാങ്കിംഗ് | കോളേജ് |
|---|---|
| 25 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| 31 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം |
| 44 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം |
| 45 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം |
| 46 | ഗവണ്മെന്റ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം |
| 63 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം |
| 64 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ |
| 69 | സെന്റ് ജോസഫ്സ് കോളേജ്, കോഴിക്കോട് |
| 73 | ഫറൂക്ക് കോളേജ്, കോഴിക്കോട് |
| 79 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി |
| 80 | മാർത്തോമ കോളേജ്, തിരുവല്ല |
| 82 | ഗവണ്മെന്റ് കോളേജ്, കാസർഗോഡ് |
| 86 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം |
| 89 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| 89 | ബിഷപ്പ് കുരിയാലച്ചേരി കോളേജ് ഫോർ വിമൺ, കോട്ടയം |
| 92 | മഹാരാജാസ് കോളേജ്, എറണാകുളം |
| 93 | സി.എം.എസ് കോളേജ്, കോട്ടയം |
| 97 | ഗവണ്മെന്റ് ബ്രണ്ണൻ കോളേജ്, കണ്ണൂർ |
| 99 | ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് |

നാഷണൽ അസസ്സ്മെൻറ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് അസസ്സ്മെൻറ് ആൻഡ് അക്രെഡിറ്റേഷൻ

സെന്റർ (SAAC)-ന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നാക് (NAAC) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കുപുറമേ, Scientific temper and secular outlook, Equity & Excellence, Social Inclusiveness എന്നിവയുൾപ്പെടെ സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെകൂടി അടിസ്ഥാനത്തിലാണ് SAAC അസസ്സ്മെൻറും ഗ്രേഡിംഗും നൽകുന്നത്. NIRF-ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework - KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനും സഹായകരമായിരിക്കും.

(ബി) ഉന്നത വിദ്യാഭ്യാസമേഖലയെ ലോക നിലവാരത്തിലേയ്ക്കുയർത്തുന്നതിന് സമൂല പരിഷ്കരണത്തിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പരിഷ്കാരങ്ങളാണുദ്ദേശിക്കുന്നത്; അതിനാവശ്യമായ പഠന റിപ്പോർട്ടുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന സുപ്രധാന നിർദ്ദേശങ്ങൾ 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ - മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യവികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

സംസ്ഥാനത്ത് ജ്ഞാനസമൂഹ സൃഷ്ടിക്കും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനും പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിനും മറ്റ് രണ്ട് കമ്മീഷനുകൾകൂടി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് വിവര സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വിസ്ഫോടനത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

നൂറ് ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നൂതന അക്കാദമിക് പ്രോഗ്രാമുകൾ സർവ്വകലാശാലകൾ നടപ്പിലാക്കിവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡാറ്റാസയൻസ്, സ്പെയിസ് സയൻസ്, നാനോ ടെക്നോളജി, സൈബർ ഫിസിക്കൽ സിസ്റ്റംസ്, റോബോട്ടിക്സ് ആൻഡ് ആട്ടോമേഷൻ തുടങ്ങിയ പുതുതലമുറ അക്കാദമിക് പ്രോഗ്രാമുകൾ സർവ്വകലാശാലകളിൽ ആരംഭിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തെത്തുടർന്ന് കോളേജുകളിൽ പഠനം നടത്താൻ സാധിക്കാതിരുന്നതിനാൽ സ്മാർട്ട് ഫോൺ മുതലായ ഉപകരണങ്ങളും ഇന്റർനെറ്റും ഉപയോഗിച്ച് വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോളേജുകളിൽ സ്മാർട്ട് ക്ലാസ്സ്റൂമുകൾ നിർമ്മിച്ച് പഠനം കൂടുതൽ ലളിതവൽക്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

7 (*127) ശ്രീ. എം. വിജിൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന കായിക വികസനം ഉറപ്പുവരുത്തുന്നതിനായി മുൻ സർക്കാർ ആരംഭിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിലെ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കായികതാരങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ദേശീയ, അന്തർദ്ദേശീയ രംഗങ്ങളിൽ കഴിവുതെളിയിക്കുന്നതിനും കഴിയത്തക്കവിധം പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിവരുന്നു. കായികയുവജന കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങൾ കൂടാതെ 35-ാമത് ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നുവരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും

സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിനുകീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്.

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം ഗ്രാമങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും നിലവിൽ പ്രവർത്തനങ്ങൾ നടക്കുന്നവ ഏതെല്ലാമെന്നും അറിയിക്കാമോ?

ഈ കാലയളവിൽ കിഫ്ബി ധനസഹായത്തോടെയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചും ഗ്രാമങ്ങളിൽ നിർമ്മാണം പൂർത്തിയായവയും നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമായ കളിസ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത**

8 (*128) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർച്ചയായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ഫലമായി ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ മുൻവർഷങ്ങളിലെ തുടർച്ചയായി ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ കൂടാതെ വൈക്കോൽ ബയിലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലീത്തീറ്റ നിർമ്മാണ യൂണിറ്റ്, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ യന്ത്രവത്കരണം തുടങ്ങിയ പുതിയ പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ആദ്യമായി സർക്കാർ നിയന്ത്രണത്തിൽ കിടാരികളെ വളർത്തി കറവപ്പശുക്കളാക്കി കർഷകർക്ക് നൽകുന്നതിന് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ച് കിടാരി പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2014-2015-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാലുല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയേക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. 2017-18-ൽ ആയതിന് ദേശീയ തലത്തിലുള്ള ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ, നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ, പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലായിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

(ബി) ക്ഷീരകർഷകർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് വായ്പാ പലിശ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

ക്ഷീരവികസന വകുപ്പുമുഖേന വായ്പ പലിശ സഹായം നൽകുന്ന പദ്ധതികൾ നിലവിലില്ല. വകുപ്പിന്റെ പദ്ധതികൾ മുഖേന ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായം സബ്സിഡിയായി നൽകിവരുന്നുണ്ട്.

(സി) കറവയന്ത്രത്തിനും പുൽക്കൃഷിക്കും സബ്സിഡി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തീറ്റപ്പുൽകൃഷി കൂടുതൽ വ്യാപകമാക്കാൻ പരിപാടിയുണ്ടോ?

കറവയന്ത്രത്തിനും പുൽകൃഷിക്കും വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2200 ഹെക്ടർ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ഇതിനായി സബ്സിഡിയിനത്തിൽ 473 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 300 കറവയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് നൽകാനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തുടനീളം തരിശുഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കായിക മേഖലയുടെ വികസനം**

9 (*129) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കായികമേഖലയുടെ വികസനത്തിനായി മുൻ സർക്കാർ നടപ്പിലാക്കിവന്ന വിവിധ പദ്ധതികളുടെ അവലോകനം ഈ സർക്കാർ നടത്തിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി മുൻ സർക്കാർ നടപ്പിലാക്കിവരുന്നതും നിലവിൽ തുടരുന്നതും പുതുതായി ആരംഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കായികക്ഷമതാ മിഷൻ

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

2. ഓപ്പറേഷൻ ഒളിമ്പ്യ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

3. എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 51 കോളേജ് സ്പോർട്സ് അക്കാദമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാദമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

4. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുനൽകുന്നുണ്ട്. കൂടാതെ മേൽ പദ്ധതികൾക്ക് പുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ

അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാദമികൾ, കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കിവരുന്നു.

5. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു.

6. ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ട്.

7. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

8. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പത്ത് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തിവരുന്നു. ഇവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

<u>കിഫ്ബി പദ്ധതികൾ</u>

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടന്നുവരുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് പദ്ധതികൾ

9. കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

സ്പോർട്സ് സ്കൂളുകൾ

10. സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയവയുടെ വിശദാംശം അനുബന്ധം-V ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*

കായിക/അനുബന്ധ ആസ്തി വികസന പ്രവൃത്തികൾ

വിവിധ ജില്ലകളിൽ കായിക മേഖലയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - VI ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

കായിക ഭവൻ

കായിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി കായിക ഭവൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

11. കൂടാതെ കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നുവരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമായി കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖലാ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും അറിയിക്കാമോ;

(സി) നിലവിലുള്ള പദ്ധതികൾക്കുപുറമെ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) നിലവിലുള്ള പദ്ധതികൾക്കുപുറമെ ഈ സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പഞ്ച്:- സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിന്റെ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽനിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്ന പദ്ധതിയാണിത്.

ജൂഡോക്ക:- സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ നിലവിലുള്ള പദ്ധതികൾക്കുപുറമെ പുതിയതായി ആസൂത്രണം ചെയ്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.

കോച്ചസ് എംപവർമെന്റ് പ്രോഗ്രാം - ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ ദേശീയ-അന്തർദ്ദേശീയ തലത്തിൽ മികവുതെളിയിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ പരിശീലകർക്കുമായി ക്യാഷ് അവാർഡ് ഇൻസെന്റീവ് സ്കീം.

(ഡി) കോവിഡാനന്തരം സംസ്ഥാനത്തെ കായികമേഖലയെ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് പ്രത്യേകമായി തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവിധ ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നു. ടി സാഹചര്യത്തിൽ സ്പോർട്സ് അക്കാദമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിനായി പോഷകമൂല്യമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും ഉൾപ്പെടുത്തി എല്ലാ ജില്ലകളിലെയും അക്കാദമികളിലെ കായിക താരങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

## തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് നടപടി

10 (*130) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭൂവുടമകൾ വിവിധ കാരണങ്ങളാൽ തരിശുനിലമാക്കി നിലനിർത്തിയിരിക്കുന്ന ഭൂമി, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഭൂമി, പുറമ്പോക്ക്, പുഴയോരങ്ങൾ, തദ്ദേശ ഭരണസ്ഥാപന തലത്തിൽ തരിശുനില കൃഷിക്കനുയോജ്യമായ ഭൂമി എന്നിവയുടെ വിസ്തൃതി കൃഷി വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തിട്ടപ്പെടുത്തി സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജന പോലുള്ള പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കുമൊപ്പം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സുഭിക്ഷ കേരളം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

(ബി) തരിശുനില കൃഷിക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് അറിയിക്കാമോ?

തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകുന്നത്. തരിശുഭൂമിയിൽ പാട്ട കൃഷി ചെയ്യുന്നതിന് കർഷകനോടൊപ്പം ഭൂവുടമയ്ക്കും ആനുകൂല്യം നൽകുന്നു. സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകന് മുഴുവൻ തുകയും നൽകുന്നതാണ്. ധനസഹായം സംബന്ധിച്ച വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു*.

(സി) തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി ആർ.കെ.വി.വൈ. 2020-21 വർഷത്തിൽ "തരിശു ഭൂമിയിൽ ഊർജിത ഭക്ഷ്യോത്പാദനവും വിപണി ശക്തിപ്പെടുത്തലും"

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന പ്രോജക്ട് പ്രകാരം തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി പഴവർഗ്ഗങ്ങൾ (പ്രത്യേകിച്ച് വാഴ, പപ്പായ), കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യമാണ് നൽകിയിട്ടുള്ളത്. തരിശുഭൂമിയിൽ കൃഷിക്കായി 47 കോടി രൂപയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 33.12 കോടി രൂപ അനുവദിക്കുകയും 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചെലവഴിക്കുകയും ചെയ്തു.

(ഡി) തരിശുനിലം കൃഷിയോഗ്യമാക്കാനുള്ള പദ്ധതിയിലേയ്ക്ക് കൂടുതൽ സന്നദ്ധസംഘടനകളെയും കർഷകരെയും ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രചരണ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

തരിശുനില കൃഷിക്ക് പരമാവധി ഭൂമി ലഭ്യമാക്കുന്നതിനും കൃഷിയിറക്കുന്നതിനും വമ്പിച്ച ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, വിവിധ മാദ്ധ്യമങ്ങളുടെ സഹായത്തോടെ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. കൃഷിക്കാർ, കർഷക സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവയ്ക്കുപുറമെ തൊഴിലുറപ്പ് പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന എഫ്. എം. റേഡിയോ ആന്റ് കമ്മ്യൂണിറ്റി റേഡിയോ ക്യാമ്പയിൻ, സോഷ്യൽ മീഡിയ പോസ്റ്റർ, പദ്ധതി സംബന്ധിച്ച പത്രവാർത്ത, റേഡിയോ കാർഷിക വാർത്ത എന്നിവയിലൂടെയും ഞാറ്റുവേല റേഡിയോ പരിപാടിയിലൂടെയും പദ്ധതി സംബന്ധിച്ച് പ്രചാരണം നൽകിവരുന്നു.

(ഇ) തദ്ദേശ ഭരണസ്ഥാപനങ്ങൾ, യുവാക്കളുടെ സഹകരണ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതി കൂടുതൽ ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, യുവാക്കളുടെ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ തരിശുഭൂമി കൃഷിക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവാക്കളുടെ സഹകരണ സംഘങ്ങളെ ആകർഷിക്കുന്നതിനായി വിവിധ നവമാദ്ധ്യമങ്ങളിലൂടെ പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ച് പ്രചാരണം നടത്തുന്നതിനോടൊപ്പം നൂറുമേനി വീഡിയോ പരിപാടിയിലൂടെ സുഭിക്ഷ കേരളം നേട്ടങ്ങൾ ടെലിവിഷൻ സംപ്രേക്ഷണംവഴി പൊതുജനങ്ങളിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കർഷകരുടെ കടബാദ്ധ്യത പരിഹരിക്കാൻ നടപടി

11 (*131) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിൽ കർഷക കുടുംബങ്ങളുടെ കടബാദ്ധ്യത സംബന്ധിച്ച പട്ടികയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്താണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അത്തരമൊരു സാഹചര്യത്തിന്റെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കേരളത്തിലെ കർഷക കുടുംബങ്ങളുടെ കടബാദ്ധ്യത സംബന്ധിച്ച പട്ടികയിൽ കേരളം ദേശീയതലത്തിൽ രണ്ടാംസ്ഥാനത്താണെന്നതിന്റെ കാരണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് പരിഹരിക്കുന്നതിനായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികളായ പുനർജനി, സംയോജിത കൃഷി സമ്പ്രദായം, ഇൻഷ്വറൻസ് പരിരക്ഷ, യന്ത്രവൽക്കരണം, കൂടുതൽ ഉത്പന്നങ്ങൾക്ക് ബേസ് പ്രൈസ്, വിപണി ഇടപെടൽ, കാർഷിക വിളകളുടെ മൂല്യ വർദ്ധനവ്, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളുടെ രൂപീകരണം എന്നിവ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## കാർഷികോല്പാദന സംഘടനകളുടെ രൂപീകരണം

12 (*132) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പാദനം, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ രംഗങ്ങളിലെല്ലാം സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി ഈ വർഷംതന്നെ 250 കാർഷികോല്പാദന സംഘടനകൾ (എഫ്.പി.ഒ.) രൂപീകരിക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ കൈവരിക്കാനായ പുരോഗതി അറിയിക്കാമോ?

ഈ സാമ്പത്തിക വർഷം സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളുടെ രൂപീകരണവും നിലവിലുള്ള 50 എഫ്.പി.ഒ.-കളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രസർക്കാരിന്റെ വിവിധ ഏജൻസികൾവഴി കേരളത്തിൽ 28 FPO-കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത സംഘടനകളുടെ രൂപീകരണവും പ്രവർത്തനവും സുഗമമാക്കുന്നതിന് കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) കൃഷിയുടെ യന്ത്രവൽക്കരണത്തിനും പൊതു ബ്രാൻഡ് രൂപീകരിച്ച് ലാഭകരമായ വിപണനത്തിനും സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കൃഷിയുടെ യന്ത്രവൽക്കരണത്തിനുവേണ്ടി "Sub Mission on Agricultural Mechanisation (SMAM)" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിവിധ ഘടകങ്ങളിലൂടെ ധനസഹായം നൽകിവരുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിലൂടെ പ്രധാനമായും മൂന്നുതരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്.

i. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി-പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50% വരെയും മറ്റ് കർഷകർക്ക് 40% വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാകുന്നു.

ii. വ്യക്തികൾക്കും കാർഷിക സ്വയം സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവയ്ക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40% വരെ സബ്സിഡി നൽകുന്നു.

iii. കാർഷിക യന്ത്രവൽക്കരണം കുറവായ തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, തുടങ്ങിയവയ്ക്ക് 10 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80% വരെ സബ്സിഡി നൽകുന്നു. സംസ്ഥാന ആവിഷ്കൃത പദ്ധതി മുഖേന ബ്ലോക്ക് തലത്തിൽ അഗ്രോ സർവീസ് സെന്ററുകളും ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മസേനകളും സ്ഥാപിച്ച് യന്ത്രവത്കരണം പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അഗ്രോ സർവീസ് സെന്ററുകൾ മുഖേനയും കാർഷിക കർമ്മസേന യൂണിറ്റുകൾ മുഖേനയും യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി "Support to Zonewise service delivery by strengthening Agro Service Centres and Karshika Karmasena Units" എന്ന പദ്ധതിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകി കേരള കാർഷിക സർവ്വകലാശാലവഴി നടപ്പാക്കിവരുന്നു.

പൊതു ബ്രാൻഡുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതി പ്രകാരം അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസികളുടെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധനവ് നടത്തി "അതിരപ്പിള്ളി" എന്ന പൊതു ബ്രാൻഡിൽ വിപണനം നടത്തുന്നതിനും കൃഷി, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ് എന്നിവയ്ക്കുമായി 3 വർഷത്തേയ്ക്ക് 7.91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിപ്രകാരം വി.എഫ്.പി.സി.കെ "തളിർ" എന്ന ബ്രാൻഡിൽ പഴം പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും "തളിർ ഗ്രീൻ" എന്ന പേരിൽ രൂപീകരിച്ച 63 ചില്ലറ വില്പനശാലകളിലൂടെ വിപണനം നടത്തുന്നു.

**കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ**

13 (*133) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി, കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ തുടങ്ങിയവ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ഗുണമേന്മയുള്ള ഉല്പാദനോപാദികൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശ്രദ്ധിക്കുന്നു. കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ടോ; അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കൃഷി വകുപ്പിന്റെ താഴെത്തട്ടിലുള്ള ഓഫീസുകളാണ് കൃഷിഭവനുകൾ. ഓരോ പഞ്ചായത്തിലും ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. കൃഷിഭവനുകളിൽ നിലവിൽ ഒരു കൃഷി ഓഫീസറും രണ്ടോ മൂന്നോ കൃഷി അസിസ്റ്റന്റുമാരും പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ കൃഷിയെക്കുറിച്ചും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെയുംക്കുറിച്ച് അറിവുകൾ നൽകുന്നത് കൃഷിഭവനുകളിലൂടെയാണ്. കൃഷിഭവൻ ഉദ്യോഗസ്ഥരുടെ പ്രധാനപ്പെട്ട ജോലികളിൽ ഒന്നാണ് കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകൽ. ആയതിനാൽ കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) പൊതുജനങ്ങൾക്ക് കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുംവിധം കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനും തയ്യാറാകുമോ; വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി ഭവനുകൾ ശാസ്ത്രീയ രീതിയിൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതോടെ ഈ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും. സ്മാർട്ട് കൃഷിഭവനുകൾ പ്രവർത്തിപഥത്തിൽ വരുന്നതോടെ കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൃഷിയിടങ്ങളിൽ കൂടുതലായി ലഭ്യമാക്കാനും സാദ്ധ്യമാകും.

**കായിക വകുപ്പിന്റെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

14 (*134) ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ എത്ര പദ്ധതികൾക്ക് കിഫ്ബി മുഖേന അനുമതി ലഭിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ അനുവദിച്ച പുതിയ സ്റ്റേഡിയങ്ങളിൽ ഇതുവരെ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിലായി കായിക വകുപ്പിനുകീഴിൽ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇതിൽ 47 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി 774.70 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ ആകെ 54.59 കോടി രൂപയുടെ ചുവടെ പറയുന്ന ആറ് പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

കൂത്തുപറമ്പ് സ്റ്റേഡിയം

ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം

മിനി സ്റ്റേഡിയം എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്, മലപ്പുറം

അയ്യനം പഞ്ചായത്ത് സ്റ്റേഡിയം

തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.

പറളി സ്കൂൾ, പാലക്കാട് .

താഴെ പറയുന്ന 6 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും രണ്ടാംഘട്ട പ്രവൃത്തികൾ നടന്നുവരികയുമാണ്:

നീലേശ്വരം സ്റ്റേഡിയം

മട്ടന്നൂർ സ്റ്റേഡിയം

മാനവേദൻ മിനി സ്റ്റേഡിയം കോംപ്ലക്സ്, നിലമ്പൂർ

തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം

ചിറ്റൂർ സ്പോർട്സ് കോംപ്ലക്സ്

ഇ.എം.എസ്. സ്റ്റേഡിയം

കൊട്ടുമൺ സ്റ്റേഡിയം.

ഇതിനുപുറമെ 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നതും 9 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്. നാല് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം/പുതുക്കിയ കിഫ്ബി അംഗീകാരം ലഭിക്കേണ്ടതുണ്ട്. മൂന്ന് പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം ലഭിച്ച നാല് പദ്ധതികൾ ഉൾപ്പെടെ

10 പദ്ധതികൾ വിവിധ തടസ്സങ്ങൾ കാരണം ആരംഭിക്കാനായിട്ടില്ല. കിഫ്ബി ധനസഹായത്തോടെ നടന്നുവരുന്ന എല്ലാ പ്രവൃത്തികളുടേയും വിശദാംശം അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ച സ്റ്റേഡിയങ്ങളുടെ മേൽനോട്ടം, പരിപാലനം, പൊതുജനങ്ങൾക്കും കായികപ്രേമികൾക്കും ഉപയോഗിക്കുന്നതിന് നൽകുന്ന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ സ്ഥല ഉടമസ്ഥർ കായിക വകുപ്പുമായി സർക്കാർ അംഗീകരിച്ച മാതൃകയിലുള്ള ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. പ്രസ്തുത ധാരണാപത്ര പ്രകാരം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനം, നടത്തിപ്പ് എന്നിവയുടെ ചുമതല പ്രാദേശികമായി രൂപീകരിക്കുന്ന ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. അതാത് സ്റ്റേഡിയങ്ങൾ പൊതുജനങ്ങൾക്കും കായിക പ്രേമികൾക്കും ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത സ്റ്റേഡിയങ്ങളുടെ ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന വിധമായിരിക്കും. മേൽപ്പരാമർശിച്ച ധാരണാപത്ര പ്രകാരം ഈ സ്റ്റേഡിയങ്ങളിൽനിന്നുള്ള വരുമാനം ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിക്ക് കീഴിലുള്ള ഒരു പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ആയത് സ്റ്റേഡിയത്തിന്റെ നടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും മാത്രം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റിതര വരുമാനം

15 (*135) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്.:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം ലഭിക്കുന്നത് ഏതെല്ലാം രീതിയിലാണെന്നറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>സമുദ്ര ബസ് പദ്ധതി</u>: മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്നുമാത്രമല്ല രാത്രികാലങ്ങളിൽ തിരികെപോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള മൂന്ന് സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്. സ്കൂൾ Bond Service, Company Bond Service എന്നിവ ആരംഭിക്കാനുള്ള സന്നദ്ധത KSRTC ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം/ആവശ്യകത അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ്

വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ/പാഴ്സൽ സർവ്വീസുകൾ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് ഇന്ധനം വിൽക്കുന്നതിനായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുറക്കുന്നതുവഴി ടിക്കറ്റേതര വരുമാനം ലഭിക്കുന്നതാണ്. ഇതിനോടനുബന്ധമായി, ഓയിൽ, എൽ.പി.ജി. സിലിണ്ടർ എന്നിവയും വിൽപ്പനയ്ക്ക് നൽകുന്നതുവഴിയും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുവഴിയും പൊതുജനങ്ങളെ പമ്പിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ, വിഴിഞ്ഞം എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പെട്രോൾ ബങ്കുകൾ സ്ഥാപിക്കുന്നതിനും ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിരുന്നോ?

പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് 75 പെട്രോൾ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിൽ 8 റീട്ടെയിൽ ഫ്യുവൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനോദ്ഘാടനം 15-9-2021-ൽ ചെയ്തു. ഈ ഔട്ട്ലെറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. കിഴക്കേകോട്ട, കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട് എന്നിവിടങ്ങളിലെ ഡിപ്പോകളിലാണ് യാത്ര fuel outlet-കൾ തുടങ്ങിയിട്ടുള്ളത്. അടുത്ത നൂറുദിന പരിപാടിയിൽ തൃശ്ശൂർ, ഗുരുവായൂർ, സുൽത്താൻ ബത്തേരി, പെരിന്തൽമണ്ണ, കാസർഗോഡ്, കണ്ണൂർ, ആലുവ, പാലക്കാട്, പൊൻകുന്നം, മാവേലിക്കര തുടങ്ങി 20 കേന്ദ്രങ്ങളിൽ KSRTC യാത്രാ fuel outlet തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റാൻഡുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCO-യുമായി ചർച്ച നടന്നുവരുന്നു.

(സി) ഇതുവഴി എത്ര തുക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

താഴെപ്പറയുന്ന വിവിധ പദ്ധതി വ്യാപകമാകുന്നതോടെ, ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ നിരക്കുകൾ ചുവടെ ചേർക്കുന്നു:

സമുദ്ര പദ്ധതിക്കായി വിനിയോഗിക്കുന്ന മൂന്ന് ബസ്സുകൾക്കായി പ്രതിവർഷം 67.5 ലക്ഷം രൂപയും പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുന്നതിന് ഈടാക്കുന്ന നിരക്കിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായും ചേർക്കുന്നു*. ഡബിൾ ഡക്കർ ബസ്സുകൾ ദിനംപ്രതി 10,000 രൂപ നിരക്കിലും വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്കിലുമാണ് ബസ്സുകൾ വാടക ഇനത്തിൽ നൽകാറുള്ളത്. ഓയിൽ വിൽപ്പനയ്ക്ക് അനുസരിച്ചുള്ള സെയിൽസ് കമ്മീഷൻ ആണ് കെ.എസ്.ആർ.ടി.സി.-യുടെ മറ്റൊരു വരുമാനം. വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് വരുമാനം കൂടുന്നതാണ്. പദ്ധതി പൂർണ്ണഘട്ടത്തിലേയ്ക്ക് എത്തുന്നതിനായി ഏകദേശം ഒരു വർഷത്തെ ദൈർഘ്യം പ്രതീക്ഷിക്കുന്നതിനൊപ്പം പദ്ധതി പൂർണ്ണമായി നടപ്പിൽ വരുമ്പോൾ ഏകദേശം 37 കോടി രൂപയുടെ അധിക വാർഷിക വരുമാനം പ്രതീക്ഷിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബിവറേജസ് കോർപ്പറേഷന് മുറികൾ നൽകാനുള്ള തീരുമാനം

16 (*136) ശ്രീ. സജീവ് ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടത്തിൽനിന്നും കരകയറ്റുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്.

സമുദ്ര ബസ് പദ്ധതി - മത്സ്യവിപണനത്തിനായി തീരദേശത്തുനിന്ന് വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷ കൂലി ഭാരമാകുന്നു എന്നുമാത്രമല്ല, രാത്രി കാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ, പ്രത്യേക നിറത്തിലുള്ള മൂന്ന് സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്.

ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ഉപഭോക്താക്കളുടെ ആവശ്യകതയനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് 'ഷോപ്പ് ഓൺ വീൽസ്' എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ Engine oil തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് KSRTC രൂപമാറ്റം വരുത്തിയ ബസുകളിൽ വിതരണംചെയ്യുന്ന 'lubshop' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ 'സ്ലീപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്' പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും

"conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളുന്നും, കൊറിയർ/പാഴ്സൽ സർവീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർവഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്കവിധം റീട്ടെയിൽ ഔട്ട്ലെറ്റുകളാക്കി മാറ്റി, അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. Ration shop on wheel വിദൂരമായ മലയോര പ്രദേശങ്ങളിലെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ളവർ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ പോയി വാങ്ങാനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരുടെ താമസസ്ഥലത്ത് സഞ്ചരിക്കുന്ന റേഷൻകടകളായ KSRTC bus-കളെ രൂപകല്പന ചെയ്ത് Civil Supplies വകുപ്പുമായി ചേർന്ന് "Ration Shop on Wheels" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ ജില്ലകളിലായി ആദ്യഘട്ടത്തിൽ സഞ്ചരിക്കുന്ന 10 റേഷൻ ഷോപ്പുകൾ ഇപ്രകാരം ആരംഭിക്കാൻ Civil Supplies Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. സിവിൽ Supplies വകുപ്പിന്റെ 'ലാഭം' മാർക്കറ്റ്, കുടുംബശ്രീ ഹോട്ടലുകൾ, വിവിധ വകുപ്പുകളുടെ ഓഫീസുകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്ന KSRTC ഡിപ്പോകളിൽ ആരംഭിക്കാനുള്ള നടപടികളും നടന്നുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ ബിവറേജസ് കോർപ്പറേഷന് മദ്യം വിൽക്കുന്നതിനായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

(സി) എങ്കിൽ പ്രസ്തുത തീരുമാനം കൈക്കൊള്ളാനുള്ള കാരണം വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ബി-ഡി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റാൻഡുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCO-യുമായി ചർച്ച നടന്നുവരുന്നു.

**സുഭിക്ഷം സുരക്ഷിതം പദ്ധതി**

17 (*137) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറുദിന കർമ്മപരിപാടിയിൽ 'സുഭിക്ഷം സുരക്ഷിതം' പദ്ധതിക്ക് കൈവരിക്കാനായ നേട്ടം അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ജൈവകൃഷി എത്ര വിസ്തൃതിയിൽ നടപ്പാക്കുന്നതിനാണുദ്ദേശിക്കുന്നത്; നിലവിൽ എത്ര സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്?

(എ&ബി) നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യം മുന്നോട്ടുവച്ചുകൊണ്ടാണ് 'സുഭിക്ഷം സുരക്ഷിതം' എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പദ്ധതിയിൻകീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവകൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബഹു. കേരള മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി -

ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും സാധിച്ചു. ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കിവരുന്നു. ബ്ലോക്ക് തലത്തിൽ തെരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനങ്ങൾ നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുന്നതിനും സാധിച്ചു.

(സി) ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷനും ഉല്പാദനച്ചെലവിനനുസരിച്ച് ഉയർന്ന വിലയും ലഭ്യമാക്കുന്നതിനായി ഷോപ്പുകൾവഴിയും ഓൺലൈനായും വിപണനത്തിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും സർട്ടിഫിക്കേഷനുംവേണ്ടി ടി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ്. ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പി.ജി.എസ്. ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നു. ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷിചെയ്യുന്ന കർഷകർക്ക് മൂന്നുവർഷം കഴിഞ്ഞ് പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കറ്റും സൗജന്യമായി നൽകുന്നു. പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷൻ ആണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കും. പി.ജി.എസ്. സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ Jaivik Kheti (www.jaivikkheti.in) പോർട്ടൽവഴി ആരംഭഘട്ടത്തിൽത്തന്നെ വില്പന നടത്താനും ഉപഭോക്താക്കൾക്ക് വാങ്ങാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അവസരം ഇ-വിപണിയിലൂടെ സാദ്ധ്യമാകുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കർഷകർക്കും സർട്ടിഫിക്കേഷൻ ലഭിക്കുകയും സർട്ടിഫിക്കറ്റിൽ ലഭിക്കുന്ന "ലോഗോ"യും കോഡ് നമ്പറും വിപണി ആവശ്യങ്ങൾക്കായി

ഉപയോഗിക്കാനുള്ള അവകാശം ലഭിക്കുകയും ചെയ്യും. മേൽപ്പറഞ്ഞവയുടെ പൂർണ്ണത കൈവരിക്കപ്പെടുന്നത് "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" എന്ന സർട്ടിഫിക്കേഷൻ ലഭിക്കുമ്പോഴാണ്. ആയതിനാൽ "പി.ജി.എസ്. ഇന്ത്യ ഓർഗാനിക്" ഉൽപ്പന്നങ്ങൾക്ക് "പി.ജി.എസ്. ഇന്ത്യ ഗ്രീൻ" ഉൽപ്പന്നങ്ങളേക്കാൾ കൂടുതൽ വില ലഭിക്കും. ഓണക്കാലയളവിൽ ടി കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സുഭിക്ഷം സുരക്ഷിതം എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്ത, ഓണ മാർക്കറ്റ് എന്നിവിടങ്ങളിലൂടെ വിപണനം നടത്തിയിരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിപണികളിലും പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### പച്ചക്കറിയുല്പാദനത്തിൽ വർദ്ധനവ്

18 (*138) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ലക്ഷ്യ ബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പച്ചക്കറിയുല്പാദനം രണ്ടരയിരട്ടിയോളമായി വർദ്ധിപ്പിക്കാനായിട്ടുണ്ടോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ലക്ഷ്യ ബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞു. 2018-19 ആയപ്പോഴേയ്ക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി

ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) ഓണക്കാലത്ത് പച്ചക്കറിക്കായി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിനുവേണ്ടി 'ഓണത്തിന് ഒരുമുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി അരക്കോടി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളും സൗജന്യമായി നൽകിയത് ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്രദമായിട്ടുണ്ടോ?

ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2021-22 വർഷത്തിൽ നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. പച്ചക്കറി വികസന പദ്ധതിയുടെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറിക്കായി 10 രൂപ വിലയുള്ള 50 ലക്ഷം വിത്തുപാക്കറ്റുകളും 2.5 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറിത്തൈകളും കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളിലേയ്ക്കും കൃഷിഭവൻവഴി സൗജന്യനിരക്കിൽ സമയബന്ധിതമായി വിതരണം ചെയ്യുകയുണ്ടായി. ആയതുവഴി ഓണക്കാലത്ത് 24000 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും 3.7 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. ഇതിലൂടെ ഓണക്കാലത്ത് പച്ചക്കറിക്കായി അയൽ സംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിന് സാധിച്ചു.

(സി) ഓണക്കാലത്ത് വിലയിടിവിൽനിന്ന് കർഷകരെയും അമിത വിലയിൽനിന്ന് ഉപഭോക്താക്കളെയും ഒരുപോലെ സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഓണസമൃദ്ധി പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനും 2000 ഓണ വിപണികൾ സംസ്ഥാന കൃഷി വകുപ്പ് 17-08-2021 മുതൽ 20-08-2021 വരെയുള്ള

4 ദിവസങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാഞ്ചൈസികളുമായ റീട്ടെയിൽ ഔട്ട്ലെറ്റുകൾ, ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട്ലെറ്റുകൾ, വി.എഫ്.പി.സി.കെ. ഔട്ട്ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചു. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ്പ് 500 എണ്ണം, വി.എഫ്.പി.സി.കെ. 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ സംഘടിപ്പിച്ചു. ഉത്സവസമയങ്ങളിൽ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, ഉത്സവകാലങ്ങളിൽ തുറന്ന വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഗുണഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഉത്സവകാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽ ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ചു. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. ഓണവിപണി ലക്ഷ്യമിട്ട് കർഷകർ ഉല്പാദിപ്പിച്ചിട്ടുള്ള പരമാവധി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് കൃഷി വകുപ്പ് പ്രാധാന്യം നൽകിയിരുന്നു. ഓണവിപണികൾക്കായി 4220 ടൺ പഴം-പച്ചക്കറികൾ സംഭരിച്ചതിൽ 1800 ടൺ കൃഷി വകുപ്പ് മുഖേനയും 300 ടൺ വി.എഫ്.പി.സി.കെ. മുഖേനയും 2120 ടൺ ഹോർട്ടികോർപ്പ് മുഖേനയുമായിരുന്നു. 18000 കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാൻ സാധിച്ചു.

**സ്കൂൾ കുട്ടികൾക്ക് കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം**

19 (*139) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവംബർ മാസം മുതൽ സ്കൂളുകൾ തുറക്കാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ?

നവംബർ മാസം മുതൽ സ്കൂൾ തുറക്കാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നുവരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തുവരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാസൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാൻഡ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്ത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാൻഡ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടെയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബസ്സുകൾ പ്രത്യേക നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) എങ്കിൽ ആയതിന്റെ ചെലവ് എങ്ങനെയാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേകമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന ബസ്സുകൾ ആവശ്യപ്പെടുന്ന സ്കൂളുകൾ, പി.ടി.എ., മാനേജ്മെന്റ്, സർക്കാർ എന്നിവവഴി ചെലവുകൾ കണ്ടെത്താനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതിയെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരികയാണ്.

**ജൈവ പച്ചക്കറിയുല്പാദനത്തിൽ വർദ്ധനവ്**

20 (*140) ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവപച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ

ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി - ടി പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറികൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. ജൈവ ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു.

2. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതി - കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നുവർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചിരുന്നെങ്കിലും 119 ക്ലസ്റ്ററുകളുടെ പ്രവർത്തനം (2380 ഹെക്ടർ) ഇനി തുടരേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചതുപ്രകാരം 505 ക്ലസ്റ്ററുകളിലൂടെ ആകെ 10100 ഹെക്ടർ സ്ഥലത്ത് നിലവിൽ ഈ പദ്ധതി പ്രകാരം ജൈവ കൃഷി നടപ്പിലാക്കി വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നു.

3. സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവകൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ

23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിനനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കിവരുന്നു. ബ്ലോക്ക് തലത്തിൽ തെരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനം നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുകയും ചെയ്തുവരുന്നു. ഓണക്കാലയളവിൽ ടി കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സുഭിക്ഷം സുരക്ഷിതം എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ഇക്കോഷോപ്പുകൾ, ആഴ്ചച്ചന്ത, ഓണ മാർക്കറ്റ് എന്നിവിടങ്ങളിലൂടെ വിപണനം നടത്തിയിരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിപണികളിലും പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾവഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ടി പദ്ധതി മൂന്നുവർഷം കൊണ്ടാണ് നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നാം ഇന്ന് അഭിമുഖീകരിക്കുന്ന കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള അനിയന്ത്രിത പ്രവർത്തനങ്ങൾക്ക് (രാസകീടനാശിനികളുടെ ഉപയോഗം, മാലിന്യം കത്തിക്കൽ) വലിയ ഒരു പങ്കുണ്ട്. ആയതിനാൽ ജൈവ കൃഷിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടത് ആവശ്യമാണ്. ജൈവ കൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല, മൃഗപരിപാലനം, ക്ഷീരോൽപ്പാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രസമീപനമാണിത്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ

ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഓർഗാനിക് മിഷൻ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 5 മുതൽ 10 ഏക്കർ വരെയുള്ള തരിശ് ഭൂമിയിൽ (നിലം/കര പ്രദേശം) യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രവാസികളുടെയും കലാ സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചുവരുന്നവരുടെയും പങ്കാളിത്തത്തോടെ സർക്കാരിന്റെ അധീനതയിലുള്ള കൃഷിയോഗ്യമായ പൊതുസ്ഥലങ്ങളിലും തരിശുഭൂമികളിലും ജൈവ കൃഷി നടപ്പിലാക്കാവുന്നതാണ്. വിവിധ കൂട്ടായ്മകളെയും ഉൾപ്പെടുത്തി കൊണ്ട് സമ്പൂർണ്ണമായി ജൈവകൃഷി നടപ്പിലാക്കുന്നതിനായി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) പച്ചക്കറിയുല്പാദനവുമായി ബന്ധപ്പെട്ട് പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടുണ്ടോ; ഇതിനനുബന്ധമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പച്ചക്കറിയുല്പാദനവുമായി ബന്ധപ്പെട്ട് പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടില്ല. എന്നാൽ അടുത്ത സാമ്പത്തിക വർഷം മുതൽ കാർഷിക പാരിസ്ഥിതിക മേഖല (Agro Ecological Zone) ആസ്പദമാക്കിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പച്ചക്കറിയുല്പാദനത്തിൽ സംസ്ഥാനത്ത് വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

പച്ചക്കറിയുല്പാദനത്തിൽ സംസ്ഥാനത്ത് വർദ്ധനവുണ്ടായിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞു. 2018-19 ആയപ്പോഴേക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## നഗരകൃഷി പ്രോത്സാഹനം

21 (*141) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവ് കൃഷി എന്ന ഘടകം നടപ്പിലാക്കിവരുന്നു. സ്ഥലപരിമിതിയുള്ള നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റ്, 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകാനായി 845 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗരപ്രദേശത്തെ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾക്ക് 75% സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 3 മുതൽ 5 എണ്ണം വരെയുള്ള റസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000 രൂപ ധനസഹായം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഗരപ്രദേശങ്ങളിൽ വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച്, സ്ഥലപരിമിതിക്കുള്ളിൽനിന്നുകൊണ്ട് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ

വർഷത്തിലുടനീളം പച്ചക്കറി കൃഷി സാദ്ധ്യമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകത്തിനായി 505 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. വഴി നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നഗര പ്രദേശങ്ങളിൽ ഹരിത നഗരി പദ്ധതി പ്രകാരം പച്ചക്കറി തൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾവഴി പച്ചക്കറി കൃഷിക്കാവശ്യമായ പരിശീലനങ്ങളും ഉല്പാദനോപാദികളും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്, തിരുവനന്തപുരം ജില്ലയിലെ ആനയറ എന്നിവിടങ്ങളിലെ വി.എഫ്.പി.സി.കെ. കൃഷി ബിസിനസ് കേന്ദ്രങ്ങൾവഴി നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുറത്തിറക്കിയ "വെജിറ്റബിൾ ചലഞ്ച് കിറ്റിന്" വളരെയധികം സ്വീകാര്യത ലഭിക്കുകയുണ്ടായി. പച്ചക്കറി വിത്തിനങ്ങൾക്കുപുറമെ, ഗ്രോബാഗ്, ജൈവവളം, ജൈവകീടനാശിനി, വളർച്ചാ ത്വരകങ്ങൾ, ബയോകൺട്രോൾ ഏജന്റുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കിറ്റ് നൽകിയതുവഴി വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഫ്ലാറ്റ് സമുച്ചയങ്ങളിൽ പച്ചക്കറികൃഷിക്ക് ഉപയോഗിക്കാനുതകുംവിധം മലിനജല ശുദ്ധീകരണ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫ്ലാറ്റ് സമുച്ചയങ്ങളിൽ പച്ചക്കറികൃഷിക്ക് ഉപയോഗിക്കാനുതകുംവിധം ഗാർഹിക മലിനജല ശുദ്ധീകരണ പ്രോജക്ട് 2017-18 വർഷത്തിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) കോഴിക്കോട് വഴി നടപ്പിലാക്കുകയും 10 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജലത്തിന്റെ ഉപയോഗം കുറയ്ക്കുക, ഗാർഹിക മലിനജലം പുനർചംക്രമണം ചെയ്ത് വീണ്ടും ഉപയുക്തമാക്കുക, അതിലൂടെ ഓരോ തുള്ളി വെള്ളത്തിൽ നിന്നും കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഫ്ലാറ്റ് സമുച്ചയങ്ങളും പച്ചക്കറി കൃഷിക്കായി കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലുമുള്ള ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. പ്രസ്തുത ഫ്ലാറ്റുകളിലെ അടുക്കള, ശുചിമുറി എന്നിവിടങ്ങളിലെ മലിനജലം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് തുള്ളിനന/തിരിനന/പ്രതല ജലസേചനം എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതിലൂടെ പച്ചക്കറിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചു.

(സി) സംയോജിത ബഹുവിള പുരയിടകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ജൈവ ഗൃഹം-സംയോജിത കൃഷി (IFS) 2020-22 (രണ്ട് വർഷ പദ്ധതി) നടപ്പിലാക്കി വരുന്നു. പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആടു വളർത്തൽ/പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/ മത്സ്യകൃഷി/ജൈവവളനിർമ്മാണം/മുയൽവളർത്തൽ/അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. കേരളമൊട്ടാകെ ഗ്രാമ-നഗര പ്രദേശങ്ങളിലായി ഇതുവരെ 14463 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി (2020-2022) പദ്ധതി നടത്തിപ്പിന് വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ നാളിതുവരെ 34.91 കോടി രൂപ ചെലവഴിച്ചു.

## കണ്ണൂർ സർവ്വകലാശാലയുടെ എം.എ. സിലബസ്

22 (*142) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വി. ഡി. സവർക്കർ, എം. എസ്. ഗോൾവൽക്കർ, ദീൻദയാൽ ഉപാധ്യായ, ബൽരാജ് മധോക്ക് എന്നിവരുടെ പുസ്തകങ്ങൾ കണ്ണൂർ സർവ്വകലാശാലയുടെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സിന്റെ സിലബസിൽ ഉൾപ്പെടുത്താനുള്ള തീരുമാനത്തിന്മേൽ നിലപാട് വ്യക്തമാക്കാമോ?

സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ദ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവ്വകലാശാല

അംഗീകരിക്കുകയുമാണുണ്ടായത്. സിലബസ് സമഗ്രവും സന്തുലിതവുമല്ലെന്ന അഭിപ്രായം സർവ്വകലാശാലയോട് ആശയ വിനിമയം ചെയ്തിരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല അധികൃതർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വിഷയം വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ് എന്നതിനാൽ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സൂചിപ്പിച്ചിരുന്നു.

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് സിലബസുമായി ബന്ധപ്പെട്ട വിവാദങ്ങളെക്കുറിച്ച് വിശദമായി പഠിക്കാനായി സർവ്വകലാശാല രണ്ടംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത സിലബസ്സിൽനിന്നും മേല്പറഞ്ഞവരുടെ പുസ്തകങ്ങൾ നീക്കം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് വിവാദവുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനം**

23 (*143) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ഇനിയും സാധ്യമായിട്ടില്ലെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി - എറണാകുളം - കായംകുളം എന്നീ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കാനും യാത്രാക്ലേശം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുകയും ചെയ്യും. സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നു. ഇതിനായി മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യവിഷയങ്ങളായിരുന്നു. ഇതുകൂടാതെ, കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽപ്പാത) ചർച്ചകളിൽ പ്രധാന അജണ്ടയായിരുന്നു. സിൽവർ ലൈൻ പദ്ധതി കേരള സർക്കാർ അംഗീകാരം നൽകിയ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. ഇതിലുപരി എം.പി.-മാരുടെ ഇക്കഴിഞ്ഞ സമ്മേളനത്തിലും റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടയായിരുന്നു.

(ബി) ഇത് പരിഹരിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുംകൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും അതനുസരിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാദ്ധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ സർവ്വേകൾ, സാദ്ധ്യതാ പഠനങ്ങൾ,

വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസ്സിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർലൈൻ (സെമി ഹൈ-സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ്
2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ
3. നിലമ്പൂർ- നഞ്ചൻകോട് റെയിൽവേ ലൈൻ
4. അങ്കമാലി - ശബരി റെയിൽ പദ്ധതി .

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് സിൽവർ ലൈൻ പാത, തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ എന്നീ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ മുൻഗണനാപട്ടികയിലുള്ള പദ്ധതിയാണ്. നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതിയുടേയും വിശദ പഠന റിപ്പോർട്ട് പുരോഗമന ഘട്ടത്തിലാണ്. അങ്കമാലി - ശബരി റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പദ്ധതിച്ചെലവിന്റെ അമ്പത് ശതമാനം വഹിക്കാൻ തയ്യാറാണെന്ന തീരുമാനം കേന്ദ്രത്തെ അറിയിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) റെയിൽവേയുടെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമെന്ന നിലയിൽ കെ-റെയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പുതിയ പാതകൾ, റെയിൽവേ സ്റ്റേഷൻ പുനർവികസനം തുടങ്ങിയ പ്രവർത്തനങ്ങളാണ് കമ്പനിയുടെ മുഖ്യധാരയിലുള്ളത്. ഇതിൽ സംസ്ഥാനത്തിന് അനുയോജ്യമായതും സാദ്ധ്യമായതുമായ പദ്ധതികൾ കണ്ടെത്തുക, ഏറ്റെടുക്കുക, അതിൽ സർവ്വേകൾ, സാദ്ധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസ്സിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു.

താഴെപ്പറയുന്ന നാലുപദ്ധതികളാണ് കെ-റെയിൽ ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത്.

1. സിൽവർലൈൻ (സെമി ഹൈസ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ്

2. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ

3. നിലമ്പൂർ- നഞ്ചൻകോട് റെയിൽവേ ലൈൻ

4. അങ്കമാലി - ശബരി റെയിൽ പദ്ധതി .

സിൽവർലൈൻ (സെമി ഹൈസ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ് - കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാദ്ധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപ്പാതയാണ് സിൽവർ ലൈൻ. 200 കിലോമീറ്റർ വരെ വേഗത്തിൽ സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.ടി. പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽക്കൂടിയും സിൽവർ ലൈൻ കണക്ടിവിറ്റി ഉണ്ടാകും. റോറോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവന ചെയ്യുന്നുണ്ട്. പ്രതിദിനം തുടക്കത്തിൽ 79,930 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. പാരീസ് ആസ്ഥാനമായ സിസ്ട്ര എന്ന സ്ഥാപനത്തിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 17.12.2019-ന് റെയിൽവേ മന്ത്രാലയം പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. 63,941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതത്തിനുപുറമെ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുക്കാനും ഉദ്ദേശിക്കുന്നു. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ 50,000-ത്തിൽപ്പരവും പ്രവർത്തന ഘട്ടത്തിൽ 11,000-ത്തിൽപ്പരവും ജോലി സാദ്ധ്യതയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലെ വികസനത്തിനുപരി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ഇത് ആക്കം കൂട്ടുന്നു. സാമൂഹിക നേട്ടങ്ങൾകൂടി കണക്കിലെടുത്തുള്ള പദ്ധതിയുടെ സാമ്പത്തിക വരുമാന നിരക്ക് (EIRR) 24.04% ആണ്. തുടക്കത്തിൽ 29 ട്രെയിനുകളാണ് സർവ്വീസ് നടത്തുക. യൂറോപ്യൻ സ്റ്റാൻഡേർഡ്സ് അടിസ്ഥാനമാക്കിയാണ് പാത രൂപകൽപ്പന ചെയ്തിരിക്കുന്നത്. 25 ടൺ ആക്സിൽ ലോഡിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പാതയ്ക്ക് പാസഞ്ചർ ട്രെയിനുകളേയും ഗുഡ്സ് ട്രെയിനുകളേയും വഹിക്കാൻ ശേഷിയുണ്ടാകും. 74% ഭൂപ്രതലത്തിലൂടെയും 26% ആകാശപാത അല്ലെങ്കിൽ തുരങ്കപാത ആയി ആണ് പദ്ധതി ആസൂത്രണം

ചെയ്തിരിക്കുന്നത്. നൂറുശതമാനം ഹരിതോർജ്ജമാണ് ഈ പദ്ധതിക്ക് ഉപയോഗിക്കുന്നത്. പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സിൽവർ ലൈൻ പദ്ധതി കേരള സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ട് (ഇൻഫ്രാസ്ട്രക്ചർ) പട്ടികയിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 2,100 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിന് എസ്.പി.വി.-യായി കെ.ആർ.ഡി.സി.എൽ.-നെ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

<u>തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ</u> - പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടിവഴി കർണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻ സാധിക്കും. അതായത് മലബാറിൽനിന്ന് മൈസൂരിലേയ്ക്ക് 16 മണിക്കൂർകൊണ്ടും ബാംഗ്ലൂരിലേയ്ക്ക് 13 മണിക്കൂർകൊണ്ടും എത്തിച്ചേർന്നിടത്ത് അഞ്ച് മണിക്കൂർകൊണ്ട് മൈസൂരിലേയ്ക്കും എട്ട് മണിക്കൂർകൊണ്ട് ബാംഗ്ലൂരിലേയ്ക്കും യാത്രാസമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. പ്രസ്തുത പദ്ധതി മാനന്തവാടിയിൽനിന്ന് എടുത്ത് നാഗർഹോൾ - ബന്ദിപ്പൂർ ദേശീയ പാർക്കുകൾക്കിടയിലുള്ള പരിസ്ഥിതി സെൻസിറ്റീവ് പ്രദേശങ്ങൾക്കിടയിൽ ഒരു ഭൂഗർഭ തുരങ്കത്തിലൂടെ കടന്നുപോകുന്നതും തുടർന്ന് കൃഷ്ണരാജപുരം, മൈസൂർ ജില്ലയിലെ എച്ച്.ഡി. കോട്ട് എന്നിവയിലൂടെ കടന്നുപോകുന്നതുമാകുന്നു. പുതുക്കിയ വിന്യാസം നിലവിലുള്ള മൈസൂർ ചാമരാജനഗറിലെ കടക്കോള സ്റ്റേഷനിൽ വന്നുചേരുകയും മൈസൂരിൽനിന്ന് 15 കിലോമീറ്റർ അകലെയുള്ള ബന്ദിപ്പൂർ

നാഷണൽ പാർക്കിനും നാഗർഹോൾ കടുവാ സങ്കേതത്തിനുമിടയിലുള്ള വനേതര പ്രദേശത്തിന് താഴെയായി ഒരു ടണൽ ഉൾപ്പെടുത്തിക്കൊണ്ടും കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിക്ക് 13,987 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ., കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വേ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് അവിടത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണ്ണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണ്ണാടക സർക്കാരിൽനിന്നും റെയിൽവേയിൽനിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണ്ണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് (ഇൻഫ്രാസ്ട്രക്ചർ)-മായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ, തലശ്ശേരി - മൈസൂർ, നിലമ്പൂർ - നഞ്ചൻകോട് പദ്ധതികളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കെ.ആർ.ഡി.സി.എൽ. പശ്ചിമഘട്ടത്തിലൂടെ ഒരു പൊതുകവാടം നിർദ്ദേശിക്കുന്നു. വിന്യാസത്തിന്റെ അംഗീകാരത്തിനായി കേരളവും കർണ്ണാടക സംസ്ഥാനവും തമ്മിൽ ചർച്ച നടത്തും. ഇക്കാര്യം കർണ്ണാടക സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതി വളരെ പ്രാരംഭഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി - മൈസൂർ പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണ്ണാടക സർക്കാരിൽനിന്നുമുള്ള അനുമതിയും കിട്ടിയാൽ മാത്രമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് (ഇൻഫ്രാസ്ട്രക്ചർ)-മായി

ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

അങ്കമാലി - ശബരി റെയിൽ പദ്ധതി - 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരിപാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽക്കണ്ടാണ് ഈ പദ്ധതി വിഭാവന ചെയ്തത്. അങ്കമാലി - ശബരി റെയിൽപ്പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുക വഴി തമിഴ്നാട്ടിലേയ്ക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതിച്ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കെ.ആർ.ഡി.സി.എൽ. സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് സംസ്ഥാനത്തെ റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർ ലൈൻ (സെമി ഹൈസ്പീഡ് റെയിൽ) തിരുവനന്തപുരം: കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാദ്ധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപ്പാതയാണ് സിൽവർ ലൈൻ. മണിക്കൂറിൽ പരമാവധി 200 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന സിൽവർ

ലൈൻ 11 സ്റ്റേഷനുകളിലൂടെയാണ് കടന്നുപോകുന്നത്. പുത്തൻ പൊതുഗതാഗത സൗകര്യങ്ങൾ സൃഷ്ടിച്ച് സംസ്ഥാനത്തെ നിലവിലുള്ള റെയിൽവേ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടും. 11 ജില്ലകളിലൂടെ കടന്നുപോകുന്ന പാതയിൽ 11 സ്റ്റേഷനുകളുണ്ടാകും. കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി എയർപോർട്ട്, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് സ്റ്റേഷനുകൾ. ചരക്കുഗതാഗതം സാദ്ധ്യമാക്കുന്ന റോറോ സർവ്വീസും സിൽവർ ലൈൻ വിഭാവന ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചരക്കുനീക്കത്തിലുണ്ടാകുന്ന മാറ്റവും കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. പ്രസ്തുത സർവ്വീസ്‌വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ ഗതാഗതത്തിരക്ക് മാത്രമല്ല, ദിനംപ്രതി വർദ്ധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. ഇന്ന് കേരളത്തിലെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികൾ ട്രെയിൻയാത്രയെ കൂടുതലായി ആശ്രയിക്കുന്നുണ്ട്. സിൽവർ ലൈനിലെ പതിവ് സർവീസുകൾ ഇവർക്ക് പ്രയോജനപ്പെടും. മാത്രമല്ല, ഭാവിയിൽ ഈ പാതയിലൂടെ പ്രത്യേക ടൂറിസ്റ്റ് സർവീസുകൾ നടത്താനും കഴിയും. സിൽവർ ലൈൻ വഴി നഗരകേന്ദ്രങ്ങളിലേയ്ക്കുള്ള പ്രവേശനം എളുപ്പമാകുന്നതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികവും വ്യാവസായികവുമായ വളർച്ച സാദ്ധ്യമാകും. നഗരകേന്ദ്രീകരണം വൻതോതിൽ ഒഴിവാക്കപ്പെടും. ഗ്രാമപ്രദേശങ്ങളിൽ നിന്നുപോലും എളുപ്പത്തിൽ നഗരങ്ങളിലെത്താൻ ജനങ്ങൾക്ക് കഴിയുന്നതുകൊണ്ട് താമസം, ഭക്ഷണം എന്നിവ വഴിയുള്ള ജീവിതച്ചെലവ് വൻതോതിൽ കുറയും.

2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ: പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടിവഴി കർണ്ണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കാൻ സാധിക്കും. അതായത് മലബാറിൽനിന്ന് മൈസൂരിലേയ്ക്ക് 16 മണിക്കൂർ കൊണ്ടും ബാംഗ്ലൂരിലേയ്ക്ക് 13 മണിക്കൂർകൊണ്ടും എത്തിച്ചേർന്നിടത്ത് അഞ്ചുമണിക്കൂർകൊണ്ട് മൈസൂരിലേയ്ക്കും എട്ട് മണിക്കൂർകൊണ്ട് ബാംഗ്ലൂരിലേയ്ക്കും യാത്രാസമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. വയനാട് ജില്ലയും റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കുമെന്നതാണ് ഈ പദ്ധതി വഴിയുള്ള മറ്റൊരു വലിയ നേട്ടം.

3. നിലമ്പൂർ- നഞ്ചൻകോട് റെയിൽ ലൈൻ: തെക്കൻ കേരളം, മൈസൂർ, ബാംഗ്ലൂർ എന്നിവ തമ്മിൽ ബദലും ഹ്രസ്വവുമായ കണക്ടിവിറ്റി നൽകിയാണ് ഈ

പദ്ധതി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ ലൈൻ ആറുമണിക്കൂറിനുള്ളിൽ മൈസൂരിനെ കൊച്ചിയുമായി ബന്ധിപ്പിക്കുകയും മൈസൂർ വഴി നേരിട്ടും ചെറുതുമായ ബാംഗ്ലൂർ കേരള കണക്ടിവിറ്റി നൽകുകയും ചെയ്യും. കർണ്ണാടക, കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഈ പദ്ധതി സഹായിക്കും.

4. അങ്കമാലി - ശബരി റെയിൽ പദ്ധതി: 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി പാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽക്കണ്ടാണ് ഈ പദ്ധതി വിഭാവന ചെയ്തത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുകവഴി തമിഴ്നാട്ടിലേയ്ക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പദ്ധതിച്ചെലവിന്റെ അമ്പത് ശതമാനം വഹിക്കാൻ തയ്യാറാണെന്ന തീരുമാനം കേന്ദ്രത്തെ അറിയിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

## കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനചെലവിന് അനുസൃതമായി വില

24 (*144) ശ്രീ. എം. നൗഷാദ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ ഉല്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന് അനുസൃതമായി വില ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഒരു പ്രദേശത്ത് ഒരു വിളയുടെ ഉൽപ്പാദനം വർദ്ധിക്കുകയും അത് വിറ്റഴിക്കാൻ പറ്റാതെ വരികയുംചെയ്യുന്ന സാഹചര്യത്തിൽ ആ ഉല്പന്നത്തിന്റെ വില കുറയുന്ന സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 26-10-2020-ലെ ജി.ഒ.(എം.എസ്.)നം.80/20/കൃഷി പ്രകാരം പഴം, പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച

അടിസ്ഥാന വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൃഷി വകുപ്പ് സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ വിപണികൾവഴി വിറ്റഴിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു.

(ബി) അന്താരാഷ്ട്ര കമ്പോള വിലകളുടെ വ്യത്യാസമനുസരിച്ച് കർഷകന് ലഭിക്കുന്ന വിലയിൽ സ്ഥിരത ഇല്ലാതായത് കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിൽ, കർഷകരുടെ റബ്ബർ ഒഴിച്ചുള്ള മറ്റ് വിളകളുടെ വില അന്താരാഷ്ട്ര കമ്പോളവിലയുടെ വ്യത്യാസമനുസരിച്ച് മാറ്റമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റബ്ബറിന്റെ കാര്യത്തിൽ കേരള സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ടാക്കി കാർഷികോല്പന്നങ്ങൾ വിൽക്കാനും വാങ്ങാനും കഴിയുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി ഘട്ടം ഘട്ടമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു.

**നീര പദ്ധതി**

25 (*145) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരകർഷകർക്ക് കൂടുതൽ വരുമാനം കിട്ടാനായി നടപ്പിലാക്കിയ നീര പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പെടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാദ്ധ്യതയും കണക്കിലെടുത്ത് നീരയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും ആയതിന് ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും 18-7-2018-ലെ സർക്കാർ ഉത്തരവ് നം.6/2018/അഗ്രി. പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധനവും നീര ഉല്പാദനവുമായി ബന്ധപ്പെട്ട് 29 നാളികേര ഉൽപ്പാദക കമ്പനികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ (CDB) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിനുപുറമെ സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായവും 2015-16, 2016-17 വർഷങ്ങളിൽ നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും നാല് കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഏതുരീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട - യന്ത്ര സാമഗ്രികൾക്ക് ചെലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18-ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പാ അധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതിച്ചെലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമ്മാണച്ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കാനുമാണ് വിഭാവന ചെയ്തിരുന്നത്. കൂടാതെ, നീര ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി വിലയിരുത്തുന്നതിനും കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ പരിശീലനം

കേരള കാർഷിക സർവ്വകലാശാല നടത്തി വിലയിരുത്തുന്നതിനും നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതിനുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(സി) വേണ്ടത്ര പഠനങ്ങളില്ലാതെ ഉല്പാദനം തുടങ്ങിയതാണോ പദ്ധതി പരാജയപ്പെടാൻ കാരണമെന്നും പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

വേണ്ടത്ര പഠനം ഇല്ലാതിരുന്നതും നീരയും നീര അധിഷ്ഠിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കേന്ദ്രീകൃതമായ സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കാതിരുന്നതും പദ്ധതിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വേങ്ങേരിയിലും കുത്താളിയിലും സ്ഥാപിക്കാനുദ്ദേശിക്കുന്ന അഗ്രോപാർക്കുകളിലൂടെ നാളികേരവും നാളികേര അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

26 (*146) ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വൈജ്ഞാനിക സമൂഹ സൃഷ്ടിയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

1. കരിക്കുലം പരിഷ്കരണം: സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തരം മാർഗ്ഗനിർദ്ദേശം നൽകിവരുന്നു. ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുനഃസംഘടിപ്പിച്ച് എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കിത്തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും

പുനഃസംഘടിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച, ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിനൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

2. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകളും (GA):- ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

3. ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020): സർവ്വകലാശാലകൾ അവയുടെ അദ്ധ്യാപന ഗവേഷണ അറകളായി നിലനിൽക്കുന്ന വിവിധ ശാഖകളിൽനിന്നും മോചിപ്പിക്കപ്പെടുകയും യോജിച്ച, സഹവർത്തിത്തത്തോടെ മുന്നേറുന്ന അക്കാദമിക പ്രതലങ്ങളായി രൂപവ്യത്യാസം പ്രാപിക്കേണ്ടതുമായ സാഹചര്യം കണക്കിലെടുത്ത് 2019-ൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ 1000 അദ്ധ്യാപകർക്ക് പരിശീലനം ആരംഭിച്ചു. അദ്ധ്യാപകരെ അവരുടെ വിഷയത്തിനുപരി വിഷയേതര ശാഖകളുമായി ബന്ധിപ്പിക്കുന്നതുവഴി, വിദ്യാർത്ഥികളെയും ശാഖാന്തരങ്ങളില്ലാതെ സമന്വയിപ്പിക്കാനുതകുന്ന രീതിയിൽ സജ്ജമാക്കാനും കഴിയണം. ഇതിന്റെ അടിസ്ഥാനത്തിലാണ് Outcome Based Education(OBE)-ന്റെ അടുത്ത സുപ്രധാന ഘട്ടത്തിൽ, Cross Disciplinary Literacy Campaign 2020 എന്ന പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത്.

4. സാക്ക് (SAAC – State Assessment & Accreditation Centre): സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി

വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസ്സസ്മെൻറ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും NAAC-ന്റെ അവലോകന പരിധിയിൽ വരും. NAAC-ൽ വിഭാവന ചെയ്തിട്ടുള്ള 5 core values-നു പുറമെ, Social Inclusiveness (Inclusive Education), Equity and Excellence, Scientific temper and secular outlook എന്നീ 3 core values കൂടി സ്ഥാപനങ്ങളെ State specific ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു.

5. <u>ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC)</u>:- ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുകയെന്നതാണ് ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

6. <u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ</u>:- ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

7. <u>ചാൻസലേഴ്സ് അവാർഡ്</u>:- ബഹുമാനപ്പെട്ട കേരളാ ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് അഞ്ചുകോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

8. <u>എറുഡൈറ്റ് പദ്ധതി</u>:- ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ഉന്നത വിദ്യാഭ്യാസ കൗൺസിൽവഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

9. <u>ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ</u>:- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഓൺലൈൻ

സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ മാതൃകയിൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ State specific ആയ വിവരങ്ങളും സർവ്വേ സമാഹരിക്കുന്നുണ്ട്.

10. കാൾനെറ്റ്:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാഡമിക് ലൈബ്രറി നെറ്റ്‌വർക്ക് (KALNET) രൂപീകരിച്ചു.

11. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E-Journal Consortium):- സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം:- ലോക്ഡൗൺ കാലത്ത് ബിരുദ ബിരുദാനന്തര കോഴ്സുകളിലെ പാഠ്യഭാഗങ്ങൾ വെബ്സൈറ്റിൽ ഒരുക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച ഓൺലൈൻ പാഠ്യശേഖരം ഇതിനോടകം ഏകദേശം 2000-ത്തോളം പാഠ്യഭാഗ ഉള്ളടക്കങ്ങൾ വിദ്യാർത്ഥികൾക്ക് അനായാസം ലഭിക്കുന്ന രീതിയിൽ കൗൺസിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തി ലേയ്ക്കുയർത്താൻ സർവ്വകലാശാലകളെയും കോളേജുകളെയും സജ്ജമാക്കുന്നതിന് പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കൂടാതെ ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ - മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

പുതുതലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിനായി ശാസ്ത്രമേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. റിസർച്ചിന് പ്രാധാന്യമുള്ള പദ്ധതികളും കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും വകുപ്പിൽ നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കേരള സർവ്വകലാശാല നൂതന അക്കാദമിക് പ്രോഗ്രാമുകൾ നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ വർഷം കേരള സർവ്വകലാശാലയിൽ സയൻസ്, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, സ്പെയിസ് സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഷയങ്ങളിൽ അക്കാദമിക് പ്രോഗ്രാമുകളും നാനോ ടെക്നോളജി മുതലായവയിൽ ഇൻഡസ്ട്രി നൈപുണ്യ വികസനം സാദ്ധ്യമാകുന്ന ഗവേഷണവും ആരംഭിച്ചുകഴിഞ്ഞു. ഇതുകൂടാതെ RUSA, കിഫ്ബി എന്നീ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ സർവ്വകലാശാലകളുടെ ശാക്തീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിന് വേണ്ട റിപ്പോർട്ടുകൾ തയ്യാറാക്കാൻ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്ത് ജ്ഞാനസമൂഹ സൃഷ്ടിക്കും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഡോ. N.K. ജയകുമാർ ചെയർമാനായി സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനും ഡോ. C.T. അരവിന്ദകുമാർ ചെയർമാനായി പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിനും മറ്റ് രണ്ട് കമ്മീഷനുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

## കോവിഡ്മൂലം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം

27 (*147) ശ്രീ. ടി.സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. മഹാമാരിയും അതിന്റെ ഫലമായുണ്ടാകുന്ന ലോക്ഡൗണും മൂലമുണ്ടാകുന്ന നാശനഷ്ടത്തിന്റെ വ്യാപ്തിയും കേരള സംസ്ഥാന ആസൂത്രണ ബോർഡ് പഠന വിധേയമാക്കിയിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര വ്യാപാരത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെയും നാണ്യവിളകളുടെയും വിൽപ്പനയെ കോവിഡ് മഹാമാരി എത്തരത്തിലാണ് ബാധിച്ചതെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരി കേരളത്തിന്റെ കാർഷിക മേഖലയെ പലവിധത്തിൽ ബാധിച്ചു. തോട്ടവിളകൾ ഉൾപ്പെടെ കാർഷിക മേഖലയിലെ മൊത്തം നഷ്ടം 1570.75 കോടി രൂപയും വേതന നഷ്ടംമൂലം കർഷകത്തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടം ഏകദേശം 200.30 കോടി രൂപയാണ്. നാണ്യവിളകളുടെ ഗണ്യമായ ഉല്പാദനമാണ് കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാനം. അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം

നാണ്യവിളകളുടെ വ്യാപാരത്തെ ബാധിക്കുകയും ലോക്ഡൗണിനുശേഷം ആഗോള വ്യാപാരം ഏതാണ്ട് നിലയ്ക്കുകയും ചെയ്തു. കേരളത്തിൽ കൃഷി ചെയ്യപ്പെടുന്ന കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജനങ്ങളിലും തോട്ടവിളകളിലും ഇത് വലിയ പ്രത്യാഘാതമുണ്ടാക്കുകയും ചെയ്തു. ലോക്ഡൗൺ ആരംഭിച്ചതിനുശേഷം കാർഷിക വിളകളുടെയും കന്നുകാലി ഉല്പന്നങ്ങളുടെയും മത്സ്യത്തിന്റെയും ആഭ്യന്തര വില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ ഉല്പാദനത്തിലുണ്ടായ പ്രതിസന്ധി അത്ര രൂക്ഷമായില്ലെങ്കിലും ഉല്പന്നങ്ങളുടെ ഡിമാൻഡ് കുറയുകയും വിതരണ ശൃംഖല തടസ്സപ്പെടുകയും ചെയ്തതുമൂലം സംസ്ഥാനത്തെ കർഷകർക്ക് കാര്യമായ വരുമാനനഷ്ടം ഉണ്ടാക്കി. ലോക്ഡൗൺമൂലം തൊഴിലാളികളുടെയും പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും ലഭ്യതക്കുറവ്, കാർഷിക മേഖലയിലെ മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രവർത്തനങ്ങളെയും വിതരണ ശൃംഖലയെയും കാര്യമായി ബാധിക്കുകയും അതുമൂലം കർഷകർക്ക് നഷ്ടം ഉണ്ടാകുകയും ചെയ്തു. ഇതുകൂടാതെ ലോക്ഡൗൺ കാർഷിക-പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ വരുമാന നഷ്ടം വരുത്തി. തൊഴിലാളികളുടെ അഭാവംമൂലം യഥാസമയത്ത് ഏലം വിളവെടുക്കാത്തതുകൊണ്ടുണ്ടായ നഷ്ടം ഹെക്ടറിന് കുറഞ്ഞത് 10 കിലോഗ്രാം എന്ന തോതിൽ കണക്കാക്കിയാൽ, ഈ സീസണിൽ ഏകദേശം 300 മെട്രിക് ടൺ വിളനാശം സംഭവിക്കാൻ ഇടയുണ്ട്. കിലോയ്ക്ക് 1,000 രൂപയുടെ വില കുത്തനെ ഇടിഞ്ഞതിനെത്തുടർന്ന് 2020 മാർച്ച് പകുതിയോടെ ലേലം നിർത്തിവച്ചു. സംസ്ഥാനത്തെ ഏലയ്ക്കയുടെ 90% വ്യാപാരവും ഇ-ലേല കേന്ദ്രങ്ങളിലൂടെയാണ് നടക്കുന്നത്. സ്പൈസസ് ബോർഡിൽനിന്നുള്ള ഇ-ലേലങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് 2019 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ തോട്ട ഉടമകളും ഡീലർമാരും കൂടെ 2861 മെട്രിക് ടൺ ഏലയ്ക്ക വ്യാപാരം നടത്തിയിരുന്നെങ്കിൽ 2020-ൽ അത് 588 ടൺ മാത്രമായിരുന്നു നടന്നത്. ഇ-ലേലങ്ങളിലെ വ്യാപാരത്തിന്റെ മൂല്യം 2019 മാർച്ചിലും ഏപ്രിലിലുമായി 461 കോടിയിൽനിന്ന് 2020 മാർച്ചിലും ഏപ്രിലിലുമായി 239 കോടി രൂപയായി കുറഞ്ഞു. കോവിഡ് മൂലമുണ്ടായ പ്രതിസന്ധി സുഗന്ധവ്യഞ്ജനങ്ങളുടെ ആഗോള വിതരണ ശൃംഖലയെ ബാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കുരുമുളക് കൃഷിയെയും വ്യാപാരത്തെയും സാരമായി ബാധിച്ചില്ല. എന്നിരുന്നാലും വിലയിലുണ്ടായ ഇടിവ് ആഘാതം ഉണ്ടാക്കിയിട്ടുണ്ട്. കുരുമുളക് വില കിലോയ്ക്ക് 330 രൂപയിൽ നിന്ന് 290 രൂപയായി കുറഞ്ഞു. കേരളത്തിലെ കുരുമുളക് മേഖലയിലെ മൊത്തം നഷ്ടം 50 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

(സി) കോവിഡ് കാലത്തെ ലോക്ക്ഡൗണും ഗതാഗത നിയന്ത്രണവുംമൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനവിളകൾ, നാണ്യവിളകൾ എന്നിവയുടെ സംഭരണത്തിലും വിപണനത്തിലും കോവിഡ്മൂലം പ്രതിസന്ധി കർഷകർ നേരിട്ടു.

1. <u>നെൽകൃഷി</u> - ധാന്യങ്ങളുടെ നഷ്ടവും ഗതാഗതത്തിൽ വന്ന കാലതാമസവും കാരണം നെൽകൃഷി മേഖലയിൽ ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

2. <u>പച്ചക്കറികൾ</u> - പച്ചക്കറികളുടെ കാര്യത്തിൽ, ലോക്ഡൗൺ കാലയളവിൽ കേരളത്തിൽനിന്നുള്ള പച്ചക്കറി കയറ്റുമതിയിൽ 40 ശതമാനം കുറവുണ്ടായി. കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വില കുറയുകയും വിളവെടുത്ത പച്ചക്കറികൾ വിപണനം ചെയ്യാൻ കഴിയാത്തതുമൂലം നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 2 ലക്ഷം മെട്രിക് ടൺ വിപണന മിച്ചവും കിലോയ്ക്ക് ശരാശരി ഏഴുരൂപയുടെ നഷ്ടവും കണക്കിലെടുത്ത്, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പച്ചക്കറി മേഖലയിലെ നഷ്ടം ഏകദേശം 147 കോടി രൂപയായി കണക്കാക്കുന്നു. ഇതിനുപുറമെ വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾ (എസ്.കെ.എസ്.) ഏകദേശം 11 കോടി രൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. <u>പഴവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും</u> - ലോക്ഡൗൺ കാലത്ത് നേന്ത്രന്റെ വില കിലോയ്ക്ക് 40-45 രൂപയിൽ നിന്ന് 20-25 രൂപയായി കുറയുകയും മറ്റു വാഴപ്പഴങ്ങളിലും സമാനമായ നഷ്ടം ഉണ്ടാകുകയും ചെയ്തു.

i. കേരളത്തിൽ നേന്ത്രന്റെയും മറ്റ് വാഴപ്പഴങ്ങളുടേയും വാർഷിക ഉൽപ്പാദനം ഏകദേശം 8.1 ലക്ഷം മെട്രിക് ടൺ ആണ്. കർഷകർക്ക് ഒരു കിലോയുടെ വിലയിൽ 20 രൂപയുടെ കുറവ് ഉണ്ടായപ്പോൾ, ഏത്തപ്പഴത്തിനും മറ്റ് വാഴപ്പഴത്തിനും ഉണ്ടാകുന്ന മൊത്തം നഷ്ടം ഏകദേശം 269 കോടി രൂപയാണ്.

ii. മദ്ധ്യകേരളത്തിലെ പ്രധാന വിളയായ പൈനാപ്പിളിന്റെ വില ലോക്ഡൗൺ കാലത്ത് കിലോയ്ക്ക് 20-25 രൂപയിൽനിന്ന് 10-15 രൂപയായി കുറഞ്ഞു. കാർഷികോല്പാദന മേഖലകളിൽനിന്ന് പൈനാപ്പിൾ വാങ്ങാനും ഓൺലൈനിൽ വിൽക്കാനുമുള്ള കാര്യമായ ശ്രമം ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും നടത്തിയിട്ടുണ്ട്.

iii. കശുവണ്ടിയിൽ, അടച്ചിടൽ സമയത്ത് വിളവെടുക്കാൻ കഴിയാത്തതിനാലും സംസ്കരണ സൗകര്യങ്ങളുടെ അഭാവത്താലും നഷ്ടം സംഭവിച്ചു.

iv. കിഴങ്ങുവർഗ്ഗ വിളകളുടെ കാര്യത്തിൽ സംസ്ഥാനത്തെ നഷ്ടം 20 കോടി രൂപയാണെന്ന് ആസൂത്രണ ബോർഡ് കണക്കാക്കുന്നു.

v. കശുവണ്ടി, ഓയിൽ പാം, റബ്ബർ എന്നിവയുടെ വില്പനയിലുണ്ടായ നഷ്ടം കാരണം കേരളത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന് മൊത്തം 6.9 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

vi. കൂടാതെ നഴ്സറികൾ, ഗതാഗതം, ഇൻപുട്ട് ഡീലർമാർ തുടങ്ങിയ കാർഷിക ഉപമേഖലകളിൽ 50 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കാമെന്ന് കണക്കാക്കുന്നു.

vii. ഹോർട്ടികോർപ്പിനെ സംബന്ധിച്ചിടത്തോളം ലോക്ഡൗൺ കാലയളവിൽ ഒരു കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(ഡി) കർഷകർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻസർക്കാർ നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട്.

1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

2. കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിയ്ക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ /ആടു വളർത്തൽ/പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺകൃഷി /പശു വളർത്തൽ / മത്സ്യകൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ / അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

4. "ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)-ൽ കർഷകർക്ക് 785 കോടി രൂപയുടെ വായ്പ ലഭ്യമാക്കി.

6. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. വിവിധ ജില്ലകളിൽ 6927 അപേക്ഷകർക്ക് 631 ലക്ഷം രൂപ വിതരണം ചെയ്തു. 1420 കർഷകർക്ക് 95.47 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 39.0272 കോടി രൂപയുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

## നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി

28 (*148) ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്ക്യഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുതകുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഇതിനനുബന്ധമായി എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനനുബന്ധമായി സ്വീകരിച്ച പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കുന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2020-21 വർഷത്തിൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്തും ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. 2021-22 വർഷത്തിലും ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പ്രോജക്ടിൽ ഉൾപ്പെടുത്തി ആയത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 2020-21 വർഷത്തിൽ 22848 ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കുകയും 6145 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തരിശ് കൃഷി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിനായി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പതിനാറാം വകുപ്പിൽ തരിശ് നെൽവയലിൽ കൃഷി ചെയ്യിപ്പിക്കുന്നത് സംബന്ധിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.*

(ഡി) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

നെൽകൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 202907 ഹെക്ടർ വരെ (2018-19 വർഷത്തിൽ) വർദ്ധിപ്പിക്കാൻ സാധിച്ചു. 2015-16-നെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വിസ്തൃതിയിലും ആനുപാതികമായി ഉൽപ്പാദനത്തിലും കുറവുവന്നിരുന്നു. 2016-17 വർഷത്തിൽ രണ്ടാംവിള കാലത്തുണ്ടായ രൂക്ഷമായ വരൾച്ചയാണ് ആയതിന് കാരണമായത്. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16 മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു*. 2016-17-ലെ രണ്ടാംവിള കാലത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം പ്രസ്തുത വർഷം തിരുവനന്തപുരം ജില്ലയിൽ 36.40 ഹെക്ടർ സ്ഥലത്ത് ഞാറ്റടി ഉണങ്ങിപ്പോയി. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിളനിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്ത് അപ്പോഴത്തെ പ്രത്യേക സാഹചര്യം കർഷകരെ ബോദ്ധ്യപ്പെടുത്തി 13990 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കിയില്ല. ഈ സാഹചര്യങ്ങൾ മൂലമാണ് പ്രസ്തുത വർഷത്തിൽ ഗണ്യമായ കുറവുവന്നത്. ഇക്കാരണങ്ങളാൽ 2015-16-നെ അപേക്ഷിച്ച് 2016-17-ൽ വിസ്തൃതി ഗണ്യമായി കുറയുകയുണ്ടായി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാർഷിക മേഖലയുടെ പുരോഗതി

29 (*149) ശ്രീ. എം. എം. മണി:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുരോഗതിക്കും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ, പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ, കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി, കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമാവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ തുടങ്ങിയവ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് കഴിഞ്ഞവർഷം പദ്ധതി നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറി കൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം,

സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, ഉൽപ്പന്ന സംഭരണം കുറ്റമറ്റതാക്കൽ, മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവയിലൂടെ കാർഷിക വൃത്തിയെ ആശ്രയിക്കത്തക്കവിധമുള്ള വരുമാന സ്രോതസ്സാക്കി മാറ്റി യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ-സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി.വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യംവഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉൽപ്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെയും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

50 നിലവിലുള്ള എഫ്.പി.ഒ.-കളെയും തെരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗരസംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയിനർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കൂടാതെ പ്രത്യേക ഹ്രസ്വകാല വായ്പാ പദ്ധതിയായ Special Liquidity Facility (SLF-II) കർഷകർക്ക് 785 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് പ്രകാരം (AIF) കേരളത്തിൽ 39.0272 കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രാദേശിക വിപണി വിപുലീകരിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ കാരണം വാഹന ലഭ്യതയും വിപണന മാർഗ്ഗങ്ങളും കുറവായ സാഹചര്യം ഉളവായിരുന്നു. ഈ അവസ്ഥ പഴം - പച്ചക്കറി വിളവെടുപ്പിനെയും വിപണനത്തെയും ബാധിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുകയും അത് ഒഴിവാക്കുന്നതിനായി കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി നിലവിലുള്ള 1884 വിപണന കേന്ദ്രങ്ങൾ

ഉപയോഗപ്പെടുത്തുന്നു. സമയത്തിന് വിളവെടുക്കാൻ കഴിയാതെ വരുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി മേല്പറഞ്ഞ സ്ഥാപനങ്ങൾക്കുപുറമെ, എല്ലാ നഗര പ്രദേശങ്ങളിലും നൂറ് നഗര വഴിയോര ആഴ്ചച്ചന്തകളും സംസ്ഥാനമൊട്ടാകെ പുതിയ 562 ആഴ്ചച്ചന്തകളും സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉൽപ്പന്നം വിളവെടുപ്പിന് പാകമാകുന്ന സമയംതന്നെ വിപണനം നടത്താനുള്ള അവസരം ഈ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ, നിലവിലുള്ള മൊത്ത വ്യാപാര വിപണികൾവഴി ഇടനിലക്കാരില്ലാതെ വിപണനം സാദ്ധ്യമാണ്. സംഭരണ, വിപണന മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കായി കണ്ടെയിനർ മാതൃകയിലുള്ള വിപണന കേന്ദ്രങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകളും സംഭരണത്തിനായി വാഹനങ്ങളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

## യാത്രാ ഫ്യൂവൽസ് പദ്ധതി

30 (*150) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്:

സമുദ്ര ബസ് പദ്ധതി - മത്സ്യവിപണനത്തിനായി തീരദേശത്തുനിന്ന് വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷ കൂലി ഭാരമാകുന്നുവെന്നുമാത്രമല്ല, രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ

എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ, പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു.

വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) - സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്.

വിവിധ ടൂർ പാക്കേജുകൾ - കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ഉപഭോക്താക്കളുടെ ആവശ്യകതയനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ്

ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ Engine oil തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് KSRTC രൂപമാറ്റം വരുത്തിയ ബസുകളിൽ വിതരണം ചെയ്യുന്ന "lubshop" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ 'സ്ലീപ്പർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്' പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെണ്ടറുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ/പാഴ്സൽ സർവ്വീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം, ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർവഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ

കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ IOC മുതലായ വൻകിട എണ്ണക്കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്കവിധം റീട്ടെയിൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

Ration shop on wheel - വിദൂരമായ മലയോര പ്രദേശങ്ങളിലെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ളവർക്ക് റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ പോയി വാങ്ങാനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരുടെ താമസസ്ഥലത്ത് സഞ്ചരിക്കുന്ന റേഷൻകടകളായ KSRTC ബസ്സുകളെ രൂപകല്പന ചെയ്ത് Civil Supplies വകുപ്പുമായി ചേർന്ന് "Ration Shop on Wheels" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ ജില്ലകളിലായി ആദ്യഘട്ടത്തിൽ സഞ്ചരിക്കുന്ന 10 റേഷൻ ഷോപ്പുകൾ ഇപ്രകാരം ആരംഭിക്കാൻ Civil Supplies Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ 'ലാഭം' മാർക്കറ്റ്, കുടുംബശ്രീ ഹോട്ടലുകൾ, വിവിധ വകുപ്പുകളുടെ ഓഫീസുകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്ന KSRTC ഡിപ്പോകളിൽ ആരംഭിക്കാനുള്ള നടപടികളും നടന്നുവരുന്നു.

(ബി) പൊതുജനാവശ്യത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ പമ്പുകൾ ആരംഭിക്കുന്ന യാത്രാ ഫ്യൂവൽസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുമേഖലാ എണ്ണക്കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് നിലവിൽ എട്ട് യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-9-2021-ൽ തിരുവനന്തപുരത്ത് നടന്നു. തിരുവനന്തപുരം ജില്ലയിൽ കിഴക്കേകോട്ട, കിളിമാനൂർ, കൊല്ലം ജില്ലയിൽ ചടയമംഗലം, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ, ആലപ്പുഴ ജില്ലയിൽ ചേർത്തല, ഇടുക്കി ജില്ലയിൽ മൂന്നാർ, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് എന്നിവിടങ്ങളിലെ ഡിപ്പോകളിലാണ് യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ തുടങ്ങിയിട്ടുള്ളത്. 30-9-2021-ലെ വിലയിരുത്തലിൽ കൂടുതൽ സ്ഥലങ്ങളിൽ ഡീസൽ വിൽക്കുന്നതും 24 മണിക്കൂർ പ്രവർത്തനം നടത്തുന്നതും

ടി ഔട്ട്‌ലെറ്റുകളിലൂടെ വരുമാനം വർദ്ധിപ്പിക്കുമെന്ന് മനസ്സിലാക്കിയതിനാൽ, 15-10-2021 മുതൽ എല്ലാ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകളിലും 24 മണിക്കൂർ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അടുത്ത നൂറുദിന പരിപാടിയിൽ പുതിയ 20 യാത്രാ ഫ്യുവൽ ഔട്ട്‌ലെറ്റുകൾകൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇവ തൃശ്ശൂർ, ഗുരുവായൂർ, സുൽത്താൻ ബത്തേരി, പെരുന്തൽമണ്ണ, കാസർഗോഡ്, കണ്ണൂർ, ആലുവ, പാലക്കാട്, പൊൻകുന്നം, മാവേലിക്കര തുടങ്ങിയവയാണ്.

(സി) പെട്രോൾ, ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത്തരം പമ്പുകളിൽ പൊതുജനങ്ങൾക്കായി സി.എൻ.ജി., എൽ.എൻ.ജി., എൽ.പി.ജി. എന്നീ ഇന്ധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

തിരുവനന്തപുരത്ത് ആനയറയിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചുമതലയിലുള്ള പമ്പ് കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർഷിപ്പിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ഓയിൽ കോർപ്പറേഷനെ കെ.എസ്.ആർ.ടി.സി. സമീപിച്ചിട്ടുണ്ട്. കൂടാതെ ഡീലർഷിപ്പ് അനുവദിക്കുന്നതിന്റെ പ്രവർത്തന മാനദണ്ഡം കെ.എസ്.ആർ.ടി.സി.-ക്ക് അനുകൂലമാക്കുന്നതിന് കേന്ദ്ര സർക്കാരിനെയും സമീപിച്ചിട്ടുണ്ട്. ആനയറയുൾപ്പെടെ മറ്റ് ഫ്യുവൽ ഔട്ട്‌ലെറ്റുകളിലും എണ്ണക്കമ്പനികൾ എൽ.എൻ.ജി./സി.എൻ.ജി./എൽ.പി.ജി. ഇന്ധനം ലഭ്യമാക്കുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കുകൂടി ഇന്ധനം ലഭ്യമാക്കുന്നതാണ്.

(ഡി) പൊതുജനങ്ങളെ കെ.എസ്.ആർ.ടി.സി.-യുടെ പമ്പുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പൊതുജനങ്ങളെ കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ ഫ്യൂവൽസ് ഔട്ടലെറ്റുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി പമ്പുകളിൽ ലൂബ്രിക്കേറ്റിംഗ് ഓയിൽ വിൽപ്പനയും ടി ഓയിലുകൾ വാങ്ങുന്ന ടൂവീലറുകൾക്ക് സൗജന്യമായി ഓയിൽ ചെയിഞ്ച് ചെയ്തുകൊടുക്കുന്നുമുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ (ഈസ്റ്റ്ഫോർട്ടിൽ) ഇലക്ട്രിക് വെഹിക്കിൾസ് ചാർജിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനുപുറമെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ 'ചോട്ടു ഗ്യാസ്' എന്ന എൽ.പി.ജി. സിലിണ്ടറുകളും വിൽപ്പനയ്ക്ക് സജ്ജമാക്കിയിട്ടുണ്ട്. ഇവയെല്ലാം മായമില്ലാത്ത കൃത്യമായ അളവിലുള്ള ഇന്ധനം എന്ന ലേബലിൽ കൂടുതൽ പൊതുജനങ്ങളെ ആകർഷിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാഡി മാർക്കറ്റിംഗ് ഓഫീസർ, പാഡി പ്രൊക്യൂർമെന്റ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ കുറവ്

1(1541) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ എം. എസ്. അരുൺ കുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനും സംഭരണ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിനും കൃഷി വകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്താറുണ്ടോയെന്ന് അറിയിക്കാമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സപ്ലൈകോ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കൃഷി വകുപ്പിൽനിന്നും നെല്ല് സംഭരണ സീസണിൽ ആവശ്യമായ ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ സപ്ലൈകോയുടെ ആവശ്യാനുസരണം നൽകിവരാറുണ്ട്. അപ്രകാരം, എല്ലാ ജില്ലകളിൽനിന്നും കൃഷി അസിസ്റ്റന്റുമാരുടെ സേവനവും കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽനിന്നുള്ളവരെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരായും നിയോഗിക്കാറുണ്ട്. കർഷകർ സപ്ലൈകോ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തി ലഭിക്കുന്ന അപേക്ഷകൾ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് നൽകുന്നതാണ്. ടി ഓഫീസർമാരുടെ സേവനം നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനും സംഭരണ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിനും സഹായകരമാകുന്നു.

(ബി) നെല്ല് സംഭരണത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പാഡി പ്രൊക്യൂർമെന്റ് ഓഫീസർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ കുറവുമൂലം നെല്ല് സംഭരണത്തിന് കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നെല്ല് സംഭരണത്തിൽ ഉദ്യോഗസ്ഥരുടെ കുറവുമൂലം കാലതാമസമുണ്ടാകാതിരിക്കാനായി മൂന്ന് പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 44 പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ വർക്കിംഗ് അറേഞ്ച്മെന്റിലും നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സ്മാർട്ട് കൃഷിഭവനകൾ

2 (1542) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനകളെ സ്മാർട്ട് കൃഷി ഭവനകൾ ആക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ?

കേരളത്തിലെ എല്ലാ കൃഷിഭവനകളും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനകളാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷിഭവനകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നു. ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായിക്കഴിഞ്ഞു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥലം ഉള്ളതുമായ 14 കൃഷിഭവനകൾ കണ്ടെത്തി അവിടെ ആധുനിക കെട്ടിടങ്ങൾ നിർമ്മിച്ച് സ്മാർട്ട് കൃഷിഭവനകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനകളാക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

ആദ്യഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷിഭവനകൾ കണ്ടെത്തി സ്മാർട്ട് കൃഷിഭവൻ ആരംഭിക്കാനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കൃഷി ഭവനകളെ തെരഞ്ഞെടുക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്.

(സി) കൃഷിക്കാർക്കും ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ഏതു വിധത്തിൽ ഉണ്ടാകുമെന്ന് വിശദീകരിക്കാമോ?

ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കർഷകർക്ക് നൽകുന്നതിനായാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ വിവിധ സേവനങ്ങൾ ഏറ്റവും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായി കർഷകരിലേയ്ക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും കാലാവസ്ഥാ-വിപണി വിവരങ്ങളും വിവിധ ഉല്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക, കൃഷി ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഫീൽഡിൽ ഉപയോഗിക്കാൻ സാധ്യമാകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്മാർട്ട് കൃഷി ഭവൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

**കാർഷിക ബഡ്ജറ്റ് അവതരണം**

3 (1543) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ മുൻകാലങ്ങളിൽ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നപോലെ കൃഷിക്ക് മാത്രമായി ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളേതെങ്കിലും പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്നതായി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളാണ് പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇതര സംസ്ഥാനങ്ങളായ കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്ന കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല.

**കാർഷികമേഖലയുടെ പുരോഗതി**

4 (1544) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികമേഖലയുടെ പുരോഗതിക്കും കർഷകരുടെ വരുമാനം ഉയർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക്

വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1) നെൽകൃഷി വികസന പദ്ധതി

2) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി

3) പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി

4) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

c) ജില്ലാ ക്ലസ്റ്റർ വികസനം

d) ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

e) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും

f) ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

g) നഴ്സറികൾ സ്ഥാപിക്കൽ

h) ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

i) മഴമറ നിർമ്മാണം

j) സേഫ്-ടു-ഈറ്റ്

k) സുഭിക്ഷ കേരളം പദ്ധതി

l) വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി.

5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

6) നാളികേര വികസനം

7) സുഗന്ധ വ്യഞ്ജന വികസന പദ്ധതി

8) ഹൈ ടെക് അഗ്രികൾച്ചർ

9) കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി

10) മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

11) വിള ആരോഗ്യപരിപാലനം

12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി.)

13) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

14) ലബോറട്ടറികളുടെ ആധുനീകരണം

15) കാർഷിക വിജ്ഞാന വ്യാപനം

16) കാർഷിക വിവരവും വിനിമയവും

17) കാർഷിക സേവന കേന്ദ്രങ്ങൾ

18) വിള ഇൻഷ്വറൻസ് പദ്ധതി

19) പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി

20) ജൈവ വൈവിദ്ധ്യ സംരക്ഷണം

21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം

22) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി

23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

25) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം

26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.)

27) കൃഷി പാഠശാല

28) പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം

29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

30) കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില

31) കർഷക ക്ഷേമനിധി ബോർഡ്.

**ഏലം കൃഷിക്ക് വിള ഇൻഷ്വറൻസ്**

5 (1545) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിന് ആവശ്യമായ കുറഞ്ഞ ഭൂപരിധി 25 സെന്റായി കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

22-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 37/2017/കൃഷി പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കുറഞ്ഞത് ഒരു ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന ഏലം കർഷകർക്ക് ഒരു വർഷത്തേയ്ക്ക് 1,500 രൂപയും മൂന്നുവർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 3,750 രൂപയും ഒടുക്കി ഇൻഷ്വർ ചെയ്യാവുന്നതാണ്. ഭൂപരിധി 25 സെന്റായി കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം പരിശോധനയിലാണ്.

(ബി) ചെറുകിട നാമമാത്രമായ ഏലകർഷകരെ സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ഏലം, റബ്ബർ തുടങ്ങിയ തോട്ടവിളകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള കമ്മോഡിറ്റി ബോർഡുകളായ സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നിവ മുഖേനയാണ് പ്രസ്തുത വിളകൾക്കായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്പൈസസ് ബോർഡ് നടപ്പിലാക്കുന്ന സുഗന്ധവിള വികസന പദ്ധതികളെല്ലാം കൃഷിഭൂമി 8 ഹെക്ടർ വരെയുള്ള ചെറുകിട നാമമാത്ര കർഷകരെ ഉദ്ദേശിച്ചുള്ളവയാണ്.

(സി) സംസ്ഥാന വെജിറ്റബിൾ ഫാമുകളിൽ ഒരു ഏക്കറിന് ഒരു തൊഴിലാളി എന്ന അനുപാതത്തിൽ തൊഴിലാളികളെ നിയമിച്ച് പച്ചക്കറിയും മറ്റ് ഉൽപ്പന്നങ്ങളുടെ കൃഷിയും വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഓരോ ഫാമിലെയും കൃഷിഭൂമിയുടെ അടിസ്ഥാനത്തിലല്ല അവിടുത്തെ തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. അതിനാൽ ഒരു ഏക്കറിന് ഒരു തൊഴിലാളി എന്ന അനുപാതം സംസ്ഥാനത്തെ ഫാമുകളിൽ നിശ്ചയിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പച്ചക്കറി ഉൾപ്പെടെയുള്ള വിളകളുടെ കൃഷി വ്യാപനവും നടീൽ വസ്തുക്കളുടെ ഉത്പാദനവും സംസ്ഥാനത്തെ കൃഷി ഫാമുകളിൽ നടന്നുവരുന്നു.

(ഡി) കൃഷിയിടങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ചുകൊണ്ട് കൃഷിക്കാവശ്യമായ ജലം കെട്ടിനിർത്താനും ജലക്ഷാമം പരിഹരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ ?

മണ്ണ് പര്യവേഷണ - മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ നീർത്തട പദ്ധതികളിൽ ഉൾപ്പെടുന്ന നീർച്ചാലുകളുടെ 1, 2, 3-ാം നിര തോടുകളിൽ പ്രകൃതിയാൽ ലഭ്യമായ കാട്ടുകല്ലുകൾ, പാറ എന്നിവ ഉപയോഗിച്ച് ചെറിയ തടയണകൾ നിർമ്മിച്ച് കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നു. കൂടാതെ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻവഴിയും ജല സംരക്ഷണ നടപടികൾ ചെയ്തു വരുന്നുണ്ട്.

**കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾക്ക് സഹായം**

6 (1546) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായുള്ള ഏതൊക്കെ സംരംഭങ്ങൾക്കാണ് സർക്കാർ സഹായം നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യംവഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെയും നിലവിലുള്ള 50 എഫ്.പി.ഒ.-കളെയും തെരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.-കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും സഹകരണ വകുപ്പിന് സബ്സിഡി നൽകിയും നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക

വർഷത്തിൽ നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അത്തരം സംരംഭങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കാനാകുമോ; വിശദാംശങ്ങൾ നൽകാമോ?

വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഒരു ഏജൻസിയെയും ഏല്പിച്ചിട്ടില്ല. ഇത്തരം സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി.-യുടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതാണ്.

**സുഭിക്ഷ കേരളം പദ്ധതി**

7(1547) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര ഹെക്ടർ സ്ഥലത്താണ് പുതുതായി കൃഷി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 75.75 ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കർഷകർക്ക് ധനസഹായം ലഭ്യമായെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; ആയതിന്റെ കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം 227 കർഷകർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുകയുടെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | കൃഷി ഭവൻ | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | വാഴക്കുളം | 1,13,872 |
| 2 | പുത്തൻകുരിശ് | 17,500 |
| 3 | കിഴക്കമ്പലം | 2,98,000 |
| 4 | തിരുവാണിയൂർ | 2,93,000 |
| 5 | ഐക്കരനാട് | 3,36,000 |
| 6 | കുന്നത്തുനാട് | 1,82,000 |
| 7 | പുതൃക്ക | 7,85,000 |
| | **ആകെ** | **20,25,372** |

(സി) കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം എത്ര ആഴ്ച്ചചന്തകൾ ടി മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം 8 ആഴ്ച്ചചന്തകൾ ടി മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

8(1548) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ എത്ര പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിൽനിന്നും ലഭ്യമായത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്രയെണ്ണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കാൻ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

(എ-സി) പിറവം നിയോജകമണ്ഡലത്തിലെ മണീട് പഞ്ചായത്തിലെ മണീട് പുഞ്ചയുടെ പുനരുദ്ധാരണം, രാമമംഗലം പഞ്ചായത്തിലെ ശിവലിചാൽ, കിഴക്കേപുഞ്ചയുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾക്കുള്ള നിർദ്ദേശം 22-9-2021-ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിരുന്നു.

പ്രസ്തുത പ്രോജക്ടുകളുടെ ഫീസിബിലിറ്റിക്കായുള്ള സ്ഥലപരിശോധന നടന്നുവരുന്നു. പിറവം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തുകളിലെ വിടങ്ങര പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സംരക്ഷണവും ലക്ഷ്യമിട്ട് ഒരു പദ്ധതി നിർദ്ദേശം മണ്ണ് പര്യവേഷണ - മണ്ണ് സംരക്ഷണ വകുപ്പിന് നൽകിയിരുന്നു. തിരുമാറാടി ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ മണീട് പഞ്ചായത്തിലെ മണീട് പുഞ്ച, രാമമംഗലം പഞ്ചായത്തിലെ ശിവലിചാൽ എന്നീ പ്രവൃത്തികൾ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ DPR തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പദ്ധതികൾ ആർ.ഐ.ഡി.എഫ്. 27-ാം ഘട്ടത്തിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

**കാർഷിക മേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള പദ്ധതികൾ**

9(1549) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും

വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1) നെൽകൃഷി വികസന പദ്ധതി

2)പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി

3) പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി

4) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

b) സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി

c) ജില്ലാ ക്ലസ്റ്റർ വികസനം

d) ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

e) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും

f) ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

g) നഴ്സറികൾ സ്ഥാപിക്കൽ

h) ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

i) മഴമറ നിർമ്മാണം

j) സേഫ്-ടു-ഈറ്റ്

k) സുഭിക്ഷ കേരളം പദ്ധതി

l)വി.എഫ്.പി.സി.കെ. മുഖനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി

5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

6) നാളികേര വികസനം

7) സുഗന്ധവ്യഞ്ജന വികസന പദ്ധതി

8) ഹൈ ടെക് അഗ്രികൾച്ചർ

9) കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി

10) മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

11) വിള ആരോഗ്യപരിപാലനം

12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി.)

13) ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും

14) ലബോറട്ടറികളുടെ ആധുനീകരണം

15) കാർഷിക വിജ്ഞാന വ്യാപനം

16) കാർഷിക വിവരവും വിനിമയവും

17) കാർഷിക സേവന കേന്ദ്രങ്ങൾ

18) വിള ഇൻഷ്വറൻസ് പദ്ധതി

19) പ്രകൃതിക്ഷോഭവും രോഗകീടവും അഭീമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി

20) ജൈവ വൈവിദ്ധ്യ സംരക്ഷണം

21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം

22) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി

23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

25) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം

26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.)

27) കൃഷി പാഠശാല

28) പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം

29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

30) കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില

31) കർഷക ക്ഷേമനിധി ബോർഡ്.

(ബി) തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുള്ള "തരിശ് നെൽകൃഷി സുഭിക്ഷകേരളം അഡീഷണൽ അലോക്കേഷൻ" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽകൃഷിക്ക് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, "പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങുവർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) സമയത്ത് വിളവെടുക്കാൻ കഴിയാതെ വരുന്ന അവസ്ഥ ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ കാരണം വാഹനലഭ്യതയും വിപണന മാർഗ്ഗങ്ങളും കുറവായ സാഹചര്യം ഉളവായിരുന്നു. ഈ അവസ്ഥ പഴം, പച്ചക്കറി വിളവെടുപ്പിനെയും വിപണനത്തെയും ബാധിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുകയും അത് ഒഴിവാക്കുന്നതിനായി കർഷകരുടെ ഉത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയ കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി നിലവിലുള്ള 1884 വിപണന കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. സമയത്തിന് വിളവെടുക്കാൻ കഴിയാതെവരുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി മേല്പറഞ്ഞ സ്ഥാപനങ്ങൾക്കുപുറമെ, എല്ലാ നഗര പ്രദേശങ്ങളിലും നൂറ് നഗര വഴിയോര ആഴ്ചചന്തകളും, സംസ്ഥാനമൊട്ടാകെ 562 ആഴ്ചചന്തകളും സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉത്പന്നം വിളവെടുപ്പിന് പാകമാകുന്ന സമയം തന്നെ വിപണനം നടത്താനുള്ള അവസരം ഈ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ, നിലവിലുള്ള മൊത്ത വ്യാപാര വിപണികൾവഴി ഇടനിലക്കാരില്ലാതെ വിപണനം സാദ്ധ്യമാണ്. സംഭരണ, വിപണന മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കായി കണ്ടെയ്നർ മാതൃകയിലുള്ള വിപണന കേന്ദ്രങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകളും സംഭരണത്തിനായി വാഹനങ്ങളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

(ഡി) പുതിയ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന പുതിയ തലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അവശ്യം വേണ്ട ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

1. ലളിതമായ നടപടികളിലൂടെ കൃഷിക്കാർക്ക് ബാങ്ക് വായ്പ പ്രദാനം ചെയ്യുന്ന കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി

2. ഹൈ -ടെക് അഗ്രികൾച്ചർ പദ്ധതി

3. പച്ചക്കറി കൃഷി വികസന പദ്ധതി

4. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും

5. ജൈവ നിയന്ത്രണോപാധികൾ.

6. കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ

7. വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും

8. ഇന്റേൺഷിപ്പ് പരിപാടി

9. കൃഷി പാഠശാല.

(ഇ) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഫാമിലെ നിലവിലുള്ള വിളകൾക്കും ആവാസ വ്യവസ്ഥകൾക്കും കോട്ടം വരുത്താതെ കാർഷിക ഉല്പാദനവും കാർഷിക അന്തരീക്ഷവും പൊരുത്തപ്പെടുന്ന രീതിയിലാണ് കൃഷി ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പ് ഫാമുകളിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുവഴി കർഷകർക്കും പൊതുജനങ്ങൾക്കും ഫാമുകളിലെ വിളകളും കൃഷി രീതികളും പരിചയപ്പെടുന്നതിനും ഫാം ഉല്പന്നങ്ങളും നടീൽ വസ്തുക്കളും കൂടുതലായി വിറ്റഴിക്കുന്നതിനും സാധിക്കും. കേരളത്തിൽനിന്നും അന്യംനിന്നുപോകാതെ കൃഷിയും കാർഷിക സംസ്കൃതിയും നിലനിർത്താനും സാധിക്കുന്നു. സർക്കാർ കൃഷി ഫാമുകളിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>സംസ്ഥാന പച്ചക്കറിത്തോട്ടം (SVF)- വണ്ടിപ്പെരിയാർ</u> - വിനോദ സഞ്ചാരികൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർക്ക് ഫാമിലെത്തി കൃഷിരീതികൾ കണ്ടുപഠിക്കുന്നതിനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സൗകര്യമൊരുക്കുന്നതിനായി RKVY പദ്ധതിയിൽ 6 ലക്ഷം രൂപ വിനിയോഗിച്ച് വിനോദ സഞ്ചാരികൾക്കുള്ള ട്രക്കിംഗ് പാത്ത്, ലാൻഡ് സ്കേപ്പിംഗ്, ഫാം റോഡുകൾ,പൂന്തോട്ടം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഫാമിൽ ഗോൾഡൻ ജൂബിലി ഗേറ്റിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

ഓറഞ്ച് പച്ചക്കറിത്തോട്ടം (O&V Farm) - നെല്ലിയാമ്പതി - ഓറഞ്ച്, നാരകം, ശീതകാല പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷിരീതി പഠിക്കുന്നതിനും അവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനും ഫാം പ്രദേശത്തെ പ്രകൃതിരമണീയത ആസ്വദിക്കുന്നതിനും ഫാമിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നാൽപ്പതോളം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (പഴച്ചാറുകൾ, ജാം, ജെല്ലി എന്നിവ) ഫാമിൽ തയ്യാറാക്കി ബ്രാൻഡഡ് ഉൽപ്പന്നങ്ങളായി വിൽക്കുന്നുണ്ട്.

ജില്ലാകൃഷിത്തോട്ടം (DAF) നേര്യമംഗലം - ഫാം ടൂറിസവുമായി ബന്ധപ്പെട്ട് RKVY പദ്ധതിയിൽ 50 കോടി രൂപയുടെ പ്രവർത്തനങ്ങൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. മത്സ്യക്കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, കുളങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, വിൽപ്പന ഗ്യാലറികൾ, ഗസ്റ്റ് ഹൗസ് എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

ജില്ലാകൃഷിത്തോട്ടം (DAF) അഞ്ചൽ - കൊല്ലം ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി ശലഭങ്ങളെ ആകർഷിക്കുന്നതിനായി ബട്ടർഫ്ലൈ പാർക്ക് സജ്ജീകരിച്ചുവരുന്നു. ഫാമിന്റെ മനോഹാരിത വർദ്ധിപ്പിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടീൽ വസ്തുക്കളും മറ്റ് ഫാം ഉൽപ്പന്നങ്ങളും കൂടുതൽ വിറ്റഴിക്കുന്നതിനും ഇതുവഴി സാദ്ധ്യമാകും.

സംസ്ഥാന വിത്തുൽപാദന കേന്ദ്രം (SSF) ആലുവ - വിവിധയിനം പരമ്പരാഗത നെല്ലിനങ്ങളുടെ ജൈവ കൃഷി രീതി, (നിലം ഒരുക്കൽ മുതൽ വിളവെടുപ്പ് വരെയും) സംയോജിത കൃഷി രീതികൾ പഠിക്കുന്നതിനും ഫാമിന്റെ പ്രകൃതിരമണീയത ആസ്വദിക്കുന്നതിനും ആളുകൾ എത്തുന്നുണ്ട്. ഫാമിന്റെ സമീപമുള്ള പുഴയ്ക്കുകുറുകെ തൂക്കുപാലം, പുഴയോര സംരക്ഷണം, ബോട്ട് ജെട്ടി, ഫാം റോഡ് എന്നിവയുടെ നിർമ്മാണത്തിനായി RIDF-ൽ 2.3 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരിക്കുകയാണ്.

ജില്ലാകൃഷിത്തോട്ടം (DAF) കൂത്താളി - ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുട്ടികളുടെ പാർക്ക് നിലവിലുണ്ട്. നടപ്പാതയുടെ നിർമ്മാണം, ഫാം മോടി പിടിപ്പിക്കൽ എന്നിവ പൂർത്തിയായി. മേൽപ്പറഞ്ഞ ഫാമുകൾക്കുപുറമെ ജില്ലാകൃഷിത്തോട്ടം പെരിങ്ങമല, ബനാന നഴ്സറി പെരിങ്ങമല, ജില്ലാകൃഷിത്തോട്ടം കോഴ, ജില്ലാകൃഷിത്തോട്ടം അരീക്കഴ, വിത്തുകൃഷിത്തോട്ടം

(SGC) മുണ്ടേരി, ജില്ലാകൃഷിത്തോട്ടം തളിപ്പറമ്പ് മുതലായ ഫാമുകളിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഏറെ സാധ്യതകളുണ്ട്. അതിനായി നടപടികളെടുക്കുന്നതാണ്. സ്ഥലസൗകര്യമുള്ള ഫാമുകളിൽ 'മിയാവാക്കി' ഹരിതവനങ്ങൾ, വിളമ്യൂസിയം, ഏറുമാടം, സൈക്കിൾപാത, ട്രക്കിംഗ് പാത എന്നിവ സ്ഥാപിക്കുന്നത് വിനോദസഞ്ചാരികളെ ആകർഷിക്കും. ആധുനിക കാർഷികോപകരണങ്ങൾ പരിചയപ്പെടുന്നതിനുള്ള സൗകര്യം, 'ഫാം ഫ്രഷ്' ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മുട്ട, പാൽ, തേൻ, മത്സ്യം എന്നിവയും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വാങ്ങാനുള്ള സൗകര്യം, അലങ്കാര സസ്യങ്ങൾ, ഔഷധത്തോട്ടം, പോഷകത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലാൻഡ്സ്കേപ്പിംഗ്, നഴ്സറി ടെക്നിക്കുകൾ (ഗ്രാഫ്റ്റിംഗ്, മുകുളനം, പതിവയ്ക്കൽ) എന്നിവ പഠിക്കാനുള്ള അവസരമൊരുക്കൽ എന്നിവ ഫാമുകളിൽ നടപ്പിലാക്കാൻ സാധിക്കും. ഇപ്രകാരം ഫാമിന്റെ ഭൂമിയിൽനിന്നും ഒന്നും മാറ്റാതെ തന്നെ ഉള്ളതിനെ ഒരുക്കിക്കൊടുക്കുന്നതിലൂടെ ഫാം ടൂറിസം വിജയകരമായി നടപ്പിലാക്കാൻ സാധിക്കും.

## കാർഷികമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതികൾ

10 (1550) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭാവിയിൽ കേരളത്തെ കാർഷിക സമ്പുഷ്ടമാക്കുന്നതിനും തരിശുനിലങ്ങൾ കൂടുതൽ കൃഷിയോഗ്യമാക്കി സ്വയംപര്യാപ്തത നേടുന്നതിനും എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കാർഷിക രംഗത്തെ സാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. 2021-22 സാമ്പത്തിക വർഷം കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- നെൽകൃഷി വികസന പദ്ധതി
- പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി
- പച്ചക്കറി കൃഷി വികസന പദ്ധതി
- കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം
- നാളികേര വികസന പദ്ധതി
- സുഗന്ധ വിള വികസന പദ്ധതി
- ഹൈടെക് അഗ്രികൾച്ചർ
- പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി
- കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി
- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉത്പാദന ക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതി

- വിള ആരോഗ്യ പരിപാലന പദ്ധതി
- ജൈവകൃഷിയും ഉത്തമ കൃഷിമുറകളും
- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും
- ലബോറട്ടറികളുടെ ആധുനീകരണം.
- കാർഷിക വിജ്ഞാനവ്യാപനം
- കാർഷിക വിവരവും വിനിമയവും കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും
- വിള ഇൻഷ്വറൻസ് പദ്ധതി
- പ്രകൃതിക്ഷോഭങ്ങളും കീടരോഗങ്ങളും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി
- ജൈവ വൈവിധ്യ സംരക്ഷണത്തിനും പരമ്പരാഗത വിള ഇനങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി
- കാർഷിക വിളകളുടെ വിപണി വികസനം
- വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി
- കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും
- വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം
- ബയോഗ്യാസ് പ്ലാന്റുകൾക്ക് അധികധനസഹായം സ്ഥാപിക്കൽ
- ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.)
- കൃഷി പാഠശാല പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനസ്ഥാപനം
- കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി
- കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില - കർഷക ക്ഷേമഫണ്ട് ബോർഡ് കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് കഴിഞ്ഞ വർഷം പദ്ധതി നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം

തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറി കൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുള്ള "തരിശ് നെൽകൃഷി - സുഭിക്ഷകേരളം അഡീഷണൽ അലോക്കേഷൻ" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽകൃഷിക്ക് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. "പയർവർഗ്ഗ, കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങുവർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നു. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40,000 രൂപയാണ് ധനസഹായം നൽകുന്നത്. ഇതിൽ ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3,000 രൂപയും കൃഷിചെയ്യുന്ന കർഷകന് 37,000 രൂപയുമാണ് ധനസഹായം നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

11(1551) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി പ്രസ്തുത നിയോജകമണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന കിണർ, കിണർ റീചാർജ്ജിംഗ്, ജലസേചന പമ്പ് സെറ്റ് എന്നിവ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു. PMKSY- പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന – സൂക്ഷ്മ ജലസേചനം മുഖേന ജല ഉപയോഗം കുറച്ച് വിളവ് വർദ്ധിപ്പിക്കാനുതകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ കടാശ്വാസ പദ്ധതി**

12 (1552) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ ഇനിയും തുക കൊടുത്തുതീർക്കാനുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ നടത്തുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇപ്രകാരം സഹകരണ സംഘം രജിസ്ട്രാർ പരിശോധന നടത്തി ലഭ്യമാക്കിയ തുകയിന്മേൽ കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 105,03,45,780 രൂപ അനുവദിക്കേണ്ടതായിട്ടുണ്ട്.

(ബി) കടക്കെണിയിലായ കർഷകരിൽനിന്നും നിലവിൽ പുതിയ അപേക്ഷകൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 31-3-2020-ൽ അവസാനിച്ചിരുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണംമൂലം സിറ്റിംഗ് നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ നിലവിൽ കടാശ്വാസ കമ്മീഷനിൽ 86845 അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കടാശ്വാസ കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) പ്രളയവും കോവിഡുംമൂലം പ്രതിസന്ധിയിലായ കർഷകർക്ക് കടാശ്വാസം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. കൂടാതെ പരമാവധി കടാശ്വാസ തുക ഒരുലക്ഷം രൂപയിൽ നിന്നും രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവയ്ക്കേണ്ടി വന്ന കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് നടപടികൾ ഈ വർഷം ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ അവാർഡുകളിന്മേലുള്ള വെരിഫിക്കേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത

13(1553) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കാമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവന ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവന ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു:

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
3. ജില്ലാ ക്ലസ്റ്റർ വികസനം
4. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം
8. നഴ്സറികൾ സ്ഥാപിക്കൽ
9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10. മഴമറ നിർമ്മാണം

11. സേഫ്-ടു-ഈറ്റ്

12. സുഭിക്ഷ കേരളം പദ്ധതി

13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്റെ ഭാഗമായി സേഫ്-ടു-ഈറ്റ് എന്ന പദ്ധതി പ്രകാരം മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ചുവരുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായി ആയത് ഉൾപ്പെടുത്തി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ മാർക്കറ്റുകളിൽനിന്നും കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിക്കുകയും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

## സ്മാം പദ്ധതി

14 (1554) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണ്?

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം (Sub-Mission on Agricultural Mechanization) പദ്ധതിയിലൂടെ പ്രധാനമായും മൂന്നുതരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നത്.

i. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. - ചെറുകിട നാമമാത്ര കർഷകർ, പട്ടികജാതി - പട്ടികവർഗ്ഗ കർഷകർ, വനിതകൾ എന്നിവർക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റ് കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർ, പട്ടികജാതി-പട്ടിക വർഗ്ഗ കർഷകർ, വനിതകൾ എന്നിവർക്ക് 50 മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും സബ്സിഡി നൽകുന്നു.

ii. വ്യക്തികൾക്കും കാർഷിക സ്വയം സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (Custom Hiring Centre) സ്ഥാപിക്കുന്നതിന് 60 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

iii. കാർഷിക യന്ത്രവൽക്കരണം കുറവായ തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ (Farm Machinery Bank) സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു.

(ബി) ആർക്കൊക്കെയാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക എന്ന് വ്യക്തമാക്കുമോ?

വ്യക്തിഗത ഗുണഭോക്താക്കൾ, ഗ്രാമീണ സംരംഭകർ, രജിസ്റ്റേർഡ് കർഷക ഗ്രൂപ്പുകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ വിവിധ ഘടകങ്ങളിലായി ലഭ്യമാണ്.

(സി) ഇതിനായി എന്തൊക്കെ രേഖകളാണ് കർഷകർ ഹാജരാക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വ്യക്തിഗത കർഷകർ മൊബൈൽ നമ്പർ, ആധാർ കാർഡ്, ഫോട്ടോ, വസ്തുവിന്റെ കരം തീർത്ത രസീത്/കൈവശാവകാശ രേഖ, ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ എന്നിവയും ഗ്രൂപ്പുകൾ പാൻ കാർഡ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ വിശദവിവരങ്ങൾ എന്നിവയും ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടത്.

**സുഭിക്ഷ കേരളം സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി**

15 (1555) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സുഭിക്ഷ കേരളം സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി കൈവരിച്ച നേട്ടം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരുകോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക, കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക എന്നിവയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ ഉല്പാദന വർദ്ധനവ് എത്ര; ഉല്പാദന വർദ്ധനവ് വിലയിടിവിന് കാരണമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉൽപ്പന്നങ്ങൾക്ക് പ്രഖ്യാപിത ന്യായവില ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തിയെന്തെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആകെ 22,847 ഹെക്ടർ തരിശുനിലം അധികമായി കൃഷി ആരംഭിക്കുകയും 256178 ടൺ അധികം ഉല്പാദിപ്പിക്കാനും സാധിച്ചു.

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്ക് താഴെപ്പറയും വിധം അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുന്നു. ഇതുവരെ 62466 കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയുണ്ടായി. 2021-22 വർഷത്തിൽ 4215 കർഷകർക്ക് 3.29 കോടി രൂപ നൽകിയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾവഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് കൃഷി വകുപ്പ് നേതൃത്വം നൽകുകയും ചെയ്യുന്നു. പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., വാഴക്കുളം പൈനാപ്പിൾ പ്രോസസ്സിംഗ് സെന്റർ സംസ്ഥാന മൊത്ത വ്യാപാര മാർക്കറ്റുകൾ മുഖേന പൈനാപ്പിൾ സംഭരിച്ചു വരുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി.വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യംവഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെയും 50 നിലവിലുള്ള എഫ്.പി.ഒ.-കളെയും തെരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 15 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. (നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്.

നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

**സമഗ്ര കാർഷിക വികസന പദ്ധതി**

16 (1556) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖാന്തരം നബാർഡ് ആർ.ഐ.ഡി.എഫ്.- XXVI ട്രാഞ്ചെയിൽ ഉൾപ്പെടുത്തി 14-10-2020-ലെ സർക്കാർ ഉത്തരവ് (ആർ.ടി)നം.849/2020/കൃഷി പ്രകാരം ആലത്തൂർ നിയോജകമണ്ഡലം സമഗ്ര കാർഷിക വികസന പദ്ധതി "നിറ"യിൽ ഉൾപ്പെടുത്തി 19.23 കോടി രൂപയുടെ ജലസേചന-ജല നിർഗ്ഗമന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി ലഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. സമഗ്ര കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെട്ട ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ശേഷിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധന നടന്നുവരുന്നു. സാങ്കേതികാനുമതി നൽകി ബാക്കി പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

17(1557) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയങ്ങളും കോവിഡും കാരണം വരുമാനം നിലച്ച് കടക്കെണിയിൽ ആയ കർഷകർക്ക് ആശ്വാസമേകുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പ ഉൾപ്പെടെ എല്ലാത്തരം കാർഷിക ലോണുകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യപ്രകാരം 2020 മാർച്ച് 1-നും 2020 മേയ് 31-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31-നുമുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. മൊറട്ടോറിയം തുടർന്ന് 2020 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരുന്നു. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഇതേ ആനുകൂല്യം 2021 മാർച്ച് 1 മുതൽ 2021 ജൂൺ 30 വരെ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് അനുവദിച്ച് നൽകി. പ്രസ്തുത മൊറട്ടോറിയം കാലയളവ് ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കാൻ കേന്ദ്ര സർക്കാരിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) നിലവിൽ എത്ര അപേക്ഷകൾ കമ്മീഷനിൽ തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ; ആയത് അടിയന്തരമായി തീർപ്പാക്കുന്നതിനും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

(ബി&സി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 31-3-2020-ൽ അവസാനിച്ചിരുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണുംമൂലം സിറ്റിംഗ് നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ നിലവിൽ കടാശ്വാസ കമ്മീഷനിൽ 86845 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്താമോയെന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

**സുഭിക്ഷകേരളം പദ്ധതി**

18(1558) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഒരുകോടി ഫലവൃക്ഷ തൈകൾ സർക്കാരിന് ഉല്പാദിപ്പിച്ച് നൽകാമെന്ന് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ വാഗ്ദാനം ചെയ്തതിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഇല്ല.

**കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില**

19 (1559) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കാർഷിക ഉൽപ്പന്നങ്ങൾക്കാണ് താങ്ങുവില ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി പ്രകാരം കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്.

മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) കാർഷിക മേഖലയ്ക്ക് കരുത്ത് പകരാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കാർഷിക മേഖലയ്ക്ക് കരുത്ത് പകരാൻ താഴെപ്പറയുന്ന പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു.

1. നെൽകൃഷി വികസന പദ്ധതി

2.പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി

3. പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി

4. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

5. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം.

6.നാളികേര വികസനം

7. സുഗന്ധവ്യഞ്ജന വികസന പദ്ധതി

8. ഹൈ ടെക് അഗ്രികൾച്ചർ

9. കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി

10. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

11. വിള ആരോഗ്യപരിപാലനം

12. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി.)

13. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും.

14. ലബോറട്ടറികളുടെ ആധുനീകരണം

15. കാർഷിക വിജ്ഞാന വ്യാപനം

16. കാർഷിക വിവരവും വിനിമയവും.

17. കാർഷിക സേവന കേന്ദ്രങ്ങൾ

18. വിള ഇൻഷ്വറൻസ് പദ്ധതി

19. പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി

20. ജൈവ വൈവിദ്ധ്യ സംരക്ഷണം

21. കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം

22. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി

23. കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

24. വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

25. ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം

26. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.)

27. കൃഷി പാഠശാല

28. പുനർജ്ജനി- പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം

29. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

30. കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില

31. കർഷകക്ഷേമ ഫണ്ട് ബോർഡ്

**കൃഷി വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

20(1560) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കൃഷി വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു*.

(ബി) 2021-2022 സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ഗ്രീൻ ആർമിയിൽപ്പെട്ട ടെക്നീഷ്യന്മാരുടെ ആനുകൂല്യങ്ങൾ

21(1561) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രോ-സർവ്വീസ് സെന്ററുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രീൻ ആർമിയിൽപ്പെട്ട ടെക്നീഷ്യന്മാരുടെ പി.എഫ്., ഇ.എസ്.ഐ എന്നീ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം വിനിയോഗിക്കുമ്പോൾ ലഭ്യമാകുന്ന തുകയാണ് അഗ്രോ സർവ്വീസ് സെന്ററുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടെക്നീഷ്യന്മാർക്ക് വേതനമായി നൽകിവരുന്നത്. ഇ.പി.എഫ്. ബാധകമാക്കുമ്പോൾ എംപ്ലോയർ-എംപ്ലോയി വിഹിതം നൽകേണ്ടതായുണ്ട്. അഗ്രോസർവ്വീസ് സെന്ററിലെ ടെക്നീഷ്യന്മാർക്ക് വേതനം നൽകുന്നതിന് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമല്ലാത്തതിനാലും വർഷത്തിൽ ഉടനീളം പ്രവൃത്തിദിനങ്ങൾ ഇല്ലാത്തതിനാലും ഇവരെ ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) എറണാകുളം ജില്ലയിലെ ഏക മാതൃക കാർഷിക സേവന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്താൻ പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് മോഡൽ അഗ്രോ സർവ്വീസ് സെന്ററിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് സുസ്ഥിരമായി തൊഴിൽ നൽകുന്നതിന് വാർഷിക ബിസിനസ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂത്താട്ടുകുളത്ത് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്ററിന് കൈമാറിയിട്ടുള്ള സ്ഥലത്ത് MLA ഫണ്ട്, കൃഷി വകുപ്പ് ഫണ്ട്, അഗ്രോ സർവ്വീസ് സെന്റർ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് ഹൈടെക് നഴ്സറി കം ഓർഗാനിക് വെജിറ്റബിൾ സെയിൽസ് ഔട്ട്‌ലെറ്റ് തുടങ്ങുന്നതിനുള്ള ശ്രമം ആരംഭിച്ചു. പച്ചക്കറി തൈകളും മറ്റു നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കാനും സൂക്ഷിക്കാനുമുള്ള ഒരു വലിയ മഴ മറയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്നതിന് നടപടി

22(1562) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കേരളത്തിലെ എല്ലാ കൃഷി ഭവനുകളും ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷി ഭവനുകൾ ആക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നു. ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായി കഴിഞ്ഞു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥലം ഉള്ളതുമായ 14 കൃഷിഭവനുകൾ കണ്ടെത്തി അവിടെ ആധുനിക കെട്ടിടങ്ങൾ നിർമ്മിച്ച് സ്മാർട്ട് കൃഷി ഭവനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പുരോഗമിച്ചുവരുന്നു.

(ബി) പിറവം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് ഇതിനായി തെരഞ്ഞെടുത്തത്; വിശദമാക്കാമോ?

ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 14 കൃഷി ഭവനുകൾ കണ്ടെത്തി സ്മാർട്ട് കൃഷിഭവൻ ആരംഭിക്കാനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കൃഷി ഭവനുകളെ തെരഞ്ഞെടുക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്. പിറവം നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിൽ സ്മാർട്ട് കൃഷി ഭവനാക്കാൻ പര്യാപ്തമായ കൃഷി ഭവനെ തെരഞ്ഞെടുക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു.

(സി) തെരഞ്ഞെടുത്ത കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്ന കൃഷി ഭവനുകളുടെ ആദ്യഘട്ട തെരെഞ്ഞെടുപ്പ് അന്തിമ ഘട്ടത്തിലാണ്.

## വിഷരഹിത പച്ചക്കറി കൃഷി

23(1563) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി - ടി പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതികളിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. ജൈവ ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു.

2) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതി-കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 അനുപാതത്തിൽ ഫണ്ട് അനുവദിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കറ്റും നൽകുന്നു.

3) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി-ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ടി പദ്ധതി മൂന്ന് വർഷം കൊണ്ടാണ് നടപ്പിലാക്കുന്നത്. ജൈവ കൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല, മൃഗപരിപാലനം, ക്ഷീരോൽപ്പാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിചേർന്നൊരു സമഗ്രസമീപനമാണിത്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ

ജൈവവൈവിദ്ധ്യവുംകൂടി ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് ഓർഗാനിക് മിഷൻ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) നിലവിൽ എത്ര ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2020-21 വർഷത്തിൽ സംസ്ഥാനത്ത് 1.02 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പാക്കിയതിലൂടെ 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. 2021-22 വർഷത്തിൽ 1.22 ലക്ഷം ഹെക്ടറിൽനിന്നും 18.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനം പ്രതീക്ഷിക്കുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം

24(1564) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയുടെ അനുകൂല്യം എത്ര കർഷകർക്ക് ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം 2015-16 മുതൽ നാളിതുവരെ 143655 കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പൊക്കാളി നെൽകർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയുടെ അനുകൂല്യത്തിന് അർഹതയുണ്ടോ; ഇതുസംബന്ധിച്ച് നെൽകർഷകരിൽ ബോധവൽക്കരണം നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ?

പൊക്കാളി നെൽകർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. ഞാറ് നട്ട് അല്ലെങ്കിൽ വിത്ത് വിതച്ച് 15 ദിവസംകഴിഞ്ഞ് 45 ദിവസംവരെ പ്രായമായ നെല്ലിന് 25 സെന്റിന്, 25 രൂപ (സെന്റിന് ഒരു രൂപ) നിരക്കിൽ പ്രീമിയം ഒടുക്കി അംഗമാകുന്ന എല്ലാ നെൽകർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. ഇതുസംബന്ധിച്ച് കൃഷി ഭവൻ തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇക്കൊല്ലവും 2021 ജൂലൈ മാസം 1-ാം തീയതി വിള ഇൻഷ്വറൻസ് ദിനാചരണം നടത്തുകയും തുടർന്നുള്ള 2 ആഴ്ചക്കാലം വിള ഇൻഷ്വറൻസ് പക്ഷാചരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് കർഷകർക്ക് ഓൺലൈൻ പരിശീലന പരിപാടികളും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയ, ദൃശ്യമാധ്യമങ്ങൾ എന്നിവയിലൂടെ പദ്ധതി വിശദാംശങ്ങളുടെ പ്രചാരണം നടത്തിയിട്ടുണ്ട്. കൂടാതെ

ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന വിള ഇൻഷ്വറൻസ് സംബന്ധിച്ച ബുക്ക്‌ലെറ്റ്, ലീഫ്‌ലെറ്റ് എന്നിവ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു.

(സി) മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിൽ വിള ഇൻഷ്വറൻസിന് അർഹരായ കർഷകർക്ക് 2018, 2019, 2020 വർഷങ്ങളിൽ ലഭിക്കേണ്ട കുടിശ്ശിക തുക എത്രയെന്നും ആയത് എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ കർഷകർക്ക് ഇൻഷ്വറൻസ് ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും നൽകിയിട്ടുണ്ട്. 2020-21 വർഷത്തിലെ കുടിശ്ശിക തുകയായ 54.19 ലക്ഷം രൂപ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി**

25 (1565) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, കണ്ണപുരം, ചെറുകുന്ന്, പട്ടുവം പഞ്ചായത്തുകളിൽ കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കൈപ്പാട് കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കൈപ്പാട് ഏരിയ ഡെവലപ്മെൻറ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, കണ്ണപുരം, ചെറുകുന്ന്, പട്ടുവം എന്നീ പഞ്ചായത്തുകളിൽ കൂടുതൽ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നിലം ഒരുക്കുന്നതിനായി (കാട് വെട്ടിത്തെളിക്കൽ) ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഹെക്ടറിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ സഹായം നൽകിക്കൊണ്ട്, കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകരുടെ സ്വന്തം കൈവശ ഭൂമികളിലാണെങ്കിലും കൈപ്പാട് കൃഷിക്കായി കണ്ടൽക്കാടുകൾ നീക്കം ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. നവീന രീതിയിൽ രൂപകൽപന ചെയ്ത മെഷീനുകൾ വാങ്ങുക, അഞ്ച് ഹെക്ടർ സ്ഥലത്ത് വിത്ത് ഉത്പാദനം നടത്തുക, കർഷകരിൽനിന്നും വിത്തുകൾ ശേഖരിക്കുക, ശേഖരിക്കപ്പെട്ട വിത്തുകളും നെല്ലും സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, G.I. ബ്രാൻഡുള്ള കൈപ്പാട് അരിയുടെ മാർക്കറ്റിംഗ് ശക്തിപ്പെടുത്തുക, കളനശീകരണം, മറ്റ് അപ്രതീക്ഷിതമായ ചെലവുകൾ എന്നീ

ഘടകങ്ങൾക്കായി "സമഗ്രനെൽകൃഷി വികസന പദ്ധതിയുടെ" ഭാഗമായി കൈപ്പാട് നെൽകൃഷി വികസനത്തിന് മാത്രമായി 41.5767 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കൈപ്പാട് റിസർച്ച് & ഡെവലപ്മെന്റ് സെന്റർ എന്ന ഒരു ഗവേഷണ പരിശീലന കേന്ദ്രവും കല്ല്യാശ്ശേരി മണ്ഡലത്തിൽ തുടങ്ങുന്നതിനുള്ള ഭരണാനുമതി 9-1-2020-ലെ ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പിന്റെ സ.ഉ. (സാധാ) നം. 19/2020 / P&EA നമ്പർ ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്.

## നെൽകൃഷിയുടെ വ്യാപ്തി കൂട്ടുന്നതിനായി നടത്തിയ ഇടപെടലുകൾ

26(1566) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നെൽകൃഷിയുടെ വ്യാപ്തി കൂട്ടുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു*.

## സംസ്ഥാനത്തെ നെല്ലുല്പാദനം

27(1567) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നെൽകൃഷി സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണെന്നും 2015 മുതൽ സംസ്ഥാനത്തെ നെൽവയൽ കൃഷിയുടെയും കരനെൽകൃഷിയുടെയും വിസ്തൃതി എത്രയെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിന്റെ ആകെ വിള വിസ്തീർണ്ണം 26,24,624 ഹെക്ടർ ആണ്. ഇതിൽ 85% ദീർഘകാല വിളകളാണ്. 15% മാത്രമാണ് ഭക്ഷ്യവിളകൾക്കായി ഉപയോഗിക്കുന്നത്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ നിലവിൽ 1,98,180 ഹെക്ടറിൽ നെൽകൃഷിയുണ്ട്. ആയത് ആകെയുള്ള വിള വിസ്തൃതിയുടെ 7.5507 ശതമാനമാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെൽവയൽ കൃഷിയുടെയും കരനെൽ കൃഷിയുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) നെൽകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആയതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു*.

## നെൽകൃഷിക്ക് പ്രോത്സാഹനം

28(1568) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ നെൽവയലുകളെയാണ് സംരക്ഷിത നെൽ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം നെൽവയൽ എന്നാൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിക്ക് അനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നതുമായ എല്ലാത്തരം നിലവും അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും ജലനിർഗ്ഗമന ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നു. ഇത്തരം പ്രദേശങ്ങൾ പ്രസ്തുത നിയമത്തിന്റെ സംരക്ഷണ പരിധിയിൽവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നെൽകൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ തോതിൽ ഉപയോഗിക്കാൻ നടപടികൾ ഉണ്ടാകുമോ?

കർഷകർക്ക് നെൽകൃഷി ലാഭകരമാകാൻ നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം നെൽകൃഷിയുടെ ഉത്പാദനച്ചെലവും കുറയ്ക്കേണ്ടതുണ്ട്. നെൽകൃഷിയിൽ കർഷകർക്ക് ഏറ്റവുംകൂടുതൽ ചെലവ് വരുന്നത് നിലമൊരുക്കൽ, കള പറിക്കൽ മുതലായ കാർഷിക പ്രവൃത്തികൾക്കാണ്. ജനകീയാസൂത്രണ പദ്ധതിയിൽ ഉഴവുകൂലിയിനത്തിൽ ഒരു ഹെക്ടറിന് 17,000 രൂപയുടെ ആനുകൂല്യം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് നെൽകർഷകർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. ഇത്തരം കാർഷിക പ്രവൃത്തികൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ കർഷകർക്ക് അത് ഏറെ പ്രയോജനകരമാകും. ഇത്തരത്തിൽ നെൽകൃഷിയിലെ വിവിധ പ്രവർത്തനങ്ങൾ MNREGS പദ്ധതിയുമായി സംയോജിപ്പിച്ച് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

## കുറ്റ്യാടിയിലെ നെൽകൃഷി

29(1569) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നെല്ലുൽപ്പാദന കേന്ദ്രമായ കുറ്റ്യാടിയിൽ എത്ര വിസ്തൃതിയുള്ള കൃഷി സ്ഥലം നെൽകൃഷിക്ക് അനുയോജ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട നെല്ലുല്പാദക കേന്ദ്രമായ കുറ്റ്യാടിയിൽ 885 ഹെക്ടർ വിസ്തൃതിയിൽ കൃഷിസ്ഥലം നെൽകൃഷിക്ക് അനുയോജ്യമായിട്ടുണ്ട്.

(ബി) കുറ്റ്യാടി മണ്ഡലത്തിലെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളെ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് ഇനംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളെ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. പുറമേരി പഞ്ചായത്തിലെ ജലനിർഗ്ഗമനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി 200 മീറ്റർ ജലസേചന കനാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

നിർമ്മിക്കുന്നതിനും ആയത് നടപ്പിലായാൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് പെരുമുണ്ടശ്ശേരി പാടശേഖരത്തിൽ 5 ഹെക്ടർ തരിശ് നിലത്ത് നെൽകൃഷി നടപ്പിലാക്കുന്നതിനും സാധിക്കുന്നതാണ്.

2. വേളം പഞ്ചായത്ത്: 2021-22 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 100 ഹെക്ടർ തരിശ് നിലത്ത് കൃഷിയിറക്കുന്നുണ്ട്. കൂടാതെ സുഭിക്ഷകേരളം പദ്ധതി പ്രകാരം 6 ഹെക്ടർ സ്ഥലത്ത് 2,40,000 (രണ്ടുലക്ഷത്തി നാൽപ്പതിനായിരം രൂപ) വകയിരുത്തി തരിശ് നെൽകൃഷി നടപ്പിലാക്കിവരുന്നു.

3. അട്ടശല്യം രൂക്ഷമായ പാവുള്ളാട്ട്, ചെറിയാണ്ടി, കുന്നുമ്മൽ, പെരുവയൽ എന്നീ പാടശേഖരങ്ങളിൽ ഉൾപ്പെട്ട 90 ഹെക്ടർ സ്ഥലത്തെ അട്ടശല്യം പ്രതിരോധിക്കുന്നതിന് കുമ്മായം, തുരിശ് എന്നിവ വിതരണം ചെയ്യുന്നതിന് 9 ലക്ഷം രൂപ Contingency programme to meet natural calamities and pest and disease endemic പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ 100 ഹെക്ടർ നിലം കൃഷി യോഗ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

4. മണിയൂർ പഞ്ചായത്ത്: ചെരണ്ടത്തൂർ ചിറയിൽ പൂളക്കടവ് മുതൽ വടക്ക് 600 മീറ്റർ നീളത്തിൽ നടുതോടിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിലൂടെ 60 ഹെക്ടർ തരിശ് ഭൂമി കൃഷി യോഗ്യമാക്കാൻ സാധിക്കുന്നതാണ്.

5. ആയഞ്ചേരി പഞ്ചായത്ത്: തുലാറ്റ് നടത്തോട് പുനരുദ്ധരിക്കുകയും ജല ക്രമീകരണത്തിനായി വി.സി.ബി.-കളും കൈത്തോടുകളും നിർമ്മിച്ച് പാടശേഖരങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തിയാൽ 80 ഹെക്ടർ തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

**നാളികേര വികസന പദ്ധതികൾ**

30(1570) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വികസന പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ അനിവാര്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന

പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. വിവിധ കേര വികസന പദ്ധതികൾക്കായി 7,547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

i. നാളികേര കർഷകർക്കായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കേരഗ്രാമം പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശം കേരഗ്രാമമായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം പദ്ധതി നടപ്പിലാക്കാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ നടപ്പുവർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

ii. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വിസ്തൃതിയിൽ മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iii. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം വരെയെന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iv. നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീട രോഗബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം

സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മരുന്നുതളി കൂലിച്ചെലവും മരുന്നുവിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം ഒരു ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

v. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തെരഞ്ഞെടുക്കാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുമായി 10,000 രൂപ നിരക്കിൽ 7 ശില്പശാലകൾക്കായി 0.7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000 രൂപയും പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) നാളികേര കർഷകരെ സഹായിക്കുന്നതിന് പച്ചത്തേങ്ങ സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കേരളത്തിലെ കേര കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് സംസ്ഥാന സർക്കാർ പച്ചത്തേങ്ങയുടെ സംഭരണ വില 25-2-2021-ലെ സ.ഉ.(കൈ) നം.38/2021/കൃഷി പ്രകാരം 2021 ഏപ്രിൽ 1 മുതൽ 32 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിന് കേരഫെഡ്ഡിനെയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി പച്ചത്തേങ്ങയുടെ കമ്പോള വില സംഭരണ വിലയേക്കാൾ കൂടുതലായതിനാൽ 2017-നുശേഷം പച്ചത്തേങ്ങ സംഭരണം നടത്തിയിട്ടില്ല. എന്നാൽ ഇപ്പോൾ പല ജില്ലകളിലും തേങ്ങയുടെ വില കുറഞ്ഞതായി DES (Directorate of Economics and Statistics)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പച്ചത്തേങ്ങയുടെ കമ്പോള വില സംഭരണ വിലയേക്കാൾ കുറയുന്ന സാഹചര്യത്തിലും സംഭരണ നടപടികൾ പുനരാരംഭിക്കുന്നതിന് കേരഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലാണ് സംഭരണം ആരംഭിക്കുന്നത്. മലപ്പുറം ജില്ലയിൽ പൊന്നാനി, വെളിയംകോട് പഞ്ചായത്തിലെ

കോക്കനട്ട് പ്രൊഡ്യൂസ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കേരഫെഡ്ഡിന്റെ റീജിയണൽ ഓഫീസ്, തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പഞ്ചായത്തിലെ കേരഫെഡ് സ്റ്റോക്ക് പോയിന്റിലുമാണ് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുള്ളത്. പച്ചത്തേങ്ങയുടെ കമ്പോള വില സംഭരണ വിലയെക്കാൾ കുറഞ്ഞ കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പച്ചത്തേങ്ങ കർഷകരിൽനിന്നും സംഭരിച്ചുവരുന്നു.

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രധാന കൃഷിയായ തെങ്ങ് കൃഷിയെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരഗ്രാമം പദ്ധതി അനുവദിക്കുമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ കുന്നോത്ത് പറമ്പ് പഞ്ചായത്തിൽ 2014-15, 15-16 വർഷത്തിലും കൂത്തുപറമ്പ് പഞ്ചായത്തിൽ 2017-18 വർഷത്തിലും തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ 2018-19 വർഷത്തിലും പാനൂർ മുനിസിപ്പാലിറ്റിയിൽ 2019-20 വർഷത്തിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാനൂർ മുനിസിപ്പാലിറ്റിയിലെ കേരഗ്രാമത്തിന്റെ 3-ാം കൊല്ല പ്രവർത്തനങ്ങൾ 2021-22 വർഷം തുടർന്നുവരികയാണ്.

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിൽ തെങ്ങ് കൃഷി മേഖലയെ ആധുനിക വൽക്കരിക്കുന്നതിന് സഹായകരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരവികസനത്തിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

i. നാളികേര കർഷകർക്കായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കേരഗ്രാമം പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശം കേരഗ്രാമമായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം പദ്ധതി നടപ്പിലാക്കാനായി 4,856 ലക്ഷം രൂപ ബഡ്ജറ്റിൽ നടപ്പുവർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

ii. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വിസ്തൃതിയിൽ മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iii. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം വരെ എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iv. നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീട രോഗബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മരുന്നുതളി കൂലിച്ചെലവും മരുന്നുവിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം ഒരു ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

v. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തെരഞ്ഞെടുക്കാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുമായി 10,000 രൂപ നിരക്കിൽ 7 ശില്പശാലകൾക്കായി 0.7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000

രൂപയും പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

**തെങ്ങ് കൃഷിയുടെ വിസ്തൃതിയും നാളികേര ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് നടപടി**

31 (1571) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി നിലവിൽ എത്ര ഹെക്ടറിൽ ഉണ്ടെന്നും ഇത് സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2019-20-ൽ 7,60,775 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷി നിലവിലുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയായ 2571100.75 ഹെക്ടറിന്റെ 29.59%-മാണ് തെങ്ങ് കൃഷിയുള്ളത്.

(ബി) കഴിഞ്ഞ പത്തുവർഷത്തിനിടയിലെ തെങ്ങ് കൃഷിയുടെ വിസ്തൃതി താരതമ്യംചെയ്ത് കണക്കുകൾ ലഭ്യമാക്കാമോ?

കഴിഞ്ഞ 10 വർഷത്തെ നാളികേര കൃഷിയുടെ സംസ്ഥാനതല വിസ്തൃതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | 2010-11 | 770473 |
| 2 | 2011-12 | 820867 |
| 3 | 2012-13 | 798162 |
| 4 | 2013-14 | 808647 |
| 5 | 2014-15 | 793856 |
| 6 | 2015-16 | 790223 |
| 7 | 2016-17 | 781496 |
| 8 | 2017-18 | 760443 |
| 9 | 2018-19 | 760947 |
| 10 | 2019-20 | 760775 |

(സി) ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ തെങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉത്പാദനവും തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേര വികസന പദ്ധതിക്കൾക്കായി 7,547 ലക്ഷം രൂപ 2021 -22 വർഷം ചെലവഴിച്ചുവരുന്നു. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കാൻ മാത്രമായി 4,856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണമെന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ

സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ തുടർച്ചയായി കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രിബിസ്സിനസ് കൺസോർഷ്യം (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പ്പാദനവും വൈവിദ്ധ്യവത്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**നീര പദ്ധതി**

32(1572) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതി എപ്പോഴാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി ഇപ്പോൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

2015-16 വർഷത്തിലാണ് നീര പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിക്കുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകകൊള്ളിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

നാളികേര വികസന ബോർഡിന്റെ (CDB) കീഴിൽ ആരംഭിച്ചിട്ടുള്ള നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട-യന്ത്ര സാമഗ്രികൾക്ക് ചെലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതായിരുന്നു പദ്ധതി. വായ്പാധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതിച്ചെലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമ്മാണചെലവ്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രായോഗികത, സാങ്കേതികവിദ്യ, വിപണന സാദ്ധ്യത എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

നീര കേടുകൂടാതെ സംഭരിച്ച് വിപണനം നടത്തുന്നതിനും ഗുണനിലവാരം സംബന്ധിച്ചും കേടുകൂടാതെ സൂക്ഷിക്കാവുന്ന കാലാവധി സംബന്ധിച്ചും കേരള കാർഷിക സർവകലാശാല പഠനം 2019 മുതൽ നടത്തിവരുന്നു. ഈ പദ്ധതി 2022-ൽ പൂർത്തീകരിക്കുന്നതാണ്.

(ഡി) ഈ പദ്ധതിക്കുവേണ്ടി നാളികേര ഉൽപ്പാദക കമ്പനികൾ (സി.പി.സി.) രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത കമ്പനികൾ പ്രവർത്തിക്കുന്നുണ്ടോയന്ന് വ്യക്തമാക്കാമോ?

നാളികേരത്തിന്റെ മൂല്യവർദ്ധനവും നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട 29 നാളികേര ഉൽപ്പാദക കമ്പനികൾ കേരളത്തിൽ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്(CDB)-ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മിക്ക കമ്പനികളുടേയും പ്രവർത്തനം മന്ദഗതിയിലാണ്.

(ഇ) നാളിതുവരെ സി.പി.സി.-കൾക്ക് നൽകിയ സബ്സിഡികൾ ഉൾപ്പടെയുള്ള സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധനവും നീര ഉൽപ്പാദനവുമായി ബന്ധപെട്ട 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്(CDB)-ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിനുപുറമെ 2015-16, 2016-17 വർഷങ്ങളിൽ സംസ്ഥാന കൃഷി വകുപ്പും സാമ്പത്തിക സഹായം നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും 4 കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്.

(എഫ്) നീരപദ്ധതി നിർത്തലാക്കുന്നതിനാണോ, പുനരുജ്ജീവിപ്പിക്കുന്ന തിനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2015-16 വർഷം മുതൽ 29 കമ്പനികളാണ് CDB-യുടെ കീഴിൽ പ്രവർത്തനമാരംഭിച്ചതും ഇതിനായി ധനസഹായം ലഭിച്ചിട്ടുള്ളതും. കമ്പനി രൂപീകരിച്ചുകഴിഞ്ഞാൽ അത് ലാഭകരമായി പ്രവർത്തിപ്പിക്കേണ്ടത് പദ്ധതി ഏറ്റെടുക്കുന്ന കമ്പനികളാണ്. പ്രവർത്തനരഹിതമായ കമ്പനികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

## കുറ്റ്യാടി തെങ്ങിൻതൈ ഉല്പാദനം

33 (1573) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഷ്യയിലെതന്നെ ഏറ്റവും കൂടുതൽ വെളിച്ചെണ്ണ ലഭിക്കുന്ന കുറ്റ്യാടി തെങ്ങിൻതൈ മരുതോങ്കര, കാവിലുംപാറ, കായക്കൊടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽത്തന്നെ ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോഴിക്കോട് കുറ്റ്യാടി മേഖലയിൽനിന്നുമാണ് കൃഷി വകുപ്പ് ഏറ്റവും കൂടുതൽ WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ സംഭരിക്കുന്നത്. ഇപ്രകാരം സംഭരിച്ച വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകി ഗുണമേന്മയുള്ള തെങ്ങിൻതൈകളാക്കി കർഷകർക്ക് വിതരണം നടത്തുന്നു. കോഴിക്കോട് ജില്ലയിൽ തിക്കോടി കോക്കനട്ട് നഴ്സറി, കൂത്താളി ജില്ലാ കൃഷിത്തോട്ടം എന്നിവിടങ്ങളിലായി ഏകദേശം 1.5 ലക്ഷത്തോളം വിത്തുതേങ്ങയാണ് പ്രതിവർഷം പാകുന്നത്. കുറ്റ്യാടി മേഖലയിൽനിന്നും ശേഖരിക്കുന്ന വിത്തുതേങ്ങ ജില്ലയിൽത്തന്നെ പാകി തൈകളാക്കുന്നതിനായി കൃഷി വകുപ്പ് ഫാമുകളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടി മേഖലയിൽനിന്നും സംഭരിക്കുന്ന വിത്തുതേങ്ങ മരുതോങ്കര, കാവിലുംപാറ, കായക്കൊടി എന്നീ പഞ്ചായത്തുകളിൽ പാകി തെങ്ങിൻതൈ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## കേരകർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ

34(1574) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കേര വികസന പദ്ധതിക്കൾക്കായി 7,547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശം കേരഗ്രാമമായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കാനായി 4,856 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വിസ്തൃതിയിൽ സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 വരെ എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടരോഗബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തികവർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മരുന്നുതളി കൂലിച്ചെലവും മരുന്നു വിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം ഒരു ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തെരെഞ്ഞെടുക്കാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുമായി 10,000 രൂപ നിരക്കിൽ 7 ശിൽപ്പശാലകൾക്കായി 0.7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000 രൂപയും പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) കേരകർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി രൂപീകരിച്ച കോക്കനട്ട് ഫെഡറേഷനുകളുടെ പ്രവർത്തനം മലപ്പുറം ജില്ലയിൽ സ്തംഭിച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫെഡറേഷനുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 99 നാളീകേര ഉല്പാദക ഫെഡറേഷനുകൾ രൂപീകരിച്ച് മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**പൊള്ളാച്ചി വിത്തുതേങ്ങ വാങ്ങുന്നതിലെ ക്രമക്കേട്**

35 (1575) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊള്ളാച്ചി വിത്തുതേങ്ങ ഉൾപ്പെടെ സ്വകാര്യ നഴ്സറികളിൽനിന്നും ഗുണമേന്മ ഇല്ലാത്ത നടീൽ വസ്തുക്കൾ വാങ്ങി കേരള കാർഷിക സർവ്വകാലശാലയുടെ ലേബലിൽ വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒരു ആക്ഷേപം പുറത്തുവരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിന് വഴിവച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക സർവ്വകലാശാല വർഷംതോറും രണ്ട് ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവന്നിരുന്നു. 2019 മുതൽ നാളികേര വികസന കൗൺസിലിന് മൂന്ന് ലക്ഷം തൈകൾ അധികമായി നൽകേണ്ടി വന്നതിനാൽ ഏകദേശം അഞ്ച് ലക്ഷത്തോളം തൈകൾ ഉല്പാദിപ്പിക്കേണ്ടതായി വരുന്നു. നിലവിൽ കേരളത്തിലെ കർഷകരിൽനിന്നും വിവിധ ഫാമുകളിൽനിന്നും ഗുണമേന്മയുള്ള മൂന്ന് ലക്ഷം വിത്തുതേങ്ങ മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇവയിൽനിന്നും 232109 വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. അതിനാൽ പശ്ചിമതീര നെടിയ ഇനം (WCT) വിത്തുതേങ്ങകൾ കേരളത്തിന്റെ അതിർത്തിപ്രദേശമായ പൊള്ളാച്ചിയിലെ സർട്ടിഫൈഡ് കേരകർഷകരുടെ തോട്ടങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ വിത്തുതേങ്ങ സംഭരിക്കുന്നതിനായി രൂപീകരിച്ച വിത്തുതേങ്ങ സംഭരണ സമിതി സന്ദർശിച്ച് തെരഞ്ഞെടുക്കപ്പെട്ട മാതൃ വൃക്ഷങ്ങളിൽനിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണമേന്മയുള്ള വിത്തുതേങ്ങകൾ സംഭരിച്ചിരുന്നു. ശാസ്ത്രീയമായി നല്ലവണ്ണം പരിപാലിച്ചുവരുന്ന ഈ തോട്ടങ്ങളിൽനിന്നും സംഭരിച്ച വിത്തുതേങ്ങകൾ നേരത്തെ മുളയ്ക്കുന്നവയും 90%-നുമുകളിൽ അങ്കുരണശേഷിയുള്ളവയുമാണ്. ഈ വിത്തുതേങ്ങയിൽ നിന്നും ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളിൽനിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ ശിപാർശ ചെയ്തിരിക്കുന്ന ഗുണമേന്മകൾ അനുസരിച്ചുള്ള തൈകൾ മാത്രമാണ് വിതരണം ചെയ്തുവരുന്നത്.

**പിറവം മണ്ഡലത്തിൽ നാളികേര ക്ലസ്റ്റർ ആരംഭിക്കുന്നതിന് നടപടി**

36 (1576) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് നാളികേര ക്ലസ്റ്റർ ആരംഭിക്കുന്നതിന്റെ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ മണീട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് നാളികേര ക്ലസ്റ്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരം വെളിപ്പെടുത്താമോ?

പിറവം നിയോജകമണ്ഡലത്തിലെ മണീട്, കൂത്താട്ടുകുളം, തിരുമാറാടി, പാമ്പാക്കുട എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2019-20 വർഷം ആരംഭിച്ച തിരുമാറാടി, പാമ്പാക്കുട കേരഗ്രാമങ്ങളുടെ മൂന്നാംകൊല്ലം പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പ്രസ്തുത പഞ്ചായത്തുകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കിയതും പഞ്ചായത്തുതല കേരസമിതികൾ രൂപീകരിച്ചിട്ടുള്ളതും. പദ്ധതി നിർദ്ദേശപ്രകാരം രൂപീകരിക്കുന്ന ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ്, പ്രാദേശിക ആവശ്യവും സാധ്യതകളും അവലോകനംചെയ്ത് തയ്യാറാക്കുന്ന ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഘടകങ്ങൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നത്. കേരഗ്രാമങ്ങൾ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നാളികേര ക്ലസ്റ്റർ രൂപീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല, സഹകരണ സംഘങ്ങൾ/ കർഷകർ മുഖേന "ന്യൂ സർവ്വീസ്" ആയി പഞ്ചായത്ത് കേന്ദ്രീകരിച്ച് നാളികേര ക്ലസ്റ്റർ രൂപീകരിക്കുമെന്നുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പിറവം എം.എൽ.എ. ശ്രീ. അനൂപ് ജേക്കബ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ കൃഷി ഡയറക്ടർ, ADFW/3939/2021-TB 1 നമ്പർ ഫയൽ പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. എന്നാൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) രൂപീകരിക്കാനുള്ള നടപടികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരാധിഷ്ഠിത FPO-കൾ മണീട് കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ കർഷകരുടെ കൂട്ടായ്മകളുടെ നേതൃത്വത്തിലോ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട കർഷക കൂട്ടായ്മ SFAC-യെ സമീപിക്കുന്ന മുറയ്ക്ക് പരിശോധിച്ച് കൈക്കൊള്ളുന്നതാണ്.

**റബ്ബറിന് വിലസ്ഥിരത**

37 (1577) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര വിപണിയിൽനിന്നും റബ്ബർ ഇറക്കുമതി കുറഞ്ഞിട്ടും ആഭ്യന്തര വിപണിയിൽ റബ്ബറിന്റെ വില ഇടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റബ്ബർ ബോർഡിൽനിന്നും ലഭിച്ച വിവരങ്ങളനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ റബ്ബർ ഇറക്കുമതി ഈ വർഷം അധികരിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ റബ്ബറിന് അന്താരാഷ്ട്ര വിപണി വിലയേക്കാൾ ആഭ്യന്തര വിപണിയിൽ വില ലഭിച്ചതായും റബ്ബർ ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഇപ്രകാരം വിലത്തകർച്ച ഉണ്ടാകുന്ന സാഹചര്യത്തിൽ വിലസ്ഥിരത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കി റബ്ബർ കർഷകരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ സബ്സിഡി തുക 150 രൂപയിൽനിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച താങ്ങുവില

38 (1578) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച താങ്ങുവില കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

2015-ൽ തുടങ്ങിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഏഴാം ഘട്ടം 2021 ജൂലൈയിൽ തുടങ്ങി 2022 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ അഞ്ചുലക്ഷം റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ 500 കോടി രൂപയിൽ 280 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട് ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 2021-22-ൽ 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 2021 ആഗസ്റ്റ് മാസംവരെ റബ്ബർ ബോർഡ് അംഗീകരിച്ച മുഴുവൻ ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 18.95 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## ഊരനെല്ലിന്റെ ശല്യം

39 (1579) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഊരനെല്ലിന്റെ ശല്യംമൂലം വൻതോതിൽ നെൽകൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ പ്രതിസന്ധിയിലായ നെൽകർഷകരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത്, പ്രത്യേകിച്ച് കുട്ടനാട് പ്രദേശത്ത്, ഊരനെല്ലിന്റെ (വരിനെല്ല്) ശല്യം രൂക്ഷമാണെന്നും ആയത് നെൽകൃഷിക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ച് വരിനെല്ലിന്റെ വിത്ത് മുളയ്ക്കാൻ അനുവദിച്ചശേഷം വെള്ളം കയറ്റി നശിപ്പിക്കുക എന്നതാണ് വരിനെല്ലിന്റെ നിയന്ത്രണത്തിനുള്ള ശാസ്ത്രീയവും പ്രകൃതി സൗഹാർദ്ദവുമായ രീതി. എന്നാൽ ഇത് ഏറെ ശ്രമകരവും കർഷകർക്ക് ഭീമമായ കൃഷിച്ചെലവ് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ആയത് പരിഗണിച്ചുകൊണ്ട് കുട്ടനാട് പ്രദേശത്ത് വരിനെല്ലിന്റെ നിയന്ത്രണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് വെള്ളം വറ്റിക്കുന്നതിന് പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വരിനെല്ലിന്റെ നിയന്ത്രണത്തിനായി ശാസ്ത്രീയമായ രീതിയിലാണ് പമ്പിംഗ് നടത്തിയതെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത്.

## ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനി

40 (1580) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി പുതിയ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാർഷികോല്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യംവഴി

പുതുതായി രൂപീകരണത്തിനും നിലവിലുള്ള 50 കർഷക ഉല്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിൽ 13 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.-കളെ തെരഞ്ഞെടുക്കുന്നതിനും 50 നിലവിലുള്ള എഫ്.പി.ഒ.-കളെ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.-കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉല്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, കൈതച്ചക്ക, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.-കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | എണ്ണം | രജിസ്ട്രേഷൻ പൂർത്തീകരിച്ചത് |
|---|---|---|
| നബാർഡ് | 16 | 14 |
| സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം (കേന്ദ്ര സർക്കാർ) | 9 | 9 |
| നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.) | 14 | - |
| നാഷണൽ അഗ്രിക്കൾച്ചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (നാഫെഡ്) | 5 | 5 |
| ആകെ | 44 | 28 |

വാഴ, ചക്ക, കൈതച്ചക്ക, നെല്ല്, പച്ചക്കറി, തെങ്ങ്, കിഴങ്ങുവിളകൾ, തേൻ, പഴങ്ങൾ, സുഗന്ധവിളകൾ എന്നീ വിളകളെ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ജൈവകൃഷി അടിസ്ഥാനപ്പെടുത്തി 2 എഫ്.പി.ഒ.-കളും ആരംഭിക്കുന്നു.

(ബി) കോട്ടയം ജില്ലയിൽ പുതിയ എത്ര ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ രൂപീകരിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ 3 പുതിയ എഫ്.പി.ഒ.-കൾ രൂപീകരിച്ചിട്ടുണ്ട്.

1. കടുത്തുരുത്തി മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

2. പാലാ മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

3. കുറവിലങ്ങാട് മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്.

ഇതിനുപുറമെ നബാർഡിന്റെ കീഴിൽ (1) ലാളം ഫാർമർ പ്രൊഡ്യൂസർ കമ്പനി, (2) കാഞ്ഞിരപ്പള്ളിയിൽ ഫെർട്ടിലാൻഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്നിവയും രൂപീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ കോട്ടയം ജില്ലയിൽ എത്ര ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

നബാർഡിന്റെ കീഴിൽ രൂപീകരിച്ച എഫ്.പി.ഒ.-കളായ

1) നീലൂർ പ്രൊഡ്യൂസർ കമ്പനി

2) കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി എന്നിവയാണ് കോട്ടയം ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

## കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ

41 (1581) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി.മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക രംഗം സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി

നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാസൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. നെൽകൃഷി വികസന പദ്ധതി
2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി
3. പയർവർഗ്ഗ വിള, കിഴങ്ങുവർഗ്ഗ വിള പ്രോത്സാഹന പദ്ധതി
4. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി
    i. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
    ii. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
    iii. ജില്ലാ ക്ലസ്റ്റർ വികസനം

iv. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം

v. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും

vi. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

vii. നഴ്സറികൾ സ്ഥാപിക്കൽ

ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

viii. മഴമറ നിർമ്മാണം

ix. സേഫ്-ടു-ഈറ്റ്

x. സുഭിക്ഷ കേരളം പദ്ധതി

xi. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി

5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

6) നാളികേര വികസനം

7) സുഗന്ധവ്യഞ്ജന വികസന പദ്ധതി

8) ഹൈ ടെക് അഗ്രികൾച്ചർ

9) കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി

10) മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

11) വിള ആരോഗ്യപരിപാലനം

12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി.)

13) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

14) ലബോറട്ടറികളുടെ ആധുനീകരണം

15) കാർഷിക വിജ്ഞാന വ്യാപനം

16) കാർഷിക വിവരവും വിനിമയവും

17) കാർഷിക സേവന കേന്ദ്രങ്ങൾ

18) വിള ഇൻഷ്വറൻസ് പദ്ധതി

19) പ്രകൃതിക്ഷോഭവും രോഗകീടവും അഭീമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി

20) ജൈവ വൈവിദ്ധ്യ സംരക്ഷണം

21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം

22) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി

23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

25) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം

26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.)

27) കൃഷി പാഠശാല

28) പുനർജ്ജനി-പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം

29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

30) കേരള ഫാം ഫ്രഷ് -പഴം പച്ചക്കറി തറവില

(ബി) കാർഷിക സ്വയംപര്യാപ്തത കൈവരിക്കാൻ സ്കൂൾ തലംമുതൽ അവബോധ ക്ലാസ്സുകളും കാർഷിക ക്ലബ്ബുകളും നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ചുള്ള ആഭിമുഖ്യം സൃഷ്ടിക്കാൻ 'പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്ന പദ്ധതി, കൃഷി നേരിട്ട് ചെയ്യുന്ന അനുഭവം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലൂടെ കൃഷിയിലേയ്ക്ക് കൂടുതൽ ആകൃഷ്ടരാക്കുന്നതിന് സഹായിക്കുന്നു. കന്നിമാസത്തിലെ മകം നാള് നെല്ലിന്റെ പിറന്നാളായി ആഘോഷിക്കുകയും അതനുസരിച്ചുള്ള വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചുവരികയും ചെയ്തുവരുന്നത് വിദ്യാർത്ഥികളിൽ കൃഷി സംസ്കൃതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. വിദ്യാലയങ്ങളിലൂടെ പച്ചക്കറി വിത്തുകളും തൈകളും ഫലവൃക്ഷതൈകളും വിതരണം ചെയ്യുന്നത് വിദ്യാർത്ഥികളെ അവരവരുടെ ഭവനങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും തദ്വാരാ കൂടുതൽ ഭവനങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനും അതുമൂലം കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് കൂടുതൽ അടുക്കുന്നതിനും സഹായകരമാകുന്നു.

(സി) യുവജനങ്ങളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഹൈ-ടെക്-അഗ്രിക്കൾച്ചർ

2. പച്ചക്കറി കൃഷി വികസന പദ്ധതി

3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും

4. ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം

5. കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ

6. അഗ്രോ പാർക്ക്

7. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും

8. കൃഷി-പാഠശാല

9. ഇന്റേൺഷിപ്പ് പരിപാടി.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതി**

42(1582) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊരട്ടി, കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ചാത്തൻചാൽ കാർഷിക വികസന പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ ചാത്തൻചാൽ കാർഷിക വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 727 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ചാത്തൻചാൽ നവീകരണ പ്രവൃത്തി രണ്ട് റീച്ചുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. റീച്ച് ഒന്നിൽ 1450 മീ. പാർശ്വഭിത്തി നിർമ്മാണവും 500 മീ. ഫാം റോഡ് നിർമ്മാണവും 1250 മീ. ആഴം വർദ്ധിപ്പിക്കലും 2 ഫൂട്ട് സ്ലാബ് നിർമ്മാണവും റീച്ച് രണ്ടിൽ 1500 മീ. പാർശ്വഭിത്തി നിർമ്മാണവും 480 മീ. ഫാം റോഡ് നിർമ്മാണവും 1410 മീ. ആഴം വർദ്ധിപ്പിക്കലും 3 ഫൂട്ട് സ്ലാബ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## കർഷക പെൻഷൻ

43(1583) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിലുള്ള ഒൻപത് കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്ന് കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വാമനപുരം മണ്ഡലത്തിന്റെ പരിധിയിലുള്ള ഒൻപത് കൃഷി ഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ വിവരങ്ങൾ കൃഷി ഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു.

| കൃഷി ഭവൻ | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|
| കല്ലറ | 2 |
| പുല്ലമ്പാറ | 8 |
| പാങ്ങോട് | 0 |
| നെല്ലനാട് | 0 |
| നന്ദിയോട് | 4 |
| വാമനപുരം | 2 |
| പെരിങ്ങമല | 0 |
| ആനാട് | 0 |
| പനവൂർ | 0 |
| ആകെ | 16 |

(ബി) വാമനപുരം മണ്ഡല പരിധിയിൽ എത്ര കർഷകർ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

വാമനപുരം മണ്ഡല പരിധിയിൽ കർഷക പെൻഷൻ വാങ്ങുന്ന കർഷകരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | കർഷക പെൻഷൻ വാങ്ങുന്ന കർഷകരുടെ എണ്ണം |
|---|---|
| കല്ലറ | 39 |
| പുല്ലമ്പാറ | 122 |
| പാങ്ങോട് | 57 |
| നെല്ലനാട് | 130 |
| നന്ദിയോട് | 36 |
| വാമനപുരം | 97 |
| പെരിങ്ങമല | 78 |
| ആനാട് | 47 |
| പനവൂർ | 104 |
| ആകെ | 710 |

**കർഷക പെൻഷൻ**

44 (1584) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷി ഭവനുകളിൽ കർഷകപെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാകാനുണ്ടെന്ന് കൃഷി ഭവനുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷി ഭവനുകളിൽ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച അപേക്ഷകളിൽ 34 എണ്ണം തീർപ്പാക്കാനുണ്ട്. ഇവയുടെ വിവരങ്ങൾ കൃഷിഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു :മറ്റ് കൃഷി ഭവനുകളിൽ അപേക്ഷകൾ തീർപ്പാക്കാനില്ല.

| കൃഷി ഭവൻ | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|
| ചങ്ങരോത്ത് | 3 |
| ചെറുവണ്ണൂർ | 2 |
| ചക്കിട്ടപ്പാറ | 3 |
| കീഴരിയൂർ | 9 |
| മേപ്പയൂർ | 17 |
| **ആകെ** | **34** |

(ബി) നിലവിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ എത്ര പേർ കർഷകപെൻഷൻ വാങ്ങുന്നുണ്ടെന്ന് വിശദമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നിലവിൽ 3972 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്.

**അയിരൂർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ കൃഷിനാശം**

45 (1585) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷം ഉണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ പ്രാഥമിക വിവരശേഖരണ റിപ്പോർട്ട് പ്രകാരം ഈ സാമ്പത്തിക വർഷം അയിരൂർ പഞ്ചായത്തിൽ 108.54 ലക്ഷം രൂപയുടെയും എഴുമറ്റൂർ പഞ്ചായത്തിൽ 173.18 ലക്ഷം രൂപയുടെയും കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു*.

(ബി) എത്ര കൃഷിക്കാർക്ക് ധനസഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധം - II ആയി ചേർക്കുന്നു.*

(സി) കൃഷിനാശത്തിനുള്ള നിലവിലെ നഷ്ടപരിഹാരത്തുക കുറവായതിനാൽ കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ചോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തിയോ ന്യായമായ ഉയർന്ന ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; ധനസഹായം എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള നഷ്ടപരിഹാരത്തുക കുറവായ സാഹചര്യത്തിൽ കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് സംസ്ഥാന വിഹിതമായി അധിക തുക നൽകിവരുന്നുണ്ട്. കൂടാതെ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പ്രകാരവും കേന്ദ്ര സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷി ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾ**

46 (1586) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി വ്യവസായവകുപ്പും കൃഷിവകുപ്പും സംയുക്തമായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. അത്തരം ചില പദ്ധതികൾ സഹകരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FPO-കൾ പൂർണ്ണരൂപത്തിൽ ആരംഭിക്കുമ്പോൾ വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

**മരച്ചീനികൃഷി ചെയ്യുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി**

47 (1587) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡും ലോക്ക്ഡൗണും കാരണം മരച്ചീനിക്ക് വിലത്തകർച്ച നേരിടുന്നതിനാൽ കേരളത്തിലെ മരച്ചീനി കൃഷി ചെയ്യുന്ന കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡും ലോക്ക്ഡൗണും കാരണം മരച്ചീനിക്ക് വിലത്തകർച്ച നേരിടുന്നതിനാൽ കേരളത്തിലെ മരച്ചീനി കൃഷി ചെയ്യുന്ന കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19 രൂക്ഷമായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾവഴി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് കൃഷി വകുപ്പ് നേതൃത്വം നൽകി.

(ബി) മരച്ചീനി കൃഷിചെയ്യുന്ന കർഷർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകി വരുന്നത്; വിശദമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതിവഴി തരിശുനിലം കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കിഴങ്ങുവർഗ്ഗ വിളകളുടെ ഘടകത്തിൽ 70 ഹെക്ടർ വിസ്തീർണ്ണത്തിൽ 21 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുനിലത്തിൽ മരിച്ചീനി കൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നുണ്ട്. (സ്ഥല ഉടമസ്ഥന് 3,000 രൂപയും കർഷകന് 27,000 രൂപയും)

(സി) മറ്റ് കൃഷികൾക്ക് സർക്കാർ നൽകുന്ന സബ്സിഡികളും ഇൻഷ്വറൻസ് പരിരക്ഷയും മരച്ചീനി കൃഷി ചെയ്യുന്ന കർഷർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

മരിച്ചീനി കൃഷിചെയ്യുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നട്ടുകഴിഞ്ഞ് ഒരു മാസത്തിനുശേഷം അഞ്ചുമാസം വരെ 5 സെന്റിന് 3 രൂപ നിരക്കിൽ പ്രീമിയം ഒടുക്കി വിള ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ഇൻഷ്വർ ചെയ്യുന്ന വിളയ്ക്ക് പ്രകൃതിക്ഷോഭംമൂലമോ, വന്യജീവി ആക്രമണം മൂലമോ പൂർണ്ണനാശം സംഭവിച്ചാൽ ഹെക്ടറൊന്നിന് (250 സെന്റിന്) 10,000 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജനയിൽ (PMFBY) ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും മരച്ചീനികൃഷിക്ക് വിജ്ഞാപിത പ്രദേശത്തെ പരീക്ഷണ വിളവെടുപ്പിനെ അടിസ്ഥാനപ്പെടുത്തി മാനദണ്ഡങ്ങൾക്ക് വിധേയമായി യഥാർത്ഥത്തിൽ ലഭിച്ച വിളവ് കിട്ടേണ്ടിയിരുന്ന വിളവിനെ അപേക്ഷിച്ച് കുറവാണെങ്കിൽ ഇതിനായി നോട്ടിഫൈ ചെയ്തിട്ടുള്ള അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (AICL) നഷ്ടപരിഹാരം നൽകുന്നു.

(ഡി) മരച്ചീനിക്ക് നിലവിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയായ 12 രൂപ ഉയർത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കി സംസ്ഥാനത്ത് മരച്ചീനികൃഷി ചെയ്യുന്ന കർഷകർക്ക് ആശ്വാസം എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

അടിസ്ഥാന വില പദ്ധതിപ്രകാരം വിളകൾക്ക് താങ്ങുവില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. അതുപ്രകാരം ഒരു കിലോ കപ്പ ഉല്പാദിപ്പിക്കാൻ 9.68 രൂപയാണെന്നാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ളത്. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം നവീകരണം**

48(1588) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിനെ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും പദ്ധതി, ഫലവർഗ്ഗ വികസന പദ്ധതി എന്നിവയിലുൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനായി ഫാമിലുള്ള പ്രജനനത്തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനോപാധികളുടെ വാങ്ങലിനും മറ്റ് ദൈനംദിനചെലവുകൾ വഹിക്കുന്നതിനുമായി 35 ലക്ഷം രൂപയും, പോളിഹൗസുകൾ, റെയിൻഷെൽട്ടറുകൾ തുടങ്ങിയവയിലൂടെ ഹൈടെക് കൃഷി നടത്തുന്നതിനും അവയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുന്നതിന് കരാർ ജീവനക്കാരെ നിയമിക്കുന്നതിനുമായി 2.5 ലക്ഷം രൂപയും നെല്ലിയാമ്പതി ഫാമിന് അനുവദിച്ചിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി റെയിൻഷെൽട്ടറുകൾ, പോളി ഹൗസുകൾ, ഹാർഡനിംഗ് യൂണിറ്റുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഫലവർഗ്ഗ വിളകളുടെ നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും ഫലവർഗ്ഗ വിളകളുടെ മാതൃതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമായി 39 ലക്ഷം രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത ഫാമിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദമാക്കാമോ?

ബ്രക്കോളി, കോളിഫ്ലവർ, ബീൻസ്, കാരറ്റ്, ഉള്ളി തുടങ്ങിയ കൂൾ സീസൺ പച്ചക്കറിത്തൈകൾ പോളിഹൗസിൽ ഉല്പാദിപ്പിച്ചുവരുന്നു. കർഷകർക്ക് കൃഷി ഭവനുകളിലൂടെ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് തക്കാളി, പച്ചമുളക് തുടങ്ങിയവയുടെ വിത്തുല്പാദനത്തിനുവേണ്ട പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള എട്ട് പ്രോജനി ഓർച്ചാർഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും കാപ്പി, ഓർക്കിഡ്, കുരുമുളക് തുടങ്ങിയവയുടെ നടീൽവസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയുംചെയ്യുന്നു. പരീക്ഷണാർത്ഥം 50-ഓളം ആപ്പിൾ തൈകൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഫ്രൂട്ട് പ്രോസസ്സിംഗ് യൂണിറ്റിൽ ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയ 40-ഓളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നു. ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ഹോസ്റ്റൽ സംവിധാനത്തോടുകൂടിയ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ 6 ഹെക്ടർ സ്ഥലത്ത് പുതിയ ഇനം ഓറഞ്ചും ഇടവിളയായി കാപ്പിയും ഡ്രിപ്പ് ഇറിഗേഷൻ സംവിധാനത്തോടുകൂടി കൃഷി ചെയ്യുന്നതിനായി ഏകദേശം 1.5 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

## മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനം

49(1589) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'എ പൈലറ്റ് പ്രോജക്ട് - മാംഗോ കൾട്ടിവേഷൻ ഇൻ മുതലമട'. ഇതിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിൽ (എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ.) നിന്നും 700 ലക്ഷം രൂപ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി വകയിരുത്തിയിരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ 275 ലക്ഷം രൂപ അനുവദിച്ചതിൽ നാല് പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ് നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ജില്ലയ്ക്കുള്ള പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി മുതലമട മാംഗോ ഹബ്ബിന്റെ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്

(ബി) മാംഗോ ഹബ്ബിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

മുതലമട മാംഗോ ഹബ്ബ് എന്ന പദ്ധതിയുടെ ഭാഗമായി നാല് പഞ്ചായത്തുകളിലായി വിളവിസ്തൃതി വ്യാപനം, തോട്ട പുനരുദ്ധാരണം, യന്ത്രവത്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, സംയോജിത രോഗകീട നിയന്ത്രണം, ജലസ്രോതസുകളുടെ നിർമ്മാണം, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനം, തേനീച്ച വളർത്തൽ, പാക്ക് ഹൗസുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 469.1 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിക്കൽ, 235 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി, 4.36 ഹെക്ടറിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗും 1447.04 ഹെക്ടറിൽ സംയോജിത കീടനിയന്ത്രണവും വളപ്രയോഗവും കൂടാതെ 62 സ്പ്രേയറുകൾ, 51 വെർമികമ്പോസ്റ്റ് യൂണിറ്റുകൾ, 25 പാക്ക് ഹൗസുകൾ, പരാഗണത്തിനായി 713 തേനിച്ച കൂടുകൾ ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പി.എം.കെ.എസ്. പദ്ധതിയിലൂടെ ജലസേചനത്തിനായി 2 ചെറിയ ടാങ്കുകൾ പുനരുദ്ധരിക്കുകയും 149 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പി.കെ.വി.വൈ. പദ്ധതിയിലൂടെ പദ്ധതിയുമായി ബന്ധപ്പെട്ട മീറ്റിംഗുകളും പരിശീലനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) മാംഗോ ഹബ്ബിന്റെ പ്രവർത്തനം പൂർണ്ണതോതിലാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. 'എ പൈലറ്റ് പ്രോജക്ട് - മാംഗോ കൾട്ടിവേഷൻ ഇൻ മുതലമട' എന്ന പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും മിനിമൽ പ്രോസസ്സിംഗ് യൂണിറ്റിന്റെ 20 ലക്ഷവും റൈപ്പനിംഗ് ചേമ്പറിന്റെ 3.5 ലക്ഷവും ഉൾപ്പെടുത്തി കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങാൻ പ്രൊപ്പോസൽ ആയിട്ടുണ്ട്. മാംഗോ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സ്റ്റേറ്റ് സീഡ് ഫാം മുതലമടയിലാണ് കണ്ടെത്തിയിട്ടുള്ളത്. കർഷകരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും INKEL പ്രതിനിധികളും ഉൾപ്പെടെ ഒരു മീറ്റിംഗ് നടത്തി വിശദമായ പ്രോജക്ട് സമർപ്പിക്കാൻ INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച 275 ലക്ഷം രൂപയിൽ ബാക്കിവരുന്ന തുകയായ 38.34123 ലക്ഷം രൂപ വിവിധ ഘടകങ്ങളായ സംയോജിത രോഗ-കീടനിയന്ത്രണം, പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, ജലസ്രോതസ്സുകളുടെ നിർമ്മാണം, സംസ്കരണ യൂണിറ്റുകൾ, റൈപ്പനിംഗ് ചേമ്പറുകൾ എന്നീ ഘടകങ്ങൾക്കായി ചെലവഴിക്കുന്നതാണ്.

**തരിശായിക്കിടക്കുന്ന നെൽവയലുകളുടെ സംരക്ഷണം**

50(1590) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽവയലുകൾ തരിശായിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ (2019-20) പ്രകാരം, കേരളത്തിൽ നെൽവയലുകൾ ഉൾപ്പെടെ ആകെ 1,04,318 ഹെക്ടർ തരിശുസ്ഥലമുണ്ട്. ഇതിൽ 57,387 ഹെക്ടർ സ്ഥലം തന്നാണ്ടിലെ തരിശുസ്ഥലമാണ് (Current fallow). നെൽവയലുകളുടെ മാത്രമായ പ്രത്യേക കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) നെൽവയലുകൾ തരിശാക്കിയിടുന്നത് തടയാൻ നിലവിൽ നിയമമുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 - വകുപ്പ് (15), (16) പ്രകാരം, കൃഷി ഇറക്കാതെ തരിശ് ഇട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്.

(സി) തരിശാക്കിയിടുന്ന നെൽവയലുകൾ പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള നിയമപരമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ, ആക്ട് 2008 വകുപ്പ് (16) പ്രകാരം തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. തരിശ് നിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ഉൾപ്പടെ ഹെക്ടറിന് ആകെ 40,000 രൂപയുടെ ആനുകൂല്യം കൃഷി വകുപ്പ് നൽകിവരുന്നു.

## തരിശ് നിലത്ത് നെൽകൃഷി

51(1591) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് നിലത്ത് നെൽകൃഷി ആരംഭിക്കാൻ കൃഷി വകുപ്പിൽനിന്നും ഒരു കർഷകന് ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷി പദ്ധതി പ്രകാരം തരിശുനിലങ്ങളിലെ നെൽകൃഷിക്ക് ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ തരിശുകൃഷിക്ക് ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ, ഒരു ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും നൽകുന്നുണ്ട്.

(ബി) വിത്ത്, വളം, ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നെൽകൃഷി വികസന പദ്ധതിയുടെ ഘടകപദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം വിത്ത്, വളം ഉൾപ്പെടെയുള്ള

ഉത്പാദനോപാധികൾക്കുള്ള ആനുകൂല്യമായി ഹെക്ടർ ഒന്നിന് 5,500 രൂപ സബ്സിഡി ലഭിക്കുന്നു. കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിന് "രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം" എന്ന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന നെൽവിത്തിന്റെ ഗുണമേന്മ ഉറപ്പാക്കി കേരള സംസ്ഥാന വിത്ത് അതോറിറ്റി മുഖേന കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നു. ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉത്പാദനോപാധികൾക്കുമുള്ള ആനുകൂല്യമായ പരമാവധി ഒരു ഹെക്ടറിന് 22,000 രൂപയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി പ്രകാരം മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഒരു ഹെക്ടറിന് 75% സബ്സിഡിയിൽ 600 കിലോ ക്രമത്തിൽ പരമാവധി 5,400 രൂപ വീതം ആനുകൂല്യം നൽകിവരുന്നു. പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം വിത്ത് വിതരണം, സൂക്ഷ്മമൂലകങ്ങളുടെ വിതരണം എന്നിവയുള്ള ആനുകൂല്യവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. 22-3-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 37/2017/കൃഷി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. 13-12-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1192/2017/കൃഷി, പ്രകാരം മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകിവരുന്നു. 27-10-2017-ലെ സ.ഉ.(സാധാ)നമ്പർ 1066/2017/കൃഷി, പ്രകാരം കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെവിടേയും നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28-12-2017-ലെ സ.ഉ.(കൈ)നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളെക്കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം ഈ പദ്ധതിക്കായി 2,000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശുഭൂമി**

52(1592) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കണ്ടെത്തിയ തരിശുഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | നിലം (ഹെക്ടർ) | പുരയിടം (ഹെക്ടർ) | ആകെ (ഹെക്ടർ) |
|---|---|---|---|---|
| 1 | വാഴപ്പള്ളി | 40 | 0 | 40 |
| 2 | മാടപ്പള്ളി | 10 | 26 | 36 |
| 3 | ചങ്ങനാശ്ശേരി | 65 | 10 | 75 |
| 4 | തൃക്കൊടിത്താനം | 0 | 15 | 15 |
| 5 | പായിപ്പാട് | 55 | 20 | 75 |
| | ആകെ | 170 | 71 | 241 |

(ബി) ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ള തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

ആകെ കണ്ടെത്തിയ 241 ഹെക്ടർ തരിശുഭൂമിയിൽ 40 ഹെക്ടറിൽ താഴെപ്പറയും പ്രകാരം ഈ വർഷം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാഴപ്പള്ളി - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 4 ഹെക്ടർ സ്ഥലത്തും ജനകീയാസൂത്രണ പദ്ധതികൾ പ്രകാരം 14 ഹെക്ടർ സ്ഥലത്തും കൃഷി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മാടപ്പള്ളി - 2021-22 വർഷത്തിൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 2 ഹെക്ടർ പച്ചക്കറികൃഷിയും കിഴങ്ങുവർഗ്ഗ വികസന പദ്ധതിപ്രകാരം 3 ഹെക്ടറിൽ കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തിട്ടുണ്ട്.

ചങ്ങനാശ്ശേരി - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 5 ഹെക്ടർ സ്ഥലത്ത് പുല്ലും പോളയും നീക്കംചെയ്ത് ബണ്ട് ബലപ്പെടുത്തി നിലം തയ്യാറാക്കി പുഞ്ചകൃഷിക്കുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു.

തൃക്കൊടിത്താനം - 2021-22 വർഷത്തിൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 2 ഹെക്ടർ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

പായിപ്പാട് - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ 10 ഹെക്ടർ പുഞ്ചകൃഷിക്കുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു, നിലം വൃത്തിയാക്കൽ, ബണ്ട് തെളിക്കൽ, പമ്പിംഗ് എന്നിവ നടന്നുവരുന്നു. RKVY, RIDF, ത്രിതലപഞ്ചായത്ത് പദ്ധതികൾ, ജലസേചന വകുപ്പ് പദ്ധതികൾ എന്നിവവഴി അടിസ്ഥാന സൗകര്യം ഒരുക്കി ബാക്കിയുള്ള കൃഷി യോഗ്യമായ തരിശുഭൂമിയിൽ പൂർണ്ണമായും കൃഷി ആരംഭിക്കുന്നതാണ്.

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ ട്രാക്ടർ റോഡ് നിർമ്മാണം**

53(1593) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനുള്ള സാധനങ്ങൾ ആളുകൾ തലച്ചുമടായി കൊണ്ടുപോകുന്ന സാഹചര്യത്തിൽ കുട്ടനാട്ടിൽ കൃഷിയുടെ സുഗമമായ നടത്തിപ്പിനും കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും എല്ലാ പാടശേഖരങ്ങളുടെയും പുറം ബണ്ടുകളിൽക്കൂടി ട്രാക്ടർ റോഡ് നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ഇത്തരം ട്രാക്ടർ റോഡുകൾ കൂടുതൽ ഫലപ്രദമാണെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടേയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കേണ്ട ആവശ്യമില്ല. പാടശേഖരത്തിലൂടെ റോഡുകൾ പണിയുന്നത് സുഗമമായ ജലനിർഗ്ഗമനത്തെനേയും ജലസേചനത്തേയും ബാധിക്കുകയും നെൽകൃഷി നശിച്ചുപോകാനും സാധ്യതയുണ്ട്.

## തണ്ണീർത്തട നിയമത്തിൽ കുട്ടനാടിന് ഇളവ് അനുവദിക്കൽ

54(1594) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ തണ്ണീർത്തട നിയമം കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കാതെ നടപ്പിലാക്കിയതുമൂലം വികസന കാര്യങ്ങളിൽ കുട്ടനാട് നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം നടപ്പിലാക്കിയതുമൂലം ഉണ്ടായിട്ടുള്ളതല്ല. സംസ്ഥാനത്തെ നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയിട്ടുള്ളത് കുട്ടനാട് അടക്കമുള്ള എല്ലാ നെൽകൃഷി മേഖലയേയും കേരള സംസ്ഥാനത്തെയാകെ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാനം നിയമം പാസ്സാക്കിയത്. കുട്ടനാടിന്റെ കാർഷിക മേഖലയുടെ വികസനത്തിനായി സർക്കാർ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 95 ശതമാനം പ്രദേശവും വെള്ളത്തിൽ സ്ഥിതി ചെയ്യുന്ന കുട്ടനാട് പോലൊരു പ്രദേശത്ത് തണ്ണീർത്തട നിയമം നടപ്പാക്കുമ്പോൾ സർക്കാരിന്റെ വികസന പദ്ധതികളും സ്വകാര്യ സംരംഭങ്ങളും എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കടൽ നിരപ്പിൽനിന്നും ഒന്നര മുതൽ മൂന്നടി വരെ താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് കുട്ടനാട്ടിലെ ജനങ്ങൾക്ക് മറ്റ് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്നതുപോലെ വികസന കാര്യങ്ങളിൽ പരിഗണന ലഭിക്കുന്നതിന് തണ്ണീർത്തട നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി-സി) കുട്ടനാട് പ്രദേശം സമുദ്ര നിരപ്പിനേക്കാൾ താഴ്ന്നുകിടക്കുന്ന നെൽകൃഷി മേഖലയാണ്. സർക്കാരിന്റെ വികസന പദ്ധതികൾ പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം ഈ ആക്ടിലെ ചില വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാരിന് അധികാരം നൽകിക്കൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) വികസന കാര്യങ്ങളിൽ തടസ്സം നിൽക്കുന്നതിന് ചിലരെങ്കിലും ബോധപൂർവം ശ്രമം നടത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുട്ടനാട്ടിൽ സർക്കാർ പ്രഖ്യാപിക്കുന്ന വികസന പദ്ധതികൾ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന കാർഷിക പ്രതിസന്ധി**

55 (1595) ശ്രീ പി സി വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വെള്ളപ്പൊക്ക ദുരിതം നീക്കി കാർഷിക രംഗത്ത് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ;

(ബി) പുഴകളിലേയും കനാലുകളിലേയും എക്കലും ചെളിയും നീക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക രംഗത്ത് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) ആലപ്പുഴ ജില്ലയിലെ പുറക്കാട്, കരുവാറ്റ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പുറക്കാട് കരിനില മേഖലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിന് നാല് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി സർക്കാരിന്റെ റിസ്ക് മാനേജ്മെന്റ് പാക്കേജ് (2019 -2020)-ൽ ഉൾപ്പെടുത്തി 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ കെ.എൽ.ഡി.സി. മുഖേന നടന്നുവരുന്നു. ആലപ്പുഴ ജില്ലയിലെ ആർ ബ്ലോക്ക് കായൽ കൃഷി പുനരുജ്ജീവന പദ്ധതി പ്രകാരം 12 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സീറ്റുകൾ സ്ഥാപിച്ച് ജലവിതാനം ക്രമപ്പെടുത്തി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെവലപ്മെന്റ് ഓഫ് അഗ്രിക്കൾച്ചർ സെക്ടർ ഇൻ കുട്ടനാട് എന്ന 2021-22-ലെ സംസ്ഥാന പദ്ധതി പ്രകാരം കുട്ടനാട് മേഖലയിൽ ഉൾപ്പെടുന്ന ആലപ്പുഴ കോട്ടയം,

പത്തനംതിട്ട ജില്ലകളിലെ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ജല നിർഗ്ഗമന മാർഗ്ഗത്തിനുള്ള പരമ്പരാഗത പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും കാര്യക്ഷമത കൂടിയ ആക്സിയൽ ഫ്ലോ സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കൽ, പാടശേഖരങ്ങളുടെ മറ്റ് അടിസ്ഥാന സൗകര്യ പ്രവൃത്തികളായ പുറംബണ്ടുകളുടെ ബലപ്പെടുത്തൽ, തോടുകളുടെ നവീകരണം, ജലനിർഗ്ഗമന ചാലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, എഞ്ചിൻ തറകളുടേയും പമ്പ് ഹൗസുകളുടേയും നിർമ്മാണം, ട്രാക്ടർ റാമ്പുകൾ, ബോക്സ് കൾവർട്ടുകൾ, ഫാം റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണവും ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിലെ റാണി - ചിത്തിര കായൽ പാടശേഖരങ്ങളിൽ നിലവിലുള്ള 8 പെട്ടി-പറ സംവിധാനം മാറ്റി 8 ആക്സിയൽ ഫ്ലോ പമ്പ്സെറ്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. RKVY പദ്ധതിപ്രകാരം 135 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കുട്ടനാട് മേഖലയിലെ മുട്ടാർ പഞ്ചായത്തിലെ ചേരിക്കലകം പാടശേഖരം, എടത്വ പഞ്ചായത്തിലെ നടുവിലെ വരമ്പിനകം പാടശേഖരം, പുളിങ്കുന്ന് പഞ്ചായത്തിലെ കായൽപ്പുറം പൗതക്കാട് പാടശേഖരം എന്നിവയുടെ കൃഷി അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്കായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. - 27- ൽ ഉൾപ്പെടുത്തുന്നതിന് 586 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി കെ.എൽ.ഡി.സി. സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനായി നീലംപേരൂർ പഞ്ചായത്തിലെ കോഴിച്ചാൽ പാടം, മണ്ണഞ്ചേരി പഞ്ചായത്തിലെ പെരുന്തുരുത്തുകരി പാടം എന്നിവയുടെ കൃഷി അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്കായി പ്രോജക്ട് കെ.എൽ.ഡി.സി. തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് RIDF XXIV പദ്ധതി പ്രകാരം കാവാലം പഞ്ചായത്തിലെ മണിയങ്കരി പാടശേഖരം, പുളിങ്കുന്ന് പഞ്ചായത്തിലെ വടക്കേകരി, മടത്തിനിക്കരി, പുത്തൻപുര കായൽ എന്നിവിടങ്ങളിലെ 550 ലക്ഷം രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ കാർഷിക എഞ്ചിനീയറിംഗ് വിഭാഗംവഴി നടപ്പിലാക്കിവരുന്നുണ്ട്. നബാർഡ് RIDF XXVI-ൽ കൈനകരി പഞ്ചായത്തിലെ ഉമ്പാക്കാറ്റ്ശ്ശേരി, അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ വലിയതുരുത്ത്, ചെറിയതുരുത്ത്, തകഴി പഞ്ചായത്തിലെ തെക്കേ മുന്നൂറ്, തലവടി പഞ്ചായത്തിലെ മകരച്ചാൽ എന്നീ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് 1,562.43 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കാവാലം പഞ്ചായത്തിലെ ആറ്റുമുക്കം 1500 രാജരാമപുരം പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന

പ്രവൃത്തികൾക്ക് 1,000.50 ലക്ഷം രൂപയുടെ ഭരണാനുമതിയും നബാർഡ് RIDF XXVI-ൽ ലഭ്യമായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നീരൊഴുക്കിനെ തടസ്സപ്പെടുത്തുംവിധം നദികളിലും കനാലുകളിലും മറ്റും അടിഞ്ഞുകൂടുന്ന എക്കലും ചെളിയും കോരിമാറ്റി ജലവാഹക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലീഡിംഗ് ചാനലിൽ എക്കലും ചെളിയും കോരിമാറ്റുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയജലം വേഗത്തിൽ ഒഴുകിപ്പോകാൻ ഉതകുംവിധം തോട്ടപ്പള്ളി സ്പിൽവേയിലെ കടൽമുഖത്ത് മണൽ നീക്കംചെയ്തുകഴിഞ്ഞിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതികൾ**

56 (1596) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് അനുവദിച്ചുവരുന്ന ഇൻഷ്വറൻസ് പരിരക്ഷകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയാണ് കൃഷി വകുപ്പ് മുഖേന കാർഷിക വിളകൾക്ക് അനുവദിച്ചുവരുന്ന ഇൻഷ്വറൻസ് പരിരക്ഷകൾ.

(ബി) വിളകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യത്തിൽ കർഷകർക്ക് അനുവദിച്ചുവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശനഷ്ടത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്നാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. എസ്.ഡി.ആർ.എഫ്.-ൽനിന്ന് ധനസഹായം നൽകുന്ന മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽനിന്നും നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതത് സമയം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. 29-9-2015-ലെ സ.ഉ. (കൈ) നം.182/2015 കൃഷി പ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് കുറവുവന്ന സാഹചര്യത്തിൽ ഇതിന് ഉപരിയായി

കർഷകർക്ക് സംസ്ഥാന വിഹിതം ഉയർന്ന നിരക്കിൽ നൽകുന്നതിന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് 1-4-2015 മുതൽ പ്രാബല്യത്തിലുണ്ട്. കൂടാതെ 22-3-2017-ലെ സ.ഉ.(എം.എസ്) നം. 37/2017/കൃഷി ഉത്തരവ് പ്രകാരം പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നു. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) വരൾച്ച, പ്രളയം, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ കാർഷിക വിളകൾക്ക് സാരമായ നാശനഷ്ടങ്ങൾ വരുത്തുന്ന സാഹചര്യത്തിൽ കാർഷിക വിളകൾക്ക് സമഗ്രമായ ഒരു ഇൻഷ്വറൻസ് നയം രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന കൃഷി നാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിശ്ചിത പ്രീമിയം അടച്ച് അംഗമാകുന്ന കർഷകർക്ക് നിശ്ചിത നിരക്കുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നു. വ്യക്തികൾക്കുണ്ടാകുന്ന വിളനാശം ഓരോന്നായി പരിശോധിച്ച് നഷ്ടപരിഹാരം നൽകുന്ന രീതി അവലംബിച്ചാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. 22-3-2017-ലെ സ.ഉ. (എം.എസ്.) നം. 37/2017/കൃഷി ഉത്തരവ് പ്രകാരം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം 27 കാർഷിക വിളകൾക്ക് പ്രകൃതിക്ഷോഭംമൂലവും വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷി നാശത്തിനും നഷ്ടപരിഹാരം നൽകിവരുന്നു. വ്യക്തികൾക്കുണ്ടാകുന്ന വിളനാശം ഓരോന്നായി പരിശോധിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നഷ്ടപരിഹാരം അനുവദിക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

**വിള ഇൻഷ്വറൻസ് പദ്ധതി**

57 (1597) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ കൃഷി ഭവൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയെന്നും ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത കർഷകർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

304 കർഷകർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത കർഷകർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ട്രൈക്കോഡർമ, മൈക്കോറൈസ ഉല്പാദന യൂണിറ്റുകൾ**

58 (1598) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ ഇവയുടെ എത്ര ഉല്പാദന യൂണിറ്റുകൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വക്കം, പള്ളിക്കൽ, പഴയകുന്നുമ്മേൽ, ഇടവ എന്നീ പഞ്ചായത്തുകളിലായി സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി മുഖേന 4 മൈക്കോറൈസ ഉത്പാദന യൂണിറ്റുകളും ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ വട്ടിയൂർക്കാവ് കൃഷിഭവനിൽ ഒരു മൈക്കോറൈസ ഉത്പാദന യൂണിറ്റും പാറോട്ടുകോണത്തുള്ള സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലബോറട്ടറിയിലും വെള്ളായണി കാർഷിക കോളേജിലെ മൈക്രോ ബയോളജി വകുപ്പിനുകീഴിലും പ്രവർത്തിക്കുന്ന ഓരോ മൈക്കോറൈസ ഉത്പാദന യൂണിറ്റുകളും ഉൾപ്പെടെ ഏഴ് മൈക്കോറൈസ യൂണിറ്റുകൾ നിലവിലുണ്ട്. കാർഷിക കോളേജിലെ മൈക്രോബയോളജി വകുപ്പിനുകീഴിലും കെ. വി. കെ. മിത്രനികേതന്റെ കീഴിലുമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് ട്രൈക്കോഡെർമ ഉത്പാദന യൂണിറ്റുകളും നിലവിലുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വളം ലഭ്യത കുറവ്

59 (1599) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടാഷ്, യൂറിയ, ഫോസ്ഫേറ്റ്, മറ്റ് മിശ്രിത വളങ്ങൾ തുടങ്ങിയവയ്ക്ക് ഏതാനും ആഴ്ചകളായി ലഭ്യത കുറവുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മൺസൂണിനുശേഷം വളം പ്രയോഗിക്കേണ്ട സമയത്ത് വളങ്ങളുടെ ലഭ്യതക്കുറവ് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുകയുണ്ടായോ?

എല്ലാ ആഴ്ചയും കൃഷി വകുപ്പ് വളത്തിന്റെ കണക്ക് എടുക്കുന്നുണ്ട്. ലഭ്യതക്കുറവുള്ള വളങ്ങൾ കൂടുതൽ എത്തിക്കാനായി വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകുകയും പരമാവധി ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഓരോ വളത്തിന്റെയും ഈ വർഷത്തെ കേന്ദ്ര വളം അലോട്ട്മെന്റിന്റെ ഇരുപതും മുപ്പതും ശതമാനം വരെ മാത്രമാണോ സംസ്ഥാനം ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഓരോ മാസവും കേന്ദ്രം അലോട്ട് ചെയ്ത വളവും ഇവിടെ ലഭിച്ച വളത്തിന്റെയും കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഡീലർമാർ പി.ഒ.എസ്. മെഷീനുകൾ ഉപയോഗിച്ച് തീരുന്ന വളത്തിന്റെ സ്റ്റോക്ക് വിവരങ്ങൾ യഥാസമയം റെക്കോർഡ് ചെയ്യാത്തത് മനസ്സിലാക്കാതെ വളം ഇറക്കുമതി ചെയ്യാതിരുന്നതാണോ വളം ക്ഷാമത്തിന് കാരണമായത്; വിശദമാക്കുമോ?

വിവിധ ആഗോള ഘടകങ്ങൾ രാസവള വിതരണത്തെ പ്രത്യക്ഷമായി ബാധിച്ചിട്ടുണ്ട്. ഇത് രാസവളവിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പി.ഒ.എസ്. മെഷീനിലുള്ള വളത്തിന്റെ ശേഖരം കൂടി കണക്കിലെടുത്തതിനുശേഷമാണ് കേന്ദ്ര സർക്കാർ നിലവിൽ വളം അനുവദിക്കുന്നത്. ഡീലർമാരോട് പി.ഒ.എസ്. മെഷീനുകൾ മുഖേന മാത്രമേ വളം വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷെ പല ഡീലർമാരും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.ഒ.എസ്. മെഷീനുകൾ കൃത്യമായി ഉപയോഗിക്കാത്തതുമൂലമാണ് വളത്തിന്റെ ശേഖരം കൂടുതലായി കാണുന്നത്.

(ഇ) വൻകിട വളം കമ്പനികൾ വിലകൂടിയ കോംപ്ലക്സ് വളങ്ങൾ വാങ്ങുന്നതിന് നിർബന്ധിക്കുന്നതുമൂലം വ്യാപാരികൾ യൂറിയ പോലുള്ള അവശ്യ വളങ്ങൾ കുറഞ്ഞ അളവിൽ വാങ്ങുന്നതാണോ ഈ ക്ഷാമത്തിന് കാരണമെന്ന് വ്യക്തമാക്കാമോ?

അല്ല.

(എഫ്) എങ്കിൽ ഈ വളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ വിശദമാക്കാമോ?

പി.ഒ.എസ്. മെഷീനിലെ ശേഖരവും യഥാർത്ഥ ശേഖരവും ഒന്നാക്കാൻ വേണ്ടി എല്ലാ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരോടും ഈ മാസം 11, 12 തീയതികളിൽ എല്ലാ റീട്ടെയിൽ ഡിപ്പോകളിൽ പരിശോധന നടത്താനും പി.ഒ.എസ്. മെഷീനുകൾ യഥാസമയം ഉപയോഗിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ വളം ലഭ്യതയ്ക്കായി നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്.

**പഴം പച്ചക്കറി സംഭരണം**

60 (1600) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി സംഭരണം ഏത് രീതിയിലാണ് നടപ്പിലാക്കുന്നതെന്നും ആയതിന്റെ തറവില പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചച്ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി താഴെപ്പറയുന്ന 1884 മാർക്കറ്റുകളിലായി വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ

ഭാഗമായി 562 പുതിയ ആഴ്ചച്ചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സംസ്ഥാന സർക്കാർ 16 ഇനം പഴം - പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ താഴെ കൊടുത്തിട്ടുള്ള 16 ഇനം പഴം - പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്.

| മാർക്കറ്റുകൾ | |
|---|---|
| എ ഗ്രേഡ് ക്ലസ്റ്റർ | 256 |
| BLFO-ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്റർ | 37 |
| എക്കോ ഷോപ്പ് | 466 |
| വീക്കിലി മാർക്കറ്റ്സ് | 398 |
| വി.എഫ്.പി.സി.കെ. | 307 |
| ഹോർട്ടികോർപ്പ് | 369 |
| മൊത്ത വ്യാപാര വിപണി | 6 |
| മറ്റുള്ളവ | 45 |
| ആകെ | 1884 |

(ബി) ഈ പദ്ധതിയിലേയ്ക്ക് വൻകിട സംരംഭകരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ചില്ലറ സംഭരണമാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഈ പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 550 വിപണികൾവഴിയാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ PACS-ന്റെയും 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാർക്കറ്റുകൾ | |
|---|---|
| എ ഗ്രേഡ് ക്ലസ്റ്റർ | 256 |
| BLFO-ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്റർ | 37 |
| എക്കോ ഷോപ്പ് | 466 |
| വീക്കിലി മാർക്കറ്റ്സ് | 398 |
| വി.എഫ്.പി.സി.കെ. | 307 |
| ഹോർട്ടികോർപ്പ് | 369 |
| മൊത്ത വ്യാപാര വിപണി | 6 |
| മറ്റുള്ളവ | 45 |
| ആകെ | 1884 |

അടിസ്ഥാന വില

| ക്രമ നമ്പർ | വിള | അടിസ്ഥാന വില |
|---|---|---|
| (1) | (2) | (3) |
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ,<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |

| (1) | (2) | (3) |
|---|---|---|
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |

| | |
|---|---|
| വി.എഫ്.പി.സി.കെ. | 250 |
| ഹോർട്ടികോർപ്പ് | 18 |
| ഇക്കോഷോപ്പുകൾ | 12 |
| എ ഗ്രേഡ് ക്ലസ്റ്ററുകൾ | 14 |
| മൊത്തവ്യാപാര വിപണികൾ | 6 |
| ആകെ | 300 |

(സി) പച്ചക്കറി സംഭരണത്തിന് പഞ്ചായത്തുകളെയും സഹകരണ സംഘങ്ങളെയുമാണോ ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളെ വിപണിയിൽ ഇടപെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതി പ്രകാരം അടിസ്ഥാന വില ലഭിക്കുന്നതിന് കർഷകർ ഉല്പന്നങ്ങൾ PACS-ലേയ്ക്ക് എത്തിക്കേണ്ടതാണ്. സ്വന്തം സംവിധാനങ്ങളിലൂടെ സംഭരിക്കുന്ന കാർഷികവിളകളുടെ വിപണി ഉറപ്പാക്കുന്നതിൽ PACS ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. തെരഞ്ഞെടുത്ത വിളകളുടെ അടിസ്ഥാന വില PACS കർഷകർക്ക് നൽകുകയും PACS-ന് ലഭിക്കേണ്ട ഗ്യാപ് ഫണ്ട് സംബന്ധിച്ച ക്ലെയിം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനം ഫണ്ട് അതത് PACS-ന് നൽകേണ്ടതുമാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനായും പ്രാഥമിക കാർഷിക സഹകരണ സംഘം പ്രസിഡന്റ് വൈസ്

ചെയർമാനായും പ്രാഥമിക കാർഷിക സഹകരണസംഘം സെക്രട്ടറി കൺവീനർ ആയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി അംഗീകരിച്ച ക്ലെയിം PACS-ന് നൽകുകയും ഗ്യാപ്പ് ഫണ്ട് തദ്ദേശ ഭരണ സ്ഥാപനം PACS-ന് മാറി നൽകേണ്ടതും PACS -ന്റെ ക്ലെയിം പ്രകാരം മാറിനൽകേണ്ട അർഹതപ്പെട്ട തുക ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതും ടി തുക സർക്കാർ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുപിടിച്ച് (Recoup) നൽകുന്നതുമാണ്.

(ഡി) സംഭരിച്ച പഴം, പച്ചക്കറിയുടെ വിലയും കൈകാര്യ ട്രാൻസ്പോർട്ടിംഗ് ചാർജ്ജുകളും കർഷകർക്ക് കൊടുത്തുതീർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലോക്ക്ഡൗൺ കാലയളവിൽ കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറികളുടെ വില കർഷകർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ റിവോൾവിംഗ് ഫണ്ടിൽനിന്നും നൽകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 11,56,20,872 രൂപ നൽകിയിട്ടുണ്ട്. 8,41,09,811 രൂപ ഹോർട്ടികോർപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ TSB അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് ബാക്കി തുക തിരികെ നൽകുന്നതിനുള്ള നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

**പ്രളയം, കോവിഡ് എന്നിവമൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

61 (1601) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, കോവിഡ് എന്നിവ കാരണം കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട്.

1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

2. കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ട വളർത്തൽ/പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺകൃഷി/പശു വളർത്തൽ/ മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - (സംയോജിത കൃഷി പദ്ധതി-IFS ) പദ്ധതി നടപ്പിലാക്കി.

3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

4. "ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.

5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പാ പദ്ധതിയായ Special Liquidity Facility-2 (SLF-2)-ൽ കർഷകർക്ക് 785 കോടി രൂപയുടെ വായ്പ ലഭ്യമാക്കി.

6. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം, പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ചചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തിവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 39.0272 കോടി രൂപയുടെ പദ്ധതികൾക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന വിളനാശത്തിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ (SDRF) നിന്നുള്ള സഹായവും സംസ്ഥാന വിഹിതവുംകൂടി ചേർത്ത്

നഷ്ടപരിഹാരം നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന (PMFBY) പദ്ധതി, പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(ബി) വിലയിടിവുമൂലം സാമ്പത്തിക നഷ്ടം നേരിട്ട കപ്പ, നേന്ത്രവാഴ, പൈനാപ്പിൾ കർഷകരെ സഹായിക്കാനും ഇടത്തട്ടുകാരില്ലാതെ മികച്ച വിപണന സൗകര്യം ഒരുക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) വിലയിടിവുമൂലം സാമ്പത്തിക നഷ്ടം നേരിട്ട കപ്പ, നേന്ത്രവാഴ, പൈനാപ്പിൾ കർഷകരെ സഹായിക്കാനും ഇടത്തട്ടുകാരില്ലാതെ മികച്ച വിപണന സൗകര്യം ഒരുക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് കേരള ഫാം ഫ്രഷ് പഴം - പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം കേരളത്തിലെ 16 ഇനം പഴം - പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ച് ആനുകൂല്യം നൽകിവരുന്നു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അതത് ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ പ്രസ്തുത ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുന്നു. മാർക്കറ്റ് വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസം കർഷകന് നേരിട്ട് ടി പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. കൂടാതെ കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 562 പുതിയ ആഴ്ച്ചചന്തകൾ വഴിയും മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾവഴിയും

ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾമൂലം ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് ആദായ വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മരച്ചീനിയുടെ ഉത്പാദനം കൂടിയ സാഹചര്യത്തിൽ വാട്ടുകപ്പ, ഉണക്ക മരച്ചീനി തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പ് സംഭരിക്കുകയും ക്ഷീര വകുപ്പും പഞ്ചായത്തുമായി ചേർന്ന് കപ്പ വിറ്റഴിക്കുന്നതിന് കൃഷി വകുപ്പ് ഫലപ്രദമായി ഇടപെടുകയുമുണ്ടായി.

(ഡി) 2019, 2020, 2021 വർഷങ്ങളിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽനിന്നും പ്രളയം, പ്രകൃതിക്ഷോഭം എന്നിവമൂലമുള്ള കൃഷിനാശം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

പ്രളയം, പ്രകൃതിക്ഷോഭം എന്നിവമൂലമുള്ള കൃഷിനാശത്തിന് ആനുകൂല്യം ലഭിക്കുന്നതിനായി 2019-20-ൽ 1298 -ഉം, 2020-21-ൽ 709-ഉം, 2021-22-ൽ 558-ഉം അപേക്ഷകൾ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിന് എത്ര തുക വീതം വിതരണം ചെയ്തുവെന്നും ഇനിയും ധനസഹായം അനുവദിക്കാനുള്ളവയുടെ വിശദാംശങ്ങളും വർഷം തിരിച്ച് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## അഗ്രികൾച്ചറൽ മാർക്കറ്റിന്റെ വികസനം

62(1602) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരി അഗ്രികൾച്ചറൽ മാർക്കറ്റിന്റെ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യമാക്കി സമഗ്രമായ പദ്ധതിയും മാസ്റ്റർ പ്ലാനും വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റതാക്കി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ഏകദേശം 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത മാസ്റ്റർ പ്ലാൻ ഘട്ടംഘട്ടമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) മാർക്കറ്റിന്റെ ഭാഗമായി അഗ്രോ ബസാർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള അഗ്രോ പാർക്ക് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരത്തിനായി പ്രോജക്റ്റ് KAICO മുഖേന നൽകിയിട്ടുണ്ട്. അഗ്രോ പാർക്ക് നടപ്പിലാക്കുന്നതിന് സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം വിളിച്ചുചേർക്കുകയും വിശദമായി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അഗ്രോ ഇൻഡസ്ട്രിയിലെ കാർഷിക യന്ത്രങ്ങൾ**

63 (1603) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയെ കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്ന വർക്ക്ഷോപ്പ് അടക്കമുള്ള സംവിധാനങ്ങളൊരുക്കി വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ വലിയ കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സംവിധാനത്തോടുകൂടിയ വർക്ക്ഷോപ്പ് ഇല്ല. യൂണിറ്റിനോടനുബന്ധിച്ച് ലഭ്യമായ സ്ഥലത്ത് കൃഷി വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നൂതന വർക്ക്ഷോപ്പ് സജ്ജീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഏതെല്ലാം കാർഷിക യന്ത്രങ്ങളാണ് അവിടെയുള്ളതെന്ന് വ്യക്തമാക്കാമോ?

അരിമ്പൂർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ താഴെ പറയുന്ന യന്ത്രങ്ങൾ ആണ് നിലവിലുള്ളത്.

കൊയ്ത്തുമെതി യന്ത്രം - 63 എണ്ണം,

പവർ ടില്ലർ - 30 എണ്ണം,

ട്രാക്ടർ - 4 എണ്ണം,

നടീൽ യന്ത്രം - 7 എണ്ണം

(സി) കർഷകർക്ക് യന്ത്രങ്ങൾ വിതരണം ചെയ്യുന്നത് ഏത് സംവിധാനത്തിലാണെന്ന് അറിയിക്കാമോ?

യന്ത്രങ്ങൾ വിതരണം ചെയ്യുന്നത് താഴെ പറയും പ്രകാരമാണ്:

1. കൊയ്ത്തുമെതി യന്ത്രങ്ങൾ ആവശ്യമായി വരുന്ന പാടശേഖരസമിതികളുടെ മുൻകൂട്ടിയുള്ള അപേക്ഷകൾ കൊയ്ത്തിനുവേണ്ടിവരുന്ന തീയതി ഉൾപ്പെടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ഈ അപേക്ഷയിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്.

3. ബന്ധപ്പെട്ട പാടശേഖര സമിതി സെക്രട്ടറി/പ്രസിഡന്റ്/കൺവീനർ/ അപേക്ഷകൻ, 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് ഒരു യന്ത്രത്തിന് 20,000 രൂപാ അഡ്വാൻസ് വാങ്ങി യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് കൈമാറുന്നു.

4. മണിക്കൂറിന് 800 രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകുന്നത്.

5. യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായിവരുന്ന ഇന്ധനം (ഡീസൽ), യന്ത്രങ്ങൾ കൊണ്ടുപോയി തിരികെ ഓഫീസിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള കടത്തുകൂലി എന്നിവ അപേക്ഷകർ വഹിക്കേണ്ടതാണ്.

6. ഡ്രൈവർ, ഹെൽപ്പർ എന്നിവ ആവശ്യമായി വരുന്ന സാഹചര്യത്തിൽ താമസം, ഭക്ഷണം തുടങ്ങിയവ പാടശേഖരസമിതി തരപ്പെടുത്തി നൽകേണ്ടതാണ്.

7. യന്ത്രങ്ങൾ ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കി അഡ്വാൻസ് കുറച്ചശേഷം പണമിടപാട് തീർപ്പാക്കുന്നതാണ്.

8. യന്ത്രങ്ങൾ തിരികെ ഏൽപ്പിക്കുന്നതിന് മുൻപായി കഴുകി വൃത്തിയാക്കി നൽകേണ്ടതാണ്.

(ഡി) ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതിക്ക് യന്ത്രങ്ങൾ നേരിട്ട് നൽകാനുള്ള നടപടി സ്വീകരിക്കാനാകുമോ; വിശദാംശങ്ങൾ നൽകാമോ?

ബന്ധപ്പെട്ട പാടശേഖര സമിതി സെക്രട്ടറി/പ്രസിഡന്റ്/കൺവീനർ/ അപേക്ഷകൻ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് ഒരു യന്ത്രത്തിന് 20,000 രൂപാ അഡ്വാൻസ് വാങ്ങി പാടശേഖര സമിതികൾക്ക് കൈമാറിവരുന്നുണ്ട്.

## വയനാട് ജില്ലയിൽ പച്ചക്കറി ശേഖരിച്ച വകയിലെ കുടിശ്ശിക

64 (1604) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പച്ചക്കറി ശേഖരിച്ച വകയിൽ ഹോർട്ടികോർപ്പ് സഹകരണ ബാങ്കുകൾക്ക് പണം നൽകാനുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കാണെന്നും എത്ര തുക ഇത്തരത്തിൽ കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

## മറ്റത്തൂർ വി.എഫ്.പി.സി.കെ.-ക്ക് നൽകാനുള്ള കുടിശ്ശികത്തുക

65(1605) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ വി.എഫ്.പി.സി.കെ.-യ്ക്ക് പച്ചക്കറി നൽകിയ വകയിൽ വലിയ തുക നൽകാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വി.എഫ്.പി.സി.കെ.-കളിൽനിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയവയ്ക്ക് കാലതാമസം കൂടാതെ വില നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മറ്റത്തൂർ വി.എഫ്.പി.സി.കെ.-യ്ക്ക് നൽകാനുള്ള കുടിശ്ശികത്തുക ഉടൻ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതിക്ക് പഴം-പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് 19,54,668 രൂപ നൽകാനുണ്ട്. വി.ഫ്.പി.സി.കെ.-യുടെ

സമിതികളിൽനിന്നും സംഭരിക്കുന്ന പഴം- പച്ചക്കറികളുടെ വില അതത് സംഭരണ ഏജൻസികളാണ് നൽകേണ്ടത്. എന്നാൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കർഷകർ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രയാസം നേരിട്ടപ്പോൾ പ്രസ്തുത ഉത്പന്നങ്ങൾ സംഭരിക്കാൻ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവരെ ചുമതലപ്പെടുത്തുകയും മേൽ ഉത്പന്നങ്ങളുടെ വില കാലതാമസം നേരിടാതെ കർഷകർക്ക് നൽകാനായി റിവോൾവിംഗ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നൽകിയ റിവോൾവിംഗ് ഫണ്ട് മേൽ ഏജൻസികൾ തിരിച്ചടക്കുന്ന മുറയ്ക്ക് കർഷകരുടെ ഉത്പന്നങ്ങളുടെ വില നൽകിവരുന്നുണ്ട്. കുടിശ്ശികത്തുക ക്ലെയിം ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നുണ്ട്.

**വയനാട് ജില്ലയിൽ ഹോർട്ടികോർപ്പ് മുഖേന വാഴക്കുല സംഭരണം**

66(1606) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം ഹോർട്ടികോർപ്പ് മുഖേന വാഴക്കുല സംഭരണം നടത്തിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോ വാഴക്കുല ശേഖരിച്ചുവെന്നും കർഷകർക്ക് ഇതുവഴി എത്ര രൂപ ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ?

(എ&ബി) ഹോർട്ടികോർപ്പ് വയനാട് ജില്ലാ സംഭരണ കേന്ദ്രത്തിനുകീഴിൽ 4-1-2021 മുതൽ 3-10-2021 വരെ 276.5 ടൺ നേന്ത്രൻ 36.14 ലക്ഷം രൂപയ്ക്ക് സംഭരണം നടത്തിയിട്ടുണ്ട്.

**പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

67 (1607) <u>ശ്രീ. കെ. പ്രേംകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ നമ്മുടെ ആവശ്യകതയുടെ പകുതി മാത്രമാണ് എന്നും ശേഷിക്കുന്നവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2017-18 വർഷത്തിൽ പച്ചക്കറിയുടെ ഉല്പാദനം 10.01 ലക്ഷം മെട്രിക് ടണ്ണായതിനാൽ ആവശ്യകതയുടെ 50 ശതമാനം അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിരുന്നു. ആയത് 2018-19

വർഷത്തിൽ ഉല്പാദനം 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയരുകയും ഇറക്കുമതി ആവശ്യകതയുടെ 40 ശതമാനവും 2019-20 വർഷത്തിൽ ഉല്പാദനം 14.93 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുകയും ഇറക്കുമതി 25%-മായി കുറയ്ക്കാനും സാധിച്ചു. 2020-21 വർഷത്തിൽ ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുകയും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ തോത് 21.5 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചു.

(ബി) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ?

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവന ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
3. ജില്ലാ ക്ലസ്റ്റർ വികസനം
4. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം
5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.
6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

8. നഴ്സറികൾ സ്ഥാപിക്കൽ

9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10. മഴമറ നിർമ്മാണം

11. സേഫ്-ടു-ഈറ്റ്

12. സുഭിക്ഷ കേരളം പദ്ധതി

13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി.

(സി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പച്ചക്കറി കൃഷിക്കായി മാത്രം പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടില്ല. കാർഷിക പാരിസ്ഥിതിക മേഖല (അഗ്രോ എക്കോളജിക്കൽ സോൺ) ആസ്പദമാക്കിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇടുക്കി ജില്ലയ്ക്കായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സ്റ്റാഗേഡ് ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 333.33 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറികൃഷിക്ക് മാത്രമായി 100 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

68 (1608) <u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

1. കേരളത്തിലെ കർഷകരിൽനിന്നും കൂടുതൽ പഴം, പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിൽ ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രം ഇല്ലാത്ത കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഹോർട്ടികോർപ്പിന്റെ വിൽപ്പന കേന്ദ്രങ്ങൾ പുതിയതായി തുടങ്ങാനും നിലവിലെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നു.

3. ഹോർട്ടികോർപ്പിന്റെ കീഴിലുള്ള തേനീച്ച വളർത്തൽ കേന്ദ്രത്തിൽ കർഷകർക്ക് തേനീച്ചയെക്കുറിച്ച് കൂടുതൽ അറിയാനായി തേനീച്ച മ്യൂസിയം സ്ഥാപിക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

4. ചേർത്തലയിൽ തേനീച്ച വളർത്തലുമായി ബന്ധപ്പെട്ട് ആവശ്യമായുള്ള ഉപകരണങ്ങളുടെ ഉൽപ്പാദന യൂണിറ്റും തേനീച്ച ഉൽപ്പാദന യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

5. കേരളത്തിലെ 13 ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളിൽ ഹോർട്ടികോർപ്പിന്റെ ഹണി പാർലർ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) ഹോർട്ടികോർപ്പിന്റെ വിപണനത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് ഏജൻസികളുടെ സഹായത്തോടുകൂടി പഴം പച്ചക്കറികൾ, തേൻ, കട്ട് വെജിറ്റബിൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രവർത്തനരഹിതമായ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പരിഗണനയിൽ ഉണ്ടോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ കിഴക്കേകോട്ട, കണിയാപുരം എന്നീ കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിൽ ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത ബസ്സ് ഡിപ്പോയിലെ വിപണനശാലകളുടെ പണി പുരോഗമിക്കുകയാണ്.

(ഡി) കർഷകരിൽനിന്ന് സംഭരിക്കുന്ന ഉൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഹോർട്ടികോർപ്പ് എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട് കർഷകരിൽനിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങളിൽനിന്നും കട്ട് വെജിറ്റബിൾ, ചിപ്സ്, വാട്ടുകപ്പ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

**കാർഷിക ലോൺ എഴുതി തള്ളുന്നതിന് നടപടി**

69 (1609) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനായി സർക്കാർ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ കർഷകർക്ക് അനുവദിച്ചിരുന്ന കാർഷിക ലോണുകൾ വിവിധ കാരണങ്ങളാൽ കർഷകർക്ക് തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇളവുകൾ നൽകി പ്രസ്തുത ലോണുകൾ തിരിച്ചടയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാർഷിക ലോണുകളുടെ തിരിച്ചടവ് മുടങ്ങിയതുമൂലം ജപ്തി നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നുള്ള കാർഷിക വായ്പകൾക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ചുവരുന്നു. കാർഷികാവശ്യത്തിനായി ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ളതും 2020 മാർച്ച് ഒന്നിനും 2020 ആഗസ്റ്റ് 31-നും ഇടയിൽ പുതുക്കേണ്ടതുമായ കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2020 ആഗസ്റ്റ് 31 വരെ സമയപരിധി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചിരുന്നു. കോവിഡ് രണ്ടാംതരംഗത്തിന്റെ ഭാഗമായി 2021 മാർച്ച് ഒന്നിനും 2021 ജൂൺ 30 വരെയും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2021 ജൂൺ 30 വരെ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവ് 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് 9-6-2021-ലെ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ**

70 (1610) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചുവരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു.

(ബി) കർഷക കടാശ്വാസ കമ്മീഷന് ലഭിക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർഷകർ നൽകുന്ന അപേക്ഷകളിന്മേൽ കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തി പുറപ്പെടുവിക്കുന്ന അവാർഡുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധന നടത്തി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള കടാശ്വാസ തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽനിന്നും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണുംമൂലം നിർത്തിവയ്ക്കേണ്ടിവന്ന കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് നടപടികൾ ഈ വർഷം ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. സിറ്റിംഗ് നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ കടാശ്വാസ കമ്മീഷനിൽ തീർപ്പാക്കാൻ അവശേഷിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ അവാർഡുകളിന്മേലുള്ള വെരിഫിക്കേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എണ്ണപ്പന കൃഷി പ്രോത്സാഹന പദ്ധതി

71 (1611) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്തെ പാമോയിൽ ക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച എണ്ണപ്പന കൃഷി പ്രോത്സാഹന പദ്ധതിയിൽനിന്നും കേരളത്തെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി തിരുത്തി കേരളത്തെയും ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

ഇല്ല. നടപ്പുവർഷം ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതിയിൻ കീഴിൽ എണ്ണപ്പന വികസനത്തിനായി 50 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകി അംഗീകാരം ലഭിച്ചിരുന്നു. തുടർന്ന് കേന്ദ്രസർക്കാർ പുതിയ കേന്ദ്ര പദ്ധതിക്കായി നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ - ഓയിൽ പാം എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പുതുക്കിയ വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എണ്ണപ്പന കൃഷി വ്യാപിപ്പിക്കുന്നതിനായി വർദ്ധിപ്പിച്ച നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതി പ്രകാരം കേരളത്തിലെ 8 ജില്ലകളിൽ (ആലപ്പുഴ, എറണാകുളം, ഇടുക്കി, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തൃശ്ശൂർ) 6500 ഹെക്ടറിൽ 5 വർഷംകൊണ്ട് എണ്ണപ്പന കൃഷി വ്യാപിപ്പിക്കുന്നതിനാണ് പുതിയ കേന്ദ്ര പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഇത് കേരളത്തിലെ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ തൊടുപുഴ വെട്ടിമറ്റത്തുള്ള സീഡ് ഗാർഡനുപുറമേ കേരളത്തിൽ പുതുതായി ഒരു സീഡ് ഗാർഡൻ നഴ്സറികൂടി അനുവദിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയത്തോട് ആവശ്യപ്പെടുന്ന കാര്യവും പരിഗണനയിലുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിശ്രീ കേന്ദ്രങ്ങൾ

72(1612) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അഗ്രോസർവീസ് സെന്ററുകളാണുള്ളതെന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെയുള്ള രണ്ട് ബ്ലോക്കുകളായ ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി എന്നീ ബ്ലോക്കുകളിൽ യഥാക്രമം തിടനാട് അഗ്രോ സർവ്വീസ് സെന്റർ, കൂട്ടിക്കൽ അഗ്രോ സർവ്വീസ് സെന്റർ എന്നിങ്ങനെ രണ്ട് അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളത്.

(ബി) നിയോജകമണ്ഡലത്തിൽ കൂടുതൽ കൃഷിശ്രീ കേന്ദ്രങ്ങൾ (അഗ്രോസർവീസ് സെന്ററുകൾ) ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി എന്നീ ബ്ലോക്കുകളിലായി ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾ വീതം നിലവിലുണ്ട്. അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ അനുസരിച്ച് ഒരു ബ്ലോക്കിന് ഒന്നിലധികം അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദനീയമല്ല.

**കേരള അഗ്രോ ബിസിനസ് കമ്പനി**

73 (1613) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി കേരള അഗ്രോ ബിസിനസ് കമ്പനി ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ കമ്പനിയുടെ ഘടനയും പ്രധാന ചുമതലകളും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വൻകിട കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി വിപണി വിലയ്ക്ക് ആനുപാതികമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ ഇടപെടലുകൾ നടത്താൻ കമ്പനിക്ക് കഴിയും എന്നാണ് സർക്കാർ വിലയിരുത്തുന്നത്?

(ബി&സി) കാർഷിക മേഖലയിലെ വിപണനം, പ്രോത്സാഹിപ്പിക്കുന്നതിന് കമ്പനീസ് ആക്ട് പ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനിയെന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുന്നതിന് 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിക്കുകയും ഇതിനായി 1.5 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംഭരണം; സംസ്കരണം, വിപണനം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭ്യമാക്കുന്നതിനും അധികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തി വിപണനം

ഉറപ്പാക്കുന്നതിനും കൃഷി വകുപ്പിനു കീഴിൽ അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക, കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുക എന്നിവയാണ് നിർദ്ദിഷ്ട അഗ്രോ ബിസിനസ്സ് കമ്പനിയുടെ പ്രധാന ചുമതലകൾ. സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന മേഖലയിൽ ശരിയായ ഇടപെടൽ ഉറപ്പാക്കുന്നതിന് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണം വഴി സാധ്യമാകുന്നതാണ്. കർഷകർ, കാർഷിക സംഘടനകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവരിൽനിന്നും കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി വിപണനം നടത്തുന്നത് സുഗമമാക്കുന്നതിന് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ഡി) നിലവിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നെല്ല്, തേങ്ങ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഭരണം പ്രസ്തുത കമ്പനി മുഖേനയായിരിക്കുമോ തുടരുക; വിശദാംശങ്ങൾ നൽകുമോ?

നെല്ല്, തേങ്ങ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഭരണം ഈ കമ്പനിയിലൂടെ സംഭരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**കാർഷിക രംഗത്ത് ഇറിഗേഷൻ പദ്ധതികളുടെ പ്രയോറിറ്റി**

74 (1614) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് പരസ്പര പൂരകങ്ങളായിരിക്കേണ്ട കൃഷി വകുപ്പും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള കൂടിയാലോചനകളുടെ കുറവ് കാർഷിക രംഗത്ത് ഇറിഗേഷൻ പദ്ധതികളുടെ പ്രയോറിറ്റി തീരുമാനിക്കുന്നതിൽ അപാകതകൾ ഉണ്ടാകാറുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രണ്ട് വകുപ്പുകളും കൂടിയാലോചിച്ചുകൊണ്ട് പദ്ധതികൾ തിരുമാനിക്കുന്നരീതി അവലംബിക്കുന്നതിന് കാർഷിക വകുപ്പ് മുൻകൈയ്യെടുക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഷിക രംഗത്ത് പരസ്പര പൂരകങ്ങളായിരിക്കേണ്ട കൃഷി വകുപ്പും ഇറിഗേഷൻ വകുപ്പും ചേർന്നുകൊണ്ട് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ വ്യാപിപ്പിക്കുന്നതിനുള്ള കൂടിയാലോചനകൾ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി അനുയോജ്യമായ കൃഷി സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന നടപടികൾ രണ്ട് വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലും കർഷകരുടെ കൃഷി സ്ഥലംവരെ ജലസേചനത്തിന് ആവശ്യമായ വെള്ളം എത്തിക്കുന്ന നടപടികൾ ഇറിഗേഷൻ വകുപ്പും "കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ" കർഷകരുടെ കൃഷി സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടികൾ കൃഷി വകുപ്പുമാണ് സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY - Per Drop More Crop - Micro Irrigation എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്.

## കൃഷി വകുപ്പിലെ തസ്തികകൾ

75 (1615) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987-ലെ കൃഷി വകുപ്പ് പുനഃസംഘടനയ്ക്കുശേഷം വകുപ്പിൽ പുതിയതായി സൃഷ്ടിച്ച തസ്തികയുടെ എണ്ണം, അവ സൃഷ്ടിച്ച തീയതി എന്നിവ തസ്തികകൾ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കൃഷി വകുപ്പിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## കൃഷിവകുപ്പ് പുനഃസംഘടന

76 (1616) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലെ കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതിക സോണുകളായും 23 യൂണിറ്റുകളായും വിഭജിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിളനിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക (അഗ്രോ ഇക്കോളജിക്കൽ സോൺ) മേഖലയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ ജീവനക്കാരുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ " ഹ്യൂമൻ റിസോഴ്സ് ഡയഗണോസ്റ്റിക്സ് ഇൻ അഗ്രികൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്" എന്ന പഠനം നടത്താൻ M/s. C.S. Datamation Pvt. Limited എന്ന സ്ഥാപനത്തെ ടെണ്ടർ നടപടി മുഖാന്തരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ**

77(1617) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ തൂണേരി, ചോറോട്, കായക്കൊടി, വേളം, കാവിലുംപാറ, മണിയൂർ, തിരുവള്ളൂർ, ഓമശ്ശേരി, ചെറുവണ്ണൂർ, രാമനാട്ടുകര, തൊട്ടിൽപ്പാലം, ചേമഞ്ചേരി, പയ്യോളി, കട്ടിപ്പാറ എന്നീ 14 കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിവുള്ളത്. കൊടുവള്ളി, തിക്കോടി, നൊച്ചാട് കൃഷി ഓഫീസർമാർ മാതൃത്വ അവധിയിലായതിനാൽ പ്രസ്തുത കൃഷി ഓഫീസർ തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ടി തസ്തികകളുടെ താല്ക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളിലാണ് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലനിൽക്കുന്നത്; വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| കൊയിലാണ്ടി | - 2 |
| ചേമഞ്ചേരി | - 3 |
| ചെങ്ങോട്ടുകാവ് | - 3 |
| മൂടാടി | - 1 |
| തിക്കോടി | - 1 |
| ആകെ | - 10 |

(ഡി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്താത്തത് കൃഷി ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷി അസിസ്റ്റന്റ് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ. പി. എസ്. സി.) - നിൽനിന്നും അഡ്വൈസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ കൃഷി അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത OA No. 107/2021-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31-8-2021-ലെ ഉത്തരവിനെതിരെ ഒരുകൂട്ടം ഉദ്യോഗാർത്ഥികൾ സമർപ്പിച്ച OP (KAT) No. 258/2021 -മേൽ ബഹു. കേരള ഹൈക്കോടതിയുടെ 23-9-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശയും നിയമനവും നടത്തുന്നത് ടി കേസിന്റെ അന്തിമവിധിക്ക് വിധേയമായിട്ടായിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

## മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ ദിവസവേതനാടിസ്ഥാനത്തിൽ കാഷ്വൽ വർക്കർമാരുടെ നിയമനം

78 (1618) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ

വർക്കർമാരെ നിയമിക്കുന്നതിന് കായികക്ഷമതാ പരിശോധന നടത്തിയിട്ടും അർഹരായവരുടെ പട്ടിക ഇതുവരെ പ്രസിദ്ധീകരിക്കാത്തത് എന്താണെന്ന് അറിയിക്കാമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ എറണാകുളം അഡീഷണൽ ബെഞ്ചിൽ OA(EKM)1557/2020-നമ്പർ കേസിന്മേൽ നിയമനങ്ങൾ നടത്തുന്നതിന് സ്റ്റേ അനുവദിച്ചിട്ടുണ്ടോയെന്നും കേസിന്റെ അന്തിമ വിധിക്ക് വിധേയമായിട്ടാണോ കാഷ്വൽ വർക്കർമാരെ നിയമിക്കുക എന്നും അറിയിക്കാമോ; സ്റ്റേ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ നിയമനം നടത്താൻ ഉദ്ദേശിച്ച 129 ഒഴിവുകളിലേയ്ക്ക് മുണ്ടേരി ഫാം പരിസരത്തെ ആറ് ആദിവാസി കോളനികളിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ കുടുംബശ്രീ മിഷൻ തയ്യാറാക്കി മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ച പട്ടികയിൽനിന്നും നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വിപിൻ മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA EKM 1557/20 നമ്പർ കേസിൽ 23-10-2020-ലെ ഉത്തരവ് പ്രകാരം റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തുടർന്നുള്ള ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കണമെന്ന വ്യവസ്ഥയിൽ കൂടിക്കാഴ്ച നടപടികൾ പൂർത്തിയാക്കുന്നതിന് അനുമതി നൽകി. 23-10-2020-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ഇതോടൊപ്പം ചേർക്കുന്നു*. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള അനുമതി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി) മേൽ കേസിലെ ഇടക്കാല ഉത്തരവിൽ അർഹരായവരുടെ പട്ടിക പ്രസിദ്ധീകരിക്കാൻ സ്റ്റേ തടസ്സമല്ലെന്ന് പ്രതിപാദിച്ചിരുന്നതിനാൽ അർഹരായ ഉദ്യോഗാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് നിയമപരമായി എന്ത് തടസ്സങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-10-2020-ലെ ഇടക്കാല ഉത്തരവിൽ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നത് കേസിലെ തുടർവിധി നിർണ്ണയത്തിന് ശേഷമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) മേൽ കേസിലെ സ്റ്റേ നീക്കുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേസിൽ സർക്കാർ നൽകിയ കൗണ്ടർ അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; കേസിൽ ഏത് അഭിഭാഷകനാണ് ഹാജരാകുന്നതെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുണ്ടേരി ഫാമിലെ തൊഴിലാളി ദൗർലഭ്യവും വിവിധ പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണവും ലക്ഷ്യമിട്ട് സ്റ്റേ ഒഴിവാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി തൊഴിലാളികളെ നിയമിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതിന് 23-12-2020, 09-09-2021 എന്നീ തീയതികളിൽ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കാഷ്വൽ തൊഴിലാളികളെ നിയമിക്കേണ്ട വിവിധ അടിയന്തര സാഹചര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ 22-01-2020-ന് Miscellaneous Application ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ സർക്കാർ നൽകിയ റിപ്ലേ സ്റ്റേറ്റ്മെന്റിന്റെ (കൗണ്ടർ അഫിഡവിറ്റ്) പകർപ്പ് അനുബന്ധം II ആയി ഇതോടൊപ്പം ചേർക്കുന്നു*. ഈ കേസിൽ ശ്രീ. ഇ. എസ്. അഷ്റഫ് ആണ് ഗവൺമെന്റ് പ്ലീഡർ.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാത്തവരെയും കാഷ്വൽ വർക്കറായി പരിഗണിക്കാനാവുമോയെന്നും കാഷ്വൽ വർക്കറായി പ്രദേശ വാസികൾക്ക് നേരിട്ട് നിയമനം സാധ്യമാകുമോയെന്നും അറിയിക്കാമോ?

3-4-2017-ലെ സ.ഉ. (കൈ) 51/17/കൃഷി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളിലും തൊഴിലാളികളെ സ്ഥിരമായോ ദിവസവേതനത്തിലോ താൽക്കാലികമായോ നിയമിക്കുന്നത് സംവരണക്രമം പാലിച്ച് ഫാം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം മാത്രം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ കാഷ്വൽ വർക്കറായി പ്രദേശവാസികൾക്ക് നേരിട്ട് നിയമനം നൽകാൻ വ്യവസ്ഥയില്ല.

**മണലൂർ മണ്ഡലത്തിലെ ഹൈലെവൽ കനാൽ നിർമ്മാണം**

79 (1619) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഹൈലെവൽ കനാലിന്റെ ഭാഗമായി ഏനാമാവ് റെഗുലേറ്റർ വരെയുള്ള ഹൈലെവൽ കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഹൈലെവൽ കനാലിന്റെ കുഞ്ഞാലുക്കൽ മുതൽ അയ്യപ്പൻകാവ് വരെയുള്ള 8 കി.മി. നീളംവരുന്ന ഭാഗത്തെ പ്രവൃത്തികൾക്ക് 19.52 കോടി രൂപയുടെ ഭരണാനുമതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണലൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പുത്തൻകോവിലകം മുതൽ അയ്യപ്പൻകാവ് വരെയുള്ള കനാൽ രണ്ട് ഭാഗങ്ങളായി തിരിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കാഞ്ഞാണി റോഡ് മുതൽ അയ്യപ്പൻകാവ് വരെയുള്ള (റീച്ച്-IV) ഭാഗത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുത്തൻകോവിലകം മുതൽ കാഞ്ഞാണി റോഡ് വരെയുള്ള (റീച്ച്-III) ഭാഗത്തിന്റെ പ്രവൃത്തികളുടെ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി നവംബർ മാസത്തോടുകൂടി ആരംഭിക്കുന്നതാണ്.

(ബി) കാർഷിക മേഖലയ്ക്ക് വളരെ പ്രയോജനകരമായ ഈ കനാൽ പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഈ പ്രവൃത്തി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന പച്ചക്കറി/ഫല വൃക്ഷത്തൈകൾ**

80 (1620) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന പച്ചക്കറി തൈകളും ഫലവൃക്ഷത്തൈകളും യഥാവിധി തന്നെയാണോ കൃഷി ചെയ്യുന്നതെന്നും കൃഷി ചെയ്ത് പച്ചക്കറികളും ഫലങ്ങളും ഉല്പാദിപ്പിക്കുന്നുണ്ടോയെന്നും കൃഷി ഓഫീസർമാർ കൃഷി സ്ഥലങ്ങളിലെത്തി പരിശോധിച്ച് വിലയിരുത്താറുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കൃഷി വകുപ്പ് മുഖേന പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന പച്ചക്കറി തൈകളുടെയും ഫലവൃക്ഷത്തൈകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് കൃഷി ഓഫീസർമാർ കർഷകർക്ക് വിതരണം ചെയ്യുന്നത്. പച്ചക്കറിത്തൈകളും ഫലവൃക്ഷത്തൈകളും വിതരണം ചെയ്തതിനുശേഷം അതത് വാർഡിന്റെ ചുമതലയുള്ള കൃഷി അസിസ്റ്റന്റുമാർ ഫീൽഡ് പരിശോധന നടത്തുകയും കൃഷിക്കാർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇതുകൂടാതെ പച്ചക്കറി കൃഷിക്കായുള്ള പരിശീലന പരിപാടികൾ കൃഷി ഭവൻ, കൃഷി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയവവഴി കർഷകർക്ക് നൽകിവരുന്നു. പഴവർഗ്ഗ വികസന പദ്ധതിയുടെ നടത്തിപ്പിന്റെ മാർഗ്ഗരേഖയിൽത്തന്നെ ഓരോ വിഭാഗം

ഉദ്യോഗസ്ഥരും കൃഷിയിടങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അനുപാതം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാർ അവരുടെ വാർഡുകളിൽ വിതരണം നടത്തിയിട്ടുള്ളതും നട്ടുപിടിപ്പിച്ചിട്ടുള്ളതുമായ മുഴുവൻ ഫല വൃക്ഷത്തൈകളുടേയും മോണിറ്ററിംഗ് നടത്താനും വിതരണം നടത്തിയിട്ടുള്ള ഫലവൃക്ഷത്തൈകളുടെ 50% മോണിറ്ററിംഗ് കൃഷി ഓഫീസർമാർ നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ 25% വും, ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ 15%വും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ 2% വും ഭൗതിക പരിശോധന നടത്തിവരുന്നു. പച്ചക്കറി കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ കൃഷി ഓഫീസർമാർ കൃഷി സ്ഥലം സന്ദർശിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശം നൽകുന്നുണ്ട്. കൃഷിയിടങ്ങളിൽ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ കാർഷിക പ്രശ്നങ്ങൾ ഫീൽഡ് അസിസ്റ്റന്റുമാർ യഥാസമയം കൃഷി ഓഫീസർമാരെ അറിയിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നൂതന കൃഷി മുറകളായ കൃത്യതാ കൃഷി, മഴമറ കൃഷിയിലെ വിളവ്, മറ്റു അനുബന്ധ പ്രശ്നങ്ങൾ എന്നിവ എല്ലാ ജില്ലകളിൽനിന്നും തിരഞ്ഞെടുത്ത കർഷകരിൽനിന്നും നിശ്ചിത ഫോർമാറ്റിൽ ശേഖരിച്ചിട്ടുണ്ട്.

### പുതിയറ കൃഷിഭവൻ ഓഫീസ് നെൽവയൽ തണ്ണീർത്തട_ഡാറ്റാബാങ്ക്

81(1621) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പുതിയറ കൃഷി ഭവൻ ഓഫീസ് നെൽവയൽതണ്ണീർത്തട ഡാറ്റാബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇല്ലെങ്കിൽ അപാകത പരിഹരിച്ച് പ്രസ്തുത ഡാറ്റാ ബാങ്ക് പ്രസിദ്ധികരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

### പാറശ്ശാല നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക്

82 (1622) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ ഡാറ്റാ ബാങ്കിലെ അപാകതകൾ

പരിഹരിക്കാനും ഉപഗ്രഹ സംവിധാനം ഉപയോഗിച്ച് ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പരിഷ്കരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുപ്രകാരം ടി മണ്ഡലത്തിലെ എത്ര കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(സി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ അവശേഷിക്കുന്ന കൃഷി ഭവനുകൾ എത്ര എണ്ണമുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ അവശേഷിക്കുന്ന കൃഷി ഭവനുകളിൽ അടിയന്തരമായി അവ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (അമ്പൂരി, ആര്യങ്കോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പാറശ്ശാല, പെരുങ്കടവിള, വെള്ളറട) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പരസ്യപ്പെടുത്തി പരാതികൾ സ്വീകരിക്കുകയും വില്ലേജ് ഓഫീസിലെ രേഖകളുടേയും സ്ഥല പരിശോധനകളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക നിരീക്ഷണ സമിതികൂടി പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് പാറശ്ശാല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഒറ്റശേഖരമംഗലം, വെള്ളറട എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാബാങ്കിന്റെ പൂർണ്ണമായ വാലിഡേഷൻ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവിയോൺമെൻറ് സെന്റർ പൂർത്തീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷയെയും പാരിസ്ഥിതിക സുസ്ഥിരതയെയും ബാധിക്കുന്ന ഭൂവിനിയോഗ രീതിയിലെ മാറ്റങ്ങൾ

83 (1623) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവിനിയോഗ രീതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഭാഗമായി ഭക്ഷ്യവിളകളിൽനിന്ന് ഭക്ഷ്യേതര വിഭവങ്ങളിലേയ്ക്കുള്ള മാറ്റവും കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി ഉപേയാഗിക്കുന്ന ഭൂമിയുടെ വർദ്ധനവും

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയെയും പാരിസ്ഥിതിക സുസ്ഥിരതയെയും ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉണ്ട്. ഭക്ഷ്യ വിളകളുടെ വിസ്തൃതി കുറയുന്നത് തടയുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചു. നെല്ല്, പച്ചക്കറി, വാഴ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉത്പാദന വർദ്ധനവിന് ഊന്നൽ നൽകുന്നുണ്ട്. കൂടാതെ തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. നെൽ കൃഷി മേഖലയിലെ വിസ്തൃതി നിലനിർത്തുന്നതിനായി നിലം ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ പ്രകാരം റോയൽറ്റി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) കാർഷിക ഭൂവിനിയോഗത്തിന്റെ നിലവിലെ ഭൂവിനിയോഗക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കൃഷി വിസ്തൃതിയുടെ 9.88 ശതമാനം, ഭക്ഷ്യ വിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയും 61.6 ശതമാനം നാണ്യ വിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, നാളികേരം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവുംകൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.3 ശതമാനം), തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. കഴിഞ്ഞ വർഷത്തെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം 2018-19-മായി താരതമ്യം ചെയ്യുമ്പോൾ കൃഷി വിസ്തൃതിയിൽ 17 ശതമാനത്തിന്റേയും ഉൽപ്പാദനത്തിൽ 23%-ന്റേയും വളർച്ച രേഖപ്പെടുത്തി. 2019-20-ൽ സംസ്ഥാനത്തെ കുരുമുളക് കൃഷിയുടെ വിസ്തൃതിയിൽ 2018-19-നെ അപേക്ഷിച്ച് 1004 ഹെക്ടറിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയത്. എന്നാൽ കുരുമുളകിന്റെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും യഥാക്രമം 6 ശതമാനത്തിന്റെയും 7.2 ശതമാനത്തിന്റെയും കുറവുണ്ടായി.

**കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം**

84 (1624) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി തരംമാറ്റുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ പാരിസ്ഥിതിക കമ്മിറ്റി എന്തു നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കേന്ദ്രീയ വിദ്യാലയത്തിനായി നികത്തപ്പെടേണ്ട ഭൂമിയുടെ വിസ്തൃതി 8 ഏക്കർ ആയതിനാലും പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് സംസ്ഥാനതല സമിതി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(ബി) മൊത്തം 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയത്തിന് നൽകിയെങ്കിലും ഇതിൽ 1.5 ഏക്കർ കരഭൂമിയുണ്ടെന്ന വസ്തുത കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കേന്ദ്രീയ വിദ്യാലയത്തിനായി അനുവദിക്കപ്പെട്ട 8 ഏക്കർ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നെൽവയൽ എന്ന നിർവ്വചനത്തിൽപ്പെട്ട ഭൂമിയാണ്. പ്രസ്തുത സ്ഥലത്തിന്റെ നടുവിലായി 1.20 ഏക്കർ സ്ഥലം ചിറയാണ്.

(സി) ഇതേ സ്ഥലത്തുതന്നെ കടുത്തുരുത്തി പോളിടെക്നിക് പണിതിരിക്കുന്നുവെന്നകാര്യം കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടില്ല.

(ഡി) കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലമാണ് തരംമാറ്റുന്നതിന് ആവശ്യപ്പെട്ടതെന്ന വസ്തുത കമ്മിറ്റിയെ ബോധ്യപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി 8 ഏക്കർ നിലം പരിവർത്തനപ്പെടുത്തുന്നതിനാണ് പ്രാദേശികതല നിരീക്ഷണ സമിതി സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചത്.

(ഇ) ഈ പരിസ്ഥിതി ആഘാതപഠനം ഒരിക്കൽക്കൂടി നടത്തി ഇപ്പോൾ സമർപ്പിച്ച റിപ്പോർട്ട് പുനഃപരിശോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

## ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

85 (1625) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള നാഷണൽ ബയോഗ്യാസ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

ന്യൂ നാഷണൽ ബയോഗ്യാസ് ആൻഡ് ഓർഗാനിക് മാന്യൂർ പ്രോഗ്രാം (NNBOMP) 100% കേന്ദ്രാവഷ്കൃതമായ പദ്ധതിയാണ്. ബയോഗ്യാസ് പ്ലാന്റുകളുടെ സ്ഥാപനം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലും പരിപാലനത്തിനുമുള്ള പരിശീലനം, ഉപഭോക്താക്കൾക്കും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ തൊഴിലാളികൾക്കുമുള്ള പരിശീലനം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. കേന്ദ്ര ഗവണ്മെന്റ് കൃഷി വകുപ്പിന് 2020-21 വർഷം ജനറൽ കാറ്റഗറിയിൽ 500 എണ്ണവും എസ്.സി. കാറ്റഗറിയിൽ 200 എണ്ണവും എസ്.റ്റി. കാറ്റഗറിയിൽ 100 എണ്ണവും അനുവദിക്കുകയും 2020-21 മാർച്ച് 31 വരെ ജനറൽ കാറ്റഗറിയിൽ 580 പ്ലാന്റുകളും SC കാറ്റഗറിയിൽ 11 പ്ലാന്റുകളും ST കാറ്റഗറിയിൽ 5 പ്ലാന്റുകളും ഉൾപ്പെടെ ആകെ 596 പ്ലാന്റുകൾ നിർമ്മിക്കുകയും ചെയ്തു. 2019-20 വർഷം മുതൽ കേന്ദ്ര വിഹിതത്തിന് പുറമേ ജനറൽ വിഭാഗത്തിന് 8,000 രൂപ നിരക്കിലും SC/ST വിഭാഗത്തിന് 9,000 രൂപ നിരക്കിലും 2M3, 6M3 വലിപ്പമുള്ള പ്ലാന്റ് ഒന്നിന്, സ്റ്റേറ്റ് ഫണ്ടിൽനിന്നും അഡീഷണൽ അസിസ്റ്റൻസ് അനുവദിക്കുന്നു. 2020-21 വർഷത്തിൽ അഡീഷണൽ അസിസ്റ്റൻസ് സ്റ്റേറ്റ് ഫണ്ടിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ 48.750 ലക്ഷം രൂപ (31-3-2021 വരെ) ചെലവഴിച്ചു. ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) ടി പദ്ധതി പ്രകാരം എത്ര പേർക്ക് പ്രയോജനം ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം നാഷണൽ ബയോഗ്യാസ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ പ്രയോജനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറക്കടവ് കൃഷി ഓഫീസിലെ ഭൂമിയുടെ തരം മാറ്റൽ അപേക്ഷ

86 (1626) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ ശ്രീമതി ഒ.പി. നാരായണി (പുത്തൻവീട്ടിൽ ഹൗസ്, കൊരട്ടി സൗത്ത്, ചിറങ്ങര) ഭൂമി തരം മാറ്റി ലഭിക്കുന്നതിനായി പാറക്കടവ് കൃഷി ഓഫീസിൽ അപേക്ഷ നൽകിയത് എന്നാണെന്നും പ്രസ്തുത അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

ശ്രീമതി ഒ. പി. നാരായണി, പുത്തൻവീട്ടിൽ ഹൗസ്, കൊരട്ടി സൗത്ത്, ചിറങ്ങര എന്നവരുടെ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ കൃഷി ഓഫീസറുടെ റിപ്പോർട്ടിനായി RDO ഓഫീസിൽനിന്നും അപേക്ഷ 15-10-2020-ൽ ലഭിച്ചു. കൃഷി ഓഫീസറുടേയും കൃഷി അസിസ്റ്റന്റുമാരുടേയും തസ്തിക ഒഴിഞ്ഞുകിടന്നിരുന്നത് കാരണമാണ്, പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് വൈകിയതിന് കാരണമായിട്ടുള്ളത്.

(ബി) പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാദേശികതല നിരീക്ഷണ സമിതി ചേർന്ന് ടി അപേക്ഷയിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

(സി) ഇക്കാര്യത്തിൽ ചട്ടപ്രകാരം അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

30-10-2021-ന് മുമ്പായി ആവശ്യമായ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് പാറക്കടവ് കൃഷി ഭവന്റെ അധിക ചുമതലയുള്ള നെടുമ്പാശ്ശേരി കൃഷി ഓഫീസർക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ പുതിയ കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറ്റാൻ സാധിക്കാത്ത സാഹചര്യം

87 (1627) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യമായി ലഭ്യമാക്കിയ സ്ഥലത്ത് പഞ്ചായത്തിലെ പ്ലാൻ ഫണ്ടിൽ

ഉൾപ്പെടുത്തി നിർമ്മിച്ച ആയുർവേദ ആശുപത്രി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമൂലം പ്രസ്തുത കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറ്റാൻ സാധിക്കാത്തതിനാൽ സ്ഥലം തരംമാറ്റി നൽകണമെന്നാവശ്യപ്പെട്ട് കാർഷികോൽപാദന കമ്മീഷണർക്ക് നൽകിയ എൻ.സി.എ 2/300/2020 ഫയൽ നിരസിക്കപ്പെട്ടതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) പൊതു ആവശ്യമാണെന്നതും കെട്ടിട നിർമ്മാണം പൊതു ഫണ്ട് ഉപയോഗിച്ച് വർഷങ്ങൾക്കുമുമ്പ് പൂർത്തീകരിച്ചതാണെന്നതും പരിഗണിച്ച് പ്രസ്തുത ഫയലിന്മേൽ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിയും റോഡും നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 16-7-2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിക്കുകയും നെൽവയലുകളിലൂടെ റോഡ് നിർമ്മിക്കുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത അപേക്ഷ നിരസിക്കേണ്ടതാണെന്ന് സമിതി അറിയിക്കുകയുണ്ടായി 2008-ലെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി യതിനുശേഷം ബന്ധപ്പെട്ട കമ്മിറ്റികൾക്കും അധികാരികൾക്കുമുൻപാകെ പരിവർത്തനാനുമതിക്കായുള്ള അപേക്ഷകൾ സാധൂകരിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല. അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധമായ പരിവർത്തനങ്ങൾ ആരംഭത്തിൽത്തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേനിലയിൽ സംരക്ഷിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് (23) പ്രകാരമുള്ള നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ടി സാഹചര്യത്തിൽ അനുമതി ഇല്ലാതെ ആശുപത്രി കെട്ടിടം നിർമ്മിച്ചത് ചട്ട വിരുദ്ധമായതിനാൽ മേൽ വകുപ്പുപ്രകാരം നടപടി സ്വീകരിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ

88 (1628) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ/മണ്ണ് സംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(സി) ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് 142.18 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുഞ്ചചിറയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിക്കുകയും പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. XXVI-ൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് 564 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ ഉൾപ്പെട്ട പ്രവൃത്തിയായ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിലെ ചിറയ്ക്കൽ ചിറയുടെ ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ കെ.എൽ.ഡി.സി. പദ്ധതികൾ**

89 (1629) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന ജലം, മണ്ണ് സംരക്ഷണ പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

മലപ്പുറം മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) മേൽമുറി വലിയതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിൽ കെ.എൽ.ഡി.സി. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

മേൽമുറി വലിയതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുമായുള്ള വിശദമായ പ്രോജക്ട് ബന്ധപ്പെട്ട കെ.എൽ.ഡി.സി. എഞ്ചിനീയർമാർ സ്ഥലം സന്ദർശിച്ച് തയ്യാറാക്കുന്നതാണ്.

(സി) മലപ്പുറം മണ്ഡലത്തിൽ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ വലിയതോട്, കോഡൂർ പഞ്ചായത്തിലെ കിളിയമണ്ണിൽ തോട് എന്നിവ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ കൂടി കെ.എൽ.ഡി.സി. ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ കപ്പത്തോട് നീർത്തട സംരക്ഷണ പദ്ധതി**

90(1630) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കപ്പത്തോട് നീർത്തട പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്?

ചാലക്കുടി നിയോജകമണ്ഡലത്തിലെ കോടശ്ശേരി, പരിയാരം എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കപ്പത്തോട് റീച്ച് I, കപ്പത്തോട് റീച്ച് II, ബോക്സ് കൾവർട്ടറിന്റെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. ബോക്സ് കൾവർട്ടിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നമ്പ്യാർപ്പടി പാലം മുതൽ തോടിന്റെ 1350 മീറ്റർ നീളത്തിൽ ആഴം കൂട്ടുന്ന പ്രവൃത്തിയും ഇരുവശങ്ങളിലുമായി 2700 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കേരളാ ബാങ്ക് വഴിയിലുള്ള നടപ്പാലം മുതൽ 550 മീറ്റർ നീളത്തിൽ ആഴം കൂട്ടലും ഇരുവശങ്ങളിലുമായി ഏകദേശം 800 മീറ്റർ പാർശ്വഭിത്തി നിർമ്മാണവും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ജൂൺ 2022-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നതെന്ന് വിശദീകരിക്കുമോ?

കപ്പത്തോട് നീർത്തടപദ്ധതിയിൽ 2700 മീറ്റർ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി, ഇരുകരകളിലുമായി 5400 മീറ്റർ പാർശ്വഭിത്തി നിർമ്മാണം, നമ്പ്യാർപ്പടി പ്രദേശത്ത് രണ്ട് സ്പാനോടുകൂടിയ ബോക്സ് കൾവർട്ട് പാലം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്.

## സോയിൽ കൺസർവേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

91 (1631) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പാക്കേജുകളിൽ സോയിൽ കൺസർവേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതികളും ബാഹ്യ ഏജൻസികളുടെ ധനസഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിൽ പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നീർത്തടാടിസ്ഥാനത്തിലുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങളും ജല സംരക്ഷണത്തിനുള്ള ചെലവ് കുറഞ്ഞ വിവിധ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത പ്രവൃത്തികളുടെ അളവുകൾ അളവ് പുസ്തകത്തിൽ (എം.ബുക്ക്) രേഖപ്പെടുത്തുന്ന ജീവനക്കാരുടെ തസ്തികളുടെ പേരും അവരുടെ അടിസ്ഥാന യോഗ്യതകളും ലഭ്യമാക്കുമോ?

വകുപ്പ് നടപ്പിലാക്കുന്ന വിവിധ മണ്ണ് ജല സംരക്ഷണ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുന്നതിന് മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. മണ്ണ് സംരക്ഷണ ഓഫീസറുടെ അടിസ്ഥാന യോഗ്യത B.Sc. അഗ്രിക്കൾച്ചർ ബിരുദവും, അസിസ്റ്റന്റ് എഞ്ചിനീയറുടെ അടിസ്ഥാന യോഗ്യത ബി.ടെക് സിവിൽ/കാർഷിക എഞ്ചിനീയറിംഗും ആണ്. കൂടാതെ ഡെറാഡൂണിലെ മണ്ണ് സംരക്ഷണ പരിശീലന കേന്ദ്രം മുഖേന നാലര മാസത്തെ അടിസ്ഥാന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും നൽകിവരുന്നുണ്ട്. എം.ബുക്കിൽ അളവ് രേഖപ്പെടുത്തുന്നതിന് നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം (ഐ.ഡബ്ല്യൂ.ഡി.എം.കെ.- ചടയമംഗലം) മുഖേന പരിശീലനവും നൽകുന്നു.

(സി) പി.ഡബ്ല്യൂ.ഡി. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ അല്ലാത്തവർ പ്രസ്തുത വകുപ്പിൽ അളവ് ബുക്കിൽ (എം.ബുക്ക്) അളവുകൾ രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം ജീവനക്കാരെ എം. ബുക്കിൽ അളവുകൾ രേഖപ്പെടുത്തുന്നതിൽനിന്ന് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ അധികാര പ്രത്യായോജനത്തിന്റെ (Delegation of Power) ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർമാരെ അളവ് രേഖപ്പെടുത്തുന്നതിനായി നിയോഗിച്ചിട്ടുള്ളത്.

**കാഞ്ഞങ്ങാട് പടന്നക്കാട് കാർഷിക കോളേജിലെ തസ്തികകൾ**

92 (1632) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പടന്നക്കാട് പ്രവർത്തിക്കുന്ന സർക്കാർ കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് നിലവിൽ ഒഴിവുള്ളത്?

(എ&ബി) കാഞ്ഞങ്ങാട് പടന്നക്കാട് പ്രവർത്തിക്കുന്ന സർക്കാർ കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിൽ ഒഴിവുള്ള തസ്തികകൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

അനദ്ധ്യാപക വിഭാഗ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദ്ധ്യാപക തസ്തികകളിലെയും സ്ഥിരം തൊഴിലാളി തസ്തികകളിലെയും എൻ.സി.എ. ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി രണ്ട് വിജ്ഞാപനങ്ങൾ സർവ്വകലാശാല ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പീലിക്കോട് കാർഷിക സർവ്വകലാശാല കാമ്പസിൽ പരിശീലനം നൽകുന്ന ഒരു കേന്ദ്രം ആരംഭിക്കാൻ

93 (1633) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് കാർഷിക സർവ്വകലാശാല കാമ്പസിൽ (പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ) കർഷകർക്കും കാർഷിക മേഖല മുൻനിർത്തി ചെറുകിട വ്യവസായ/വ്യാപാരമേഖല കണ്ടെത്തുന്നവർക്കും സ്ഥിരമായി പരിശീലനം നൽകുന്ന ഒരു കേന്ദ്രം ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം

94 (1634) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, വ്യാജ യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് നിയമനം നേടിയത് എന്നാരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ലഭിച്ചിട്ടുണ്ട്. പരാതിയിന്മേലുള്ള കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെ വിശദീകരണം ലഭ്യമായത് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ നിയമനം നൽകിയതെന്ന് വ്യക്തമാക്കാമോ?

സെലക്ഷൻ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്ക് നിയമനം നൽകിയത്.

(സി) കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നൽകിയ ബയോഡാറ്റ വിശദമായി പരിശോധിക്കാതെയായിരുന്നു സെലക്ഷൻ കമ്മിറ്റിയുടെ നടപടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താമോ; വിശദമാക്കാമോ?

(സി&ഡി) കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

## പ്രൈവറ്റ് രജിസ്ട്രേഷന് യു.ജി.സി. അംഗീകാരം നേടുന്നതിനുള്ള കാലതാമസം

95 (1635) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ ഈ അദ്ധ്യയന വർഷത്തെ പ്രൈവറ്റ് രജിസ്ട്രേഷന് യു.ജി.സി. അംഗീകാരം നേടുന്നതിന് വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന പരിഹാര നടപടികൾ വ്യക്തമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെയല്ലാതെ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം തടഞ്ഞുകൊണ്ടുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേനയുള്ള കോഴ്സുകൾ തുടർന്നും നടത്തുന്നതിന് ബാധകമായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ. അംഗീകാരം

96 (1636) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടും ഇതുവരെ എ.ഐ.സി.ടി.ഇ. അംഗീകാരം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എ.ഐ.സി.ടി.ഇ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭ്യമായിട്ടില്ല. എ.ഐ.സി.ടി.ഇ. അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭ്യമായാൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

(ബി) പുതിയ കോഴ്സുകൾ അനുവദിക്കാനും പുതിയ തസ്തിക സൃഷ്ടിച്ച് അദ്ധ്യയനം ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സിവിൽ എഞ്ചിനീയറിംഗ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകൾ തുടങ്ങുന്നതിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന ബ്രാഞ്ചുകൾക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

## യൂണിവേഴ്സിറ്റികൾ നൽകുന്ന ഇക്വലൻസി/എലിജിബിലിറ്റി സർട്ടിഫിക്കറ്റ്

97 (1637) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുപുറത്തുള്ള ഏതൊക്കെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ഏതൊക്കെ കോഴ്സുകൾക്കാണ് കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഇക്വലൻസി/ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് അറിയിക്കുമോ; കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റും ഇക്വലൻസി സർട്ടിഫിക്കറ്റും തമ്മിലുള്ള വ്യത്യാസം എന്തെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിനുപുറത്തുള്ള യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾക്ക് കേരളത്തിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റി നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികൾ അംഗീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) തൊഴിലിനോ ഉന്നത വിദ്യാഭ്യാസത്തിനോവേണ്ടി സർവ്വകലാശാലകൾ നടത്തുന്ന ബിരുദങ്ങളുടെ തുല്യത/അംഗീകാരം സംബന്ധിച്ച് മറ്റു സർവ്വകലാശാലകൾ നൽകുന്ന സർട്ടിഫിക്കറ്റുകളാണ് ഇക്വലൻസി അഥവാ

എലിജിബിലിറ്റി സർട്ടിഫിക്കറ്റ്. ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി 13-11-2018-ൽ സർക്കുലർ ജി.ഒ.(എം.എസ്) നമ്പർ 272/2018/ഉ.വി.വ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER) മറ്റ് ദേശീയ പ്രാമുഖ്യമുള്ള സ്റ്റാൻഡ്  എലോൺ സ്ഥാപനങ്ങൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്.

2. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും IISER, IISc കേന്ദ്ര/സംസ്ഥാന സർവ്വകലാശാലകൾ, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ BS/MS ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്.

3. ഐ.ഐ.റ്റി.- കൾ (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻഡ്  റിസർച്ച് (IISER) തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെയും യു.ജി.സി. അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളുടെയും ബിരുദങ്ങൾക്ക് അംഗീകാരവും തുല്യതാ സർട്ടിഫിക്കറ്റും നിഷ്കർഷിക്കാൻ പാടുള്ളതല്ല.

4. യു.ജി.സി പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുന്ന അംഗീകൃത സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിൽപ്പെടുന്ന സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതാണ്.

5. സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും യു.ജി.സി. തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പേരുകൾ (nomenclature) ആയിരിക്കണം ബിരുദങ്ങൾക്ക്/യോഗ്യതകൾക്ക് അവലംബമാക്കേണ്ടത്.

6. വിദേശ സർവ്വകലാശാലകളുടെ ബിരുദങ്ങൾ അംഗീകരിക്കുന്നതും തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതും അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി (AIU) നിജപ്പെടുത്തിയിട്ടുള്ള നയങ്ങൾക്കും മാനദണ്ഡങ്ങൾക്കും നടപടി ക്രമങ്ങൾക്കും അനുസൃതമായി ആയിരിക്കണം.

7. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ (Open and Distance Learning) കരസ്ഥമാക്കിയിട്ടുള്ള ബിരുദങ്ങളുടെ അംഗീകാരത്തിന് സർവ്വകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അവലംബിക്കേണ്ടത് ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ചുള്ള യു.ജി.സി.- യുടെ പുതിയ റെഗുലേഷനുകളെ ആയിരിക്കണം.

8. 2017-ലെ യു.ജി.സി.-യുടെ ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ച റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് ഓപ്പൺ/വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കരസ്ഥമാക്കിയ ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

9. യു.ജി.സി. അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയും യു.ജി.സി. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്നവയുമായ സ്വകാര്യ സർവ്വകലാശാലകളുടെ ബിരുദങ്ങൾ സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അംഗീകരിക്കേണ്ടതാണ്.

(സി) കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റുകൾ പി. എസ്. സി. അംഗീകരിക്കണമെങ്കിൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ രീതിയിൽ കേരളത്തിന് പുറത്തുനിന്നുള്ള കോഴ്സുകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റുകൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുവേണ്ടി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) വിജ്ഞാപനപ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതകൾക്ക് തത്തുല്യ യോഗ്യതകൾ പരിഗണിക്കേണ്ടിവരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവയാണെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യയോഗ്യതയായി പരിഗണിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധിച്ചാണ് പി.എസ്.സി. സ്വീകാര്യത നിശ്ചയിക്കുന്നത്.

## കണ്ണൂർ സർവകലാശാല സിലബസിൽ വിവാദപരമായ പഠനങ്ങൾ

98 (1638) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയത സിലബസിന്റെ ഭാഗമാകുന്നത് അപകടകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; കണ്ണൂർ സർവ്വകലാശാല സിലബസിൽ ആർ.എസ്.എസ്. നേതാക്കളുടെ പഠനങ്ങൾ ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡവും ഈ കാര്യത്തിലുള്ള സർക്കാർ നിലപാടും വ്യക്തമാക്കുമോ?

സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ദ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവ്വകലാശാല അംഗീകരിക്കുകയുമാണ് ഉണ്ടായത്.

(ബി) ഇതുസംബന്ധിച്ച് പഠിച്ച കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

സമിതി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*. കണ്ണൂർ സർവ്വകലാശാല നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

## കണ്ണൂർ സർവ്വകലാശാല സിലബസിൽ പ്രമുഖ സംഘടനയുടെ നേതാക്കളുടെ പഠനങ്ങൾ ഉൾപ്പെടുത്തിയ നടപടി

99(1639) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവ്വകലാശാല സിലബസിൽ ആർ.എസ്.എസ്. നേതാക്കളുടെ പഠനങ്ങൾ ഉൾപ്പെടുത്തിയത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച രണ്ടംഗ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

സർവ്വകലാശാല നിയോഗിച്ച രണ്ടംഗ സമിതി സർവകലാശാലയ്ക്ക് സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽനിന്നും ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായവരുടെ ഉപരിപഠനം

100 (1640) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽനിന്ന് ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽത്തന്നെ ഉപരിപഠത്തിന് അവസരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ നിലവിൽ 9 സർക്കാർ കോളേജുകളും 20 പ്രൈവറ്റ് എയ്ഡഡ് കോളേജുകളുണ്ട്. സർക്കാർ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ബിരുദ പഠനത്തിന് 45 ബിരുദ കോഴ്സുകളിൽ ആയി 1810 പേർക്ക് പഠിക്കുന്നതിനുള്ള അവസരം ഉണ്ട്. 128 പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ ആയി 5491 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരങ്ങളും ഉണ്ട്. കൂടാതെ സ്വാശ്രയ മേഖലയിൽ ആർട്സ് & സയൻസ് വിഷയങ്ങളിൽ ഉപരിപഠനത്തിനായി ഏകദേശം 80-ഓളം കോളേജുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സ്വാശ്രയ മേഖലയിൽ ഹയർ സെക്കന്ററിക്കുശേഷം KEAM 21 Prospectus പ്രകാരം എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി 2550 സീറ്റുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷാ മാനദണ്ഡങ്ങൾ പ്രസ്തുത സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ബാധകമാണ്. മെഡിക്കൽ അനുബന്ധമായിട്ടുള്ള നിരവധി കോഴ്സുകളിലും ഉപരിപഠനത്തിന് അവസരമുണ്ട്. കൂടാതെ പോളിടെക്നിക്, ഐ.റ്റി.ഐ, ടി.ടി.സി. മുതലായ കോഴ്സുകളിലും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടുന്നതിനുള്ള സാഹചര്യമുണ്ട്.

## മലപ്പുറം വനിതാ കോളേജ് കെട്ടിട നിർമ്മാണം

101 (1641) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഗ്രിഹ (GRIHA) (Green Rating for Integrated Habitat Assessment) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഡിസൈൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(എ&ബി) മലപ്പുറം സർക്കാർ വനിതാ കോളേജിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഡിസൈൻ കിഫ്ബി നിർദ്ദേശപ്രകാരം GRIHA 3, സ്റ്റാർ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും ഉൾപ്പെടുത്തിയ ഡിസൈൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) വാടകക്കെട്ടിടത്തിലാണ് കോളേജ് പ്രവർത്തിക്കുന്നത് എന്നുള്ള പരിമിതി കണക്കിലെടുത്ത് പുതുക്കിയ ഡിസൈനിന് കിഫ്ബിയുടെ അംഗീകാരം അടിയന്തരമായി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുമോ?

പുതുക്കിയ ഡിസൈന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സാദ്ധ്യമാകുന്നതാണ്.

## കേരള നോളജ് സൊസൈറ്റി

102 (1642) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് സൊസൈറ്റി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായുള്ള നൈപുണ്യ നവീകരണത്തിനും ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി 'നോളജ് ഇക്കണോമി' അനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായും വൈജ്ഞാന സമ്പദ്‌വ്യവസ്ഥയായും കെട്ടിപ്പടുക്കുന്നതിനുള്ള ആശയങ്ങൾ സംസ്ഥാന ബഡ്ജറ്റിൽ അവതരിക്കപ്പെട്ടിരുന്നു. ഇതിലെ സുപ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുവാൻ 2021 സെപ്റ്റംബർ 28, 29 തീയതികളിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന സംഘടിപ്പിച്ച ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ചുവരുന്നു. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, 1000 സ്കോളർഷിപ്പുകൾ, 30 അന്തർസർവ്വകലാശാലാ കേന്ദ്രങ്ങൾ, സർവ്വകലാശാലകളിലും കോളേജുകളിലും മികവിന്റെ കേന്ദ്രങ്ങൾ ഇവയൊക്കെ വിഭാവനം ചെയ്തുവരുന്നു.

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

നോളജ് ഇക്കണോമി മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി K-Disc Rs.4,72,00,247 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഇതിന്റെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, 1000 സ്കോളർഷിപ്പുകൾ, 30 അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ, സർവ്വകലാശാലകളിലും കോളേജുകളിലും മികവിന്റെ കേന്ദ്രങ്ങൾ ഇവയൊക്കെ കേരള നോളജ് സൊസൈറ്റിയുടെ ഭാഗമായി വിഭാവനം ചെയ്തുവരുന്നു. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല, നിയമ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ ഇരുപത് ലക്ഷം തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യം/പരിശീലനം നൽകി അവരെ വിജ്ഞാനാധിഷ്ഠിത തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കി തൊഴിൽ ലഭ്യമാക്കുക എന്നതുകൂടി ഇത് ലക്ഷ്യമാക്കുന്നുണ്ട്. അതോടൊപ്പംതന്നെ വിദ്യാഭ്യാസ മേഖലയെ പുനഃസംഘടിപ്പിച്ച് നവലോകത്തൊഴിലുകൾ ആർജ്ജിക്കുന്നതിന് വിദ്യാസമ്പന്നരെ പ്രാപ്തമാക്കുന്ന രീതിയിൽ വിദ്യാഭ്യാസത്തെയും വൈജ്ഞാനിക തൊഴിൽ മേഖലയെയും ബന്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. നോളജ് ഇക്കണോമി മിഷന്റെ വിശദമായ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

**കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കാൻ നടപടി**

103(1643) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാൻ കഴിയുംവിധം ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ,
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം,
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ,
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ,
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം,
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു.

1) കരിക്കുലം പരിഷ്കരണം
2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA)
3) ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020)
4) സാക്ക് (SAAC – State Assessment & Accreditation Centre)
5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC)
6) കൈരളി ഗവേഷണ പുരസ്കാരങ്ങൾ

7) ചാൻസലേഴ്സ് അവാർഡ്

8) എറുഡൈറ്റ് പദ്ധതി

9) ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ

10) കാൾ നെറ്റ്

11) സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E Journal Consortium)

12) കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം.

(സി) വിദ്യാർത്ഥികൾക്ക് തൊഴിലിനൊപ്പം പഠനം നിർവ്വഹിക്കാൻ കഴിയുംവിധം പാഠ്യപദ്ധതികളിൽ മാറ്റംവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി "EARN WHILE LEARN" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതും ഗവേഷണ, വ്യവസായ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നതുമായ തരത്തിൽ കോഴ്സുകളിൽ മാറ്റംവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

## റൂസയുടെ സാമ്പത്തിക സഹായം ലഭിച്ച വയനാട് ജില്ലയിലെ കോളേജുകൾ

104 (1644) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ റൂസയുടെ സാമ്പത്തിക സഹായം ലഭിച്ച വയനാട് ജില്ലയിലെ കോളേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>റൂസ ഒന്നാം ഘട്ടം</u>

1. ഗവ. കോളേജ്, മാനന്തവാടി, വയനാട്.

2. എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ, വയനാട്.

റൂസ രണ്ടാം ഘട്ടം

1. സെന്റ് മേരീസ് കോളേജ്, സുൽത്താൻബത്തേരി

2. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി, വയനാട്.

3. പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി, വയനാട്.

(ബി) എന്തെല്ലാം പദ്ധതികൾക്കാണ് ഓരോ കോളേജിനും തുക ലഭിച്ചിട്ടുള്ളതെന്നത് വ്യക്തമാക്കാമോ?

2016-2021 കാലയളവിൽ റൂസ ഒന്നാം ഘട്ടത്തിൽ, ഘടകം 7-ൽ ഉൾപ്പെടുത്തി (അടിസ്ഥാന സൗകര്യ വികസനം) റൂസയുടെ സാമ്പത്തിക സഹായം ലഭിച്ചത് 2 സർക്കാർ കോളേജുകൾക്കാണ്. റൂസ രണ്ടാം ഘട്ടത്തിൽ ഘടകം 9-ൽ ഉൾപ്പെടുത്തി (അടിസ്ഥാന സൗകര്യ വികസനം) റൂസയുടെ സാമ്പത്തിക സഹായം ലഭിച്ചത് 3 എയ്ഡഡ് കോളേജുകൾക്കുമാണ്. റൂസ ഒന്നാം ഘട്ടത്തിലും റൂസ രണ്ടാം ഘട്ടത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് 2 കോടി രൂപ വീതമാണ് ലഭിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക നിർമ്മാണ പ്രവർത്തികൾ/ പുനരുദ്ധാരണ പ്രവർത്തികൾ/ പർച്ചേസ് എന്നീ വിഭാഗത്തിലാണ് ഉപയോഗിക്കാൻ അനുവദിക്കുന്നത്.

**കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കാനുള്ള നടപടി**

105(1645) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റംവേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ,

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ - മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു.

1) കരിക്കുലം പരിഷ്കരണം

2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA)

3) ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020)

4) സാക്ക് (SAAC – State Assessment & Accreditation Centre)

5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC)

6) കൈരളി ഗവേഷണ പുരസ്കാരങ്ങൾ

7) ചാൻസലേഴ്സ് അവാർഡ്

8) എറുഡൈറ്റ് പദ്ധതി

9) ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വേ

10) കാൾ നെറ്റ്

11) സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E -Journal Consortium)

12) കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം

(ബി) സർവ്വകലാശാലകളിൽ സ്വതന്ത്ര മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുമെന്ന് 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ദ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റി വഴി ദേശീയ തലത്തിൽനിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കും. ഇതിനായി 100 കോടി രൂപയും സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്ന് 500 കോടി രൂപയും അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സർവകലാശാലകളിൽ 'എഡ്യൂക്കേഷൻ' പഠന വിഭാഗത്തിനായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവുള്ള നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വിഭാഗത്തിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ 12 അസിസ്റ്റൻറ് പ്രൊഫസർ ഒഴിവുകളിലേയ്ക്ക് 3-11-2020-ലെ Ad.AII/1/5038/2017/ Subfile(1)/Admn/(1) നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഒരു ഒഴിവ് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ആണ്. കേരള സർവ്വകലാശാലയിൽ എഡ്യൂക്കേഷൻ പഠന വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് പ്രൊഫസറുടെ ഒരു ഒഴിവാണുള്ളത്. നിയമന നടപടി സ്വീകരിച്ചിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ എഡ്യൂക്കേഷൻ പഠനവിഭാഗത്തിൽ ഒഴിവുണ്ടായിരുന്ന 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ട്.

(ഡി) സർവ്വകലാശാലകളിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ പുതുതായി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിഷയം/സർവ്വകലാശാല തിരിച്ച് വിവരം ലഭ്യമാക്കാമോ?

2021-22 ബഡ്ജറ്റിൽ പ്രതിമാസം 50,000 രൂപ മുതൽ 1 ലക്ഷം രൂപവരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതുതായി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ് അനുവദിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു*. കേരള സർവ്വകലാശാലയിൽ 2021-22

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ അനുവദിച്ചിട്ടുള്ള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന്റെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു*. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 8-7-2021-ലെ ഉത്തരവ് നമ്പർ CUSAT/ACB)B3/2280/2021 (അനുബന്ധം 3 ആയി ചേർക്കുന്നു*) പ്രകാരം 2021 അദ്ധ്യയന വർഷത്തിൽ 13 ഗവേഷണ വിദ്യാർത്ഥികൾക്ക് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരങ്ങൾ**

106 (1646) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിനായി കർമ്മപദ്ധതി തയ്യാറാക്കുന്നുണ്ടോ; അതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി 2021 സെപ്റ്റംബർ 28, 29 തീയതികളിൽ ഒരു ശില്പശാല ഉന്നത വിദ്യാഭ്യാസ വകുപ്പിന്റേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ സർവ്വകലാശാല വൈസ് ചാൻസലർമാർ ഉൾപ്പെടെ വിദ്യാഭ്യാസ വിദഗ്ദ്ധർ പങ്കെടുത്ത ദ്വിദിന ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ ഉൾപ്പെടുത്തി കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരികയാണ്.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരങ്ങൾ**

107(1647) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസമേഖലയുടെ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽപരിശീലനവും ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളെ മികച്ച പ്രൊഫഷണലുകളാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) ഉന്നത വിദ്യാഭ്യാസമേഖലയുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺ ലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ദ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കി. റൂസ ഒന്നാം ഘട്ട പദ്ധതി പ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അന്തർദ്ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ്

സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു. നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു. അസാപിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ടുലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു. സർവകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി. സംസ്ഥാനത്തെ സർവകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും; വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺ ലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺ ലൈൻ മുഖേന നടത്താനായി. പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദികളൊരുക്കി Students Leaders' Conclave സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാല, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ

സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം - For The Students - നിലവിൽ വന്നു ആർട്സ് & സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികളും സർവകലാശാല സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യവും ഉറപ്പുവരുത്തി. വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വ പാടവം വളർത്തുന്നതിനും കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തിവരുന്നു. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ - ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം മൂന്ന് നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു. കൂടാതെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021 സെപ്തംബർ 28, 29 തീയതികളിൽ ഒരു ശില്പശാല ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ സർവ്വകലാശാല വൈസ് ചാൻസിലർമാർ ഉൾപ്പെടെ വിദ്യാഭ്യാസ വിദഗ്ദ്ധർ പങ്കെടുത്ത ദ്വിദിന ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ ഉൾപ്പെടുത്തി കർമ്മപാടികൾ ആവിഷ്കരിച്ചുവരികയാണ്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ നടപടി

108(1648) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u>
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഇന്ത്യയുടെ ഹബ്ബായി മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ

പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാല റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു.

1) കരിക്കുലം പരിഷ്കരണം
2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA)
3) ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020)
4) സാക്ക് (SAAC – State Assessment & Accreditation Centre)
5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC)
6) കൈരളി ഗവേഷണ പുരസ്കാരങ്ങൾ
7) ചാൻസലേഴ്സ് അവാർഡ്
8) എറുഡൈറ്റ് പദ്ധതി

9) ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ

10) കാൾ നെറ്റ്

11) സംസ്ഥാനതല ഇൗ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E- Journal Consortium)

12) കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കാൻ ഉദ്ദേശിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വിജ്ഞാനോല്പാദനം ഇന്നവേഷൻസായി രൂപാന്തരപ്പെടണം. സമൂഹത്തിലെ പുതിയ അറിവുകൾ സാമ്പത്തിക മേഖലയിലെ സങ്കേതങ്ങളോ, പ്രക്രിയയോ, സംഘാടനമോ, ഉത്പന്നമോ, വിപണനമോ ആയി രൂപാന്തരം പ്രാപിക്കുന്നതാണ് ഇന്നവേഷൻ അല്ലെങ്കിൽ നൂതനവിദ്യ. എല്ലാ മേഖലകളിലും ഇന്നവേഷൻ സന്നിവേശിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു നാലിന കർമ്മപരിപാടി 2021-22 ബഡ്ജറ്റ് മുന്നോട്ട് വെയ്ക്കുന്നു.

ഒന്ന്, തങ്ങളുടെ പ്രദേശത്തെ കൃഷി, വ്യവസായം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിലെ ഏതെങ്കിലും ഒരു പ്രശ്നത്തിന് നൂതന സങ്കേതത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതന വിദ്യ അപ്‌ലോഡ് ചെയ്യുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോം ഉണ്ടാകും. കെ-ഡിസ്ക് ഇങ്ങനെ വരുന്ന നൂതന ആശയങ്ങളെയും വിദ്യകളെയും തരംതിരിക്കുകയും അതത് മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ വിലയിരുത്തുകയും ചെയ്യും. അടുത്ത ഘട്ടത്തിൽ സ്റ്റാർട്ട് അപ് മിഷനും കേരള ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മിഷനും ചേർന്ന് ഈ ഇന്നവേഷൻസിനെ ഗ്രേഡ് ചെയ്ത് അവ പ്രോഡക്ടുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായവും മെന്ററിംഗും ഉറപ്പാക്കും. രണ്ട്, പരീക്ഷണാടിസ്ഥാനത്തിൽ കെ-ഡിസ്ക് നടപ്പാക്കിയ യംഗ് ഇന്നവേഷൻ ചലഞ്ചും അസാപ്പിന്റെ ഹാക്കത്തോണും സംയോജിപ്പിച്ച് കേരള ഇന്നവേഷൻ ചലഞ്ച് എന്ന പേരിൽ വിപുലീകരിക്കുകയാണ്. 20 മേഖലകളിൽ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ചലഞ്ച് സംഘടിപ്പിക്കുന്നത്. കേരളത്തിലെ ഏത് വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സംഘങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷനുശേഷം ബന്ധപ്പെട്ട ഡൊമൈൻ കേന്ദ്രങ്ങളിൽ അപേക്ഷകൾ വിശദമായി പരിശോധിക്കും. ഇവിടെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നവർക്ക് ജില്ലാതലത്തിൽ നേരിട്ട് അവതരണമുണ്ടായിരിക്കും.

25,000 രൂപ വീതം 8000 സംഘങ്ങൾക്ക് സമ്മാനം നൽകും. മൂന്ന്, കേരളത്തിലെ പ്രാദേശിക സർക്കാരുകൾ സ്കീമുകളല്ല, പ്രോജക്ടുകളാണ് നടപ്പാക്കുന്നത്. അതുകൊണ്ട് നൂതന സങ്കേതങ്ങളും രീതികളും ഉപയോഗപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം വളരെയേറെയുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വികസന ഫണ്ടിന്റെ അര ശതമാനം "എസ്ബി സെൻ ഇന്നവേഷൻ ഫണ്ട്" ആയി മാറ്റിവെയ്ക്കുന്നതാണ്. കെ-ഡിസ്കിന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സ്കീം വിപുലീകരിച്ച് ഓരോ വികസന മേഖലയിലും ഏറ്റവും മികച്ച നൂതനമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിൽനിന്ന് പ്രത്യേക ധനസഹായം നൽകും. നാല്. സർക്കാർ വകുപ്പുകളിൽ സ്റ്റാർട്ട് അപ്പ് ഇന്നവേഷൻ സോണുകൾ ആരംഭിക്കും. വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്റ്റാർട്ട് അപ്പുകളെ ബോധപൂർവ്വം ബന്ധപ്പെടുത്തുന്നതിനുള്ള പരിപാടിയാണിത്.

## സർവ്വകലാശാലകൾക്കും മറ്റ് കോളേജുകൾക്കും സൗജന്യ നിരക്കിൽ ഇന്റർനെറ്റ്

109(1649) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എം.ഇ.ഐ.സി.റ്റി. (നാഷണൽ മിഷൻ ഫോർ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി) പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേരളത്തിലെ സർവ്വകലാശാലകൾക്കും മറ്റുകോളേജുകൾക്കും സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിരുന്ന പദ്ധതിയുടെ കാലാവധി 2020-ൽ അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായ 25 ശതമാനം തുക അടയ്ക്കാത്തതിനാൽ 2020 മുതൽ കേരളത്തിലെ പല സർവ്വകലാശാലകളിലും പ്രസ്തുത സേവനം പുനഃസ്ഥാപിക്കുന്നതിന് സാധിക്കാത്ത സാഹചര്യം അക്കാദമിക് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനാൽ അടിയന്തരമായി ഈ പദ്ധതി പുനഃസ്ഥാപിക്കുമോ, വ്യക്തമാക്കുമോ?

(എ&ബി) നാഷണൽ മിഷൻ ഫോർ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (എൻ.എം.ഇ.ഐ.സി.റ്റി.) പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേരളത്തിലെ സർക്കാർ

കോളേജുകൾക്ക് വിവിധ ബാൻഡ് വിഡ്ത്തിലുള്ള ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്ന പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോഴും തുടർന്ന് വരുന്നു. 2021 നവംബർ മാസംവരെ നിലവിൽ ടി സേവനം സർക്കാർ കോളേജുകൾക്ക് ലഭ്യമാണ്. പദ്ധതി തുടരുന്നതിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നോ സ്വന്തം ഫണ്ടിൽനിന്നോ കണ്ടെത്താവുന്നതാണെന്ന് കണ്ണൂർ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളുടെ കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

110 (1650) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

2021-22 അക്കാദമിക വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ തീരുമാനിച്ചിട്ടില്ല.

(ബി) മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുഭവപ്പെട്ടുവരുന്ന സീറ്റ് ക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

5-8-2021-ലെ സ.ഉ.(സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പരമാവധി 70 സീറ്റ് എന്ന പരിധിക്കും പി.ജി.-ക്ക് സയൻസിന് 25 സീറ്റ്, ആർട്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ 30 സീറ്റ് എന്ന പരിധിക്കും വിധേയമായി 2021-22 വർഷം സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പഠന സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധന വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിൽനിന്നും കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ കുന്ദമംഗലം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കുന്ദമംഗലം ഗവ. കോളേജിൽ 2020-21 അദ്ധ്യയനവർഷം Msc. Mathematics കോഴ്സ് അനുവദിച്ചിട്ടുണ്ട്.

## ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി

111 (1651) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികൾക്കുള്ള ഏകീകൃത പ്ലാറ്റ്ഫോമായ 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതിക്കായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ഇതിനായി ഡിജിറ്റൽ സർവ്വകലാശാല, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, വിവിധ സർവ്വകലാശാലകൾ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ ഒറ്റയ്ക്കും കൂട്ടായും ചെയ്ത പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദ്ദേശങ്ങളും സഹായങ്ങളും എന്തെല്ലാമെന്നും പ്രവർത്തനപുരോഗതിയും വിശദമാക്കാമോ; പ്രവർത്തനം കാര്യക്ഷമമാക്കാനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ?

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നടപടി

112(1652) <u>ശ്രീ എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിന് സർവ്വകലാശാലകളിലും കോളേജുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് വിപുലമായ തോതിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്*.

**കിനാനൂർ കരിന്തളം ഗവണ്മെന്റ് കോളേജിൽ പുതിയ കോഴ്സുകൾ**

113 (1653) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ -കരിന്തളം ഗവണ്മെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) 2020-21 അദ്ധ്യയനവർഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ - കരിന്തളം ഗവണ്മെന്റ് കോളേജിൽ B.Sc. ബോട്ടണി കോഴ്സ് അനുവദിച്ചിട്ടുണ്ട്. 2021-22 അദ്ധ്യായനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല.

**എൽ.എൽ.ബി. അഡീഷണൽ ബാച്ചുകൾക്ക് ബി.സി.ഐ.-യുടെ അഫിലിയേഷൻ ലഭിക്കാൻ നടപടി**

114(1654) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിൽ 2020-2021 അദ്ധ്യയന വർഷം മുതൽ പുതിയതായി ആരംഭിച്ച എൽ.എൽ.ബി. അഡീഷണൽ ബാച്ചുകൾക്ക് ബി.സി.ഐ.യുടെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഗവണ്മെന്റ് ലോ കോളേജ് എറണാകുളം, ഗവണ്മെന്റ് ലോ കോളേജ് കോഴിക്കോട് എന്നിവിടങ്ങളിൽ ബി.സി.ഐ.-യുടെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ലോ കോളേജ് തിരുവനന്തപുരം, ഗവണ്മെന്റ് ലോ കോളേജ് തൃശ്ശൂർ എന്നിവിടങ്ങളിൽ അഫിലിയേഷനായി ഫീസ് അടച്ചിട്ടുണ്ട്. അപ്രൂവൽ ബി.സി.ഐ.-യുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത കോഴ്സുകൾക്ക് ബി.സി.ഐ.-യുടെ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

അധിക ബാച്ചിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികകളിൽ അധ്യാപക നിയമനം നടത്താത്തതുമൂലം ബി.സി.ഐ.-യുടെ അംഗീകാരം ലഭിക്കാതെ വരികയും വിദ്യാർത്ഥികൾക്ക് അഭിഭാഷകരായി എൻറോൾ ചെയ്യാനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

നിലവിലുള്ള റെഗുലർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നിലമ്പൂർ ഗവണ്മെന്റ് ആർട്സ് &സയൻസ് കോളേജിനായി സ്ഥലം ഏറ്റെടുക്കൽ**

115 (1655) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിന് അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് റവന്യൂ വകുപ്പിൽ അടവാക്കേണ്ട കണ്ടിജൻസി ചാർജ് എത്രയാണെന്നും ആയത് അടവാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

നിലമ്പൂർ സർക്കാർ കോളേജിന് അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ അടയ്ക്കേണ്ട കണ്ടിജൻസി ചാർജ് എത്രയാണെന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും അറിയിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിവരം ലഭ്യമായാൽ കിഫ്ബി ഫണ്ടിൽനിന്നും തുക അടയ്ക്കുന്നതിന് കോളേജിലെ കിഫ്ബി പദ്ധതിയുടെ നിർവഹണ ഏജൻസി ആയ KITCO-യ്ക്ക് നിർദ്ദേശം നൽകുവാൻ കഴിയുന്നതാണ്.

(ബി) മൂന്ന് വർഷമായി സൗജന്യ കെട്ടിടത്തിലാണ് നിലമ്പൂർ ഗവണ്മെന്റ് കോളേജ് പ്രവർത്തിക്കുന്നത് എന്നതിനാലും പി.ജി. അടക്കമുള്ള കോഴ്സുകൾ പുതുതായി അനുവദിച്ച സാഹചര്യത്തിൽ സ്ഥലപരിമിതി ഉള്ളതിനാലും കോളേജിനായി ഏറ്റെടുക്കാനുദ്ദേശിച്ച സ്ഥലം പാട്ടത്തിനെടുത്ത് അവിടെ താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിർദ്ദേശം നൽകുമോ?

കോളേജിനായി കണ്ടെത്തിയ ഭൂമി പാട്ടത്തിനെടുത്ത് അവിടെ താൽക്കാലികമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി പാട്ടത്തിനെടുത്ത് അവിടെ താൽകാലികമായി കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

(സി) പ്രസ്തുത കോളേജിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വൈകുന്നതിന് കാരണം വിദ്യാഭ്യാസ വകുപ്പ് കണ്ടിജൻസി ചാർജ് അടവാക്കാൻ താമസം വരുത്തുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റെല്ലാ അനുമതികളും ഉത്തരവുകളും ലഭിച്ച സാഹചര്യത്തിൽ അടിയന്തരമായി കണ്ടിജൻസി ചാർജ് അടവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

കണ്ടിജൻസി ചാർജ് സംബന്ധിച്ച വിവരം മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ കിഫ്ബി ഫണ്ടിൽനിന്നും തുക അടയ്ക്കുന്നതിന് കോളേജിലെ കിഫ്ബി പദ്ധതിയുടെ നിർവഹണ ഏജൻസി ആയ KITCO-യ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

(ഡി) സ്ഥല പരിമിതിയും അസൗകര്യങ്ങളും മറികടക്കാൻ നിലവിൽ ഗവണ്മെന്റ് കോളേജ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന് വാടക നിശ്ചയിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിനുള്ളിൽ തന്നെ കൂടുതൽ സ്ഥലം വാടകയ്ക്ക് ഏറ്റെടുക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിന് വാടക നിശ്ചയിച്ച് നൽകുന്നത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗമാണോയെന്നും അറിയിക്കാമോ?

സ്വകാര്യ കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന കോളേജിന്റെ വാടക നിശ്ചയിക്കുന്നതിനായി പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗത്തിൽ അപേക്ഷ നൽകേണ്ടതാണ്. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക നിരക്ക് സർക്കാർ അനുമതിയോടുകൂടി നൽകാൻ കഴിയുന്നതാണ്.

**പട്ടാമ്പി സംസ്കൃതകോളേജിന് ബസ് വാങ്ങാൻ നടപടി**

116 (1656) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽനിന്നും പട്ടാമ്പി സംസ്കൃത കോളേജിനായി അനുവദിച്ചിട്ടുള്ള ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; എന്നുമുതൽ കോളേജിന് ബസ് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ തടസ്സം പരിഹരിച്ച് അടിയന്തരമായി ബസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടാമ്പി ശ്രീ. നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ പട്ടാമ്പി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് '4202-01-800-83, Project under LACADS PURCHASE OF VEHICLES എന്ന പദ്ധതിയേതര ശീർഷകത്തിൽനിന്നുമാണ് ചെലവ് വഹിക്കേണ്ടത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ടോക്കൺ വിഹിതം മാത്രമേ വകയിരിത്തിയിട്ടുള്ളൂ എന്നതിനാൽ ടി ശീർഷകത്തിൽ ചെലവ് വകയിരുത്തികൊണ്ട് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷം അധിക ധനാനുമതി മുഖാന്തിരം തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൊകേരി ഗവൺമെന്റ് കോളേജിലെ ബിരുദ-ബിരുദാനന്തര കോഴ്സുകൾ**

117 (1657) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിലെ ബിരുദ -ബിരുദാനന്തര കോഴ്സുകളുടെ എണ്ണത്തിലുള്ള കുറവ് കാരണം കുറ്റ്യാടി മണ്ഡലത്തിലും പരിസരത്തുമുള്ള നിരവധി വിദ്യാർത്ഥികൾ കോഴിക്കോട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേയ്ക്ക് പഠനാവശ്യത്തിനായി ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കോഴിക്കോട് ജില്ലയിലെ നിരവധി വിദ്യാർത്ഥികൾ ആശ്രയിക്കുന്ന മൊകേരി ഗവണ്മെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

2020-21 അദ്ധ്യയന വർഷം മൊകേരി ഗവണ്മെന്റ് കോളേജിൽ ബി.എസ്.സി. എക്കണോമെട്രിക്സ് ആന്റ് ഡേറ്റാ മാനേജ്മെന്റ് കോഴ്സ് അനുവദിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല.

## ബിരുദാനന്തരബിരുദ മാധ്യമ പഠന കോഴ്സുകൾ

118 (1658) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ കോളേജുകളിൽ കൂടുതൽ ബിരുദ, ബിരുദാനന്തരബിരുദ മാധ്യമ പഠന കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം കോളേജിൽ ബി.എ. (മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം) എം.എ. (മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം)എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. ഇതുസംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഗവൺമെന്റ് കെ.എൻ.എം. കോളേജിൽ പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിനുള്ള ശിപാർശ സർവ്വകലാശാലയിൽനിന്നും ലഭിക്കുന്നപക്ഷം പരിശോധിക്കുന്നതാണ്.

## ചൊക്ലി ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

119 (1659) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്ലി ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തിയായവയും പൂർത്തിയാകാത്തവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിനായി റവന്യൂ ഭൂമി അനുവദിക്കൽ

120(1660) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിനായി റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു ആവശ്യത്തിലേയ്ക്ക് നീക്കിവെച്ച ഭൂമി വിട്ടുകിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ എന്താണ്;

(സി) പ്രസ്തുത അപേക്ഷയിന്മേലുള്ള തുടർനടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിന് അധികഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ഭൂമി കോളേജ് നിർമ്മാണത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയും പ്രസ്തുത നിർദ്ദേശ പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറും കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറും KITC-യുടെ പ്രതിനിധികളും സംയുക്തമായി ടി സ്ഥലം സന്ദർശിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ പദ്ധതികൾ

121 (1661) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ 10.83 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ

നടപ്പിലാക്കാനുള്ള പദ്ധതിരൂപ രേഖയാണ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 2112 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അക്കാഡമിക് ബ്ലോക്ക്, 512.90 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, 136.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്രിൻസിപ്പൽ ക്വാർട്ടേഴ്സ്, നിലവിലുള്ള ലൈബ്രറിയുടെ നവീകരണം എന്നിവ ഉൾപ്പെടുന്നു. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) ആണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV). പദ്ധതിയുടെ വിശദമായ രൂപരേഖയും എസ്റ്റിമേറ്റും കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടാമ്പി സംസ്കൃത കോളേജിന് അനുവദിച്ച ഇൻഡോർ സ്റ്റേഡിയം**

122 (1662) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പട്ടാമ്പി സംസ്കൃത കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ&ബി) ഇല്ല. പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ കരാറിലെ ചില വ്യവസ്ഥകൾ മാറ്റം വരുത്തണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കായിക യുവജനക്ഷേമവകുപ്പ് ഡയറക്ടറുടെയും കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെയും സംയുക്ത യോഗം ചേർന്നിരുന്നു. തർക്കം നിലനിന്നിരുന്ന കരാറിലെ വ്യവസ്ഥകളിൽ ചില ന്യൂനതകൾ ഉള്ളതിനാൽ അവ പരിഹരിച്ച് പുതുക്കിയ ധാരണാപത്രം നൽകുന്നതിന് കായിക യുവജനക്ഷേമവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ടി വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെറുവത്തൂരിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

123(1663) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ജെ.റ്റി.എസ്. കാമ്പസിലുള്ള 25 ഏക്കറോളം ഭൂമി ഉപയോഗിച്ച് ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം റൂസ വഴിയോ മറ്റോ അനുവദിക്കാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ നിയമനവും വേതനവും

124 (1664) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്കുള്ള വേതനം ഏകീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വേതനം ഏത് വിധത്തിലാണെന്നും എത്രയാണെന്നും അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതനം 4-7-2018-ലെ സ.ഉ.(ആർ.റ്റി)നം.1293/2018/ഉവിവ പ്രകാരവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങളിലെ അതിഥി അദ്ധ്യാപകരുടെ വേതനം 19-11-2018-ലെ സ.ഉ.(ആർ.റ്റി) നമ്പർ 2080/ 2018/ഉവിവ. പ്രകാരവും പരിഷ്കരിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം യു.ജി.സി./എ.ഐ.സി.ടി. നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവർക്ക് പ്രതിദിനം 1,750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43,750 രൂപ വേതനം നിശ്ചയിച്ചിട്ടുണ്ട്. യു.ജി.സി./എ.ഐ.സി.ടി. നിഷ്കർഷിക്കുന്ന യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1,600 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40,000 രൂപ വേതനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അതിഥി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 24-7-2019-ലെ ഡി1/103066/2018/കോവിവ നമ്പരായി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ടി പരിപത്രത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

## കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

125 (1665) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പഠനം തുടങ്ങുന്നതിനും ആലോചനയുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും സംവിധാനങ്ങളും വ്യക്തമാക്കാമോ?

(എ&ബി) കോളേജുകൾ തുറന്ന് പഠനം തുടങ്ങുന്നത് സംബന്ധിച്ചും അപ്രകാരം തുറന്ന് പ്രവർത്തിക്കുമ്പോൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളും സംവിധാനങ്ങളും വ്യക്തമാക്കി കൊണ്ടും 17-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1228/2021/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളിൽ കോവിഡിനുശേഷം കോളേജുകൾ തുറന്നു പ്രവർത്തിപ്പിച്ചത് ടി.പി.ആർ. എത്രയായി കുറഞ്ഞതിനുശേഷമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; അവിടങ്ങളിൽ സ്വീകരിച്ച പ്രവർത്തനങ്ങളും നിയന്ത്രണങ്ങളും മാനദണ്ഡവും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ കോവിഡ് സാഹചര്യങ്ങൾ വിലയിരുത്തി ദുരന്തനിവാരണ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനായും അതോടൊപ്പം പൊതുജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനുമായി വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതത് സമയത്തെ കോവിഡ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യാപനതോതും ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ സംഖ്യയും സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട മറ്റ് സാമൂഹിക ആരോഗ്യ പരിപാലന വിഷയങ്ങളും കണക്കിലെടുത്ത ശേഷമാണ് ഓരോ സമയത്തും ആവശ്യമായ നിയന്ത്രണങ്ങളും ഇളവുകളും തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങളിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചാണ് നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തുന്നത്. അപ്രകാരം നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലാണ് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിശീലന സ്ഥാപനങ്ങളും കർശനമായ നിബന്ധനകൾ കൃത്യമായി പാലിച്ചുകൊണ്ട് തുറന്ന് പ്രവർത്തിക്കാൻ ഉത്തരവായിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിലെ കോവിഡ് സാഹചര്യങ്ങൾ വിലയിരുത്തി അവിടെ സ്വീകരിച്ച നിയന്ത്രണങ്ങളും മാനദണ്ഡവും സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

(ഡി) വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വാക്സിനേഷൻ നൽകാൻ സാധിച്ചിട്ടുണ്ടോയെന്നും എത്ര ശതമാനം പേർക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ടെന്നും പൂർണതോതിൽ വാക്സിനേഷൻ നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉണ്ട്. സർക്കാർ കോളേജുകളിലെ 80% വിദ്യാർഥികൾക്കും എയ്ഡഡ് കോളേജുകളിലെ 81% വിദ്യാർത്ഥികൾക്കും സർക്കാർ കോളേജിലെ 87% അദ്ധ്യാപകർക്കും എയ്ഡഡ് കോളേജിലെ 76% അദ്ധ്യാപകർക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

(ഇ) കോളേജുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമൂലം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രോഗബാധ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കോളേജുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമൂലം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രോഗബാധയുണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം 17-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1228/2021/ഉ.വി.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾ

126 (1666) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് തിരുവനന്തപുരം ജില്ലയിൽ എത്ര ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

605 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഗ്രന്ഥശാലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ?

നിലവിലെ വാർഷിക നിരക്ക് ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | ഗ്രാന്റ് | ലൈബ്രേറിയൻ അലവൻസ് |
|---|---|---|
| A+ | 50,000 രൂപ | 59,040 രൂപ |
| A | 32,000 രൂപ | 51,840 രൂപ |
| B | 24,000 രൂപ | 51,840 രൂപ |
| C | 20,000 രൂപ | 51,840 രൂപ |
| D | 16,000 രൂപ | 48,240 രൂപ |
| E | 14,000 രൂപ | 48,240 രൂപ |
| F | 12,000 രൂപ | 48,240 രൂപ |

(സി) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് വർക്കല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ഏതെല്ലാമെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓൺലൈനായി ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം

127 (1667) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ കോളേജുകൾ തുറന്നുപ്രവർത്തിക്കുന്ന സാഹചര്യത്തിൽ ക്ലാസ്സിൽ നേരിട്ട് എത്തിച്ചേരാൻ കഴിയാത്ത വിദ്യാർഥികൾക്ക് ഓൺലൈനായി ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡ് പശ്ചാത്തലത്തിൽ കോളേജുകൾ തുറന്ന പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ക്ലാസ്സിൽ നേരിട്ട് എത്തിച്ചേരാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ 17-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1228/2021/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട് *.

## വിദ്യാർത്ഥികളുടെ മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ_ഉറപ്പാക്കുന്നതിനും നടപടി

128 (1668) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിക്കുശേഷം കോളേജുകൾ തുറന്ന പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

കോവിഡ് പ്രതിസന്ധിക്കുശേഷം കോളേജുകൾ തുറന്ന പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാനസിക സമ്മർദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും 17-9-2021-ലെ സ.ഉ.(സാധാ) നം 1228/2021/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളും, ജീവനക്കാരും ക്യാമ്പസ്സുകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കണമെന്നും, ആവശ്യാനുസരണം ഹാൻഡ് വാഷ്, സാനിറ്റൈസർ, മുഖാവരണങ്ങൾ, തെർമൽ സ്കാനിംഗ് തുടങ്ങിയവ ഉറപ്പാക്കുവാനും

വിദ്യാർത്ഥികൾ കൂട്ടം കൂടുന്നതും സാമൂഹിക അകലം ലംഘിക്കുന്നത് അനുവദിക്കാതിരിക്കുന്നതിനും ഹോസ്റ്റലുകളിൽ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. അതോടൊപ്പം സുരക്ഷിതമായ നടത്തിപ്പിന് അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്ഥാപനതല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മാനസിക സംഘർഷം നേരിടുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്.

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് വീണ്ടും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം

129 (1669) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് യഥാസമയം ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇപ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2021 വർഷത്തെ കീം പ്രവേശനവുമായി ബന്ധപ്പെട്ട് 1-6-2021 മുതൽ 21-6-2021 വരെ തീയതികളിൽ ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. തുടർന്ന് അപേക്ഷ സമർപ്പിക്കുന്നതിന് 30-6-2021 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. മെഡിക്കൽ, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്റെ ഭാഗമായി 14-9-2021 മുതൽ 18-9-2021 വരെയും സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. 25-5-2021-ലെ ജി.ഒ (എം.എസ്) നം.269/2021/ ഉവിവ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച 2021 വർഷത്തെ കീം പ്രോസ്പെക്ടസിലെ ക്ലോസ് (6) ലെ വ്യവസ്ഥകൾ പ്രകാരം അർഹരായവർക്ക് അപേക്ഷ സമർപ്പിക്കാൻ കഴിയുമായിരുന്നു.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് പുതിയ കെട്ടിടം

130 (1670) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കാൻ നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ബി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുമ്പ് നടത്തിയിരുന്ന മൊബൈൽ ലൈബ്രറി സേവനം പുനഃസ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഡിജിറ്റൽ റീഡിംഗ്, ഇ-ലേണിംഗ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ നിലവിലുള്ളതിനാൽ മൊബൈൽ ലൈബ്രറി സേവനം പുനഃസ്ഥാപിക്കാൻ നിലവിൽ ആലോചനയില്ല. ഇ-റീഡിംഗിൽ വായനാസമൂഹം മാറുകയും പുസ്തകങ്ങൾ ധാരാളം ലഭ്യമാവുകയും ചെയ്ത സാഹചര്യത്തിലാണ് മൊബൈൽ ലൈബ്രറി നിർത്തലാക്കിയത്.

(ഡി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഡിജിറ്റൽ ലൈബ്രറി

131 (1671) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ മലയാള

വിഭാഗത്തിൽ പുതിയതായി കുട്ടികൾക്കുള്ള ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നതിനായി പി. ഗോവിന്ദപിള്ള സംസ്കൃതി പഠനകേന്ദ്രം ലൈബ്രറിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ശിപാർശ നൽകിയിട്ടുണ്ടോ; ഇത് നടപ്പിലാക്കാൻ നിയമപരമായോ സാങ്കേതികമായോ എന്തെങ്കിലും തടസ്സമുണ്ടോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നതിന് പി.ജി. സംസ്കൃതി പഠനകേന്ദ്രം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുതിയ ബിൽഡിംഗ് പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട് പുതിയതായി താല്ക്കാലികമായോ സ്ഥിരമായോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുതിയ ബിൽഡിംഗ് പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട് 4 ലൈബ്രേറിയന്മാർ, ഒരു ബ്രെയിലി അസിസ്റ്റന്റ്, ഒരു സെക്യൂരിറ്റി ഗാർഡ് എന്നിവരുടെ തസ്തികകൾ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിലവിലുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേയ്ക്ക് സ്ഥിരം നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോയെന്നത് അറിയിക്കാമോ?

ഇല്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ അംഗങ്ങൾക്ക് ഓൺലൈനായി അംഗത്വഫീസ്, മാസവരി, ഫൈൻ എന്നിവ അടയ്ക്കുന്നതിനായി സൗകര്യം ഉണ്ടോ?

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ അംഗത്വം നൽകുന്നതിന് അംഗത്വം എടുക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി പരിശോധിക്കുന്നതിനായി ടിയാൻ നേരിട്ട് ഹാജരാകേണ്ടതിനാൽ അംഗത്വ ഫീസ് ഓൺലൈനായി അടയ്ക്കാൻ സാധിക്കുകയില്ല. പുസ്തകം നേരിട്ട് നൽകുമ്പോൾ മാത്രമേ ഫൈൻ കണക്കാക്കി അടയ്ക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ പുസ്തകങ്ങളുടെ ഫൈൻ ഓൺലൈനായി അടയ്ക്കാൻ സാധിക്കുകയില്ല. പ്രസ്തുത ലൈബ്രറിയിൽ അംഗങ്ങളിൽനിന്നും മാസവരി ഈടാക്കുന്നില്ല.

(ഇ) ഇല്ലെങ്കിൽ ഈ സൗകര്യം കൊണ്ടുവരാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

ലൈബ്രറി ഉപയോക്താക്കൾക്കായി ക്യാഷ്‌ലെസ്സ് പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലാണ്.

**മാവേലിക്കരയിൽ യു.ഐ.ടി.**

132 (1672) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ യു.ഐ.ടി. അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യു.ഐ.ടി.-യുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2018-19-ലെ സർവ്വകലാശാലാ ബഡ്ജറ്റിൽ പ്രസ്തുത യു.ഐ.റ്റി. ആരംഭിക്കുന്നത് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നിലവിലുള്ള യു.ഐ.റ്റി.-കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് സർവ്വകലാശാല മുൻഗണന നൽകിവരുന്നത്.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്ക്**

133 (1673) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം ഗവണ്മെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ മുക്കം എന്ന സ്ഥലത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പോളിടെക്നിക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി മുമ്പ് വനഭൂമി ആയിരുന്ന 4 ഏക്കർ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ടി വനഭൂമി തരം മാറ്റി പോളിടെക്നിക്കിൻെറ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ താത്കാലിക സംവിധാനമൊരുക്കി ക്ലാസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പോളിടെക്നിക്ക് നിർമ്മാണത്തിന് കണ്ടെത്തിയ 4 ഏക്കർ സ്ഥലം സ്ഥാപനത്തിൻെറ പേരിൽ ലഭ്യമായാൽ ഒന്നാം വർഷ ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള എല്ലാ ഭൗതീക സാഹചര്യങ്ങളും ഒരുക്കി എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ക്ലാസ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കാൻ കഴിയും. സ്വന്തം കെട്ടിടമുൾപ്പെടെയുള്ള ഭൗതീക സാഹചര്യങ്ങളും എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിൽ സ്വന്തം സ്ഥലവും എ.ഐ.സി.ടി.ഇ. അംഗീകാരത്തിന് നിർബന്ധമായതിനാൽ താല്ക്കാലിക സംവിധാനം ഉപയോഗിച്ച് സ്ഥാപനം നടത്താനാവില്ല.

## കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി.-യുടെ അംഗീകാരം നിലനിർത്താൻ നടപടി

134 (1674) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി.-യുടെ അംഗീകാരം നിലനിർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി.-യുടെ അംഗീകാരം നിലനിർത്തുന്നതിന്, കോളേജിന് 5 ഏക്കർ സ്ഥലം വേണമെന്ന U.G.C. നിബന്ധന പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഐ.എച്ച്.ആർ.ഡി.-യുടെ പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജ് കാമ്പസിലേക്ക് കാഞ്ഞിരപ്പള്ളി അപ്ളൈഡ് സയൻസ് കോളേജിന് 5 ഏക്കർ സ്ഥലം ഡിമാർക്കേറ്റ് ചെയ്ത്, കോളേജ് ഷിഫ്റ്റ് ചെയ്യാൻ 17-6-2020-ലെ ഐ. എച്ച്.ആർ.ഡി.-യുടെ 101-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം ഒരു വർഷത്തിനകം നിർമ്മിച്ച് നൽകാൻ തയ്യാറാണെന്നും ആയതിനാൽ കോളേജ് കാഞ്ഞിരപ്പിള്ളിയിൽതന്നെ തുടരാൻ അനുവദിക്കണ മെന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് ഒരു വർഷംകൂടി കാഞ്ഞിരപ്പള്ളിയിൽ തന്നെ തുടരുവാൻ തീരുമാനിച്ചു. ഈ വിഷയത്തിൽ 4-8-2021-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വകലാശാലയുടെ അഫിലിയേഷൻ നിലനിർത്താൻ ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച മന്ത്രിതല യോഗത്തിന്റെ മിനിട്സ് തയ്യാറായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ടി മിനിട്സിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് ഗവണ്മെന്റ് എഞ്ചിനീയിറിംഗ് കോളേജ്

135(1675) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ഡിഗ്രി, പി. ജി. കോഴ്സുകൾ (ബി-ടെക് കമ്പ്യൂട്ടർ എഞ്ചിനീയിറിംഗ് ഉൾപ്പെടെ) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയിറിംഗ് കോളേജിന് ആധുനിക സൗകര്യങ്ങളോടുകൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലുള്ള 30.109 ഭൂമിയിൽ 8.7913 ഹെക്ടർ തണ്ണീർത്തടം ആയതിനാൽ പ്രസ്തുത ഭൂമി നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-ൽ തയ്യാറാക്കി അംഗീകരിച്ച അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി തടസ്സമായതിനാൽ പുതിയ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മിതിക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന് സാങ്കേതിക അനുമതി നേടിയിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കിയ കാര്യങ്ങൾ

136(1676) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ; ഇതിനായി എത്ര രൂപ അനുവദിച്ചെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളുടെ

വികസനം, അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ, പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തൽ എന്നീ തുടർ പദ്ധതികളിലൂടെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ സർക്കാർ നിലവിൽ വന്ന ശേഷം ടി സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 25,97,000 രൂപയുടെയും കോൺക്രീറ്റ് ലാബ് നിർമ്മിക്കുന്നതിനായി 25,46,000 രൂപയുടേയും പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിന് രണ്ട് പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്മേലുള്ള നടപടി വിശദമാക്കാമോ?

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ M.Tech in Electrical Drives and Control, M.Tech in Artificial Intelligence and Data Science, M.Tech in Internet of Things എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പയ്യന്നൂർ റസിഡൻഷ്യൽ വനിത പോളിടെക്നിക് ക്യാമ്പസിലെ ചുറ്റുമതിൽ നിർമ്മാണം

137(1677) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ റസിഡൻഷ്യൽ വനിതാ പോളിടെക്നിക് ക്യാമ്പസിലെ ചുറ്റുമതിൽ നിർമ്മാണത്തിനായി പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

15-5-2020-ലെ സ.ഉ(സാധാ) 609/2020/ഉവിവ. പ്രകാരം റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് ക്യാമ്പസിലെ ചുറ്റുമതിൽ നിർമ്മാണത്തിനായി NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 1,51,22,482 രൂപയുടെ (ഒരു കോടി അൻപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ തുടർ നടപടികൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി M/s. KITCO എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ടെണ്ടർ നടപടികളുടെ പ്രവർത്തനം കഴിയുന്ന മുറയ്ക്ക് തുടർ നടപടികൾ ആരംഭിക്കുന്നതുമാണ്.

(സി) നിർമ്മാണ പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

മേൽ നിർമ്മാണ പ്രവൃത്തിയിൽ ആദ്യം വിളിച്ച ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിൻെറ കാലതാമസം നേരിട്ടെങ്കിലും ഇപ്പോൾ ടി പദ്ധതിയുടെ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു.

**മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ എ.ഐ.സി.ടി.ഇ. അംഗീകാരം**

138 (1678) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ. സർക്കാർ പോളിടെക്നിക് കോളേജ്, മഞ്ചേരിയിൽ മാനദണ്ഡമനുസരിച്ച് ആകെ എത്ര തസ്തികകളാണ് അനിവാര്യമായിട്ടുള്ളതെന്ന് അറിയിക്കുമോ; 23 എണ്ണം മാത്രമാണ് നിലവിലുള്ളത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക്ക് കോളേജ്, മഞ്ചേരിയിൽ എ.ഐ.സി.ടി.ഇ.-യുടെ 1:25 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാത മാനദണ്ഡമനുസരിച്ച് ആകെ 23 അദ്ധ്യാപക തസ്തികകൾ ആവശ്യമാണ്. നിലവിൽ മാനദണ്ഡ പ്രകാരമുള്ള 19 ലക്ചറർ, 3 എച്ച്. ഒ. ഡി., ഒരു പ്രിൻസിപ്പാൾ എന്നിങ്ങനെ ആകെ 23 തസ്തികകൾ ടി സ്ഥാപനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) എ.ഐ.സി.ടി..ഇ. മാനദണ്ഡമനുസരിച്ച് മഞ്ചേരി ഗവ: പോളിടെക്നിക് കോളേജിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്നതും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 12-7-2021-ലെ GO(MS) No.297/2021/H.edn പ്രകാരം റദ്ദാക്കിയതുമായ ഒരു ലക്ചറർ തസ്തിക അടിയന്തരമായി പുനഃസ്ഥാപിച്ചുനൽകുകയോ അല്ലെങ്കിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡമനുസരിച്ച് പുതുതായി ഒരു ലക്ചറർ തസ്തിക സൃഷ്ടിക്കുകയോ ചെയ്ത് എ.ഐ.സി.ടി.ഇ. അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മഞ്ചേരി പോളിടെക്നിക്കിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗിലെ 4 ലക്ചറർ, ഒരു ഇലക്ട്രിക്കൽ

എഞ്ചിനീയറിംഗ് ലക്ചറർ എന്നിങ്ങനെയുള്ള വിന്യാസമാണ് അനുവദിച്ചിട്ടുള്ളത്. ആയത് എ.ഐ.സി.ടി.ഇ. അംഗീകൃത 1:25 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാത മാനദണ്ഡമനുസരിച്ചുള്ളതാണ്. മഞ്ചേരി സർക്കാർ പോളിടെക്നിക്കിൽ അദ്ധ്യാപക തസ്തികകളുടെ അപര്യാപ്തത കാരണം എ.ഐ.സി.ടി.ഇ. അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം നിലവിൽ ഇല്ല.

(സി) മഞ്ചേരി ഗവ: പോളിടെക്നിക് കോളേജിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സർക്കാർ പോളിടെക്നിക്ക് കോളേജ് മഞ്ചേരിയിൽ വിവിധ ബ്രാഞ്ചുകളിൽ ലാബ് സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കേണ്ടതായുണ്ട്. നിലവിൽ താല്ക്കാലികാടിസ്ഥാനത്തിലാണ് ടി തസ്തികകളിൽ നിയമനം അനുവദിച്ചിട്ടുള്ളത്. തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

**സി-ആപ്റ്റിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

139 (1679) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, കടുത്തുരുത്തി, കൊല്ലം എന്നീ സി-ആപ്റ്റ് സെന്ററുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്; നിലവിൽ റൊട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഡ്യൂട്ടി പൂർത്തിയാക്കാത്ത എത്ര ജീവനക്കാർ ഉണ്ട്; റൊട്ടേഷൻ വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ?

സി-ആപ്റ്റിന്റെ വിവിധ ഉപകേന്ദ്രങ്ങളിൽ അധിക ജീവനക്കാർ ഉള്ളതിനാലും ടി ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ വരുമാനം അതത് ഉപകേന്ദ്രങ്ങളിൽനിന്ന് ലഭിക്കാത്തതിനാലും കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മിക്ക ഉപകേന്ദ്രങ്ങളും വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം ഹെഡ് ഓഫീസ് കോംപ്ലക്സിൽ അധിക ജീവനക്കാർ ആവശ്യമുള്ളപക്ഷം, തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുനിന്നുള്ള ഉപകേന്ദ്രങ്ങളിൽനിന്നുകൂടെ ജീവനക്കാരെ ആവശ്യാനുസരണം പുനർവിന്യസിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 28-1-2021-ന് ചേർന്ന സി-ആപ്റ്റിന്റെ 40-ാമത് ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ച

വരുന്ന ഉപകേന്ദ്രങ്ങളിലെ ജീവനക്കാരെ ലോട്ടറി പ്രിന്റിംഗ് ഉൾപ്പെടെയുള്ള വിവിധ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് സി-ആപ്റ്റിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിലേയ്ക്ക് സ്ഥിരമായി നിയമിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലോട്ടറി പ്രിന്റിംഗ് ഉൾപ്പെടെയുള്ള അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമുള്ളതിനാലാണ് കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്രങ്ങളിൽനിന്ന് ജീവനക്കാരെ ഹെഡ് ഓഫീസ് കോംപ്ലക്സിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ളത്. കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്രങ്ങളിൽ നിലവിൽ പരിശീലന കോഴ്സുകൾ ഇല്ലാത്തതിനാൽ ടി ഉപകേന്ദ്രങ്ങളിൽ സേവനം ആവശ്യമില്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തിയാണ് നിലവിൽ സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ജീവനക്കാർക്ക് സ്ഥിരമായി സ്ഥലംമാറ്റ ഉത്തരവ് നൽകിയതിനുശേഷം പുതിയ റൊട്ടേഷൻ ഡ്യൂട്ടി ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് നൽകിയിട്ടില്ല. നേരത്തേ പ്രാബല്യത്തിൽ വന്നിട്ടുള്ളതും റൊട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഡ്യൂട്ടി ക്രമീകരിച്ചിട്ടുള്ളതുമായ 5 ജീവനക്കാർ റൊട്ടേഷൻ ഡ്യൂട്ടി ഇനിയും പൂർത്തിയാക്കാനുണ്ട്. ടി ജീവനക്കാരുടെ റൊട്ടേഷൻ ഡ്യൂട്ടി പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലെ സാഹചര്യത്തിൽ റൊട്ടേഷൻ വ്യവസ്ഥ അവസാനിക്കുന്നതാണ്.

(ബി) സി-ആപ്റ്റിൽ ജില്ലാതല സെന്ററുകളുടെ വികസനത്തിനുവേണ്ടി ഏതൊക്കെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സി-ആപ്റ്റിന്റെ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിലുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിനുവേണ്ടി 800 ലക്ഷം രൂപയുടെയും കോഴിക്കോട് ഉപകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെയും എറണാകുളം ഉപകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെയും പദ്ധതി തയ്യാറാക്കി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ലോട്ടറി, ഹയർ സെക്കണ്ടറി, പാഠപുസ്തക അച്ചടി ഒഴികെ 2019-20, 2020-21 എന്നീ കാലഘട്ടങ്ങളിൽ സ്ഥാപനത്തിൽ ജോലികളുടെ ഇൻവോയിസും പുറംകരാർ അടിസ്ഥാനത്തിൽ നടന്ന ഇൻവോയിസും സബ് സെന്ററുകളിൽ ഉൾപ്പെടെയുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ; ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ലോട്ടറി, ഹയർ സെക്കണ്ടറി, പാഠപുസ്തക അച്ചടി ഒഴികെ 2019-20-ൽ ഹെഡ് ഓഫീസിൽനിന്ന് 8,42,53,902 രൂപയുടെ ഇൻവോയിസും 2020-21-ൽ

39,63,36,722 രൂപയുടെ ഇൻവോയിസും 2019-20 കാലഘട്ടത്തിലെ പുറംകരാർ ഇൻവോയിസുകളുടെ തുക 2,25,49,832 രൂപയും 2020-21-ൽ പുറംകരാർ ഇൻവോയിസുകളുടെ തുക 22,44,69,635 രൂപയുമാണ്. 2019-20-ൽ സി-ആപ്റ്റിന്റെ ഹെഡ് ഓഫീസിന്റെയും ഉപകേന്ദ്രങ്ങളുടെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2,628 ലക്ഷം രൂപയും 2020-21-ൽ 2,662 ലക്ഷം രൂപയും ചെലവായിട്ടുണ്ട് ടി കണക്കുകൾ ആഡിറ്റിന് വിധേയമാണ്.

(ഡി) സി-ആപ്റ്റിൽ മാർക്കറ്റിംഗ് സെക്ഷനിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; കഴിഞ്ഞ രണ്ടുവർഷമായി പ്രിന്റ് ചെയ്തുനൽകിയ ഇനത്തിൽ എത്ര രൂപ മറ്റ് വകുപ്പുകളിൽനിന്നും കിട്ടാനുണ്ട്; വിശദമാക്കാമോ?

സി-ആപ്റ്റിൽ മാർക്കറ്റിംഗ് സെക്ഷനിൽ 5 ഫീൽഡ് സ്റ്റാഫ് ഉൾപ്പെടെ 13 ജീവനക്കാർ ജോലി ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷമായി സെന്ററിൽനിന്നും അച്ചടിച്ച് നൽകിയ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 23,15,236 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 5,87,82,551 രൂപയും വിവിധ ഓഫീസുകളിൽനിന്ന് കുടിശ്ശിക ഇനത്തിൽ സി-ആപ്റ്റിന് ലഭിക്കാനുണ്ട്.

(ഇ) സി-ആപ്റ്റിൽ ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടോ; സി-ആപ്റ്റ് ഉപകേന്ദ്രമായ പാലാ സെന്ററിൽ യൂണിഫോം ധരിച്ച് സെക്യൂരിറ്റി ജീവനക്കാർ ഉണ്ടോയെന്ന് വിശദമാക്കാമോ?

സി-ആപ്റ്റിൽ ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. പാല ഉപകേന്ദ്രത്തിലെ സെക്യൂരിറ്റി ജീവനക്കാരൻ സെക്യൂരിറ്റി ജോലിക്ക് പുറമേ പ്രിൻറിംഗ്, ബയിന്റിംഗ് വിഭാഗത്തിലും ഫീൽഡ് വർക്കുകളിലും സഹായിയായി പ്രവർത്തിക്കുന്നതിനാൽ ടിയാൾ സെക്യൂരിറ്റിയുടെ യൂണിഫോം ധരിക്കുന്നില്ല. കൂടാതെ ടിയാൾക്ക് സെക്യൂരിറ്റി യൂണിഫോം ബത്തയും സ്ഥാപനത്തിൽനിന്നും നൽകുന്നില്ല.

**ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി**

140 (1680) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതി, നിയമനങ്ങളിൽ ക്രമക്കേട് എന്നിവ ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരാതികളിന്മേൽ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യപ്പെട്ട തീയതി വ്യക്തമാക്കുമോ?

(എ&ബി) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പ്രസ്തുത വിശദീകരണം ലഭ്യമായിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ലഭ്യമായ റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

## കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ്സ് സർവീസുകളിൽ നിരക്കിളവ്

141(1681) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ്സ് സർവ്വീസുകളിൽ കോവിഡ് കാലത്ത് യാത്രക്കാരെ ആകർഷിക്കുന്നതിനായി നൽകിയിരുന്ന നിരക്കിളവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; നിരക്കിളവ് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

2020 മാർച്ചിൽ സംസ്ഥാനത്ത് കോവിഡ്കാല നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് പൊതുഗതാഗത രംഗത്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. യാത്രക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സർവ്വീസുകൾ ക്രമീകരിച്ചതിനാൽ, സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് 2-7-2020-ലെ G.O. 37/2020/Trans. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് കാലത്ത് ദീർഘദൂര സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണം തീരെ കുറവായതിനാൽ വലിയ സാമ്പത്തിക നഷ്ടം സഹിച്ചാണ് പ്രസ്തുത ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്നത്. ടി നഷ്ടം ലഘൂകരിക്കുന്നതിനും കൂടുതൽ യാത്രക്കാരെ ദീർഘദൂര സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുന്നതിനുമായി പ്രത്യേക സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. നിലവിലുള്ള നിരക്കിൽ യാത്രാ തിരക്ക് കുറവുള്ള ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ 25% വരെ നിരക്കിളവ് 3-11-2020 മുതൽ നൽകിയിരുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ കോവിഡ് കാല നിയന്ത്രണങ്ങളിൽ വലിയ തോതിൽ ഇളവുകൾ വന്നതിനാലും കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പരാധീനതയും ഡീസലിന്റെ കനത്ത വിലവർദ്ധനവും നിലനിൽക്കുന്നതിനാൽ പരിമിതമായ സർവ്വീസുകളിൽ പ്രത്യേക സാഹചര്യത്തിൽ നൽകിയ ഇളവ് പുനഃസ്ഥാപിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. പ്രത്യേക നിരക്ക് ഇളവ് ജൻറം എ.സി. സർവ്വീസുകളിലും സംസ്ഥാനത്തിനകത്തും പുറത്തും സർവ്വീസ് നടത്തുന്ന മറ്റ് എ.സി. സർവ്വീസുകളിലും മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ ഓർഡിനറി ബസ്സുകൾക്ക് പകരം നൽകുന്ന ജൻറം ലോ ഫ്ലോർ നോൺ എ.സി. ബസ്സുകളിൽ ഈടാക്കിയിരുന്ന അധിക നിരക്ക് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

## കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ്

142 (1682) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് റെഗുലർ ആയി നടത്തിവന്ന ആറ് മാസം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് എന്ന കോഴ്സ് കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സിന് തുല്യമാണോ എന്ന് പരിശോധിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള കെ3/183/2020/ഉ.വി.വ. ഫയലിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കോഴ്സുകൾ തത്തുല്യ കോഴ്സായി അംഗീകരിച്ചു നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, സി-ആപ്റ്റ് തുടങ്ങി ഏതെല്ലാം ഏജൻസികളിൽ നിന്നായിരുന്നു റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സി-ആപ്റ്റ് റഗുലർ ആയി നടത്തിവന്ന ആറ് മാസം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ് സെറ്റ് പ്രിന്റിംഗ് എന്ന കോഴ്സ് കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സിന് തത്തുല്യമാണോയെന്നത് സംബന്ധിച്ച് സർക്കാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി എന്നിവരിൽനിന്നും റിപ്പോർട്ട് തേടിയിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമായി വന്നതിനാൽ വ്യക്തതയ്ക്കായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയ്ക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി, സി-ആപ്റ്റ് എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഹയർ എഡ്യുക്കേഷൻ കൗൺസിലും ഈ കോഴ്സും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് വ്യക്തമാക്കുമോ?

സി-ആപ്റ്റ് നടത്തിവന്ന പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാലും ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് ആറുമാസം മാത്രം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ് സെറ്റ് പ്രിന്റിംഗ് എന്ന കോഴ്സുമായി തുല്യത നൽകാമോ എന്ന വിഷയമായതിനാൽ ഇതുസംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് ഹയർ എഡ്യുക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയത്. ഇതിന് കോഴ്സും ഹയർ എഡ്യുക്കേഷൻ കൗൺസിലും തമ്മിൽ ബന്ധമുണ്ടാകേണ്ടതില്ല.

(ഡി) ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടറേറ്റും സി-ആപ്റ്റും അനുകൂല ശിപാർശ നൽകിയിട്ടും ഈ ഫയലിന്മേൽ തീരുമാനമെടുക്കുന്നതിന് ഹയർ എഡ്യുക്കേഷൻ കൗൺസിലിനോട് ആവശ്യപ്പെടുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

സി-ആപ്റ്റ് നടത്തിവന്ന പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാലും ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് ആറുമാസം മാത്രം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ് സെറ്റ് പ്രിന്റിംഗ് എന്ന കോഴ്സുമായി തുല്യത നൽകാമോ എന്ന വിഷയമായതിനാൽ ഇതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് ഹയർ എഡ്യുക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയത്. ഇതിന് കോഴ്സും ഹയർ എഡ്യുക്കേഷൻ കൗൺസിലും തമ്മിൽ ബന്ധമുണ്ടാകേണ്ടതില്ല.

(ഇ) സമാനമായ വിഷയം ഏതെങ്കിലും ഘട്ടത്തിൽ ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ പരിശോധനയ്ക്ക് അയച്ച കീഴ്വഴക്കമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകളിലെ കോഴ്സുകളുടെ തുല്യത സംബന്ധിച്ച് പരിശോധിക്കുന്നതിനും സർക്കാരിന് ഉപദേശം നൽകുന്നതിനും ഹയർ എഡ്യുക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഫയലുകളിൽ അനാവശ്യ കാലതാമസം വരുത്തി നീതി നിഷേധിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടികൾ പരിശോധിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോയെന്ന് അറിയിക്കുമോ?

ഫയലുകളിൽ അനാവശ്യ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(ജി) സ്വാഭാവിക നീതി നിഷേധിക്കപ്പെട്ട ഉദ്യോഗാർത്ഥിക്ക് സമയബന്ധിതമായി തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

സി-ആപ്റ്റ് റഗുലർ ആയി നടത്തിവന്നിരുന്ന ആറുമാസം മാത്രം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ് സെറ്റ് പ്രിന്റിംഗ് എന്ന കോഴ്സും ഒരു കൊല്ലം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സും തുല്യമാണോ എന്നത് സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുള്ളതിനാൽ ഇതുസംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് സർക്കാർ കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## കണ്ണൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ അനുവദിച്ച ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തിക

143 (1683) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ അനുവദിച്ച എണ്ണം (സാംഗ്ഷൻഡ് സ്ട്രെങ്ത്) എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കണ്ണൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ ആറ് തസ്തികകളാണ് അനുവദിച്ചത്. ഉത്തരവിൻെറ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ ഗവ. പോളിടെക്നിക്, പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക്, തോട്ടട ടെക്നിക്കൽ ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളിൽ ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ അനുവദിച്ച എണ്ണം (സാംഗ്ഷൻഡ് സ്ട്രെങ്ത്) എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ മട്ടന്നൂർ ഗവൺമെൻറ് പോളിടെക്നിക്കിൽ രണ്ടും പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക്കിൽ രണ്ടും തോട്ടട ടെക്നിക്കൽ ഹൈസ്കൂളിൽ ഒരു തസ്തികയും അനുവദിച്ചിട്ടുണ്ട്. (പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക്ക് കോളേജ്, മട്ടന്നൂർ ഗവ. പോളിടെക്നിക്ക് കോളേജ് എന്നിവയുടെ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*)

**സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ**

144(1684) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് സീറ്റ് വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര സീറ്റുകൾ വീതം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ;

5-8-2021-ലെ സ.ഉ. (സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ഡിഗ്രി ക്ലാസ്സുകളിൽ പരമാവധി 70 സീറ്റും പി.ജി. ക്ലാസ്സുകളിൽ സയൻസിന് 25 സീറ്റും ആർട്സ്, കോമേഴ്സ് വിഷയങ്ങൾക്ക് 30 സീറ്റും ആകാവുന്ന തരത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ കോളജുകളിൽ പുതിയ കോഴ്സുകൾ ഈ അദ്ധ്യയനവർഷം തുടങ്ങുന്നത് പരിഗണനയിലുണ്ടോ; ഏതെങ്കിലും ബിരുദ കോഴ്സുകളുടെ അധിക ബാച്ച് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ;

(സി) മഞ്ചേശ്വരം താലൂക്കിലെ ഗോവിന്ദപൈ സ്മാരക സർക്കാർ കോളേജിൽ ബികോം കോഴ്സിന് അധിക ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽ പുതുതായി ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ ഈ അദ്ധ്യയന വർഷം തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) 2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പുതിയ കോഴ്സുകൾ

145(1685) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ?

2021-22 അക്കാദമിക വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്.

(ബി) എങ്കിൽ ഏതുതരം കോഴ്സുകൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് വിശദമാക്കാമോ?

പുതുതലമുറ കോഴ്സുകൾക്ക് ആണ് പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതുസംബന്ധിച്ച അപേക്ഷകൾ കോളേജുകളിൽനിന്ന് യൂണിവേഴ്സിറ്റികൾ മുഖേന ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പുതിയ കോഴ്സുകൾക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് സർവ്വകലാശാലകൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

## വിളപ്പിൽശാലയിൽ സാങ്കേതിക സർവകലാശാലയ്ക്ക് വേണ്ടിയുള്ള സ്ഥലമെട്ടുപ്പ് വേഗത്തിലാക്കാൻ നടപടി

146 (1686) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ആസ്ഥാനവും ക്യാമ്പസും സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി സർവ്വകലാശാല തിരുവനന്തപുരം വിളപ്പിൽശാലയിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല വില്ലേജിൽ 42.1366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24-12-2018-ലെ സ.ഉ(സാധാ) നം. 2297/2018/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 3-7-2019-ലെ സ.ഉ (സാധാ) നം.1757/2019/റവ., പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 19(1) ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/ റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഭൂമിയുടെ സൗകര്യം കണക്കാക്കി ആദ്യ ഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിളപ്പിൽശാലയിൽ കണ്ടെത്തിയ നൂറേക്കർ ഭൂമി വാങ്ങാൻ അനുവദിച്ച തുക പര്യാപ്തമാണോ; വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുവാനായി സർവകലാശാല സ്വന്തം ഫണ്ടിൽനിന്ന് 106,91,07,777 രൂപ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. 100 ഏക്കർ ഭൂമിയും ഏറ്റെടുക്കാനായി 352 കോടി രൂപയോളം വേണ്ടിവരുമെന്നാണ് റവന്യൂ വകുപ്പ് കണക്കാക്കിയിരിക്കുന്നത്.

(ഡി) സാങ്കേതിക സർവ്വകലാശാലയ്ക്കായി സ്ഥലത്തിന്റെ പ്രമാണങ്ങൾ ഏറ്റെടുത്തിട്ടും പണം ലഭിക്കാത്ത നൂറോളം ഭൂവുടമകൾ വകുപ്പിന്റെ ഇടപെടൽ ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സാങ്കേതിക സർവ്വകലാശാലയ്ക്കായി സ്ഥലത്തിന്റെ പ്രമാണങ്ങൾ ഏറ്റെടുത്തിട്ടും പണം ലഭിക്കാത്തതുമായ 176 ഭൂവുടമകൾ ചേർന്ന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ പരാതികൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത ആസ്ഥാനവും ക്യാമ്പസും സ്ഥാപിക്കാൻ വിളപ്പിൽശാലയിൽ കണ്ടെത്തിയ മുഴുവൻ ഭൂമിയും വിലയ്ക്ക് ഏറ്റെടുത്ത് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

11-8-2021-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടി

147 (1687) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ ദേശീയ റേറ്റിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾ ആശാവഹമായ പുരോഗതി നേടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആഗോള, ദേശീയ റേറ്റിംഗിൽ അവയ്ക്ക് ഉയർന്ന സ്ഥാനം കൈവരിക്കാനാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ

എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ.

ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.

സി) സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.

ഡി) 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

ഇ) സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

എഫ്) അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി./പി.ജി. ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം.

3. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം.

4. 500 സി.എം. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.
5. വിദേശത്തുനിന്നും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ധരെ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എത്തിക്കാനുള്ള സ്കോളർ-ഇൻ-റസിഡന്റ്സ് പ്രോഗ്രാം.
6. ഔട്ട്കം ബേയ്സ്ഡ് എഡ്യൂക്കേഷൻ (OBE) സമ്പ്രദായത്തിൽ കരിക്കുലത്തിന്റെ പുനഃസംഘാടനം.
7. വിദേശ സർവ്വകലാശാലകളുമായുള്ള അക്കാദമിക സഹകരണത്തിനുള്ള എം.ഒ.യു.
8. സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങളെ അക്രെഡിറ്റേഷന് സഹായിക്കുന്ന സ്റ്റേറ്റ് ലെവൽ അസസ്സ്മെൻറ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC).
9. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും.
10. അക്കാദമിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും അനുസരിച്ചുള്ള സർവ്വകലാശാലകളുടെ ചിട്ടയായതും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ.
11. കിഫ്ബിയിൽനിന്നും മറ്റ് ഫണ്ടിംഗ് ഏജൻസികളിൽനിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ.

(ബി) കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയും നവീന കോഴ്സുകൾ ഉൾപ്പെടുത്തിയും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് നടപ്പുവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ടുമെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കോഴ്സുകളും ഗവേഷണങ്ങളും നമ്മുടെ നാടിന്റെ വികസനത്തിനുകൂടി ഉപകരിക്കുന്ന വിധത്തിൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴ്സുകളും ഗവേഷണങ്ങളും നാടിന്റെ വികസനത്തിനുകൂടി ഉപകരിക്കുന്ന വിധത്തിൽ തയ്യാറാക്കുന്നതിന് കേരള സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു. ഗവേഷണ പ്രവർത്തനങ്ങളെ ഉത്പാദന മേഖലയിൽ എത്തിക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല Business Innovation and Incubation Centre സ്ഥാപിച്ചിട്ടുണ്ട്. ടി സെന്ററിന്റെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ തുടങ്ങുകയും പേറ്റന്റുകൾക്കായി അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ പേറ്റന്റ് നിലവിലുണ്ട്. അതുവഴി ഗവേഷണ ഫലങ്ങൾ സമൂഹത്തിലെത്തിക്കാൻ സർവകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ ഉപരിപഠനത്തിന് ആവശ്യമായ സീറ്റുകളുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) മലബാറിലെ വിവിധ ജില്ലകളിൽ പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഡി& ഇ) 5-8-2021-ലെ സ.ഉ.(സാധാ) 1011/21/ഉ.വി.വ. ഉത്തരവ് പ്രകാരം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പരമാവധി 70 സീറ്റും പി.ജി.-ക്ക് സയൻസിന് 25 സീറ്റ്, ആർട്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ 30 സീറ്റെന്ന നിലയിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പഠന സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധന വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിൽനിന്നും കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ കോഴ്സുകൾ സർക്കാർ പരിഗണിച്ചുവരുന്നു.

## യു.ജി.സി അംഗീകാരമുള്ള കേന്ദ്ര സർവ്വകലാശാലകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും ബിരുദങ്ങൾ

148(1688) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപരിപഠനത്തിന് യു.ജി.സി. അംഗീകാരമുള്ള കേന്ദ്ര

സർവ്വകലാശാലകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും ബിരുദങ്ങൾ (സമാന ബിരുദങ്ങൾ ഇല്ലെങ്കിൽപോലും) അംഗീകരിക്കുമോ; ഇതുസംബന്ധിച്ച് പൊതു നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പൊതുനിർദ്ദേശം കൊണ്ടുവരുന്നതിനായി നടപടി സ്വീകരിക്കുമോ?

സർവകലാശാലകൾ നടത്തുന്ന ബിരുദങ്ങളുടെ തുല്യത/അംഗീകാരം സംബന്ധിച്ച് 13-11-2018-ൽ സർക്കാർ ജി.ഒ.(എം.എസ്.) നമ്പർ 272/2018/ ഉ.വി.വ, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISC), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER) മറ്റ് ദേശീയ പ്രാമുഖ്യമുള്ള സ്റ്റാൻഡ് എലോൺ സ്ഥാപനങ്ങൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്.

2. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും IISER, IISc കേന്ദ്ര/സംസ്ഥാന സർവ്വകലാശാലകൾ, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ BS/MS ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്.

3. ഐ.ഐ.റ്റി.- കൾ (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER) തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെയും യു.ജി.സി. അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളുടെയും ബിരുദങ്ങൾക്ക് അംഗീകാരവും തുല്യതാ സർട്ടിഫിക്കറ്റും നിഷ്കർഷിക്കാൻ പാടുള്ളതല്ല.

4. യു.ജി.സി. പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുന്ന അംഗീകൃത സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിൽപ്പെടുന്ന സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതാണ്.

5. സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും യു.ജി.സി. തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പേരുകൾ (nomenclature) ആയിരിക്കണം ബിരുദങ്ങൾക്ക്/യോഗ്യതകൾക്ക് അവലംബമാക്കേണ്ടത്.

6. വിദേശ സർവ്വകലാശാലകളുടെ ബിരുദങ്ങൾ അംഗീകരിക്കുന്നതും തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതും അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി (AIU) നിജപ്പെടുത്തിയിട്ടുള്ള നയങ്ങൾക്കും മാനദണ്ഡങ്ങൾക്കും നടപടി ക്രമങ്ങൾക്കും അനുസൃതമായി ആയിരിക്കണം.

7. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ (Open and Distance Learning) കരസ്ഥമാക്കിയിട്ടുള്ള ബിരുദങ്ങളുടെ അംഗീകാരത്തിന് സർവ്വകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽദാതാക്കളും അവലംബിക്കേണ്ടത് യു.ജി.സി.-യുടെ ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ചുള്ള യു.ജി.സി.-യുടെ പുതിയ റെഗുലേഷനുകളെ ആയിരിക്കണം.

8. 2017-ലെ യു.ജി.സി.-യുടെ ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ച റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് ഓപ്പൺ/വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കരസ്ഥമാക്കിയ ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

9. യു.ജി.സി. അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയും യു.ജി.സി. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്നവയുമായ സ്വകാര്യ സർവ്വകലാശാലകളുടെ ബിരുദങ്ങൾ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അംഗീകരിക്കേണ്ടതാണ്.

(ബി) യു.ജി.സി. അംഗീകാരമുള്ള രാജ്യത്തെ പ്രസിദ്ധമായ സർവ്വകലാശാലകളും ഡീംഡ് യൂണിവേഴ്സിറ്റികളും നൽകുന്ന ബിരുദങ്ങൾ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കാത്തതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. സർക്കാരിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത സാഹചര്യത്തിൽ കേരളത്തിൽ സർക്കാർ ജോലിക്കും ഉപരിപഠനത്തിനും തുല്യത, അംഗീകാരം മുതലായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടിവരുന്നതും ആയതിന്റെ നടപടിക്രമങ്ങൾക്ക് കൂടുതൽ സമയം വേണ്ടിവരുന്നതുമായ സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. സർക്കാരിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കേരള യൂണിവേഴ്സിറ്റിയിലെ മാർക്ക് തിരിമറി**

149(1689) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ തോറ്റ കുട്ടികളെ ജയിപ്പിക്കാൻ അനധികൃതമായി മാർക്ക് നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ അന്വേഷണങ്ങളുടെ വിശദവിവരം നൽകാമോ;

(സി) ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷയിലെ മാർക്ക് തിരിമറിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. പ്രാഥമിക പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്ഷൻ ഓഫീസറിനെ സസ്പെൻഡ് ചെയ്യുകയും തുടർന്നുള്ള അന്വേഷണത്തിൽ കുറ്റം സ്ഥിരീകരിക്കുകയും ടിയാനെ സർവ്വീസിൽനിന്ന് നീക്കംചെയ്യുകയും ചെയ്തിട്ടുണ്ട്. മുൻ കണ്ടെത്തലുകളിൽ ഉപരി തിരുത്തലുകൾ നടത്തിയിട്ടുണ്ടോയെന്നും പരിശോധിച്ചുവരുന്നു. ഉദ്യോഗസ്ഥനെതിരെ സർവ്വകലാശാല നൽകിയ പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) മാർക്ക് തിരുത്തുന്ന സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ സോഫ്റ്റ്വെയർ സംവിധാനത്തിന്റെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരീക്ഷാ സംവിധാനത്തിന്റെ പൂർണ്ണമായ നവീകരണത്തിനുവേണ്ടി 'Student Life Cycle Management System' എന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ ചെയ്തിട്ടുണ്ട്. 2020 അദ്ധ്യയന വർഷം മുതലുള്ള വിദ്യാർത്ഥികളുടെ പരീക്ഷാഫല പ്രഖ്യാപനത്തിനായിട്ടുള്ള എല്ലാ കാര്യങ്ങളും ഈ നവീകരിച്ച സംവിധാനത്തിൽനിന്നും ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റിയിലെ സോഫ്റ്റ്‌വെയറിൽ സുരക്ഷാ സംവിധാനം ശക്തമാക്കിയിട്ടുണ്ട്.

**കേരള യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കൽ**

150(1690) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയം കേരള യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലേയ്ക്കായി എത്ര രൂപയാണ് ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് യൂണിവേഴ്സിറ്റി നൽകിയതെന്നും ഏതുവർഷമാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

ശാസ്ത്ര സാങ്കേതിക മ്യൂസിയം കേരള സർവ്വകലാശാലയുടെ അസ്ട്രോണമിക്കൽ ഒബ്സർവേറ്ററിയിൽ രണ്ട് ടെലസ്കോപ്പുകളും (14 ഇഞ്ച് - 1 എണ്ണം, 8 ഇഞ്ച്- 1 എണ്ണം) അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനായി സർവ്വകലാശാല ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് 24,15,827 (ഇരുപത്തിനാലു ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റിയിരുപത്തേഴ് രൂപ) നൽകിയിട്ടുണ്ട്. 2014-ൽ ആണ് സർവ്വകലാശാല ഈ തുക നൽകിയത്.

(ബി) യൂണിവേഴ്സിറ്റിയിൽനിന്നും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ഏത് അക്കൗണ്ടിലേയ്ക്കാണ് തുക നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ?

The Director, Kerala State Science and Technology Museum-ന് പേയബിൾ ആയിട്ടുള്ള അക്കൗണ്ട് പേയീ ചെക്കായി 24,99,000 രൂപ (ഇരുപത്തി നാലുലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരം രൂപ) യൂണിവേഴ്സിറ്റി അസ്ട്രോണമിക്കൽ ഒബ്സർവേറ്ററി ഡയറക്ടറുടെ അക്കൗണ്ടായ SBI Account No. 57007266778-ൽ നിന്നും 14-3-2014-ന് (Cheque No. 283928 dtd. 14-3-2014) നൽകി. മിച്ച തുകയായ 83,173 രൂപ (എൺപത്തിമൂവായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്ന് രൂപ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചെക്ക് നമ്പർ 681999 തീയതി 6-1-2016 (SBI Account No. 57036990549) ആയി തിരികെ നൽകി. ഈ തുക നിയമാനുസൃതമായി 21-1-2016-ന് കേരള യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി [Challan No. 527199 dt. 21-1-2016].

(സി) ഇപ്രകാരം തുക നിക്ഷേപിക്കുന്നതിന് സർക്കാരിൽനിന്നും അനുമതി വാങ്ങിയിട്ടുണ്ടോ; യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ച തുക ടെലസ്കോപ്പ് വാങ്ങുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആ തുക എന്താവശ്യത്തിനാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

കേരള സർവ്വകലാശാല ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ സർക്കാരിൽനിന്നും അനുമതി വാങ്ങിയിട്ടില്ല. പ്രസ്തുത തുക സർവ്വകലാശാല ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കൈമാറുന്നതിനുമുമ്പ് സർവ്വകലാശാല രജിസ്ട്രാറും ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറുമായി ഇതുസംബന്ധിച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MoU) 26-2-2014-ൽ ഒപ്പുവയ്ക്കുകയുണ്ടായി (Agreement No. C/2150/13). യൂണിവേഴ്സിറ്റിയിൽനിന്നും പ്രസ്തുത ആവശ്യത്തിനായി ലഭിച്ച തുക 29-3-2014-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എച്ച്.ഡി.എഫ്.സി. ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയുണ്ടായി. എന്നാൽ, ടെലിസ്കോപ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടിൽനിന്നാണ് നൽകിയിട്ടുള്ളത്.

(ഡി) യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് ഏത് അക്കൗണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

യൂണിവേഴ്സിറ്റി ഒബ്സർവേറ്ററി ഡയറക്ടറുടെ അക്കൗണ്ടായ SBI No: 57007266778-ൽ നിന്നാണ് ചെക്ക് നൽകിയിട്ടുള്ളത്.

(ഇ) യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കുന്നതിന് നൽകിയ തുക പ്രസ്തുത ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ എന്തിന് ഉപയോഗിച്ചുവെന്നും സ്ഥാപനത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുമോയെന്ന് അറിയിക്കുമോ?

യൂണിവേഴ്സിറ്റിയിൽനിന്നും പ്രസ്തുത ആവശ്യത്തിനായി ലഭിച്ച തുക 29-3-2014-ൽ എച്ച്.ഡി.എഫ്.സി. ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയും 2-4-2014-ന് സ്ഥിരനിക്ഷേപം നടത്തുകയും അത് കാലാവധി പൂർത്തിയാക്കി 3-10-2014-ന് എച്ച്.ഡി.എഫ്.സി. കറണ്ട് അക്കൗണ്ടിൽ ലഭിക്കുകയും ചെയ്തു. എച്ച്.ഡി.എഫ്.സി. ബാങ്കിലെ നിക്ഷേപവും ചെലവും സംബന്ധിച്ച 2013 മുതലുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്. വിവരങ്ങൾ ലഭിച്ചശേഷം പരിശോധിച്ച് നടപടി സ്വീകരിക്കും.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

151(1691) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിൽ പുതുതായി കോഴ്സുകൾ ആരംഭിച്ചതിനും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചതിനും ആനുപാതികമായി സ്റ്റാഫ് പാറ്റേൺ, പരിഷ്കരിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള കോഴ്സുകൾക്കും വിദ്യാർത്ഥികളുടെ എണ്ണത്തിനും ആനുപാതികമായ സ്റ്റാഫ് പാറ്റേണാണോ ആർ.എൽ.വി. കോളേജിൽ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 19-2-2021-ലെ സ.ഉ.(കൈ) നമ്പർ 125/2021 പ്രകാരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) മറ്റ് സംഗീത കോളേജുകളുടേതിലും രണ്ടിരട്ടി കോഴ്സുകളും വിദ്യാർത്ഥികളുമുള്ള ആർ.എൽ.വി.കോളേജിൽ ആനുപാതികമായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ വിധത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

(സി&ഡി) ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തികയും രണ്ട് ക്ലാർക്ക് തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## കണ്ണൂർ സർവ്വകലാശാലയിലെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്കൽ സയൻസ് സിലബസ്സിലെ വിവാദം

152 (1692) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിലെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്കൽ സയൻസ് മൂന്നാം സെമസ്റ്ററിന്റെ സിലബസിൽ വിവാദമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്താനുള്ള സാഹചര്യം വ്യക്തമാക്കാമോ?

സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധ സമിതിയെ എം.എ. ഗവേണൻസ്

ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവ്വകലാശാല അംഗീകരിക്കുകയുമാണുണ്ടായത്.

(ബി) ഏത് സമിതിയാണ് പ്രസ്തുത പാഠഭാഗങ്ങൾ നിർദ്ദേശിച്ചതെന്നും പ്രസ്തുത സമിതിയുടെ കൺവീനർ ആരായിരുന്നുവെന്നും അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ പുത്തൻ തലമുറ കോഴ്സുകൾക്ക് സിലബസ് തയ്യാറാക്കാൻ വേണ്ടി കരിക്കുലം മോണിറ്ററിംഗ് കമ്മിറ്റി നിയോഗിച്ച വിദഗ്ദ്ധസമിതിയാണ് പ്രസ്തുത സിലബസ് തയ്യാറാക്കിയത്. വിദഗ്ദ്ധസമിതിയെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു*.

(സി) കണ്ണൂർ സർവ്വകലാശാലയിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ടോയെന്നും എങ്കിൽ എപ്പോഴാണ് ഇത് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ?

11-6-2021-ലാണ് സർവ്വകലാശാലയിൽ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ വന്നത്.

(ഡി) വിവാദമായ പ്രസ്തുത പാഠഭാഗങ്ങൾ നിർദ്ദേശിച്ച വിദഗ്ദ്ധസമിതി കൺവീനറെ ഇതേ വിഷയത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അദ്ധ്യക്ഷനാക്കിയിട്ടുണ്ടോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് ഈ നിയമനമെന്ന് വ്യക്തമാക്കാമോ?

സിലബസ് തയ്യാറാക്കിയ വിദഗ്ദ്ധസമിതി കൺവീനർ ഇതേ വിഷയത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷനായിട്ടുണ്ട്. പുത്തൻ തലമുറ കോഴ്സുകളുടെ വിദഗ്ദ്ധസമിതികളെ നിർദ്ദേശിച്ചത് കരിക്കുലം സിലബസ് മോണിറ്ററിംഗ് കമ്മിറ്റിയും ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചത് സിൻഡിക്കേറ്റ് സബ്കമ്മിറ്റിയുമാണ്.

(ഇ) സിലബസ് പരിഷ്കരിച്ചത് വിവാദമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; ഈ സമിതി റിപ്പോർട്ട് നൽകിയോ; വിശദാംശം നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് സിലബസുമായി ബന്ധപ്പെട്ട വിവാദങ്ങളെക്കുറിച്ച് വിശദമായി പഠിക്കാനായി സർവ്വകലാശാല രണ്ടംഗ വിദഗ്ധസമിതിയെ നിയമിച്ചിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

(എഫ്) പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടത് ബോർഡ് ഓഫ് സ്റ്റഡീസാണോയെന്നും ആണെങ്കിൽ വിവാദ പാഠങ്ങൾ സിലബസിൽ നിർദ്ദേശിച്ച വിദഗ്ധസമിതി കൺവീനർതന്നെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ റിപ്പോർട്ട് പരിഗണിക്കുന്നത് ഉചിതമാണോ എന്നതും വ്യക്തമാക്കാമോ?

സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കേണ്ടത് ബോർഡ് ഓഫ് സ്റ്റഡീസ് ആണ്. പുത്തൻ തലമുറ കോഴ്സുകളുടെ വിദഗ്ധ സമിതികളെ നിർദ്ദേശിച്ചത് കരിക്കുലം സിലബസ് മോണിറ്ററിംഗ് കമ്മിറ്റിയും ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചത് സിൻഡിക്കേറ്റ് സബ്കമ്മിറ്റിയുമാണ്.

## കണ്ണൂർ സർവ്വകലാശാലയിലെ പി.ജി. സിലബസ്സിലെ തർക്കം

153(1693) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ഡി. സവർക്കർ, എം. എസ്. ഗോൾവാൽക്കർ, ദീൻദയാൽ ഉപാധ്യായ, ബൽരാജ് മധോക്ക് എന്നിവരുടെ പുസ്തകങ്ങൾ കണ്ണൂർ സർവ്വകലാശാലയുടെ എം. എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സിന്റെ സിലബസിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നോ;

(ബി) യൂണിവേഴ്സിറ്റിയിലെ ബോർഡ് ഓഫ് സ്റ്റഡീസ് ആണോ പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധസമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവ്വകലാശാല അംഗീകരിക്കുകയുമാണുണ്ടായത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പുസ്തകങ്ങൾ സർവ്വകലാശാല സിലബസിൽ ഉൾപ്പെടുത്തിയതിന്റെ കാരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സിലബസ് സമഗ്രവും സന്തുലിതവുമല്ലായെന്ന അഭിപ്രായം സർവ്വകലാശാലയോട് ആശയ വിനിമയം ചെയ്തിരുന്നു. വിഷയം വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നയൊന്നാണ് എന്നതിനാൽ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സൂചിപ്പിച്ചിരുന്നു.

(ഡി) പുതിയ സിലബസിൽനിന്നും പ്രസ്തുത പുസ്തകങ്ങൾ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് വിവാദവുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല നിയമിച്ച വിദഗ്ദ്ധസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

**കണ്ണൂർ സർവ്വകലാശാല പാഠ്യപദ്ധതിയിൽ ആർ.എസ്.എസ് ആശയങ്ങൾ**

154(1694) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയിൽ ഹിന്ദുത്വ ആശയങ്ങൾ പ്രചരിപ്പിക്കുന്ന വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതായ പരാതികൾ ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) കണ്ണൂർ സർവ്വകലാശാലയുടെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സിന്റെ സിലബസിൽ പ്രസ്തുത ആശയങ്ങൾ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തിയ കാര്യം പരിശോധിച്ചിട്ടുണ്ടോ?

സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന

സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവ്വകലാശാല അംഗീകരിക്കുകയാണുണ്ടായത്. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വിവാദങ്ങളെക്കുറിച്ച് പഠിക്കാൻ സർവ്വകലാശാല ഒരു രണ്ടംഗ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് (കംമ്പയിൻഡ്) ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മതേതര ആശയങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ കണ്ണൂർ സർവകലാശാല പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സിലബസ് സമഗ്രവും സന്തുലിതവുമല്ലെയെന്ന അഭിപ്രായം സർവ്വകലാശാലയോട് ആശയ വിനിമയം ചെയ്തിരുന്നു. വിഷയം വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ് എന്നതിനാൽ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സൂചിപ്പിച്ചിരുന്നു.

**ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ**

155(1695) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആക്ടിലെ വ്യവസ്ഥ പ്രകാരം മറ്റ് സർവ്വകലാശാലകളുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നിർത്തലാക്കിയത് പാരലൽ കോളേജുകളിലെ കുട്ടികളെയും അദ്ധ്യാപകരെയും ദോഷകരമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരലൽ കോളേജുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയതോടെ കൂടുതൽ ഫീസ് നൽകി സ്വാശ്രയ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്ന പ്രതിസന്ധി ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്കൊപ്പം മറ്റ് സർവ്വകലാശാലകൾക്കും പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകുന്ന രീതിയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആക്ടിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുമോ; വിശദമാക്കാമോ?

(എ-സി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെയല്ലാതെ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സിലേയ്ക്കുള്ള പ്രവേശനം തടഞ്ഞുകൊണ്ടുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേനയുള്ള കോഴ്സുകൾ തുടർന്നും നടത്തുന്നതിന് ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## വടകര, പാലോളിപാലത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന്റെ തുടർപ്രവർത്തനം

156 (1696) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ പാലോളിപാലത്ത് സ്ഥിതിചെയ്യുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ അടച്ചുപൂട്ടുന്നതിന് എൻ. സി. ടി. ഇ. അധികൃതർ യൂണിവേഴ്സിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോയെന്നത് അറിയിക്കാമോ;

(ബി) സെന്ററിന് സ്വന്തം പേരിൽ സ്ഥലം ഇല്ല എന്നതാണോ സെന്റർ അടച്ചുപൂട്ടുന്നതിന് കാരണങ്ങളിലൊന്നായി എൻ. സി. ടി. ഇ. അധികൃതർ ചൂണ്ടിക്കാണിച്ചത്?

(എ&ബി) പാലോളിപാലത്ത് സ്ഥിതിചെയ്യുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ അടച്ചുപൂട്ടുന്നതിന് ഔദ്യോഗികമായ അറിയിപ്പുകളൊന്നും എൻ. സി. ടി. ഇ. അധികൃതർ നൽകിയിട്ടില്ല.

(സി) യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിനായി സ്ഥലം കൈമാറുന്നതിന് അനുമതി നല്കിക്കൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 30-11-2000-ൽ ഉത്തരവിറക്കിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) അപ്രകാരം ഉത്തരവിറക്കി 20 വർഷം കഴിഞ്ഞിട്ടും ഭൂമി കൈമാറാനാകാതിരിക്കുന്നതിന് കാരണങ്ങളെന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിനായി ഭൂമി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഈ ഭൂമി യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അത് അടിയന്തരമായി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എഫ്) സെന്ററിന്റെ അനുമതി സംബന്ധിച്ച വിഷയത്തിൽ ഈ സെന്ററിൽ മുൻകാലങ്ങളിൽ പഠിച്ച് ബിരുദം നേടിയവരും ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്നവരും ഇനി അഡ്മിഷൻ കാത്തിരിക്കുന്നവരും ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

(ഇ&എഫ്) പാലോളിപാലത്തെ ഭൂമി കൈമാറുന്നതിന് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നും ഇല്ല. അടിയന്തരമായി പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

157 (1697) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ജി.വി.എച്ച്.എസ്.എസ്. കൽപ്പറ്റ, കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നു. ഈ സ്കിൽ സെന്ററിന്റെ കീഴിൽ 13 വിദ്യാലയങ്ങളുണ്ട്. 2019-20 വരെ, 13 സ്കൂളുകളിൽ നിന്നായി 2107 കുട്ടികൾക്ക് സൗജന്യമായി കമ്മ്യൂണിറ്റിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം, ആശയവിനിമയശേഷി വികസിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കാനുമായി നൽകുകയുണ്ടായി. 2019-20-ൽ കോവിഡ്

കാരണം കോഴ്സുകൾ പൂർണ്ണതോതിൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. കൽപ്പറ്റ മണ്ഡലത്തിലെ മുട്ടിൽ ഗ്രാമപ്പഞ്ചായത്തിൽ കുടുംബശ്രീയുമായി ചേർന്ന് Connect to work എന്ന പേരിട്ട നൈപുണ്യ വികസന പരിശീലന പരിപാടിയിലൂടെ 13 പേർക്ക് പരിശീലനം നൽകുകയുണ്ടായി.

(ബി) അസാപ് മുഖേന പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഇത്തരം പദ്ധതികൾ ഇല്ലാത്തതിനാൽ Startup Ecosystem and Entrepreneurial Development (SEED) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി അസാപ് വഴി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതും പുതിയ സംരംഭകത്വം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതും പരിശോധിച്ചുവരുന്നു.

(സി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അസാപ് മുഖേന പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഹൈ ഓർഡർ സ്കിൽസിൽ ട്രെയിനിംഗ് നടപ്പിലാക്കാൻ ട്രൈബൽ ഡിപ്പാർട്ട്മെന്റിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

**വയനാട് ജില്ലയിലെ സർക്കാർ -സ്വകാര്യ മേഖലകളിലുള്ള അഗതി മന്ദിരങ്ങൾ**

158 (1698) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സർക്കാർ - സ്വകാര്യ മേഖലകളിൽ നിലവിലുള്ള അഗതി മന്ദിരങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു അഗതിമന്ദിരവും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സ്വകാര്യമേഖലയിൽ 63 അഗതിമന്ദിരങ്ങളും ഉണ്ട്.

(ബി) വയനാട് ജില്ലയിലെ അഗതി മന്ദിരങ്ങളിലെ കഴിഞ്ഞ 10 വർഷത്തെ അന്തേവാസികളുടെ എണ്ണം ഓരോ വർഷത്തേയും തരംതിരിച്ച് നൽകാമോ?

വയനാട് ജില്ലയിലെ അഗതി മന്ദിരങ്ങളിലെ കഴിഞ്ഞ 10 വർഷത്തെ അന്തേവാസികളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | താമസക്കാരുടെ എണ്ണം | |
|---|---|---|---|
| | | സർക്കാർ അഗതി മന്ദിരം | ഓർഫനേജ് കൺട്രോൾബോർഡിന്റെ അംഗീകാരത്തോടുകൂടി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അഗതി മന്ദിരം |
| 1 | 2011-12 | 17 | 1953 |
| 2 | 2012-13 | 31 | 1764 |
| 3 | 2013-14 | 31 | 1720 |
| 4 | 2014-15 | 33 | 1618 |
| 5 | 2015-16 | 35 | 1632 |
| 6 | 2016-17 | 37 | 1716 |
| 7 | 2017-18 | 39 | 1718 |
| 8 | 2018-19 | 37 | 1719 |
| 9 | 2019-20 | 37 | 1502 |
| 10 | 2020-21 | 23 | 1416 |

**ദ മെയ്ന്റനൻസ് ആൻഡ് വെൽഫയർ ഓഫ് പാരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്ട് 2007 പ്രകാരമുള്ള പരാതികൾ**

159(1699) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ മെയ്ന്റനൻസ് ആൻഡ് വെൽഫയർ ഓഫ് പാരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്ട് 2007 പ്രകാരം കേരളത്തിൽ രൂപീകൃതമായ

ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ ആക്ടിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന കാലപരിധിക്കുള്ളിൽ തീർപ്പുകൽപ്പിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും ആക്ടിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന കാലപരിധിക്കുള്ളിൽ തീർപ്പാക്കാൻ സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ നിഷ്കർഷിച്ചിരിക്കുന്നതിനാൽ ടി വിഭാഗത്തിന് നേരിട്ട് ട്രൈബ്യൂണലുകളിൽ ഹാജരാകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(ബി) പ്രസ്തുത ട്രൈബ്യൂണലുകളിൽ പരാതികൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികളിൽ ഫലപ്രദമായ രീതിയിൽ നടപടികൾ കൈക്കൊള്ളുകയും കേസുകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനുമായി 2018 മുതൽ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലായി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരുടേയും ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടേയും സേവനം വകുപ്പ് ലഭ്യമാക്കിയിരുന്നു. നടപ്പുവർഷവും പ്രസ്തുത പദ്ധതി തുടർന്നുവരുന്നുണ്ട്. രണ്ട് വർഷത്തോളമായി വയോജനങ്ങൾക്ക് നേരിട്ട് ട്രൈബ്യൂണലുകളിൽ ഹാജരാകാൻ സാധിക്കാത്ത സാഹചര്യം നിലനില്ക്കുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ചും ടെലഫോൺ മുഖാന്തരവും നടപടികൾ കൈക്കൊള്ളാൻ എല്ലാ ട്രൈബ്യൂണലുകൾക്കും നിർദ്ദേശം നൽകുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പെൻഡിംഗ് കേസുകൾ തീർപ്പാക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകുകയും ആയതിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതിനായി എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും പ്രത്യേക നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസുകൾ തീർപ്പാക്കാൻ അദാലത്തുകൾ ഉൾപ്പെടെ മേൽപ്രകാരമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും മറ്റുമുള്ള ഗ്രാന്റിന്റെ കുടിശ്ശിക**

160(1700) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും ഇത്തരത്തിലെ മറ്റ് സ്ഥാപനങ്ങൾക്കും ദീർഘകാലമായി ഗ്രാന്റ്

കുടിശ്ശികയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ള ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്. ഗ്രാന്റ് കുടിശ്ശിക കിട്ടാത്തതുമൂലം ഇവരുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇത്തരം സ്ഥാപനങ്ങളുടെ ഗ്രാന്റ് എന്നുമുതലാണ് കുടിശ്ശികയായിട്ടുള്ളത്; പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് അനാഥാലയങ്ങൾക്ക് നൽകാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വൃദ്ധ സദനങ്ങൾ, യാചക ഭവനങ്ങൾ, പി.എച്ച്. ഹോം, അനാഥാലയങ്ങൾ എന്നിവയ്ക്ക് കഴിഞ്ഞ 2 വർഷത്തെ ഗ്രാന്റാണ് കുടിശ്ശികയുള്ളത്. ഓൾഡ് ഏജ് ഹോം - 5,96,61,877, ബെഗ്ഗർ ഹോം - 57,19,757, പി.എച്ച്. ഹോം (വികലാംഗ സദനങ്ങൾ) - 2,42,53,398, അനാഥാലയങ്ങൾ - 9,04,813.

(സി) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര അനാഥാലയങ്ങളും വൃദ്ധസദനങ്ങളും ഇത്തരം മറ്റ് സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങളിൽ ഏകദേശം എത്ര അന്തേവാസികൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്; വെളിപ്പെടുത്തുമോ?

| സ്ഥാപനങ്ങളുടെ എണ്ണം | താമസക്കാരുടെ എണ്ണം |
|---|---|
| അനാഥാലയം (കുട്ടികളുടെ ക്ഷേമ സ്ഥാപനം - 348) | 13,266 |
| വൃദ്ധസദനങ്ങൾ - 199 | 8470 |
| പി.എച്ച്.ഹോം - 34 | 1410 |
| ബെഗ്ഗർ ഹോംസ് - 6 | 730 |

(ഡി) ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗം എന്നത് കണക്കിലെടുത്ത് സമയബന്ധിതമായും കുടിശ്ശികയില്ലാതെയും ഇത്തരം സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിതരണം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; വിശദമാക്കാമോ?

ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2021-22

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്ന് ഗ്രാന്റ് കുടിശ്ശികയിനത്തിൽ തുക നൽകാൻ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

| വിഭാഗം | അനുവദിച്ച തുക |
|---|---|
| വൃദ്ധസദനങ്ങൾ | 57649335 |
| ബെഗ്ഗർ ഹോം | 3624000 |
| പി.എച്ച് ഹോം | 7538243 |
| അനാഥാലയങ്ങൾ | 1904813 |

**പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കുള്ള ആശ്വാസ പദ്ധതികൾ**

161(1701) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കായി സാമൂഹ്യനീതി വകുപ്പ് ആശ്വാസ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള രണ്ട് മാസത്തേയ്ക്കാവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത്. സായംപ്രഭ പകൽ വീടുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കോവിഡ് 19 കാരണം വീടുകളിൽക്കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും, അവശ്യസേവനങ്ങളും സഹായങ്ങളും വീട്ടുപടിക്കൽ എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി

വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം. ആരോഗ്യം, വനിതാ-ശിശു വികസന വകുപ്പുകളുടെ സഹകരണത്തോടെ തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ എന്ന സന്ദേശമുയർത്തി സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടേയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണ ത്തിനായുള്ള കൗൺസിലിംഗ്, റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായ താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പുവരുത്തൽ, മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ. പദ്ധതിയുടെ ഭാഗമായി മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മൂന്നുവീതം വോളന്റിയർമാരേയും കൂടാതെ എല്ലാ ബ്ലോക്ക് തല സഹായ കേന്ദ്രങ്ങളിലും മൂന്ന് വോളന്റിയർമാരെയും ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരേയും സമഗ്ര ശിക്ഷാ കേരളയുടെ, ബി.ആർ.സി.-കളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരേയുമാണ് വോളന്റിയർമാരായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇത്തരത്തിൽ 3000 വോളന്റിയർമാർ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് തലത്തിൽ ഒരു വോളന്റിയർ ഒരു ദിവസം 5 ഭിന്നശേഷിക്കാരെ ഫോണിൽ അങ്ങോട്ട് ബന്ധപ്പെട്ട് വിവരങ്ങൾ തിരക്കുകയും കൂടുതൽ സേവനം ആവശ്യമുള്ളവരെ ബ്ലോക്കുതല കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുകയും സേവനം ലഭ്യമാകുന്നുയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജില്ലാതലങ്ങളിൽ നാഷണൽ ട്രസ്റ്റ് നിയമം നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റികളുടെ സഹായത്തോടെ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെ മേധാവികൾകൂടി ഉൾപ്പെട്ട ജില്ലാതല സമിതിയാണ് ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്. ബ്ലോക്കുതലത്തിൽ പരിഹാരം കാണാൻ സാധിക്കാത്ത വിഷയങ്ങളിൽ ജില്ലാതല സമിതി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കായി പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പാക്കി വരുന്നില്ല.

**കണ്ണൂർ ജില്ലയിൽ അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ**

162(1702) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ കണ്ണൂർ ജില്ലയിൽ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

128 പേർക്കാണ് അനുവദിച്ചുവരുന്നത്.

(ബി) പ്രസ്തുത പെൻഷൻ ഏത് വർഷം ഏത് മാസം വരെയുള്ളതാണ് നിലവിൽ വിതരണം ചെയ്തതെന്ന് വിശദമാക്കാമോ?

പ്രസ്തുത ധനസഹായം 2020 ഏപ്രിൽ മാസം വരെയുള്ളത് അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പെൻഷൻ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. കണ്ണൂർ ജില്ലയിലെ നിലവിലെ ഗുണഭോക്താക്കൾക്ക് 2020 ഏപ്രിൽ മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. തുടർന്നുള്ള ധനസഹായം അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് 2020 മേയ് മാസം മുതലുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**ആശ്വാസ കിരണം പെൻഷൻ പദ്ധതി**

163(1703) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പെൻഷൻ പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം കണ്ണൂർജില്ലയിൽ നിലവിൽ 7609 ഗുണഭോക്താക്കളുണ്ട്.

(ബി) പ്രസ്തുത പെൻഷൻ എന്നുവരെയുള്ളതാണ് നിലവിൽ വിതരണം ചെയ്തത് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) ടി പെൻഷൻ കുടിശ്ശിക വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെക്കൂടി വരുന്നതിനാൽ അധിക ധനവിനിയോഗം മുഖേന അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭിന്നശേഷിക്കാരുടെ ക്ഷേമപദ്ധതികൾ

164(1704) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ . കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ്മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-I ആയി ചേർക്കുന്നു*. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-III ആയി ചേർക്കുന്നു*. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ സംബന്ധിച്ച അതത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-IV ആയി ചേർക്കുന്നു*.) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യംവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തു വരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾമൂലം തങ്ങളുടെ വീടുകളിൽതന്നെ തുടർന്നുകൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുപുറമേ സമഗ്ര ശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കിവരുന്നു. ആയത് അനുബന്ധം-V ആയി ചേർക്കുന്നു*.

(ബി) കോവിഡ്-19 മഹാമാരി കാരണം വീടുകളിൽതന്നെ കഴിയേണ്ടിവന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അവശ്യസേവനങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 കാരണം വീട്ടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും അവശ്യ സേവനങ്ങളും സഹായങ്ങളും വീട്ടുപടിക്കൽ എത്തിക്കുകയെന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വനിതാ-ശിശു വികസന വകുപ്പുകളുടെ സഹകരണത്തോടെ "സഹജീവനം" ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺസിലിംഗ് റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പുവരുത്തൽ, മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ അങ്കണവാടികൾ എന്നിവയിലൂടെ കോവിഡ് 19 മഹാമാരി കാരണം വീട്ടുകളിൽതന്നെ കഴിയേണ്ടിവന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തെറാപ്പികളും സേവനങ്ങളും ഓൺലൈനായി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജില്ലകൾതോറും ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് കോവിഡ് കാലത്ത് ലോട്ടറി ധനസഹായം ആയി 5,000 രൂപ വീതം 545 പേർക്ക് അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി കാലത്ത് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ, പുതുക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ആക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഭിന്നശേഷിക്കാർക്കായി നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയായ നിരാമയ പദ്ധതിയിൽ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള നാല് വിഭാഗം ഭിന്നശേഷിത്വമുള്ളവർക്കാണ് പരിരക്ഷ നൽകുന്നത്. ഉയർന്ന പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ് 'അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി'. പ്രസ്തുത പദ്ധതിക്കായി 2235-02-101-55 NP ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുള്ള അതിജീവനം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഭിന്നശേഷി വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് NGO സഹകരണത്തോടുകൂടി ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അതിജീവനം പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന ദീൻദയാൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ടി മാതൃകാ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ പ്രധാനമായി 5 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന പദ്ധതി

2. ഭിന്നശേഷിക്കാർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ/Community Assisted Living Project

3. കാഴ്ചവൈകല്യമുള്ളവർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി (ICT Based Training Programme) (INSIGHT Project)

4. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പദ്ധതി

5. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജീവനോപാധിയിലൂടെയുള്ള പുനരധിവാസ പദ്ധതി (Sheltered Workshop) (40 വയസ്സിന് മുകളിൽ പ്രായമുള്ളവർ) മാനസികവെല്ലുവിളി നേരിടുന്ന 18 വയസ്സ് മുതൽ 40 വയസ്സ് വരെ പ്രായമുള്ളവരാണ് 1 മുതൽ 4 വരെയുള്ള മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ. 13 ഓൺഗോയിംഗ് NGO-കളിലെ 600 ഗുണഭോക്താക്കൾക്കായി 2019-20-ൽ 92,46,986 രൂപയും, 2020-21-ൽ 83,36,984 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2017 ഡിസംബർ 3-ന് ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ എംപ്ലോയ്മെന്റ് വകുപ്പ് 'അതിജീവനം' എന്ന പേരിൽ തൊഴിൽമേള സംഘടിപ്പിച്ചതിൽ 18 പേർക്ക് ജോലി നൽകി. 2018-ൽ കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ നടന്ന തൊഴിൽ മേളയിൽ 273 ഉദ്യോഗാർത്ഥികൾ പങ്കെടുത്തതിൽ 23 പേർക്ക് ജോലി നൽകി. 2018-19 സാമ്പത്തിക വർഷം അതിജീവനം തൊഴിൽ മേള തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തുകയുണ്ടായി. ടി മേളയിൽ 2202 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 83 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. 2019-2020, 2020-2021 കാലയളവിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതിജീവനം പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## കേരള സാമൂഹ്യ സുരക്ഷാമിഷന്റെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

165(1705) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷന്റെ കീഴിൽ നടത്തിവരുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 8,00,00,000(എട്ട് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയും ചെലവാക്കിയ തുകയും എത്രയെന്ന് തരംതിരിച്ച് വിശദമാക്കാമോ?

ശ്രുതിതരംഗം പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 8,00,00,000 (എട്ട് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4,40,00,000 രൂപ (നാല് കോടി നാൽപ്പത് ലക്ഷം രൂപ) കേരള സാമൂഹ്യ സുരക്ഷാമിഷന് നാളിതുവരെ അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) മേൽപ്പറഞ്ഞ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം 65 അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിൽ 25 കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## ആശ്വാസ കിരണം പദ്ധതി

166(1706) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ വർഷങ്ങളായി അപേക്ഷ നൽകിയിട്ടും ആനുകൂല്യം ലഭിക്കാത്തവരുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

11-10-2012-ലെ സ.ഉ. (എം.എസ്.) നം.60/2012/സാ.ക്ഷേ.വ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമെ പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു.

(സി) പ്രസ്തുത പദ്ധതിയിൽനിന്നും അപേക്ഷകർക്ക് സമയബന്ധിതമായി സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അപേക്ഷകളുടെ എണ്ണം വർഷംതോറും വളരെകൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധികധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരമുള്ള പദ്ധതികൾ

167 (1707) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) മുൻസർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കിയ ഏതെങ്കിലും പദ്ധതി ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കിയ പദ്ധതികളൊന്നും തന്നെ ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയിട്ടില്ല.

(സി) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു.*

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചികിത്സാ ധനസഹായം**

168 (1708) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതെല്ലാം രോഗബാധയുള്ളവർക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്; വിശദമാക്കുമോ?

വീകെയർ, സമാശ്വാസം പദ്ധതികൾ മുഖേന രോഗികൾക്ക് നേരിട്ടും ബന്ധപ്പെട്ട ആശുപത്രികൾ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. കൂടാതെ താലോലം, കാൻസർ സുരക്ഷ, ശ്രുതിതരംഗം, ധ്വനി, കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ്, ജൂവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി) എന്നീ പദ്ധതികൾ മുഖേനയും ആശുപത്രികൾ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന, മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി ആനുകൂല്യങ്ങൾ രോഗികൾക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇത്തരം അപേക്ഷകളിന്മേലുള്ള അന്വേഷണച്ചുമതല പ്രാദേശിക തലത്തിൽ ആർക്കാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

വീകെയർ പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം കോ-ഓർഡിനേറ്റർമാർ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നു. ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിലയിരുത്തി വീകെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്വാസകിരണം, സമാശ്വാസം തുടങ്ങിയ പദ്ധതികളുടെ അപേക്ഷകൾ വനിതാ ശിശുക്ഷേമ പദ്ധതി ഓഫീസിൽ സമർപ്പിച്ചതിനുശേഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാനദണ്ഡങ്ങൾ പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും സി.ഡി.പി.ഒ ശിപാർശ ചെയ്ത അപേക്ഷകൾ കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറുന്ന നിലയ്ക്ക് അപേക്ഷകൾ അംഗീകരിക്കുന്നതാണ്. മറ്റ് പദ്ധതികളായ മിഠായി, ശ്രുതിതരംഗം, ധ്വനി, കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് എന്നീ പദ്ധതികൾ അപേക്ഷ ലഭിച്ചശേഷം മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് ടെക്നിക്കൽ കമ്മിറ്റികളിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**വയോജനങ്ങൾക്കായുള്ള സേവനങ്ങൾ**

169 (1709) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ബാരിയർ ഫ്രീ സംസ്ഥാനമാക്കാൻ സർക്കാർ നടത്തുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തെ ബാരിയർ ഫ്രീ സംസ്ഥാനമാക്കാൻ ബാരിയർ ഫ്രീ കേരള, ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) ബാരിയർഫ്രീ കേരള പദ്ധതി - ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹികമുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായ പൊതുജനസേവനം നൽകുന്ന കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ബാരിയർഫ്രീ കേരള പദ്ധതി. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും അവയിൽ റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമ മുറികൾ, ശൗചാലയങ്ങൾ, ബ്രെയിലി ലിപിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(2) ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതി - കേന്ദ്ര ഗവണ്മെന്റിന്റെ ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമെന്നത് ഭിന്നശേഷിക്കാർക്ക് അവരുടെ ഭൗതിക സാഹചര്യങ്ങൾ, പൊതുനിരത്തുകൾ, വാഹനങ്ങൾ, വിവരസാങ്കേതികവിദ്യ എന്നിവ സൗഹൃദപരമാക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി 4,29,98,000 (നാല് കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ രണ്ടാംഘട്ടമായി തിരുവനന്തപുരം സിറ്റിയിലെ 23 പൊതു ഇടങ്ങൾകൂടി ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ നടന്നുവരുന്നു.

(ബി) കേരളത്തിലെ വയോജനങ്ങൾക്ക് സേവനങ്ങൾ വാതിൽപ്പടിയിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

വയോജനങ്ങൾക്ക് വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി മസ്റ്ററിംഗ് ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ, CMDRF സഹായം, ജീവൻ രക്ഷാ മരുന്ന് എന്നിവ വീട്ടുപടിക്കൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാതിൽപ്പടി സേവനപദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 50 LSGI-ൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സഹജീവനം പദ്ധതിയുടെ ഭാഗമായി, പ്രവർത്തിക്കുന്ന ജീവനക്കാർ/വോളണ്ടിയർമാർ, വയോജനങ്ങൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ ജീവനക്കാർ, മെയിന്റനൻസ് ട്രൈബ്യൂണൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർക്ക് പരിശീലനം നൽകി ഇവരുടെ സേവനം വിനിയോഗിക്കുന്നതിന് പദ്ധതി നോഡൽ ഓഫീസറായ ലൈഫ് മിഷൻ കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) വയോജന സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

വയോജന സർവ്വേ സാമൂഹ്യ നീതി വകുപ്പ് മുഖേന നടത്തിയിട്ടില്ല.

**ഭിന്നശേഷിക്കാർക്കും അസുഖമുള്ളവർക്കുമുള്ള സ്കീമുകൾ**

170 (1710) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാർക്കും അപകടത്തിലും മറ്റും അംഗവൈകല്യം സംഭവിച്ചവർക്കുമായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സ്കീമുകളുടെ വിശദാംശം ലഭ്യമാക്കാമോ?

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേനയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കും അപകടത്തിലും മറ്റും ഭിന്നശേഷിത്വം സംഭവിച്ചവർക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ യഥാക്രമം അനുബന്ധം I, II, III ആയി ചേർക്കുന്നു*.

**ആശ്വാസ കിരണം പദ്ധതി**

171 (1711) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിപ്രകാരം നൽകിവരുന്ന ധനസഹായം പുനലൂർ മണ്ഡലത്തിൽ കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ടോ?

പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആശ്വാസ കിരണം പദ്ധതിപ്രകാരം മണ്ഡലത്തിൽനിന്നും നൽകിയ പുതിയ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടോ; ടി അപേക്ഷയിന്മേൽ സഹായം അനുവദിച്ചിട്ടുണ്ടോ?

ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തതിനാൽ ആശ്വാസ കിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകളുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതിന് ആനുപാതികമായി ഫണ്ട് ലഭ്യമാക്കാൻ നടപടികൾ കൈകൊണ്ടുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുടിശ്ശിക തുക പൂർണമായും നൽകി ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നവരുൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

അപേക്ഷകളുടെ എണ്ണം വർഷംതോറും വളരെ കൂടിവരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ**

172 (1712) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, II എന്നിവയായി ചേർക്കുന്നു*.

(ബി) ശ്രുതിതരംഗം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രുതിതരംഗം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു*.

(സി) മുൻ സർക്കാരിന്റെ കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയതും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹസാന്ത്വനം പദ്ധതി ഒഴികെയുള്ള എല്ലാ പദ്ധതികളും സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നവയാണ്. ടി പദ്ധതി സഹായങ്ങൾ വടക്കാഞ്ചേരി മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭ്യമാണ്.

(ഡി) 2016 മുതൽ നാളിതുവരെ മണ്ഡലത്തിൽ ശ്രുതിതരംഗം പദ്ധതിയിൽ എത്ര പേർ ഗുണഭോക്താക്കളായി എന്ന വിവരം ലഭ്യമാക്കാമോ?

ശ്രുതിതരംഗം പദ്ധതിയിൽ 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിലെ 3 പേർ പദ്ധതി ഗുണഭോക്താക്കളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി ചികിത്സാ സഹായ പദ്ധതി

173 (1713) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി പുതിയ ചികിത്സാ സഹായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പുതിയ പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

(ബി) വൃക്ക രോഗികൾക്കായി നിലവിൽ എന്തെല്ലാം സഹായ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കാമോ?

വൃക്ക രോഗികൾക്കായി രണ്ട് പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

1. വൃക്ക രോഗം ബാധിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന BPL കുടുംബാംഗത്തിന് പ്രതിമാസം 1,100 രൂപ അനുവദിക്കുന്നു.
2. വൃക്ക രോഗം ബാധിച്ച് വൃക്ക/കരൾ മാറ്റിവയ്ക്കലിന് വിധേയരാകുന്ന BPL വിഭാഗക്കാർക്ക് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിയുന്ന തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1,000 രൂപ നിരക്കിൽ തുടർ ചികിത്സാ ധനസഹായം അതത് സ്ഥലത്തെ ശിശുവികസന പദ്ധതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. കൂടാതെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി വീ-കെയർ പദ്ധതിയിലൂടെ ചികിത്സ ധനസഹായം നൽകി വരുന്നുണ്ട്.

## കോവിഡ്-19 കാരണം അവശത അനുഭവിക്കുന്ന വയോജനങ്ങൾക്കുള്ള പദ്ധതികൾ

174 (1714) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 കാരണം അവശത അനുഭവിക്കുന്ന സംസ്ഥാനത്തെ വയോജനങ്ങൾക്ക് ഉപകാരപ്രദമായ ഏതെങ്കിലും പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് എന്ന് വിശദമാക്കാമോ?

1. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത്.

2. കോവിഡ് വ്യാപനം രൂക്ഷമായിരുന്ന സാഹചര്യത്തിൽ മുതിർന്ന പൗരന്മാർക്ക് കോവിഡ് വാക്സിനേഷൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കോവിഡ് വാക്സിനേഷൻ രജിസ്ട്രേഷൻ സഹായ കേന്ദ്രം ജില്ലകളിൽ പ്രവർത്തിച്ചിരുന്നു. ജില്ലകളിലുള്ള മുതിർന്ന പൗരന്മാർക്ക് വാക്സിൻ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ കോവിഡ് സാഹചര്യത്തിൽ ആവശ്യമായ എല്ലാവിധ സേവനങ്ങളും വയോജന കാൾ സെന്ററിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക് മുഖേന നടപ്പിലാക്കിയിരുന്നു.

3. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നഗര പ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്കുവേണ്ട ആരോഗ്യ സംരക്ഷണവും മാനസിക ഉല്ലാസവും നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വയോമിത്രം. ടി പദ്ധതിയിലൂടെ കോവിഡ് കാലത്ത് ആവശ്യമായ മരുന്നുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്നതിനും അവർക്കുവേണ്ട മാനസിക പിന്തുണ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. കോവിഡ് അതിതീവ്രമായ പ്രദേശങ്ങളിൽ Reverse Quarantine Facility (RQF) സെന്ററുകൾ ആരംഭിച്ചു. ബന്ധുക്കൾ കോവിഡ് കാരണം quarantine ആയതു കാരണം വീടുകളിൽ ഒറ്റപ്പെട്ടുപോയ വയോജനങ്ങളെ ടി centre-കളിൽ എത്തിച്ച് അവർക്കുവേണ്ട മരുന്ന്, ഭക്ഷണം എന്നിവ നൽകി സംരക്ഷണം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

## കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി തുക സർക്കാർ ഉദ്യോഗസ്ഥർക്ക് റീ ഇമ്പേഴ്സ് ചെയ്തു നല്കൽ

175 (1715) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ തുക റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്നുണ്ടോ?

നൽകുന്നുണ്ട്.

(ബി) പ്രസ്തുത ചികിത്സയ്ക്കുള്ള റീ-ഇംമ്പേഴ്സ്മെന്റ് പരിധി എത്ര തുകയാണ്?

25-4-2013-ലെ G.O.(P)148/2013/H&FWD, പ്രകാരം 5.5 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

(സി) സർജറിക്കുശേഷം ഉപകരണങ്ങൾക്കുണ്ടാകുന്ന ആവർത്തന ചെലവ് റീ - ഇമ്പേഴ്സ് ചെയ്തുനൽകുന്നതിന് വ്യവസ്ഥ ഉണ്ടോ;

(ഡി) സർജറിക്കുശേഷം വരുന്ന അനുബന്ധ ചെലവുകൾ ഭാരിച്ചതായതിനാൽ സർജറിക്കുശേഷം ചെലവാകുന്ന തുക മറ്റുള്ളവർക്ക് നൽകിവരുന്നതുപോലെ സർക്കാർ ജീവനക്കാർക്കും റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) പരിശോധിച്ചുവരുന്നു.

## ആത്മഹത്യകൾ നിയന്ത്രിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പദ്ധതികൾ

176 (1716) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആത്മഹത്യ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ആത്മഹത്യാ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുമായി സാമൂഹ്യനീതി

വകുപ്പ് കോഴിക്കോട് IMHANS-ന്റെ സഹകരണത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ്പ് ലൈൻ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പെട്ടെന്നുള്ളതും ഫലപ്രദവുമായ ശാസ്ത്രീയ ഇടപെടലിലൂടെ ആത്മഹത്യകളുടെ തോത് കുറയ്ക്കുകയെന്നതാണ് ഈ പ്രോജക്ടിന്റെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളിൽ ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടും സമൂഹത്തിൽ നിന്നുള്ള അവഗണനയുമായി ബന്ധപ്പെട്ടും നിരവധി ആത്മഹത്യകൾ ഉണ്ടാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി മാനസിക വിദഗ്ദ്ധർ, മെഡിക്കൽ ഡോക്ടർമാർ, നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസേഴ്സ് തുടങ്ങിയവരെ പങ്കെടുപ്പിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രവർത്തനങ്ങൾ

177 (1717) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള റെമഡിയേഷൻ സെൽ പുനഃസംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ എത്ര അംഗങ്ങളാണ് കമ്മറ്റിയിൽ ഉള്ളത്;

(സി) ഈ കമ്മിറ്റിയുടെ അംഗസംഖ്യ കുറച്ച് ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്ന കോർ കമ്മിറ്റിയാക്കി പുനഃസംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ കാലാവധി അവസാനിച്ച എൻഡോസൾഫാൻ ജില്ലാതല സെല്ലിൽ 75 അംഗങ്ങളുണ്ടായിരുന്നു. എൻഡോസൾഫാൻ ജില്ലാതല സെൽ പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കോർ കമ്മിറ്റിയായി പുനഃസംഘടിപ്പിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം**

178 (1718) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്.

സമുദ്ര ബസ് പദ്ധതി

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെപോകാൻ യഥാസമയം വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിയിരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്ക് ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്കിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്.

<u>വിവിധ ടൂർ പാക്കേജുകൾ</u>

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാൻഡ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകൾ ആവശ്യാനുസരണം നൽകിവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-ഉം കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും.

'മൂന്നാറിൽ സ്ലീപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം

കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്' പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ/പാഴ്സൽ സർവീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് KSRTC-യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്-ന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരി ക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട്

മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന project-കളിലെല്ലാം വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളാക്കി 15/9/2021 മുതൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

Ration shop on wheel

വിദൂരമായ മലയോര പ്രദേശങ്ങളിലെ ആദിവാസി സമൂഹം ഉൾപ്പെടെ ഉള്ളവർ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ പോയി വാങ്ങാൻ ഉള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരുടെ താമസസ്ഥലത്ത് സഞ്ചരിക്കുന്ന റേഷൻകടകളായ KSRTC bus-കളെ രൂപകല്പന ചെയ്ത് Civil Supplies വകുപ്പുമായി ചേർന്ന് "Ration Shop on Wheels" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ ജില്ലകളിലായി ആദ്യഘട്ടത്തിൽ സഞ്ചരിക്കുന്ന 10 റേഷൻ shop കൾ ഇപ്രകാരം ആരംഭിക്കാൻ Civil Supplies Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. സിവിൽ Supplies വകുപ്പിന്റെ 'ലാഭം' മാർക്കറ്റ്, കുടുംബശ്രീ Hotel കൾ, വിവിധ വകുപ്പുകളുടെ office കൾ എന്നിവ ഒഴിഞ്ഞുകിടക്കുന്ന KSRTC depot-കളിൽ ആരംഭിക്കാനുള്ള നടപടികളും നടന്നുവരുന്നു.

**ഇരുചക്രവാഹനങ്ങൾ ബസ്സുകളിൽ കൊണ്ടുപോകൽ**

179 (1719) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ലോഫ്ളോർ ബസ്സുകളിലും ദീർഘദൂര സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് സൗകര്യം എർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസ്സുകളിലും ദീർഘദൂര സർവ്വീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിന് മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം യൂണിറ്റിൽനിന്നും എറണാകുളം– ആലപ്പുഴ – ഫോർട്ട്കൊച്ചി - മൂന്നാർ റൂട്ടിൽ വിനോദ സഞ്ചാരികൾക്ക്, അവരുടെ ഇ-സ്കൂട്ടർ, സൈക്കിൾ ഇവ കൊണ്ടുപോകുന്നതിന് സൗകര്യമൊരുക്കി ഒരു സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇത് വിജയകരമാണെങ്കിൽ വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

## നിലമ്പൂർ ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കൽ

180 (1720) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടുകാണിച്ചുരം വഴി തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന ബസ് സർവ്വീസായിരുന്ന നിലമ്പൂർ-ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് കോവിഡ് വ്യാപനത്തെത്തുടർന്ന് നിർത്തിവെച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നാടുകാണിച്ചുരം വഴി തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസായ നിലമ്പൂർ - ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് കോവിഡ് വ്യാപനത്തെത്തുടർന്ന് 23-3-2020 മുതലാണ് നിർത്തിവെച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ അന്തർസംസ്ഥാന സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽനിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

(ബി) തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് തമിഴ്നാട് സർക്കാരിന്റെ ബസ് സർവ്വീസുകൾ നാടുകാണി ചുരം വഴി നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സർവ്വീസുകളാണ് കേരളത്തിലെത്തുന്നതെന്ന് അറിയിക്കാമോ; കേരളത്തിന്റെ അനുമതിയോടെയാണോ പ്രസ്തുത സർവ്വീസ് തമിഴ്നാട് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

തമിഴ്നാട് കോർപ്പറേഷന്റെ ബസ്സുകൾ തമിഴ്നാട്ടിലെ നാടുകാണി എന്ന സ്ഥലം വരെയും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വഴിക്കടവ് വരെയുമാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ കേരളത്തിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നില്ല. അത്തരത്തിൽ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് ഇല്ലാത്തത് കാരണം നാടുകാണി വഴി ഗൂഡല്ലൂരിലേയ്ക്ക് സ്വകാര്യ വാഹനങ്ങൾ അമിത ചാർജ് ഈടാക്കുന്നത് മലയാളികളായ യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചാൽ മാത്രമേ ടി വിഷയം പരിഹരിക്കുന്നതിന് സാധിക്കുകയുള്ളൂ. അന്തർ സംസ്ഥാന സർവ്വീസുകൾ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും അനുകൂലമായ ഉത്തരവ് നാളിതുവരെയും ലഭിച്ചിട്ടില്ലാത്തതാകുന്നു. തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നാടുകാണി ചുരം വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെ അനുമതി ആവശ്യമാണോ; പ്രസ്തുത അനുമതി ലഭിക്കാത്തതിനാലാണോ സർവ്വീസ് പുനരാരംഭിക്കാത്തത് എന്നറിയിക്കാമോ; ഇതിനായി തമിഴ്നാട് സർക്കാരുമായി ആശയ വിനിമയം നടത്തിയിരുന്നോ?

അന്തർസംസ്ഥാന സർവ്വീസുകൾക്കായുള്ള കരാർ പ്രകാരം നാടുകാണി ചുരം വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇത് ലഭ്യമാകാത്തതിനാലാണ് ടി സർവ്വീസ് പുനരാരംഭിക്കാത്തത്. അന്തർസംസ്ഥാന സർവ്വീസുകൾ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും അനുകൂലമായ തീരുമാനം നാളിതുവരെയും ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; തമിഴ്നാട് സർക്കാരിൽ സമ്മർദ്ദം ചെലുത്തി സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രി തന്നെ തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾമൂലം കേരളത്തിലേയ്ക്കും തിരിച്ചുമുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം തമിഴ്നാട് സർക്കാർ പരിഗണിച്ചിട്ടില്ല.

## സർക്കാർ സ്കൂൾ വാഹനങ്ങളുടെ പരിപാലനം

181 (1721) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലത്ത് സ്കൂളുകൾ തുറക്കുമ്പോൾ സർക്കാർ സ്കൂൾ വാഹനങ്ങളുടെ പരിപാലനം കെ.എസ്.ആർ.ടി.സി. ജീവനക്കാർ നിർവ്വഹിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതി തയ്യാറാക്കിയിട്ടില്ല.

## ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേയിറ്റ്

182 (1722) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേയിറ്റ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; ഇത് നടപ്പിലാക്കുകയാണെങ്കിൽ ഇതിനുള്ള കേന്ദ്രം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളിലും ഹൈ സെക്യൂരിറ്റി നമ്പർ പ്ലേയിറ്റ് ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാഹനം രജിസ്റ്റർ ചെയ്ത് നമ്പർ അനുവദിച്ചുകഴിഞ്ഞാലുടൻതന്നെ പ്രസ്തുത നമ്പർ പ്ലേയിറ്റുകൾ ഘടിപ്പിച്ച് വാഹനിൽ upload ചെയ്തശേഷം മാത്രമേ ഷോറൂമുകളിൽനിന്നും വാഹനം ഉടമകൾക്ക് വിട്ടുകൊടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള വാഹനങ്ങളിൽ ഹൈ സെക്യൂരിറ്റി നമ്പർ പ്ലേയിറ്റ് ഘടിപ്പിക്കുന്നതിനുള്ള ഏജൻസികളെ പ്രഖ്യാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാഹനങ്ങൾക്ക് ഭാരത് സീരീസ് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

കേരളത്തിൽ 'BH' സീരീസ് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല.

## എം.എ.സി.റ്റി. ഉത്തരവായ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിലെ കാലതാമസം

183 (1723)ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ബൈക്കിൽ ഇടിച്ചുണ്ടായ അപകടത്തിൽ പെരുമ്പാവൂർ എം.എ.സി.ടി. ഉത്തരവായ നഷ്ടപരിഹാരത്തുക ശ്രീ. കെ. വി. പൗലോസ് എന്ന വ്യക്തിക്ക് നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധിമൂലം ഇൻഷ്വറൻസ് ഇല്ലാത്ത ബസ്സുകൾമൂലമുണ്ടാകുന്ന അപകടങ്ങളിലെ നഷ്ടപരിഹാരത്തുക യഥാസമയം കൊടുത്തുതീർക്കാൻ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ പൊതുജനത്തിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഏപ്രിൽ മാസം മുതൽ legal service authority-യുമായി ചേർന്ന് ഒരു അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതും കക്ഷിയുടെ പൂർണ്ണസമ്മതത്തോടെ പലിശരഹിതമായി അവാർഡ് തുക 15 ദിവസത്തിനുള്ളിൽ കക്ഷിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടത്തിവരുന്നു. 30-8-1997-ൽ കെ.എസ്.ആർ.ടി.സി.-യുടെ KL-15/2408 നമ്പർ ബസ് TNN-209 എന്ന മോട്ടോർ സൈക്കിളുമായി അപകടത്തിൽപ്പെടുകയും പരിക്കേറ്റ ശ്രീ. കെ. വി. പൗലോസ് പെരുമ്പാവൂർ MACT മുമ്പാകെ OP(MV)1358/1997 നമ്പരായി നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തിരുന്നു. ബഹു. ട്രൈബ്യൂണലിന്റെ 20-8-2003-ലെ ഉത്തരവിലൂടെ ഹർജിക്കാരന് 90,290 രൂപയും പലിശയും നഷ്ടപരിഹാരമായി അനുവദിച്ചിരുന്നു. ശ്രീ. കെ. വി. പൗലോസിന്റെ കേസും ടി അദാലത്തിൽ പരിഗണിച്ചിരുന്നു. എന്നാൽ അദാലത്തിൽ കോർപ്പറേഷന്റെ നിബന്ധനകൾ ശ്രീ. കെ. വി. പൗലോസിന് സമ്മതമല്ലാത്തതിനാൽ settle ചെയ്യാൻ കഴിഞ്ഞില്ല.

(ബി) പ്രസ്തുത വിഷയത്തിൽ ഗതാഗത വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും 9-9-2021-ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയ 312/VIP/2021/M(Trans) നമ്പർ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ശ്രീ. കെ.വി. പൗലോസ്, ബഹു. ഗതാഗത വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനവും ശ്രീ.അൻവർ സാദത്ത് MLA അവർകൾ നൽകിയ കത്തും പരിശോധിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിൽ പരാമർശിക്കുന്ന

OP(MV)1358/1997-ാം നമ്പർ കേസ് പലിശരഹിത വ്യവസ്ഥയിൽ ഒത്തുതീർപ്പിലൂടെ പരിഹരിക്കുന്നതിന് 11-9-2021-ൽ നടന്ന അദാലത്തിൽ ഉൾക്കൊള്ളിച്ചിരുന്നവെങ്കിലും കോർപ്പറേഷന്റെ വ്യവസ്ഥ, ഉടമസ്ഥനായ ശ്രീ. കെ. വി. പൗലോസിന് അംഗീകരിക്കാൻ കഴിയാത്തതിനാൽ അദാലത്തിൽ തീർപ്പാക്കാൻ സാധിച്ചിട്ടില്ല. പലിശരഹിത വ്യവസ്ഥയിൽ കേസ് ഒത്തുതീർപ്പാക്കാൻ ഉടമസ്ഥൻ തയ്യാറുള്ളപക്ഷം അടിയന്തരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ കൈക്കൊള്ളുന്നതാണ് എന്ന തരത്തിൽ മറുപടി 29-9-2021-ന് പാർട്ടിക്ക് നൽകിയിട്ടുള്ളതാണ്.

(സി) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല. വിധിത്തുക നൽകുന്നതിന് നടപടിക്രമം സ്വീകരിച്ചുവരുന്നു.

**സേഫ് കേരള പദ്ധതി**

184 (1724) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച തുളസീദാസ് കമ്മീഷൻ റിപ്പോർട്ടിലും സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ റിപ്പോർട്ടിലും അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ?

സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ റിപ്പോർട്ടിൽ അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്കരിക്കാതെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോൾ 'സേഫ് കേരള' എന്ന പേരിൽ മോട്ടോർവാഹന വകുപ്പിൽ 354 അധികതസ്തികകൾ സൃഷ്ടിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) <u>ബ്ലാക്ക്സ്പോട്ട് പരിഹാരനടപടികൾ</u>

മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാദ്ധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസും പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

(2) <u>മാതൃകാ സുരക്ഷാ വീഥി</u>

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി.

ചലഞ്ച് ഫണ്ട് ഉപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(1) വൈപ്പിൻ -മുനമ്പം, എറണാകുളത്തെ ഇ-യാത്രാ പദ്ധതി

(2) കൊട്ടിയം - കുണ്ടറ, കൊല്ലം ജില്ല

(3) മെഡിക്കൽ കോളേജ്- പേട്ട, തിരുവനന്തപുരം

(4) പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി തിരുത്തുക, റോഡുകളുടെ പട്രോളിംഗ് ശക്തിപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തുക എന്നീ നിർദ്ദേശങ്ങൾ 23-12-2014-ന് SCCoRS നൽകിയിട്ടുണ്ട്.

(3) സ്കൂൾ സുരക്ഷാ മേഖല

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "സേഫ് സ്കൂൾ സോൺ." സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ്, ആവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടം കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും.

(4) അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത്

റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി കമ്മിറ്റി നിർദ്ദേശം പ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും, മറ്റ് അപകട മേഖലയുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(5) ഡിഫൻഡർ ട്രോമ കിറ്റ്

ട്രാഫിക് അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമാ കിറ്റ് വാങ്ങുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകിവരുന്നു.

(6) എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണ NH, SH റോഡുകളിൽ പട്രോളിംഗ് ശക്തിപ്പെടുത്തുക എന്നത് സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ മറ്റൊരു സുപ്രധാന നിർദ്ദേശമാണ്. കൂടാതെ മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും മോട്ടോർ വാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഫണ്ട് നൽകിവരുന്നു. ശരിയായ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്.

(7) <u>റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ</u>

വിവിധ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ അഭ്യർത്ഥന പ്രകാരം ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസ്, ബസ്ബേകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ് റെയിൽ മുതലായ റോഡ് സുരക്ഷാ ഇനങ്ങൾക്ക് റോഡ് സുരക്ഷാ ഫണ്ട് നൽകിവരുന്നു.

(8) <u>സേഫ് കേരള പദ്ധതി</u>

റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സേഫ് കേരള പദ്ധതി." റോഡ് സുരക്ഷിതമാക്കാൻ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് പ്രധാന പ്രവർത്തന മേഖലകളാണ്, 3E's എന്ന് അറിയപ്പെടുന്ന Engineering, Enforcement, Education എന്നിവ സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

**സംസ്ഥാനത്ത് അജ്ഞാത വാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവരുടെ നഷ്ടപരിഹാരം**

185 (1725) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അജ്ഞാത വാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിയമാനുസൃത നഷ്ടപരിഹാരം ലഭ്യമാക്കാൻ നിശ്ചിത സമയപരിധി ഇല്ലാത്ത സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്നവരുടെ അടിയന്തര ചികിത്സ, പുനരധിവാസം എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഓൺലൈൻ ഓട്ടോ ടാക്സി സർവ്വീസ്

186(1726) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗതാഗത വകുപ്പ് തൊഴിൽ വകുപ്പുമായി സംയോജിച്ച് നടപ്പാക്കുന്ന ഓൺലൈൻ ഓട്ടോ ടാക്സി സർവ്വീസിന്റെ വിശദാംശം ലഭ്യമാക്കുമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ ITI-യുടെ സാങ്കേതിക സഹായത്താൽ ഒരു ഓൺലൈൻ ടാക്സി സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പ്ലാനിംഗ് ബോർഡ്, ഗതാഗത കമ്മീഷണർ, ലീഗൽ മെട്രോളജി കൺട്രോളർ, എന്നിവരുമായി പലതവണ ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ, പദ്ധതിക്ക് ഇതുവരേയും അന്തിമ രൂപം നല്കുകയോ, ഇതുമായി ബന്ധപ്പെട്ട ധാരണാ പത്രത്തിന് അംഗീകാരം നല്കുകയോ ചെയ്തിട്ടില്ല.

## കെ.ടി.ഡി.എഫ്.സി.-യിലെ വായ്പതിരിച്ചടവ് കുടിശ്ശിക

187 (1727) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.-യിൽനിന്നും വായ്പ എടുത്ത് തിരിച്ചടവ് കുടിശ്ശിക വരുത്തിയതിന്റെ പേരിൽ റവന്യൂ റിക്കവറി നേരിടുന്ന ആളുകളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ?

കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും വായ്പ എടുത്ത് തിരിച്ചടവ് കുടിശ്ശിക വരുത്തിയ വായ്പക്കാർക്കെതിരെ വിവിധ ജില്ലാ കളക്ടറേറ്റുകൾ മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെ 609 വായ്പക്കാരിൽനിന്നും 44,19,38,748 രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കാനുണ്ട്. വായ്പക്കാരുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കെ.ടി.ഡി.എഫ്.സി.-യിലേയ്ക്ക് കോടിക്കണക്കിന് രൂപ ഇപ്രകാരം തിരിച്ചടക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പണമടയ്ക്കാനുള്ളവരിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വായ്പ തിരിച്ചടയ്ക്കാത്തവർക്കെതിരെ ഇതിനോടകംതന്നെ വിവിധ ജില്ലാ കളക്ടറേറ്റുകൾ മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം

188 (1728) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ബി.ഒ.ടി. അടിസ്ഥാനത്തിൽ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആലോചിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി-യിലെ സാമ്പത്തിക പ്രതിസന്ധി

189 (1729) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ജീവനക്കാരെ ലേ ഓഫ് ചെയ്യണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26000-ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1,500 രൂപ ഇടക്കാലാശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധനയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമേ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. 404-ാമത് ബോർഡ് ഓഫ് ഡയറക്ടർ യോഗതീരുമാന പ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20468 ജീവനക്കാർ മതിയാകും. ആയതിനാൽ

സജീവസേവനത്തിലുള്ള 7500-ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം തരണംചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

(ബി) ജീവനക്കാരെ ലേ ഓഫ് ചെയ്യുന്നതടക്കം ജീവനക്കാരുടെ ജീവനത്തെ ബാധിക്കുന്ന തീരുമാനങ്ങളിൽ നിന്ന് പിൻമാറുമോ; അറിയിക്കുമോ?

വരുമാനത്തിൽനിന്നും ശമ്പളം അനുവദിക്കുന്നതിനുള്ള തുകപോലും കെ.എസ്.ആർ.ടി.സി.-ക്ക് കണ്ടെത്താൻ കഴിയാത്തതും സാമ്പത്തിക പരിമിതികൾ കാരണം ശമ്പളം അനുവദിക്കുന്നതിനുള്ള തുക സർക്കാരിന് നൽകാൻ കഴിയാത്തതുമായ സാഹചര്യത്തിലാണ് layoff-നെ പറ്റി കോർപ്പറേഷന് ചിന്തിക്കേണ്ടിവന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധി തുടരുന്ന ഈ കാലയളവിൽ ലേ ഓഫ് പോലുള്ള നടപടികൾ സ്വീകരിക്കാതെ മുന്നോട്ട് പോകാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സുരക്ഷാ ജീവനക്കാരെ ഒഴിവാക്കുന്നത് യാത്രക്കാരുടെ സുരക്ഷയെ ബാധിക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സുരക്ഷാ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിനും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്.

സമുദ്ര ബസ് പദ്ധതി:- മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യതൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്. സ്കൂൾ Bond Service, Company Bond Service എന്നിവ ആരംഭിക്കാനുള്ള സന്നദ്ധത KSRTC ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം/ആവശ്യകത അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും

പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ/പാഴ്സൽ സർവ്വീസുകൾ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് ഇന്ധനം വിൽക്കുന്നതിനായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുറക്കുന്നതുവഴി ടിക്കറ്റേതര വരുമാനം ലഭിക്കുന്നതാണ്. ഇതിനോടനുബന്ധമായി, ഓയിൽ, എൽ.പി.ജി. സിലിണ്ടർ എന്നിവയും വിൽപ്പനയ്ക്ക് നൽകുന്നത് വഴിയും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വഴിയും പൊതുജനങ്ങളെ പമ്പിലേയ്ക്ക് ആകർഷിയ്ക്കുവാൻ കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ വിഴിഞ്ഞം എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

190(1730) <u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്:

1. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസ്സിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി. നൽകുന്ന ഇൻവോയിസ് പ്രകാരം

കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ല എങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി.എഫ്. പുതുക്കൽ/ പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.-ക്ക് ആയിരിക്കും.

13. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ, സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിനു ഒരു കിലോമീറ്ററിനുള്ളിലോ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിന് വിധേയമായി കളർ കോഡ് ബസ്സുകൾക്ക് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ച് ബസ് സർവ്വീസ് നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അയൽ സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന ഗതാഗത കരാറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. മറ്റ് സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിൽ കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ റൂട്ടുകളിലും പ്രധാന നഗരങ്ങളിലേയ്ക്കും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ കർണ്ണാടകയുമായി 5 കരാറുകളിലും തമിഴ്നാടുമായി 7 കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിലെ കോയമ്പത്തൂർ, സേലം, ഹൊസൂർ, മധുര, പളനി, വേളാങ്കണ്ണി, നാഗർകോവിൽ, തെങ്കാശി എന്നീ പ്രധാന സ്ഥലങ്ങളിലേയ്ക്കും കർണ്ണാടകയിലെ ബാംഗ്ലൂർ, മൈസൂർ, സുള്ള്യ, കൊല്ലൂർ, പുത്തൂർ, മെർക്കാറ, വിരാജ്പേട്ട്, ഉഡുപ്പി എന്നിവിടങ്ങളിലേയ്ക്കും പ്രതിദിന സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ്കാല നിയന്ത്രണങ്ങൾ വന്നതിനെത്തുടർന്ന് ഭാഗികമായി മാത്രമേ അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കർണ്ണാടക സംസ്ഥാനത്തിലേയ്ക്കുള്ള നാമമാത്രമായ പ്രധാന സർവ്വീസുകൾ മാത്രമാണ് പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുന്നില്ല.

(സി) സ്വകാര്യ ആവശ്യങ്ങൾക്ക് ന്യായമായ വാടകയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് നൽകുന്നതിന് ആലോചനയുണ്ടോ; വിശദമാക്കുമോ?

സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗര പരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് പ്രതി കിലോമീറ്റർ 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി ബസ്സുകൾ വാടകയ്ക്ക് നൽകിവരുന്നുണ്ട്.

(ഡി) നഗരത്തിലെ ട്രാഫിക് ഡൈവർഷനിൽനിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി

191 (1731) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരവും ജനസൗഹൃദവും തൊഴിലാളി സൗഹൃദവും ആക്കി മാറ്റുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും ഉപയോഗിക്കുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ, വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. 2020-2021 വർഷത്തെ ബഡ്ജറ്റിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി, വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന്

തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപ്പർ-ഇൻ-ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്' പദ്ധതി മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന

പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യാടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. തൊഴിലാളി സൗഹൃദമാക്കുന്നതിനുവേണ്ടി തൊഴിലാളികളുടെ toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി മാറ്റിക്കഴിഞ്ഞു.

(ബി) ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ഡിപ്പോ നവീകരണത്തിലൂടെ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. തൊഴിലാളി സൗഹൃദമാക്കുന്നതിന് വേണ്ടി തൊഴിലാളികളുടെ toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ മദ്യവിൽപ്പന സൃഷ്ടിക്കുന്ന സാമൂഹ്യ സുരക്ഷാ പ്രശ്നം

192(1732) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ബിവറേജസ് കോർപ്പറേഷന് അനുവദിക്കുന്നതിന് മുന്നോടിയായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ബിവറേജസ് കോർപ്പറേഷന് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളിൽ മദ്യശാലകൾ തുടങ്ങിയാൽ അത് യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അസൗകര്യം ഉണ്ടാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളിൽ മദ്യശാലകൾ തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

(സി) ഇത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. മാർക്കറ്റിംഗ് വിഭാഗം ബിവറേജസ് കോർപ്പറേഷൻ അധികൃതരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ഉപയോഗശൂന്യമായ ഭൂമി നിശ്ചിതകാലത്തേയ്ക്ക് മദ്യശാലകൾക്കായി കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ കൈവശത്തിലും ഉപയോഗത്തിലും ഇരിക്കുന്ന വസ്തുക്കളിൽ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത കാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബസ് ഡിപ്പോകളിൽനിന്ന് മാറി സ്ഥിതിചെയ്യുന്ന ഇത്തരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട 16 സ്ഥലങ്ങളിൽ Bevco-യുടെ Outlet-കൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച Bevco-യുമായി നടത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ആരംഭിച്ച പെട്രോൾ പമ്പുകൾ**

193 (1733) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കുവേണ്ടി ആരംഭിച്ച പെട്രോൾ പമ്പുകളുടെ പ്രവർത്തനത്തിന് ഓയിൽ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത പമ്പുകളിൽ സ്റ്റാഫുകളെ നിയോഗിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

ഉണ്ട്. 67 പമ്പുകൾക്ക് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. കൂടാതെ നിലവിൽ തിരുവനന്തപുരം സിറ്റി (കിഴക്കേകോട്ട), കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട് എന്നീ 8 സ്ഥലങ്ങളിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. 31-12-2021-ന് മുൻപ് 10 പമ്പുകൾകൂടി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KSRTC-യിൽ നിലവിലുള്ള മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽനിന്ന് താൽപ്പര്യമുള്ളവരുടെ അപേക്ഷ ക്ഷണിച്ച് ആണ് പമ്പുകളിൽ നിയോഗിച്ചിരിക്കുന്നത്. നിലവിലുള്ള മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽ നിന്നും ചാർജ്ജ്മാൻ (ആട്ടോ), പ്ലസ് ടു യോഗ്യതയും കമ്പ്യൂട്ടർ പരിചയവും അഭിലഷണീയമെന്നും മെക്കാനിക്കിന് പ്ലസ് ടു യോഗ്യതയും 3 മാസത്തെയെങ്കിലും സർട്ടിഫൈഡ് കമ്പ്യൂട്ടർ കോഴ്സ് പാസ്സായിരിക്കണം എന്നുമാണ് പ്രസ്തുത അപേക്ഷയിൽ നിഷ്കർഷിച്ചിരുന്നത്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുവാൻ നൂതന നടപടികൾ**

194 (1734) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ശിപാർശ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26000-ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1,500 രൂപ ഇടക്കാലാശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധനയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമെ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. 404-ാമത് ബോർഡ് ഓഫ് ഡയറക്ടർ യോഗതീരുമാനപ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവസേവനത്തിലുള്ള 7500-ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം തരണം ചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചു വരുന്നു.

(ബി) ബസ്സുകളുടെ ട്രിപ്പുകൾ കുറച്ച് ചെലവ് ചുരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; യാത്രാക്ലേശം പരിഹരിക്കാതെ ട്രിപ്പുകൾ കുറയ്ക്കുന്ന

സമീപനം പൊതുജനങ്ങളെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ട്രാഫിക് ഡിമാൻഡ് അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(സി) ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതും ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുന്നതുംപോലുള്ള നടപടികൾ അല്ലാതെ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാനുള്ള നൂതനമായ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരവുചെലവ് തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുള്ള വിവിധ നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പുനരുദ്ധാരണം 2.0 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് യാത്രാ സൗകര്യവും കോർപ്പറേഷന്റെ വസ്തുവകകൾ ഉപയോഗപ്പെടുത്തി നൽകുവാൻ കഴിയുന്ന വിവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാകുന്ന ടിക്കറ്റ്/ടിക്കറ്റിതര വരുമാനത്തിലൂടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനത്തിനുമുള്ള വരുമാനം നേടുക എന്നതാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടിയും കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുകയും കൂടുതൽ വരുമാനം കൈവരിക്കുകയും ചെയ്യണം എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽകാലിക അടിസ്ഥാനത്തിൽ

നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.റ്റി.സി.യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ആയത് ദേശീയ ശരാശരിയേക്കാൾ കുറച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് മാനേജീരിയൽ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതും നിശ്ചിത യോഗ്യതയുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെയും ക്ലറിക്കൽ വിഭാഗം ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവർ കുറവുള്ള പക്ഷം മറ്റ് വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെയും ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ മിനിസ്റ്റീരിയൽ വിഭാഗത്തെ അഡ്മിനിസ്ട്രേഷൻ/അക്കൗണ്ട്സ് എന്നിങ്ങനെ രണ്ട് വിഭാഗമാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. BOND Service/City Circular Service/Feeder Service മുതലായവയുടെ സഹായത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാ സൗകര്യം നൽകി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ വൈവിധ്യവൽക്കരണം**

195 (1735) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വൈവിധ്യവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കെ.എസ്.ആർ.ടി.സി.യുടെ വൈവിധ്യവൽക്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം:-

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി " കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)" -യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

2. ഇ-ഓഫീസ്:-

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗതിയിലാണ്.

3. കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്:-

കെ.എസ്.ആർ.ടി.സി. അംഗവൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാദ്ധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെനിന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി അറിയാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായി തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ:-

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിങ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാദ്ധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്ക് ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

5. ഫീഡർ സർവീസ്:-

KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈകോർത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവീസ്. ടി പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റിക്ക് ആവശ്യമായ ഓട്ടോറിക്ഷ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബുക്ക് ചെയ്യാൻ സാധിക്കും. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രാക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ പ്രത്യേക ഇളവുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്ക് ആവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗുമായി ചേർന്ന് നിർമ്മിച്ചുവരികയാണ്.

6. ERP സൊല്യൂഷൻ:-

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽനിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവൽ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത് എന്നതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക് ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റു സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യു ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യുവാനും ഇതിലൂടെ സാധ്യമാകും.

7. ഓൺലൈൻ പരാതി പരിഹാര സംവിധാനം:-

കെ.എസ്.ആർ.ടി.സി.-യിൽ ദിവസേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു പുതിയ പരാതി പരിഹാര പോർട്ടൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടി പോർട്ടലിലൂടെ ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ ഓൺലൈനായി പരാതികൾ നൽകാനും അവയുടെ തൽസ്ഥിതി അറിയാനും സാധിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ഓൺലൈനായിതന്നെ കൈക്കൊള്ളാനും ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ സാദ്ധ്യമാകുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി

ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളുന്നും കൊറിയർ/പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല-കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം

ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽതന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനവർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പനങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഔട്ട്‌ലെറ്റുകളാക്കി പരിവർത്തനം ചെയ്തുകഴിഞ്ഞു.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീസൺ ടിക്കറ്റ് വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി സ്ഥിരം യാത്രക്കാർക്ക് ഉപയോഗപ്രദമാകുന്ന തരത്തിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നിബന്ധനകൾ രൂപീകരിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. കൂടാതെ, യാത്രക്കാർക്ക് ടി സംവിധാനം ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ട്രാവൽ കാർഡുകൾ**

196(1736) ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിവുയാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേയ്ക്ക് ഏന്തെങ്കിലും പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടുണ്ടോ?

(എ&ബി) തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യാൻ "ഗുഡ് ഡേ" കാർഡുകളും ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആകർഷകമായ ഡിസ്കൗണ്ട് നൽകിയും ബസ്സിൽതന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയോടൊപ്പം എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പതിവ് യാത്രക്കാരെ ആകർഷിക്കുന്നതിനും സീസൺ ടിക്കറ്റ് മാതൃകയിൽ സ്മാർട്ട് ട്രാവൽ കാർഡുകൾ പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ വ്യാപകമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5500 ETM കൾ വാങ്ങുന്നതിന് M/s Micro Fx Pvt. Ltd. എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടെൻഡർ കണ്ടീഷൻസ് പ്രകാരം ETM-കൾ തരുന്ന വെണ്ടർ, ട്രാവൽ കാർഡുകൾ KSRTC-യുടെ ആവശ്യാനുസരണം ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകേണ്ടതാണ്.

(സി) ട്രാവൽ കാർഡുകൾ എത്ര രൂപയ്ക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാർഡുകൾ ആദ്യഘട്ടത്തിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ട്രാവൽ കാർഡുകളുടെ എണ്ണം, വില എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ട്രാവൽ കാർഡുകൾ കൂടി ഉപയോഗിക്കുന്ന തരത്തിലുള്ള ടിക്കറ്റിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടോ; ഇതിനായി വരുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ടെൻഡർ കണ്ടീഷൻസ് പ്രകാരം ETM-കൾ തരുന്ന വെണ്ടർ ട്രാവൽ കാർഡുകൾ KSRTC-യുടെ ആവശ്യാനുസരണം ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകേണ്ടതാണ്.

(ഇ) ട്രാവൽ കാർഡുകൾ സംസ്ഥാന വ്യാപകമായി പരമാവധി പ്രചരിപ്പിക്കുന്നതിന് ആകർഷണീയമായ പാക്കേജുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ട്രാവൽ കാർഡുകൾ സംസ്ഥാന വ്യാപകമായി പരമാവധി പ്രചരിപ്പിക്കുന്നതിന് ആകർഷണീയമായ പാക്കേജുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്

197 (1737) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ആയതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിലവിൽ മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കൽ

198 (1738) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൃശ്ശൂർ, പുതുക്കാട്, ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളിൽ നിന്നും ഉൾനാടൻ മലയോര ഗ്രാമങ്ങളിലേയ്ക്ക് നടത്തിയിരുന്ന സർവ്വീസുകൾ വെട്ടിക്കുറച്ചത് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) 2021 മാർച്ചിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവന്ന കാലയളവിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ രാവിലേയും, വൈകുന്നേരവും കൂടുതൽ ട്രിപ്പുകൾ നടത്തുന്ന രീതിയിലും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും കോർപ്പറേഷന് ഗുണകരമായ രീതിയിലും അധിക ട്രിപ്പുകൾ നടത്തുന്ന രീതിയിലുമാണ് സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന നിലവിലെ സാഹചര്യത്തിൽ യാത്രക്കാർ തീരെ കുറവുള്ള റൂട്ടുകളിലും സമയങ്ങളിലും ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭിക്കാത്ത ട്രിപ്പുകളും/സർവ്വീസുകളും പുനഃക്രമീകരിച്ച് ജനോപകാരപ്രദമാക്കി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിലെ പെട്രോൾ പമ്പുകൾ**

199 (1739)<u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിൽ പൊതുജനങ്ങൾക്കുകൂടി ഉപകരിക്കുന്ന രീതിയിൽ പെട്രോൾ പമ്പുകൾ എത്രയെണ്ണം ആരംഭിച്ചുവെന്നും അത് എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

2021 സെപ്റ്റംബർ മാസത്തിൽ നിലവിലുള്ള 8 തിരുവനന്തപുരം സിറ്റി (കിഴക്കേകോട്ട), കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട് കൺസ്യൂമർ പമ്പുകൾ പൊതുജനങ്ങൾക്കുകൂടി ഉപകരിക്കുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി മാറ്റി പ്രവർത്തനം ആരംഭിച്ചു.

(ബി) ഇനി എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 66 കൺസ്യൂമർ പമ്പുകളും പുതുതായി ആലുവ റീജിയണൽ വർക്ക്ഷോപ്പ് അടക്കം 67 സ്ഥലങ്ങളിലും (ഇതിനകം 8 ഇടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു). ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന 5 കൺസ്യൂമർ പമ്പുകളിൽ 4 ഇടത്തും, കെ.എസ്.ആർ.ടി.സി. ഉടമസ്ഥതയിലുള്ള പാപ്പനംകോട് (2), റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, പന്തളം, പുതുക്കാട്, തൃശ്ശൂരിലെ ശക്തൻ സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഭാരത് പെട്രോളിയത്തിന്റെ സഹകരണത്തോടെ 6 റീട്ടെയിൽ ഔട്ട്ലെറ്റുകളും അടക്കം 77 റീട്ടെയിൽ ഔട്ട്ലെറ്റുകളാണ് ലക്ഷ്യം വച്ചിട്ടുള്ളത്. കൂടുതൽ വരുമാനം ലഭിക്കുന്നവയ്ക്ക് മുൻഗണന നൽകി പരമാവധി സ്ഥലങ്ങളിൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. -യിൽ രാത്രികാല അലവൻസ് നൽകൽ**

200 (1740) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് രാത്രികാലങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നത്; മറ്റുള്ള സമയങ്ങളിൽ ജോലിക്ക് നൽകുന്ന വേതനത്തിന് പുറമേ രാത്രികാല ജോലിക്ക് ഇവർക്ക് അധിക സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ എത്ര മണിമുതലാണ് പ്രസ്തുത ആനുകൂല്യം നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ബി) എത്ര മണിവരെ ജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കാണ് പ്രസ്തുത അധികബത്തയ്ക്ക് നിയമപ്രകാരം അർഹതയുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത സമയത്ത് ജോലി ചെയ്യുന്നതിന് കാറ്റഗറി തിരിച്ചാണോ അധിക തുക നൽകുന്നതെന്ന് അറിയിക്കുമോ;

(സി) എങ്കിൽ പ്രസ്തുത സമയത്ത് ജോലി ചെയ്യുന്നതിന് വിവിധ കാറ്റഗറിയിലുള്ള തൊഴിലാളികൾക്ക് ലഭിക്കാൻ അർഹതയുള്ള തുകയുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒരേപോലെ രാത്രി സമയം ഒരു ബസ്സിൽ വ്യത്യസ്ത ജോലി ചെയ്യുന്ന ഡ്രൈവർ, കണ്ടക്ടർ എന്നീ വിഭാഗങ്ങൾക്ക് രാത്രികാല അലവൻസ് നൽകുന്ന കാര്യത്തിൽ വിവേചനം ഉണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) കെ.എസ്.ആർ.ടി.സി.-യിലെ മിനിസ്റ്റീരിയൽ, മെക്കാനിക്കൽ, ഓപ്പറേറ്റിംഗ്, സുരക്ഷാ എന്നീ വിഭാഗം ജീവനക്കാർ പൊതുവായി രാത്രികാലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യിൽ സേവനം അനുഷ്ഠിക്കുന്നു. രാത്രികാല സേവനം അനുഷ്ഠിക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും 15 രൂപ രാത്രി ബത്ത ആയി അനുവദിച്ചുവരുന്നു. ഇത് കൂടാതെ 22:00 മണി മുതൽ 06:00 മണി വരെയുള്ള സമയം സർവ്വീസ് ഓപ്പറേഷൻസിൽ ആയിരിക്കുന്ന കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം അധിക ബത്തയും അനുവദിച്ചുവരുന്നു. 22:00 മണി മുതൽ 06:00 മണി വരെ ഡ്രൈവർ കണ്ടക്ടർ 2 മുതൽ 4 മണിക്കൂർ വരെ 50 രൂപ 15 രൂപ 4 മണിക്കൂറിന് മുകളിൽ 60 രൂപ 20 രൂപ 22:00 മണി മുതൽ 06:00 മണി വരെ രാത്രികാലങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് വ്യത്യസ്ത രീതിയിൽ ആണ് അധിക ബത്ത അനുവദിച്ചുവരുന്നത്. ഇത് ടി വിഭാഗം ജീവനക്കാരുടെ ജോലി ഭാരവും ഉത്തരവാദിത്വവും പരിഗണിച്ച് സർക്കാരും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളും കോർപ്പറേഷനും തമ്മിൽ ചർച്ച ചെയ്ത ഉഭയകക്ഷി കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

## കെ.എസ്.ആർ.ടി.സി. -യുടെ സമ്പൂർണ്ണ പുനരുദ്ധാരണം

201(1741) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തിനായി സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃ ക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിൽ എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള 3,100 കോടി രൂപ വായ്പയായി പുനഃക്രമീകരിച്ചിട്ടുണ്ട്.

തൽഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. 2020 ഏപ്രിൽ മാസം മുതൽ 2021 ജൂലൈ മാസം വരെ ഈയിനത്തിൽ ആകെ 1,131.74 കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി കാലത്ത് ജനങ്ങൾ പൊതുഗതാഗത സംവിധാനം ഉപയോഗിക്കാൻ വിമുഖത കാട്ടിയതിനെത്തുടർന്ന്, കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി കുറയുകയും ഇതുനിമിത്തം ജീവനക്കാർക്ക് പ്രതിമാസ ശമ്പളംപോലും നൽകാൻ കഴിയാത്ത അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയുമാണ്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് കെ.എസ്.ആർ.ടി.സി. നിലനിന്നുപോരുന്നത്. ടി കാലയളവ് മുതൽ നാളിതുവരെയും ശമ്പളം/ഇടക്കാലാശ്വാസം/കോവിഡിന്റെ ആദ്യ വ്യാപന ഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാറ്റിവെച്ചിരുന്ന തുക എന്നിവയുൾപ്പെടെ നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. ഈയിനത്തിൽ ആകെ 2020 മാർച്ച് മുതൽ 2021 ആഗസ്റ്റ് വരെ 1,380.96 കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് മഹാമാരിയെത്തുടർന്ന്, കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം കുത്തനെ കുറഞ്ഞതിനാൽ കൺസോർഷ്യം വായ്പകളുടെ തിരിച്ചടവും മുടങ്ങിയ സാഹചര്യത്തിൽ പൊതുമേഖലാ ബാങ്കുകളിൽനിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി 2020 ഡിസംബർ മുതൽ 2021 സെപ്റ്റംബർ വരെ ആകെ 360 കോടി രൂപയും കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ സ്റ്റേജ് കാരേജ് വാഹനങ്ങൾ പലതും പ്രവർത്തനം നിർത്തിയിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപ്രദേശങ്ങളിലേയ്ക്കുൾപ്പെടെ പരമാവധി ബസുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ ഗ്രാമപ്രദേശങ്ങളിലേയ്ക്കുൾപ്പെടെ യാത്രക്കാരുടെ ആവശ്യം അനുസരിച്ച് പരമാവധി സർവ്വീസുകൾ ജനോപകാരപ്രദമായി കോർപ്പറേഷൻ നടത്തിവരികയാണ്. കൂടാതെ ഗ്രാമീണ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഗ്രാമവണ്ടി' എന്ന ഒരു പുതിയ ആശയം മുന്നോട്ടുവച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) കിഫ്ബി സഹായത്തോടെ സി.എൻ.ജി. വാഹനങ്ങൾ പുതുതായി വാങ്ങുന്നതിനുദ്ദേശിക്കുന്നുണ്ടോ; നിലവിലുള്ള വാഹനങ്ങളെ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റി തുടരെയുള്ള ഡീസൽ വില വർദ്ധനവ് സൃഷ്ടിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിയുടെ സഹായത്തോടുകൂടി 310 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടിക്രമങ്ങൾ നടന്നുവരികയാണ്. 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനു മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതാണ്. ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ഒരു പരിധിവരെ ഡീസൽ വിലവർദ്ധനവ് സൃഷ്ടിക്കുന്ന പ്രതിസന്ധി നേരിടുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കൽ

202 (1742) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നവംബർ മാസം മുതൽ സ്കൂൾ തുറക്കാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നുവരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തുവരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാ സൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകതയനുസരിച്ചും ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ചും സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകം ബസ്സുകൾ, പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി. -യുടെ പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമി

203 (1743) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൈവശം വച്ച് അനുഭവിക്കുന്നതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിക്ക് ആയത് ലഭ്യമാക്കുന്നതിനും പ്രസ്തുത ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റക്കാരെ ഒഴിപ്പിച്ചെടുക്കുന്നതിനുംവേണ്ടി നിയോഗിച്ച രണ്ട് വിരമിച്ച റവന്യൂ ജീവനക്കാർക്ക് നിയമനം നൽകിയത് മുതൽ ആളൊന്നിന് എത്ര തുക എപ്പോഴൊക്കെ ലഭ്യമാക്കിയെന്ന് അറിയിക്കാമോ; പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് നൽകാമോ?

ശ്രീ. വിനോദ് എം.പി. - 5,73,333 രൂപയും, ശ്രീ. വിനീഷ് എസ്. - 4,58,667 രൂപയും 17-9-2020 മുതൽ 31-8-2021 കാലയളവിനുള്ളിൽ കൈപ്പറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പളം SBI INB (bulk posting) വഴിയാണ് upload ചെയ്യുന്നത്. SBI INB-യിൽ നിന്നും individual receipt എടുക്കുവാൻ നിർവ്വാഹമില്ല.

(ബി) പട്ടയം ലഭ്യമാക്കുന്നതിനും ഫയൽ നടപടികൾക്കും കയ്യേറ്റ ഭൂമി ഒഴിപ്പിച്ച് തിരിച്ചെടുക്കുന്നതിനുമുള്ള നടപടിക്ക് കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

(ബി&സി) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗ്രാമവണ്ടി പദ്ധതി**

204 (1744) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

1. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി. നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരെഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി. നൽകുന്ന ഇൻവോയിസ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലായെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി.എഫ്. പുതുക്കൽ/ പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.-ക്കായിരിക്കും.

13. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിന് ഒരു കിലോമീറ്റർ ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിന് വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

(ബി) ഗ്രാമവണ്ടി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾകൂടി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. തുക സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഒരു സംയുക്ത യോഗം ഒക്ടോബർ 13-ാം തീയതി കൂടുന്നതിനും ഇതിനെക്കുറിച്ച് കൂടുതൽ വിശദമായ ചർച്ചയ്ക്കുശേഷം ഇതുസംബന്ധിച്ച് ഉത്തരവും പുറപ്പെടുവിക്കുന്നതാണ്. ഗ്രാമവണ്ടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലും ജനകീയവുമാക്കാൻ സ്വീകരിച്ച നടപടികൾ

205 (1745) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ലാഭത്തിലും ജനകീയവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനും ജനകീയവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:-

1. GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്ക് ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പപ്പോൾതന്നെ ഓൺലൈൻ ആയി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യാനും സാധിക്കും.

2. ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ ബുക്കിംഗ് സംവിധാനം:- കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടു കൂടിയതുമായ ഓൺ ലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

3. വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് സിസ്റ്റം:- മോട്ടോർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവ് പ്രകാരം എല്ലാ പാസ്സഞ്ചർ വെഹിക്കിൾസിലും വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ ഘടിപ്പിക്കേണ്ടതാണ്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻ പ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റു കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ, കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ, വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഗ്രാമീണ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടിക്കുന്നതിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട്

'ഗ്രാമവണ്ടി' എന്ന ഒരു ആശയം മുന്നോട്ടുവന്നിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പരിഗണിച്ചുവരികയാണ്. കേരള സർക്കാരിന്റെ 2020-21 ബഡ്ജറ്റിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽ നിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ -നടപടികൾ സ്വീകരിച്ച് വരുന്നു. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മുവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന project കളിലെല്ലാം വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ, പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:-

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പുകൾ നിലവിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും, കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-

യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച് ശ്രീ. സുശീൽഖന്ന സമർപ്പിച്ച റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും അതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിന്

സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിനാൽ പെൻഷൻ മുടക്കം കൂടാതെ നൽകിവരികയും ചെയ്യുന്നുണ്ട്. കേരള സർക്കാരിന്റെ 2020-21 ബഡ്ജറ്റിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി പരിവർത്തനം ചെയ്തുകഴിഞ്ഞു.

(ബി) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭാവിയിൽ എന്തൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം:- പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിങ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും

ഷെഡ്യൂളിംഗും ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്:

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭിക്കുന്നു. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകളുടെ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയുമായാണ്.

2. ഇ-ഓഫീസ്:- ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗതിയിലാണ്.

3. KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്:- KSRTC അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാദ്ധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെനിന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ KSRTC ജീവനക്കാർക്ക് ഓൺലൈനായി തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ:- കെ.എസ്.ആർ.ടി.സി. പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിങ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ

രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്ക് ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

5. ഫീഡർ സർവീസ്:- KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവ്വീസ്. ടി പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റിക്ക് ആവശ്യമായ ഓട്ടോറിക്ഷാ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബുക്ക് ചെയ്യാൻ സാധിക്കും. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രാക്കാർക്ക് KSRTC ബസ്സുകളിൽ പ്രത്യേക ഇളവുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗുമായി ചേർന്ന് നിർമ്മിച്ചുവരികയാണ്.

6. ERP സൊല്യൂഷൻ:- പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽനിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാന്വൽ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്തവും സുതാര്യവുമാക്കുവാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റു സാധനസാമഗ്രികൾ എന്നിവ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ വിതരണം ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടേയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാദ്ധ്യമാകും.

7. ഓൺലൈൻ പരാതി പരിഹാര സംവിധാനം:- കെ.എസ്.ആർ.ടി.സി.-യിൽ ദിവസേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു പുതിയ 'പരാതി പരിഹാര പോർട്ടൽ' നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടി പോർട്ടലിലൂടെ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഓൺലൈനായി പരാതികൾ നൽകാനും അവയുടെ തൽസ്ഥിതി അറിയാനും സാധിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ജീവനക്കാർക്ക് ഓൺലൈനായിതന്നെ കൈക്കൊള്ളാനും ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ സാദ്ധ്യമാകുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്-ന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ സ്റ്റേഷനുകളിൽ ആധുനികരീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞിരിക്കുന്ന പദ്ധതികളിലെല്ലാം വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെരുമാറ്റം ജന സൗഹൃദമാക്കുന്നതിനായി ജീവനക്കാർക്ക് മാനേജ്മെന്റ് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കോർപ്പറേഷൻ ലാഭകരമാക്കുന്നതിനുമായി വിവിധ മേഖലകളിൽ ജീവനക്കാർക്ക് പരിശീലനം

നൽകിവരുന്നു. ബിഹേവിയറൽ സ്കിൽസ്, യോഗ, അടിയന്തര ചികിത്സ സഹായം (Emergency Life Support), പോഷകാഹാരം, തൊഴിൽജന്യ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, സ്ട്രസ് മാനേജ്മെന്റ്, ആരോഗ്യ പരിശോധന എന്നിവയിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്കും നേതൃപാടവം, മാനേജ്മെന്റ് സ്കിൽസ്, ഓപ്പറേഷൻ സ്കിൽസ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് എന്നിവയിൽ ഡി.ടി.ഒ., എ.ടി.ഒ. വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതുതായി രൂപീകരിച്ച കൊമേഴ്സ്യൽ വിഭാഗം ജീവനക്കാർക്ക് മാർക്കറ്റിംഗ് പരിശീലനം നൽകി. കെ.എസ്.ആർ.ടി.സി.യുടെ പൊതുജനസമ്പർക്കം മെച്ചപ്പെടുത്തുന്നതിന്റെയും ബ്രേക്ക്ഡൗൺ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി ഓപ്പറേഷനൽ കൺട്രോൾ സെന്റർ (OCC) രൂപീകരിക്കുകയും പബ്ലിക് റിലേഷൻസ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് മുതലായവയിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കലും ലാഭകരമാക്കലും**

206 (1746) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയുമായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും, നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ,

ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ/ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ്

ബ്യൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതു ഉപയോഗിച്ച് യാത്ര ചെയ്യാൻ "ഗുഡ് ഡേ" ടിക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽതന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കേരള സർക്കാരിന്റെ 2020-21 ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും, ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മറ്റു നടപടികൾ ചുവടെ ചേർക്കുന്നു:

1. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം:- പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി " കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)" -യെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിങ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിങ്ങും, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System, എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

2. ഇ-ഓഫീസ് ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗതിയിലാണ്.

3. കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത് കെ.എസ്.ആർ.ടി.സി. അംഗവൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാദ്ധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ,

വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെനിന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ:- കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് വഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്ക് ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

5. ഫീഡർ സർവ്വീസ് KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈകോർത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവ്വീസ്. ടി പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റിക്ക് ആവശ്യമായ ഓട്ടോറിക്ഷ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബുക്ക് ചെയ്യാൻ സാധിക്കും. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രാക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രത്യേക ഇളവുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗുമായി ചേർന്ന് നിർമ്മിച്ചുവരികയാണ്.

6. ERP സൊല്യൂഷൻ - പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ്

ആസ്തികളിൽനിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവൽ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്തവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റു സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യുവാനും ഇതിലൂടെ സാധ്യമാകും.

7. ഓൺലൈൻ പരാതി പരിഹാര സംവിധാനം:- കെ.എസ്.ആർ.ടി.സി.-യിൽ ദിവസേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു പുതിയ പരാതി പരിഹാര പോർട്ടൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടി പോർട്ടലിലൂടെ ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ ഓൺലൈനായി പരാതികൾ നൽകാനും അവയുടെ തൽസ്ഥിതി ട്രാക്ക് ചെയ്യാനും സാധിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ഓൺലൈനിനായിതന്നെ കൈക്കൊള്ളാനും ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുവാനും ഈ സംവിധാനത്തിലൂടെ സാദ്ധ്യമാകുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ്

കാലാവധിയിലും ഉള്ള 3,100 കോടി രൂപ വായ്പയായി പുനഃക്രമീകരിച്ചിട്ടുണ്ട്. തൽഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. ഇത്തരത്തിൽ, കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിന് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിനാൽ പെൻഷൻ മുടക്കം കൂടാതെ നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉള്ള ഡിപ്പോകൾ ഏതെല്ലാമാണെന്നും ഇവയിൽ ഇനിയും വാടകയ്ക്ക്/വില്പനയ്ക്ക് നൽകാൻ സാധിക്കാത്തവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ?

നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര, കൊട്ടാരക്കര, പത്തനംതിട്ട, ഹരിപ്പാട്, തൊടുപുഴ, മൂവാറ്റുപുഴ, മലപ്പുറം, നിലമ്പൂർ, കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ് എന്നീ യൂണിറ്റുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകൾ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഷോപ്പിംഗ് കോംപ്ലക്സുകളിലുള്ള കടമുറികൾ ഭാഗികമായി വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാരണം ഒഴിവുള്ള കടമുറികളുടെ ടെണ്ടർ നടപടികൾ നിർത്തിവച്ചിരുന്നു. ഒഴിവുള്ള കടമുറികളുടെ ടെണ്ടർ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി.-യുമായി സംയുക്ത സംരംഭമായി ബി.ഒ.ടി. വ്യവസ്ഥയിൽ പണികഴിപ്പിച്ച തിരുവല്ല, അങ്കമാലി, തിരുവനന്തപുരം എന്നിവിടങ്ങളിലെ ബസ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകയ്ക്ക് നൽകാൻ സാധിക്കാത്ത സ്പെയ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അങ്കമാലി - 11,293 ചതുരശ്ര അടി (11%), തിരുവനന്തപുരം - 13,069 ചതുരശ്ര അടി (13%), തിരുവല്ല - 85,024 ചതുരശ്ര അടി (89.80%).

(സി) കെ.എസ്.ആർ.ടി.സി. വക ഉപയോഗയോഗ്യമല്ലാത്ത ഭൂമി ഏതെല്ലാം ജില്ലകളിലുണ്ടെന്നും അവ ഉപയോഗപ്രദമാക്കുന്നതിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉപയോഗപ്രദമല്ലാത്ത ഭൂമികളൊന്നും കെ.എസ്.ആർ.ടി.സി.-യുടെ കൈവശമില്ല. എല്ലാ ഭൂമികളും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന നടപടി**

207 (1747) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ നടപടിയിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടുണ്ടോ; അറിയിക്കുമോ?

(എ&ബി) ഉണ്ട്. ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. അതിലൂടെ പ്രതിമാസം 66,00,000 രൂപയോളം വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ബസ് സ്റ്റാൻഡുകളിലെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ മദ്യശാല തുടങ്ങാനുള്ള തീരുമാനം പുനഃപരിശോധിച്ച് ഒഴിവാക്കുമോയെന്ന് വ്യക്തമാക്കുമോ?

ബസ് സ്റ്റാൻഡിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ മദ്യശാല തുടങ്ങുന്നതിന് തീരുമാനിച്ചിട്ടില്ല.

**സുശീൽ ഖന്ന റിപ്പോർട്ട്**

208 (1748)ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫസർ സുശീൽ ഖന്നയെ മുൻ സർക്കാർ നിയോഗിച്ചിരുന്നോ; എങ്കിൽ എന്നാണ് നിയോഗിച്ചത്; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തുന്നതിന് IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ 24-9-2016-ലെ സ.ഉ. (സാധാ) നം. 367/2016/ഗതാ. ഉത്തരവ് പ്രകാരം നിയോഗിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) എന്നുമുതലാണ് പ്രസ്തുത പഠനച്ചുമതല പ്രൊഫസർ സുശീൽ ഖന്നയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഏറ്റെടുത്തതെന്ന് അറിയിക്കുമോ; റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിരുന്നോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പഠനം പൂർത്തിയാക്കിയിരുന്നോ; എങ്കിൽ എന്ന് പൂർത്തിയാക്കിയെന്നറിയിക്കാമോ?

24-9-2016-ലെ സ.ഉ. (സാധാ) നമ്പർ 367/2016/ഗതാ. ഉത്തരവ് പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്ന് മാസത്തെ കാലാവധിയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ റിപ്പോർട്ട് പൂർത്തിയാക്കാത്തതിനെത്തുടർന്ന് മൂന്ന് ഘട്ടങ്ങളിലായി 31-10-2018 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 10-3-2017-ൽ കരട് റിപ്പോർട്ടും 27-2-2019-ൽ അന്തിമ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്.

(സി) ടിയാന് നിയമനം നല്കിയശേഷം പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് സർക്കാരോ, സർക്കാർ ഏജൻസികളോ നാളിതുവരെ ചെലവഴിച്ച തുക, ടിയാൻ പ്രതിമാസം കൈപ്പറ്റിയ തുക എന്നിവയുടെ രസീതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് റിട്ട. പ്രൊഫ. സുശീൽ ഖന്നയ്ക്ക് നൽകിയ പ്രതിഫലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

Ch.No.326443 dt.23-12-16 Rs. 1,02,000, Bill No. 398 dtd.15-2-2017 Rs. 22,450, Ch.No.501928 dt.7-3-2017 Bill No. 1437 dtd.6-6-2018 Rs. 14,146, Ch.No.383015 Bill No. 2157 dtd. 5-9-2017 Rs. 16,960, Ch.No. 421977 dt.7-9-18 Bill No. 1464 dtd. 13-8-2019 Rs. 30,000, Ch.No.630160 dt.24-8-19. പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് ശ്രീ. തോമസ് മാത്യുവിന് നൽകിയ പ്രതിഫലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. Bill No. 1464 dtd.13-8-2019 Rs. 70,000 Ch.No.630161 dt.24-8-2019, Bill No. 771 dtd. 30-3-2017 Rs. 70,650 Ch.No.790309 dt.4-3-2017, Bill No. 1345 dtd. 1-6-2018 Rs. 35,000 Ch.No.382956 dt.6-4-2018, Bill No. 4463 dtd. 13-3-2019 Rs. 1,05,000 Ch.No.191519 dt.27-3-2019, Bill No. 1586 dtd. 6-7-2017 Rs. 70,770 Ch.No.791000 dt. 6-7-2017, Ch.No.326444 dt.23-12-2016 Rs. 70,300 ശ്രീ. ഹനുമന്തറാവുവിന് നൽകിയ പ്രതിഫലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. Ch.No.326445 dt.23-12-2016 Rs. 41,800. ആകെ തുക: Rs. 6,49,076 . ഈ തുകകൾ ബാങ്ക് മുഖേന online വഴിയാണ് ബന്ധപ്പെട്ടവരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയത്.

(ഡി) പ്രസ്തുത പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ ഭാഗികമായ റിപ്പോർട്ടാണോ പരിപൂർണ്ണ റിപ്പോർട്ടാണോ സമർപ്പിച്ചതെന്നും അത് എന്നാണെന്നും വ്യക്തമാക്കുമോ?

10-3-2017-ൽ കരട് റിപ്പോർട്ടും 27-2-2019-ൽ അന്തിമ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് 14-ാം കേരള നിയമസഭയിൽ അംഗമായിരുന്ന സാമാജികർ ആരെങ്കിലും ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആരൊക്കെയെന്നും എത്ര തവണ ആവശ്യപ്പെട്ടിട്ടുണ്ടെന്നെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റിപ്പോർട്ട് ഇവരിലാർക്കെങ്കിലും ലഭ്യമാക്കിയിട്ടുണ്ടായിരുന്നോ; എങ്കിൽ ആർക്കൊക്കെ എപ്പോൾ ലഭ്യമാക്കിയെന്നും ലഭ്യമാക്കിയത് ഭാഗിക റിപ്പോർട്ടാണോ പരിപൂർണ്ണ റിപ്പോർട്ടാണോയെന്നും വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

(ഡി&എഫ്) അന്തിമ റിപ്പോർട്ടിന്റെ പകർപ്പ് പതിനാലാം കേരള നിയമസഭയിലെ പതിനഞ്ചാം സമ്മേളനത്തിൽ ശ്രീ. പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. എം. ഉമ്മർ എന്നിവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പകർപ്പ് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

**പെൻഷൻ നിശ്ചയിക്കുന്നതിനുള്ള സർവ്വീസ് കാലാവധി**

209 (1749) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥിരനിയമനം ലഭിക്കുന്നതിനുമുമ്പുള്ള സർവ്വീസ് കാലാവധി പെൻഷൻ നിശ്ചയിക്കുന്നതിന് ബാധകമാക്കണമെന്ന ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്ത് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിരുന്നുവോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇക്കാര്യത്തിൽ സുപ്രീം കോടതി നൽകിയ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) സമീപിച്ചിരുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥിരനിയമനം ലഭിക്കുന്നതിനുമുമ്പുള്ള സർവ്വീസ് കാലാവധി (പ്രൊവിഷണൽ കാലയളവ്) പെൻഷന് കണക്കാക്കണം എന്നുള്ള ഹൈക്കോടതിയുടെ Larger Bench-ന്റെ വിധിക്കെതിരെ കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ (SLP) ചെയ്തിട്ടുണ്ട്. ടി കേസിലെ (CA 3161-3165/2019) 01-7-2021-ലെ ഇടക്കാല ഉത്തരവിൽ ഒരു സ്കീം തയ്യാറാക്കുന്നതിന് ബഹു.സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഉത്തരവ് അനുസരിച്ച് കെ.എസ്.ആർ.ടി.സി. തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള സ്കീമിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ പൊതു സ്ഥലംമാറ്റ ഉത്തരവ്**

210 (1750)<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ ലംഘിച്ചതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.യിലെ പൊതു സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾക്ക് കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ലഭ്യത കൃത്യമായി വിന്യസിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2021 ഫെബ്രുവരി മാസം പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റപ്പെട്ടവരിൽ വിവിധ കാരണങ്ങൾ പരാമർശിച്ച് ജീവനക്കാർ കോർപ്പറേഷനേയും കേരള ഹൈക്കോടതിയെയും സമീപിച്ചു. ഇത്തരം അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരുടെ അപേക്ഷകൾ നിയമാനുസൃതം പരിഗണിക്കാൻ കേരള ഹൈക്കോടതി 17-3-2021-ലെ WP(C) No. 4651/ 2021-ലും അനുബന്ധ കേസുകളിലും ഉത്തരവായിരുന്നു. തുടർന്ന് 31-3-2021-നകം പരാതികൾ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. ഇപ്രകാരം നിയമാനുസൃതവും അനുകമ്പാർഹതലത്തിലും അനുവദിക്കാൻ കഴിയുന്ന ഇളവുകൾ വിവിധ ജീവനക്കാർക്ക് അനുവദിക്കുകയും ടിയാന്മാരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഉണ്ടായ ഒഴിവുകൾ നികത്തുന്നതിന് പുതുതായി ജീവനക്കാരെ സ്ഥലം മാറ്റുന്നതുമായ ഉത്തരവ് 16-9-2021 ൽ പുറപ്പെടുവിച്ചിരുന്നു. മേൽ പരാമർശിച്ച തരത്തിൽ ടി സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെടെ വിവിധ ജീവനക്കാർ വീണ്ടും അപേക്ഷകളുമായി സർക്കാരിനെയും കോർപ്പറേഷനെയും സമീപിച്ച സാഹചര്യത്തിൽ 25-9-2021-നകം പരാതികൾ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയിരുന്നു. പ്രസ്തുത അപേക്ഷകളിൽ നിയമാനുസൃതവും

അനുകമ്പാർഹതലത്തിലും അനുവദിക്കാൻ കഴിയുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാം എന്ന തീരുമാനം കോർപ്പറേഷൻ കൈക്കൊള്ളുകയും അപ്രകാരം 16-9-2021-ന് പുറപ്പെടുവിച്ച ഉത്തരവ് കരടായി പരിഗണിക്കാൻ ഉത്തരവായിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് ഹൈക്കോടതി മുൻപാകെ നൽകുകയുണ്ടായി. ഡ്രൈവർ/കണ്ടക്ടർ/മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ ഉത്തരവ് കോർപ്പറേഷന്റെ 2012-ലെ സേവന-വേതന കരാറിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. 16-9-2021-ലെ ഉത്തരവ് ചോർന്നത് സംബന്ധിച്ച് പോലീസിൽ കേസ് നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്ഥലംമാറ്റ നടപടികൾ സുതാര്യമാക്കുമോ; വിശദാംശം നൽകുമോ?

സ്ഥലംമാറ്റ നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായാണ് കരട് പ്രസിദ്ധികരിച്ച് കുറ്റമറ്റ രീതിയിൽ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്.

**കെ. എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ**

211 (1751) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരവ്-ചെലവ് തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുള്ള വിവിധ നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പുനരുദ്ധാരണം 2.0 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് യാത്രാ സൗകര്യവും കോർപ്പറേഷന്റെ വസ്തുവകകൾ ഉപയോഗപ്പെടുത്തി നൽകാൻ കഴിയുന്ന വിവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാകുന്ന ടിക്കറ്റ്/ ടിക്കറ്റിതര വരുമാനത്തിലൂടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനത്തിനുമുള്ള വരുമാനം നേടുക എന്നതാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടിയും കൂടുതൽ യാത്രാ സൗകാര്യങ്ങൾ ഒരുക്കിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുകയും കൂടുതൽ വരുമാനം കൈവരിക്കുകയും ചെയ്യണം

എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയത് ദേശീയ ശരാശരിയേക്കാൾ കുറച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് മാനേജീരിയൽ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതും നിശ്ചിത യോഗ്യതയുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെയും ക്ലറിക്കൽ വിഭാഗം ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവർ കുറവുള്ള പക്ഷം മറ്റ് വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെയും ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ മിനിസ്റ്റീരിയൽ വിഭാഗത്തെ അഡ്മിനിസ്ട്രേഷൻ/ അക്കൗണ്ട്സ് എന്നിങ്ങനെ രണ്ട് വിഭാഗമാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. BOND Service/City Circular Service/ Feeder Service മുതലായവയുടെ സഹായത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാസൗകര്യം നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം

ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ/പാഴ്സൽ, എ.ടി.എം. എന്നിവയുമായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:-

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ 'സ്ലീപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്' പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted Tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൈക്കൊള്ളാനും കൊറിയർ/പാഴ്സൽ സർവ്വീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender

നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2020-21 ബഡ്ജറ്റിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽ നിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 400 ഡീസൽ ബസ്സുകൾ, എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം,

കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞിരിക്കുന്ന project കളിലെല്ലാം വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. KSRTC-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം:-

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)" -യെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

2. ഇ-ഓഫീസ്:-

KSRTC-യുടെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐടി മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗതിയിലാണ്.

3. KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്:-

KSRTC അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐടി മിഷനുമായി ചേർന്ന് "സർവ്വീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെനിന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി അറിയാനുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ KSRTC ജീവനക്കാർക്ക് ഓൺലൈനായി തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ:-

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് വഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പം തന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്കാവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

5. ഫീഡർ സർവീസ്:-

KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈകോർത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവീസ്. ടി പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്ടിവിറ്റിക്ക് ആവശ്യമായ ഓട്ടോറിക്ഷ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബുക്ക് ചെയ്യാൻ സാധിക്കും. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രാക്കാർക്ക് KSRTC ബസ്സുകളിൽ പ്രത്യേക ഇളവുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗുമായി ചേർന്ന് നിർമ്മിച്ചുവരികയാണ്.

6. ERP സൊല്യൂഷൻ:-

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവൽ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വത്തോടെ സുതാര്യമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റു സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാധ്യമാകും.

7. ഓൺലൈൻ പരാതി പരിഹാര സംവിധാനം:-

കെ.എസ്.ആർ.ടി.സി.-യിൽ ദിവസേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു പുതിയ പരാതി പരിഹാര പോർട്ടൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.

ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടി പോർട്ടലിലൂടെ ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ ഓൺലൈനായി പരാതികൾ നൽകാനും അവയുടെ തൽസ്ഥിതി ട്രാക്ക് ചെയ്യാനും സാധിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ഓൺലൈനിനായി തന്നെ കൈക്കൊള്ളാനും ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ സാധ്യമാകുന്നു. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽതന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള 3,100 കോടി രൂപ വായ്പയായി പുനഃക്രമീകരിച്ചിട്ടുണ്ട്. തൽഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി പെൻഷൻ നൽകുന്നതിനുള്ള

നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിന് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിനാൽ പെൻഷൻ മുടക്കംകൂടാതെ നൽകി വരികയും ചെയ്യുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 1-9-2021-ലെ കണക്കുപ്രകാരം 25221 സ്ഥിരം ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. കൂടാതെ ഹയർ ഡിവിഷൻ തസ്തികയിൽ 144 പേരും സേവനം അനുഷ്ഠിക്കുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി-യിൽ എത്ര സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. നിലവിലെ പരിശോധനകളിൽനിന്നും 5000-ത്തോളം ജീവനക്കാർ കൂടുതൽ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്തതാണ്.

**കെ.എസ്.ആർ.ടി.സി. -യിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം**

212 (1752) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലികനിയമനം നൽകി പിന്നീട് സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് താൽക്കാലിക ജോലിയുടെ കാലയളവും പെൻഷന് കണക്കാക്കണമെന്ന ഹൈക്കോടതി ഉത്തരവിന്മേൽ സുപ്രീംകോടതിയിൽ നൽകിയ അപ്പീലിന്റെ തൽസ്ഥിതി വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥിര നിയമനം ലഭിക്കുന്നതിനുമുമ്പുള്ള സർവ്വീസ് കാലാവധി (പ്രൊവിഷണൽ കാലയളവ്) പെൻഷന് കണക്കാക്കണം എന്നുള്ള ഹൈക്കോടതിയുടെ Larger Bench-ന്റെ വിധിക്കെതിരെ കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ

(SLP) ചെയ്തിട്ടുള്ളതാണ്. കേസ് നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത കേസിൽ കോർപ്പറേഷൻ തോറ്റ് കൊടുക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പൊതുഅവധി**

213 (1753) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ നിയമപ്രകാരം ജീവനക്കാരെ തൊഴിലാളികളായിട്ടാണോ കണക്കാക്കുന്നത്; ഏതൊക്കെ വിഭാഗക്കാരെ എപ്രകാരമാണ് കണക്കാക്കുന്നതെന്നും അത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ പ്രധാനമായും ലോവർ ഡിവിഷൻ, ഹയർ ഡിവിഷൻ എന്നിങ്ങനെ രണ്ട് വിഭാഗം ജീവനക്കാരാണ് ഉള്ളത്. ഇവരിൽ ജീവനക്കാരെ തൊഴിലാളികൾ എന്ന് പ്രത്യേകം നിർവ്വചിച്ചിട്ടില്ല.

(ബി) മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലുള്ളതുപോലെ കെ.എസ്.ആർ.ടി.സി.-യിലും ഓഫീസ് തൊഴിലാളികൾക്ക് രണ്ടാം ശനിയാഴ്ച പൊതു അവധി അനുവദിച്ച് നല്കുന്നുണ്ടോ; പ്രസ്തുത അവധിയുടെ ആനുകൂല്യത്തിന് കെ.എസ്.ആർ.ടി.സി.-യിലെ ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് അർഹതയില്ലാതാവുന്നുണ്ടോ; എങ്കിൽ ഏത് വിഭാഗക്കാർക്കാണ് അനുവദിക്കാത്തതെന്ന് കാരണം സഹിതം അറിയിക്കുമോ;

(സി) സംസ്ഥാനത്താകെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഫീസ് വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പൊതു അവധിയും മറ്റ് ജീവനക്കാരിൽ ഈ ദിനം ജോലി ചെയ്യുന്നവർക്ക് അവധിദിന ആനുകൂല്യം നൽകുന്നതുമായരീതി കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ, ഡ്രൈവർ വിഭാഗക്കാർക്കും അനുവദിക്കാൻ തീരുമാനമുണ്ടാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഒരു സ്ഥാപനത്തിൽ ഒരു വിഭാഗം തൊഴിലാളികൾക്ക് മാത്രം രണ്ടാം ശനിയാഴ്ച അവധി നൽകാത്തത് നീതിപൂർവ്വമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും രണ്ടാം ശനിയാഴ്ച പ്രവൃത്തിദിനമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

(ബി-ഇ) Negotiable Instrument Act - പ്രകാരം അവധി നൽകുന്ന സ്ഥാപനം ആയതിനാലാണ് രണ്ടാം ശനി അവധിക്ക് യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ചുവരുന്നത്. പ്രസ്തുത ആക്ട് പ്രകാരം എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം ടി വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ പ്രവൃത്തി ദിവസങ്ങളാക്കുന്നത് വഴി രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ടി വിഭാഗം ജീവനക്കാർ അർഹതനേടുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ഇപ്രകാരം അവധിക്ക് അർഹരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച മാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ചുവരുന്നത്. അർഹമായ അവധികൾ അർഹരായ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി ആയി അനുവദിക്കുന്നതുവഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. ആയതിനാൽ ടി വിഭാഗം ജീവനക്കാർക്ക്, രണ്ടാം ശനി അവധി ദിനത്തിൽനിന്ന് ഒഴിവാക്കേണ്ടതില്ല. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് Negotiable Instrument Act പ്രകാരവും ടി വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചുമാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ പെർ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ അധിക ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല. സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ/അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാദ്ധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി. -യിലെ ഡ്യൂട്ടി സമയം

214 (1754) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻ ഓൺ മുതൽ ഡ്യൂട്ടി അവസാനിക്കുന്ന സൈൻ ഓഫ് വരെയുള്ള സമയം ഡ്യൂട്ടിയായിട്ടാണോ കണക്കാക്കേണ്ടത്?

അതെ.

(ബി) ഡ്യൂട്ടി ആരംഭിച്ചതുമുതൽ വിടുതൽചെയ്യുന്ന സമയം വരെ 8 മണിക്കൂർ കണക്കാക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന നിയമത്തിൽ മുൻ സർക്കാർ എന്തെങ്കിലും മാറ്റംവരുത്തിയിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃതമായിട്ടല്ലാതെ തീരുമാനമെടുക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ?

ഡ്യൂട്ടി ആരംഭിച്ചതുമുതൽ വിടുതൽചെയ്യുന്ന സമയം വരെ 8 മണിക്കൂർ കണക്കാക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന നിയമത്തിൽ മുൻ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിന് നിയമാനുസൃതമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 25-11-2020 രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്ന് മൂന്നാറിലേയ്ക്ക് പുറപ്പെട്ട് 27-11-2020 വൈകുന്നേരം 5.00 മണിക്ക് അവസാനിച്ച ഡ്യൂട്ടിയിൽ 26-11-2020 -ലെ 24 മണിക്കൂർ സർവ്വീസ് കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനപ്രകാരം നിർത്തിവയ്ക്കേണ്ടി വന്ന ദിവസം ബന്ധപ്പെട്ട ക്രൂ അംഗങ്ങൾക്ക് ഒരു ഡ്യൂട്ടി മാത്രം നൽകിയത് നിലവിലുള്ള ഏതെങ്കിലും തൊഴിൽ ചട്ടപ്രകാരമാണോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10.30-നുള്ള തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്. ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്ക്‌ലി ഓഫും അധിക സമയമായ 2:35 മണിക്കൂറിന് അധിക വേതനവും നൽകിവരുന്നു. എന്നാൽ 26-11-2020-ൽ ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25-11-2020-ന് ആരംഭിച്ച തിരുവനന്തപുരം - മൂന്നാർ സർവ്വീസിന് 26-11-2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ തിരുവനന്തപുരത്ത് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ

ജീവനക്കാർക്ക് 26-11-2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ചട്ടപ്രകാരം ഒരു ഡ്യൂട്ടി അധികമായി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ജീവനക്കാർക്ക് നിലവിലുള്ള തൊഴിൽനീതി ഉറപ്പാക്കാൻ 8 മണിക്കൂർ സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(ഇ) തൊഴിൽ അവകാശം സംരക്ഷിക്കപ്പെടേണ്ടതിനാൽ അത് നിഷേധിക്കുന്ന ഉദ്യോഗസ്ഥ നീക്കം ഗവൺമെന്റ് നയത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2 (f), (i), (ii), (iii), 2(K) സെക്ഷൻ 13, 16, 17 എന്നിവകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. നിലവിലെ ചട്ടപ്രകാരം ഡ്യൂട്ടിക്കിടയിലെ വിശ്രമ സമയം ഡ്യൂട്ടിയായി കണക്കാക്കാൻ വ്യവസ്ഥ ചെയ്യുന്നില്ല. ഈ വിഷയത്തിൽ ഒരു തൊഴിലാളിയുടേയും തൊഴിൽ അവകാശങ്ങൾ കെ.എസ്.ആർ.ടി.സി മാനേജ്മെന്റോ മറ്റ് ഉദ്യോഗസ്ഥരോ നിഷേധിച്ചിട്ടില്ലാത്തതുമാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ ലേ ഓഫ് നിർദ്ദേശം

215 (1755) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനായി നാലായിരത്തോളം ജീവനക്കാരെ മാറ്റിനിർത്തുന്നതടക്കമുള്ള ശിപാർശകൾ ഉൾപ്പെടുത്തി ലേ ഓഫ് നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം നൽകിവരുന്നത്. നിലവിലെ 26000-ത്തോളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1,500 രൂപ ഇടക്കാലാശ്വാസം ഉൾപ്പടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ

ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധനയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമേ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. 404-ാമത് ബോർഡ് ഡയറക്ടർ യോഗതീരുമാന പ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവ സേവനത്തിലുള്ള 7500 ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം തരണം ചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചുവരികയാണ്.

## തിരുവനന്തപുരം-നാഗർകോവിൽ റൂട്ടിൽ ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി

216 (1756) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം നിർത്തലാക്കിയ തിരുവനന്തപുരം-നാഗർകോവിൽ റൂട്ടിലെ കെ.എസ്.ആർ.ടി.സി. തമിഴ്നാട് ബസ് സർവ്വീസുകൾ എപ്പോൾ പുനരാരംഭിക്കാൻ കഴിയും; അറിയിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നാഗർകോവിൽ - കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽനിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുമായി ബന്ധപ്പെട്ട് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ടി വിഷയത്തിൽ അനുകൂല നടപടികൾ അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ തമിഴ്നാട്ടിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമായി ഈ വിഷയം പ്രത്യേകമായി ചർച്ച നടത്തിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലുകളിലെ ബെവ്കോ ഔട്ട്ലെറ്റ്**

217 (1757) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ബെവ്കോ ഔട്ട്ലെറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടിസി. ബസ് ടെർമിനലുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ബെവ്കോ ഔട്ട്ലെറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

(ബി) സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാരുടെ സുരക്ഷയെ ഇത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടിസി. ബസ് ടെർമിനലുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ബെവ്കോ ഔട്ട്ലെറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ച പദ്ധതികൾ**

218 (1758) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമവണ്ടി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി ഗതാഗത

വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി. നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർ പ്രകാരം ഓരോ ബസ്സിനും നിശ്ചിത തുക മടക്കിനൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയിസ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷയ്ക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചാൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി.എഫ്. പുതുക്കൽ/ പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.-ക്കായിരിക്കും.

13. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് ഭരണസ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിന് ഒരു കിലോമീറ്റർ ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിന് വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

(ബി) ഇതുകൂടാതെ മറ്റെന്തെങ്കിലും പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

സമുദ്ര ബസ് പദ്ധതി :- മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ. ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി

ഓപ്പറേറ്റ് ചെയ്യുന്നു. ബസ് ഓൺ ഡിമാൻഡ് (BOND) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സിറ്റി സർക്കുലർ സർവ്വീസ് തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്രചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്രചെയ്യാൻ " ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ, കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീ-ചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. സിറ്റി സർക്കുലർ പദ്ധതി നിലവിൽ സർക്കാർ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

<u>ഇ-ഓട്ടോറിക്ഷാ പദ്ധതി</u>:- ബസ് യാത്രക്കാർക്ക് യാത്രയിലെ ആദ്യത്തെയും അവസാനത്തെയും കണക്റ്റിവിറ്റി (First mile and last mile connectivity) ഉറപ്പുവരുത്തുകയും ഇതിലൂടെ കേരളത്തിൽ ഇ-റിക്ഷകളുടെ ഉടമകളോ ഡ്രൈവർമാരോ ആയി, വരുമാനം ഉറപ്പുള്ള സ്വയം തൊഴിലായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഇത് യാത്രക്കാർക്ക് ഗുണകരമാകുകയും ചെയ്യും. കെ.എസ്.ആർ.ടി.സി.-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൊറിയർ, പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടി കോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം ഷോപ്പ് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ 'സ്ലീപർ ഇൻ ബസ് 'എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ് 'എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും, കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല-കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E- Tender

നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്‌പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം പ്രൊഡക്ട്സ് വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റപ്പെട്ടുകഴിഞ്ഞു. GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്ക് ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പപ്പോൾത്തന്നെ ഓൺലൈൻ ആയി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്രചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച് വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ ബുക്കിംഗ് സംവിധാനം. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ

മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് സിസ്റ്റം മോട്ടോർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവ് പ്രകാരം എല്ലാ പാസ്സഞ്ചർ വെഹിക്കിൾസിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ ഘടിപ്പിക്കേണ്ടതാണ്. ആയതിനാൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയുമാണ്.

**മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

219 (1759) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത ഡിപ്പോ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ നിലവിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ മഞ്ചേരിയിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയായതിനാൽ പ്രസ്തുത സ്ഥലത്ത് ഒരു ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ്, വർക്ക് ഷോപ്പ് തുടങ്ങിയവയ്ക്കുള്ള കെട്ടിടങ്ങൾ, ബസ്സുകളുടെ പാർക്കിംഗ് സൗകര്യം) നിർദ്ദിഷ്ട സ്ഥലത്ത് സൗജന്യമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരുക്കി തന്നാൽപോലും പുതുതായി ഓപ്പറേറ്റിംഗ് സെന്റർ/സബ്ബ് ഡിപ്പോ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തന ചെലവ് ഇനത്തിൽ 50 ലക്ഷം രൂപയോളം കോർപ്പറേഷന് അധിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിരുന്നാലും KSRTC-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ബി) മഞ്ചേരിയിൽ നിലവിലുണ്ടായിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് പുനരാരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ഓഫീസ് എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിവേദനം ലഭിച്ചിട്ടുണ്ട്. 21-12-2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 3-9-2017-ലാണ് നിർത്തലാക്കിയത്. മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽക്കൂടി നാമമാത്രമായ ബസ്സുകൾ കയറി ഇറങ്ങിപ്പോകുന്ന സാഹചര്യത്തിൽ ആയതിനുവേണ്ടി മാത്രമായി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനർസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. എന്നാൽ കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ വന്നുചേരുകയും ചെയ്യുന്ന വേളയിൽ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ മഞ്ചേരി ഐ.ജി.ബി.റ്റി. കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്ന കാര്യം വിശദമായ സാദ്ധ്യതാപഠനം നടത്തി പരിഗണിക്കുന്നതാണ്.

(സി) മഞ്ചേരിയിൽനിന്ന് ആരംഭിക്കുന്നതോ, മഞ്ചേരിയിലൂടെ കടന്നു പോവുന്നതോ ആയ ഏതെങ്കിലും കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സർവ്വീസുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

ഉണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗതം പുനരാരംഭിക്കുന്ന മുറയ്ക്ക് മലപ്പുറം - ഊട്ടി തുടങ്ങിയ സർവ്വീസുകൾ, യാത്രക്കാർക്ക് ഗുണകരവും കോർപ്പറേഷന് സാമ്പത്തിക മേന്മയും ലഭ്യമാകുന്ന രീതിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കോമ്പൗണ്ട് വാൾ നിർമ്മാണം.

220 (1760) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരേക്കറോളം വരുന്ന പാറ പ്രദേശം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ പാറ പൊട്ടിച്ചെടുത്താൽ കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കോമ്പൗണ്ട് വാൾ നിർമ്മിക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡിപ്പോയിലെ പാറ പൊട്ടിച്ചെടുത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് തന്നെ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്ന നടപടി പരിഗണിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലത്ത് കെ.എസ്.ആർ.ടി.സി.-യുടെ കൈവശം 2½ ഏക്കറോളം സ്ഥലമുണ്ട്. അതിൽ ഡിപ്പോ ഗ്യാരേജിന് പിന്നിലുള്ള ഒരേക്കറോളം വരുന്ന സ്ഥലം പാറപ്രദേശമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാനത്തെ പൊതു ഗതാഗതം**

221 (1761) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിക്ക റൂട്ടുകളിലും പൊതുഗതാഗത സംവിധാനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റൂട്ടുകളിൽ പൊതുഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്ത്, 2021 മാർച്ച് മാസം ഓപ്പറേറ്റ് ചെയ്ത സർവ്വീസുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട് എന്നതിനാൽ പൊതുജനങ്ങൾക്ക് ആവശ്യമായ പൊതുഗതാഗത സൗകര്യം പ്രദാനം ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ/ സർവ്വീസുകൾ ക്രമീകരിച്ചുവരുന്നത്. യാത്രക്കാരുടെ ആവശ്യപ്രകാരം പ്രധാന ട്രിപ്പുകളും/അധിക സർവ്വീസുകളും ഇപ്പോൾ നടത്തിവരുന്നുമുണ്ട്. കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തിയതിനുശേഷം കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

222 (1762) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ ഓപ്പറേറ്റ് ചെയ്യാൻ അനുമതിയുള്ള ഷെഡ്യൂളുകളുടെ എണ്ണം പട്ടിക തിരിച്ച് അറിയിക്കാമോ?

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 35 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത് ഫാസ്റ്റ് പാസഞ്ചർ - 7, ഓർഡിനറി - 28.

(ബി) ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകളുടെയും വിവിധ വിഭാഗം ജീവനക്കാരുടെയും എണ്ണം എത്രയെന്നും നിലവിലുള്ള ബസ്സുകളുടെയും ജീവനക്കാരുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകൾ - 35 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ കണ്ടക്ടർ - 68 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ഡ്രൈവർ -68. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 38 (FP 15 + Ordinary 23) ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. ചാത്തന്നൂർ യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഡ്രൈവർ - 83 കണ്ടക്ടർ - 100 മെക്കാനിക്ക് - 27 മിനിസ്റ്റീരിയൽ - 13 ഇൻസ്പെക്ടർ - 5 സ്റ്റേഷൻമാസ്റ്റർ - 3 ഗാർഡ് - 8.

(സി) കോവിഡ്-19 മൂലം നിർത്തിവച്ചിരുന്ന സർവീസുകളെല്ലാം പുനരാരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനി എത്ര സർവീസുകൾ പുനരാരംഭിക്കാനുണ്ടെന്നും വിശദമാക്കാമോ?

2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന 35 ഷെഡ്യൂളുകളാണ് പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്. എന്നാൽ കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതിനാൽ ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമല്ലാതെ വന്നിരുന്ന സർവ്വീസുകൾ നിർത്തിവയ്ക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. കോവിഡ് സാഹചര്യം പൂർണ്ണമായും അവസാനിക്കുന്ന മുറയ്ക്ക് കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ ആവശ്യമെങ്കിൽ സർവ്വീസുകൾ പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് ബസ് സർവീസ്

223 (1763)<u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

224 (1764) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ പുനരുദ്ധാരണ പണികൾ നടക്കുന്നതിനാൽ ചങ്ങനാശ്ശേരിയിൽനിന്നും പൊങ്ങ വരെ മാത്രമാണ് സർവ്വീസ് നടത്താൻ കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനായി ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ നിലവിൽ രാവിലെ 5.15 മുതൽ രാത്രി 2.30 വരെ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. യാത്രക്കാരുടെ ആവശ്യപ്രകാരം കോവിഡ് കാലത്തിനുമുമ്പ് നടത്തിയിരുന്ന എല്ലാ പ്രധാന സർവ്വീസുകൾ/ട്രിപ്പുകളും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളായ ചമ്പക്കുളം, കാവാലം, പുളിങ്കുന്ന്, ചതുർത്ഥ്യാകരി, കായൽപ്പുറംപ്പള്ളി, വടക്കൻ വെളിയനാട്, കൈനടി-കാവാലം, കുന്നംക്കരി, പൊങ്ങ, ചമ്പക്കുളം എന്നിവിടങ്ങളിലേയ്ക്കായി നിലവിൽ 33 ഷെഡ്യൂളുകളിലായി 220 ട്രിപ്പുകൾ ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും 11 ഷെഡ്യൂളുകളിലായി 35 ട്രിപ്പുകൾ ആലപ്പുഴ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ട്. കോവിഡാനന്തര സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ/ സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. ജലഗതാഗത വകുപ്പിന്റെ വിവിധ സ്റ്റേഷനുകളിൽ നിന്നായി കുട്ടനാട് കേന്ദ്രീകരിച്ച് നിലവിൽ 22-ഓളം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടി ബോട്ടുകൾ ഉപയോഗിച്ച് ദിനംപ്രതി 110-ഓളം ട്രിപ്പുകൾ നടത്തുന്നുണ്ട്. സീ കുട്ടനാട്, കൈനകരി സർക്കുലർ സർവ്വീസ് എന്നി സർവ്വീസുകൾ കുട്ടനാട് കേന്ദ്രീകരിച്ച് പുതുതായി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ പൊതുഗതാഗത സംവിധാനമായ ബോട്ട് സർവ്വീസ് കൂടുതൽ ഉൾപ്രദേശങ്ങളിലേയ്ക്കും റോഡ് ഗതാഗതമില്ലാത്ത സ്ഥലങ്ങളിലേയ്ക്കും വ്യാപിക്കുന്നതിന് വകുപ്പ് പുതിയ റൂട്ടുകളുടെ സർവ്വേ നടത്തിവരുന്നു. അത്തരത്തിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

(ബി) കുട്ടനാട്ടിൽ നിർത്തലാക്കിയ സ്റ്റേ സർവ്വീസ് ഉൾപ്പെടെയുള്ള എല്ലാ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

യാത്രക്കാരുടെ ആവശ്യപ്രകാരം കോവിഡിന് മുമ്പുണ്ടായിരുന്ന എല്ലാ പ്രധാന ട്രിപ്പുകളും/സർവ്വീസുകളും ഇപ്പോൾ നടത്തിവരുന്നുണ്ട്. എന്നാൽ ചങ്ങനാശ്ശേരിയിൽനിന്നും ചമ്പക്കുളത്തേയ്ക്കുള്ള സ്റ്റേ സർവ്വീസ് കോവിഡാനന്തരം ആരംഭിച്ചെങ്കിലും യാത്രക്കാർ തീരെ കുറവായിരുന്നതും ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമല്ലാതെ വരികയും ചെയ്തതിനാൽ സ്റ്റേ സർവ്വീസുകൾ നിർത്തി വയ്ക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. കോവിഡ് സാഹചര്യം പൂർണ്ണമായും അവസാനിക്കുന്ന മുറയ്ക്ക് കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ ആവശ്യമെങ്കിൽ സർവ്വീസുകൾ പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ നിർമ്മാണം**

225 (1765) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കിനൽകുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരുവമ്പാടി KSRTC സബ് ഡിപ്പോ പ്രവർത്തിച്ചിരുന്നത് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തായിരുന്നു. 20-9-2021- ലാണ് പ്രസ്തുത സ്ഥലം KSRTC-യുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭ്യമായത്. അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി**

226(1766) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം യാത്രക്കാർ കുറയുകയും ലാഭകരമല്ലാതാകുകയും ചെയ്ത റൂട്ടുകളിൽ പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഏതൊക്കെ സർവ്വീസുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത്; ഷെഡ്യൂൾ വിവരങ്ങൾ ഉൾപ്പെടെ ഡിപ്പോ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം യാത്രക്കാർ കുറയുകയും ലാഭകരമല്ലാതാകുകയും ചെയ്ത റൂട്ടുകളിൽ പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും റദ്ദാക്കിയ ട്രിപ്പുകൾ/ ഷെഡ്യൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വെള്ളറട

1. 05.00 വെള്ളറട - കുട്ടപ്പൂ -ഇടവാച്ചൽ - തിരുവനന്തപുരം
2. 05.30 വെള്ളറട-വാഴിച്ചൽ-മണക്കാല-കാട്ടാക്കട
3. 05.40 വെള്ളറട - കള്ളിമൂട്-മെഡിക്കൽകോളേജ്
4. 06.30 വെള്ളറട-മുട്ടച്ചൽ-കാട്ടാക്കട
5. 06.00 വെള്ളറട-കടുക്കറ
6. 04.00 വെള്ളറട - കാരക്കോണം-നെയ്യാറ്റിൻകര-തിരുവനന്തപുരം
7. 07.50 വെള്ളറട-മൈലച്ചൽ-കാട്ടാക്കട-പി.റ്റി.പി-തിരുവനന്തപുരം

കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാർ തീരെ ഇല്ലാത്തതും ഡീസൽ ചെലവിനുപോലും കളക്ഷൻ ലഭിക്കാത്തതുമായ മുകളിൽ കൊടുത്തിരിക്കുന്ന 7 ട്രിപ്പുകൾ താൽക്കാലികമായി വെള്ളറട ഡിപ്പോയിൽ നിർത്തിവച്ചിട്ടുണ്ട്. ടി ട്രിപ്പുകൾ ഉൾപ്പെട്ട ഷെഡ്യൂളുകളുടെ മറ്റ് ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

നെയ്യാറ്റിൻകര

1. 06.00 സി.വി.ആർ. പുരം-കളിയിക്കാവിള
2. 06.50 നെയ്യാറ്റിൻകര-മൂവേലിക്കര
3. 05.40 നെയ്യാറ്റിൻകര-കോട്ടുകോണം

പാറശ്ശാല

1. 06.00 പാറശ്ശാല-കളിയിക്കാവിള- നെടുമങ്ങാട്
2. 06.20 പാറശ്ശാല - കളിയിക്കാവിള - പൂഴിക്കുന്ന്
3. 05.20 പാറശ്ശാല - കളിയിക്കാവിള-ആലമ്പാറ-തിരുവനന്തപുരം
4. 06.00 പാറശ്ശാല - കളിയിക്കാവിള - മുള്ളുകാട്-തിരുവനന്തപുരം
5. 05.20 പാറശ്ശാല - കളിയിക്കാവിള-പാങ്ങോട്ടുകോണം-അരുവിപ്പുറം-മെഡിക്കൽകോളേജ്
6. 05.00 പാറശ്ശാല - നരിക്കുഴി-തിരുവനന്തപുരം

കാട്ടാക്കട യൂണിറ്റിൽ, കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാർ തീരെ ഇല്ലാത്തതും ഡീസൽ ചെലവിനുള്ള തുകപോലും ലഭിക്കാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന 9 ഷെഡ്യൂളുകൾ താൽക്കാലികമായി സർവ്വീസ് നിർത്തി വച്ചിട്ടുണ്ട്.

1. 05.40 കാട്ടാക്കട-പന്ത-ചെമ്പകപ്പാറ

2. 06.00 കാട്ടാക്കട-പൂഴനാട്-മണക്കാല-വാഴിച്ചൽ

3. 05.10 കാട്ടാക്കട-വാളിയോട്-വാഴിച്ചൽ

4. 05.50 കാട്ടാക്കട-ഒറ്റശേഖരമംഗലം-പെരുങ്കടവിള-ഊരൂട്ടമ്പലം-കിഴക്കേകോട്ട

5. 05.00 കാട്ടാക്കട-പൂഴനാട്-കള്ളിക്കാട്

6. 05.50 കാട്ടാക്കട-പൂഴനാട്-കള്ളിക്കാട്

7. 06.10 കാട്ടാക്കട-മൈലച്ചൽ-കുടയാൽ-കാരക്കോണം-കളിയിക്കാവിള

8. 11.05 കാട്ടാക്കട-ഉത്തരംകോട്-കോട്ടൂർ-കള്ളിയൽ (മായം സ്റ്റേ ഡ്യൂട്ടി)

9. 12.25 കാട്ടാക്കട - പാങ്ങോട്-തിരുവനന്തപുരം (കുട്ടപ്പൂ സ്റ്റേ).

(ബി) ഇതിൽ ഏതൊക്കെ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ സാഹചര്യത്തിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിലും രാവിലേയും വൈകുന്നേരവും കൂടുതൽ ട്രിപ്പുകൾ നടത്തുന്ന രീതിയിലും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും കോർപ്പറേഷന് ഗുണകരമായ രീതിയിലും അധിക ട്രിപ്പുകൾ നടത്തുന്ന രീതിയിലാണ് സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള പുനഃക്രമീകരണത്തിനുശേഷം ജനോപകാരപ്രദവും കോർപ്പറേഷന് കൂടുതൽ നഷ്ടം വരാത്ത രീതിയിലും അധിക ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിനും ഗ്രാമീണ മേഖലകളിലടക്കം ബസ് സർവ്വീസ് നടത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഗ്രാമീണ മേഖലകളിൽ നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പുമന്ത്രി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലെ പ്രസംഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്

227 (1767) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ വെള്ളം കെട്ടിനിൽക്കുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വെള്ളക്കെട്ട് പൂർണ്ണമായും എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി. കരുനാഗപ്പള്ളി ഗ്യാരേജിന് പിൻഭാഗത്തായി കെ.എസ്.ആർ.ടി.സി. compound-നകത്ത് ഏകദേശം 37 വർഷം പഴക്കമുള്ള പഞ്ചായത്ത് വക ഓടയുണ്ടായിരുന്നു. ടി ഓടയിൽനിന്നും വെള്ളം പുറത്തേയ്ക്ക് ഒഴുകിപ്പോകുന്ന ഭാഗം കോടതി ഉത്തരവിനെ തുടർന്ന്

മുനിസിപ്പാലിറ്റിയും PWD-യും ചേർന്ന് പൂർണ്ണമായും അടയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് മഴ സമയത്ത് Market-ൽനിന്നും ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽനിന്നും ഒഴുകിയെത്തുന്ന വെള്ളം ഒഴുകിപ്പോകാൻ മറ്റ് മാർഗ്ഗമൊന്നുമില്ലാതെ താരതമ്യേന താഴ്ന്ന സ്ഥലമായ ഡിപ്പോയിലും ഗ്യാരേജിലും കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. വെള്ളം കെട്ടിനിന്ന് ഡിപ്പോയുടെ 30 mtr നീളത്തിലുള്ള compound wall പൊളിഞ്ഞു വീഴുകയുമുണ്ടായി. ഡിപ്പോയിലെ യാർഡ് ഡെവലപ് ചെയ്യുന്ന പ്രവൃത്തിക്കായി 2 കോടി രൂപയുടെ പ്രൊപ്പോസൽ 2022-23 വർഷത്തെ പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്ത് യാർഡ് ഡെവലപ് ചെയ്യാൻ പറ്റുന്നതാണ്. എന്നിരുന്നാലും മുനിസിപ്പാലിറ്റിയും PWD യും ചേർന്ന് അടച്ച ഓട തുറന്ന് KSRTC ഡിപ്പോയിൽനിന്നുള്ള വെള്ളം ഒഴുകിപ്പോകുന്നതിന് സൗകര്യം ഉണ്ടാക്കിയാൽ മാത്രമേ ഡിപ്പോയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം ആകുകയുള്ളൂ.

**മാവേലിക്കര ഡിപ്പോയിൽ പെട്രോൾ പമ്പ്**

228 (1768) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പൊതുജനങ്ങൾക്കായുള്ള പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബിൽഡിംഗ് നിർമ്മാണത്തിനായുള്ള പെർമിറ്റ് മാവേലിക്കര മുനിസിപ്പാലിറ്റിയിൽനിന്നും ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിലുള്ള പമ്പിന്റെ പരിസരം വൃത്തിയാക്കി നിർമ്മാണ പ്രവർത്തനത്തിന് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പമ്പ് 2021 ഒക്ടോബർ മാസം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബിൽഡിംഗ് നിർമ്മാണത്തിനായുള്ള അനുമതിയും PESO-യുടെ (Petroleum & Explosive Safety Organization) അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് പമ്പ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനം

229 (1769) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതിക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് M/s. Steel Industries Kerala Limited (M/s SILK) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് തയ്യാറാക്കി M/s. SILK ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാമിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

230 (1770) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ മംഗലം ഡാമിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കുറവാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ മംഗലം ഡാമിലേയ്ക്ക് കെ.എസ്.ആർ.ടി.സി. വടക്കഞ്ചേരി യൂണിറ്റിൽനിന്നും ഒരു സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) മംഗലം ഡാമിലേയ്ക്ക് വടക്കഞ്ചേരി, പാലക്കാട് ഡിപ്പോകളിൽനിന്ന് ബസ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ മുടപ്പല്ലൂർ, ചിറ്റിലഞ്ചേരി, തൃപ്പാളൂർ വഴി സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് മുതൽ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കെ.എസ്.ആർ.ടി.സി. കടന്നുപോകുന്നതെങ്കിലും കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക്

യാത്രക്കാർ കൂടുതൽ ആവശ്യപ്പെടുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-ക്കും യാത്രക്കാർക്കും ഗുണകരമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഗ്രാമീണ മേഖലകളിൽ, നിലവിൽ നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി. നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 'ഗ്രാമവണ്ടി' എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി സർക്കാർ തലത്തിൽ പരിഗണനയിലുമാണ്. കോവിഡ് പശ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി. ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകളും ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) കിഴക്കഞ്ചേരി പാലക്കുഴി-കോട്ടയം പാല ബസ് സർവ്വീസ് വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ് റൂട്ട് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ?

പാലക്കാട്-തൃശ്ശൂർ-കോട്ടയം-പാല റൂട്ടുകളിൽ ധാരാളം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിവരുന്നു. കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്തുനിന്നും കണക്ഷൻ ട്രിപ്പുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) വടക്കഞ്ചേരി-കടപ്പാറ ബസ് സർവ്വീസ് ഇപ്പോഴും തുടരുന്നുണ്ടോ; അറിയിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് നിർത്തിവച്ചിരുന്ന വടക്കാഞ്ചേരി-കടപ്പാറ ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടില്ല. വടക്കാഞ്ചേരി യൂണിറ്റിൽ നിന്നും ഡീസൽ ചെലവിനുപോലും വരുമാനം ലഭിക്കാത്ത ട്രിപ്പുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ടി സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്.

**കോവിഡ് കാരണം നിർത്തിവച്ച സർവ്വീസുകൾ**

231(1771) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം നിർത്തിവച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിച്ചുതുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ഇത്തരത്തിൽ ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(ബി) കോഴിക്കോട് ജില്ലയിൽ മേപ്പയൂർ-കീഴൂർ-പള്ളിക്കര-നന്തി-കൊയിലാണ്ടി-മെഡിക്കൽ കോളേജ് റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ വിശദമാക്കാമോ?

(ബി&സി) കോഴിക്കോട് ജില്ലയിൽ മേപ്പയൂർ-കീഴൂർ-പള്ളിക്കര-നന്തി-കൊയിലാണ്ടി-മെഡിക്കൽ കോളേജ് റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ് കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായ സാഹചര്യത്തിലാണ് നിർത്തിവച്ചിട്ടുള്ളത്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമല്ലാത്ത വിധത്തിൽ സർവ്വീസ് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യകതയ്ക്കനുസരിച്ച് സാദ്ധ്യതാ പഠനം നടത്തി ഡീസൽ ചെലവ് ലഭിക്കാത്ത ട്രിപ്പുകൾ, മറ്റ് ട്രിപ്പുകൾ പുനഃക്രമീകരിച്ച് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

## ഗ്രാമീണ റൂട്ടുകൾ പുനഃസ്ഥാപിക്കൽ

232 (1772) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി. ഗ്രാമീണ റൂട്ടുകൾ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഗ്രാമീണ മേഖലകളിൽ നിലവിൽ നഷ്ടം സഹിച്ചും കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ സർവ്വീസ് നടത്തിവരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 'ഗ്രാമവണ്ടി' എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലെ മറുപടി പ്രസംഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡ് പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. വെട്ടിക്കുറച്ച ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാ ആവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് 68 ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയിരുന്നത്. 2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ശരാശരി 53 ഷെഡ്യൂളുകളാണ് പയ്യന്നൂർ പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്.

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് 68 ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയിരുന്നത്. 2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ശരാശരി 53 ഷെഡ്യൂളുകളാണ് പയ്യന്നൂർ പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്.

(ഡി) ദേശസാൽകൃത റൂട്ടുകളും നഷ്ടത്തിലാകാത്ത റൂട്ടുകളും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ദേശസാൽകൃത റൂട്ടുകളിൽ കൂടിയുള്ളതും നഷ്ടത്തിലാകാത്ത റൂട്ടുകളിൽ കൂടിയുള്ളതുമായ ഷെഡ്യൂളുകൾ നിലവിൽ പരമാവധി ഓപ്പറേറ്റ് ചെയ്തുവരികയാണ്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ഡീസൽ തുകപോലും ലഭിക്കാത്തതും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകളും ട്രിപ്പുകളും ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ക്രമീകരണത്തിനുശേഷം കൂടുതൽ സർവ്വീസുകൾ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് ആവശ്യമാകുന്ന മുറയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കണക്റ്റഡ് ടൂർ സർവ്വീസ്

233 (1773) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഡാം, പൂമല ഡാം, ചെപ്പാറ കുന്നുകൾ, വിലങ്ങൻകുന്ന്, അടാട്ട് കോൾപാടങ്ങൾ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി. കണക്റ്റഡ് ടൂർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനായി വകുപ്പുതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വിനോദ സഞ്ചാരികൾക്കുവേണ്ടി പ്രത്യേക സർവ്വീസുകൾ

നടപ്പിലാക്കുന്നതിനും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് തലത്തിൽ കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ച് പ്രവർത്തനങ്ങൾ വിപുലമായി ആരംഭിച്ചിട്ടുണ്ട്. വിനോദ സഞ്ചാരികളുടെ ലഭ്യത അനുസരിച്ചാണ് ഇത്തരത്തിൽ പ്രത്യേക സർവ്വീസുകൾ നടത്തുന്നത്. വിനോദ സഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടും ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

## അഴീക്കോട് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്ന നടപടി

234 (1774) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ആരംഭിച്ചതിനുശേഷം അഴീക്കോട് മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം റൂട്ടുകളിൽ സർവ്വിസ് നടത്തിയിരുന്ന ബസ്സുകളാണ് നിർത്തലാക്കിയത്; വിശദമാക്കാമോ;

(സി) ആയത് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) കോവിഡ് ആരംഭിച്ചതിന് ശേഷം അഴീക്കോട് മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന താഴെപ്പറയുന്ന 2 ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളത്. കണ്ണൂർ-അഴീക്കൽ ടൗൺ സർവ്വീസ്, കണ്ണൂർ -തളിപ്പറമ്പ് വഴി വരംകടവ് എന്നിവ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ യാത്രക്കാർ തീരെ കുറവുള്ള റൂട്ടുകളിലും സമയങ്ങളിലും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭിക്കാത്ത ട്രിപ്പുകളും/സർവ്വീസുകളും പുനഃക്രമീകരിച്ച് ജനോപകാരപ്രദമാക്കി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതുക്കാട് മൊബിലിറ്റി ഹബ്ബ് നിർമ്മാണം

235 (1775) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് കിഫ്ബിയുടെ സഹായത്തോടെ വിപുലമായ മൊബിലിറ്റി ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം സൗകര്യങ്ങളാണ് നിർദ്ദിഷ്ട മൊബിലിറ്റി ഹബ്ബിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുതുക്കാട് ബസ് സ്റ്റേഷന്റെ കൈവശമുള്ള 4 ഏക്കർ സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ്ബ് ആക്കി മാറ്റുന്നതിന് 2 ഏക്കർ സ്ഥലം ബസ് ഡിപ്പോയുടെ ആവശ്യത്തിന് ഒരു ഏക്കർ സ്ഥലം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും ഒരു ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനും സാധിക്കുന്ന രീതിയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഒരു വിശദമായ Project Proposal സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിരിക്കുന്ന M/s. Hindustan Prefab Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ ബസ് സർവ്വീസുകൾ**

236 (1776) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാർ കുറവായതിനാൽ ഇരിക്കൂർ മണ്ഡലത്തിൽ സർവീസ് നിർത്തലാക്കിയ ബസ്സുകൾ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാരുടെ തിരക്കും ആവശ്യകതയുമനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ തീരുമാനിച്ചതിനാൽ വിദ്യാർത്ഥികൾക്ക് മാത്രമായി യാത്ര ചെയ്യുന്നതിന് ബസ് സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നവംബർ മാസം മുതൽ സ്കൂൾ തുറക്കാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നുവരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തുവരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാസൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ

ഡിമാൻഡ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാസൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാൻഡ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ പ്രത്യേക നിരക്ക് നിശ്ചയിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബസ്സുകൾ സ്കൂളുകൾക്ക് പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**അഞ്ചൽ-കൊട്ടിയം റൂട്ടിൽ യാത്രാക്ലേശം**

237(1777) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ-കൊട്ടിയം റൂട്ടിൽ അതിരൂക്ഷമായ യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോവിഡിനുമുൻപ് അഞ്ചൽ-കൊട്ടിയം റൂട്ടിൽ ചാത്തന്നൂർ, ചടയമംഗലം യൂണിറ്റുകളിൽ നിന്നായി 14 ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. എന്നാൽ ടി ഷെഡ്യൂളുകളിലെ 46-ഓളം ട്രിപ്പുകളും ഡീസൽ തുകയും ജീവനക്കാരുടെ ശമ്പളവും ലഭിക്കാതെയാണ് സർവ്വീസ് നടത്തിയിരുന്നത്. കോർപ്പറേഷന്റെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമല്ലാത്ത വിധത്തിൽ സർവ്വീസ് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ നഷ്ടത്തിൽ ഓടിയിരുന്ന ട്രിപ്പുകളും സർവ്വീസുകളും ജനോപകാരപ്രദമായും കോർപ്പറേഷന് കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിലും പുനഃക്രമീകരിക്കുകയുണ്ടായി. അതനുസരിച്ച് നിലവിൽ ടി റൂട്ടിൽ ചാത്തന്നൂർ, ചടയമംഗലം യൂണിറ്റുകളിൽ നിന്നായി 11 ഷെഡ്യൂളുകൾ സർവ്വീസ് നടത്തിവരുന്നുണ്ട്. ഇവയിൽ 17 ട്രിപ്പുകൾ ഇപ്പോഴും ഡീസൽ തുകപോലും ലഭിക്കാതെയാണ് സർവ്വീസ് നടത്തിവരുന്നത്. ട്രാഫിക് ഡിമാന്റ് അനുസരിച്ചും ട്രിപ്പുകൾ പ്രവർത്തന ചെലവ് ലഭിക്കുന്ന രീതിയിലും പുനഃക്രമീകരിച്ച് സർവ്വീസ് മെച്ചപ്പെടുത്തുന്നതാണ്.

**വാഹന പരിശോധന പുനഃക്രമീകരിക്കൽ**

238 (1778) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നടത്തുന്ന വാഹന പരിശോധനകൾ റോഡ് അപകടങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കികൊണ്ട് നിയമ പരിപാലനം നടത്താൻ സാധിക്കുന്ന രീതിയിൽ വാഹന പരിശോധന പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പരിശോധനകൾക്കായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി അപകട സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗത ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ഇത് കൂടാതെ GPS അധിഷ്ഠിത വാഹന നിരീക്ഷണവും എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കുന്നുണ്ട്. നാടിന്റെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള പരിശോധനകളാണ് നിലവിൽ വകുപ്പ് കൈക്കൊള്ളുന്നത്.

**ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കി നൽകുന്നതിനുള്ള നടപടി**

239(1779) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നൽകി വരുന്ന ഡ്രൈവിംഗ് ലൈസൻസ് കാർഡിന് ഗുണമേന്മയില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എ.ടി.എം. കാർഡ് മാതൃകയിൽ സ്മാർട്ട് കാർഡാക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) ഉണ്ട്. ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് റോസ്മെർട്ട സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.13525/2019 കേസിലെ ഉത്തരവ് പ്രകാരം സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവായാൽ മാത്രമേ ആധുനിക ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

## തൃശ്ശൂർ ജില്ലയിൽ കെട്ടികിടക്കുന്ന ഡ്രൈവിംഗ് ടെസ്റ്റ് അപേക്ഷകൾ

240 (1780) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ ആർ.ടി. ഓഫീസുകളിൽ ഡ്രൈവിംഗ് ടെസ്റ്റിനുള്ള എത്ര അപേക്ഷകൾ പെൻഡിംഗിലുണ്ട്; ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ വിവിധ ആർ.ടി.ഓഫീസുകളിൽ ഡ്രൈവിംഗ് ടെസ്റ്റിനുള്ള 37977 അപേക്ഷകൾ പെൻഡിംഗിലുണ്ട്. വിശദമായ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

സാധാരണയായി നടത്തിവരുന്ന ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് പുറമേ, നിലവിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് പെൻഡിംഗ് തീർപ്പാക്കുന്നതിനായി ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും ടെസ്റ്റുകൾ നടത്തിവരുന്നുണ്ട്. ആയതിനാൽ പൊതു അവധി ദിവസങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തേണ്ട ആവശ്യകതയില്ല.

## സ്വകാര്യ വാഹനങ്ങൾക്കുള്ള സംസ്ഥാനാന്തര രജിസ്ട്രേഷൻ

241 (1781) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന സ്വകാര്യ വാഹനങ്ങൾക്കുള്ള സംസ്ഥാനാന്തര രജിസ്ട്രേഷൻ നികുതി വരുമാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നത് പരിശോധിച്ചുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇത് കേന്ദ്രസർക്കാരിനെ അറിയിച്ച് അതിൽനിന്നും വിടുതൽ നേടാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ ഉദ്യോഗസ്ഥർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള പ്രൈവറ്റ് കമ്പനികൾ, പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ വാങ്ങുന്ന വാഹനങ്ങൾക്കാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

BH- സീരിസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. ഇത്തരം പെട്രോൾ വാഹനങ്ങൾക്ക് GST ഒഴികെയുള്ള വാഹന വിലയുടെ 8% മുതൽ 12% വരെയുള്ള തുകയാണ് 15 വർഷത്തെ ഒറ്റത്തവണ നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ ഡീസൽ വാഹനങ്ങൾക്ക് 2% നികുതി അധികമായും ഇലക്ട്രിക് വാഹനങ്ങൾക്ക് 2% നികുതി കുറച്ചും അടയ്ക്കേണ്ടതാണ്. മാത്രമല്ല ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വാഹന ഉടമയുടെ താല്പര്യപ്രകാരം 2 വർഷത്തേയ്ക്ക് നികുതി അടയ്ക്കാവുന്നതാണ്. എന്നാൽ GST ഉൾപ്പെടെയുള്ള വാഹന വിലയുടെ 9% മുതൽ 21% വരെയുള്ള നികുതിയാണ് സംസ്ഥാന ടാക്സേഷൻ നിയമ പ്രകാരം ഈടാക്കിവരുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആക്ഷേപങ്ങൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി (MVL)-യുമായി 13-9-2021-ൽ നടത്തിയ മീറ്റിംഗിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) വാഹന രജിസ്ട്രേഷനും മറ്റെല്ലാ ഇടപാടുകൾക്കും ആധാർ നിർബന്ധമാക്കിയ കേന്ദ്ര നടപടി സംസ്ഥാന വാഹന രജിസ്ട്രേഷനെ എത്തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വാഹന രജിസ്ട്രേഷനും മറ്റും ആധാർ നിർബന്ധമാക്കിയാൽ ബിനാമികളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുന്നത് തടയാനും ഒരാളുടെ പേരിൽ എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയുന്നതിനും സഹായകമാണ്. അതുപോലെതന്നെ വാഹനം വ്യാജ അഡ്രസ്സിൽ രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിനും സഹായകരമാണ്.

**മഞ്ചേശ്വരം ആർ.ടി./ജെ.ആർ.ടി.ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി**

242 (1782) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആർ.ടി. ഓഫീസുകൾ, ജോയിന്റ് ആർ.ടി. ഓഫീസുകൾ എന്നിവ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 32 ആർ.ടി. ഓഫീസുകളും 68 സബ് ആർ.ടി. ഓഫീസുകളുമാണുള്ളത്. ആയതിന്റെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് അവസാനമായി രൂപീകൃതമായ ആർ.ടി./ജോയിന്റ് ആർ.ടി. ഓഫീസ് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകൾ തുടങ്ങുന്നതിനായി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) 24-9-2018-ലെ സ.ഉ.(കൈ)നം.56/2018/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം 14 ജില്ലകളിലായി ആർ.ടി.ഓഫീസ് (എൻഫോഴ്സ്മെന്റ്) സ്ക്വാഡുകൾ രൂപീകരിച്ചും 11-2-2019-ലെ സ.ഉ.(കൈ)നം.13/2019/ ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*പ്രസ്തുത ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ജില്ലാ ആർ.ടി. ഓഫീസ് (എൻഫോഴ്സ്മെന്റ്)</u>:

1) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം

2) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്),കൊല്ലം

3) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), പത്തനംതിട്ട

4) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), ആലപ്പുഴ

5) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്),കോട്ടയം

6) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), ഇടുക്കി

7) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), എറണാകുളം

8) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), തൃശ്ശൂർ

9) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), പാലക്കാട്

10) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), മലപ്പുറം

11) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), കോഴിക്കോട്

12) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), വയനാട്

13) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), കണ്ണൂർ

14) ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), കാസർഗോഡ്.

<u>പുതിയ സബ് ആർ.ടി ഓഫീസുകൾ:</u>

1) സബ് ആർ.ടി. ഓഫീസ്, കൊണ്ടോട്ടി

2) സബ് ആർ.ടി. ഓഫീസ്, രാമനാട്ടുകര(ഫറോക്ക്)

3) സബ് ആർ.ടി. ഓഫീസ്, പയ്യന്നൂർ

4) സബ് ആർ.ടി. ഓഫീസ്, ചടയമംഗലം

5) സബ് ആർ.ടി. ഓഫീസ്, പത്തനാപുരം

6) സബ് ആർ.ടി. ഓഫീസ്, കോന്നി

7) സബ് ആർ.ടി. ഓഫീസ്, വർക്കല.

(ഡി) മഞ്ചേശ്വരം ജെ.ആർ.ടി.ഒ. തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് അവസാനമായി നിലവിൽവന്ന ആർ.ടി.ഒ.-കളോടൊപ്പം പ്രൊപ്പോസലിലുണ്ടായിരുന്ന മഞ്ചേശ്വരം ആർ.ടി.ഒ., ടി ഉത്തരവ് ഇറക്കിയപ്പോൾ ഒഴിവായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയൂ.

(എഫ്) പ്രസ്തുത ഓഫീസ് കെട്ടിടം നിർമ്മിക്കാൻ 2021-22 വർഷം 60 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയ സാഹചര്യത്തിൽ ടി ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ ഗതാഗത വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഇപ്രകാരം തുക അനുവദിച്ചിട്ടില്ല. എന്നാൽ 2021-22 വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) പൊതുമരാമത്ത് വകുപ്പിന് ഈ ഇനത്തിൽ പ്രസ്തുത തുക അനുവദിച്ചതായി കാണാം.

### ടൂറിസ്റ്റ് വാഹനങ്ങളുടെ ഫിറ്റ്നസ്

243 (1783) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധി കാരണം ടൂറിസം മേഖലയിലെ ടാക്സി വാഹനങ്ങൾ ഫിറ്റ്നസ് ടെസ്റ്റ് നടത്തിയിട്ടില്ലാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലാവധി ആറുമാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവിഡ്-19 ഏൽപ്പിച്ച ആഘാതത്തിൽനിന്നും മോചിതമാകാത്ത ഗതാഗത മേഖലയിലെ വിവിധ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ആശ്വാസ നടപടികളുടെ ഭാഗമായി മോട്ടോർ വാഹന നിയമം, ചട്ടങ്ങൾ അനുസരിച്ച് കാലാവധി പുതുക്കേണ്ടതായ രേഖകൾ (documents) എന്നിവ 30-9-2021 മുതൽ ആറുമാസത്തേയ്ക്ക് പുതുക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് MoRTH വകുപ്പുമന്ത്രിക്ക് കത്തയച്ചിരുന്നു. 30-9-2021-ലെ RT-11036/35/2020-MVL, കത്തുപ്രകാരം കേന്ദ്ര ഗതാഗത വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം 1-2-2020-നുശേഷം കാലാവധി അവസാനിക്കുന്ന, വാഹനസംബന്ധമായ എല്ലാ രേഖകൾക്കും 31-10-2021 വരെ സാധുതയുള്ളതായി പരിഗണിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങൾക്കും പ്രസ്തുത നിർദ്ദേശം ബാധകമാണ്.

### വാഹനങ്ങൾ രൂപമാറ്റം വരുത്തൽ

244 (1784) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ നിയമവിരുദ്ധമായി രൂപമാറ്റം വരുത്തി സോഷ്യൽ മീഡിയയിലും മറ്റും പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുമതിയില്ലാതെ രൂപമാറ്റം വരുത്തിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളോടൊപ്പം തന്നെ നിയമലംഘനം നടത്തുന്നവർക്കെതിരെ MV Act പ്രകാരം പിഴ ചുമത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പ്രവണതകളെ വകുപ്പിലെ ചില ഉദ്യോഗസ്ഥർ പ്രോത്സാഹിപ്പിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെക്ക് പോസ്റ്റുകളിൽ മോട്ടോർ വാഹന വകുപ്പിന്റെ സേവനം

245 (1785) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര ഗതാഗത വകുപ്പിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിലൂടെ ചെക്ക് പോസ്റ്റുകളിലെ അഴിമതി ഇല്ലാതാക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2017 ജൂലൈ മാസത്തിൽ ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ അതിർത്തിയിൽ റെഗുലർ ട്രാൻസ്പോർട്ട് ചെക്ക്പോസ്റ്റുകൾ ആവശ്യമില്ലെന്നും ആയതിനാൽ സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലെ സാഹചര്യം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗതാഗത വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് സെക്രട്ടറി, ഗതാഗത കമ്മീഷണർ എന്നിവരുടെ ഒരു യോഗം ഈ വിഷയം ചർച്ചചെയ്തു. മറ്റ് സംസ്ഥാനങ്ങളിലെ ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി കൂടി വിലയിരുത്തി തീരുമാനമെടുക്കുന്നതാണ്.

## ഏകീകൃത രജിസ്ട്രേഷൻ

246 (1786) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത രജിസ്ട്രേഷൻ (BH സീരീസ്) സംവിധാനം വഴി സ്വകാര്യ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഭാരത് സീരീസ് (BH സീരീസ്) രജിസ്ട്രേഷൻ നടപ്പിലാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഇന്ത്യയിൽ കുറഞ്ഞത് നാലു സംസ്ഥാനത്തെങ്കിലും ബ്രാഞ്ചുകളുള്ള സ്ഥാപനങ്ങളുടെ ജീവനക്കാർക്കുംവേണ്ടി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയതാണ് ഏകീകൃത രജിസ്ട്രേഷൻ (BH സീരീസ്). ഇത് നടപ്പിലാക്കുമ്പോൾ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**വാഹനം പൊളിക്കൽ നയം**

247(1787) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വാഹനം പൊളിക്കൽ നയം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സംബന്ധിച്ചുള്ള ഗുണ – ദോഷ വശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) ഏതെല്ലാം ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് വാഹനങ്ങൾ പൊളിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നയത്തിൽ പറയുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 23-9-2021 -ലെ GSR 653 (E) നമ്പർ വിജ്ഞാപന പ്രകാരം താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വാഹനങ്ങൾ മാത്രമാണ് പൊളിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

1. 1989 – ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 പ്രകാരം രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ.

2. ചട്ടം 62 പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങൾ.

3. അഗ്നി ബാധ, പ്രകൃതി ദുരന്തങ്ങൾ, റോഡപകടങ്ങൾ, കലാപങ്ങളിൽ തകർക്കപ്പെട്ടവ, അല്ലെങ്കിൽ മറ്റേതെങ്കിലും ദുരന്തങ്ങൾ എന്നിവമൂലം കേടുപാടുകൾ സംഭവിച്ച വാഹനങ്ങൾ.

4. സർക്കാരിന്റെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും അറ്റകുറ്റപ്പണികൾ ലാഭകരമല്ലായെന്നും സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാൻ സാദ്ധ്യതയുള്ളവ എന്നും കണ്ടെത്തിയ വാഹനങ്ങൾ.

5. പൊളിക്കുന്നതിനുവേണ്ടി പൊതു ലേലത്തിൽ വാങ്ങിയവ.

6. ഖനികൾ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകാവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും മറ്റു രീതിയിൽ പുനരുപയോഗം സാധ്യമല്ല എന്നതിനാൽ കാലഹരണപ്പെട്ടത് എന്ന് ഉടമസ്ഥൻ സ്വയം സാക്ഷ്യപ്പെടുത്തിയ വാഹനങ്ങൾ.

7. നിർമ്മാണ ന്യൂനതകൾ കാരണം വിൽപ്പന നടക്കാത്തവയും രജിസ്റ്റർ ചെയ്യാൻ കഴിയാത്തവയും ടെസ്റ്റിംഗ് വേളയിലോ ഫാക്ടറിയിൽനിന്നും ഡീലർമാർക്ക് കൈമാറുന്നതിനായി കൊണ്ടുപോകുന്ന വഴിക്ക് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ സംഭവിച്ചതോ ആയി സർട്ടിഫൈ ചെയ്യപ്പെട്ട വാഹനങ്ങൾ.

8. ഏതെങ്കിലും എൻഫോഴ്സ്മെന്റ് ഏജൻസികൾ ലേലം ചെയ്തെടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിച്ചതോ ആയ വാഹനങ്ങൾ.

9. വാഹന ഉടമകൾ വാഹനം പൊളിക്കുന്നതിനായി സ്വമേധയാ Registered Vehicle Scrapping Facility Centre മുമ്പാകെ ഹാജരാക്കുന്ന വാഹനങ്ങൾ എന്നിവയാണ് പൊളിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) വാഹനങ്ങൾ പൊളിക്കുന്നതിനുമുമ്പ് ഫിറ്റ്നസ് പരിശോധന നടത്തുമോ; എങ്കിൽ ഏത് കേന്ദ്രത്തിൽ വച്ചായിരിക്കും നടത്തുകയെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ/ഫിറ്റ്നസ് കാലാവധി അവസാനിച്ച വാഹനങ്ങൾക്ക് ഫീസ് ഒടുക്കി അവ പുതുക്കുന്നതിനുള്ള അവസരമുണ്ട്. ഇതിനായുള്ള ടെസ്റ്റുകളിൽ പ്രസ്തുത വാഹനങ്ങൾ പരാജയപ്പെടുകയും ഉപയോഗയോഗ്യമല്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ അവ പൊളിക്കേണ്ടതായിട്ടുള്ളൂ. വാഹനങ്ങൾ പൊളിക്കുന്നതിനുമുമ്പായി പരിശോധന നടത്തുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലില്ല.

(ഡി) വാഹനം പൊളിക്കുന്നതിന് പ്രത്യേക സ്ഥാപനങ്ങളെ ഏർപ്പാട് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) കേന്ദ്രത്തിന്റെ പൊളിക്കൽ നയത്തിനനുസൃതമായി കേരളത്തിൽ പുതിയ നിയമം കൊണ്ടുവരാനോ നിലവിലുള്ള നിയമം ഭേദഗതി ചെയ്യാനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രത്തിന്റെ പൊളിക്കൽ നയത്തിനനുസൃതമായി കേരളത്തിൽ പുതിയ നിയമം കൊണ്ടുവരുന്നതോ, ഭേദഗതിയോ സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു.

**ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സാവകാശം**

248 (1788) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ വാഹനങ്ങൾക്ക് ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സാവകാശം നൽകുന്നത് സംബന്ധിച്ച ബി2/131/2021-ഗതാ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ അനുകൂല തീരുമാനം എടുക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) ചെറിയ വാഹനങ്ങൾക്ക് ജി.പി.എസ്. ഘടിപ്പിക്കുന്നതിന് 6 മാസത്തെ സാവകാശം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അഡ്വ. പി.ടി.എ.റഹീം, എം.എൽ.എ. ബഹു.ഗതാഗത വകുപ്പുമന്ത്രിക്ക് സമർപ്പിച്ച കത്ത് ബി2/131/2021-ഗതാഗതം എന്ന നമ്പരിലുള്ള ഫയലിൽ പരിശോധിച്ചു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) NO.20500/2020 നമ്പർ ഉൾപ്പെടെയുള്ള കേസുകളിൽ കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ് 151A പ്രകാരം വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും സർക്കുലറുകളും 1-1-2021 മുതൽ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതിയുടെ 23-11-2020-ലെ ഉത്തരവ് നിലനിൽക്കുന്നു. 1989-ലെ കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ് 151A പ്രകാരം ഇരുചക്ര/മുച്ചക്ര/ഇ -റിക്ഷ/ഇ-കാർട്ട് തുടങ്ങിയ ചെറിയ വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

249 (1789) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഇറക്കിയ നിയമ ഭേദഗതിയിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ മിനിമം യോഗ്യതകൾ സംബന്ധിച്ച് 8-3-2019-ൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ S.O.1215(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം വരുത്തിയ ഭേദഗതി ചുവടെ ചേർക്കുന്നു.

1. ഏതെങ്കിലും അംഗീകൃത ബോർഡിൽനിന്നും പത്താം ക്ലാസ് പാസ്സായിരിക്കണം.

2. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ള ഏതെങ്കിലും സ്ഥാപനത്തിൽനിന്നും ലഭിച്ച ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള ത്രിവത്സര ഡിപ്ലോമ അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ത്രിവത്സര ഡിപ്ലോമ.

3. ഗിയറുള്ള മോട്ടോർ സൈക്കിൾ, ലൈറ്റ് മോട്ടോർ വാഹനം എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്.

(ബി) പ്രസ്തുത ഭേദഗതി ഉത്തരവ് സംബന്ധിച്ച് സംസ്ഥാനതലത്തിൽ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

ഉണ്ട്. കേന്ദ്രസർക്കാരിന്റെ 8-3-2019-ലെ S.O.1215(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വിഷയം 05-8-2021-ൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ യോഗ്യതകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മോട്ടോർ വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ.**

250(1790) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ. തസ്തികയുടെ അടിസ്ഥാന യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരവും കേന്ദ്ര നോട്ടിഫിക്കേഷനുകളുടെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ ജോയിന്റ് ആർ.ടി. ഓഫീസർമാർക്ക് പ്രത്യേക യോഗ്യത നിർണ്ണയിച്ചിട്ടില്ല. Kerala Transport Service Special Rules അനുസരിച്ച് M.V.I. തസ്തികയിൽ നിന്നും, Senior Superintendent തസ്തികയിൽനിന്നും 2:1 എന്ന അനുപാതത്തിലാണ് ഈ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നത്. എന്നാൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നേരിട്ടുള്ള നിയമനത്തിന് കേരള ട്രാൻസ്പോർട്ട് സർവ്വീസിലെ എൻട്രി ലെവൽ തസ്തികയായ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ അതേ യോഗ്യതതന്നെയാണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) ജോയിന്റ് ആർ.ടി.ഒ.-മാരുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്ട് പ്രകാരം ടാക്സേഷൻ ഓഫീസറായും കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി, അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി എന്നീ നിലകളിലും പ്രവർത്തിക്കുന്നത് ജോയിന്റ് ആർ.ടി.ഒ.-മാരാണ്. ഓഫീസ് മേധാവി എന്ന നിലയിൽ സബ് ആർ.ടി. ഓഫീസിലെ എല്ലാ ഭരണപരമായ ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതും വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും സമർപ്പിക്കുന്ന സാങ്കേതിക സ്വഭാവമുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കുക, കോടതികളിൽ ഹാജരായി വാഹനാപകട റിപ്പോർട്ടിന്മേൽ കോടതികൾ ആവശ്യപ്പെടുന്ന വിവരങ്ങളും വാഹനാപകടങ്ങൾ സംബന്ധിച്ച വാഹനത്തിന്റെയും അപകട സ്ഥലത്തിന്റേയും സാങ്കേതിക ബോദ്ധ്യപ്പെടുത്തൽ, കൂടാതെ സംസ്ഥാനത്തിനകത്തും പുറത്തും നടക്കുന്ന പൊതുശ്രദ്ധ നേടുന്ന അപകടങ്ങളിലും വാഹനാപകടങ്ങളിൽ ഒന്നിൽക്കൂടുതൽ ആളുകൾ മരണമടയുന്ന കേസുകളിലും സർക്കാരിന്റേയോ കോടതികളുടെയോ നിർദ്ദേശപ്രകാരം പ്രസ്തുത സ്ഥലവും വാഹനവും പരിശോധിച്ച്

റിപ്പോർട്ട് സമർപ്പിക്കുക, ഹെവി വാഹനങ്ങളുടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ, എൻഫോഴ്സ്മെന്റ് അണ്ടർ എം.വി. ആക്ട് എന്നിവയും ജോയിന്റ് ആർ.ടി.ഒ.-യുടെ ചുമതലകളാണ്.

(സി) സംസ്ഥാനത്തെ ജോയിന്റ് ആർ.ടി.ഒ.-മാരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

തിരുവനന്തപുരം - 10, കൊല്ലം - 7, പത്തനംതിട്ട - 6, ആലപ്പുഴ - 6, കോട്ടയം - 6, ഇടുക്കി - 5, എറണാകുളം - 9, തൃശ്ശൂർ - 8, പാലക്കാട് - 6, മലപ്പുറം - 7, കോഴിക്കോട് - 8, വയനാട് - 3, കണ്ണൂർ - 5, കാസർഗോഡ് - 3.

(ഡി) ഇവർക്ക് ആർ.ടി.ഒ. തസ്തികയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യതകളുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യോഗ്യതയില്ലാത്തവർ ആരെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരവും കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനുകളും അനുസരിച്ച് ജോയിന്റ് ആർ.ടി.ഒ തസ്തികയിലുള്ളവർക്ക് നിശ്ചിത യോഗ്യത നിഷ്കർഷിച്ചിട്ടില്ല. Kerala Transport Services Special Rules അനുസരിച്ച് M.V.I തസ്തികയിൽ നിന്നും, Senior Superintendent തസ്തികയിൽനിന്നും 2:1 എന്ന അനുപാതത്തിലാണ് ഈ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നത്.

(ഇ) വേണ്ടത്ര യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കുന്നത് റോഡ് സുരക്ഷാ നടപടികളെ പ്രതികൂലമായി ബാധിക്കുമെന്ന സുപ്രീം കോടതിയുടെ പ്രത്യേക സമിതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനനുസൃതമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ;

(എഫ്) പത്താം ശമ്പള കമ്മീഷനും മോട്ടോർ വാഹന വകുപ്പിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയും ജോയിന്റ് ആർ.ടി.ഒ. തസ്തികയ്ക്കുള്ള യോഗ്യത നിശ്ചയിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളെന്താണെന്ന് വ്യക്തമാക്കുമോ?

(ഇ&എഫ്) പത്താം ശമ്പള കമ്മീഷനും മോട്ടോർ വാഹന വകുപ്പിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയും ശിപാർശ ചെയ്തതിന്റെയും ബഹു. സുപ്രീംകോടതി റോഡ്സുരക്ഷാ കമ്മിറ്റിയുടെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുന്നംകുളം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ്

251 (1791) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

(എ&ബി) കുന്നംകുളം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിക്കുകയും ആയത് പരിശോധിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ്

252 (1792) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിനുശേഷം സ്കൂൾ തുറക്കുമ്പോൾ സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് വീണ്ടെടുക്കുന്നതുമൂലം പൊതുവിദ്യാലയങ്ങൾക്കുണ്ടാകുന്ന ബാദ്ധ്യത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യാന്ത്രികക്ഷമത പരിശോധിച്ച് യോഗ്യമായ എല്ലാ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാഹന രൂപമാറ്റം തടയൽ

253 (1793) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം വാഹനം ഉടമകൾക്ക് രൂപമാറ്റം വരുത്തുന്നതിനായി നിലവിൽ ഏത് തരത്തിലുള്ള നിയമമാണുള്ളതെന്ന് വിശദമാക്കാമോ?

1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 52 പ്രകാരം, വാഹനങ്ങളുടെ അടിസ്ഥാനഘടനയിൽ വ്യതിയാനം വരുത്തുന്നതും വാഹന നിർമ്മാതാവ് നൽകിയിട്ടുള്ള പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ specification-ൽ മാറ്റംവരുത്തുന്നത് അനുവദനീയമല്ല. എന്നാൽ ബാറ്ററി, സൗരോർജ്ജം, പ്രകൃതിവാതകം മുതലായവ ഇന്ധനമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ അംഗീകൃത കിറ്റുകൾ ഉപയോഗിച്ച് വാഹനത്തിൽ modification വരുത്താവുന്നതാണ്. കേടുപാട് സംഭവിച്ച ഷാസി മാറ്റി പുതിയവ ഘടിപ്പിക്കാൻ അനുമതിയുണ്ട്. വാഹനത്തിലെ സീറ്റിംഗ് ക്രമീകരണത്തിൽ മാറ്റം വരുത്താവുന്നതാണ്. വാഹനത്തിന്റെ ഉപയോഗം അനുസരിച്ചുള്ള തരം (classification) മാറ്റുന്നതിനും അനുമതിയുണ്ട്.

(ബി) വാഹന ഉടമകൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിനുശേഷം വാഹനം വലിയ തോതിൽ രൂപമാറ്റം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മറ്റ് വാഹനങ്ങൾക്കും യാത്രക്കാർക്കും അപകടമുണ്ടാക്കുന്ന വിധത്തിൽ വാഹനങ്ങൾ ആകർഷകമാക്കുന്ന തരത്തിൽ രൂപമാറ്റം വരുത്തുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഇത്തരത്തിൽ നിയമലംഘനം നടത്തി ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക വാഹന പരിശോധനകൾ നടത്തി മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുന്നതിനുള്ള ശക്തമായ നടപടികൾ തുടർന്നുവരുന്നുണ്ട്.

**ഏകീകൃത വാഹന രജിസ്ട്രേഷൻ**

254 (1794) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്താകമാനം ഏകീകൃത വാഹന രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നിലവിലുള്ള വാഹനങ്ങൾക്കും ബാധകമാണോയെന്നുള്ള വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

കേന്ദ്രസർക്കാർ വിജ്ഞാപനം 26-8-2021-ലെ G.S.R 594 (E) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള കമ്പനികളിലെ ജീവനക്കാർ എന്നിവർ വാങ്ങുന്ന വാഹനങ്ങൾക്കാണ് ' ഭാരത് അഥവാ ' BH' സീരീസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവർ പുതുതായി വാങ്ങി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് മാത്രമേ ഇത് ബാധകമാകുകയുള്ളൂ.

## വെഹിക്കിൾ സ്ക്രാപ്പേജ് പോളിസി

255(1795) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. വി.അൻവർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വാഹനം പൊളിക്കൽ നയം (വെഹിക്കിൾ സ്ക്രാപ്പേജ് പോളിസി) സംസ്ഥാനത്തെ മോട്ടോർ വാഹന തൊഴിലാളികൾക്കും സ്വകാര്യ വാഹന ഉടമകൾക്കും സാമ്പത്തിക പ്രയാസം സൃഷ്ടിക്കാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

GSR 653(E) dtd. 23-9-2021 നമ്പർ കേന്ദ്രസർക്കാർ ഉത്തരവുപ്രകാരം പഴക്കം ചെന്ന വാഹനങ്ങൾ പൊളിക്കുന്നതിന് അംഗീകൃത ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വാഹനം പൊളിക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ മാത്രമാണ് പൊളിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

1. 1989 - ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 പ്രകാരം രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ.
2. ചട്ടം 62 പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങൾ.
3. അഗ്നിബാധ, പ്രകൃതി ദുരന്തങ്ങൾ, റോഡപകടങ്ങൾ, കലാപങ്ങളിൽ തകർക്കപ്പെട്ടവ, മറ്റേതെങ്കിലും ദുരന്തങ്ങൾ എന്നിവമൂലം കേടുപാടുകൾ സംഭവിച്ച വാഹനങ്ങൾ.
4. സർക്കാരിന്റെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും അറ്റകുറ്റപ്പണികൾ ലാഭകരമല്ലായെന്നും സാമ്പത്തിക ബാധ്യത ഉണ്ടാക്കാൻ സാധ്യതയുള്ളവ എന്നും കണ്ടെത്തിയ വാഹനങ്ങൾ.
5. പൊളിക്കുന്നതിനുവേണ്ടി പൊതു ലേലത്തിൽ വാങ്ങിയവ.
6. ഖനികൾ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകാവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും മറ്റുരീതിയിൽ പുനരുപയോഗം സാധ്യമല്ല എന്നതിനാൽ കാലഹരണപ്പെട്ടത് എന്ന് ഉടമസ്ഥൻ സ്വയം സാക്ഷ്യപ്പെടുത്തിയ വാഹനങ്ങൾ.

7. നിർമ്മാണ ന്യൂനതകൾ കാരണം വിൽപ്പന നടക്കാത്തവയും രജിസ്റ്റർ ചെയ്യാൻ കഴിയാത്തവയും ടെസ്റ്റിംഗ് വേളയിലോ ഫാക്ടറിയിൽനിന്നും ഡീലർമാർക്ക് കൈമാറുന്നതിനായി കൊണ്ടുപോകുന്ന വഴിക്ക് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ സംഭവിച്ചതോ ആയി സർട്ടിഫൈ ചെയ്യപ്പെട്ട വാഹനങ്ങൾ.

8. ഏതെങ്കിലും എൻഫോഴ്സ്മെന്റ് ഏജൻസികൾ ലേലം ചെയ്തെടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിച്ചതോ ആയ വാഹനങ്ങൾ

9. വാഹന ഉടമകൾ വാഹനം പൊളിക്കുന്നതിനായി സ്വമേധയാ Registered Vehicle Scrapping Facility Centre മുൻപാകെ ഹാജരാക്കുന്ന വാഹനങ്ങൾ.

(ബി) വാഹനത്തിന്റെ അവസ്ഥ പരിശോധിക്കാതെ വാഹനം പൊളിക്കാൻ നിർദ്ദേശിക്കുന്നതിന്റെ അശാസ്ത്രീയതയും അനാവശ്യകതയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

രജിസ്ട്രേഷൻ/ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഫീസ് ഒടുക്കി കാലാവധി പുതുക്കുന്നതിന് അവസരം ഉണ്ട്. എന്നാൽ ഇതിനുവേണ്ടിയുള്ള ടെസ്റ്റുകളിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ അത്തരം വാഹനങ്ങൾ ഉപയോഗയോഗ്യമല്ല എന്ന് ഉറപ്പ് വരുന്ന സാഹചര്യത്തിൽ മാത്രമേ അവ പൊളിക്കേണ്ടതായിട്ടുള്ളൂ.

(സി) സ്ക്രാപ്പേജ് നയം കെ.എസ്.ആർ.ടി.സി.-യെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ 103 വർക്ക്ഷോപ്പ് വാനുകൾ 25 വർഷത്തിനുമേൽ പഴക്കമുള്ളതും 55 സ്റ്റാഫ് വാഹനങ്ങൾ 15 വർഷത്തിനുമേൽ പഴക്കമുള്ളതുമാണ്. ആയത് ഒഴിവാക്കേണ്ടിവരും. നിലവിൽ 15 വർഷത്തിനുമേൽ പഴക്കമുള്ള ബസ്സുകൾ ഒന്നുംതന്നെ സർവ്വീസ് നടത്തുന്നില്ല. എന്നാൽ അടുത്ത 5 വർഷത്തിനുള്ളിൽ (2026 വരെ) 3212 ബസ്സുകൾ 15 വർഷക്കാലയളവ് പൂർത്തീകരിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ കാരണം വിശകലനം ചെയ്തതിൽനിന്നും വാഹനത്തിന്റെ പഴക്കവും അപകടകാരണവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വാഹനങ്ങളുടെ കാലപ്പഴക്കം അപകടങ്ങൾക്ക് കാരണമാകാമെങ്കിലും പ്രസ്തുത വിഷയം വിശകലനം ചെയ്ത് പഠനങ്ങൾ നടത്തിയതായുള്ള റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമല്ല.

## മോട്ടോർ വാഹനങ്ങളുടെ നികുതി നിർണ്ണയാധികാരം

256(1796) ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള മോട്ടോർ വാഹനങ്ങളുടെ നികുതി നിർണ്ണയാധികാരം മറികടന്നുകൊണ്ട് ചില വിഭാഗത്തിൽപ്പെട്ടവർക്ക് ബി.എച്ച്. രജിസ്ട്രേഷൻ അനുവദിക്കുകയും അവർ നൽകേണ്ട വാഹന നികുതി നിർണ്ണയിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെലിബ്രിറ്റികൾ ഉൾപ്പെടെയുള്ളവർ വാഹന നികുതി വെട്ടിപ്പിനായി ഇതര സംസ്ഥാനങ്ങളിൽ വാഹനം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തുപയോഗിക്കുന്ന സ്ഥിതിയിൽ ഇത് ദുരുപയോഗം ചെയ്യുന്നത് തടയാൻ വേണ്ട മുൻകരുതൽ സ്വീകരിക്കാനും സംസ്ഥാനാധികാരം കവർന്നതിൽ നിന്ന് പിന്തിരിയുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 30 ദിവസത്തിൽ കൂടുതൽ കേരളത്തിൽ ഉപയോഗിക്കുന്ന സാഹചര്യത്തിൽ കേരള മോട്ടോർ വാഹന നികുതി ഈടാക്കൽ നിയമം 1976 3-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം നികുതി ഈടാക്കുന്നതാണ്. അത്തരം വാഹനങ്ങൾ സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കണമെങ്കിൽ വാഹന നികുതി നിയമത്തിലെ 3(6) വകുപ്പിലെ Annexure III-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നതാണ്. സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ നികുതി സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. കേന്ദ്ര സർക്കാർ 26-8-2021-ൽ പുറപ്പെടുവിച്ച വിജ്ഞാപനം GSR 594 പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്ത്യയിൽ കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെ ജീവനക്കാർ എന്നിവർക്ക് മാത്രമായിട്ടാണ് 'ഭാരത്' അഥവാ ' BH' സീരീസ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. മറ്റുള്ളവർക്ക് ഈ രീതിയിലുള്ള രജിസ്ട്രേഷൻ സൗകര്യം അനുവദിച്ചിട്ടില്ല. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 51 B പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നികുതി ഒടുക്കേണ്ടതാണ്. കേന്ദ്ര സർക്കാർ

ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത നിബന്ധന പ്രകാരം BH സീരിസിലുള്ള വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്ത് കേരളത്തിനകത്ത് ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കുറഞ്ഞത് 2 വർഷം കൂടുമ്പോൾ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതിനെക്കാൾ കുറവായതിനാൽ പുതിയ രീതിയിലുള്ള സംവിധാനം നിലവിൽ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആക്ഷേപങ്ങൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി (MVL) യുമായി 13-9-2021-ൽ നടത്തിയ മീറ്റിംഗിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) പൊതുഗതാഗത സംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ നടത്തുന്ന നിയമനിർമ്മാണം തിരുത്താൻ ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

പൊതുഗതാഗതത്തെ ബാധിക്കുന്ന രീതിയിൽ കേന്ദ്രം നിർമ്മിക്കുന്ന നിയമങ്ങൾക്കെതിരെ യുക്തമായ അഭിപ്രായം യഥാസമയം അറിയിക്കാറുണ്ട്. എന്നാൽ ' BH' സീരീസ് രജിസ്ട്രേഷൻ സംവിധാനം കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഇന്ത്യയിൽ കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെ ജീവനക്കാർക്കും മാത്രമാണ് ബാധകമായിട്ടുള്ളത്. പൊതു ഗതാഗത സംവിധാനത്തിന് ബി.എച്ച്. രജിസ്ട്രേഷൻ ബാധകമല്ല.

**ബോട്ടുകളിലെ ജീവനക്കാർക്കുള്ള രാത്രികാല സ്റ്റേ**

257 (1797) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ബോട്ടുകളിലെ ജീവനക്കാർക്ക് രാത്രികാലങ്ങളിൽ സ്റ്റേ കിടക്കുന്ന ബോട്ടുകളിൽ കഴിയുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങളിൽനിന്നും അതിരാവിലെ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയാണ് ബോട്ടുകൾ രാത്രിയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ രാത്രികാല സ്റ്റേ കിടക്കേണ്ടി വരുന്നത്. ടി സ്ഥലങ്ങളിൽ മറ്റു സർക്കാർ സ്ഥാപനങ്ങളോ, വകുപ്പ് വക കെട്ടിടങ്ങളോ ഉണ്ടെങ്കിൽ ജീവനക്കാർ ആയത് പ്രയോജനപ്പെടുത്തുകയും അല്ലാത്തപക്ഷം ബോട്ടുകളിൽ തന്നെ വിശ്രമിക്കുന്നതിനുള്ള ക്രമീകരണങ്ങളും ആണ് കാലാകാലങ്ങളായി ചെയ്തുവരുന്നത്.

(ബി) സ്റ്റേ കിടക്കുന്ന ബോട്ടുകളിലെ ജീവനക്കാർ പ്രാഥമിക ആവശ്യങ്ങൾക്കായി ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സ്റ്റേ കിടക്കുന്ന ബോട്ടുകളിലെ ജീവനക്കാർ പ്രാഥമിക ആവശ്യങ്ങൾക്കായി സ്റ്റേ ബോട്ട് ജെട്ടികളിൽ ഉള്ള വകുപ്പ് വക ഓഫീസുകളോ, പരിസരങ്ങളിൽ തന്നെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ശുചിമുറികളോ, അല്ലെങ്കിൽ വകുപ്പ് വക ബോട്ടുകളിലോ കാലാകാലങ്ങളിലായി പ്രയോജനപ്പെടുത്തിവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

258 (1798) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിലെ ബാലൻസ് സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 194 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. റൂഫിംഗ് പ്രവൃത്തികൾ, ഗ്യാലറി നവീകരണം, ടോയ്‌ലെറ്റ്, ചെയ്ഞ്ച് റൂം നിർമ്മാണം, വിശ്രമമുറികൾ, ഇൻഡോർ ലൈറ്റിംഗ്, അക്വസ്റ്റിക്സ് പ്രവൃത്തികൾ എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

**ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

259(1799) <u>ഡോ. എം. കെ . മുനീർ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് നടപ്പിലാക്കിവരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി, ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റെസിഡൻഷ്യൽ

ഫുട്ബോൾ അക്കാഡമി, കണ്ണൂർ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റെസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി ഫോർ ഗേൾസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ബി) ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ, ദേശീയ ക്യാമ്പുകൾ എന്നിവയ്ക്ക് ആതിഥ്യം വഹിക്കുന്നതിനുമായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സമർപ്പിച്ച ധാരണാപത്രം പരിഗണനയിലാണ്.

(സി) ഇതിന്റെ ഫലമായി ഫുട്ബോൾ രംഗത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാസ്റൂട്ട്, യൂത്ത് ഡെവലപ്മെന്റ് പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും പരിശീലകരുടെയും റെഫറിമാരുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സാങ്കേതിക സഹായം അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ ലഭ്യമാക്കുന്നതാണ്. ഇതിലൂടെ സംസ്ഥാനത്തെ അടിസ്ഥാന പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ സൃഷ്ടിക്കാനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് ഫുട്ബോളിനുള്ള ജനകീയത വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

260 (1800) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിനെയും നിലവിൽ തെരഞ്ഞെടുത്തിട്ടില്ല.

## ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ

261(1801) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി, ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റെസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി, കണ്ണൂർ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി ഫോർ ഗേൾസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ബി) ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ, ദേശീയ ക്യാമ്പുകൾ എന്നിവയ്ക്ക് ആതിഥ്യം വഹിക്കുന്നതിനുമായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സമർപ്പിച്ച ധാരണാപത്രം പരിഗണനയിലാണ്.

(സി) ഇതിന്റെ ഫലമായി ഫുട്ബോൾ രംഗത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാസ്റൂട്ട്, യൂത്ത് ഡെവലപ്മെന്റ് പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും പരിശീലകരുടെയും റെഫറിമാരുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സാങ്കേതിക സഹായം അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ ലഭ്യമാക്കുന്നതാണ്. ഇതിലൂടെ സംസ്ഥാനത്തെ അടിസ്ഥാന പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ സൃഷ്ടിക്കാനും ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് ഫുട്ബോളിനുള്ള ജനകീയത വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

## പള്ളിക്കൽ ഗവ. എച്ച്.എസ്.എസ്. മൈതാനം നവീകരണം

262 (1802) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഗവ. എച്ച്.എസ്.എസ്. മൈതാനം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പള്ളിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മൈതാനം നവീകരിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കായിക-യുവജന കാര്യാലയത്തിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്കൂൾ സന്ദർശിക്കുകയും പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ സ്പോർട്സ് കേരള ഫൗണ്ടേഷനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഗ്രൗണ്ട് നവീകരണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കാനുള്ള പദ്ധതി

263 (1803) <u>ശ്രീ. സി. എച്ച് കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഉന്നതനിലവാരത്തിലുള്ള ഓരോ കളിസ്ഥലം നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി

കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്.

(ബി) ഇതിനാവശ്യമായ സർക്കാർ ഭൂമി ലഭ്യമാക്കാൻ കഴിയുന്ന പഞ്ചായത്തിൽ അതിനാവശ്യമായ പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കുള്ള ധനസമാഹരണത്തിന് താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് പരിഗണിക്കുന്നത്. കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട്, മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, കായിക വകുപ്പും മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സംയുക്തമായുള്ള ഫണ്ട്.

**ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് വികസനം**

264(1804) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിന്റെ വികസനത്തിനായി എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് കായിക യുവജന കാര്യാലയം തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2019 - 20 ബഡ്ജറ്റിൽ ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി 5 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും ഒരു കോടി രൂപ കായിക വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായി കായികയുവജന കാര്യാലയം സർവ്വേ പ്രവൃത്തികളും മണ്ണ് പരിശോധന പ്രവൃത്തികൾ സജ്ജീകരിക്കുകയും ചെയ്തിരുന്നു. സ്വാഭാവിക പുൽത്തകിടിയോട് കൂടിയ കളിസ്ഥലം, ടോയ്ലെറ്റ്, വിശ്രമമുറികളോട്ടുകൂടിയ ഗ്യാലറി കെട്ടിടം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി വൈകുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നുമുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) നാഷണൽ ഹൈവേയുടെ വികസനത്തിനായി കുറച്ച് ഭൂമി നഷ്ടമാകുന്നതിനാൽ നിലവിലുള്ള ഗ്രൗണ്ട് നവീകരണം, ഗ്യാലറി, ടോയ്‌ലെറ്റ് - വിശ്രമ മുറികൾ, ഓഫീസ് മുറികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

265(1805) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കായിക വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് കായിക വകുപ്പിന്റെ കീഴിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**കായികരംഗത്ത് മികവ് കൈവരിക്കുന്നതിന് പദ്ധതി**

266(1806) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന തൊള്ളായിരം കോടി രൂപ മുടക്കി ഗ്രാമ-നഗരങ്ങളിൽ അത്യാധുനിക സൗകര്യത്തോടെയുള്ള കളിക്കളങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് കായിക രംഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണമാണ് നടപ്പിലാക്കുന്നത്. ഇതിൽ 47 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഇതിനോടകം കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത 47 സ്റ്റേഡിയങ്ങളിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആറ് സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും രണ്ടാംഘട്ട പ്രവൃത്തികൾ നടന്നുവരികയുമാണ്. ഇതിനുപുറമേ 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതും 9 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്. നാല് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം/പുതുക്കിയ കിഫ്ബി അംഗീകാരം ലഭിക്കേണ്ടതുമായുണ്ട്. മൂന്ന് പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം ലഭിച്ച 4 പദ്ധതികൾ ഉൾപ്പെടെ 10 പദ്ധതികൾ വിവിധ തടസ്സങ്ങൾ കാരണം ആരംഭിക്കാനായിട്ടില്ല.

(ബി) മികച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കായികതാരങ്ങളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തല്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായികയിനത്തിലും അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>കായികക്ഷമതാ മിഷൻ</u>:- കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. നിലവിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

<u>എലൈറ്റ് സ്കീം</u>:- മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുനൽകുന്നുണ്ട്.

മേൽ പദ്ധതികൾക്ക് പുറമെ ബഹു. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ, കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി പഞ്ച്, ജൂഡോയുടെ ഉന്നമനത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ജൂഡോക്ക എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി

സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് ഇപ്പോൾ പത്ത് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നടത്തിവരുന്നു.

(സി) അന്താരാഷ്ട്ര സഹകരണത്തോടെ കായികരംഗത്ത് മികവ് കൈവരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് വിജയകരമായി നടപ്പിലാക്കിവരുന്നു. പദ്ധതിക്കായി വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചു. പദ്ധതിയുടെ ഭാഗമായി 2020-21-ൽ സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. കേരള സ്പോർട്സ് കൗൺസിലിലെയും ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ പരിശീലകർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ കായികാദ്ധ്യാപകർ, കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടെ 20 പേർ പങ്കെടുത്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരിശീലന പരിപാടിയിൽ പങ്കെടുത്ത മാസ്റ്റർ ട്രെയിനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

## പുതിയ സ്പോർട്സ് സ്കൂളുകൾ

267 (1807) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്പോർട്സ് സ്കൂൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിൽ സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

268 (1808) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖേന പൂർത്തിയാക്കാൻ തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതിയുടെ കിഫ്ബി ധനാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ആയത് സമർപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവ. എച്ച്.എസ്.എസ്.-ൽ കായിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി നൽകിയ കോൺസപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ കിഫ്ബി മാനദണ്ഡ പ്രകാരം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ മാത്രമേ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതി മന്ത്രിസഭാ അനുമതിയോടുകൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## വള്ളിക്കുന്ന് പെരുവള്ളൂർ പഞ്ചായത്തിൽ സ്പോർട്സ് ഹബ്ബ്

269 (1809) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതിയ കായിക നയങ്ങളുടെ ഭാഗമായി സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ പഞ്ചായത്ത് വകയായുള്ള അഞ്ചേക്കർ ഭൂമിയിൽ പ്രസ്തുത സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ സ്പോർട്സ് ഹബ്ബ് ആരംഭിച്ചാൽ ആയത് സബ് ജില്ലാ മത്സരങ്ങൾക്കടക്കം വേദിയാക്കാമെന്നത് പരിഗണിച്ച് അനുകൂല നടപടികൾ സ്വീകരിക്കുമോ?

(എ-സി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൂത്തുപറമ്പ് നരിക്കോട് മല നീന്തൽക്കുളം നിർമ്മാണം**

270 (1810) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ നരിക്കോട് മലയിലെ നീന്തൽക്കുളം നിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ നീന്തൽക്കുളത്തിന്റെ നിർമ്മാണത്തിനായി 2.945 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇ-ടെണ്ടർ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിയുടെ കരാർ വച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനായി സൈറ്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. സൈറ്റ് ഏറ്റെടുത്തതിനുശേഷം 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

271 (1811) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കോഴിക്കോട് നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ നിർമ്മാണത്തിന് 9.26 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണവും

അനുബന്ധ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ലോറിംഗ് പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരികയുമാണ്. ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഫ്ലോറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത അക്കാഡമിയിൽ പരിശീലനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരുക്കുന്ന സൗകര്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1) ഇൻഡോർ സ്റ്റേഡിയം 24×15 മീറ്റർ വിസ്തീർണ്ണത്തിലുള്ള രണ്ട് ഇൻഡോർ വോളിബോൾ കോർട്ടുകൾ, മേപ്പിൾ വുഡ് ഫ്ലോറിംഗ്, വോളിബോൾ കോർട്ടുകൾക്കായി മൂവബിൾ വോളിബോൾ പോസ്റ്റുകൾ. ഗ്രൗണ്ട് ഫ്ളോർ - നാല് ഡോർമെറ്ററികൾ, ഡൈനിംഗ് റൂം, കിച്ചൺ, ഇലക്ട്രിക് ഫയർ കൺട്രോൾ റൂം, ടോയ്‌ലറ്റുകൾ. ഒന്നാംനില – നാല് ഡോർമെറ്ററികൾ, ചെയിഞ്ചിംഗ് റൂം, ജിംനേഷ്യം, ഓഫീസ് റൂം, ലോക്കർ റൂം, ടോയ്‌ലറ്റുകൾ.

2) ഔട്ട്ഡോർ വോളിബോൾ കോർട്ട്

(സി) അക്കാഡമിയുടെ പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ പരിശീലനത്തിനായി വിട്ടുകൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

സ്പോർട്സ് ഫ്ലോറിംഗ് പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തീകരിച്ച് 2021 ഡിസംബർ അവസാനത്തോടെ അക്കാഡമി, പരിശീലനത്തിനായി വിട്ടുകൊടുക്കാൻ കഴിയുമെന്ന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-യായ കിറ്റ്കോ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

**ആലപ്പുഴ മണ്ഡലത്തിലെ റോവിംഗ് അക്കാദമി**

272 (1812) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിന് കായിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചെത്തി ഫിഷിംഗ് ഹാർബറിൽ റോവിംഗ് അക്കാഡമി ആരംഭിക്കുന്നതിനായി സ്ഥല സന്ദർശനം നടത്തി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കുന്നമ്മൽ വോളിബോൾ അക്കാദമി**

273 (1813) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ വോളിബോൾ അക്കാഡമി നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ സ്ഥലം, വിസ്തീർണം, ഉടമസ്ഥത തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കുന്നമ്മൽ വോളിബോൾ അക്കാഡമി സ്ഥാപിക്കുന്നതിനായി കായിക വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടില്ല. എന്നാൽ അക്കാഡമി സെക്രട്ടറിയുടെ പേരിൽ 92 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) കുന്നമ്മൽ വോളിബോൾ അക്കാഡമി നിർമ്മാണത്തിനായി എന്തെങ്കിലും പ്രോജക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2019-20 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഒരു കോടി എസ്റ്റിമേറ്റ് അടങ്കലായി തനത് സാമ്പത്തിക വർഷത്തിൽ കുന്നമ്മൽ വോളിബോൾ അക്കാഡമി സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി പ്രവൃത്തിക്കായി കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് സാദ്ധ്യതാ പഠനം വിശകലനം ചെയ്തിരുന്നു. പ്രവൃത്തി സംബന്ധിച്ച് നടത്തിയ പ്രാഥമിക സർവ്വേയുടെ അടിസ്ഥാനത്തിൽ അക്കാഡമി സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ പ്രദേശം ഏകദേശം 58 മീറ്റർ നീളത്തിലും 64 മീറ്റർ വീതിയിലുമുള്ള ചെങ്കുത്തായ മലമ്പ്രദേശമാണ്. നിലവിൽ ലഭ്യമായ സ്ഥലത്തിന്റെ രണ്ട് അതിർത്തികളും തമ്മിൽ ഏകദേശം 15 മീറ്ററിലധികം ലെവൽ വ്യത്യാസമുണ്ട്. ആയതിനാൽ അക്കാഡമി സ്ഥാപിക്കാൻ കണ്ടെത്തിയ സ്ഥലത്ത് ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിലനിർത്തി നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ സാധിക്കില്ല.

(സി) വോളിബോൾ അക്കാഡമി നിർമ്മാണത്തിനായി പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പാലിക്കേണ്ട മാനദണ്ഡങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വോളിബോൾ അക്കാഡമിയുടെ നിർമ്മാണത്തിനായി പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ഒന്നിലധികം വോളിബോൾ കോർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള

നിരപ്പായ സ്ഥല സൗകര്യം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള പ്രത്യേക ഹോസ്റ്റൽ കെട്ടിടം, മെസ്സിനുള്ള സൗകര്യം, വോളീബോൾ കോർട്ടിനോട് ചേർന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള പ്രത്യേക ടോയ്‌ലെറ്റ്/ചെയ്ഞ്ച് റൂം സംവിധാനം, അക്കാഡമിയുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളായ ചുറ്റുമതിലിന്റെ നിർമ്മാണം, എൻട്രൻസ് ഗേറ്റ്, ജലവിതരണ സംവിധാനം, ഇലക്ട്രിഫിക്കേഷൻ സൗകര്യങ്ങൾ, രാത്രികാലങ്ങളിൽ വോളിബോൾ പരിശീലിക്കുന്നതിനായുള്ള ഫ്ലഡ്‌ലൈറ്റ് സംവിധാനം തുടങ്ങിയ സൗകര്യങ്ങളാണ് വോളിബോൾ അക്കാഡമി സ്ഥാപിക്കുന്നതിനായി ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കുമ്പോൾ വോളിബോൾ പരിശീലിപ്പിക്കുന്നതിനായുള്ള 4 വോളിബോൾ കോർട്ടിനുള്ള സ്ഥല സൗകര്യമെങ്കിലും ആവശ്യമായി വരും. 28×15 meter അളവോടുകൂടിയ വോളിബോൾ കോർട്ടുകൾ സ്ഥാപിക്കുന്നത് നോർത്ത്-സൗത്ത് ദിക്കിലാണ്. കൂടാതെ ഓരോ കോർട്ടുകളും തമ്മിൽ കുറഞ്ഞത് 5 മീറ്റർ അകലം പാലിക്കുന്ന തരത്തിലായിരിക്കും ക്രമീകരിക്കപ്പെടുന്നത്. പ്രസ്തുത കോർട്ടുകൾ ഇൻഡോർ സ്റ്റേഡിയത്തിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ 12 മീറ്ററിലധികം ഉയരത്തിൽ റൂഫിംഗ് ഷീറ്റോടുകൂടി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കേണ്ടതായി വരും. കൂടാതെ കുട്ടികളുടെ കണക്കനുസരിച്ച് അക്കാഡമിയിൽ താമസിച്ച് വോളിബോൾ പരിശീലിക്കണമെങ്കിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേക ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കേണ്ടതുമാണ്. കൂടാതെ ഹോസ്റ്റൽ കെട്ടിടങ്ങളിൽ ഡോക്ടേഴ്സ് റൂം, വാർഡൻ റൂം, സെക്യൂരിറ്റി റൂം, എന്നിവയുള്ള സൗകര്യങ്ങൾകൂടി ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

**കണ്ണൂർ സ്പോർട്സ് സ്കൂളിൽ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ്**

274 (1814) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സ്പോർട്സ് സ്കൂളിൽ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി പ്രകാരം രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഓരോ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് വീതമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ

സംസ്ഥാന ഖേലോ ഇന്ത്യ സെന്റർ ഓഫ് എക്സലൻസ് ആയി 2020-2021-ൽ അംഗീകരിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് സ്കൂളിനെ ഖേലോ ഇന്ത്യ ഡിസ്ട്രിക് സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

## കായിക മേഖലയുടെ നവീകരണം

275 (1815) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനും നഷ്ടപ്പെട്ടുപോയ കായികപ്രതാപം തിരിച്ച് പിടിക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ കായിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനും നഷ്ടപ്പെട്ടുപോയ കായിക പ്രതാപം തിരിച്ചുപിടിക്കുന്നതിനുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

കായിക ക്ഷമതാ മിഷൻ:- കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

എലൈറ്റ് സ്കീം:- മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ്

കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായിക താരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുനൽകുന്നുണ്ട്.

മേൽ പദ്ധതികൾക്ക് പുറമെ എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ, കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പത്ത് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നടത്തിവരുന്നു. പദ്ധതികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടന്നുവരുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം-II* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് പദ്ധതികൾ കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധം-III* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയവയുടെ വിശദാംശം അനുബന്ധം-IV*ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക/അനുബന്ധ ആസ്തി വികസന പ്രവൃത്തികൾ വിവിധ ജില്ലകളിൽ കായിക മേഖലയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-V* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നുവരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും ഒരു മികച്ച സ്റ്റേഡിയം എന്ന ആശയം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ ജില്ലകളിലും ഒരു ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2016-17, 2017-18 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മാനദണ്ഡപ്രകാരവും അത്യാധുനിക സൗകര്യങ്ങളോടുകൂടിയും നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളിൽ ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, ഫുട്ബോൾ ടർഫ്, ഹോക്കി കോർട്ട് തുടങ്ങി സ്ഥല ലഭ്യതയനുസരിച്ച് ഒന്നിലധികം കായിക സൗകര്യങ്ങൾ നിർമ്മിച്ചാണ് സജ്ജമാക്കുന്നത്. ഇതിൽ തൃശ്ശൂർ ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം (കിഫ്ബി അനുവദിച്ച തുക - 56.01 കോടി); ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം (41.47 കോടി); ഓംകാരനാഥൻ സ്റ്റേഡിയം, വയനാട് (36.88 കോടി); തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം, ഇടവ (34.26 കോടി); എം.ആർ.സി. കൃഷ്ണൻ സ്റ്റേഡിയം, തൃക്കരിപ്പൂർ (29.32 കോടി); ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം, കൊല്ലം (42.72 കോടി); കെ. പി. തോമസ് ഇൻഡോർ സ്റ്റേഡിയം, ഇടുക്കി (33.77 കോടി) എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഈ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ഓരോ ജില്ലയിലെയും കായിക കേന്ദ്രങ്ങളായി ഈ സ്റ്റേഡിയങ്ങൾ മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

276 (1816) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അനുവദിച്ച കണ്ടല്ലൂർ, ഭരണിക്കാവ് ഗവ. യു.പി. സ്കൂളുകളിലെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ അനുവദിച്ച കണ്ടല്ലൂർ, ഭരണിക്കാവ് ഗവണ്മെന്റ് യു.പി. സ്കൂളുകളിലെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1) കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം: കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചു. കായംകുളം കാർത്തികപ്പള്ളി റോഡിൽ നിന്നും 50 മീറ്റർ മാറി സ്ഥിതിചെയ്യുന്ന ഗ്രൗണ്ട് നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചുവരികയാണ്. നിലവിലെ ഗ്രൗണ്ട് തറനിരപ്പിൽനിന്നും ഏകദേശം ഒരടിയോളം താഴ്ന്ന് സ്ഥിതിചെയ്യുന്നതിനാൽ ഇൻഡോർ കോർട്ട് നിർമ്മിക്കുന്നതിനായി നിലവിലെ തറനിരപ്പ് ഉയർത്തേണ്ടതായുണ്ട്. നിലവിലെ ഗ്രൗണ്ടിൽ ഇൻഡോർ വോളിബോൾ കോർട്ടിനും ഇൻഡോർ ഷട്ടിൽ കോർട്ടിനും സ്ഥലലഭ്യതയുണ്ട്. പ്രസ്തുത ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രൗണ്ടിൽ നടപ്പിലാക്കാൻ സാധിക്കുന്ന കായിക സൗകര്യങ്ങളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2) ഭരണിക്കാവ് ഗവ. യു.പി. എസ്. സ്റ്റേഡിയം: കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ഭരണിക്കാവ് ഗവണ്മെൻറ് യു.പി. സ്കൂളിന്റെ നിലവിലുള്ള കളിസ്ഥലത്താണ് നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്ഥലം കണ്ടെത്തിയിരിക്കുന്നത്. സ്കൂളിനോട് ചേർന്ന് തുറസ്സായ കളിസ്ഥലമാണ് നിലവിലെ ഗ്രൗണ്ട്. റോഡിനോട് ചേർന്ന സ്ഥലത്ത് ഒരടിയോളം ഗ്രൗണ്ട് നിരപ്പ് താഴ്ന്നതിനാൽ മണ്ണിട്ട് ഉയർത്തേണ്ടതായുണ്ട്. സിന്തറ്റിക് വോളിബോൾ കോർട്ടും ചുറ്റുമതിലും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രൗണ്ടിൽ നടപ്പിലാക്കാൻ സാധിക്കുന്ന കായിക സൗകര്യങ്ങളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

277 (1817) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പോർട്സ് എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി കായിക യുവജനകാര്യാലയം സമർപ്പിച്ച ഡി.പി.ആർ. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടുകൂടിയും സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയാക്കിക്കൊണ്ടും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ വിശദമായ ഡി.പി.ആർ. പരിശോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുകയും പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട്, വെറ്റഡ് ഡ്രോയിംഗ്, പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോർവെൽ സംവിധാനം എന്നിവ പരിഗണിക്കുന്നതിനും മുമ്പായി സ്ഥലത്തെ ഓപ്പൺ വെല്ലിന്റെ സാദ്ധ്യത പരിശോധിക്കുന്നതിനും കൂടാതെ കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡൻഡിഫിക്കേഷൻ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ട്, വെറ്റഡ് ഡ്രോയിംഗ്, കളിസ്ഥലത്തെ ജലസ്രോതസ്സ് ഐഡന്റിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നവീകരണം**

278 (1818) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നവീകരണ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിന്റെ വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണം DBOT (Design, Build, Operate & Transfer) വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. കേരള സർവ്വകലാശാലയും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള കൺസഷൻ എഗ്രിമെന്റ് പ്രകാരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡാണ്. സ്റ്റേഡിയം പരിപാലനത്തിനായി അനുവദിച്ചിട്ടുള്ള ആന്യുറ്റി തുക ഉപയോഗിച്ച് താഴെപ്പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

1) നിലവിലുള്ള എക്സ്പാൻഷൻ ജോയിന്റിലെ ലീക്കുകൾ പരിഹരിക്കുന്ന പ്രവൃത്തികൾ

2) നീന്തൽക്കുളത്തിലേക്കുള്ള വഴി വൃത്തിയാക്കൽ

3) കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തികൾ

4) ബെയ്സ്മെന്റിലെയും ഇലക്ട്രിക്ക് റൂമിലെയും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് പ്രവൃത്തികൾ

5) ക്രാക്ക് മെയിന്റനൻസും വാട്ടർ പ്രൂഫിംഗ് പ്രവൃത്തികളും

6) ഹൈമാസ്റ്റ് ലൈറ്റ്, റൂഫ് ട്രസ്സ് എന്നിവയുടെ പെയിന്റിംഗ് പ്രവൃത്തികൾ

7) കേടായ ഫർണിച്ചറുകളും തടി ഡോറുകളും മാറ്റിവയ്ക്കുന്ന പ്രവൃത്തികൾ

8) ഗ്രൗണ്ട് ഫ്ലോർ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ

9) അനുബന്ധ മെക്കാനിക്കൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ

കേരള ക്രിക്കറ്റ് അസോസിയേഷനും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള റവന്യൂ ഹയർ എഗ്രിമെന്റ് പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ നവീകരണം കേരള ക്രിക്കറ്റ് അസോസിയേഷന്റെ ചുമതലയാണ്. ഇതുപ്രകാരം സ്റ്റേഡിയത്തിലെ പുല്ല് മാറ്റുന്ന പ്രവൃത്തികൾ, കള പറിക്കുന്ന പ്രവൃത്തികൾ, സ്പ്രിംഗ്ലർ മാറ്റിവയ്ക്കുന്ന പ്രവൃത്തികൾ എന്നിവയും ഒമ്പത് പ്രാക്ടീസ് പിച്ചുകളുടെ നിർമ്മാണവും പുരോഗമിച്ചുവരികയാണ്.

(ബി) ഗ്രാമീണമേഖലയിൽ കായിക വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) പൊതുകളിസ്ഥലം ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ചുനൽകുന്ന പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

(ബി&സി) ഗ്രാമീണ മേഖലയിൽ കായിക വികസനത്തിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിവരുന്നു. കായിക യുവജന കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായ സ്റ്റേഡിയങ്ങൾ, കൂടാതെ 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നുവരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളിന്റെയോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി

ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്.

**മുക്കം-മാമ്പറ്റ സ്റ്റേഡിയം നിർമ്മാണം**

279 (1819) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന മുക്കം മാമ്പറ്റ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിലാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മുക്കം-മാമ്പറ്റ, തിരുവമ്പാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 6.11 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സ്വാഭാവിക പുൽത്തകിടിയോടുകൂടിയുള്ള ഫുട്ബോൾ ടർഫ്, 6 ലെയ്ൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, വോളിബോൾ കോർട്ട്, ചെയ്ഞ്ചിങ് റൂം, ടോയ്‌ലെറ്റ് സൗകര്യം, ഗ്യാലറി എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ ടെണ്ടർ പ്രകാരമുള്ള ബിഡ് കാലാവധി കഴിഞ്ഞുപോയതിനാൽ പദ്ധതിയുടെ റീടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ 4 പേർ പങ്കെടുക്കുകയും 3 കരാറുകാർ സാങ്കേതിക പരിശോധനയിൽ യോഗ്യത നേടുകയും ചെയ്തിരുന്നു. തുടർന്ന് 5-10-2021-ന് പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ടെന്നുമാണ് എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുള്ളത്. ആയതിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ടെണ്ടറുകൾ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

## ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണം

280 (1820) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി പദ്ധതിയായ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് ടെണ്ടർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ടെണ്ടർ എടുത്ത കോൺട്രാക്ടർ വർക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി സ്റ്റേഡിയം നിർമ്മാണം വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട് (105×68 മീ), 8 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നീ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്റ്റേഡിയത്തിന്റെ സിവിൽ-എം.ഇ.പി. പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടെണ്ടർ പ്രകാരമുള്ള ബിഡ് വാലിഡിറ്റി കഴിഞ്ഞതിനാൽ കുറഞ്ഞ തുകയ്ക്ക് ബിഡ് സമർപ്പിച്ച കരാറുകാരനോട് ആയത് നീട്ടിനൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് കരാറുകാരൻ തയ്യാറായിരുന്നില്ല. കരാർ കാലാവധി നീട്ടിനൽകാൻ കരാറുകാർ തയ്യാറാകാത്തതിനാലും ആഗസ്റ്റ് 2018 മുതൽ സംസ്ഥാന സർക്കാരിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് DSR 2018 ബാധകമാക്കിയതിനാലും പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2018 പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ഇതുപ്രകാരം പദ്ധതി ചെലവ് 15.74 കോടിയിൽ നിന്നും (DSR 2016) 9% വർദ്ധിച്ച് 17.14 കോടി രൂപ (DSR 2018) ആയിട്ടുണ്ട്. തുടർന്ന് 28-09-2021-ൽ നടന്ന സാങ്കേതിക സമിതി പുതുക്കിയ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരത്തിന് വിധേയമായി പുതുക്കിയ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും പുതുക്കിയ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ റീ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ നമ്പഴിക്കാട് സ്റ്റേഡിയം

281 (1821) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിന്റെ കീഴിലുള്ള നമ്പഴിക്കാട് മൈതാനത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിന്റെ കീഴിലുള്ള നമ്പഴിക്കാട് മൈതാനത്ത് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും കായിക വകുപ്പിന്റെ കീഴിൽ നിലവിലില്ല.

## വിദ്യാലയ മൈതാനങ്ങളുടെ നവീകരണം

282 (1822) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ മൈതാനങ്ങളുടെ നവീകരണത്തിനായി കായിക വികസന നിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) വിദ്യാലയങ്ങളുടെ മൈതാന നവീകരണത്തിനായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. കായിക യുവജനകാര്യ ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് കായിക വികസന നിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം മൈതാനങ്ങളുടെ നവീകരണത്തിനായി കായിക വികസന നിധിയിൽനിന്നും 6 സ്ഥാപനങ്ങൾക്ക് 65 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി**

283 (1823)ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽനിന്നും സമർപ്പിച്ചിരുന്ന അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) 2021-22 വർഷത്തെ ബഡ്ജറ്റ് ചർച്ചയുടെ മറുപടിയിലെ ആനാവൂർ സ്കൂൾ സ്റ്റേഡിയം നവീകരണത്തിന്റെ രണ്ടാം ഘട്ടത്തിനായി തുക അനുവദിക്കാമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(ഡി) കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർവ്വഹണ ചുമതലയുള്ള ആനാവൂർ സ്കൂൾ സ്റ്റേഡിയം നവീകരണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(ബി-ഡി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ (ക്രമ നമ്പർ 1724) പ്രകാരം ആനാവൂർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒരു കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തുടർന്ന് കായിക യുവജന കാര്യാലയം, ഗ്രാന്റ് തോൺടൺ എന്ന സ്വകാര്യ സ്ഥാപനം വഴി 99.98 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിലായതിനാൽ പ്രസ്തുത പ്രവൃത്തി കായിക വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി പുറപ്പെടുവിച്ചിരുന്നു. ആനാവൂർ സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പിലായതിനാൽ നിലവിൽ മറ്റ് ഏജൻസികൾ തയ്യാറാക്കിയ ഡി.പി.ആർ.-ന് സാങ്കേതികാനുമതി നൽകാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കില്ലെന്ന

വ്യവസ്ഥയുള്ളതിനാൽ, മേൽ ഉത്തരവിൽ ഭേദഗതി വരുത്തി ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പിൽനിന്നും കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കായിക യുവജന കാര്യാലയത്തിന്റെ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്കൂൾ ഗ്രൗണ്ട് സന്ദർശിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് ഡി.എസ്.ആർ.-2016 അടിസ്ഥാനപ്പെടുത്തിയാണ്. നിലവിൽ ഡി.എസ്.ആർ.-2018 നിലവിൽ വന്നതിനാലും പ്രസ്തുത കളിസ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച സ്പഷ്ടീകരണം ലഭിച്ചതിനാലും വിഷയ പ്രവൃത്തിക്കായി ഒരു തവണകൂടി ലെവൽ സർവ്വേ നടത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഗ്രൗണ്ടിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**തലശ്ശേരി പുഷ്പൻ ഇൻഡോർ കോർട്ടിന്റെ വിപുലീകരണം**

284 (1824) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ പുഷ്പൻ ഇൻഡോർ കോർട്ടിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പുഷ്പന്റെ പേരിൽ ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിനായുള്ള തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചൊക്ലി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ പ്രസ്തുത സ്ഥലം കായിക യുവജന കാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം സന്ദർശിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലത്ത് രണ്ട് ഷട്ടിൽ കോർട്ടുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം വാങ്ങുന്നതിലേയ്ക്കുള്ള നടപടി പഞ്ചായത്ത് പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, റവന്യൂ രേഖ, സ്കെച്ച് എന്നിവ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## റാന്നി ചേത്തയ്ക്കൽ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ.

285 (1825) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ റാന്നിയിലെ ചേത്തയ്ക്കൽ സ്റ്റേഡിയം നിർമ്മാണത്തിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട 13-7-2021-ലെ കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ എ 3/35/2021/എസ്.വൈ.എ. നമ്പർ കത്ത് റദ്ദാക്കി സ്റ്റേഡിയത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പുതിയ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) റാന്നി നിയോജകമണ്ഡലത്തിലെ ചേത്തയ്ക്കലിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി കായിക യുവജന കാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം പദ്ധതി പ്രദേശത്ത് സ്ഥലപരിശോധന നടത്തിയിരുന്നു. നിർദ്ദിഷ്ട പദ്ധതിപ്രദേശം നിലവിൽ സ്വകാര്യ വ്യക്തിയുടെ കൈവശമാണുള്ളത്. അതുകൂടാതെ വലിയ തോതിലുള്ള ലാന്റ് ഡെവലപ്മെന്റ് പ്രവൃത്തികൾ വേണ്ടിവരുമെന്നതിനാലും സർക്കാർ ഉടമസ്ഥതയിലുള്ള താരതമ്യേന നിരപ്പുള്ള മറ്റൊരു പ്രദേശം നിർദ്ദേശിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു പ്രദേശം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

286 (1826) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, കണിച്ചുകുളങ്ങര ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

(എ&ബി) ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, കണിച്ചുക്കുളങ്ങര ഹയർ സെക്കണ്ടറി സ്കൂൾ ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, ആലപ്പുഴ:- 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ ജില്ലാ സ്റ്റേഡിയമായ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 12 ഏക്കർ ഭൂമിയിലാണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നാച്വറൽ ഫുട്ബോൾ ടർഫ് (105×68 മീറ്റർ), 8 ലൈൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, 2 പവലിയൻ ബിൽഡിംഗുകൾ, സിമ്മിംഗ് പൂൾ (25×12.5 മീറ്റർ) എന്നീ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സിവിൽ നിർമ്മാണ പ്രവൃത്തികൾ മഠത്തിൽ എൻറർപ്രൈസസ് എന്ന കമ്പനി മുഖേനയാണ് നടത്തിവരുന്നത്. നിലവിൽ സിവിൽ പ്രവൃത്തികൾ 55% പൂർത്തിയായിട്ടുണ്ട്. പവലിയൻ ബിൽഡിംഗുകൾ ഫിനിഷിംഗ് ഘട്ടത്തിലാണ്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സിന്തറ്റിക് ട്രാക്കിന്റെ ടെൻഡർ നടപടികൾ നടന്നുവരികയാണ്. കൂടാതെ മാപ്പിൾവുഡ് ഫ്ലോറിംഗ് പ്രവൃത്തിക്കായുള്ള ടെണ്ടർ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം:- 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5.75 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സെവൻസ് ഫുട്ബോൾ ടർഫ്, 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്കൂൾ ബിൽഡിംഗ്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയാണ് നിർമ്മിക്കുന്നത്. നിലവിൽ സെവൻസ് ഫുട്ബോൾ ടർഫ്, സ്കൂൾ ബിൽഡിംഗ്, ഫിറ്റനസ് സെന്റർ എന്നിവ ഉൾപ്പെടുന്ന സിവിൽ എം.ഇ. പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് ഫ്ലോറിംഗ് പ്രവൃത്തികളിൽ ഉൾപ്പെടുന്ന 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മഴ കാരണം സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

കണിച്ചുകുളങ്ങര ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം:- കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ 2019-20 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ വകയിരുത്തിയിരുന്നു. ആയത് കായിക വകുപ്പിലേയ്ക്ക് മാറ്റിനൽകിയിട്ടുണ്ട്. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുകയും

എൽ.ബി.എസ്. കോളേജ് മുഖാന്തരം മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് ലഭിക്കാൻ വൈകിയതുമൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിട്ടിരുന്നു. ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ആലപ്പുഴ രാജാ കേശവദാസ് നീന്തൽക്കുളം നിർമ്മാണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

1995 കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച രാജാ കേശവദാസ് നീന്തൽക്കുളത്തിന്റെ നവീകരണ പ്രവൃത്തികളാണ് കായികയുവജന കാര്യാലയം മുഖേന നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി പൂൾ ഡെക്ക് ഏര്യയുടെ ടൈലുകൾ പതിപ്പിക്കൽ, ടോയ്ലറ്റ്, വിശ്രമമുറികളുടെ നവീകരണം, യാർഡ് നവീകരണം, പൂൾ ലൈറ്റിംഗ്, പൂൾ ഉപകരണങ്ങൾ എന്നിവയാണ് പൂർത്തീകരിച്ചിരുന്നത്. പ്രവൃത്തിയുടെ ഭാഗമായി ഫിൽട്രേഷൻ പ്ലാന്റിന്റെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിലേയ്ക്കായി നീന്തൽക്കുളത്തിൽ വെള്ളം നിറച്ചപ്പോൾ നിലവിലുള്ള പഴയ ഓവർഫ്ലോ ചാനലുകളിൽ ലീക്കേജ് കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച ലീക്കേജ് പരിഹരിച്ച് സ്വിമ്മിംഗ് പൂൾ ഉടൻ പ്രവർത്തന സജ്ജമാക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്.

**സ്റ്റേഡിയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

287 (1827) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് എത്ര സ്റ്റേഡിയങ്ങളിൽ കായിക പരിശീലനം നടക്കുന്നുവെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് പരിശീലനം നടത്തുന്ന സ്റ്റേഡിയങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സ്റ്റേഡിയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സ്പോർട്സ് കേരള ലിമിറ്റഡ്

288 (1828) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് കേരള ലിമിറ്റഡ് നിലവിൽ ഏതെങ്കിലും സ്റ്റേഡിയങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണിയും ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് കണ്ടെത്തുന്നത് ഏത് രീതിയിലാണ്; സ്പോർട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനരീതി വിശദമാക്കുമോ?

കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം, കുമാരപുരം ടെന്നീസ് അക്കാഡമി, തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് തിരുവനന്തപുരം കൂടാതെ കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളിൽനിന്നുള്ള വരുമാനം മുഖേന ലഭിക്കുന്ന ഫണ്ടുപയോഗിച്ച് പരിപാലനവും അറ്റകുറ്റപ്പണികൾക്കുമുള്ള ഫണ്ട് കണ്ടെത്തുന്നതാണ്.

<u>കമ്പനിയുടെ പ്രവർത്തനരീതി</u>

1) സംസ്ഥാനത്തെ കായിക മേഖലയുടെ പരിപോഷണത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചറുകളുടെ രൂപകൽപ്പന, നിർവ്വഹണം, സ്ഥാപനം, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെന്ററുകൾ ഇവയുടെ നിർവ്വഹണം.

2) സംസ്ഥാനത്തെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെന്ററുകൾ എന്നിവ സ്വയം പര്യാപ്തതയോടെയുള്ള നടത്തിപ്പിനും, പരിപാലിക്കുന്നതിനും ഒപ്പം കായിക താരങ്ങൾക്കും, പൊതു ജനങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടികൾ.

**ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്ക് ജോലി**

289 (1829)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് ഏതൊക്കെ വകുപ്പുകളിൽ ജോലി നൽകിയിട്ടുണ്ട്; ഇനി എത്രപേർക്ക് ജോലി നൽകാനുണ്ട്; വിശദവിവരം നൽകാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായികാദ്ധ്യാപനം**

290 (1830)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിലെ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപന മേഖലയും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്കൂളുകളിലെ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപന മേഖലയും പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹുമാന്യരായ കായിക, വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ 22-09-2021-ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി

രൂപീകരിക്കുന്നതിനും പൊതു സിലബസിനോടൊപ്പം കായിക വിഷയങ്ങൾകൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണവേളയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേയ്ക്കാവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും.

**എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്**

291 (1831) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ചുവർഷം എത്ര കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷത്തിൽ 11 കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീശങ്കർ എം. (അത്‌ലറ്റിക്സ്);

2) ബിബിൻ ജോർജ്ജ് (അത്‌ലറ്റിക്സ്);

3) തെരേസ ജോസഫ് (അത്‌ലറ്റിക്സ്);

4) ശ്യാംപ്രസാദ് (ബാഡ്മിന്റൺ);

5) ട്രീസാ വിൽസൺ (ബാഡ്മിന്റൺ);

6) ട്രീസാ ജോളി (ബാഡ്മിന്റൺ);

7) അപർണ്ണാ റോയ് (അത്‌ലറ്റിക്സ്);

8) പി.യു. ചിത്ര (അത്‌ലറ്റിക്സ്);

9) മെഹറുന്നീസ (ബാഡ്മിന്റൺ);

10) മോസസ് ജെയിംസ് (ഡിഫറന്റ്ലി ഏബിൾഡ് കാറ്റഗറി);

11) റെസ ഫെർഹത് (ബാഡ്മിന്റൺ).

(ബി) പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ/കോളേജ്/സ്കൂൾ അക്കാഡമി സ്കീമിലോ, സായ് സ്കീമിലോ, സമാന സ്വഭാവത്തിലുള്ള മറ്റേതെങ്കിലും തരത്തിലുള്ള സ്പോൺസർഷിപ്പുകളോ മറ്റ് ഇതര ധനസഹായമോ ലഭ്യമാകാത്ത 14 മുതൽ 20 വയസുവരെ പ്രായമുള്ള 11 കായികതാരങ്ങൾക്ക് ഓരോ വർഷവും 10,000 രൂപ വീതം പ്രതിമാസം സ്കോളർഷിപ്പ് നൽകിവരുന്നു. അത്‌ലറ്റിക്സ്, ബോക്സിംഗ്, ഫെൻസിംഗ്, സ്വിമ്മിംഗ്, ബാഡ്മിന്റൺ, സൈക്ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ് എന്നീ കായികയിനങ്ങളിൽ സ്കൂൾ, കോളേജ് തലത്തിൽ ദേശീയ (സൗത്ത് സോൺ) മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മിനിമം യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാരായ കായികതാരങ്ങളിൽനിന്നും ഒരാളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. കേരളത്തെ പ്രതിനിധീകരിച്ച് നേട്ടങ്ങൾ കൈവരിക്കുന്ന കായികതാരങ്ങളെയാണ് സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്. അതത് വർഷത്തെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങളെ കണ്ടെത്തുന്നതും സ്കോളർഷിപ്പ് നൽകി വരുന്നതും. കായികതാരത്തിന് 24 വയസ്സ് പൂർത്തിയാകുകയോ, സ്കോളർഷിപ്പ് ലഭിച്ച ഓരോ വർഷത്തെയും പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം**

292 (1832) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം പദ്ധതിയുടെ നടപടികൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിവരുന്നു. കായിക യുവജന കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നുവരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുകളുടെയോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

(ബി) അഴീക്കോട് മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിപ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ അഴിക്കോട് മണ്ഡലത്തിലെ ഒരു പഞ്ചായത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**പൂഞ്ഞാറിൽ ജി. വി. രാജയുടെ പ്രതിമ സ്ഥാപിക്കാൻ നടപടി**

293 (1833) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെഫ്. കേണൽ ഗോദവർമ്മ രാജയുടെ ഒരു പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ ജന്മനാടായ പൂഞ്ഞാറിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂഞ്ഞാറിൽ ജി.വി. രാജയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ലോക ജൂനിയർ അത്‌ലറ്റിക്സ് മെഡൽ ജേതാവ് അബ്ദുൽ റസാഖിന് ക്യാഷ് അവാർഡ്

294 (1834) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെനിയയിൽ വച്ച് ഇക്കഴിഞ്ഞ ലോക ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാക്കളായ 4×400 മീറ്റർ മിക്സഡ് റിലേ ടീമിലെ മലയാളിയായ അബ്ദുൽ റസാഖിന് ക്യാഷ് അവാർഡ് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും 2017-18 വർഷം വരെയുള്ള അർഹരായ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ ക്യാഷ് അവാർഡിന് കായികതാരങ്ങളെ പരിഗണിക്കുന്ന മുറയ്ക്ക് ശ്രീ. അബ്ദുൾ റസാഖിനെയും യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ കിക്ക് ഓഫ് പദ്ധതി

295 (1835) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഫുട്ബോൾ കളിക്ക് പ്രോത്സാഹനം നൽകുന്ന എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കായിക സ്ഥാപനങ്ങൾ വഴി മലപ്പുറം ജില്ലയിൽ ഫുട്ബോൾ പരിശീലനത്തിനും പ്രോൽസാഹനത്തിനും നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടന്നുവരുന്നത്; പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികൾക്ക് ഫുട്ബോൾ കളിക്കാൻ പ്രോത്സാഹനം നൽകുന്നതിന് വിഭാവനം ചെയ്ത കിക്ക് ഓഫ് പദ്ധതിയിലൂടെ മലപ്പുറം ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിവരം അറിയിക്കുമോ?

(എ-സി) ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് മലപ്പുറം ജില്ലയിലെ കോട്ടക്കൽ രാജാസ് ജി.എച്ച്.എസ്.എസ്., നിലമ്പൂർ മാനവേദൻ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കോട്ടക്കൽ രാജാസ് ജി.എച്ച്.എസ്.എസ്.-ലെ തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. നിലമ്പൂർ മാനവേദൻ ജി.എച്ച്.എസ്.എസ്.-ൽ പരിശീലനത്തിനായുള്ള വിദ്യാർത്ഥികളുടെ സെലക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഫുട്ബോൾ പരിശീലനത്തിനും പ്രോത്സാഹനത്തിനുമായി പുതിയ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. കൂടാതെ മലപ്പുറം ജില്ലയിൽ ഫുട്ബോൾ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എം.എസ്.പി., മലപ്പുറം, എം.ഇ.എസ്. മമ്പാട് എന്നിവിടങ്ങളിലായി സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം ഉൾപ്പെടെ ഒരു സ്പോർട്സ് ഹബ് മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ എടപ്പാൾ ജി.എച്ച്.എസ്.എസ്., നിലമ്പൂർ മാനവേദൻ ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ ഫിഫ അനുശാസിക്കുന്ന അളവുകളോടുകൂടിയ ഫുട്ബോൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സ്വാഭാവിക പുൽത്തകിടി, സ്പ്രിംഗ്ലർ സംവിധാനം, ഗ്യാലറി/പവലിയൻ മന്ദിരങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. താനൂർ കട്ടിലങ്ങാടി ജി.എച്ച്.എസ്.എസ്.എസ്.-ലും സമാനമായ ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണം നടന്നുവരികയാണ്.

## സ്പോർട്സ് കൗൺസിലിലെ ശമ്പള-പെൻഷൻ പരിഷ്കരണം

296 (1836) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളവും പെൻഷനും പരിഷ്കരിച്ചതിന്റെ ആനുകൂല്യങ്ങൾ വർഷങ്ങളായി ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇല്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ 10-ാം ശമ്പള/പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. 11-ാം ശമ്പളം/പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പോർട്സ് കൗൺസിലിന് ലഭിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് ശമ്പള-പെൻഷൻ പരിഷ്കരണങ്ങളും അതിന്റെ കുടിശ്ശികയും നൽകാൻ കഴിയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2014-ലെ പത്താം ശമ്പള പരിഷ്കരണത്തിന്റെ ശമ്പള-പെൻഷൻ കുടിശ്ശിക ഏഴ് വർഷം കഴിഞ്ഞിട്ടും നൽകാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണോ;

(ഇ) വിരമിച്ച ജീവനക്കാർക്കും കോച്ചുമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകി ശമ്പള-പെൻഷൻ പരിഷ്കരണത്തിന്റെ അധികബാദ്ധ്യത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി-എഫ്) ഉണ്ട്. പെൻഷൻ ആനുകൂല്യങ്ങളും ശമ്പള കുടിശികയും അനുവദിക്കുന്നതിലേയ്ക്കായി അധിക തുകയായി 16 കോടി രൂപ അനുവദിച്ച് നൽകുന്നതിന് സ്പോർട്സ് കൗൺസിൽ സമർപ്പിച്ച നിർദ്ദേശം ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ തനത് ഫണ്ടായി അവശേഷിക്കുന്ന തുകയും ചെലവിനത്തിൽ പ്രതീക്ഷിക്കുന്ന തുകയുടെ കൃത്യതയാർന്ന കണക്കും തേടിയിട്ടുണ്ട്. കൂടാതെ പദ്ധതി ശീർഷകത്തിൽനിന്നും പദ്ധതിയേതര ശീർഷകത്തിലേയ്ക്ക് ധനപുനർ വിനിയോഗം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ, പദ്ധതിയേതര ശീർഷകങ്ങൾ തമ്മിലുള്ള ധനപുനർവിനിയോഗ സാധ്യതയും തനതു ഫണ്ട് ഉണ്ടെങ്കിൽ അത് പ്രസ്തുത ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിച്ച് തുക അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അധിക തുക ആവശ്യമായി വരുന്നപക്ഷം പദ്ധതിയിനത്തിൽനിന്നും വിഹിതം സറണ്ടർ ചെയ്യാവുന്നതും തത്തുല്യമായ തുക പദ്ധതിയേതരയിനത്തിൽ അധികാനുമതിയിലൂടെ അനുവദിക്കാവുന്നതുമാണ്.

**സ്വകാര്യ സ്പോർട്സ് അക്കാദമികളെ നിയന്ത്രിക്കാൻ സംവിധാനം**

297 (1837) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ സ്പോർട്സ് അക്കാദമികൾ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത്

സ്പോർട്സ് അക്കാദമികൾ എന്ന പേരിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ സ്പോർട്സ് അക്കാഡമികളെ നിയന്ത്രിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**മട്ടന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നവീകരണം**

298 (1838) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ സ്കൂളുകൾ, ക്ലബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കളിസ്ഥലങ്ങൾ നവീകരിക്കാൻ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഉണ്ട്. വിദ്യാലയങ്ങൾക്കും പഞ്ചായത്തുകൾക്കും ആകെ 1.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയവയുടെ വിശദാംശങ്ങൾ അനുബന്ധം-I* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിലുൾപ്പെട്ട സെന്റ് കോർമേലിയസ് എച്ച്.എസ്.എസ്. കോളയാടിന് കായിക യുവജനകാര്യാലയം ഡയറക്ടറുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ മട്ടന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന/ വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കിഫ്ബി പദ്ധതികൾ:-

1) മട്ടന്നൂർ സ്റ്റേഡിയം: കോളയാട് പഞ്ചായത്തിൽ സെവൻസ് സിന്തറ്റിക് ഫുട്ബോൾ ടർഫും ഗ്യാലറി സമുച്ചയവും നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും 4.12 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ഗ്യാലറി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ നടന്നുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) <u>മട്ടന്നൂർ സ്വിമ്മിംഗ്പൂൾ</u>: കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മട്ടന്നൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽപ്പെട്ട ജലസേചന വകുപ്പിന്റെ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി മട്ടന്നൂർ ഉൾപ്പെടെ 5 സ്ഥലങ്ങളിൽ ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ ഇന്റീരിയർ പ്രവൃത്തികൾക്കായി 2.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭയുടെ കീഴിലുള്ള സ്റ്റേഡിയം കോംപ്ലക്സിന്റെ 3-ാം നിലയിൽ ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് ട്രഷറിയുടെ പ്രവർത്തനം നടക്കുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ തെരൂർ സ്റ്റേഡിയത്തിൽ നെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി 3,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

**വഖഫ് ഭൂമി**

299 (1839) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ കീഴിലുള്ള ഭൂമി വിൽക്കുന്നതിനോ കൈമാറുന്നതിനോ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. 1995-ലെ വഖഫ് ഭേദഗതി നിയമത്തിൽ 2013-ൽ ഉണ്ടായ നിയമ ഭേദഗതിയിലെ 51(1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്.

(ബി) വഖഫ് ഭൂമി മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിൽ തടസ്സങ്ങളോ നിയമപ്രശ്നങ്ങളോ ഉണ്ടോ; വിശദാംശം നൽകാമോ?

പൊതു ആവശ്യത്തിനായി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം വഖഫ് വസ്തു ഏറ്റെടുക്കാവുന്നതാണെന്ന് വഖഫ് ആക്ട് സെക്ഷൻ 51(1-A) പ്രൊവൈസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വഖഫ് ആക്ടിലെ 56-ാം വകുപ്പ് അനുസരിച്ച് വഖഫ് വസ്തുക്കൾ പരമാവധി 30 വർഷം വരെ പൊതുലേലം മുഖേന ലീസിന് നൽകാവുന്നതാണ്.

### കോഴിക്കോട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

300 (1840)ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

രാജ്യത്ത് നിലവിലുള്ള കോവിഡ് സാഹചര്യം കണക്കിലെടുത്ത് 2021 വർഷത്തേയ്ക്ക് മാത്രമാണ് നിലവിലുള്ള 21 എംബാർക്കേഷൻ പോയിന്റുകളിൽ നിന്നും 10 എണ്ണമാക്കി ചുരുക്കിയത് എന്നാണ് ഇൻഡ്യൻ ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ 10 എണ്ണമാക്കി ചുരുക്കിയ നടപടി എത്രയും വേഗം പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ മറുപടി ലഭ്യമായിട്ടില്ല.

### കണ്ണപുരം സ്റ്റേഷനിൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

301 (1841)ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെസ്റ്റ് കോസ്റ്റ്, ഓഖ, വെരാവൽ, ഗാന്ധിധാം എന്നീ എക്സ്പ്രസ് ട്രെയിനുകൾക്ക് മുൻപ് സ്റ്റോപ്പുണ്ടായിരുന്ന കണ്ണൂർ ജില്ലയിലെ കണ്ണപുരം സ്റ്റേഷനിൽ പ്രസ്തുത ട്രെയിനുകൾ ഇപ്പോൾ നിർത്താത്ത വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് സ്റ്റോപ്പ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് റെയിൽവേ ബോർഡാണ് തീരുമാനം കൈക്കൊള്ളേണ്ടത്. ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപാത

302 (1842) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാതയുടെ നിർമ്മാണത്തിന് വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ വേണ്ടിവരുന്ന തുക എപ്രകാരമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2,150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3,253 കോടി രൂപയാണ് വഹിക്കുക. 4,252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,265 കോടി രൂപ ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 2,100 കോടി രൂപ കിഫ്ബിയിൽനിന്ന് വായ്പ എടുക്കാനും അതിനായി എസ്.പി.വി. ആയി കെ.ആർ.ഡി.സി.എൽ.-നെ തീരുമാനിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സാദ്ധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ?

പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് പൂർത്തിയാക്കുകയും ടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും സിൽവർലൈൻ പദ്ധതിക്ക് പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് നടത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

(സി) പ്രസ്തുത പദ്ധതി ഒരു പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രോജക്ട് ആയി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതി ഒരു പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രോജക്ടായി മാറ്റുന്നതിന് ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്കായി വേണ്ടിവരുന്ന ഓവർബ്രിഡ്ജുകളുടെ നിർമ്മാണച്ചുമതല ഏത് വകുപ്പിനാണ് നൽകാൻ ഉദ്ദേശിക്കുന്നത്; അതിലേക്ക് ആവശ്യമായ തുക എപ്രകാരമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിൽവർലൈൻ പദ്ധതിക്കായി വേണ്ടിവരുന്ന ഓവർബ്രിഡ്ജുകളുടെ നിർമ്മാണ ചുമതല പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കെ.ആർ.ഡി.സി.എൽ.-നെ തന്നെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ട തുക സിൽവർലൈൻ ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

**ശബരി പാതയുടെ സർവ്വേ നടപടികൾ**

303 (1843)<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട അങ്കമാലി-എരുമേലി ശബരിപാതയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നത് 30-01-2019-ലെ ഡി.2/235/2019 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം പാലിക്കാതെ ജനവാസ കേന്ദ്രങ്ങളിൽക്കൂടി ഇപ്പോൾ സർവ്വേ നടത്താൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 30-1-2019-ലെ ഉത്തരവിലെ സ്കെച്ചിൽ പറയുന്ന പ്രകാരം സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർദ്ദിഷ്ട അങ്കമാലി-എരുമേലി ശബരിപാതയുടെ സർവ്വേ നടപടികൾ അപ്രൂവ്ഡ് സ്കെച്ച് പ്രകാരമല്ല നടക്കുന്നത് എന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെൽ മുഖേന പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ജില്ലാ കളക്ടറുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും റിപ്പോർട്ട് ലഭ്യമാക്കി ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഷൊർണ്ണൂർ-നിലമ്പൂർ പാസഞ്ചർ ട്രെയിൻ സർവ്വീസ്**

304 (1844)<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ പശ്ചാത്തലത്തിൽ ഷൊർണ്ണൂർ-നിലമ്പൂർ പാതയിൽ റദ്ദാക്കിയ പാസഞ്ചർ ട്രെയിനുകൾ എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തലാക്കിയിരുന്ന കോട്ടയം-നിലമ്പൂർ പാസഞ്ചർ ട്രെയിൻ സർവ്വീസ് 7-10-2021 മുതൽ പുനഃസ്ഥാപിക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

## രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടി

305 (1845) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമോ; വിശദമാക്കാമോ?

(എ&ബി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സതേൺ റെയിൽവേ ജനറൽ മാനേജർ ഉൾപ്പെടെയുള്ള ഉന്നതാധികാരികളുമായി 29-09-2021-ന് നടത്തിയ ചർച്ചയിൽ രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഉപ്പള റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് റിസർവേഷൻ സൗകര്യം

306 (1846) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് റിസർവ്വേഷൻ സൗകര്യം തുടങ്ങുകയും കോവിഡിന്റെ പശ്ചാത്തലത്തിൽ അടച്ചുപൂട്ടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരം താലൂക്ക് പരിധിയിലെ മഞ്ചേശ്വരം, ഉപ്പള, കുമ്പള എന്നീ സ്റ്റേഷനുകളിൽ റിസർവേഷൻ സൗകര്യമില്ലാത്തതിനാൽ യാത്രക്കാർ 25 മുതൽ 40 കിലോമീറ്റർ വരെ സഞ്ചരിച്ച് കാസർഗോഡ് സ്റ്റേഷനിൽ പോകേണ്ട അവസ്ഥ റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഉപ്പള റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് റിസർവ്വേഷൻ സൗകര്യം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. ഉപ്പള റെയിൽവേ സ്റ്റേഷനിൽ നിലവിലുള്ള യാത്രക്കാരുടെ എണ്ണം കുറവായതിനാൽ ടിക്കറ്റ് റിസർവ്വേഷൻ സൗകര്യം പുനഃസ്ഥാപിക്കാൻ സാധിക്കില്ല. യാത്രക്കാരുടെ എണ്ണം കൂടുമ്പോൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

**പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കുന്നതിന് നടപടി**

307 (1847) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രൂക്ഷമായതിനെ തുടർന്ന് ഒന്നരവർഷം മുൻപ് നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കാത്തതുമൂലം സാധാരണക്കാരായ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റ് പുനഃസ്ഥാപിക്കാത്തത് സംബന്ധിച്ചും നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇക്കാര്യം സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി 29-9-2021-ന് നടത്തിയ ചർച്ചയിൽ ഉന്നയിച്ചപ്പോൾ ഇക്കാര്യത്തിൽ റെയിൽവേ ബോർഡാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് റെയിൽവേ അധികൃതർ അറിയിക്കുകയുണ്ടായി. നിലവിൽ പാസഞ്ചർ ട്രെയിനുകൾ ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. അൺറിസർവ്ഡ് സ്പെഷ്യൽ ട്രെയിനുകളിൽ സീസൺ ടിക്കറ്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) പാസഞ്ചർ ട്രെയിൻ സർവ്വീസിന് സംസ്ഥാന സർക്കാർ അനുമതി നൽകാത്തതാണ് സർവ്വീസുകൾ ആരംഭിക്കാൻ തടസ്സമാകുന്നതെന്ന റെയിൽവേയുടെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഇല്ല. ഇപ്രകാരം ഒരറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വളർത്തുമൃഗങ്ങൾക്ക് ലൈസൻസും കൃത്യമായ പരിപാലനവും**

308 (1848) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങൾക്ക് ലൈസൻസും കൃത്യമായ പരിപാലനവും അവയോട് കാണിക്കുന്ന ക്രൂരതകളിന്മേൽ നടപടിയും വേണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 437 (വളർത്തുനായകൾക്ക് ലൈസൻസ് എടുക്കൽ), കേരള പഞ്ചായത്തീരാജ് (Licensing of Pigs and Dogs) റൂൾ 1998 എന്നിവ നിലവിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മൃഗങ്ങളോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സംസ്ഥാനത്ത് നിയമനടപടികൾ പോലീസും കോടതിയും നടപ്പിലാക്കിവരുന്നു. കേന്ദ്ര നിയമമായ 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (PCA Act 1960) പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവയോടുള്ള ക്രൂരത അവസാനിപ്പിക്കാനും അലങ്കാര പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികൾ, വളർത്തുമത്സ്യങ്ങൾ എന്നിവ വിപണനം നടത്തുന്നവർക്കും വളർത്തുന്നവർക്കും ലൈസൻസ് നിർബന്ധമാക്കാനും ഇവയിലെ എല്ലാ വിഭാഗങ്ങൾക്കും ഏകീകൃത പട്ടിക നടപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന ഉത്തരവ് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 13204/2021 നമ്പർ കേസിലുണ്ടായി. ആയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തു പെറ്റ് ഷോപ്പ് റൂൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി സംസ്ഥാന സർക്കാർ, സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പുനഃസംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും അതിനനുസരിച്ചുള്ള ചട്ടങ്ങളും അനുസരിച്ച് വളർത്തുമത്സ്യങ്ങൾ വളർത്തുന്നവർ ലൈസൻസ് നേടേണ്ടതാണ്.

(സി) ലൈസൻസ് നടപ്പാക്കുന്നതോടൊപ്പം നിയമലംഘകർക്കെതിരെ കർശന നടപടികൾക്കുവേണ്ടി ഏകീകൃത നിയമ നിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 437 (വളർത്തുനായകൾക്ക് ലൈസൻസ്

എടുക്കൽ), കേരള പഞ്ചായത്തീരാജ് (Licensing of Pigs and Dogs) റൂൾ 1998 എന്നിവ നിലവിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മൃഗങ്ങളോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സംസ്ഥാനത്ത് നിയമനടപടികൾ പോലീസും കോടതിയും നടപ്പിലാക്കിവരുന്നു. കേന്ദ്ര നിയമമായ 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (PCA Act 1960) പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും അതിനനുസരിച്ചുള്ള ചട്ടങ്ങളും അനുസരിച്ച് മത്സ്യ വളർത്തലുമായി ബന്ധപ്പെട്ട ലൈസൻസ് ലംഘനത്തിന് നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

**മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ വൈവിദ്ധ്യവൽക്കരണം**

309 (1849) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

1) കന്നുകുട്ടി പരിപാലന പദ്ധതി - ഗോവർദ്ധിനി പദ്ധതി:- പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ.

2) ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീം:- മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി - മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഇത്തരം ലോണുകൾക്ക് പലിശയിനത്തിൽ 5,000 രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന സ്കീമാണിത്.

3) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി):- സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നത് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു.

4) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി:- ചാണകത്തിൽനിന്ന് ജൈവ വളം നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത ഓരോ ഗുണഭോക്താവിനും 12,500 രൂപയുടെ സഹായം ലഭിക്കും.

5) കർഷക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള LMTC-കൾ വഴി പശു വളർത്തൽ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

6) വെറ്ററിനറി സേവനം:- മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു.

7) ക്രോസ് ബ്രീഡിംഗ്:- കൃത്രിമ ബീജ സങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ക്രമമായി ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൃത്രിമ ബീജ സങ്കലനസൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര സ്ഥലങ്ങളിലേയ്ക്ക് ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് മുൻഗണന നൽകുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം കുറവായ എ.ഐ. കേന്ദ്രങ്ങൾ ഇത്തരം കേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പുനഃക്രമീകരിക്കുന്നതാണ്.

8) കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി:- ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഒരു ഗുണഭോക്താവിന് 25,000/ രൂപധനസഹായം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിദ്ധ്യവൽക്കരണവും ആധുനികവൽക്കരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വിവിധങ്ങളായ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീരഗ്രാമം, ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം, ആവശ്യാധിഷ്ഠിത ധനസഹായം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ, വിവിധങ്ങളായ തീറ്റപ്പുൽകൃഷി പദ്ധതികളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനങ്ങൾ

മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. കേരളത്തിലെ 14 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകൾക്കും 3 അതിർത്തി ചെക്ക്പോസ്റ്റുകൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും പ്രവർത്തനങ്ങൾക്കുമായും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് ഈ വകുപ്പുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടത്; എന്തൊക്കെ നടപ്പാക്കാൻ കഴിഞ്ഞു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിട്ട പദ്ധതികൾ എല്ലാം പൂർത്തീകരിച്ചു. കൂടാതെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള രണ്ട് ഹൈടെക് ട്രെയിനിംഗ് ഹോസ്റ്റലുകൾ, ഓഫീസ് കോൺഫറൻസ് ഹാൾ, ട്രെയിനികൾക്ക് വിശ്രമ സങ്കേതം, കമ്പ്യൂട്ടർ ഹാൾ എന്നീ ആവശ്യങ്ങൾക്കാണ് ഇത് നടപ്പിലാക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ക്ഷീരവികസന വകുപ്പ് ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ക്ഷീരവികസന വകുപ്പിന്റെ 'കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻഷൻ സെന്റർ' എന്ന പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി സെപ്റ്റംബർ 8-ാം തീയതി 2021-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. വകുപ്പിന്റെ വ്യത്യസ്തങ്ങളായ പദ്ധതികളിന്മേലുള്ള വിഭവസമാഹരണം, വിവര ശേഖരണം, സംയോജനം ലഭിച്ച വിവരങ്ങളിന്മേലുള്ള സ്വയംപ്രവർത്തിത ക്രമീകരണം/ഏകീകരണം എന്നിവ ഏകോപിപ്പിച്ച് സമഗ്രവും സ്ഥായിയുമായ ക്ഷീരവികസനമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

### സമ്പുഷ്ട മാംസാഹാരം

310(1850) <u>ശ്രീ. എ. സി. മൊയ്തീൻ:</u>

<u>ശ്രീമതി കാനത്തിൽ ജമീല:</u>

<u>ശ്രീ. വി. ജോയി:</u>

<u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാംസാഹാരം കഴിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആധുനിക മാംസ വിൽപ്പനശാലകളും അറവുശാലകളും ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 2013-ലെ സർക്കാർ സെൻസസ് പ്രകാരം 15,680-ഓളം അറവുശാലകൾ സംസ്ഥാനത്തുണ്ട്.

(ബി) അനധികൃത അറവുശാലകൾ വഴി രോഗംബാധിച്ചതും ചത്തതുമായ ആടുമാടുകളുടെ മാംസം വിതരണം ചെയ്യുന്നത് ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ ഇടയാക്കുമെന്ന അഭിപ്രായം ഗൗരവമായി പരിഗണിക്കുമോ?

അനധികൃത അറവുശാലകൾ വഴി രോഗംബാധിച്ചതും ചത്തതുമായ ആടുമാടുകളുടെ മാംസം വിതരണം ചെയ്യുന്നത് ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ ഇടയാക്കുന്നതാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ്- കശാപ്പുശാലകളും ഇറച്ചിക്കടകളും ചട്ടങ്ങൾ പ്രകാരം, അനധികൃത അറവ് തടയാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മാംസാഹാരികളായ ഉപഭോക്താക്കളുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകി മാംസത്തെ ശാസ്ത്രീയമായി സംസ്കരിച്ച് സമ്പുഷ്ടമായ ഇറച്ചിയാക്കി ശീതീകരിച്ച് സംസ്ഥാനത്താകെ വിതരണം നടത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

എം.പി.ഐ.-യുടെ കീഴിൽ ഇടയാറിൽ ഒരു അത്യാധുനിക അറവുശാല സ്ഥാപിച്ചുപ്രവർത്തിക്കുന്നു. ഇതിൽ ദിനംപ്രതി 200 കാള/പോത്ത്, 200 പന്നി എന്നിവയെ കശാപ്പ് ചെയ്ത് 26 മെട്രിക് ടൺ ഇറച്ചി സംസ്കരിക്കാനുള്ള ഉത്പാദന ശേഷിയുണ്ട്. ഇതിനുപരി ആട്, ചെറിയ ഇനം പന്നി എന്നിവയെ കശാപ്പ് ചെയ്ത് ദിനംപ്രതി ഒന്നര മെട്രിക് ടൺ ഇറച്ചി സംസ്കരിക്കുന്നതിനുള്ള ഫാക്ടറിയും 2500 കോഴികളെ സംസ്കരിക്കുന്ന പൗൾട്രി പ്രോസസ്സിംഗ് പ്ലാന്റും പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ പ്ലാന്റ് 1350 ലക്ഷം രൂപ ചെലവിൽ ഏരൂർ, പുനലൂർ, കൊല്ലം ജില്ലയിൽ പണിപൂർത്തിയാക്കി 2021 നവംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇവിടെ ദിനംപ്രതി 2000 കിലോഗ്രാം മൂല്യവർദ്ധിത ഇറച്ചി ഉത്പന്നങ്ങൾ സംസ്കരിക്കാനുള്ള ഉത്പാദന ശേഷിയുണ്ട്. കമ്പനി നേരിട്ട് 7 അത്യാധുനിക മാംസവില്പനശാലകൾ പ്രവർത്തിപ്പിക്കുന്നു. ഇതിനുപരി 650-ഓളം ഡീലർ ഷോപ്പുകൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നു. ഓൺലൈൻ വില്പനയുള്ള ഏജൻസി, മൊബൈൽ സെയിൽസ് വാൻ സംവിധാനം ഇവയും ഒരുക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മേജർ സ്റ്റേഷനുകളിൽ എം.പി.ഐ.-യുടെ ആധുനിക മാംസ വില്പനശാലകൾ കമ്പനി നേരിട്ട് നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സമഗ്ര പദ്ധതി

311 (1851) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി പുതിയ ഇനം പശുക്കളെയും കോഴികളെയും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ഇവിടെയുള്ള നാടൻ ഇനങ്ങളെ സംരക്ഷിക്കുന്നതിനുമായി പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മമായ ആസൂത്രണത്തോടുകൂടി മൃഗസംരക്ഷണ വകുപ്പ് പ്രജനന നയം നടപ്പിലാക്കിയതിന്റെ ഫലമായി കേരളത്തിലെ കന്നുകാലികളുടെ ഉത്പ്പാദനക്ഷമത 3 ലിറ്ററിൽനിന്നും പതിന്മടങ്ങ് വർദ്ധിച്ചു. ഇന്ന് സംസ്ഥാനത്ത് പാലുത്പാദനം ശരാശരി 10.2 ലിറ്റർ ആണ്. ആവശ്യത്തിന് പാൽ ലഭ്യമാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുള്ളതിനാൽ പുതിയ ഇനം പശുക്കളെ കേരളത്തിലേയ്ക്ക് കൊണ്ടുവരേണ്ട സാഹചര്യമില്ല. കൂടാതെ രോഗപ്രതിരോധ ശേഷി കണക്കിലെടുത്തു തനത് ജനുസ്സുകളെ സംരക്ഷിക്കുന്നതിനായി നാടൻ ഇനങ്ങളെ കണ്ടെത്തി അവയുടെ ജനിതക പഠനം നടത്തുന്നതിന് വകുപ്പ് ശ്രമം നടത്തിവരുന്നു. വെച്ചൂർ, കാസർഗോഡ് കുള്ളൻ, വയനാടൻ കുള്ളൻ, ചെറുവള്ളി, പെരിയാർ കുള്ളൻ തുടങ്ങിയ നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനായി അവയുടെ ഗാഢ ശീതീകരിച്ച ശുദ്ധ ബീജമാത്രകൾ കെ.എൽ.ഡി. ബോർഡ് മുഖേന ഈ ഇനങ്ങൾ കണ്ടുവരുന്ന പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നു. നിലവിൽ വെച്ചൂർ പശുക്കളെ നാടൻ ഇനമായി അംഗീകരിച്ചിട്ടുണ്ട്. കാസർകോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഈ ഇനത്തിനായി ഒരു ഫാം തന്നെ സർക്കാർ തുടങ്ങിയിട്ടുണ്ട്. വയനാടൻ കുള്ളൻ ഇനത്തിന്റെ ജനിതക പഠനം വകുപ്പിന്റെ ധനസഹായത്തോടെ കെ.എൽ.ഡി. ബോർഡിന്റെ ജീനോമിക് ലാബിൽ നടത്തിവരുന്നു. വെച്ചൂർ പശുക്കളുടെയും ചെറുവള്ളി, വയനാടൻ കുള്ളൻ തുടങ്ങിയ ഇനങ്ങളുടെയും സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ തയാറാക്കി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷനിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. നാടൻ കോഴി ഇനങ്ങളുടെ സംരക്ഷണ ഉദ്ദേശത്തോടുകൂടി മൃഗസംരക്ഷണ വകുപ്പിന്റെ

മലമ്പുഴ ചെങ്ങന്നൂർ, തോട്ടത്തറ ഫാമുകളിൽ അസീൽ, കടക്ക്നാഥ് എന്ന് അറിയപ്പെടുന്ന കരിങ്കോഴി, naked neck, തലശ്ശേരി എന്നീ ഇനങ്ങളെ വളർത്തി വിപണനം ചെയ്തുവരുന്നു. നാടൻ താറാവ് ഇനങ്ങളായ ചാര, ചെമ്പല്ലി എന്നിവയെ പത്തനംതിട്ട ജില്ലയിലെ നിരണം ഡക്ക് ഫാമിൽ പരിപാലിച്ച് മഞ്ചാടി ഡക്ക് ഹാച്ചറി വഴി താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് വ്യാപകമായി നൽകിവരുന്നു. പ്രസ്തുത നാടൻ താറാവ് ഇനങ്ങളെ കർഷകർക്ക് നൽകാനുള്ള ഉദ്ദേശത്തോടുകൂടി മലപ്പുറം കേന്ദ്രീകരിച്ച് ഒരു ഡക്ക് ഫാം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് വികസിപ്പിച്ചെടുത്ത, മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ വഴി നൽകുന്ന ഇറച്ചിക്കും മുട്ടയ്ക്കും അനുയോജ്യമായ കോഴി ഇനമായ ഗ്രാമശ്രീ സാധാരണ കർഷകർക്ക് വീട്ടുവളപ്പിൽ വളർത്താൻ അനുയോജ്യമായതാണ്. രോഗപ്രതിരോധ ശേഷിയുള്ളതും തൊടിയിലെ ഭക്ഷ്യ അവശിഷ്ടങ്ങളും, കീടങ്ങളും ഭക്ഷിക്കുന്ന ഇനവുമായ ഗ്രാമശ്രീ കോഴികളെയാണ് RKI പദ്ധതി വഴിയും ജനകീയാസൂത്രണ പദ്ധതി വഴിയും കർഷകർക്ക് നൽകിവരുന്നത്.

## ഇറച്ചി ഉത്പാദനത്തിൽ സ്വയം പര്യാപ്തത

312 (1852) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ ഇറച്ചി കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേരളത്തിൽ മാംസത്തിന്റെ ഉപഭോഗത്തിനനുസരിച്ച് ഉരുക്കൾ ലഭ്യമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽനിന്നും ഇറച്ചിക്കുള്ള ഉരുക്കളെ കൊണ്ടുവരികയാണ് ചെയ്യുന്നത്. പാലുത്പാദനത്തിൽ കൂടുതൽ ശ്രദ്ധ നല്കിയിരുന്നതുമൂലം മൂരിക്കുട്ടികളെ സംരക്ഷിച്ച് വളർത്തിയിരുന്നില്ല. ഇറച്ചിക്കുള്ള മൃഗങ്ങളെ വളർത്തുന്നതിന് സ്ഥലലഭ്യതക്കുറവും കേരളത്തിൽ ഒരു പ്രതികൂല ഘടകമാണ്. ആയത് ഒരു പരിധിവരെ പരിഹരിക്കുന്നതിന് പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ മാംസോത്പാദനം 468880 ടൺ ആയി വർദ്ധിച്ചു. ഇറച്ചിയുടെ പ്രതിശീർഷ ലഭ്യത 34 ഗ്രാം എന്ന രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ മൃഗസംരക്ഷണ വകുപ്പിന്

സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ബ്രോയിലർ ഫാമുകൾ നിലവിലില്ല. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയ്ക്കാണ് കെപ്കോ, എം.പി.ഐ., കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനുംവേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

മാംസോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പ് പോത്തുകുട്ടി വളർത്തൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പന്നി വളർത്തൽ, ആടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മാംസാവശ്യത്തിനായി വളർത്തുന്ന ഒരു മൂരിക്കുട്ടി അടങ്ങുന്ന ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം, 10 പന്നികുഞ്ഞുങ്ങളുടെ യൂണിറ്റിന് 50,000 രൂപയുടെ ധനസഹായം, 5 പെണ്ണാടിനെയും ഒരു മുട്ടനാടിനെയും വാങ്ങുന്നതിന് 25,000 രൂപയുടെ ധനസഹായം എന്നിങ്ങനെ വിവിധയിനം പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനുംവേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു, പ്രസ്തുത പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി, കുടപ്പനക്കുന്ന്, മടിക്കൈ എന്നിവിടങ്ങളിൽ ബ്രീഡർ ഫാമുകൾ, കോട്ടുകാൽ, ഇടയാർ, കാസർഗോഡ്, വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ റെൻഡറിംഗ് പ്ലാന്റുകൾ, കോട്ടുകാൽ, ഇടയാർ എന്നിവിടങ്ങളിൽ പ്രോസസിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2500 ചെറുകിട ബ്രോയിലർ ഫാമുകളെ കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികൾ വഴി തെരഞ്ഞെടുത്ത് 50,000 രൂപ വരെ ധനസഹായം നൽകുകയും കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവരുടെ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽ നിന്നും കോഴിക്കുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വിലയ്ക്ക് സമാഹരിച്ച് ഏജൻസികളുടെ പ്രോസസിംഗ് പ്ലാന്റുകളിൽ പ്രോസസ് ചെയ്ത് മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് ആന്റിബയോട്ടിക്കുകളോ മറ്റ് ഹാനികരമായ രാസപദാർത്ഥങ്ങളോ ഇല്ലെന്ന ഗുണനിലവാരം ഉറപ്പുവരുത്തി കോഴിയിറച്ചിയായും

മൂല്യവർദ്ധിത കോഴിയിറച്ചി ഉത്പന്നങ്ങളായും വിപണന കേന്ദ്രങ്ങൾ വഴി വിപണിയിൽ എത്തിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികൾ വഴി നിലവിൽ 2500 ബ്രോയിലർ ഫാമുകളും 340 വിപണന കേന്ദ്രങ്ങളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും വിപണന കേന്ദ്രങ്ങളും വരുന്നതുവഴി കേരള ചിക്കൻ പദ്ധതി എല്ലാ പ്രദേശങ്ങളിലും വ്യാപിക്കുന്നതാണ്. തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**ക്ഷീര, പൗൾട്രി കർഷകർക്കുള്ള സഹായം**

313 (1853) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും ചുവടെ ചേർക്കുന്നു:

1) പ്രത്യേക കന്നുകുട്ടി പദ്ധതി: മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്നുപറയുന്നത് കന്നുകുട്ടിയുടെ ശാസ്ത്രീയ പരിപാലനമാണ്. അതിനുവേണ്ടി സബ്സിഡി നിരക്കിൽ പ്രസവം വരെ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും വെറ്ററിനറി സേവനവും നൽകിവരുന്നു. ഇതിലേയ്ക്കായി 12,500 രൂപ ഒരു കന്നുക്കുട്ടിക്ക് സബ്സിഡി നൽകിവരുന്നു. ഇത്തരത്തിൽ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനുവേണ്ടി മികച്ച ഉത്പാദന ക്ഷമതയുള്ള പശുക്കളെ സൃഷ്ടിക്കാൻ സാധിക്കുന്നു.

2) പോത്തുക്കുട്ടി വളർത്തൽ പദ്ധതി: മാംസാവശ്യത്തിലേയ്ക്കായി പോത്തുക്കുട്ടികളെ കർഷകർ വളർത്തി വിൽക്കുന്നു. ആയതിലേയ്ക്കായി 10,000 രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/പോത്തുക്കുട്ടി പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) <u>മുട്ടക്കോഴി പരിപാലന പദ്ധതി</u>: സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വില കൊടുത്ത് തിരിച്ചുവാങ്ങി സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴി ഇറച്ചിയും അനുബന്ധ ഉത്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമേ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. വനിതാമിത്രം പദ്ധതി നടപ്പാക്കാൻ താല്പര്യമുള്ള പഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് കർഷകർക്ക് സൗജന്യമായിട്ടോ നാമമാത്രമായി ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടോ കോഴികൾ, തീറ്റ എന്നിവ നൽകുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾ വരെ സൗജന്യമായി നൽകുന്നുണ്ട്.

4) <u>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ</u>: കേരളത്തിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി

വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്</u>: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

<u>പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും</u>: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

<u>കറവ പരിശീലനം</u>: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ഇടുക്കി പാക്കേജ്</u>: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം</u>: 50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

(ബി) കോവിഡ് കാലത്ത് ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷീര, പൗൾട്രി കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്നും എത്ര ക്ഷീര, പൗൾട്രി കർഷകർക്ക് ഇതിന്റെ സഹായം ലഭിച്ചിട്ടുണ്ട് എന്നതിന്റെയും വിശദാംശം നൽകുമോ?

മൃഗസംരക്ഷണ വകുപ്പ് കോവിഡ്-19-ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺമൂലം 2020-ൽ വളർത്ത് മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് പ്രതിസന്ധി ഉടലെടുന്നുവെന്ന് വ്യാപകമായി പരാതി ലഭിച്ച സാഹചര്യത്തിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിൽ നിന്നും 5 കോടി രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിക്കുകയുണ്ടായി. ആയതിൽനിന്നും 4.62 കോടി രൂപ ക്ഷീര, പൗൾട്രി കർഷകർക്ക് നല്കുന്നതിനായി ജില്ലകൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. ജില്ലകളിൽനിന്നും ലഭ്യമായ ഫണ്ട് റിക്വസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക വിതരണം ചെയ്തത്. ആയതിനാൽ സഹായം ലഭ്യമായ കർഷകരുടെ വിവരങ്ങൾ ലഭ്യമല്ല. ജില്ലകളിൽ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ക്ഷീരവികസന വകുപ്പ് കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘം എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്തുവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 1.00 (ഒരു രൂപ മാത്രം) രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകി. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പിന്റെ ഓഫീസുകൾ

314 (1854)ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ/ ക്ഷീരവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

I. ഐക്കരനാട് പഞ്ചായത്ത്

1) വെറ്ററിനറി ഡിസ്പെൻസറി, പാങ്കോട്

2) വെറ്ററിനറി സബ് സെന്റർ, ഐക്കരനാട്

3) വെറ്ററിനറി സബ് സെന്റർ, ഏഴിപ്രം

II. കിഴക്കമ്പലം പഞ്ചായത്ത്

വെറ്ററിനറി ഹോസ്പിറ്റൽ, കിഴക്കമ്പലം

III. കുന്നത്തുനാട് പഞ്ചായത്ത്

1) വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങാല

2) വെറ്ററിനറി സബ് സെന്റർ, വലമ്പൂർ.

IV. മഴുവന്നൂർ പഞ്ചായത്ത്

1) വെറ്ററിനറി ഡിസ്പെൻസറി, നെല്ലാട്

2) വെറ്ററിനറി സബ് സെന്റർ, കുന്നക്കുരുടി

3) വെറ്ററിനറി സബ് സെന്റർ, നെല്ലാട്.

V. പൂതൃക്ക പഞ്ചായത്ത്

വെറ്ററിനറി ഹോസ്പിറ്റൽ, കോലഞ്ചേരി

VI. <u>തിരുവാണിയൂർ പഞ്ചായത്ത്</u>

1) വെറ്ററിനറി ഡിസ്പെൻസറി, വെണ്ണിക്കുളം

2) വെറ്ററിനറി സബ് സെന്റർ, തിരുവാണിയൂർ

VII. <u>വടവുകോട് - പുത്തൻകുരിശ്ശ് പഞ്ചായത്ത്</u>

വെറ്ററിനറി ഹോസ്പിറ്റൽ, പുത്തൻകുരിശ്ശ്

VIII. <u>വാഴക്കുളം പഞ്ചായത്ത്</u>

1) വെറ്ററിനറി ഡിസ്പെൻസറി, മഞ്ഞപ്പെട്ടി

2) വെറ്ററിനറി സബ് സെന്റർ, സൗത്ത് വാഴക്കുളം

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ക്ഷീര വികസന വകുപ്പിന്റെ കീഴിൽ വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്.

(ബി) ഇതിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ?

ഇതിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഒന്നുംതന്നെ മൃഗസംരക്ഷണ വകുപ്പിന് കീഴിലില്ല. എന്നാൽ ക്ഷീര വികസന വകുപ്പിന് കീഴിലുള്ള വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) കെട്ടിടനിർമാണം പൂർത്തീകരിച്ചിട്ടും പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കാത്ത ഓഫീസുകളുടെ വിശദാംശം അറിയിക്കുമോ?

അത്തരം ആഫീസുകളൊന്നുംതന്നെ മൃഗസംരക്ഷണ/ക്ഷീര വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നില്ല.

**വിവിധ സേവനവിവരങ്ങളുടെ പ്രസിദ്ധീകരണം**

315 (1855) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരോല്പാദക-മൃഗസംരക്ഷണ മേഖലയിലെ കർഷകരെ സഹായിക്കുന്നതിനായി വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി ഡോക്ടർമാർ, കൃഷി ഓഫീസുകൾ, കാർഷികമേഖലയുമായി ബന്ധപ്പെട്ട അനുബന്ധ സേവനങ്ങൾ എന്നിവയുടെ വിവരങ്ങൾ പ്രാദേശിക തലത്തിൽ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സേവനാവകാശ രേഖ, പൗരാവകാശരേഖ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയത് എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് സബ്ഓഫീസുകളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

316 (1856) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മുട്ടക്കോഴി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ**

317 (1857) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള പൗൾട്രി ഫാമുകളുടെ എണ്ണം എത്രയെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ; ശരാശരി ഉത്പാദനം എത്രയെന്നറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഒരു സെൻട്രൽ ഹാച്ചറിയും 6 മേഖലാ കോഴി വളർത്തൽ കേന്ദ്രങ്ങളും 2 ജില്ലാ കോഴി വളർത്തൽ കേന്ദ്രങ്ങളും കൊല്ലത്ത് തോട്ടത്തറ ഹാച്ചറിയും ഇതിനുപുറമേ ഒരു താറാവ് വളർത്തൽ കേന്ദ്രവും ഒരു ടർക്കി വളർത്തൽ കേന്ദ്രവും ഒരു ഡക്ക് ഹാച്ചറിയും പ്രവർത്തിക്കുന്നു.

| ഫാമുകളുടെ പേര് | ശരാശരി ഉത്പാദനം (മാസത്തിൽ) 2020-21 ഒരു ദിവസം പ്രായമായ മുട്ടകോഴി/താറാവ്/ടർക്കി കുഞ്ഞുങ്ങൾ |
|---|---|
| മേഖല കോഴി വളർത്തൽ കേന്ദ്രം, മുണ്ടയാട്, കണ്ണൂർ | 32323 |
| മേഖല കോഴി വളർത്തൽ കേന്ദ്രം, ചാത്തമംഗലം, കോഴിക്കോട് | 29463 |
| ജില്ലാ കോഴി വളർത്തൽ കേന്ദ്രം, ആതവനാട്, | 11397 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| മലപ്പുറം | |
| മേഖലാ കോഴി വളർത്തൽ കേന്ദ്രം, മലമ്പുഴ, പാലക്കാട് | 21556 |
| മേഖലാ കോഴി വളർത്തൽ കേന്ദ്രം, കുവപ്പടി, എറണാകുളം | 22417 |
| ജില്ലാ കോഴി വളർത്തൽ കേന്ദ്രം, കോലാനി, ഇടുക്കി | 15348 |
| മേഖലാ കോഴി വളർത്തൽ കേന്ദ്രം, മണർക്കാട് | 32318 |
| ആർ.പി.എഫ്., കുടപ്പനക്കുന്ന് | 34139 |
| സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ | 42197 |
| ഡക്ക് ഫാം, നിരണം | 3862 |
| ഡക്ക് ഹാച്ചറി & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മഞ്ഞാടി | 31716 |
| ജില്ലാ ടർക്കി ഫാം , കൊല്ലം | 2124 |
| തോട്ടത്തറ ആയൂർ ഹാച്ചറി | 5330 |

(ബി) ഏതെങ്കിലും മണ്ഡലത്തിൽ പുതിയതായി പൗൾട്രി ഫാം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മുട്ടക്കോഴി ഉത്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾ വരെ സൗജന്യ നിരക്കിൽ നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേയ്ക്കായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് 5 മുട്ടക്കോഴികളെ വീതം നൽകിക്കൊണ്ട് സ്കൂൾ പൗൾട്രി ക്ലബ്ബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പാക്കിവരുന്നു. നഗരപ്രദേശങ്ങളിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിയും കൂടും പദ്ധതി, മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ എന്നിവ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

## സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ

318 (1858) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രവർത്തനരീതി വ്യക്തമാക്കാമോ?

സ്വയംതൊഴിൽ സംരംഭത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി "കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്" എന്ന പേരിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ നേരത്തെതന്നെ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. 2020-21 വരെ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 5 കോഴി, ഒരു കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇപ്പോൾ ഫണ്ടിന്റെ അപര്യാപ്തതമൂലം വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് മാത്രമായി നടപ്പാക്കുകയാണ്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട അപ്പർ പ്രൈമറി/ഹൈസ്കൂൾ ക്ലാസുകളിലെ വിദ്യാർത്ഥികൾ (5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക്) മുഖേന കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സ്കൂളിലെ അമ്പത് വിദ്യാർത്ഥികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഒരു വിദ്യാർത്ഥിക്ക് 46-60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന്, മറ്റ് ചെലവുകൾ ഉൾപ്പെടെ 650 രൂപയുടെ സഹായം നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം (2021-2022) പദ്ധതിക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്ന മുറയ്ക്ക് പദ്ധതി തുടർന്നും നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

## പൗൾട്രി മേഖലയെ ഇതരസംസ്ഥാന ലോബികളിൽനിന്നും മോചിപ്പിക്കൽ

319 (1859) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിവളർത്തൽ മേഖലയെ ഇതരസംസ്ഥാന ഹാച്ചറി ഉടമസ്ഥരുടെ കുത്തകയിൽനിന്ന് മോചിപ്പിക്കാനും കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള കൃഷി ഒഴിവാക്കി പൗൾട്രി കോർപ്പറേഷൻതന്നെ ഈ മേഖലയിൽ കാര്യക്ഷമമായി ഇടപെടാനും നടപടി ഉണ്ടാകുമോ?

കേരളത്തിലെ കോഴിവളർത്തൽ മേഖലയെ ഇതര സംസ്ഥാനങ്ങളിലെ വൻകിട ഹാച്ചറി ഉടമകളുടെ പിടിയിൽനിന്നും മോചിപ്പിക്കാനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) അധീനതയിൽ കുടപ്പനക്കുന്ന് (തിരുവനന്തപുരം ജില്ല), കൊട്ടിയം (കൊല്ലം ജില്ല), മാള (തൃശ്ശൂർ ജില്ല) എന്നീ ഹാച്ചറികൾ നവീകരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഇപ്പോൾ പ്രതിവർഷം 12 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇവിടത്തെ ഉത്പാദനം പ്രതിവർഷം 20 ലക്ഷമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊട്ടിയം, മാള ഹാച്ചറികളിൽനിന്നും ഇപ്പോൾ പ്രതിവർഷം ശരാശരി 11 ലക്ഷം മുട്ടക്കോഴികളെ ഉദ്പാദിപ്പിക്കുന്നു. ഇതിനുപുറമെ കാസർഗോഡ് ജില്ലയിൽ ഓരോ പുതിയ ഇറച്ചിക്കോഴി ഫാമും ഹാച്ചറിയും സ്ഥാപിക്കാനും കെപ്കോ തീരുമാനിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ താറാവ് കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

320 (1860) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താറാവ് കൃഷിയിലൂടെ ഉപജീവനം നടത്തുന്ന കുട്ടനാട്ടിലെ കർഷകർക്ക് അവരുടെ ജീവിത പ്രയാസങ്ങൾ മനസ്സിലാക്കി കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ?

താറാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ പകർച്ചവ്യാധി ഇൻഷ്വറൻസ് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ നടപ്പ് സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റിൽ ഇതിനായി പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) മേൽത്തരം നാടൻ താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സൗജന്യമായി താറാവ് കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി ഇല്ലെങ്കിലും 2021-22 കാലയളവിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയും വകുപ്പുതല പദ്ധതിയിൽ ഉൾപ്പെടുത്തിയും താഴെ പറയുന്ന പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ട്. 10 താറാവ് കുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് 1,200 രൂപയുടെ സഹായം നൽകിവരുന്നു.

| ക്രമ നം | സ്ഥാപനം | അനുവദിച്ച യൂണിറ്റ്(ഒരു യൂണിറ്റ് 10 എണ്ണം) | അനുവദിച്ച തുക |
|---|---|---|---|
| | റീബിൽഡ് കേരളാ പദ്ധതി 2021-22 | | |
| 1. | വെറ്ററിനറി ഡിസ്പെൻസറി, കാവാലം | 50 | 60,000 |
| 2. | വെറ്ററിനറി ഡിസ്പെൻസറി, നീലംപേരൂർ | 17 | 20,400 |
| 3. | വെറ്ററിനറി ഡിസ്പെൻസറി, തകഴി | 15 | 18,000 |
| 4. | വെറ്ററിനറി ഡിസ്പെൻസറി, പുളിങ്കുന്ന് | 150 | 1,80,000 |
| | വകുപ്പുതല പദ്ധതി 2021-22 | | |
| 1. | വെറ്ററിനറി ഡിസ്പെൻസറി, കൈനകരി | 15 | 18,200 |
| 2. | വെറ്ററിനറി ഡിസ്പെൻസറി, മുട്ടാർ | 25 | 30,300 |

(സി) രോഗംമൂലം താറാവുകൾ ചത്തൊടുങ്ങുമ്പോൾ കർഷകർക്ക് അടിയന്തരമായി സഹായം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ താറാവുകൾക്കുണ്ടാകുന്ന ഡക്ക്പ്ലേഗ്, ഡക്ക് പാസ്ചറെല്ലോസിസ് എന്നീ രോഗങ്ങൾ, പ്രകൃതിക്ഷോഭം എന്നിവമൂലം മരണമടയുന്ന താറാവുകൾക്ക് ഒന്നിന് 50 രൂപ നിരക്കിൽ പരമാവധി 50,000 രൂപ വരെ മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നും നൽകിവരുന്നു. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവയ്ക്കും നശിപ്പിക്കുന്നതുമായ താറാവുകൾക്ക് നിലവിൽ രണ്ട് മാസത്തിന് മുകളിൽ പ്രായമുള്ളവയ്ക്ക് 200 രൂപ നിരക്കിലും രണ്ട് മാസത്തിനുതാഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിവരുന്നു.

(ഡി) താറാവ് കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകുമോ; എങ്കിൽ വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വനഭൂമി പട്ടയം ലഭിച്ച കർഷകർക്ക് കോഴി വളർത്തലിന് സഹായം**

321 (1861) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര ഗ്രാമങ്ങളിൽ വനഭൂമി പട്ടയം ലഭിച്ച കർഷകർക്ക് പ്രസ്തുത ഭൂമിയിൽ കോഴി വളർത്തൽ അനുവദിക്കുന്നതിനും ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഇത്തരം പദ്ധതികൾ നിലവിലില്ല. കോഴി വളർത്തൽ കേന്ദ്രങ്ങൾക്കുള്ള ലൈസൻസുകളും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള അനുവാദം നൽകുന്നതും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളാണ്.

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ്**

322 (1862) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈനായി ചേരുന്നതിന് സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ; ആയതിന് ക്ഷീരകർഷകരെ പ്രാപ്തരാക്കുന്നതിനായി സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ എന്തൊക്കെ സേവനങ്ങളാണ് വകുപ്പ് നൽകുന്നതെന്ന് വിശദാംശം നൽകുമോ?

2017-18 വർഷം മുതൽ മൃഗസംരക്ഷണ വകുപ്പ് ഓൺലൈനായാണ് ഇൻഷ്വറൻസ് അപേക്ഷകൾ സ്വീകരിക്കുന്നത്. ആയതിന് മൃഗസംരക്ഷണ വകുപ്പ് നൽകുന്ന സേവനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഓരോ വർഷ പദ്ധതിക്കും താത്പര്യപത്രം ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ക്വാട്ട് ചെയ്യുന്ന പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് വകുപ്പ് പദ്ധതി നടപ്പിലാക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള ഒരു കർഷകൻ അടക്കേണ്ട പ്രീമിയം തുകയുടെ 50% സർക്കാർ സബ്സിഡിയായി ഈ പദ്ധതിയിൽ നൽകിവരുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള ഒരു കർഷകൻ അടക്കേണ്ട പ്രീമിയം തുകയുടെ 70% സർക്കാർ സബ്സിഡിയായി ഈ പദ്ധതിയിൽ നൽകിവരുന്നു. കർഷകൻ മൃഗാശുപത്രിയുമായി ബന്ധപ്പെട്ടാൽ മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ ഉരുവിനെ പരിശോധിച്ച്, കാതിൽ തിരിച്ചറിയൽ രേഖയായി കമ്മൽ അടിച്ച്, അതിന്റെ ഫോട്ടോ എടുത്ത്, പ്രീമിയം തുക ബാങ്കിൽ അടച്ച് അതിന്റെ റഫറൻസ് നമ്പർ എന്നിവ എന്റർ ചെയ്ത്

അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നു. കർഷകർക്ക് അവരുടെ ഉരുവിനെ ഇൻഷ്വർ ചെയ്യുവാനുള്ള പ്രീമിയം തുക ഓൺലൈനായി കർഷകരുടെ തന്നെ അക്കൗണ്ടിൽനിന്നും അടയ്ക്കാനുള്ള സൗകര്യമുണ്ട്. ആയത് പ്രയോജനപ്പെടുത്തുന്ന കർഷകർ നിലവിലുണ്ട്. ഇൻഷ്വർ ചെയ്ത ഉരുവിന് മരണം സംഭവിക്കുന്നതും ഓൺലൈനായാണ് കമ്പനിയെ അറിയിക്കുന്നത്. ഇൻഷ്വർ ചെയ്ത ഉരുവിന്റെ കാതിലെ കമ്മൽ നഷ്ടപ്പെട്ടാൽ ഉടനടി കമ്മൽ മാറ്റി പോളിസി പുതുക്കുന്നതും ഓൺലൈനായാണ്. ഇൻഷ്വർ ചെയ്തിട്ടുള്ള ഉരുവിനെ മറ്റൊരാൾക്ക് വിറ്റാൽ പുതിയ ഉടമയുടെ പേരിലേയ്ക്ക് പോളിസി കൈമാറ്റം ചെയ്യുന്നതിനും ഓൺലൈൻ സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന ക്ലെയിമുകൾ നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിവരുന്നത്. കൂടാതെ ഉരുവിന്റെ ഉടമയായ കർഷകന് ഒരു വർഷത്തേയ്ക്ക് 50 രൂപ, 3 വർഷത്തേയ്ക്ക് 150 രൂപ എന്ന നിലയിൽ പ്രീമിയം അടച്ചാൽ 5 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷയും വകുപ്പ് നൽകിവരുന്നു. 65,000 രൂപ മതിപ്പുവിലയുള്ള ഉരുവിനെ ഒരു വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്യാൻ 635 രൂപയും മൂന്ന് വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്യാൻ 1,577 രൂപയും മാത്രമേ കർഷകൻ അടയ്ക്കേണ്ടതുള്ളൂ. മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം നിരക്ക് വളരെ തുച്ഛമായതിനാലും ഓൺലൈനായി മൃഗാശുപത്രി മുഖേന നടപ്പിലാക്കുന്നതിനാലും ഇതൊരു കർഷക സൗഹൃദ പദ്ധതിയാണ്.

## പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം

323 (1863) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലുല്പാദനത്തിനായി ഇതരസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തിക്കുന്ന പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

പാലുല്പാദനത്തിനായി ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തിക്കുന്ന പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ കന്നുകാലികളെ ഇൻഷ്വർ ചെയ്യാനായി മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം.' ഇൻഷ്വറൻസ് പദ്ധതി. ഇതിൽ 7 ലിറ്ററിന് മുകളിൽ പാലുത്പ്പാദിപ്പിക്കുന്ന 2 വയസ്സ് മുതൽ 10 വയസ്സുവരെ പ്രായമുള്ള കറവപ്പശുക്കളെയോ 7 മാസത്തിന് മുകളിൽ ചെനയുള്ള കിടാരികളെയോ ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയം തുകയിൽ 50% സബ്സിഡി നൽകുന്നതിനായി 5 കോടി രൂപ ഈ പദ്ധതിക്കായി സർക്കാർ ഓരോ വർഷവും നൽകിവരുന്നു.

## പട്ടാമ്പിയിൽ വെറ്ററിനറി പോളിക്ലിനിക്ക്

324 (1864) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഒരു പോളിക്ലിനിക്ക് ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നല്ല രീതിയിൽ പ്രവർത്തിക്കുന്ന നിരവധി ക്ഷീരസംഘങ്ങളുള്ള പട്ടാമ്പിയിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പിയിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മുല്ലശ്ശേരി മൃഗാശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തൽ

325 (1865) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ നാല് പഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന മുല്ലശ്ശേരി മൃഗാശുപത്രിയിൽ ലാബ് അടക്കമുള്ള സംവിധാനങ്ങളൊരുക്കി നിലവാരം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശേരി വെറ്ററിനറി ഡിസ്പെൻസറിയെ ലാബ് സൗകര്യങ്ങളുള്ള വെറ്ററിനറി പോളിക്ലിനിക്ക് ആയി ഉയർത്താനുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക്ക് ആയി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ സാധിച്ചില്ല.

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ രാത്രികാലത്ത് ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ രാത്രികാല വെറ്ററിനറി സേവനം അനുവദിച്ചിട്ടുണ്ട്.

## അയിരൂർപാടം വെറ്ററിനറി സബ് സെന്റർ

326 (1866) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അയിരൂർപാടം കേന്ദ്രീകരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ വെറ്ററിനറി സബ് സെന്റർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഗണിക്കാമോ?

ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സബ്സെന്റർ ആരംഭിക്കുന്നത് പരിഗണനയിലില്ല.

(ബി) കന്നുകാലികളും ക്ഷീര കർഷകരും ധാരാളമുള്ള അയിരൂർപാടം നിവാസികൾക്ക് മൃഗങ്ങളുടെ കുത്തിവയ്പിനും മറ്റാവശ്യങ്ങൾക്കുമായി മൃഗാശുപത്രിയിൽ എത്തിച്ചേരാൻ ദീർഘദൂരം സഞ്ചരിക്കേണ്ടതിനാൽ അയിരൂർപാടം കേന്ദ്രീകരിച്ച് പുതിയ വെറ്ററിനറി സബ്സെന്റർ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഗണിക്കുമോ?

ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സബ്സെന്റർ ആരംഭിക്കുന്നത് പരിഗണനയിലില്ല. എറണാകുളം ജില്ലയിൽ കൃത്രിമ ബീജദാനത്തിന്റെ എണ്ണം കുറവുള്ള സബ്സെന്റർ അയിരൂർപാടത്ത് പുനർവിന്യസിക്കുന്നതിന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിനായി ക്ഷീര കർഷകർക്ക് ഉപകരിക്കാത്ത എറണാകുളം ജില്ലയിലെ സബ്സെന്ററുകളെ പുനഃക്രമീകരിച്ച് അയിരൂർപാടം കേന്ദ്രീകരിച്ച് പുതിയ വെറ്ററിനറി സബ്സെന്റർ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ കൃത്രിമ ബീജദാനത്തിന്റെ എണ്ണം കുറവുള്ള സബ്സെന്റർ അയിരൂർപാടത്തേയ്ക്ക് പുനർവിന്യസിക്കുന്നതിന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർനടപടികളുടെ ഭാഗമായി എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ എറണാകുളം ജില്ലയിൽ പത്തിൽ താഴെ കൃത്രിമ ബീജദാനം നടത്തുന്ന ഉപകേന്ദ്രങ്ങൾ തിരഞ്ഞെടുത്തതിൽ ചേരാനെല്ലൂർ ഏറ്റവും കുറഞ്ഞ ബീജദാനം നടക്കുന്ന ഉപകേന്ദ്രമായി കണ്ടെത്തുകയും ടി സ്ഥാപനത്തെ പിണ്ടിമന ഗ്രാമപഞ്ചായത്തിലെ അയിരൂർപാടത്തേയ്ക്ക് പുനർവിന്യാസം നടത്തുന്നതുമായി ബന്ധപ്പെട്ട് ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പുനർവിന്യാസം നടത്തുന്ന

നടപടിയിൽ ആക്ഷേപമുണ്ടെങ്കിൽ അറിയിക്കുന്നതിനും കൂടാതെ 2013-2014 സാമ്പത്തിക വർഷത്തിൽ പുതിയ സബ്സെന്ററിനായി 4,50,000 രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചശേഷം സബ്സെന്ററിനുവേണ്ട സ്ഥലവും കെട്ടിടവും കണ്ടെത്തിയിട്ടില്ലാത്തതിനാൽ ടി തുക തിരിച്ചടയ്ക്കാനും നിർദ്ദേശം നൽകി. വെറ്ററിനറി സബ്സെന്റർ നിർമ്മാണം വാട്ടർ മെട്രോ പ്രോജക്ടിനൊപ്പം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതിനാൽ സബ്സെന്റർ ചേരാനെല്ലൂരിൽത്തന്നെ നിലനിർത്തുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുകയാണ്.

**നിലമ്പൂർ മണ്ഡലത്തിലെ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവ്**

327 (1867) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ എത്ര മൃഗാശുപത്രികളിലാണ് സ്ഥിരമായി ഡോക്ടർമാരില്ലാത്തതെന്ന് അറിയിക്കാമോ; മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒന്ന്; നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം മൃഗാശുപത്രികളിലാണ് രാത്രികാലങ്ങളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും രാത്രികാല ഡോക്ടർമാരുടെ വേതനം നൽകുന്നതിനാവശ്യമായ തുക അനുവദിക്കേണ്ടത് ആരാണെന്നും വിശദമാക്കാമോ?

നിലമ്പൂർ മൃഗാശുപത്രിയിൽ മാത്രമാണ് രാത്രികാല വെറ്ററിനറി സേവനം നിലവിലുള്ളത്. അവിടെ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നത് മൃഗസംരക്ഷണ വകുപ്പിൽനിന്നാണ്.

(സി) മലപ്പുറം ജില്ലയിൽ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി വീട്ടുപടിക്കൽ ചികിത്സ എന്ന മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മലപ്പുറം ജില്ലയിലേയ്ക്ക് പുതുതായി മൊബൈൽ യൂണിറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. മലപ്പുറം ജില്ലയിലേയ്ക്ക് പുതുതായി മൊബൈൽ യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിൽ മൃഗഡോക്ടറുടെ രാത്രികാലസേവനം

328 (1868) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മൃഗഡോക്ടറുടെ രാത്രികാല സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. വെറ്ററിനറി ഡോക്ടറുടെ രാത്രികാല സേവനത്തിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തി നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വളർത്തുമൃഗങ്ങൾ രാത്രികാലത്ത് പരിചരണം ലഭിക്കാതെ ബുദ്ധിമുട്ടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഏത് ക്ലിനിക് കേന്ദ്രീകരിച്ചാണ് രാത്രികാലസേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വെറ്ററിനറി പോളിക്ലിനിക്ക്, പേരാമ്പ്ര.

## ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

329(1869) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഇറച്ചിക്കോഴിയുടെ വലിയൊരു ഭാഗം അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2021 ഓഗസ്റ്റ് മാസത്തെ ചെക്ക്പോസ്റ്റുകളിലെ കണക്കുകൾ പ്രകാരം 22,99,227 എണ്ണം ഇറച്ചിക്കോഴികളാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വന്നിട്ടുള്ളത്.

(ബി) സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾ രോഗവിമുക്തമാണെന്നും പക്ഷിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ എടുത്തതാണെന്നും ഉറപ്പുവരുത്തുന്നതിന് ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിൽ സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പക്ഷിമൃഗാദികളിൽ നിലവിൽ ആരോഗ്യപരിശോധന നടത്തുകയും ആവശ്യം വരുന്ന മുറയ്ക്ക് ലാബ് ടെസ്റ്റ് നടത്തുകയും ചെയ്യുന്നു. പക്ഷിപ്പനി പോലെയുള്ള രോഗബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ രോഗനിരീക്ഷണവും രോഗപരിശോധനയും കൂടുതൽ ശക്തമാക്കാറുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ മാരകമായ ഹോർമോണുകൾ അടങ്ങിയിട്ടുണ്ടെന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെക്ക്പോസ്റ്റുകളിൽ ആയത് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത വാർത്തകൾ അടിസ്ഥാനരഹിതമാണ്.

(ഡി) ഇറച്ചിക്കോഴിയുടെ ആഭ്യന്തര ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് കെപ്കോ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് കർഷകർക്ക് സഹായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി ഉൽപാദന കേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇവിടെനിന്നും വർഷംതോറും 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നു. അടുത്ത വർഷം മുതൽ ഇത് 20 ലക്ഷമായി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുറമെ കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്താനുള്ള ഒരു പദ്ധതിയും കെപ്കോ നടപ്പാക്കിവരുന്നു. കൂടാതെ ഇറച്ചിക്കോഴി വളർത്തലിൽ താൽപ്പര്യമുള്ള കർഷകർക്കുവേണ്ടി കോൺട്രാക്ട് ഫാമിംഗ് എന്ന പദ്ധതിയും കെപ്കോ നടപ്പാക്കുന്നുണ്ട്. കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കുടുബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉല്പാദനത്തിനും വിപണനത്തിനുംവേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2600 ചെറുകിട ബ്രോയിലർ ഫാമുകളെ കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികൾ വഴി തെരഞ്ഞെടുത്ത് 50,000 രൂപ വരെ ധനസഹായം നൽകുകയും ഏജൻസികളുടെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള

ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക് അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽനിന്നും കോഴിക്കുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വിലയ്ക്ക് സമാഹരിച്ച് ഏജൻസികളുടെ പ്രോസസ്സിംഗ് പ്ലാന്റുകളിൽ പ്രോസസ്സ് ചെയ്ത് മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് ആന്റിബയോട്ടിക്കുകളോ മറ്റ് ഹാനികരമായ രാസപദാർത്ഥങ്ങളോ ഇല്ലെന്ന ഗുണനിലവാരം ഉറപ്പുവരുത്തി കോഴി ഇറച്ചിയായും വാല്യൂ ആഡഡ് ചിക്കൻ പ്രോഡക്ട്സായും പദ്ധതിയുടെ സെയിൽസ് ഔട്ട്‌ലെറ്റ് വഴി വിപണിയിൽ എത്തിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കെപ്കോ, എം.പി.ഐ., കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും 240 സെയിൽസ് ഔട്ട്‌ലെറ്റുകളും സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും സെയിൽസ് ഔട്ട്‌ലെറ്റുകളും വരുന്നതുവഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിക്കുന്നതാണ്.

## മുൻകാലപ്രാബല്യത്തോടെ പെൻഷൻ

330 (1870) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരംകുളം പൗൾട്രി യൂണിറ്റിൽ 14-1-1966 മുതൽ 22-1-1971 വരെ കാഷ്വൽ ലേബറായും 23-7-1971 മുതൽ 30-4-1989 വരെ സ്ഥിരം ലേബറായും ജോലി ചെയ്ത ശ്രീ. പി. ചെല്ലമുത്തു നാടാർ, പ്രതിഭാ നിവാസ്, പരുത്തിവിള, കാഞ്ഞിരംകുളം പി.ഒ. എന്ന വ്യക്തിക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) രോഗിയായ ഭാര്യയോടൊപ്പം നിത്യവൃത്തിക്കുപോലും വരുമാനമില്ലാതെ കഷ്ടപ്പെടുന്ന ടിയാന് മുൻകാലപ്രാബല്യത്തോടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ശ്രീ. ചെല്ലമുത്തു നാടാർ യഥാക്രമം 2009, 2011, 2016 വർഷങ്ങളിൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പെൻഷനും മറ്റാനുകൂല്യങ്ങളും വേണ്ടെന്ന നിബന്ധനയിന്മേലാണ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാൻ 60 വയസ്സുവരെ സർവീസിൽ തുടർന്നത്. അതുകൊണ്ട് നിലവിലുള്ള നിയമപ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹനല്ലെന്നും അപ്രകാരം 60 വയസ്സുവരെ സർവ്വീസിൽ തുടരുന്നവർക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം പുനഃപരിശോധിച്ച്

നിയമത്തിൽ മാറ്റംവരുത്തണമെന്നത് നിലവിലുള്ള സാഹചര്യത്തിൽ പരിഗണിക്കാൻ കഴിയില്ലെന്ന വിവരം സർക്കാർ 11-11-2009-ലെ 25702/ എ.എച്ച്.എഫ്3/09/എഡി. നമ്പർ കത്ത് പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. 2011-ൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം 11-12-2014-ലെ 35925/എ.എച്ച്.ഇ 2/2012/എഡി. നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിക്കുകയും ആയതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ടിയാൻ 2016-ൽ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും 60 വയസ്സുവരെ ശമ്പളവും മറ്റാനുകൂല്യങ്ങളും വാങ്ങിയ സ്ഥിരം തൊഴിലാളികൾക്ക് അവരുടെ 55 വയസ്സുവരെയുള്ള സേവന കാലത്തിന് പെൻഷൻ അനുവദിക്കുന്നത് 55 വയസ്സിൽ വിരമിക്കാൻ തീരുമാനമെടുത്ത തൊഴിലാളികളുടെ പരാതിക്ക് കാരണമാകും എന്നതിനാലും വിവേചനപരമായ ഇത്തരത്തിലുള്ള തീരുമാനങ്ങൾ കോടതി വ്യവഹാരങ്ങൾക്ക് വഴിവയ്ക്കും എന്നതിനാലും പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം 20-5-2016-ലെ ഇ 2/146/2016-എ.എച്ച്. നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

**ഗ്രാമീണ മേഖലയിൽ ഫാമുകൾ**

331 (1871) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ എല്ലാ സാങ്കേതിക സഹായവും ചെയ്തുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് തീറ്റയ്ക്ക് സബ്സിഡിയായി കർഷകന് 12,500 രൂപ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതി, പോത്തുകുട്ടി വളർത്തൽ പദ്ധതി മുഖേന മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെവളർത്തുന്നതിന് കർഷകർക്ക് 10,000 രൂപയുടെ സബ്സിഡി നൽകുന്ന പദ്ധതി, ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഗുണഭോക്താവിന് 5 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിനു 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതി, വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പ്രോത്സാഹിപ്പി

ക്കുന്നതിന് 50 സെന്റ് കൈവശമുള്ള ഗുണഭോക്താവിന് 19 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിന് 1,00,000 രൂപ ധനസഹായം നൽകുന്ന പദ്ധതി എന്നിവ ഗ്രാമീണ മേഖലയിൽ ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കോഴിവളർത്തൽ ഫാമുകളിൽനിന്നും ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറികൾക്ക് നൽകി 45 മുതൽ 60 ദിവസം വരെ പ്രായമാകുമ്പോൾ വിവിധ പദ്ധതികൾ മുഖേന ജനങ്ങൾക്ക് നൽകുന്നത് വഴിയും ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേരള ചിക്കൻ പദ്ധതി പ്രകാരം ആരംഭിക്കുന്ന 2,500 ബ്രോയിലർ ഫാമുകൾ വഴിയും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

(ബി) പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

1) <u>പ്രത്യേക കന്നുകുട്ടി പദ്ധതി</u>: മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ലക്ഷ്യം കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനമാണ്. അതിനുവേണ്ടി സബ്സിഡി നിരക്കിൽ കന്നുകാലികളുടെ പ്രസവം വരെ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും വെറ്ററിനറി സേവനവും നൽകിവരുന്നു. ഇതിലേയ്ക്കായി 12,500 രൂപ ഒരു കന്നുകുട്ടിക്ക് സബ്സിഡി നൽകിവരുന്നു.

2) <u>പോത്തുകുട്ടി വളർത്തൽ പദ്ധതി</u>: മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ വളർത്തി വിൽക്കുന്നതിനായി 10,000 രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/പോത്തുകുട്ടി പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) <u>ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി</u>: ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഗുണഭോക്താവിന് 5 പെണ്ണാടും ഒരു മുട്ടനാടും വളർത്തുന്നതിന് 25,000 രൂപ ധനസഹായം നൽകുന്നു.

4) <u>വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പദ്ധതി</u>: വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 50 സെന്റ് കൈവശമുള്ള ഗുണഭോക്താവിന് 1,00,000 രൂപ ധനസഹായം നൽകുന്നു.

5) മുട്ടക്കോഴി പരിപാലന പദ്ധതി: കോഴിമുട്ടയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് വകുപ്പിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ കോഴിവളർത്തൽ ഫാമുകളിൽ വളർത്തുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറികൾക്ക് നൽകി 45 മുതൽ 60 ദിവസം വരെ പ്രായമാകുമ്പോൾ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി വകുപ്പിന്റെ പദ്ധതികൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വഴിയും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി ആവശ്യമായ ഇടപെടലുകൾ നടത്തിവരികയാണ്. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നീ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ചെറുകിട ബ്രോയ്ലർ ഫാം നടത്തുന്ന കർഷകരെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി പൊതുജനങ്ങൾക്ക് നൽകുവാനുള്ള ഉദ്ദേശത്തോടുകൂടി കേരള ചിക്കൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു.

(സി) ക്ഷീര കർഷകർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുമോയെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉരുവിന്റെ ഉടമയായ കർഷകന് 50 രൂപ, 150 രൂപ പ്രീമിയം നിരക്കിൽ ഒരു വർഷ, മൂന്ന് വർഷ കാലയളവുകളിലേയ്ക്ക് 5 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. ക്ഷീരസാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു.

(ഡി) ഗുണനിലവാരമുള്ള മാംസാഹാരം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സർക്കാർ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ശാസ്ത്രീയമായി ഉരുക്കളെ അറവുചെയ്ത് ഗുണനിലവാരമുള്ള മാംസവും സോസേജ്, കട്ട്ലറ്റുകൾ തുടങ്ങിയ വാല്യൂ ആഡഡ് പ്രോഡക്ട്സും സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ എത്തിക്കുന്നു. കൂടാതെ ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെക്നിക്കൽ അഡ്വൈസുകൂടി വകുപ്പ് നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിനെ നോഡൽ

ഏജൻസിയാക്കിക്കൊണ്ട് കെപ്കോ, എം.പി.ഐ., കുടുംബശ്രീ, ബി.ഡി.എസ്. എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനുംവേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ഇ) ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

നിക്ഷേപം ആകർഷിക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മീറ്റുകൾ മുൻ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററുകൾ മുഖേന മേഖലയിലെ എല്ലാ സംരംഭങ്ങൾക്കും ആവശ്യമായ ശാസ്ത്രീയമായ ട്രെയിനിംഗുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷക അവാർഡുകളും വിതരണം ചെയ്യുന്നുണ്ട്.

**ഫാം ലൈസൻസ് ചട്ടങ്ങളുടെ ഭേദഗതി**

332 (1872)<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി, ആടുവളർത്തൽ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള അനുമതി ലഭിക്കുന്നതിന് വളരെ പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വ്യക്തിവൈരാഗ്യങ്ങൾ കാരണം ഫാമുകൾക്കെതിരെ പരാതി നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉണ്ട്. നിലവിലെ സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് അത്തരം പരാതികൾ പരിശോധിച്ചാണ് ഫാം ലൈസൻസ് നൽകിവരുന്നത്. മലിനീകരണത്തെ സംബന്ധിച്ച് ഫാമുകൾക്കെതിരെ പരാതി ലഭിക്കുകയാണെങ്കിൽ പ്രസ്തുത ബോർഡിൽ നിന്ന് അന്വേഷിക്കുകയും വ്യാജമാണെങ്കിൽ ആ പരാതി തള്ളിക്കളയുകയും പരാതിയിൽ കഴമ്പുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകാറുമുണ്ട്.

(സി) പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഫാം ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്താത്തത് കർഷകർക്കും സംരംഭകർക്കും പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കേരള പഞ്ചായത്ത് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 2020-ൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായി 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകളിൽ ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയവും ലൈവ്സ്റ്റോക്ക് ഫാം ലൈസൻസിനായി മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കായി പ്രത്യേക ചട്ടങ്ങൾ രൂപികരിക്കുന്ന വിഷയവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

**നാടൻ ആടിനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും**

333 (1873) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടൻ ആടിനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ഗോട്ട് സാറ്റലൈറ്റ് പദ്ധതി;

2) വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി;

3) RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി;

4) നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി.

(ബി) ഔഷധവീര്യമുള്ള ആട്ടിൻപാൽ സംസ്കരിച്ച് വിപണനം സാദ്ധ്യമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

ആട്ടിൻ പാൽ സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ നാടൻ ആടിനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും ഉറപ്പാക്കാൻ ആട് ഗ്രാമം പദ്ധതി അനുവദിക്കാമോ?

മൃഗസംരക്ഷണ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിൽ നിലവിൽ ആടുഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല.

**പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി**

334 (1874) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി സംബന്ധിച്ച പ്രവർത്തനം വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പെരിയാറിന്റെ തീരപ്രദേശങ്ങളിൽ കാണുന്ന പശുവാണ് കുട്ടമ്പുഴ കുള്ളൻ. പെരിയാർ പശു എന്നും ഇതറിയപ്പെടുന്നു. ഈ പശുക്കളുടെ ശരാശരി പാലുൽപ്പാദനം 2½ ലിറ്ററാണ്. എന്നാൽ പാലിൽ 8%-ലധികം കൊഴുപ്പുണ്ടാകും. വളരെയധികം രോഗപ്രതിരോധ ശേഷിയും ഏത് തരം കാലാവസ്ഥയോടും ഇണങ്ങാനുള്ള കഴിവും ഇവയ്ക്കുണ്ട്. എറണാകുളം ജില്ലയിലെ മലയാറ്റൂർ, കോടനാട്, കാലടി, ഭൂതത്താൻകെട്ട്, കുട്ടമ്പുഴ എന്നിവിടങ്ങളിലാണ് ഇവയെ കാണപ്പെടുക. കുട്ടമ്പുഴ കുള്ളൻ പശുക്കൾ നിലവിൽ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനൊരു പ്രധാന കാരണം, ശുദ്ധമായ കുട്ടമ്പുഴ കുള്ളൻ കാളകളുടെ ബീജം ലഭ്യമല്ലാത്തതിനാൽ, ഈയിനത്തിലെ പശുക്കളിൽ മറ്റ് ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിക്കേണ്ടിവരുന്നു എന്നതാണ്. ഇവയുള്ള മേഖലകളിൽ ഇതേയിനത്തിൽപ്പെട്ട കാളകളുടെ ബീജം ലഭ്യമാക്കിക്കൊണ്ട് ഇവയെ സംരക്ഷിക്കാനും അവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാനും സാധിക്കുന്നതാണ്. ഈ ഉദ്ദേശത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതി വിശദാംശങ്ങൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കുട്ടമ്പുഴ കുള്ളൻ പശു പ്രജനന പരിപാലന സംഘത്തിന്റെ (KDPPS) സഹായ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ ശുദ്ധജനസ്സിൽപ്പെട്ട അഞ്ച് കുട്ടമ്പുഴ കുള്ളൻ വിത്തുകാളകളെ KDPPS-ന്റെ സഹായത്തോടെ കെ.എൽ.ഡി. ബോർഡ് തെരഞ്ഞെടുത്തു. ഇവയ്ക്കൊന്നുംതന്നെ ജനിതക രോഗങ്ങളില്ലെന്ന് ബോർഡിന്റെ തിരുവനന്തപുരത്തുള്ള Centre for Advanced Livestock Genomics (CALG) ലബോറട്ടറിയിൽ പരിശോധിച്ച്

ഉറപ്പുവരുത്തി. സാംക്രമിക രോഗങ്ങളായ ബ്രൂസെല്ലോസിസ്, റ്റി.ബി., പാരാ ടി.ബി എന്നിവയില്ലായെന്ന് മൃഗസംരക്ഷണ വകുപ്പിന്റെ പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ പരിശോധിച്ച് ഉറപ്പുവരുത്തി. ഏറ്റവും മികച്ചതും ലക്ഷണമൊത്തതുമായ രണ്ട് വിത്തുകാളകളെ (3 വയസ്സ്, 4 വയസ്സ് പ്രായമുള്ളവയെ) തെരഞ്ഞെടുത്തു. ഈ കാളകളെ KDPPS ലോണായി കെ.എൽ.ഡി. ബോർഡിന് നൽകുന്നതാണ്. ഈ വിത്തുകാളകളെ ബോർഡ് ഏറ്റുവാങ്ങി, ബോർഡിന്റെ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഫാമിലെ ക്വാറന്റൈൻ സ്റ്റേഷനിൽ 30 ദിവസം പരിപാലിച്ച്, രോഗങ്ങളൊന്നുമില്ലെന്ന് ഒന്നുകൂടി ഉറപ്പ് വരുത്തിയശേഷം ഇവയെ കുളത്തൂപ്പുഴ ബുൾ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നതാണ്. തുടർന്ന് ഇവയിൽനിന്ന് കുറഞ്ഞത് 5000 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ചശേഷം വിത്തുകാളകളെ KDPPS-ന് തിരികെ നൽകുന്നതാണ്. തുടർന്ന് കുട്ടമ്പുഴ കുള്ളൻ പശുക്കൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ എറണാകുളം ജില്ലയിലെ കോടനാട്, മലയാറ്റൂർ, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ, കാലടി, കോട്ടപ്പടി എന്നീ ബീജദാന കേന്ദ്രങ്ങൾ വഴി, ഈ ബീജമാത്രകൾ സൗജന്യമായി നൽകുന്നതാണ്. രണ്ട് വർഷംകൊണ്ട് ഏതാണ്ട് 1000 വംശശുദ്ധിയുള്ള കുട്ടമ്പുഴ കുള്ളൻ പശുക്കൾ ഈ പദ്ധതിയിലൂടെ ജനിക്കുന്നതാണ്. ഈ പദ്ധതി തുടർന്നും നടപ്പിലാക്കുക വഴി ഇവ വംശനാശഭീഷണിയിൽ നിന്നൊഴിവാകുന്നതാണ്.

(ബി) കുട്ടമ്പുഴ പശുക്കളെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കുമോ; ഇല്ലെങ്കിൽ വിശദമാക്കാമോ;

(സി) 5 വർഷത്തിനുള്ളിൽ ഈ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനം വിശദമാക്കാമോ?

(ബി&സി) പെരിയാർ തീരത്തെ കർഷകരുമായി സഹകരിച്ച് ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) കുട്ടമ്പുഴ കുള്ളൻ പശുക്കളെക്കുറിച്ചുള്ള പഠനങ്ങൾക്ക് 2019-ൽ തുടക്കമിട്ടിരുന്നു. ഒരു പ്രത്യേക ബ്രീഡ് പദവി നൽകുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോർസസ് (NBAGR) നടത്തിവരുന്നു. ഈ ജനുസ്സിൽപ്പെട്ട കുറഞ്ഞത് 1000 പശുക്കളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഇവയെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുകയുള്ളൂ. പശുക്കളുടെ എണ്ണം ഈ നിലയിലേയ്ക്കെത്തുമ്പോൾ ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

335 (1875) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) 2021-22 കാലയളവിൽ മണ്ഡലത്തിൽ നടന്നുവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

**പ്രവാസികൾക്ക് ക്ഷീരോല്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം**

336 (1876) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമൂലം തൊഴിൽ നഷ്ടമായ പ്രവാസികൾക്ക് ക്ഷീരോല്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അപ്രകാരമുള്ള പദ്ധതികൾ അടിയന്തരമായി തയ്യാറാക്കുമോ?

കോവിഡുമൂലം തൊഴിൽ നഷ്ടമായ പ്രവാസികൾക്ക് ക്ഷീരോത്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല. കോവിഡ് ബാധിച്ചോ ക്വാറന്റൈനിലോ കഴിയുന്ന കർഷകരുടെ ഉരുക്കൾക്ക് തീറ്റ വിതരണം ചെയ്യുന്നതിനായി സംസ്ഥാന ദുരന്തനിവാരണ വകുപ്പിൽനിന്നും 5 കോടി രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിക്കുകയും ആയത് ജില്ലകൾക്ക് വിതരണം ചെയ്യുകയും ചെയ്തു. യുവസംരംഭകർക്കും മറുനാട്ടുകളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്ന പ്രവാസികൾക്കും തങ്ങളുടെ ഭൗതിക, സാമ്പത്തിക സാഹചര്യമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് മുന്നോടിയായി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും ഉരുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തീറ്റ ധനസഹായം ഉരുക്കളെ പരിപാലിക്കുന്നതിനായി ഭൗതിക ചുറ്റുപാടുകൾ ഒരുക്കുന്നതിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലഘട്ടത്തിനനുസരിച്ച് യന്ത്രവൽക്കരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും ധനസഹായം തുടങ്ങി നിരവധിയായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

**കന്നുകാലികളെ വളർത്തുന്നവർക്ക് ആനുകൂല്യങ്ങൾ**

337 (1877) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കന്നുകാലികളെ വളർത്തുന്നവർക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പിൽനിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ, സബ്സിഡികൾ എന്നിവ വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് കന്നുകാലികളെ വളർത്തുന്നവർക്ക് നൽകുന്ന സബ്സിഡി/ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗോവർദ്ധിനി പദ്ധതി - കന്നുകുട്ടി പരിപാലന പദ്ധതി: പശുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനായി സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. ഒരു പശുക്കുട്ടിക്ക് 12,500 രൂപയുടെ സഹായം.

2) കറവയന്ത്ര വിതരണ പദ്ധതി: കറവയന്ത്രം സ്ഥാപിക്കാൻ ഒരു ഗുണഭോക്താവിന് 25,000 രൂപയുടെ സഹായം.

3) താറാവ് വളർത്തൽ പദ്ധതി: ഒരു ഗുണഭോക്താവിന് രണ്ട് മാസം പ്രായമായ 10 താറാക്കുഞ്ഞുങ്ങളെ വളർത്താൻ 1,200 രൂപയുടെ സഹായം ലഭിക്കും.

4) ചെറുകിട ആട് വളർത്തൽ പദ്ധതി: ഒരു ഗുണഭോക്താവിന് 5 പെണ്ണാടും ഒരു മുട്ടനാടും വളർത്താൻ 25,000 രൂപയുടെ സഹായം ലഭിക്കും.

5) ഗോസമൃദ്ധി - സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി: കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ സബ്സിഡി നൽകുന്നു. ഉടമസ്ഥന് മാനദണ്ഡമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ.

6) കർഷകർക്ക് നഷ്ടപരിഹാരം: - വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യതാപം, മറ്റ് അപകടങ്ങൾ, പ്രകൃതിദുരന്തം, ആന്ത്രാക്സ്, പേവിഷബാധ, ആട് വസന്ത, താറാവ് വസന്ത, പക്ഷിപ്പനി തുടങ്ങിയവമൂലം ഉരുക്കൾ, കോഴി, താറാവ് എന്നിവ മരിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി.

7) വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി: ഒരു ഗുണഭോക്താവിന് 19 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപ സഹായം.

8) മാംസാവശ്യത്തിന് പോത്തുകുട്ടി വളർത്തൽ പദ്ധതി: പോത്തുകുട്ടികളെ മാംസാവശ്യത്തിനായി വളർത്തി വിൽക്കുന്നതിന് യൂണിറ്റ് ഒന്നിന് 10,000 രൂപ സഹായം.

9) ലോണുകൾക്ക് പലിശയിനത്തിൽ സബ്സിഡി: മൃഗസംരക്ഷണാവശ്യങ്ങൾക്കുള്ള ലോണുകൾക്ക് പലിശയിനത്തിൽ പരമാവധി 5,000 രൂപ വരെ സബ്സിഡി ലഭിക്കും.

10) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി: - ചാണകത്തിൽനിന്ന് ജൈവ വളം നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് 12,500 രൂപയുടെ ധനസഹായം ലഭിക്കും.

ക്ഷീരവികസന വകുപ്പ്

1) മിൽക്ക് ഷെഡ് വികസന പദ്ധതി ഗോധനം (സങ്കര ഇനം) - സബ്സിഡി 35,000 രൂപ

2) ഗോധനം (തനത് ഇനം) - സബ്സിഡി 36,500 രൂപ

3) രണ്ട് പശു യൂണിറ്റ് - സബ്സിഡി 69,000 രൂപ

4) അഞ്ച് പശു യൂണിറ്റ് - സബ്സിഡി 1,84,000 രൂപ

5) പത്ത് പശു യൂണിറ്റ് - സബ്സിഡി 3,83,000 രൂപ

6) കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി) - സബ്സിഡി 53,000 രൂപ

7) കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി) - സബ്സിഡി 1,50,000 രൂപ

8) കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി) - സബ്സിഡി 2,92,000 രൂപ

9) കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം - സബ്സിഡി 50,000 രൂപ

10) കിടാരി പാർക്ക് സർക്കാർ ധനസഹായം - 15 ലക്ഷം രൂപ

11) തീറ്റപ്പുൽകൃഷി വ്യാപനം (20 സെന്റിൽ കൂടുതൽ) - സെന്റിന് 50 രൂപ ധനസഹായം

12) തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി ലഭിക്കുന്ന ധനസഹായം - 93,007 രൂപ

13) തീറ്റപ്പുൽകൃഷിയും വിതരണവും (SHG, ക്ഷീരസംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ) ലഭിക്കുന്ന ധനസഹായം - 75,000 രൂപ

14) ഹൈഡ്രോപോണിക് സിസ്റ്റം (2 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം - 80,000 രൂപ

15) ഹൈഡ്രോപോണിക് സിസ്റ്റം (5 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം - 1,13,000 രൂപ

16) ഹൈഡ്രോപോണിക് സിസ്റ്റം (10 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം - 1,45,000 രൂപ

17) അവശ്യാധിഷ്ഠിത ധന സഹായം ലഭിക്കുന്ന ധനസഹായം - 50,000 രൂപ

18) കറവയന്ത്രം ലഭിക്കുന്ന ധനസഹായം - 30,000 രൂപ

**ക്ഷീരഗ്രാമം പദ്ധതി**

338 (1878) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി പാറശ്ശാല മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) ഈ സർക്കാർ പ്രസ്തുത മണ്ഡലത്തിലെ ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായുള്ള ഏതെങ്കിലും പുതിയ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണയിലുണ്ടോ; അറിയിക്കാമോ?

ക്ഷീര കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. പാറശ്ശാല മണ്ഡലത്തിലേയ്ക്കായി പ്രത്യേക ക്ഷേമപദ്ധതികളൊന്നുംതന്നെ ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

**ക്ഷീര കർഷകർക്ക് ആശ്വാസമാകുന്ന നടപടികൾ**

339 (1879)<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ആശ്വാസമാകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീരഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ കർഷക ക്ഷേമപദ്ധതികളായ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും (ക്ഷീര കർഷകൻ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകുന്നു.

(ബി) മിൽമ അധികമായി ശേഖരിക്കുന്ന പാൽ ഇതരസംസ്ഥാനങ്ങളിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കി മാർക്കറ്റിൽ വിപണനത്തിനായി എത്തിക്കുമ്പോൾ സംഭവിക്കുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) കേരളത്തിൽത്തന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് ആരംഭിക്കുന്നതിനുള്ള തീരുമാനം എപ്പോൾ പ്രാവർത്തികമാക്കും; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

**കാലിത്തീറ്റയുടെയും വൈക്കോലിന്റെയും വിലവർദ്ധനവ്**

340(1880) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്കും വൈക്കോലിനും തുടരെയുണ്ടാകുന്ന വിലവർദ്ധനവ് ക്ഷീര കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും വൈക്കോലും പച്ചപ്പുല്ലും ലഭ്യമാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഈ വർഷം 473 ലക്ഷം രൂപ 2200 ഹെക്ടറിൽ പുൽകൃഷി നടത്തുന്നതിനായി വകയിരുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക്

ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ ധനസഹായം നൽകി. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജായി വിതരണം ചെയ്തുവരുന്നു.

(സി) സംസ്ഥാനത്തെ വൈക്കോൽ സംഭരിച്ച് കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ വഴി പച്ചപ്പുല്ല്, വൈക്കോൽ തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുന്ന ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ വീതമുള്ള 233 യൂണിറ്റാണ് ക്യാറ്റിൽ ഫീഡിംഗ് സബ്സിഡിയിനത്തിൽ വകയിരുത്തിയിട്ടുള്ളത്.

**ക്ഷീര കർഷകർക്കുള്ള സഹായം**

341 (1881) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി കാലത്ത് വയനാട് ജില്ലയിലെ ക്ഷീര കർഷകരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് വയനാട് ജില്ലയിലെ ക്ഷീര കർഷകർക്കായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ, പാലിന് സബ്സിഡി എന്നിവ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇതിനായി 2020-21 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി കാലിത്തീറ്റ സബ്സിഡി ആകെ 1,35,08,800 രൂപയ്ക്ക് 33,772 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് 51 ക്ഷീര സംഘങ്ങളിലെ 6864 ക്ഷീര കർഷകർക്ക് 22,27,031 രൂപ പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തിലുള്ള രണ്ട് കർഷകർക്ക് 2,000 രൂപ വീതവും കോവിഡ് ബാധിച്ച 36 ക്ഷീര കർഷകർക്ക് 3,60,000 രൂപയും ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആകെ 1,08,56,000 രൂപയ്ക്ക് 27140 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു.

## ഗ്ലോബൽ ഡയറി വില്ലേജ്

342 (1882) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരവികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഗ്ലോബൽ ഡയറി വില്ലേജിന്റെ ലക്ഷ്യം എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ വേങ്ങാട് ആസ്ഥാനമാക്കി ക്ഷീര-കാർഷികാനുബന്ധ മേഖലയിൽ സമഗ്രവും സംയോജിതവുമായ കാർഷിക വികസന പരിപാടി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക അനുബന്ധ മേഖലയിൽ ഉപജീവനം തേടുന്ന ബഹുഭൂരിപക്ഷം വരുന്ന സ്ഥലനിവാസികൾക്ക് പരിസ്ഥിതിക്ക് ഇണങ്ങുംവിധം ക്ഷീരമേഖലയ്ക്ക് ഊന്നൽ നൽകി സുസ്ഥിര കാർഷിക വികസന പരിപാടികൾ ഏറ്റെടുത്ത് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയെന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയിലൂടെ 1800-ഓളം കുടുംബങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ കഴിയും. കേരള പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഒരു മാതൃകാപദ്ധതിയായി വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജിനെ കണക്കാക്കാവുന്നതാണ്. ഇന്ത്യൻ കന്നുകാലി ജനുസ്സുകളെ സംരക്ഷിക്കുകയും വർദ്ധിച്ച ഉല്പാദനക്ഷമതയുള്ള സങ്കരയിനം കന്നുകാലിവർഗ്ഗങ്ങളുടെ വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുകയും കീടനാശിനി വിമുക്തമായ പാൽ, മുട്ട, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യജ്ഞനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും ആയത് സംഭരിച്ച് മൂല്യവർദ്ധന നടത്തി വിതരണം ചെയ്യുകയും പച്ചപ്പുല്ല് ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾ ഉറപ്പുവരുത്തുകയും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകയും പാൽ, കാർഷികോല്പന്നങ്ങൾ എന്നിവയുടെ ആധുനിക മൂല്യവർദ്ധനാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനാവശ്യമായ ഘടകങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആറളം ഫാമുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്ന തീറ്റപ്പുൽ കൃഷി, കിടാരി യൂണിറ്റ്, വറ്റ് കറവയുള്ള പശുക്കളുടെ സംരക്ഷണകേന്ദ്രം തുടങ്ങിയ പ്രവർത്തനങ്ങൾ ആറളം ഫാമിലെ തരിശുഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിഭാഗകാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പര്യാപ്തമാണ്.

## ലിഡാ ജേക്കബ് കമ്മിറ്റി റിപ്പോർട്ട്

343 (1883) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെക്കുറിച്ച് പഠിക്കാൻ ശ്രീമതി ലിഡാ ജേക്കബ്, ഐ.എ.എസ്.(റിട്ടയേർഡ്) അദ്ധ്യക്ഷയായ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; റിപ്പോർട്ട് സമർപ്പിച്ചെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

നിയോഗിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകളാണ് നടപ്പിലാക്കിയിട്ടുള്ളത്; മറ്റ് ശിപാർശകൾ നടപ്പിലാക്കാത്തതിന്റെ കാരണം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

കേരളത്തിലെ ക്ഷീരസംഘങ്ങളുടെ ത്രിതല സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്.(റിട്ടയേർഡ്) അദ്ധ്യക്ഷയായി നിയോഗിച്ച വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും താഴെപ്പറയുന്ന മാറ്റങ്ങൾ മിൽമയുടെ പ്രവർത്തനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

1) രണ്ട് മേഖലാ യൂണിയനുകളുടെ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിലാക്കി.
2) ഓരോ ജില്ലകളിലെയും ഭരണസമിതി അംഗങ്ങളുടെ പ്രാതിനിധ്യവും തെരഞ്ഞെടുപ്പും അതത് ജില്ലകളിലെ പ്രതിനിധികളുടെ വോട്ടവകാശം മുഖേന മാത്രമാക്കി.
3) മേഖലാ യൂണിയൻ ഭരണസമിതി തെരഞ്ഞെടുപ്പ് ജനാധിപത്യപരവും സുതാര്യവും ജില്ലകളിലെ അംഗ സംഘങ്ങളുടെ എണ്ണത്തിന്റെ അനുപാതത്തിലുമാക്കി.
4) എല്ലാ ജില്ലകളുടെയും ക്ഷീരസംഘങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള പ്രാതിനിധ്യം ഭരണസമിതിയിൽ ഉറപ്പുവരുത്തി.
5) കേരള സഹകരണ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ ഭേദഗതികൾ/കൂട്ടിച്ചേർക്കലുകൾ വരുത്തുകയുണ്ടായി.
6) മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ക്ഷീര വികസന വകുപ്പ് സെക്രട്ടറി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയർമാനായും KCMMF Ltd. മാനേജിംഗ് ഡയറക്ടർ കൺവീനറായും അംഗങ്ങളായി ചെയർമാൻ, KCMMF Ltd., മേഖലാ യൂണിയൻ ചെയർമാൻ, രജിസ്ട്രാർ (ഡയറി), NDDB റീജിയണൽ ഹെഡ്, സർക്കാർ നോമിനി (ജോയിന്റ് സെക്രട്ടറി/ജോയിന്റ് ഡയറക്ടർ റാങ്കിൽ കുറയാതെയുള്ളവർ) മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങിയ റിക്രൂട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചു.

7) ആപ്കോസ് നിയമാവലി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക ക്ഷീര സംഘങ്ങൾക്കും മേഖലാ യൂണിയനുകളിലൂടെ അംഗത്വം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8) കാലിത്തീറ്റ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചു.

സർക്കാരിന്റെ പരിഗണനയിലുള്ള പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു:

1) മേഖലായൂണിയന്റെ ഭരണസമിതി അംഗങ്ങളുടെ കാലാവധി പരമാവധി മൂന്ന് ടേമായി നിജപ്പെടുത്തുക.

2) മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുക.

3) അംഗ സംഘങ്ങൾ മേഖലാ യൂണിയനിൽ എടുക്കുന്ന ഓഹരി തുകയ്ക്ക് ആനുപാതികമായ ലാഭവിഭജനം നൽകുക.

4) R&D വിംഗ് കൂടുതൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി കൂടുതൽ ശാക്തീകരിക്കുക.

5) ഡയറികളിലും കാലിത്തീറ്റ ഫാക്ടറികളിലും പെർഫോർമൻസ് ഓഡിറ്റും ടെക്നിക്കൽ ഓഡിറ്റും ഏർപ്പെടുത്തുക.

6) ഫെഡറേഷന് കീഴിൽ എല്ലാ മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും അസിസ്റ്റന്റ് മാനേജർ മുതൽ മുകളിലോട്ടുള്ള തസ്തിക പൊതു കേഡറിൽ കൊണ്ടുവരിക.

7) ഫെഡറേഷനിലെ പ്രോഗ്രാം കമ്മിറ്റി ശക്തിപ്പെടുത്തുക.

8) പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുന്നതിലേയ്ക്ക് പാൽ വില്പനവിലയുടെ കുറഞ്ഞത് 6 ശതമാനമെങ്കിലും ക്ഷീരസംഘങ്ങൾക്ക് നൽകണം.

**കേരളത്തെ ക്ഷീരമിച്ച സംസ്ഥാനമാക്കാൻ സ്വീകരിക്കുന്ന നടപടികൾ**

344 (1884) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ക്ഷീരമിച്ച സംസ്ഥാനമാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തെ ക്ഷീരമിച്ച സംസ്ഥാനമാക്കാൻ ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കുംവേണ്ടി തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ:

1) വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

2) പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണന വുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

3) <u>കറവ പരിശീലനം</u>: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

4) <u>ഇടുക്കി പാക്കേജ്</u>: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5) <u>വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം</u>: 50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

(ബി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ പ്രധാനം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയാണ്. സർക്കാർ സബ്സിഡിയോടുകൂടി ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതിയാണിത്. കൂടാതെ, ക്ഷീരഗ്രാമം പദ്ധതിയും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ഉരുക്കളെ വാങ്ങിനൽകുന്ന ഈ പദ്ധതികളിൽ പുതിയ കറവപ്പശുക്കളെ വാങ്ങുന്നത് പൂർണ്ണമായും കേരളത്തിന് പുറത്തുനിന്നാണ്. ഇത് കേരളത്തിലെ പാലുല്പാദനം വർദ്ധിക്കാൻ സഹായിക്കുന്നു. കൂടാതെ തീറ്റപ്പുൽ വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, കാലിത്തീറ്റ സബ്സിഡി പോലുള്ള പദ്ധതികൾ എന്നിവ ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുന്നു.

(സി) അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവിൽ കുറവ് വരുത്തുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ

ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനമായ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ആവശ്യമായ ഉരുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നുമാണ് കൊണ്ടുവരുന്നത്. ഇത് സംസ്ഥാനത്തിനകത്തെ പാൽ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കും. അങ്ങനെ അയൽ സംസ്ഥാനത്തുനിന്നുള്ള പാൽ ഇറക്കുമതിയിൽ കുറവുവരുത്താൻ കഴിയുന്നതാണ്.

## മൂർക്കനാട് മിൽമ ഡയറി

345 (1885) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് മിൽമ ഡയറിയിൽ ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനായി എത്ര രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; തുക ഏത് രീതിയിൽ വകയിരുത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഏകദേശം 60 കോടി രൂപ ചെലവിൽ മലബാർ മേഖലാ യൂണിയൻ സ്ഥാപിക്കുന്ന പാൽ സംസ്കരണ ശാലയും 53.93 കോടി രൂപ അടങ്കൽ തുക വരുന്ന പാൽപ്പൊടി നിർമ്മാണശാലയുമാണ് മങ്കട മണ്ഡലത്തിലെ മൂർക്കനാട് വില്ലേജിൽ വിഭാവനം ചെയ്യപ്പെട്ട വികസന പ്രവർത്തനങ്ങൾ. പാലുൽപ്പാദനം കൂടിവരുന്ന സാഹചര്യത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴവൻ പാലും സംഭരിക്കുന്നതിന്റെ ഭാഗമായി മിച്ചമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ ഇല്ലാത്തത് മുൻനിർത്തി മുൻഗണനാടിസ്ഥാനത്തിൽ പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുവാനാണ് മിൽമ മലബാർ മേഖലാ യൂണിയൻ ലക്ഷ്യമിടുന്നത്. 53.93 കോടി രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതിക്ക് 15 കോടി രൂപ സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതമായും 32.72 കോടി രൂപ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി NABARD മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കി വരുന്ന മുഴവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലാ യൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) മൂർക്കനാട് മിൽമ ഡയറിയിൽ പാൽ സംഭരണശാലയ്ക്കായി വിട്ടുനൽകിയ സ്ഥലത്ത് ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

പാൽപ്പൊടി നിർമ്മാണശാലയുടെ അടിസ്ഥാന ഘടകങ്ങളായ സിവിൽ ജോലികൾ, ബോയിലർ, ശീതീകരണ സംവിധാനം, ജലവിതരണ സംവിധാനം എന്നീ ജോലികളാണ് നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

(സി) മലപ്പുറം ജില്ലയിലും സമീപ പ്രദേശത്തും ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ സംഭരണം വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂടുന്ന അവസരത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കഴിയുന്നതരത്തിൽ മൂർക്കനാട് ഡയറിയെ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സഹകരണ മേഖലയിൽ പ്രതിദിനം 10 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാല മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**ക്ഷീര മേഖല നേരിടുന്ന പ്രതിസന്ധി**

346(1886) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ.കെ.രമ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡും ലോക്ഡൗണുംമൂലം ക്ഷീരമേഖല കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ?

കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലെ ചില പ്രദേശങ്ങളിൽ ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കാൻ മിൽമയ്ക്ക് സാധിച്ചിരുന്നില്ല. സംഭരിച്ച പാൽ മുഴുവനും വിപണനം നടത്താൻ സാഹചര്യമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഇതിന് പരിഹാരമായി

മിൽമ പാൽ സംഭരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ സർക്കാർ വളരെ ഗൗരവത്തോടെ ഈ വിഷയത്തിൽ ഇടപ്പെട്ട് ഉടൻതന്നെ നിയന്ത്രണങ്ങൾ പിൻവലിക്കുകയും, ക്ഷീര കർഷകരുടെ മുഴുവൻ പാലും ശേഖരിക്കാനുള്ള നിർദ്ദേശം മിൽമയ്ക്ക് നൽകുകയും ചെയ്തതിനെ തുടർന്ന് കർഷകരിൽനിന്നും പൂർണ്ണമായും പാൽ സംഭരിച്ചുതുടങ്ങി. ഭാവിയിൽ അധിക സംഭരണത്തെ തുടർന്നുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ മലബാർ മേഖലയിൽ പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ, മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ ക്രമത്തിൽ ഇൻസെന്റീവും പച്ചപ്പുൽ, വൈക്കോൽ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കോവിഡ് ബാധിച്ച ക്ഷീരകർഷകർക്ക് അടിയന്തര ധനസഹായം ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നൽകിയിരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും, കൂടാതെ കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് ഒരു രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകി. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ)

(സി) കോവിഡ് കാലത്ത് പശു വളർത്തലിലേയ്ക്കും മറ്റ് തൊഴിലുകൾ ഉപേക്ഷിച്ച് ഡയറി ഫാമുകളിലേയ്ക്കും തിരിഞ്ഞവർക്ക് ഫാമുകൾ അടച്ചു പൂട്ടേണ്ടിവരുന്ന അവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘം എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്തുവരുന്നു.

## പാൽപ്പൊടി നിർമ്മാണ ഫാക്ടറി

347 (1887) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന് കീഴിൽ പാൽപ്പൊടി നിർമ്മാണ ഫാക്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

(ബി) ഏതെങ്കിലും മണ്ഡലത്തിൽ പുതിയ ഫാക്ടറി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ?

മിൽമ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 53 കോടി രൂപ ചെലവഴിച്ച് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

## മിൽമ ബൂത്ത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

348 (1888) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽമ ബൂത്ത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്നും വിശദമാക്കാമോ; സ്വകാര്യ വ്യക്തികൾക്ക് മിൽമ ബൂത്ത് ആരംഭിക്കാൻ സാധിക്കുമോ?

സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ ഏതൊരു വ്യക്തിക്കും മിൽമ ബൂത്ത് ആരംഭിക്കാവുന്നതാണ്. സ്വന്തമായി കരമടച്ച രസീതുള്ള കെട്ടിടമോ, അല്ലെങ്കിൽ വാടകച്ചീട്ട് മുഖാന്തരം ഉടമസ്ഥതയിലുള്ള കെട്ടിടമോ ഉണ്ടായിരിക്കണം. മിൽമ യൂണിറ്റുകളിൽനിന്നും ബൂത്ത് ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികൾ നിർദ്ദിഷ്ട തുക അടച്ച് അപേക്ഷാ ഫാറം വാങ്ങി ആധാർ കാർഡ്, പാൻകാർഡ്, ഫോട്ടോ, ജി.എസ്.ടി. നമ്പർ ഉണ്ടെങ്കിൽ അതുൾപ്പെടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബൂത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ വില്പന സാദ്ധ്യത, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപത്തുള്ള മറ്റ്

ഏജൻസികളുടെ പ്രവർത്തനം, പുതിയ ഏജൻസി നൽകിയാൽ വ്യാപാര വർദ്ധനവ് ഉണ്ടാകുമോ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഡയറിയിൽനിന്നും ഉദ്യോഗസ്ഥർ പരിശോധിക്കുന്നതാണ്. അതോടൊപ്പം ഏജൻസി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേയ്ക്ക് ഡെലിവറി വാഹനം എത്തുന്നതിനുള്ള വാഹന സൗകര്യമുണ്ടോ എന്നും, വൈദ്യുതി കണക്ഷൻ, പാൽ, തൈര് തുടങ്ങിയ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഫ്രീസർ/റഫ്രിജറേറ്റർ സൗകര്യമുണ്ടോ എന്നും ഉറപ്പുവരുത്തിയതിനുശേഷമാണ് ഏജൻസി തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നത്. ഒരു പുതിയ ഏജൻസി ആരംഭിച്ചാൽ അവർ എത്ര പാൽ എടുത്താൽ പ്രയോജനകരമാകും എന്നതും പരിശോധിക്കുന്നതാണ്. ഏജൻസി എടുക്കുന്ന വ്യക്തിക്ക് FSSAI ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. വാഹനസൗകര്യം ഇല്ലെങ്കിൽ പാൽ ഡെലിവറി ചെയ്യുന്ന സ്ഥലത്തുനിന്ന് എടുക്കുന്നതിന് ഏജന്റ് തയ്യാറായിരിക്കണം. ഇതോടൊപ്പംതന്നെ ഓരോ യൂണിയനും നിഷ്കർഷിച്ചിരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. മേഖലാ യൂണിയനുകൾ ഏജൻസികളോട് ഏജൻസി ആരംഭിക്കുന്ന സമയത്ത് ഒരു നിശ്ചിത തുകയ്ക്കുള്ള ഉല്പന്നങ്ങൾ എടുക്കുന്നതിന് ആവശ്യപ്പെടുകയാണെങ്കിൽ അത് പാലിക്കേണ്ടതാണ്. ഏജൻസി അനുവദിച്ചുകിട്ടുന്നതിനായി ഇതുസംബന്ധിച്ച നിബന്ധനകൾ പാലിക്കാൻ തയ്യാറാണെന്നുമുള്ള സത്യവാങ്മൂലം നൽകേണ്ടതുണ്ട്.

**ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

349(1889) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് പെൻഷൻ നൽകുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര തുകയാണ് നൽകുന്നതെന്നും ഈ തുക എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും അറിയിക്കാമോ?

2021 ഏപ്രിൽ മുതൽ പ്രതിമാസം 1,600 രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്.

(സി) ക്ഷീര കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ക്ഷേമനിധി അംഗമായി കേരളത്തിലെ ക്ഷീരസംഘങ്ങൾ മുഖേന കുറഞ്ഞത് 500 ലിറ്റർ വീതം അഞ്ച് വർഷം പാൽ നൽകിയിട്ടുള്ളതും 60 വയസ്സ് പൂർത്തിയായതുമായ ക്ഷീരകർഷകർക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ 2007 ഏപ്രിൽ 13-നുമുൻപ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ക്ഷീരകർഷകർ 5 വർഷം ഏതെങ്കിലും ക്ഷീര സംഘങ്ങളിൽ അംഗമായി ഇരുന്നിട്ടുള്ളതും ടി കാലയളവിൽ 500 ലിറ്റർ പാൽ വീതം നൽകിയിട്ടുള്ളതുമായ 60 വയസ്സ് പൂർത്തിയായവർക്ക് ക്ഷേമനിധി പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഡി) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് പെൻഷന് പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ?

1) മരണപ്പെടുന്ന പെൻഷണറുടെ അനന്തരാവകാശിക്ക് കുടുംബ പെൻഷൻ (പ്രതിമാസം 550 രൂപ നിരക്കിൽ).

2) അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായം (5,000 രൂപ).

3) വിദ്യാഭ്യാസ ധനസഹായം എസ്.എസ്.എൽ.സി. (1,000 രൂപ), പ്ലസ്ടു (1,500 രൂപ), ബിരുദം (2,000 രൂപ), പ്രൊഫഷണൽ (2,500 രൂപ).

4) ചികിത്സാ ധനസഹായം (ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം) - അപകട മരണം 50,000 രൂപ, മാരകരോഗങ്ങളുടെ ചികിത്സ 15,000 രൂപ, പകർച്ച വ്യാധികളുടെ ചികിത്സ 2,000 രൂപ.

5) ജില്ലാ, സംസ്ഥാന തലങ്ങളിൽ മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് (യഥാക്രമം 5,000 രൂപ, 10,000 രൂപ).

6) കോവിഡ് ധനസഹായം (5,000 രൂപ).

7) മരണാനന്തര ധനസഹായം (3,000 രൂപ).

(ഇ) മുഴുവൻ ക്ഷീര കർഷകരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കി അർഹരായവർക്ക് പെൻഷൻ നൽകുന്നതിന് ആലോചിക്കുന്നുണ്ടോ?

കേരളത്തിൽ ക്ഷീരസംഘങ്ങൾ മുഖേന പാൽ നൽകുന്ന 18 വയസ്സ് പൂർത്തിയായ അർഹരായ എല്ലാ ക്ഷീരകർഷകർക്കും അംഗത്വം നൽകുന്നതിന് ക്ഷേമനിധി സമ്പൂർണ്ണ അംഗത്വ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. അംഗത്വം ലഭിക്കുന്ന ക്ഷീരകർഷകർക്ക് നിശ്ചിത യോഗ്യത നേടുന്ന മുറയ്ക്ക് പെൻഷനും അർഹതയുണ്ടായിരിക്കുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ ഫാക്ടറി**

350(1890) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്തതിൽ സ്ഥലം വിട്ടുനൽകിയ ആർക്കെങ്കിലും ഇനിയും തൊഴിൽ ലഭ്യമാക്കാൻ ബാക്കിയുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകരുടെ പേരുവിവരങ്ങളും ഇതുവരെ തൊഴിൽ നൽകാത്തതിനുള്ള കാരണവും എന്ന് നൽകാനാകുമെന്നും വ്യക്തമാക്കാമോ?

കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റ് നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുനല്കിയ 43 പേരിൽ 30 പേർക്ക് (അവരുടെ കുടുംബാംഗങ്ങൾ/നോമിനികൾ) കമ്പനിയുടെ 22-2-2012-ലെ ഡയറക്ടർ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-3-2012 മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 13 LAC (Land Acquisition) നമ്പറുകളിലെ ഭൂവുടമകളായ ശ്രീ. അലക്സാണ്ടർ യേശുദാസൻ, ശ്രീ. മാധവൻകുട്ടി നായർ എന്നിവരുടെ നോമിനികൾക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിശ്ചിത യോഗ്യതയിൽ ഇളവ് വരുത്തി മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി സ്ഥിര ജോലി നൽകുന്ന കാര്യം 19-7-2016-ലെ ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ നിയമനം കെ.പി.എസ്.സി.-യുടെ പരിധിയിൽപ്പെട്ടതായതിനാൽ ആയത് തുടർന്ന് പരിഗണിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ മറ്റൊരു എൽ.എ.സി. നമ്പറിൽ ഉൾപ്പെട്ട ശ്രീ. സുകുമാര പിള്ളയുടെ നോമിനിയായ ശ്രീ. അശോക് ലാൽ ജോലിക്കായി മാനേജിംഗ് ഡയറക്ടർക്കും ബഹു. മൃഗസംരക്ഷണ വകുപ്പുമന്ത്രിക്കും സമർപ്പിച്ച അപേക്ഷ 8-11-2019-നാണ് കമ്പനിയിൽ ലഭിച്ചത്. മറ്റുള്ളവരുടെ വിഷയത്തിൽ അവർ കോടതിയിൽ നൽകിയ കേസിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് കമ്പനി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം**

351 (1891) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്ഷീര ഡയറി ഇപ്പോൾ

പ്രവർത്തിക്കുന്നുണ്ടോ; എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇവിടെ നിന്നും വിപണനം നടത്തുന്നത്?

ക്ഷീര ഡയറി പ്രവർത്തിക്കുന്നില്ല. പക്ഷെ കർഷകരിൽനിന്നും ശേഖരിക്കുന്ന പാൽ മിൽമ മേഖല യൂണിയന് നൽകിവരുന്നുണ്ട്. കൂടാതെ മിൽമയുടെ ഉൽപ്പന്നങ്ങൾ ക്ഷീര സംഘം വിപണനം ചെയ്യുന്നുണ്ട്.

(ബി) ക്ഷീര വികസന വകുപ്പിന്റെ ഗ്രാന്റ്, മറ്റ് ധനസഹായങ്ങൾ എന്നിവയിലൂടെ നാളിതുവരെ എത്ര രൂപ സംഘത്തിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനംതിരിച്ച് ലഭ്യമാക്കുമോ?

(i) RKVY പദ്ധതി പ്രകാരം പ്ലാന്റ് നവീകരണത്തിന് -76.5 ലക്ഷം രൂപ

(ii) ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ - 5,25,000 രൂപ

(iii) ലാബ് നിർമ്മാണം -70,000 രൂപ

(iv) ഗോഡൗൺ നിർമ്മാണം-3,00,000 രൂപ

(സി) സർക്കാരിൽനിന്ന് ലഭിച്ച ധനസഹായത്തിന് പുറമേ ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങൾ, ഏജൻസികൾ, ബാങ്കുകൾ എന്നിവയിൽനിന്നും ക്ഷീര ഡയറിക്കുവേണ്ടി പ്രസ്തുത സംഘം വായ്പയായും അല്ലാതെയും പണം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപ വായ്പയായി എടുത്തിട്ടുണ്ട്; ഈ ഇനത്തിൽ എത്ര രൂപ കുടിശ്ശിക നിലവിലുണ്ടെന്ന് അറിയിക്കുമോ?

<u>വായ്പ</u>

1) കേരളാ ബാങ്കിൽനിന്നും - 1.75 കോടി രൂപ

2) കണ്ടല സർവ്വീസ് സഹകരണ ബാങ്ക് - 2 കോടി രൂപ

3) സ്ഥിര നിക്ഷേപമായി സ്വീകരിച്ചത് - 65 ലക്ഷം രൂപ

<u>കുടിശ്ശിക</u>

1) കേരളാ ബാങ്ക് - 1.75 കോടി രൂപയും പലിശയും

2) കണ്ടല സർവ്വീസ് സഹകരണ ബാങ്ക് - 2 കോടി രൂപ

3) സ്ഥിരം നിക്ഷേപം തിരികെ നൽകാനുള്ളത് - 65 ലക്ഷം രൂപ

(ഡി) പ്രസ്തുത സംഘം ഇപ്രകാരം വായ്പയായി പണം സമാഹരിക്കുന്നതിന് ഡയറി രജിസ്ട്രാറിൽനിന്നും നിയമാനുസൃതം അനുമതി വാങ്ങിയിട്ടുണ്ടോ?

ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായാണ് വായ്പ ലഭ്യമാക്കിയത്. പദ്ധതിക്ക് നിയമാനുസൃതം ഡയറി രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) മേല്പറഞ്ഞ രീതിയിൽ ക്രമവിരുദ്ധമായ സാമ്പത്തിക നടപടികളിലൂടെ അംഗങ്ങളായ ക്ഷീര കർഷകർക്ക് കോടിക്കണക്കിന് രൂപയുടെ ബാധ്യത വരുത്തിവെച്ച ഭരണ സമിതിയുടെയും ജീവനക്കാരുടെയും പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പ് കെ.സി.എസ്. ആക്ട് 65-ാം വകുപ്പ് അന്വേഷണം നടത്തുകയും പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഇല്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

**ക്ഷീരവികസന വകുപ്പ് പുനഃസംഘടന**

352 (1892) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം കൂടിയ ഇരിക്കൂർ മണ്ഡലത്തിലെ വികസന യൂണിറ്റുകളായ ഇരിക്കൂർ, മണിക്കടവ് ക്ഷീരവികസന യൂണിറ്റുകളിൽ ക്ഷീരവികസന ഓഫീസർ തസ്തിക എത്ര വർഷമായാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീര വികസന യൂണിറ്റുകളായ ഇരിക്കൂരിൽ 4 മാസം (22-5-2021 മുതൽ), മണിക്കടവിൽ 2 വർഷം 3 മാസം (29-6-2019 മുതൽ) എന്ന രീതിയിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) സംസ്ഥാനത്തെ 2019-20 വർഷത്തെ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലൂടെയുള്ള പാൽശേഖരണം, രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളുടെ എണ്ണം, അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക്, നിലവിൽ ജോലിചെയ്യുന്നവരുടെ പേര് വിവരങ്ങൾ എന്നിവ പട്ടികയായി ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പാലുൽപ്പാദനത്തിനനുസരിച്ച് ക്ഷീരവികസന വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

**ക്ഷീരസംഘങ്ങൾക്കുമേൽ ആദായ നികുതി**

353(1893) ശ്രീ. ഐ. ബി. സതീഷ്:

ശ്രീമതി ദെലീമ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതവൃത്തിക്കായി ക്ഷീര കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രയമായ ക്ഷീരസംഘങ്ങളുടെ വിറ്റുവരവിന്മേൽ കേന്ദ്ര സർക്കാർ ആദായ നികുതി ഏർപ്പെടുത്തിയതുമൂലം ഉണ്ടാകാനിടയുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മിൽമയുടെ കീഴിലും സ്വകാര്യ മേഖലയിലും എത്ര പ്രാഥമിക ക്ഷീര സംഘങ്ങൾ ഉണ്ടെന്നും ഇവയെ ആശ്രയിക്കുന്ന ക്ഷീര കർഷകരുടെ എണ്ണം എത്രയാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

31-3-2021-ലെ കണക്കനുസരിച്ച് മിൽമയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3366 സംഘങ്ങളുണ്ട്. ഇവയിൽ 3023 എണ്ണം പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മേഖലാ യൂണിയനുകളിലുമായി നിലവിൽ 9,96,209 കർഷകരുണ്ട്. ഇവരിൽ 2,48,834 പേർ നിലവിൽ പാലളക്കുന്നു.

(സി) ക്ഷീരകർഷകരെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30-6-2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകം ടാക്സ് ആക്റ്റിലെ വകുപ്പ് 194Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും ടി.ഡി.എസ്. (TDS) ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് 1-10-2021-ൽ നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയം കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ നേരിൽക്കണ്ട് ബോധ്യപ്പെടുത്തിയിട്ടുമുണ്ട്.

## മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം

354 (1894) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമവിരുദ്ധമായ സാമ്പത്തിക നടപടികളിലൂടെ മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന` വലിയ ബാധ്യത ഉണ്ടായിട്ടുള്ളതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണക്കാരായ ഭരണസമിതി അംഗങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

മറനല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് ബാധ്യതയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര നഷ്ടം വന്നതിനെ തുടർന്നാണ് ബാധ്യത വന്നിട്ടുള്ളത്. ഭരണസമിതിയുടെ വീഴ്ച കൊണ്ടാണ് നഷ്ടം വന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ബി) സർക്കാർ സഹായത്തോടെ മേൽപ്പറഞ്ഞ സംഘം ആരംഭിച്ച കാലിത്തീറ്റ ഫാക്ടറി അടച്ചുപൂട്ടി യന്ത്രസാമഗ്രികൾ വിൽപ്പന നടത്തിയത് വകുപ്പിന്റെ അനുമതിയോടെയാണോയെന്ന് അറിയിക്കുമോ?

സംഘത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ചിട്ടില്ല. 1987-ൽ സ്ഥാപിച്ച ഫീഡ് മിക്സിംഗ് യൂണിറ്റ് 2004-ൽ കാലപ്പഴക്കംമൂലം യന്ത്ര സാമഗ്രികൾ പ്രവർത്തനരഹിതമായപ്പോൾ വകുപ്പിന്റെ അനുമതിയോടെ ലേലം ചെയ്ത് വിൽപ്പന നടത്തി.

(സി) പ്രസ്തുത സംഘത്തിന് സാമ്പത്തിക ബാദ്ധ്യതയും നഷ്ടവും വരുത്തിവെച്ചുവെന്ന് ആരോപിക്കപ്പെടുന്ന ഭരണസമിതിയുടെ പ്രസിഡണ്ടായി പ്രവർത്തിച്ച വ്യക്തി കേരളത്തിലെ സഹകരണമേഖലയിൽ നിലവിൽ ഏതെങ്കിലും പ്രമുഖ സ്ഥാനം വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

അപ്രകാരം ആരോപണ വിധേയരായവരാരും ഏതെങ്കിലും സ്ഥാനം വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആദായ നികുതിയുടെ പരിധിയിൽ ക്ഷീര സഹകരണ സംഘങ്ങൾ

355(1895) ശ്രീ. യു. എ. ലത്തീഫ്:

ഡോ. എം. കെ. മുനീർ:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ കൊണ്ടുവന്ന കേന്ദ്രസർക്കാരിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തീരുമാനം ക്ഷീരസംഘങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ക്ഷീരകർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവിനെതിരെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30-6-2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 194Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന് മാത്രമാണ് നിയമ നിർമ്മാണം നടത്താൻ ഭരണഘടനാപരമായി അധികാരമുള്ളത്. ഈ വിഷയം കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത് കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിന് 1-10-2021-ൽ ബഹു. കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് വിഷയം ബോധിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ നിവേദനം ബഹു. കേന്ദ്രമന്ത്രിക്ക് നൽകിയിട്ടുള്ളതുമാണ്.

## പാലിന്റെ ഗുണനിലവാരവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും

356 (1896) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽനിന്നുവരുന്ന പാൽ അടക്കമുള്ള ഉല്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവ കുറ്റമറ്റരീതിയിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനും പദ്ധതികൾ നിലവിലുണ്ടോ; പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി നിർമ്മിച്ച് മാർക്കറ്റിംഗ് ഉൾപ്പെടെയുള്ളവ ഏകീകരിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ക്ഷീരസഹകരണ സംഘങ്ങളിൽ പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി നിർമ്മിച്ച് പ്രാദേശികമായി വിപണനം ചെയ്തുവരുന്നു. നിലവിൽ ഇവയുടെ മാർക്കറ്റിംഗ് ഏകീകരണത്തിനുള്ള നടപടികൾ പരിഗണനയിലില്ല.

**വർക്കല മണ്ഡലത്തിലെ ക്ഷീര സംഘങ്ങൾ**

357 (1897) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വകുപ്പിന് കീഴിൽ എത്ര ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ വകുപ്പിന് കീഴിൽ 9 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ പ്രവർത്തന രഹിതമായ ഏഴ് ക്ഷീരസംഘങ്ങൾ കൂടിയുണ്ട്. ഇതിൽ രണ്ട് സംഘങ്ങളുടെ പുനഃപ്രവർത്തനത്തിനുവേണ്ടി പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്.

(ബി) ഈ ക്ഷീര സംഘങ്ങളുടെ പേരും സ്ഥലവും നഗരസഭ/ ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ?

അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ക്ഷീര സംഘങ്ങൾക്ക് 2016 മുതൽ 2021 മാർച്ച് വരെ നല്കിയിട്ടുള്ള ധനസഹായം എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (2)-ൽ ചേർത്തിരിക്കുന്നു.*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ക്ഷീരസഹകരണ സംഘങ്ങൾക്ക് ആദായ നികുതി**

358 (1898) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരസഹകരണ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30-6-2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 194Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന് മാത്രമാണ് നിയമ നിർമ്മാണം നടത്താൻ ഭരണഘടനാപരമായി അധികാരമുള്ളത്. ഇക്കാര്യം കേന്ദ്ര ധനകാര്യ മന്ത്രിയെ അറിയിച്ചത് കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിന് 1-10-2021-ൽ ബഹു. കേന്ദ്ര ക്ഷീരവികസന വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് വിഷയം ബോധിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ നിവേദനം ബഹു. കേന്ദ്ര മന്ത്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തെ ക്ഷീര സഹകരണസംഘങ്ങൾ**

359 (1899) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

കേരളത്തിൽ ക്ഷീര വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

1) വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

2) പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

3) കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

4) ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5) വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

(ബി) ആകെ എത്ര ക്ഷീര സഹകരണസംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ക്ഷീരസഹകരണ സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി വിവിധ പദ്ധതികൾ " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടകപദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ, ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്താനുമുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

**പുതിയ ക്ഷീര സംഘങ്ങൾ**

360 (1900) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർ കൂടുതലുള്ള സ്ഥലങ്ങളിൽ കർഷകർക്ക് കിലോമീറ്ററുകൾ ദൂരത്തുള്ള ക്ഷീര സംഘങ്ങളിൽ പാൽ എത്തിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ പുതിയ ക്ഷീര സംഘങ്ങൾ അനുവദിക്കുന്നതിന് തടസങ്ങളുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് അപേക്ഷ നൽകുന്ന പക്ഷം പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിന് അനുമതി നൽകിവരുന്നു.

(ബി) പുതിയ ക്ഷീര സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

1) വെള്ള പേപ്പറിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 ക്ഷീര കർഷകരെങ്കിലും ഒപ്പിട്ട അപേക്ഷ (2 പകർപ്പ്) ഡെപ്യൂട്ടി ഡയറക്ടർക്ക് നേരിട്ട് സമർപ്പിക്കണം.

2) ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ബ്ലോക്കിലെ ക്ഷീരവികസന ഓഫീസറുടെ വില്ലേജ് സർവ്വേ റിപ്പോർട്ട്, പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തിയ ഏരിയാമാപ്പ്, മറ്റ് ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയുമായി അതിവ്യാപനമില്ലെന്ന ക്ഷീരവികസന ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

3) ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം രൂപീകരണ യോഗം ക്ഷീര വികസന ഓഫീസർ വിളിച്ചുചേർക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള തീരുമാനങ്ങളെടുക്കുകയും പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറെയും തെരഞ്ഞെടുക്കുകയും വേണം.

4) സംഘം രൂപീകരിക്കുന്നതിന് ഓഹരി പിരിക്കാൻവേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിക്ക് മിനിട്ട്സ് തീരുമാനമടക്കം ചീഫ് പ്രൊമോട്ടർ അപേക്ഷിക്കണം.

5) അതിനുശേഷം സഹകരണ നിയമം ഫോറം നമ്പർ 1-ലുള്ള അപേക്ഷയും അനുബന്ധരേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് സംഘം രജിസ്റ്റർ ചെയ്ത് നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II അടിയന്തരപ്രമേയം

### കോവിഡ് മരണനിരക്കിലെ അപാകത

മി. സ്പീക്കർ: സംസ്ഥാനത്ത് കോവിഡുമൂലം മരണമടഞ്ഞവരുടെ ലിസ്റ്റ് പൂർണ്ണമാകാത്തതുകൊണ്ടും ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാത്തതുമൂലവും അർഹരായവർക്ക് കോവിഡ് ധനസഹായം നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Writ Petition (C) No.539/2021 - Gourav Kumar Bansal v. Union of India & Ors., WP(C) No. 554/2021 - Reepak Kansal v. Union of India & Ors. എന്നീ കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിലാണ് കോവിഡ് മരണത്തിന്റെ നിർവ്വചനത്തിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തിയത്. 3-9-2021-ലാണ് ബഹുമാനപ്പെട്ട കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ കോവിഡ് മരണം നിശ്ചയിക്കുന്നതിനുള്ള പുതുക്കിയ ഗൈഡ്‌ലൈനുകളോടുകൂടി ഉത്തരവ് പുറപ്പെടുവിച്ചത്. കേന്ദ്രസർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വളരെ പെട്ടെന്നുതന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവിറക്കുകയും നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽപ്പെടാത്ത മരണങ്ങൾ ഉൾപ്പെടുത്താൻ ഒരു പുതിയ പോർട്ടൽ വികസിപ്പിച്ചെടുക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും മെഡിക്കൽ സർട്ടിഫിക്കറ്റിൽ (Medical certificate for cause of death - Form 4 & 4A) കോവിഡ്-19 മരണമെന്ന് രേഖപ്പെടുത്തിയതുമായ മരണങ്ങളെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാളുമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാളുമുതലോ 30 ദിവസംവരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല, ആശുപത്രികളിൽ അല്ലെങ്കിൽ കിടത്തിച്ചികിത്സാ കേന്ദ്രത്തിൽ പ്രവേശിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി

കണക്കാക്കാവുന്നതാണ്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നല്കുന്നതിനുമായി വിശദമായ മാർഗ്ഗരേഖ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നല്കപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതി ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഇതിന് പരിഹാരം കണ്ടെത്തണമെന്നുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ജില്ലാ സർവെയലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിക്കൽ ഡിപ്പാർട്ടുമെന്റ് തലവൻ, ബന്ധപ്പെട്ട വിദഗ്ദ്ധർ - സബ്ജക്ട് എക്സ്പെർട്ട് എന്നിവരടങ്ങുന്ന കോവിഡ്-19 Death Ascertaining Committee രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പരാതി ലഭിച്ച് 30 ദിവസത്തിനകം തീർപ്പ് കല്പിക്കുന്നതാണ്. കോവിഡ് ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം പോർട്ടലിലൂടെ പരാതികൾ നല്കാൻ കഴിയാത്തവർക്ക് ഡിജിറ്റൽ ഡിവൈഡ് ഒരു തടസ്സമായി ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ തൊട്ടടുത്തുള്ള പി.എച്ച്.സി.-യിലോ എഫ്.എച്ച്.സി.-യിലോ നിർദ്ദിഷ്ട ഫോർമാറ്റിൽ അപേക്ഷ നേരിട്ട് നല്കി ഏത് വിധത്തിലാണെങ്കിലും പരാതി 30 ദിവസത്തിനകം തീർപ്പാക്കും. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ Guidelines for the ex-gratia assistance to the next of kin of the deceased by COVID-19 മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് 50,000 രൂപ ധനസഹായം നല്കാൻ ഉത്തരവായിട്ടുണ്ട്. രാജ്യത്ത് ആദ്യമായി കോവിഡ്-19 റിപ്പോർട്ട് ചെയ്ത തീയതി മുതൽ കോവിഡ്-19 ദുരന്തമായി പ്രഖ്യാപിച്ച് വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ, ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെയാണ് ഈ ധനസഹായം ലഭ്യമാക്കുക. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകല്പനചെയ്ത റിലീഫ് പോർട്ടലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതുവഴി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ വളരെ വ്യക്തവും കൃത്യവും സമയബന്ധിതവുമായി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം വന്നപ്പോൾ രാജ്യത്തുതന്നെ ആദ്യമായി പുതുക്കിയ

ഗൈഡ്‍ലൈൻസ് ഉൾക്കൊണ്ടുകൊണ്ട് ഉത്തരവിറക്കി ഇതിനുള്ള കമ്മിറ്റി ഫോം ചെയ്ത് നടപടികൾ ആവിഷ്കരിച്ചത് കേരളമാണ്. ആ രീതിയിൽ വളരെ വ്യക്തവും കൃത്യവും സമയബന്ധിതവുമായി കോവിഡുമൂലം മരിച്ചവർക്കുള്ള ധനസഹായം ലഭ്യമാക്കാൻ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അർഹതപ്പെട്ട ഒരു കുടുംബത്തിനും ഈ ആനുകൂല്യം നഷ്ടമാകരുതെന്ന കർശന നിലപാടാണ് സർക്കാരിനുള്ളത്. അതിനുള്ള നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നറിയിക്കുകയാണ്.

<u>ശ്രീ പി. സി. വിഷ്ണുനാഥ്</u>: സർ, മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനങ്ങളുള്ള, മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി.-വരെയും സമർപ്പിതരായ ആശാവർക്കർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും അതിനുതാഴെയും പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനം കോവിഡിന്റെ കാര്യത്തിൽ ഇപ്പോഴും അപകടകരമായ അവസ്ഥയിൽക്കൂടി കടന്നുപോകുകയാണ്. സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 2 വരെയുള്ള വീക്കിലി ആവറേജ് നോക്കിയാൽ സംസ്ഥാനത്ത് ആഴ്ചയിൽ 100-നും 150-നുമിടയ്ക്ക് ആളുകൾ കോവിഡ് വന്ന് ഇപ്പോഴും മരിക്കുകയാണ്. ഒക്ടോബർ 1-ന് 95, 2-ന് 121, 3-ന് 74, 4-ന് 149, 5-ന് 151 എന്നിങ്ങനെ 100-നും 150-നുമിടയിൽ ആളുകളാണ് മരിക്കുന്നത്. നമ്മുടെ രാജ്യത്ത് ഒരുമരണവും സംഭവിക്കാത്ത രണ്ട് സംസ്ഥാനങ്ങൾ ഈ കാലയളവിലുണ്ടായി. പത്തിൽത്താഴെ മരണങ്ങൾ സംഭവിച്ച എട്ട് സംസ്ഥാനങ്ങളുണ്ടായി. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡെക്സിലുൾപ്പെടെ ആരോഗ്യ മേഖലയിൽ മറ്റ് കാര്യങ്ങളിൽ അഭിമാനിക്കുന്ന സംസ്ഥാനം ഇപ്പോഴും ഈ രൂപത്തിൽ അപകടകരമായാണ് മുന്നോട്ടുപോകുന്നത്. വീക്കിലി ടി.പി.ആർ. ഏതാണ്ട് 12-13 ശതമാനമായി നില്ക്കുകയാണ്. രണ്ടാമത്തെ സംസ്ഥാനം ഏതാണ്ട് ഒരു ശതമാനത്തിലാണ്. ഒന്നാമത് നില്ക്കുന്ന കേരളവും രണ്ടാമത് നില്ക്കുന്ന സംസ്ഥാനവും തമ്മിൽ ടി.പി.ആർ.-ലുള്ള വ്യത്യാസം 12, 13 ശതമാനമൊക്കെയാണ്. അത്രവലിയ വ്യത്യാസമാണ്. ഇപ്പോഴും ടി.പി.ആർ. 10 ശതമാനത്തിൽ താഴെകൊണ്ടുവരാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇന്ത്യയിലുണ്ടാകുന്ന ആകെ കോവിഡ് മരണങ്ങളുടെ 60 ശതമാനത്തിൽ കൂടുതലും ഈ കൊച്ചുകേരളത്തിലാണ്,ഈ ചെറിയ പോപ്പുലേഷനകത്താണ് സംഭവിക്കുന്നതെന്നുള്ളത് പഠിക്കണ്ടേ; രാഷ്ട്രീയത്തിനപ്പുറത്തേയ്ക്ക് ഗവണ്മെന്റ് ഈ പൊതുജനാരോഗ്യ പ്രതിസന്ധിയെക്കുറിച്ച് ആത്മാർത്ഥമായി ചർച്ചചെയ്യുകയും പഠനങ്ങൾ നടത്തുകയും ചെയ്യണ്ടേ? എന്നുമാത്രമല്ല ഇവിടെ 30 ശതമാനത്തിലധികം ആളുകൾ ആശുപത്രിയിൽ എത്താൻ വൈകിയതുകൊണ്ടാണ് മരണപ്പെട്ടതെന്ന് പ്രധാനപ്പെട്ട രേഖയുണ്ട്. ഞാൻ ഉദ്ധരിക്കുന്ന രേഖ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ ആരോഗ്യ വകുപ്പ് പ്രസന്റ് ചെയ്ത

അവലോകന യോഗത്തിന്റെ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ പറയുന്നത് Admission delay was assessed by factoring in deaths at home, death in transit and number of deaths which occurred within 72 hours of hospitalization. Analysis of the surrogate markers of late presentation to hospital, reflects the fact that 30.44% of deceased due to COVID -19 presented to late hospitals. ഇവിടെ ഹോം ഐസൊലേഷൻ ഏറ്റവും വിജയകരമാണ്, മാതൃകാപരമാണെന്ന് പറയുമ്പോൾ ആശുപത്രിയിലെത്താൻ വൈകിയതുകാരണം മരണനിരക്ക് വർദ്ധിച്ചു. ആരോഗ്യ സംവിധാനങ്ങൾ, രോഗിയുമായിട്ടുള്ള ബന്ധം നിലനിർത്തുകയാണെങ്കിൽ, ആർ.ആർ.ടി. സംവിധാനങ്ങൾ സജീവമാണെങ്കിൽ ഇത് സംഭവിക്കില്ല. അതിന്റെ കണക്ക് സർക്കാർതന്നെ പറഞ്ഞിട്ടുണ്ട്. ആലപ്പുഴയിൽ 33% -ഉം തൃശ്ശൂർ 39% -ഉം അങ്ങനെ ഏതാണ്ട് 40% ആളുകൾ ആശുപത്രിയിലെത്താൻ വൈകിയതു കൊണ്ടാണ് മരണപ്പെട്ടതെന്ന് മുഖ്യമന്ത്രിയുടെ മുമ്പാകെ പ്രസന്റ് ചെയ്ത ആരോഗ്യ വകുപ്പിന്റെ രേഖ വ്യക്തമാക്കുമ്പോൾ നമ്മുടെ സംവിധാനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗുരുതരമായ പ്രതിസന്ധിയെക്കുറിച്ച് നമ്മൾ ഇവിടെ ചർച്ച ചെയ്യണ്ടേ? അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ജൂൺ മാസം 2-ാം തീയതി ഡോ. എം. കെ. മുനീർ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ആ അടിയന്തരപ്രമേയത്തിനോട് മന്ത്രി സ്വീകരിച്ച നിലപാട് എല്ലാവരും കണ്ടതാണ്. പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ പ്രശ്നങ്ങൾ അന്ന് അക്കമിട്ട് നിരത്തി. 7-ാം തീയതിയിലെ അവലോകനയോഗത്തിൽ മുഖ്യമന്ത്രി ഒരു തീരുമാനമെടുത്തു. അന്ന് മുഖ്യമന്ത്രിയെടുത്ത തീരുമാനം എന്തായിരുന്നു? കോവിഡ് കണക്കുകളെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നും കോവിഡ് കണക്കിൽ എന്തെങ്കിലും ക്രമക്കേടോ മാറ്റമോ വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞത് വാർത്താ മാദ്ധ്യമങ്ങളിൽക്കൂടി നമ്മൾ വായിച്ചു. അത് മാത്രമല്ല, അത് ശരിയുമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ 08.06.2021-ലെ കുറിപ്പ് പ്രകാരം എല്ലാ ഡി.എം.ഒ.-മാർക്കും നൽകിയ സർക്കുലറിൽ ഇതുവരെയുള്ള മൊത്തം കോവിഡ് -19 മരണം, അവയുടെ ജില്ല തിരിച്ചുള്ള കണക്ക്, ജില്ല തിരിച്ചുള്ള കേസ്, fatality rate, ജില്ലകൾ തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് പ്രകടമായ വ്യത്യാസമുണ്ടെങ്കിൽ അതിനുള്ള കാരണം തുടങ്ങിയവ സംബന്ധിച്ച് പറയുന്നു. അതിനുശേഷം, അതിന്റെ തൊട്ടടുത്ത ദിവസം പത്തനംതിട്ടയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞത് വിട്ടുപോയ കോവിഡ് മരണങ്ങളെല്ലാം മൂന്നുദിവസത്തിനുള്ളിൽ പട്ടികയിലുൾപ്പെടുത്തുമെന്നാണ്. മുഖ്യമന്ത്രിയും മുൻ ആരോഗ്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും ഒരു മരണക്കണക്കും പൂഴ്ത്തിവയ്ക്കുന്നില്ലെന്ന്

നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണ് പ്രതിപക്ഷ നേതാവ് ശ്രീ.വി. ഡി. സതീശൻ, ഇൻഫർമേഷൻ കേരള മിഷനിൽനിന്നും വിവരാവകാശ നിയമപ്രകാരം എടുത്ത രേഖയിൽ 7316 മരണങ്ങൾ സർക്കാർ പൂഴ്ത്തി വച്ചകാര്യം നിയമസഭയെ അറിയിച്ചത്. അതിനുശേഷം മൂന്ന് ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. അമ്പതിനായിരം രൂപയുടെ നഷ്ടപരിഹാരത്തെക്കുറിച്ച് മന്ത്രി ഇവിടെ പറയുകയുണ്ടായി. എല്ലാ ജില്ലകളിൽനിന്നും ഒരാഴ്ചയ്ക്കകം മന്ത്രിക്ക് അൺഡിക്ലയേർഡ് ഡെത്തിന്റെ സമഗ്രമായ റിപ്പോർട്ട് കിട്ടിയതാണ്. ഇൻഫർമേഷൻ കേരള മിഷനിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം സഭയിൽ പറഞ്ഞതുൾപ്പെടെയുള്ള കണക്കുകൾ ഉൾപ്പെടുത്തി മരണപ്പെട്ട മുഴുവൻ ആളുകളുടെയും ലിസ്റ്റ് ഡാഷ് ബോർഡിൽ പ്രസിദ്ധീകരിക്കാൻ എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ല? എന്തിനാണ് ഇപ്പോഴും അവ്യക്തത? എല്ലാ ജില്ലകളിൽനിന്നും ഡി.എം.ഒ.-മാർ കൊടുത്ത കണക്കുണ്ടല്ലോ. അൺഡിക്ലയേർ ഡായിട്ടുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്ത് സമഗ്രമായ ലിസ്റ്റ് മൂന്ന് ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കാത്തതെന്തു കൊണ്ടാണ്? സുപ്രീംകോടതി പറഞ്ഞതിനുശേഷം മാനദണ്ഡങ്ങളിൽ മാറ്റം വന്നുവെന്ന് മന്ത്രി പറഞ്ഞു. സുപ്രീംകോടതി വിധി വന്നത് ഇപ്പോഴല്ലേ? അതിന് എത്രയോ നാളുകൾക്കുമുമ്പ് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞിട്ട് അത് എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല? അപ്പോൾ അതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുകയാണ്. എന്നുമാത്രമല്ല, മരണം റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലെ അപാകതകളെക്കുറിച്ച് വിദഗ്ദ്ധ സമിതിതന്നെ സർക്കാരിനോട് പറഞ്ഞിരുന്നു. ആരോഗ്യ വകുപ്പ് ആദ്യം അത് നിഷേധിച്ചെങ്കിലും പിന്നീട് ആ റിപ്പോർട്ട് സഹിതം മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചു. എന്നിട്ടുപോലും കോവിഡ് മരണങ്ങളെ സംബന്ധിച്ചുള്ള അവ്യക്തത ഇപ്പോഴും ഗവണ്മെന്റ് നിലനിർത്തുകയാണ്. സുപ്രീംകോടതിയുടെ ഉത്തരവിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാർ ജനങ്ങളെ സഹായിക്കാൻ ഔദാര്യം കാണിച്ച് അമ്പതിനായിരം രൂപവച്ച് കൊടുത്തതാണെന്നാണ് കേന്ദ്രസർക്കാരിനെ അനുകൂലിക്കുന്ന ആളുകൾ നാട്ടിലൊക്കെ പ്രചരിപ്പിക്കുന്നത്. അത് ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ ഔദാര്യമല്ല. 2005-ലെ യു.പി.എ. ഗവണ്മെന്റ് പാസ്സാക്കിയ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഒരു ദുരന്തം ഡിസാസ്റ്ററായി പ്രഖ്യാപിക്കപ്പെട്ടാൽ സെക്ഷൻ 12 പ്രകാരം കോമ്പൻസേഷൻ കൊടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ്-19-നെ ഡിസാസ്റ്ററായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കോവിഡ് ഡിസാസ്റ്ററാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഗൗരവ് കുമാർ ബെൻസാലിന്റെ കേസ് സുപ്രീംകോടതിയിൽ വന്നപ്പോൾ കേന്ദ്ര സർക്കാർ കോമ്പൻസേഷൻ കൊടുത്തേ മതിയാകൂ എന്ന സ്ഥിതി വന്നു. അത് യഥാർത്ഥത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ

സെക്ഷൻ 12 പ്രകാരം കൊടുക്കുന്നതാണ്. 2020 ഡിസംബർ മാസത്തിൽ ബീഹാർ ഗവൺമെന്റ് കോവിഡ് വന്ന് മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ കോമ്പൻസേഷൻ പ്രഖ്യാപിച്ചു. കേരള ഗവണ്മെന്റ് കൊടുക്കാൻ തയ്യാറുണ്ടോ? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടും ഗവണ്മെന്റിനോടും ചോദിക്കുകയാണ്. നിങ്ങൾ ഇടതുപക്ഷ ബദലെന്നൊക്കെ പറയുകയല്ലേ. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ നിയമപരമായി കേന്ദ്ര സർക്കാർ കമിറ്റഡാണ്. ആരുടെയും ഔദാര്യമല്ല. പാർലമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച് ശ്രീ. നരേന്ദ്ര മോദിയുടെ ഔദാര്യമല്ല; നിയമപരമായി പ്രതിബദ്ധതയുള്ള അമ്പതിനായിരം രൂപയെക്കുറിച്ച് ഇവിടെ പറയേണ്ട. പകരം ധാർമ്മികമായും രാഷ്ട്രീയമായുമുള്ള നിങ്ങളുടെ പ്രതിബദ്ധത പറയണം. ലെഫ്റ്റ് ബദലുണ്ടെങ്കിൽ ബീഹാർ നാല് ലക്ഷം രൂപ കൊടുത്തെങ്കിൽ ഞങ്ങൾ എട്ട് ലക്ഷം രൂപ കൊടുക്കുമെന്ന് ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയണം. അതിനുള്ള ആർജ്ജവമുണ്ടോ? ശ്രീ. സി. പി. ജോണിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷമായി പത്ത് ലക്ഷം രൂപ കോമ്പൻസേഷൻ നൽകണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവും മറ്റ് നേതാക്കന്മാരുമെല്ലാം സമരത്തിലാണ്. ഗൗരവ് കുമാർ ബെൻസാലിന്റെ കേസ്സിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം കോമ്പൻസേഷൻ കൊടുക്കണമെന്നല്ല. അത് അവിടെ ഹാജരായി ശ്രീ. തുഷാർ മേത്ത പറഞ്ഞതാണ്, പക്ഷേ അത് ലീഗലി കമിറ്റഡാണ്. അതിലുള്ള പ്രശ്നം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ബി.പി.എൽ.-കാരനോ, ഒരു കോടീശ്വരനോ, 18 വയസ്സുള്ള ഒരാളോ, 99 വയസ്സുള്ളയാളോ കോവിഡ് വന്ന് മരിച്ചാൽ അമ്പതിനായിരം രൂപ കിട്ടും. പാവപ്പെട്ടവൻ, മത്സ്യത്തൊഴിലാളി, ആദിവാസി, ദളിതൻ, കുടുംബത്തിന്റെ ഏകവരുമാന സ്രോതസ്സായി പ്രവർത്തിച്ചുകൊണ്ടിരുന്ന കുടുംബനാഥൻ ഇവർ മരിച്ചാലും അമ്പതിനായിരം രൂപയാണ് കിട്ടുന്നത്. എപ്പോഴും പറയുന്നതുപോലെ മന്ത്രി ഇപ്പോഴും പറഞ്ഞു, സുപ്രീം കോടതി വിധി വന്നതിനുശേഷമാണ് ആദ്യമായി വ്യവസ്ഥകളുണ്ടാക്കിയതെന്ന്. സുപ്രീം കോടതി ഒരു വിധി പറഞ്ഞാൽ, ഡിസ്ട്രിക്ട് ഡിസാസ്റ്റർ റിഡ്രസ്സൽ സെൽ ഉണ്ടാക്കണമെന്ന് പറഞ്ഞാൽ എല്ലാവരും ചെയ്യേണ്ടിവരും. അതിൽ ആദ്യമായി ചെയ്തോ രണ്ടാമത് ചെയ്തോ എന്നുള്ളതല്ല. 3-ാം തീയതി പ്രഖ്യാപിച്ച ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചോ എന്നുള്ളതാണ് ചോദ്യം. സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന പട്ടികയിൽ നേരത്തെ ഞാൻ പറഞ്ഞത് കാറ്റഗറൈസ് ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ അവരെ സഹായിക്കാൻ സംസ്ഥാന ഗവണ്മെന്റ് നടപടി സ്വീകരിക്കണം. വാക്സിൻ ചലഞ്ചുവഴി സമാഹരിച്ച 800 കോടി രൂപ ചെലവഴിക്കണം. അതിനുള്ള പൊളിറ്റിക്കൽ വിൽ പാവപ്പെട്ട ആളുകളോട് ഗവണ്മെന്റ് കാണിക്കണം.

92% പേർക്ക് ഒന്നാമത്തെ വാക്സിൻ കൊടുത്തുവെന്ന് പറയുന്നു. മന്ത്രി മറുപടി പറയുമ്പോൾ കൃത്യമായ കണക്ക് പറയട്ടെ. ഞാൻ ഇന്നലത്തെ കണക്ക് നോക്കിയില്ല. ഏതാണ്ട് 40 ലക്ഷത്തിന് മുകളിലുള്ള ആളുകൾക്ക് കോവിഡ് വന്നു. പതിനാല് ജില്ലകളിൽ ഏതാണ്ട് മുപ്പതിനായിരത്തിന് മുകളിൽ സാമ്പിൾവച്ച് ഗവണ്മെന്റ് ഇവിടെയൊരു സെറോപ്രെവലൻസ് സർവ്വേ നടത്തി റിപ്പോർട്ട് കിട്ടിയിട്ട് എത്രയോ ദിവസങ്ങളായി. അത് എന്തിനാണ് പൂഴ്ത്തി രഹസ്യമായി വച്ചിരിക്കുന്നത്? ഇന്നലെ മന്ത്രി പത്രക്കാരോട് പറഞ്ഞു, അതിന്റെ ഒന്നാം ഘട്ട വിലയിരുത്തൽ കഴിഞ്ഞുവെന്ന്. സഭാസമ്മേളനം നടക്കുകയല്ലേ, ഇന്നലെ പത്രക്കാരോട് പറഞ്ഞല്ലോ. സെറോപ്രെവലൻസ് സർവ്വേയിൽ എത്ര ശതമാനം ആളുകളിൽ ആന്റിബോഡി പ്രസന്റ്സുണ്ട്; അതിൽ വാക്സിൻ എടുത്തവരുടെ സാമ്പിൾ എത്രയാണ്, അതിൽ കോവിഡ് വന്നവരുടെ സാമ്പിൾ എത്രയാണ്? വാക്സിൻ എടുക്കാത്ത കോവിഡ് വരാത്തവരുടെ സാമ്പിൾ എത്രയാണ്? മന്ത്രി ഇന്നിവിടെ പറയണം. ഈ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കാം. 92 ശതമാനം പേർ വാക്സിനെടുത്തു. 40 ലക്ഷത്തിന് മുകളിൽ പേർക്ക് കോവിഡ് വന്നു, ആന്റിബോഡി വേറെ. എന്നിട്ടും ദിവസവും പന്ത്രണ്ടായിരം പതിമൂന്നായിരം ആൾക്കാർക്ക് കോവിഡ് വരുന്നതും 150 ആളുകൾ മരിക്കുന്നതിന്റെയും കാരണം എന്താണെന്ന്, ഗുരുതരമായ ആരോഗ്യ പ്രതിസന്ധിയെക്കുറിച്ച് പഠനം വേണ്ടേ, ഗവേഷണം വേണ്ടേ, കണ്ടെത്തൽ വേണ്ടേ? അതിനുള്ള നടപടി സ്വീകരിക്കണം. ഇത് നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനകീയ ബദലുകൾ ആവിഷ്കരിക്കുന്നതിലും ജനങ്ങൾക്കൊപ്പം നിൽക്കുന്നതിലും morally and politically committed ആണ്. അതുകൊണ്ടാണ് കേരളം ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമായത്. കോവിഡ്-19 പകർച്ചവ്യാധിയുടെ രണ്ടാം തരംഗത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഏപ്രിൽ പകുതിയോടെയാണ് സംസ്ഥാനത്ത് രണ്ടാം തരംഗം ആരംഭിച്ചത്. അതിന്റെ തീവ്രതയും കേസുകളുടെ എണ്ണവും നല്ല രീതിയിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കൂട്ടായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ കേസുകൾ തീർത്തും ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് നാം. മേയ് മാസം 12-ാം തീയതിയാണ് രണ്ടാം തരംഗത്തിന്റെ peak കേരളത്തിലുണ്ടാകുന്നത്. 43529 കേസ്സുകളാണ് അന്ന് ഒരുദിവസം കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. കേരളത്തിൽ രണ്ടാം തരംഗത്തിലെ ഭൂരിപക്ഷം

കേസ്സുകളും ഡെൽറ്റാ വകഭേദത്തിലൂടെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജനിതക ശ്രേണീകരണത്തിലൂടെയാണ് അത് കണ്ടെത്തിയിട്ടുള്ളത്. അതിതീവ്ര വ്യാപന ശേഷിയുള്ളതാണ് കൊറോണ വൈറസിന്റെ ഡെൽറ്റാ വകഭേദം. കേരളത്തെപ്പോലെ ജനസാന്ദ്രത വളരെ കൂടുതലുള്ള സംസ്ഥാനത്ത് അതിതീവ്ര വ്യാപനശേഷിയുള്ള ഡെൽറ്റാ വകഭേദം ജനങ്ങൾക്കിടയിൽ വളരെ പെട്ടെന്ന് പടർന്ന്, സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളെയും മറികടന്ന് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാകുമെന്നുള്ള വലിയ വെല്ലുവിളി നേരിട്ടിരുന്നു. പക്ഷേ ഒരു ഘട്ടത്തിലും കേരളത്തിൽ അതുണ്ടായിട്ടില്ല. പല സംസ്ഥാനങ്ങളിലും പുഴകളിലൂടെയും നദികളിലൂടെയും മൃതദേഹങ്ങൾ ഒഴുകി നടക്കുന്നതായി കണ്ടു. ദേശീയ ശരാശരിയുടെ ഇരട്ടിയാണ് കേരളത്തിന്റെ ജനസാന്ദ്രത. ദേശീയ ജനസാന്ദ്രത ശരാശരി 430/sq.km ആണെങ്കിൽ കേരളത്തിൽ അത് 860/sq.km ആണ്. ഇവിടെ മികച്ച ചികിത്സാ സൗകര്യം ഒരുക്കുന്നതിനും എല്ലാവർക്കും ചികിത്സയും ഐ.സി.യു.-വിന്റെയും വെന്റിലേറ്ററിന്റെയും സൗകര്യം ഉറപ്പാക്കുന്നതിനും കഴിഞ്ഞു. കേരളത്തിൽ ഒരാൾപോലും ഓക്സിജനില്ലാതെ മരിക്കുന്ന ഒരു സ്ഥിതിയുണ്ടായിട്ടില്ല. അങ്ങനെയുള്ള അവസ്ഥ ഒഴിവാക്കുന്നതിന് ആവശ്യത്തിന് ഓക്സിജൻ ലഭ്യതയും ആശുപത്രി കിടക്കകളും ചികിത്സയും ഐ.സി.യു., വെന്റിലേറ്റർ സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് നാം കോവിഡ് പ്രതിരോധ തന്ത്രം ആവിഷ്കരിച്ചത്. Delaying the peak എന്നതായിരുന്നു എപ്പോഴും നമ്മുടെ സ്ട്രാറ്റജി. സർക്കാർ/സ്വകാര്യ മേഖലകളിലായി ലഭ്യമാക്കിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾക്കും അവയുടെ കപ്പാസിറ്റിക്കും താഴെയാണ് കേരളത്തിലെ കോവിഡ് രോഗികളുടെ എണ്ണമെന്ന് ഓരോ ഘട്ടത്തിലും ഉറപ്പാക്കിയിരുന്നു. അതിനനുസരിച്ചുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്. ഒന്നാം തരംഗത്തിലെപ്പോലെ മാസങ്ങൾ നീണ്ടുനിൽക്കുന്ന ലോക്ഡൗണിലൂടെ വീണ്ടും കടന്നുപോകുക സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ രണ്ടാം തരംഗത്തിൽ അതിനനുസരിച്ചുള്ള സ്ട്രാറ്റജിയും വാക്സിനേഷൻ പ്രക്രിയയും മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് ശ്രമിച്ചത്. ഇന്നലെവരെ 93.18 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 43.14 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ഏറ്റവും മികച്ച വാക്സിനേഷൻ ഡ്രൈവ് നടത്തി വിജയിപ്പിച്ച സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്. ഈ രീതിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ഏറ്റവും ശാസ്ത്രീയമായ സമീപനം സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതും കേരളമാണ്. ഏത് പകർച്ച വ്യാധിയാണെങ്കിലും ഭരണകൂടം അല്ലെങ്കിൽ സർക്കാർ ഏത് രീതിയിലാണ് അതിനെ നേരിട്ടിട്ടുള്ളതും പ്രതിരോധിക്കുകയും ചെയ്തതെന്ന് വിലയിരുത്തേണ്ടത്

ചില ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. പകർച്ചവ്യാധി ബാധിച്ച രോഗികളുടെ കൃത്യമായ കണക്കുണ്ടാക്കുകയെന്നുള്ളതാണ് അതിൽ വളരെ പ്രധാനപ്പെട്ടത്. കേരളത്തിന്റെ സ്ഥിതി എന്താണെന്നുള്ളത് നമുക്ക് നോക്കാം. ദേശീയ തലത്തിൽ under-counting factor ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇത് നമ്മൾ പറയുന്നതല്ല, ICMR (Indian Council of Medical Research)-ന്റെ പഠനമാണ്. പല സംസ്ഥാനങ്ങളിലും നൂറും നൂറ്റിയിരുപതും കേസുകളിൽ ഒരെണ്ണം റിപ്പോർട്ട് ചെയ്യുമ്പോൾ ICMR-ന്റെ പഠനമനുസരിച്ച് കേരളം ആറ് കേസുകളിൽ ഒരെണ്ണം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇന്ത്യയിൽ under-counting factor ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. നമ്മൾ അതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണെന്നുള്ളതാണ് വാസ്തവം. Tests per million രാജ്യത്ത് ഏറ്റവും കൂടുതൽ നടക്കുന്ന സംസ്ഥാനം കേരളമാണ്. രോഗികളെ കണ്ടെത്തുന്നതിനായി ആരോഗ്യ വകുപ്പ് കൂടുതൽ ടെസ്റ്റും മികച്ച ട്രെയ്സിംഗും വളരെ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ രീതിയിൽ രോഗികളെ ഐഡന്റിഫൈ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ചികിത്സയുടെ കാര്യം പറഞ്ഞു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. എന്താണ് നമ്മൾ ചെയ്തത്? സർക്കാർ ആശുപത്രികളിൽ പൂർണ്ണമായും സൗജന്യമായിട്ടാണ് കോവിഡ് ചികിത്സ ലഭ്യമാകുന്നത്. രണ്ടാം തരംഗം ഉയർന്ന തോതിലെത്തിയപ്പോൾ സർക്കാർ ആശുപത്രികൾക്കൊപ്പം സ്വകാര്യ ആശുപത്രികളെക്കൂടി സൗജന്യ ചികിത്സയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി അവരുമായി ചർച്ച നടത്തി. നിശ്ചിത ഐ.സി.യു. ബെഡ്ഡുകൾ ഉൾപ്പെടെയുള്ളവ സർക്കാർ ആശുപത്രികളിൽ നിന്ന് റഫർ ചെയ്യുന്ന രോഗികൾക്ക് ലഭ്യമാക്കി. കൂടുതൽ ആശുപത്രികളെ കാസ്പ് പദ്ധതിയിൽ (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) എംപാനൽ ചെയ്തു. ഈ കോവിഡ് കാലത്ത് 390 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ മാറ്റിവച്ചിട്ടുള്ളത്. അത്രയും ക്ലെയിം ഉണ്ടായിട്ടുണ്ട്. ആ രീതിയിൽ സ്വകാര്യ ആശുപത്രികളെക്കൂടി ഇതിന്റെ ഭാഗമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ വളരെ കൃത്യമായിട്ടുള്ള പ്ലാനിംഗോടുകൂടി മുന്നോട്ടുപോയിട്ടുള്ളത്. മരണ നിരക്ക് സംബന്ധിച്ച് പറഞ്ഞു. Under-counting factor ഏറ്റവും കുറവുള്ളതും ഏറ്റവും മികച്ച രീതിയിൽ ടെസ്റ്റ് നടത്തുന്നതുമായ സംസ്ഥാനം കേരളമാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് മരണ നിരക്ക്. ഒരു പകർച്ചവ്യാധിയിൽ എത്രത്തോളം ആളുകൾ മരിച്ചുവെന്നത് വളരെ പ്രധാനപ്പെട്ട ഒരു കണക്കാണ്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് ഒരു കാര്യവും മറയ്ക്കേണ്ടതായിട്ടില്ല. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് ഇങ്ങനെയൊരു പ്രശ്നമുണ്ടായപ്പോൾ, അത് പരിശോധിക്കാമെന്നുള്ള നിലപാട് സംസ്ഥാന സർക്കാർ എടുത്തത്. ജൂൺ മാസം മുതൽ മരണം ഓൺലൈനായി അപ്ഡേറ്റ്

ചെയ്യുന്നതിനുള്ള സംവിധാനമുണ്ടായി. ഈ സംവിധാനത്തിൽനിന്ന് ഓൺലൈൻ അപ്ഡേഷൻ നടക്കുന്നില്ല, മറ്റാരോ ചെയ്യുന്ന എന്നുള്ളതായിരുന്നു ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിക്കപ്പെട്ടത്. വാസ്തവത്തിൽ അങ്ങനെയായിരുന്നില്ല. പക്ഷേ ആ ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ അത് വളരെ വ്യക്തമായി പരിഹരിക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചത്. ഒരു ഹോസ്പിറ്റലിൽ ഒരു മരണമുണ്ടായാൽ ചികിത്സിക്കുന്ന ഡോക്ടർ അല്ലെങ്കിൽ ആശുപത്രി സൂപ്രണ്ടുതന്നെ ഓൺലൈൻ അപ്ഡേഷൻ നടത്തണം. ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ആ മരണം റിപ്പോർട്ട് ചെയ്തിരിക്കണം. ജൂൺ മാസം മുതൽ ആ രീതിയിലാണ് കേരളത്തിൽ മരണം റിപ്പോർട്ട് ചെയ്യുന്നത്. മരണം റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വന്നപ്പോൾ വളരെ വിശദമായി ഇക്കാര്യങ്ങൾ പരിശോധിച്ചു. ഒരു മരണം കോവിഡ് ഡെത്താണോ എന്ന് അംഗീകരിക്കുന്നതിനും ആ രീതിയിൽ റിപ്പോർട്ട് ചെയ്യുന്നതിനുമായി ഒരു മെഡിക്കൽ ബുള്ളറ്റിൻ ആവശ്യമായിട്ടുണ്ട്. അതോടൊപ്പംതന്നെ ആർ.ടി.പി.സി.ആർ. ടെസ്റ്റോ അതിന് സമാനമായിട്ടുള്ളതോ ആയ ലാബ് റിസൾട്ടും അതിന്റെ ഭാഗമായി ഉണ്ടാകണം. അങ്ങനെയുള്ള ഡോക്യുമെന്റ്സ് ഇല്ലാതെവരുമ്പോഴാണ് പലപ്പോഴും പല മരണങ്ങളും സമയബന്ധിതമായി കോവിഡ് മരണങ്ങളായി റിപ്പോർട്ട് ചെയ്യാൻ കഴിയാതെ പോയിട്ടുള്ളത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നപ്പോഴാണ് ഇതുസംബന്ധിച്ച കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് ഓൺലൈൻ അപ്ഡേഷൻ നടത്തുന്നതിന് ശ്രമിച്ചത്. ഇപ്പോൾ ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഇരുപത്തിനാല് മണിക്കൂറിനകം മരണം സ്ഥിരീകരിക്കുന്നുണ്ട്. ശേഷം സംസ്ഥാന തലത്തിൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. അങ്ങനെ ക്രോഡീകരിച്ച് പ്രോസസ്സ് ചെയ്യുന്നതിന്റെ ഡാറ്റയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇത്തരത്തിൽ ഡാറ്റ ഉള്ളതും അത് പ്രോസസ്സ് ചെയ്ത് അവലോകനം ചെയ്യുന്നതും ആവശ്യമായ തുടർ നടപടികളെടുക്കുന്നതും കേരളം മാത്രമാണ്. എങ്ങനെ മരണങ്ങൾ സംഭവിക്കുന്നു എന്ന് പരിശോധിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ആരോഗ്യ വകുപ്പ് വളരെ കൃത്യമായി ഒരോ ദിവസവും ഡാറ്റ ശേഖരിച്ച് ഇത് പരിശോധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന കോവിഡ് റിവ്യൂ യോഗത്തിൽ ആരോഗ്യ വകുപ്പ് ഇത് പ്രസന്റ് ചെയ്യുന്നുണ്ട്. വെറും ഡാറ്റ കൊടുക്കുകയല്ല ചെയ്യുന്നത്, അത് പ്രോസസ് ചെയ്ത് എന്ത് സംഭവിക്കുന്നു, എങ്ങനെയാണിത് ചെയ്യേണ്ടത്, എങ്ങനെ തരണംചെയ്യണം എന്നൊക്കെയാണ് ചർച്ച ചെയ്യുന്നത്. ആശുപത്രിയിലേയ്ക്കെത്താൻ താമസിക്കുന്ന സാഹചര്യമുണ്ട്, അതൊഴിവാക്കണമെന്ന് നമ്മൾ കണ്ടെത്തി. അതിന്റെ അടിസ്ഥാനത്തിൽ മിണ്ടാതിരിക്കുകയല്ല ചെയ്തത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങി എല്ലാ വകുപ്പുകളെയും വിളിച്ചുചേർത്തുകൊണ്ട് ജനജാഗ്രതാ സമിതികൾ കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. പ്രാദേശികമായ മോണിറ്ററിംഗ് കൂടുതൽ ശക്തമാക്കി. നേരത്തേതന്നെ ഇത് നടന്നുപോരുന്നുണ്ട്. പക്ഷേ ഇത് കൂടുതൽ ശക്തമാക്കി. അതുമാത്രമല്ല, മൊത്തം മരണം നോക്കുകയാണെങ്കിൽ, രണ്ടുമൂന്ന് വിഭാഗങ്ങളിലായാണ് മരണം സംഭവിച്ചതെന്ന് കാണാൻ കഴിയും. ഒന്നാം വിഭാഗം വാക്സിനേറ്റഡ് അല്ലാത്തവരാണ്. ഒരു ഡോസ് വാക്സിൻ എടുത്തിട്ടുണ്ടെങ്കിൽ severe comorbidities ഉള്ളവർക്കാണ് മരണം സംഭവിച്ചിട്ടുള്ളത്. ഹോം ഐസൊലേഷനിലുള്ളവർക്ക് പ്രധാനമായും ഇതുസംബന്ധിച്ചുള്ള ബോധവത്കരണം നൽകണം. പ്രമേഹമുണ്ട്, ചെറിയ പനിയേ ഉള്ളൂ, അതുകൊണ്ട് വീട്ടിലിരിക്കാമെന്ന് ആരും കരുതരുത്. പനിയുടെ/കോവിഡിന്റെ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും കോവിഡ് ക്ലിനിക്കിൽ പോകുകയും ആവശ്യമായിട്ടുള്ള ചികിത്സ തേടുകയും വേണം. യുവാക്കളാണെങ്കിലും ലക്ഷണങ്ങളുണ്ടെങ്കിൽ ആർ.ടി.പി.സി.ആർ. പരിശോധന തന്നെ നടത്തണമെന്ന് നിർബന്ധിക്കുന്നുണ്ട്. കൂടുതൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കൃത്യമായിട്ടുള്ള നിർദ്ദേശം കൊടുത്തുകൊണ്ട് അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കോവിഡ് മരണവുമായി ബന്ധപ്പെട്ട ഡോക്യുമെന്റ്സ് ഇല്ലാതെയുള്ള മരണങ്ങൾ പലപ്പോഴും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടാകില്ല. ഇത് പരിശോധിച്ചു. ഓൺലൈൻ അപ്ഡേഷൻ ജൂൺ മാസം മുതലാണ് നടത്തുന്നത്. ഓൺലൈൻ അപ്ഡേഷൻ നടക്കുന്നതുവരെയുള്ള എല്ലാ മരണങ്ങളും പരിശോധിക്കുകയും ആ രീതിയിൽ ആവശ്യമായ ഡോക്യുമെന്റ്സ് ഇല്ലാത്ത ഏഴായിരത്തോളം മരണങ്ങൾ ഉണ്ടായിരുന്നുവെന്നും മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ ഡോക്യുമെന്റ്സ് ഉൾപ്പെടെ മെഡിക്കൽ ബുള്ളറ്റിനുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ജില്ലകളിലും ഇത് പ്രസിദ്ധീകരിക്കുകയാണ്. സംസ്ഥാന സർക്കാരിന് ഇത് സംബന്ധിച്ച് ഒരു അവ്യക്തതയുമില്ല. വളരെ കൃത്യമായി ഇതുൾപ്പെടെയുള്ള ലിസ്റ്റാണ് പ്രസിദ്ധീകരിക്കുന്നത്. ഒക്ടോബർ മാസം പത്താം തീയതിയോടുകൂടിയാണ് അപേക്ഷകൾ സമർപ്പിക്കുന്നതിന് പോർട്ടൽ ഓപ്പൺ ആകുന്നത്. നേരിട്ട് പോർട്ടൽവഴി ഓൺലൈനായി സമർപ്പിക്കാം. അതല്ലെങ്കിൽ തൊട്ടടുത്തുള്ള പി.എച്ച്.സി.-യിലോ എഫ്.എച്ച്.സി.-യിലോ ഈ അപേക്ഷ നിർദ്ദിഷ്ട ഫോർമാറ്റിൽ കൊടുക്കാവുന്നതാണ്. ആരോഗ്യ വകുപ്പ് പരിശോധിച്ച് കണ്ടെത്തിയിട്ടുള്ള എല്ലാ മരണങ്ങളും ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനി പരാതിയുണ്ടെങ്കിൽ അവയും ഇതിൽ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നതാണ്. അതിൽ ഒരു തർക്കവുമില്ല. സർക്കാരും ഭരണപക്ഷവും

പ്രതിപക്ഷവും ഒന്നിച്ച് ചെയ്യാവുന്ന കാര്യമാണിത്. അതുകൊണ്ടുതന്നെ തുറന്ന മനസ്സോടുകൂടി സുതാര്യമായി ഈ കാര്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് സംസ്ഥാന സർക്കാർ ആലോചിച്ചിട്ടുള്ളത്, അതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മൂന്ന് ദിവസമെന്ന് പറഞ്ഞെങ്കിലും ആ മൂന്ന് ദിവസംകൊണ്ട് തീരുന്ന കാര്യമായിരുന്നില്ല. വളരെ വിശദമായി പരിശോധിച്ച്, നടപടി സ്വീകരിച്ച്, അത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇനിയും പരാതികളുണ്ടെങ്കിൽ അവ സ്വീകരിച്ച് അർഹരായ എല്ലാവർക്കും ആനുകൂല്യം നൽകണമെന്നുള്ളതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പരാതികൾ മുപ്പത് ദിവസത്തിനകം തീർപ്പാക്കിക്കൊണ്ടുതന്നെ മുന്നോട്ടുപോകും. അടിയന്തരപ്രമേയത്തിന് അവതരണാനുമതി കൊടുക്കരുതെന്നാണ് അപേക്ഷിക്കാനുള്ളത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് പൊള്ളയായ അവകാശവാദങ്ങൾ ഉയർത്തുകയാണ് സർക്കാർ ഇപ്പോഴും ചെയ്യുന്നത്. ആഴ്ചകളായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ളതും ഏറ്റവും കൂടുതൽ മരണങ്ങൾ നടക്കുന്നതുമായ സംസ്ഥാനം കേരളമാണ്. എന്നിട്ടും എന്ത് അവകാശവാദങ്ങളാണ് സർക്കാർ നടത്തുന്നത്? ഏറ്റവും ആദ്യം ഈ സർക്കാർ പറഞ്ഞത് ലോകത്ത് ഏറ്റവും കുറവ് കോവിഡ് രോഗികളുള്ള സംസ്ഥാനം കേരളമാണെന്നാണ്. ഒരു സമയത്ത് ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള സംസ്ഥാനമായി കേരളം മാറി. TPR(Test Positivity Rate) ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്നായി രണ്ടാമത്തെ അവകാശവാദം. എന്നാൽ ഇന്ത്യയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമായി ആഴ്ചകളോളം കേരളം നിൽക്കുകയാണ്. ഇതൊക്കെയാണെങ്കിലും മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം എന്നാണ് പിന്നീട് പറഞ്ഞത്. ഞങ്ങൾ മറ്റൊന്നിനും തർക്കിക്കാൻ വന്നിട്ടില്ല. പക്ഷെ, മരണനിരക്കിന്റെ കാര്യം വന്നപ്പോൾ പറഞ്ഞു, അത് യഥാർത്ഥ കണക്കല്ല എന്ന്. അതുസംബന്ധിച്ച് ജൂൺ 2-ാം തീയതി ഈ സഭയിൽ വാശിയേറിയ ഡിബേറ്റും നടന്നിരുന്നു. കോവിഡുമൂലമുണ്ടായ യഥാർത്ഥ മരണങ്ങൾ മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു എന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്. ICMR

(Indian Council of Medical Research)-ന്റെയും WHO (World Health Organization)-യുടെയും guideline അനുസരിച്ച് കോവിഡ് മരണം നിശ്ചയിക്കേണ്ടത് ചികിത്സിച്ച ഡോക്ടറാണ്, he is the only competent authority to fix the cause of death. എന്നാൽ നിങ്ങൾ തിരുവനന്തപുരത്ത് ഒരു ഡെത്ത് ആഡിറ്റ് കമ്മിറ്റി ഉണ്ടാക്കി. ഡോക്ടർമാരല്ല, മറിച്ച് ആ ഡെത്ത് ആഡിറ്റ് കമ്മിറ്റിയാണ് മരണകാരണം തീരുമാനിച്ചത്. അപ്പോൾ യഥാർത്ഥത്തിൽ ICMR-ന്റെ guideline അനുസരിച്ച് കോവിഡുമൂലം മരിച്ച ആയിരക്കണക്കിന് ആളുകളുടെ പേര് ഇല്ലാതെ പോയി. അന്ന് മന്ത്രി മറുപടി പറഞ്ഞത്, 'ചക്ക വീണ് മരിച്ചവന്റെ പേര് കോവിഡ് മരണനിരക്കിൽപ്പെടുത്തണോ' എന്നാണ്. ഞങ്ങൾ അതുവേണ്ട എന്നുപറഞ്ഞു. പക്ഷെ കോവിഡുമൂലം മരിച്ച ആയിരക്കണക്കിന് ആളുകളുടെ പേരുകൾ പുറത്തുവന്നില്ല. ജൂൺ 2-ാം തീയതിയാണ് ഞങ്ങൾ സഭയിൽ ഈ വിഷയത്തിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ജൂൺ 16-ാം തീയതി മുതൽ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അതുവരെയുള്ള സിസ്റ്റത്തിന് മാറ്റംവരുത്തി എന്നാണ് ആരോഗ്യ വകുപ്പുമന്ത്രി എന്നെ അറിയിച്ചത്. അപ്പോഴാണ് ദിവസേന 100-150-200 പേരുടെ മരണനിരക്ക് വന്നുതുടങ്ങിയത്. എന്റെ വിനയപൂർവ്വമായ ചോദ്യം, ജൂൺ 16 വരെ ആളുകൾ മരിച്ചതിന്റെ കണക്ക് ആരുടെ കയ്യിലാണുള്ളത്? ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ പ്രധാനപ്പെട്ടൊരു ചോദ്യം ചോദിച്ചു, നിയമസഭയിൽ അടിയന്തരപ്രമേയം വന്നതിനുശേഷം ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർമാരോട് പുറത്തുവിട്ടതും അല്ലാത്തതുമായ മരണത്തിന്റെ കണക്ക് വേണമെന്ന് പറഞ്ഞിരുന്നു. മൂന്നുനാല് ദിവസങ്ങൾക്കുള്ളിൽ പതിനാല് ജില്ലകളിൽനിന്നും സർക്കാരിന്റെ കയ്യിൽ കോവിഡുമൂലം മരിച്ചവരുടെയും കോവിഡുമൂലം മരിച്ചിട്ടും ഡിക്ലയർ ചെയ്യാത്തവരുടെയും കണക്കുകൾ വന്നു. ഇത് രണ്ടുംതമ്മിൽ വലിയ അന്തരമുണ്ടായിരുന്നു എന്ന് നിങ്ങൾക്കറിയാം. ജില്ലാ മെഡിക്കൽ ഓഫീസർമാർ ആരോഗ്യ വകുപ്പിന് കൊടുത്ത ആ റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല. കാരണം പുറത്തുവന്നാൽ അതുവരെയുള്ള അവകാശവാദങ്ങളുടെ കോട്ടകൾ മുഴുവൻ ഇടിഞ്ഞുവീഴും. അത്രയും വലിയ വ്യത്യാസം മരണനിരക്കുമായി ബന്ധപ്പെട്ടുണ്ട്. Information Kerala Mission-ൽ നിന്നും വിവരാവകാശ നിയമ പ്രകാരം ഞങ്ങൾക്ക് ലഭിച്ച കണക്ക്, ലോക്കൽ ബോഡികളിൽനിന്നും മാധ്യമങ്ങൾ ശേഖരിച്ച കണക്ക് എന്നിവയ്ക്ക് സർക്കാരിന്റെ കണക്കുകളുമായി യാതൊരു ബന്ധവുമില്ല. എന്തിനാണ് കോവിഡുമൂലം മരിച്ച പാവപ്പെട്ടവരുടെ പേരുകൾ മറച്ചുവച്ചത്? മേനി നടിക്കാൻ, കേരളത്തിലാണ് ഏറ്റവും കുറവ് മരണം എന്ന് പറയാൻ മാത്രമാണ്. ഇവിടെ മന്ത്രി പറഞ്ഞു, ജൂൺ 16-ന് ശേഷമുള്ള എല്ലാവരുടെയും വിവരങ്ങൾ ഞങ്ങൾ സൈറ്റിൽ കൊടുക്കും, ജൂൺ 16-ന്

മുൻപുള്ളത് കൊടുക്കില്ല, കാരണം സ്വകാര്യത സംരക്ഷിക്കാൻ വേണ്ടിയാണ് എന്ന്. ജൂൺ 16-ന് മുൻപ് മരിച്ചവർക്ക് മാത്രം സ്വകാര്യതയും അതിനുശേഷം മരിച്ചവർക്ക് സ്വകാര്യത ഇല്ലാതാവുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി(ശ്രീമതി വീണാ ജോർജ്ജ്): സർ, ഇതിൽ സർക്കാരിന്റെ നിലപാട് വളരെ സുതാര്യമാണ്. അങ്ങ് പറഞ്ഞതുപോലെ ജൂൺ 16-ന് ശേഷവും അല്ലെങ്കിൽ ഇന്നുവരെ കേരളത്തിൽ കോവിഡുമൂലം മരിച്ചിട്ടുള്ള എല്ലാവരുടെയും പേരുവിവരങ്ങളും അഡ്രസ്സും മറ്റുകാര്യങ്ങളും ഇല്ലെന്നേയുള്ളൂ, ബന്ധുക്കൾക്ക് സ്ഥലവും പേരും വയസ്സും കണ്ടാൽ മനസ്സിലാകും, ആ രീതിയിലുള്ളത് നിലവിൽ ലഭ്യമാണ്. ഇവിടെ പറഞ്ഞതുപോലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഡോക്യുമെന്റ്സ് ഉണ്ടായിട്ടും മരണം റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടോ എന്നുള്ളത് ആരോഗ്യ വകുപ്പ് വളരെ വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള മരണങ്ങളാണ് ഞാൻ പറഞ്ഞത്. അത് ജില്ലാതലത്തിൽത്തന്നെ പ്രസിദ്ധീകരിക്കും. അത് മറച്ചുവയ്ക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല, വളരെ കൃത്യമായിട്ടുതന്നെയാണ് അത് പരിശോധിച്ചിട്ടുള്ളത്. അതായത് പലവിധ ഡോക്യുമെന്റ്സ് ഇല്ലാതെ രേഖപ്പെടുത്താൻ കഴിയാതെപോയ, ഓൺലൈൻ അപ്ഡേഷന് മുൻപുള്ള 7000-ത്തോളം മരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ജില്ലാതലത്തിൽ തന്നെയുണ്ടാകും, അതിന് ഒരു അവ്യക്തതയുമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ആരോഗ്യ വകുപ്പിന്റെ രേഖയിൽ ക്യാൻസർ വന്ന് മരിച്ചതിനാൽ കോവിഡ് മരണ ലിസ്റ്റിലുൾപ്പെടുത്തുന്നില്ല എന്നുതന്നെ കാരണമെഴുതിയ മരണങ്ങളുണ്ട്. രേഖയില്ലാത്തതല്ല പ്രശ്നം. അങ്ങ് എടുത്ത നയത്തിന്റെ പ്രശ്നമാണത്, അതാണ് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ജൂൺ 16-ന് മുൻപ് മരിച്ചവരുടെ ലിസ്റ്റ് സർക്കാരിന്റെ കൈവശമുണ്ടെങ്കിൽ എന്തുകൊണ്ടാണത് പ്രസിദ്ധീകരിക്കാത്തത്? ഒരിക്കലും സർക്കാർ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. 'ഞങ്ങൾ കണക്ക് പറയും, പരിശോധിക്കും, പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്' എന്നൊക്കെയാണ് പറയുന്നത്. ഈ നിയമസഭയിൽ ഞാൻതന്നെ എത്ര പ്രാവശ്യം ഇതിനെപ്പറ്റി ചോദിച്ചിട്ടുണ്ട്, ഒരിക്കലും പറഞ്ഞിട്ടില്ല. യഥാർത്ഥ കണക്ക് നിങ്ങൾ ഇപ്പോഴും ഒളിച്ചുവച്ചിരിക്കുകയാണ്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ICMR-ന്റെ guidelines-ൽ എന്താണുള്ളത്? ക്യാൻസർ, കിഡ്നിരോഗം,

കരൾരോഗം എന്നിങ്ങനെ ഏത് മാരകമായ അസുഖമുള്ള ഒരാളും കോവിഡ് വന്നാണ് മരിക്കുന്നതെങ്കിൽ അത് കോവിഡ് മരണം ആയിത്തന്നെ രേഖപ്പെടുത്തണം എന്നല്ലേ? എന്നിട്ട് നിങ്ങൾ എന്താണ് ചെയ്തത്? നേരത്തെ എന്തെങ്കിലും അസുഖമുള്ളവർ കോവിഡുമൂലം മരിച്ചാൽ അവരുടെ മരണകാരണം മറ്റ് അസുഖങ്ങളാണ് എന്ന് എഴുതിവച്ചു. ഇവിടെ മന്ത്രി ആദ്യം മറുപടി പറഞ്ഞപ്പോൾ ഒരു കാര്യം പറഞ്ഞു, സുപ്രീംകോടതിയുടെ വിധിപ്രകാരം കോവിഡ് മരണം നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഒരു പുതുക്കിയ guideline വന്നിട്ടുണ്ട്, അതനുസരിച്ച് ഇനി ലിസ്റ്റ് തയ്യാറാക്കണം എന്ന്. സുപ്രീംകോടതിയുടെ ജൂൺ 30-ാം തീയതിയുള്ള വിധിയും അതിനുശേഷം വന്ന ഒരു ഓർഡറുമുണ്ട്. ആദ്യത്തേത് 31 പേജും രണ്ടാമത്തേത് 7 പേജുമാണ്. ഈ 38 പേജിൽ എവിടെയാണ് പുതുക്കിയ guideline ഉണ്ടാക്കിയിരിക്കുന്നത്. സംസ്ഥാനങ്ങൾ മരണനിരക്ക് ഒളിപ്പിച്ചുവയ്ക്കാതിരിക്കാൻ, യഥാർത്ഥത്തിൽ കോവിഡുമൂലം മരിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കാൻവേണ്ടിയുള്ള നടപടികളാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. വളരെ വ്യക്തമായി ഉത്തരവിൽ പറയുന്നുണ്ട്. " Now so far as the prayer to issue appropriate direction to the respondents – State Governments to issue an official document stating Covid-19 related as cause of death, to the family members of the deceased who died due to Covid-19 is concerned, it is required to be noted that it is the duty of the every authority to issue accurate/correct death certificates stating the correct and accurate cause of death, so that the family members of the deceased who died due to Covid-19 may not face any difficulty in getting the benefits of the schemes that may be declared by the Government for the death of the deceased, who died due to Covid-19." ഇതാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്, ഒരു പുതിയ guideline-നുമില്ല. ICMR-ന്റെ guideline സുപ്രീംകോടതി മാറ്റിയിട്ടില്ല. ICMR-ന്റെ guideline അനുസരിച്ച് മരിച്ച ആളുകൾക്ക് നഷ്ടപരിഹാരം ഉറപ്പായും കിട്ടുന്നതിനുവേണ്ടി നിങ്ങൾ മരണകാരണം എഴുതിയ കൃത്യമായ സർട്ടിഫിക്കറ്റുകൾ കൊടുക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്. Disaster Management Act, 2005-ലെ Section 12 (3) പ്രകാരം മരിച്ചയാളുകൾക്ക് ex-gratia payment കൊടുക്കണം എന്ന് പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ചാണ് സുപ്രീംകോടതി ഈ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. മറ്റ് പല സംസ്ഥാനങ്ങളും പണം കൊടുത്തു. പക്ഷെ ഇവിടെ കൊടുത്തില്ല. നാല് ലക്ഷം രൂപ ബീഹാറും ഒരു ലക്ഷം രൂപ കർണ്ണാടകയും കൊടുത്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി ചെയ്യുന്നത് കേരളമാണെന്ന് മന്ത്രി ഇവിടെ പറഞ്ഞത് തെറ്റാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നന്നായി ചെയ്യുന്ന നിരവധി സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. നിങ്ങൾ തമിഴ്നാട്ടിലെ പ്രതിരോധ പ്രവർത്തനങ്ങൾ പരിശോധിക്കുക. ഞാൻ അവിടത്തെ കണക്ക് എടുക്കാറുണ്ട്.

പ്രിന്റൗട്ട് നോക്കിയാൽ അവിടെ 32-ഉം 40-ഉം പേജുകളാണ്. മരിച്ച ആളുടെ പേര് പറയില്ല, അയാളുടെ സ്ഥലം, മറ്റ് ഡീറ്റെയിൽസ്, എന്താണ് മരണകാരണം, അയാൾക്ക് എന്ത് അസുഖമാണുണ്ടായിരുന്നത് തുടങ്ങി എല്ലാ ഡീറ്റയിൽസും പറഞ്ഞിട്ട് അവസാനം അത് കോവിഡ് മരണമാണെന്ന് ഡിക്ലയർ ചെയ്യും. ആ സംസ്ഥാനത്തേയ്ക്ക് വന്നിരിക്കുന്ന ആളുകൾ തുടങ്ങിയ മുഴുവൻ കാര്യവും ഒളിച്ചുവയ്ക്കാതെ കൃത്യമായി ആൾ പാർട്ടി മീറ്റിംഗുകൾകൂടി എല്ലാവരുമായി പങ്കുവയ്ക്കുന്നു. അവിടെ അവർ കൺട്രോൾ ചെയ്തത് അങ്ങനെയല്ലേ. ഇത് രണ്ടാം വരവാണെന്ന് പറഞ്ഞു. എനിക്ക് മന്ത്രിയോട് ചോദിക്കാനുള്ളത്, കേരളത്തിലെ രണ്ടാം വരവ് അവസാനിച്ചോ;എന്ന് അവസാനിക്കുമെന്ന് വല്ല ഐഡിയയുമുണ്ടോ? എല്ലാ സംസ്ഥാനങ്ങളിലും രണ്ടാം വരവ് അവസാനിച്ചിട്ട് എത്രയോ ദിവസമായി. ഇത് ആരോഗ്യ വകുപ്പിന്റെ തന്ത്രങ്ങളാണ്. എന്ത് തന്ത്രമാണ് ആരോഗ്യ വകുപ്പിനുള്ളത്, ആരാണ് തന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നത്, ആരാണ് അതിന് ഉത്തരവാദി? ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് യോഗ്യരായ ആളുകൾ അവിടെയില്ല. Contact tracing - ഒരാൾക്ക് അസുഖം വന്നാൽ എത്രപേരെ ടെയ്സ്റ്റ് ചെയ്യണമെന്നുള്ള ഓൾ ഇന്ത്യാ പാറ്റേണുണ്ട്, അത് 1:20 ആണ്. ഒരാൾക്ക് അസുഖം വന്നാൽ 20 പേരുടെ കോൺടാക്ട് നോക്കണം. കേരളത്തിൽ ഇപ്പോൾ 1:1.5 ആണ് ചെയ്യുന്നത്. കേരളത്തിൽ 75 ശതമാനവും ഒന്നും രണ്ടും ബഡ്റൂമുള്ള വീടുകളാണ്. ആളുകളോട് അവിടെത്തന്നെ താമസിക്കാൻ പറയുകയാണ്. അഞ്ചും ആറും പേരുള്ള വീട്ടിൽ ഒരാൾക്ക് അസുഖം വന്നാൽ എല്ലാവർക്കും അസുഖം വരും. Covid First Line Treatment Centers (CFLTC), Covid Second-Line Treatment Centre (CSLTC), DSU എന്നിവ അടച്ചുപൂട്ടി. അസുഖം വന്നാൽ വീട്ടിൽ തുടരാൻ പറയുന്നു. ഓക്സിജൻ കിട്ടാതെ ഇവിടെ ഒരാളുപോലും മരിച്ചിട്ടില്ലെന്ന് മന്ത്രി പറഞ്ഞു. ഓക്സിജനുള്ള ആശുപത്രിയിൽ പ്രവേശനം കിട്ടാതെ മരിച്ചിട്ടുള്ളവരുടെ ലിസ്റ്റ് തരാം. ഓക്സിജൻ സൗകര്യങ്ങളുള്ള, ഐ.സി.യു. ബെഡ്ഡുള്ള ആശുപത്രിയിൽ അഡ്മിഷൻ കിട്ടാത്തതുകൊണ്ട് എത്രപേർ കേരളത്തിൽ മരിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളം മേനി നടിക്കാൻവേണ്ടി കോവിഡിന്റെ തെറ്റായ കണക്കുകൾ പറയുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. കേരളത്തിൽ അങ്ങനെ പറയാൻ പറ്റില്ല. മാധ്യമങ്ങളും മരണ രജിസ്ട്രേഷൻ സിസ്റ്റവും പ്രതിപക്ഷവുമെല്ലാം വളരെ വിജിലന്റാണ്. കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ചതാണെന്ന് അഭിപ്രായപ്പെട്ടത് നമ്മളാരുമല്ല. നിങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പറയുന്നതുകൊണ്ട് സഭയിലെ ഒരംഗമെന്നുള്ള നിലയിൽ അതിൽ പ്രതികരിക്കാൻ എനിക്കുള്ള അഗ്രഹംകൊണ്ട് പറയുകയാണ്. പ്രോട്ടോക്കോളും ബാക്കി കാര്യങ്ങളുമെല്ലാം ഉണ്ടാക്കേണ്ടി വന്നത് നമ്മളാണ്. ഇന്ത്യയിൽ ആദ്യം കേരളത്തിലാണ് കോവിഡ് വന്നത്. 2020 ഡിസംബർ വരെ 3072 മരണങ്ങളാണ്

നമുക്കുണ്ടായത്. മാർച്ച് 24 മുതൽ മേയ് 3 വരെയുള്ള ലോക്ക്ഡൗൺ സമയത്താണ് വലിയ നഗരങ്ങളായ ചെന്നൈ, മുംബൈ, ഡൽഹി എന്നിവയെല്ലാം ഹോട്ട്സ്പോട്ടായി മാറിയത്. ആ സമയത്ത് കേരളത്തിൽ മരണങ്ങൾ വളരെ കുറവായിരുന്നു. ഇത് മറച്ചുവയ്ക്കാനോ പൂഴ്ത്തിവയ്ക്കാനോ കഴിയുന്നതല്ല. ആ സമയത്തും ചില പത്രങ്ങളിൽ മരണങ്ങൾ പൂഴ്ത്തിവയ്ക്കുന്നുവെന്ന വാർത്ത വന്നതെനിക്ക് ഓർമ്മയുണ്ട്. അന്ന് 16 മരണങ്ങൾ. പേര് സഹിതമാണ് മരണങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത്. ഒറ്റ കാര്യം പറയട്ടേ, അത് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് വന്നപ്പോൾ അത് പരിശോധിക്കുകയും അതെല്ലാം പട്ടികയിലുണ്ടെന്ന് തെളിയിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് വളരെ വ്യക്തമായി അതിനുള്ള മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീം കോടതി മാനദണ്ഡങ്ങൾ മാറ്റിയിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതിൽ വളരെ വ്യക്തമായ കാര്യങ്ങളുണ്ട്. മാധ്യമങ്ങളും പ്രതിപക്ഷവും വൈബ്രന്റാണെന്നുള്ളത് ശരിയാണ്. അതുകൊണ്ടാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ദിവസം കോവിഡുമൂലം 70 ആളുകൾ മരിച്ചിട്ട് 12 പേരുടെ പേരുമാത്രം റിലീസ് ചെയ്തപ്പോൾ പുറത്തുവന്നത്. തിരുവനന്തപുരത്തെ ശ്മശാനത്തിൽ നിരവധി ആളുകളെ സംസ്കരിച്ച ദിവസം നാലിലൊന്ന് പേരുപോലും മരിച്ചവരുടെ ലിസ്റ്റിലുണ്ടായില്ല. ഒരു ശ്മശാനത്തിലും സംസ്കരിച്ചവരിൽ നാലിലൊന്ന് പോലും തിരുവനന്തപുരത്തുനിന്നും പുറത്തിറക്കിയ ലിസ്റ്റിലുണ്ടായിരുന്നില്ല. ഞങ്ങൾ അതെല്ലാം തെളിയിക്കാം. വിവരാവകാശ നിയമ പ്രകാരം കിട്ടിയ രേഖകൾ മുഴുവനുമുണ്ട്. വിവാദമുണ്ടാക്കി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ബാധിക്കരുതെന്ന് വിചാരിച്ചാണ് ഞങ്ങൾ ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നത്. ഇന്നും പരിഹരിക്കാത്ത പ്രശ്നങ്ങളാണിവിടെയുള്ളത്. ജൂണിലും ജൂലൈയിലും മന്ത്രി ഇതുതന്നെയാണ് പറഞ്ഞത്. ഒരിക്കലും ലിസ്റ്റ് പുറത്തുവന്നിട്ടില്ല. വരുന്ന ഒക്ടോബർ 10-ാം തീയതി മുതൽ അപേക്ഷ നൽകാമെന്നാണ് പറയുന്നത്. ജൂൺ 16 മുതൽ ഞങ്ങൾ സമ്മതിക്കുന്നു. അതിനുമുമ്പ് മരിച്ചവരുടെ കണക്കുകൾ എവിടെപ്പോയി? ഇതുവരെ ഡിക്ലയർ ചെയ്തിട്ടില്ല. അത് പരിശോധിച്ച് വരുന്നുവെന്ന് നിയമസഭയിലും പുറത്തും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിൽ ഇപ്പോൾ 26,000-ലധികം മരണങ്ങൾ കേരളത്തിലുണ്ടായിയെന്ന സർക്കാരിന്റെ കണക്കും യഥാർത്ഥ കണക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ആയിരക്കണക്കിനാളുകൾ മരിച്ചവരുടെ ലിസ്റ്റിൽ വന്നിട്ടില്ല. അവർക്ക് നഷ്ടപരിഹാരം കിട്ടാതെ പോകുന്ന സാഹചര്യം കേരളത്തിലുണ്ടാകരുത്. ഇത് ജൂൺ 16-ന് മുമ്പുള്ള വിഷയമാണ്. മരിച്ചവരെ സംബന്ധിച്ച ഒരു പഠനവും ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല.

മൂന്നാം വരവിനെ തടയുന്നതെങ്ങനെയാണ്? രണ്ടാം വരവിൽ എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കണം. എങ്ങനെയുള്ള ആളുകളാണ് മരിച്ചത്, അവരുടെ ഏജ് ഗ്രൂപ്പ് ഏതാണ്, ഗർഭിണികൾ മരിച്ചിട്ടുണ്ടോ, മരിച്ചവരിൽ കൂടുതൽ

സ്ത്രീകളാണോ, കുട്ടികളാണോ, പ്രായമായവരാണോ, മാരകമായ അസുഖങ്ങൾ ബാധിച്ചവരാണോ, സിംഗിൾ വാക്സിൻ എടുത്തവരാണോ മരിച്ചത്, ഡബിൾ വാക്സിനെടുത്ത എത്രപേർ മരിച്ചിട്ടുണ്ട്, തുടങ്ങിയ ഡാറ്റ വേണം. മൂന്നാം വരവുണ്ടെങ്കിൽ, വരാതിരിക്കട്ടേയെന്ന് പ്രാർത്ഥിക്കാം, ഇതുവച്ചാണ് മൂന്നാം വരവിനെ നേരിടാനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടത്. അത്തരത്തിലുള്ള ഒരു സംവിധാനവുമില്ലാതെ റൂട്ടീനായിട്ടുള്ള കാര്യങ്ങൾ മാത്രം നടത്തിക്കൊണ്ടു പോകുകയാണ്.

മി. സ്പീക്കർ: സമയം വളരെ കൂടുതലായി.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ എല്ലാം സൗജന്യമാണെന്ന് പറഞ്ഞു. എല്ലാ സംസ്ഥാനത്തും ചികിത്സ സൗജന്യമാണ്. കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രിയിൽ കാശ് വാങ്ങാമെന്ന ഓർഡറിട്ടത് നിങ്ങളല്ലേ? കോവിഡാനന്തര ചികിത്സ എന്നുപറഞ്ഞാൽ അത് പോസ്റ്റ് കോവിഡ് ഡിസീസാണ്. കോവിഡുമായി ബന്ധപ്പെട്ടാണ് അസുഖം വരുന്നത്. കോവിഡ് കഴിഞ്ഞ് ഒന്നും രണ്ടും മൂന്നും മാസം കഴിഞ്ഞാണ് ആളുകൾക്ക് പ്രശ്നങ്ങൾ ഡെവലപ് ചെയ്യുന്നത്. അതിന് സർക്കാർ ആശുപത്രിയിൽ ചികിത്സിക്കണമെങ്കിൽ കാശുകൊടുക്കണമെന്ന ഓർഡറിട്ട ആളുകളാണ് സൗജന്യമായി കൊടുക്കുന്നുവെന്ന് പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി നിങ്ങളോട് സൗജന്യ ചികിത്സ കൊടുക്കണമെന്ന് പറഞ്ഞില്ലേ? ഗവണ്മെന്റിന്റെ സമീപനമെന്ന് പറയുന്നത്, ഒന്ന് - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവന്ന മുഴുവൻ ആളുകളെയും പിരിച്ചുവിട്ടല്ലോ? എത്ര പേരെ പിരിച്ചുവിട്ടു? CFLTC-കളും DSU-കളും പൂട്ടി. നിങ്ങൾക്ക് അസുഖം വന്നാൽ നിങ്ങൾ വീട്ടിലിരിക്കുക. അത്ര സീരിയസ്സാണെങ്കിൽ നിങ്ങൾ ആശുപത്രിയിലേയ്ക്ക് വന്നോളൂ എന്നുള്ളതാണ് നിലപാട്. കോവിഡ് ചികിത്സയിൽനിന്നും സർക്കാർ പിന്തിരിയുന്നതിൽ പ്രതിഷേധിച്ചും യഥാർത്ഥത്തിൽ കേരളത്തിൽ ആയിരക്കണക്കിന് മരിച്ചവരുടെ ലിസ്റ്റ് സർക്കാർ പുറത്തുവിടാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ് : സർ, ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ടതില്ലെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വളരെ നിർഭാഗ്യകരമാണ്. ഈ സഭ ഇത്തവണ നിയമനിർമ്മാണത്തിനുവേണ്ടി മാത്രം ചേരുകയാണ്. ഇത്രയും അടിയന്തര പ്രാധാന്യമേറിയ ഒരു കാര്യം സഭയിൽ ചർച്ച ചെയ്യേണ്ടതില്ലെന്ന് പറയുന്നതിന്റെ ലോജിക്കെന്താണ്? ഇത്രയും ഗൗരവമായിട്ടുള്ള ഒരു പ്രശ്നം ഈ സഭ ചർച്ച ചെയ്യണ്ടേ? എന്തിനാണ് ഗവണ്മെന്റ് ഇതിൽ പിടിവാശി കാണിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടാൽ എത്ര മനോഹരമാണ്. എല്ലാം റെഡിയാണ് ഒന്നിലും ഒരു പ്രശ്നവുമില്ലെന്നാണ് പറയുന്നത്. ഇവിടെ കോവിഡ് മരണം മറച്ചുവയ്ക്കുകയാണ്. ആ സംഗതികൾ നേരത്തെ പറഞ്ഞു.

മി. സ്പീക്കർ: താങ്കൾ ചുരുക്കി പറയണം.

ശ്രീ. കെ. പി. എ. മജീദ്: സർ, രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. എല്ലാം സൗജന്യമാണെന്ന് മന്ത്രി പറഞ്ഞു.

മി. സ്പീക്കർ: മജീദ് സാഹിബേ, വിശദമായ പ്രസംഗത്തിന് സമയമില്ല. സാധാരണത്തേതിനേക്കാൾ കൂടുതൽ സമയമെടുത്തു.

ശ്രീ. കെ. പി. എ. മജീദ് : സർ, വിശദമല്ല. ഞാൻ ഈ സംഗതി പറയട്ടേ. ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വെന്റിലേറ്റർ കിട്ടാത്തതുകൊണ്ട് മരിച്ച സംഭവം എന്റെ മണ്ഡലത്തിലുണ്ട്. കോഴിക്കോട് നിപ്പ ബാധിച്ച കുട്ടിയെ സ്വകാര്യ ആശുപത്രിയിലേയ്ക്കാണ് മാറ്റിയത്. ആരോഗ്യ വകുപ്പിന്റെ ഈ നിലപാട് നാണക്കേടല്ലേ?

മി. സ്പീക്കർ: സാധാരണത്തേതിനേക്കാൾ കൂടുതൽ സമയമെടുത്തു. അങ്ങ് വാക്കൗട്ട് പ്രഖ്യാപിക്കണം.

ശ്രീ. കെ. പി. എ. മജീദ് : സർ, ഞാൻ അത്രയും സമയമെടുത്തില്ലല്ലോ. ഈ ഗവണ്മെന്റിന്റെ സമീപനം വളരെ നിരുത്തരവാദപരമാണ്. ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത കാര്യമാണ്. ഇവിടെ ചികിത്സ സൗജന്യമാണെന്ന് പറയുന്നു. ആശുപത്രിയിൽ പോയാൽ ചികിത്സ സൗജന്യമാണോ? മരുന്നിന് കാശുകൊടുക്കണ്ടേ? ലാബ് ടെസ്റ്റിന് പുറത്തേയ്ക്കല്ലേ എഴുതുന്നത്? ഇത് ചർച്ച ചെയ്യാൻ അനുവദിക്കില്ലെന്ന നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ആയിരക്കണക്കിന് കുടുംബങ്ങൾ കോവിഡ് രോഗത്തെത്തുടർന്ന് നിസ്സഹായാവസ്ഥയിൽ സങ്കടത്തോടെ കഴിയുന്ന ദയനീയസ്ഥിതി കണ്ണുതുറന്ന് കാണാനുള്ള മനസ്സ് ഗവണ്മെന്റ് കാണിക്കേണ്ടതായിരുന്നു. പ്രതിപക്ഷം ഗൗരവമായി ഉന്നയിച്ച വിഷയങ്ങൾക്ക് വ്യക്തമായ മറുപടി പറയാൻ കഴിയാത്ത വിധത്തിൽ ഗവണ്മെന്റ് പ്രതിസന്ധിയിൽ നിൽക്കുന്ന സാഹചര്യമാണ് കാണുന്നത്. ഇനിയെങ്കിലും ഇത്തരം കാര്യങ്ങളിൽ അവധാനതയോടെ നീതിപൂർവ്വമായ നിലപാട് സ്വീകരിക്കണം, ദുരഭിമാനം വെടിയണം. മരണപ്പെട്ട കുടുംബങ്ങളോട് നീതി കാണിക്കാനുള്ള കടപ്പാട് ഗവണ്മെന്റിനുണ്ടാകണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഒരു സർക്കാരിന്റെ ഏറ്റവും വലിയ കൈമുതൽ സുതാര്യതയാണ്. കോവിഡ് മരണങ്ങൾ മറച്ചുവച്ചതുകൊണ്ട് എന്തെങ്കിലും നേട്ടം ഗവണ്മെന്റിന് ഉണ്ടാകുമെന്ന് നിങ്ങൾക്ക് തോന്നുന്നെങ്കിൽ അത് തെറ്റിദ്ധാരണയാണ്. സുതാര്യതയാണ് ഒരു ഗവണ്മെന്റിന് പ്രധാനപ്പെട്ടത്. അത് ഈ ഗവണ്മെന്റിനില്ല. അതിനാലാണ് ഞങ്ങൾ ആവർത്തിച്ച് കണക്കുകൾ സഹിതം ഇവിടെ ഉന്നയിച്ചത്. ജൂൺമാസത്തിന് മുമ്പുള്ള കാര്യങ്ങളും അതിനുശേഷമുള്ള കാര്യങ്ങളും സൂചിപ്പിച്ചു. ഇക്കാര്യത്തിൽ ഗവണ്മെന്റ് ബോധപൂർവ്വം മറച്ചുവച്ച് ഇല്ലാത്ത നേട്ടം ഉണ്ടെന്ന് കാണിക്കാനുള്ള ശ്രമമാണ് ഇവിടെ ഉണ്ടാകുന്നത്. ഇത് നിരവധി ആളുകൾക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് പോകും. ഇത് ഗവണ്മെന്റിന്റെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, വളരെ ഗുരുതരമായ ഒരു വിഷയമാണിത്. മരണനിരക്ക് കൃത്യമായി കണക്കാക്കാത്തതുമൂലം അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കേണ്ട ആളുകൾക്ക് അത് ലഭിക്കാതെ വരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെമാത്രം കണക്കുകൾ ഇവിടെ സൂചിപ്പിക്കാൻ കഴിയും. വളരെ അടിയന്തരമായൊരു വിഷയമായതിനാൽ ചർച്ച ചെയ്യേണ്ടതായിരുന്നു. സാധാരണ മനുഷ്യർക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്ന സാഹചര്യമാണ് ഇതുമൂലം നഷ്ടപ്പെടുന്നത്. അതിനാൽ ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### 1. ശബരിമല വിമാനത്താവള പദ്ധതി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകരെയും അതോടൊപ്പം മദ്ധ്യതിരുവിതാംകൂറിലെ ഏതാണ്ട് നാല് ജില്ലകളുൾപ്പെടുന്ന പ്രവാസികളെയും അവിടത്തെ ജനങ്ങളെയും സംബന്ധിച്ചിടത്തോളം ഒരുമനസ്സോടെ കാത്തിരിക്കുന്ന സർക്കാരിന്റെ പ്രധാനപ്പെട്ട സ്വപ്ന പദ്ധതികളിലൊന്നാണ് ശബരിമല വിമാനത്താവള പദ്ധതി. ഈ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവണ്മെന്റ് പ്രത്യേകിച്ച് കഴിഞ്ഞ ഗവണ്മെന്റുൾപ്പെടെ എടുക്കുന്ന ശക്തമായ നിലപാടുകളെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ, റാന്നി തുടങ്ങിയ നിയോജകമണ്ഡലങ്ങളുൾപ്പെടുന്ന മേഖലയിലാണ് ഇതുമായി ബന്ധപ്പെട്ട ചെറുവള്ളി എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത്. എന്നാൽ ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കൈവശമിരിക്കുന്ന പ്രസ്തുത ഭൂമി രാജമാണിക്യം കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം സർക്കാർ ഭൂമിയാണെന്നുള്ളത് കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന റവന്യൂ വകുപ്പ് ഭൂമിയേറ്റെടുക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയും അതിനെതിരെ ഇപ്പോഴത്തെ കൈവശക്കാർ കേസ് നൽകുകയും ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെടുകയും ഒരു സിവിൽ സ്യൂട്ട് (OS No.72/2019) പാലാ സബ്കോടതിയിൽ നിലനിൽക്കുകയുമാണ്. ഇപ്പോഴുള്ള പ്രധാനപ്പെട്ട വിഷയം ഈ കേസ്സിൽ ധാരാളം സംഘടനകളും വ്യക്തികളുമൊക്കെ കക്ഷി ചേരാൻ ശ്രമിക്കുകയാണ്. സംസ്ഥാന ഗവണ്മെന്റ് ഇക്കാര്യത്തിൽ പ്രത്യേക പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ട് ഈ കേസ്സിൽ അന്തിമതീരുമാന മുണ്ടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഞാൻ ഗവണ്മെന്റ് എടുക്കുന്ന നിലപാടിനെ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. നിലവിലുള്ള സിവിൽ സ്യൂട്ട്, തീരുന്നതുവരെ ഈ സ്ഥലം advance possession-നിലെടുക്കാനും ഇതിനാവശ്യമായിട്ടുള്ള കോമ്പൻസേഷൻ കെട്ടിവയ്ക്കാനും ഭൂമി ആരുടേതാണെന്ന് തീരുമാനിക്കുന്ന സന്ദർഭത്തിൽ സർക്കാരിന്റേതാണെങ്കിൽ സർക്കാരിനും വ്യക്തിയുടെതാണെങ്കിൽ ആ വ്യക്തിക്കും അത് നൽകുന്നതിനുള്ള തീരുമാനമാണ് സർക്കാർ മുമ്പോട്ടുവച്ച ഏറ്റവും നയപരമായ/മാതൃകപരമായ തീരുമാനം. പക്ഷേ അതിനെതിരെയാണ് നിലവിൽ കോടതിയിൽ കേസ്സുള്ളത്. ഇതുമായി ബന്ധപ്പെട്ട സിവിൽ സ്യൂട്ട് എത്രയും വേഗം അവസാനിപ്പിക്കുന്നതിനും ബന്ധപ്പെട്ടവരുമായി ഗവണ്മെന്റ് തലത്തിലും ജനപ്രതിനിധികളുടെ ഇടപെടലിന്റെയും അടിസ്ഥാനത്തിൽ ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുമുള്ള നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

രണ്ടാമതായി, പത്രവാർത്തകളിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം കെ.എസ്.ഐ.ഡി.സി.-യെയാണ് ഇതുമായി ബന്ധപ്പെട്ട നോഡൽ ഏജൻസിയായി ഗവൺമെന്റ് തീരുമാനിച്ചത് എന്നാണ്. ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തിയ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി സ്റ്റഡിയുടെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അമേരിക്കൻ കൺസൾട്ടൻസിയായ ലൂയിസ് ബർഗറും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും രണ്ട് ഡിപ്പാർട്ടുമെന്റുകൾ (എയർപോർട്ട് അതോറിറ്റിയും ഡിഫൻസും) അനുകൂലമായ നിലപാട് സ്വീകരിച്ചെങ്കിലും സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റ് പ്രത്യേകിച്ച് Directorate General of Civil Aviation (DGCA) ചില സംശയങ്ങൾ സർക്കാരിനോട് ചോദിച്ചുവെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ വാർത്തകൾ പുറത്തുവരുന്നത് ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ നിഷേധിച്ചു വെന്നുള്ളതാണ്. അങ്ങനെ നിഷേധമുണ്ടായിട്ടില്ല. ഇതുപോലെയുള്ള വൻകിട പദ്ധതികൾ നടപ്പിലാക്കുമ്പോൾ കേന്ദ്ര ഗവൺമെന്റും അതുമായി ബന്ധപ്പെട്ട മന്ത്രാലയങ്ങളുമൊക്കെത്തന്നെ സംശയങ്ങൾ ഉയർത്തുകയെന്നുള്ളത് സ്വാഭാവികമായും പ്രധാനപ്പെട്ട കാര്യമാണ്. ഇതിൽ രണ്ടുമൂന്ന് കാര്യങ്ങൾ പ്രധാനമായും ചർച്ച ചെയ്തതിൽ ഒന്ന്, ഇതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തുള്ള ആളുകൾക്ക് ആശങ്കയുണ്ട് എന്നാണ് വാർത്തകൾ വന്നത്. എന്നാൽ അവിടെ ഒരു ആശങ്കയുമില്ല. അവിടത്തെ ജനങ്ങൾ കാത്തിരിക്കുന്നത് വിമാനത്താവളം എത്രയും വേഗം യാഥാർത്ഥ്യമാക്കുകയെന്ന കാര്യത്തിലാണ്. അതിനാൽ ആശങ്കയുടെ പ്രശ്നം ജനങ്ങൾക്കില്ലെന്നാണ് എനിക്ക് ഒന്നാമതായി സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന് വിമാനത്താവളങ്ങൾ തമ്മിലുള്ള അകലവുമായി ബന്ധപ്പെട്ടതാണ്. അക്കാര്യത്തിൽ നെടുമ്പാശ്ശേരിയും തിരുവനന്തപുരവും തമ്മിലുള്ള അകലം 150 കിലോമീറ്ററാണ്. അതിനിടയ്ക്കാണ് ഈ വിമാനത്താവളമെന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ഈ അടുത്തകാലത്ത് ബോംബെയിലും ഡൽഹിയിലുമൊക്കെ വിമാനത്താവളങ്ങൾ നിലനിൽക്കെ പുതിയ വിമാനത്താവളങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ യഥാർത്ഥത്തിൽ പരിഹരിക്കാൻ കഴിയുന്നതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഒരുപക്ഷേ എനിക്ക് തോന്നുന്നത്, ഈ വാർത്ത നൽകുന്ന ആളുകൾ ആ പ്രദേശങ്ങൾ കണ്ടുപോലും കാണില്ല എന്നതാണ്. ഞങ്ങളൊക്കെ സഞ്ചരിക്കുകയും കടന്നുപോകുകയും ചെയ്യുന്ന പ്രദേശമാണ്. പ്രധാനമായും സൂചിപ്പിച്ചിരുന്ന മറ്റൊരു സാങ്കേതിക വിഷയം ആ പ്രദേശത്ത് അപകടകരമായ രീതിയിൽ മാത്രമേ വിമാനത്താവളം നിർമ്മിക്കാൻ കഴിയൂവെന്നുള്ളതാണ്. ആ നിർദ്ദേശം

യഥാർത്ഥത്തിൽ നിലനിൽക്കുന്നതല്ല. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവണ്മെന്റിന് തീർച്ചയായും കഴിയും. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഞങ്ങളുടെ പ്രദേശത്ത്, പ്രത്യേകിച്ച് ആ മേഖലയുടെ വലിയ വികസനത്തിന് സാദ്ധ്യത തുറക്കുന്ന ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ആളുകൾ വളരെയേറെ ആശങ്കയോടെയാണ് ഇത്തരം വാർത്തകൾ കേൾക്കുന്നത്. കഴിഞ്ഞ ദിവസം നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ കേന്ദ്ര ഗവണ്മെന്റിനെയും പ്രത്യേകിച്ച് കേന്ദ്ര വ്യോമ മന്ത്രാലയത്തെയും അറിയിക്കുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവരുന്ന പ്രധാനപ്പെട്ട വിഷയം ഇതുമായി ബന്ധപ്പെട്ട പത്രവാർത്തകളിലും മാധ്യമങ്ങളിലുമൊക്കെ വരുന്ന ആശയങ്ങൾ/ ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായ നിലപാട് ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ്. മണിമലയാറിന്റെയും മലനാടിന്റെയുമൊക്കെ ഹൃദയ ഭൂമിയിലൂടെ വിമാനത്തിന്റെ ചിറകൊച്ച കേൾക്കാനുള്ള വലിയ ആഗ്രഹവുമായി കാത്തിരിക്കുന്ന ജനതയുടെ വലിയൊരു ആഗ്രഹത്തിന്റെ സഫലീകരണത്തിന് സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാന്യനായ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ശ്രദ്ധക്ഷണിക്കലിലൂടെ പറഞ്ഞ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മറുപടി പറയുകയാണ്. അദ്ദേഹം ഉന്നയിച്ചത് ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥവും മദ്ധ്യ തിരുവിതാംകൂറിന്റെ വികസനവുമായി ബന്ധപ്പെട്ട് ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചാണ്. ഇതുസംബന്ധിച്ച് 2017-ൽ ഗവണ്മെന്റ് തത്വത്തിൽ അംഗീകാരം നൽകുകയും ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാപഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിമാനത്താവളത്തിന്റെ സ്പെഷ്യൽ ഓഫീസറായി മുൻ ത്രിപുര ചീഫ് സെക്രട്ടറിയും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായിരുന്ന ശ്രീ. വി. തുളസീദാസിനെയാണ് നിയമിച്ചത്. വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെ പദ്ധതി പ്രദേശത്തിനായി തെരഞ്ഞെടുത്തു. നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി, പരിസ്ഥിതി

ആഘാത പഠനം എന്നിവ നടത്തുന്നതിനായി നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ലൂയിസ് ബർഗർ കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. അവർ സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ സമർപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് മറുപടി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിമാനത്താവളം നിർമ്മിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പാലാ സിവിൽ കോടതിയിൽ നിലനിൽക്കുന്ന കേസ്സും ജനങ്ങളിലുണ്ടായ ആശങ്കയുമെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. നിർദ്ദിഷ്ട വിമാനത്താവള പദ്ധതി ഗവണ്മെന്റിന്റെ മുൻഗണനാ പദ്ധതിയിൽത്തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിമാനത്താവളം അവിടെ വരണമെന്നതന്നെയാണ് ഗവണ്മെന്റിന്റെ താല്പര്യം. അതുകൊണ്ടുതന്നെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തി സമയബന്ധിതമായി വിമാനത്താവള പദ്ധതി നടപ്പിലാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, നിലവിൽ വ്യോമ മന്ത്രാലയത്തിൽനിന്ന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും രൂപത്തിലുള്ള പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിന് മറുപടി എത്രകാലത്തിനുള്ളിൽ നൽകാനാണ് ഉദ്ദേശിക്കുന്നത്?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, അതിനെ സംബന്ധിച്ച് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വ്യോമ മന്ത്രാലയം ആവശ്യപ്പെട്ടിരിക്കുന്ന കുറേ വിവരങ്ങൾ ഗവണ്മെന്റ് നൽകിയിട്ടുണ്ട്. വ്യത്യസ്തമായിട്ടുള്ള ചില അഭിപ്രായങ്ങൾ ചോദിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിക്കുകയാണ്. വിശദമായി പരിശോധിച്ച് സിവിൽ ഏവിയേഷൻ മിനിസ്ട്രിക്ക് അതിന്റെ റിപ്പോർട്ടുകൾ എത്രയും വേഗം സമർപ്പിക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്.

11.00 AM]

## 2. മാലിന്യ സംസ്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മാലിന്യ സംസ്കരണം ഒരു സബ്ജക്ടായി വിദ്യാലയങ്ങളിൽ എൽ.കെ.ജി. അല്ലെങ്കിൽ എൽ.പി. സ്കൂൾ മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ. നാം പഠിച്ചിരുന്ന കാലഘട്ടത്തിൽ വീടുകളിൽത്തന്നെ മാതാപിതാക്കൾ ഓരോ ജോലി ഏൽപ്പിക്കുമായിരുന്നു. മുറ്റമടിക്കുക, തൊഴുത്ത് അടിച്ചുവൃത്തിയാക്കുക, വീടിനകം ക്ലിയർ ചെയ്യുക അങ്ങനെ പലതും ചെയ്യിക്കുമായിരുന്നു. ഇപ്പോൾ അതൊന്നും കുട്ടികൾ ചെയ്യുന്നില്ല. കുട്ടികൾ ആകെക്കൂടി ചെയ്യുന്ന ഒന്ന്, മൊബൈലിലെ നോട്ടിഫിക്കേഷൻ അതല്ലെങ്കിൽ റീസൈക്കിൾ ബിൻ ക്ലിയർ ചെയ്യും. ഇങ്ങനെ മൊബൈലിലുള്ള കാര്യങ്ങൾ മാത്രമാണ് കുട്ടികൾ ചെയ്യുന്നത്. ശുചിത്വബോധമുണ്ടാകുന്നില്ലെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. ജനകീയാസൂത്രണവും ശുചിത്വ മിഷനും മാലിന്യസംസ്കരണ പ്ലാന്റുകളൊക്കെ ഉണ്ടെങ്കിലും കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യ സംസ്കരണം. നമുക്കൊരു മാലിന്യസംസ്കരണ ശൈലിയോ, രീതിയോ, സാമൂഹ്യ പ്രതിബദ്ധതയോ ഇല്ലെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിൽ നമുക്കിത് കാണാൻ കഴിയും. രണ്ട് സംഭവങ്ങൾ ഞാൻ പറയാം; ഞാൻ ജില്ലാ പ്രസിഡന്റായിരുന്നപ്പോൾ അമേരിക്കൻ ഗവണ്മെന്റിന്റെ ഐ.വി.എൽ.പി. എന്ന പ്രോഗ്രാമിൽ പങ്കെടുക്കാനായി ചെന്നപ്പോൾ അവർ ഒരുദിവസം പഠിപ്പിച്ചത് ട്രാഷ് ക്ലിയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഒരു വിശിഷ്ടസ്ഥലത്തോ ഒരു ടൂറിസ്റ്റ് കേന്ദ്രത്തിലോ വിദ്യാർത്ഥികൾ സന്ദർശിക്കാനെത്തിയാൽ അവർ ആദ്യം ചെയ്യുന്നത് അവിടെ വേസ്റ്റ് എന്തെങ്കിലുമുണ്ടെങ്കിൽ ക്ലിയർ ചെയ്യുകയെന്നുള്ളതാണ്. അത് അവരെ പഠിപ്പിക്കുകയാണ്. അങ്ങനെയൊരു കാര്യം വിദേശ രാജ്യങ്ങളിൽ പഠിപ്പിക്കുന്നത് അന്ന് പഠിക്കാനും അറിയാനും കഴിഞ്ഞിട്ടുണ്ട്. മറ്റൊരു കാര്യമുള്ളത്, ആസ്ട്രേലിയയിലെ സിഡ്നിയിൽ വേൾഡ്പാർക്ക് കോൺഗ്രസ്സിൽ പങ്കെടുക്കാനായി ചെന്നപ്പോൾ ബ്ലൂ മൗണ്ടൻ ഫോറസ്റ്റിൽ പോകേണ്ടതായിവന്നു. അന്ന് എനിക്ക് ജലദോഷമായിരുന്നു. കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ ജലദോഷത്തെത്തുടർന്ന് ഇടയ്ക്ക് മൂക്കും മുഖവും ടിഷ്യൂ പേപ്പർകൊണ്ട് ക്ലീൻചെയ്യുകയും അവ കാട്ടിൽ ഓരോ സ്ഥലങ്ങളിൽ ഇട്ട് പോകുകയുമുണ്ടായി. ഒരു മണിക്കൂർ കഴിയുമ്പോൾ ഒരാൾ അതെല്ലാമെടുത്ത് എന്റെ കയ്യിൽ കൊണ്ടുതന്നിട്ട് പറഞ്ഞത് റൂമിലുള്ള ട്രാഷിൽ നിക്ഷേപിക്കാനാണ്. ഒരു ചെറിയ പേപ്പർപോലും

കാടുകളിലോ പുറത്തോ ഇടില്ല. എന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. വിദേശരാജ്യങ്ങളിലുള്ളതുപോലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ക്ലീനിംഗിനുമുള്ള സൗകര്യം നമ്മുടെ മുന്നിലില്ല എന്നുള്ള കാര്യം സൂചിപ്പിക്കുന്നു. സ്വന്തം പറമ്പിലെ മാലിന്യങ്ങൾ അടുത്ത പറമ്പിൽ നിക്ഷേപിക്കും. നമ്മൾ ഭക്ഷ്യ മാലിന്യങ്ങളും മറ്റും പൊതുനിരത്തിൽ രാത്രിയുടെ മറവിൽ എറിയുന്നു. കക്കൂസ് മാലിന്യങ്ങൾ കനാലിലും തോട്ടിലും പുഴയിലും നിക്ഷേപിക്കുന്നു. രാത്രിയിൽ എന്തും നമ്മൾ നിക്ഷേപിക്കുന്നു. വ്യവസായശാലകളിലെ മാലിന്യം പുഴകളിലൂടെ ഒഴുക്കുന്നു. ആ ജലം കുടിക്കുന്നു. ആശുപത്രികളിൽ അഴുക്ക് തുണികളും സാനിറ്ററി നാപ്കിനും ടോയ്‌ലെറ്റുകളിൽ നിക്ഷേപിക്കുന്നു. നമ്മൾ പാമ്പിനെ തല്ലിക്കൊന്ന് തോട്ടിലും അടുത്ത പറമ്പിലും എറിയുന്നു. രാത്രിയുടെ മറവിൽ നമ്മൾ ക്ലീനിംഗിന്റെ ഭാഗമായി മറ്റൊരു സ്ഥലം മലിനപ്പെടുത്തുന്നു. വൻകിട കമ്പനികൾ പിടിച്ചുനിൽപ്പിന്റെ ഭാഗമായി കമ്പനി മാലിന്യങ്ങളും അഴുക്ക് വെള്ളവും പുഴയിലേയ്ക്ക് ഒഴുക്കുന്നു. അവർ വിലകൊടുത്ത് വാങ്ങുന്ന മിനറൽ വാട്ടർ കുടിക്കുകയും സമ്പന്നർ അതിൽ കുളിക്കുകയും ചെയ്യുന്നു. പൊതുജനം സമരം ചെയ്യാതിരിക്കാൻ സ്വന്തം രാഷ്ട്രീയപ്പാർട്ടി രൂപീകരിച്ച് എച്ചിലും എല്ലിൻ കഷ്ണങ്ങളും നായ്ക്കൾക്ക് കൊടുക്കുന്നതുപോലെ പൊതുസമൂഹത്തെ ഭക്ഷ്യസാധനങ്ങൾ വിലകൊടുത്ത് നാണംകെടുത്തി തങ്ങളുടെ അടിമകളാക്കി മാറ്റുന്നു. എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് ഇത്തരത്തിലൊരു കമ്പനി പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ പലരീതിയിലുള്ള മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകുകയും കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റിയുടെയും വേസ്റ്റ് ചുമക്കേണ്ട ബാദ്ധ്യത ഗ്രാമങ്ങളിലേയ്ക്ക് എത്തിനിൽക്കുകയും ചെയ്യുന്നു. ഇവിടെ മാലിന്യങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നമുക്കറിയാം. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, ആലപ്പുഴയിലെ സർവ്വോദയപുരം, എറണാകുളത്തെ ബ്രഹ്മപുരം, തലശ്ശേരിയിലെ പെട്ടിപ്പാലം, തൃശ്ശൂരിലെ ലാലൂർ എന്നിവിടങ്ങളിലൊക്കെയുള്ള പ്രശ്നങ്ങൾ ഉദാഹരണങ്ങളാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമുക്ക് ഇനി എന്താണ് ചെയ്യാൻ സാധിക്കുക? കതിരിന്മേൽ വളം വച്ചിട്ട് കാര്യമില്ല. ഒരു പുതിയ തലമുറ വിദ്യാലയങ്ങളിലൂടെ വരുന്നു. അവർക്ക് ഇതുമായി ബന്ധപ്പെട്ട അറിവുകൾ നൽകണം. നമ്മുടെ വിദ്യാലയങ്ങളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി, സംഗീതം, സ്പോട്സ്, സന്മാർഗ്ഗപാഠം തുടങ്ങിയവയെല്ലാം പഠിപ്പിക്കുന്നു. പക്ഷേ ഇതെല്ലാം പഠിപ്പിക്കുമ്പോഴും എങ്ങനെ മാലിന്യങ്ങൾ സംസ്കരിക്കാമെന്നും എങ്ങനെ ശുചിത്വം പാലിക്കാമെന്നും വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നില്ല. അദ്ധ്യാപകരും വിദ്യാലയങ്ങളും മാത്രമല്ല, മാതാപിതാക്കളും ഇതിൽ കുറ്റവാളികൾതന്നെയാണ്. ജപ്പാനിൽ ആഴ്ചയിലൊരു ദിവസം ചൂലുമായി വേണം വിദ്യാർത്ഥികൾ സ്കൂളിൽ പോകേണ്ടത്. കാരണം വിദ്യാലയങ്ങൾ ക്ലീൻ ചെയ്യാൻ

വേണ്ടിയാണ്. അവരെ ഇതെല്ലാം പഠിപ്പിക്കുകയാണ്. നമുക്കെന്തുകൊണ്ട് ഇത് പഠിപ്പിക്കാൻ കഴിയാതെ വരുന്നുവെന്നുള്ളത് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രധാനാദ്ധ്യാപകരുടെ മുറികൾപോലും മലിനപ്പെട്ടിരിക്കുന്ന അവസ്ഥയുണ്ട്. ഇതിലൊരു സംസ്കാരം രൂപപ്പെടുത്തണം. മാലിന്യസംസ്കരണം ഒരു സംസ്കാരമായി മാറ്റുന്നതിന് പാഠ്യപദ്ധതിയിൽ അതുൾപ്പെടുത്തണം. അങ്ങനെ വന്നാൽ ഭാവിയിലെങ്കിലും പുഴകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയെല്ലാം മലിനപ്പെടുത്താതെ സ്വന്തം മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന ശൈലിയുണ്ടാകും. അതിനായി പാഠ്യപദ്ധതിയിൽ എൽ.കെ.ജി. മുതലെങ്കിലും ഇതുൾപ്പെടുത്താൻ വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കണം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഇതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ ഉണ്ടാകണമെന്നുകൂടി ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കുട്ടികളിൽ മാലിന്യസംസ്കരണത്തെയും മാലിന്യ നിർമ്മാർജ്ജനത്തെയും സംബന്ധിച്ച് അവബോധം നടത്തുകയെന്ന വിഷയവും മാലിന്യവുമായി ബന്ധപ്പെട്ട് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. പറഞ്ഞകൂട്ടത്തിൽ വിളപ്പിൽശാലയുടെ കാര്യവും പറഞ്ഞു. ഞാൻ തിരുവനന്തപുരം മേയർ ആയിരുന്ന സമയത്താണ് വിളപ്പിൽശാല പ്ലാന്റ് സ്ഥാപിച്ചത്. 15 വർഷം യാതൊരു പരാതിയും ഇല്ലാതെ വിളപ്പിൽശാല ഫാക്ടറി നന്നായി പ്രവർത്തിച്ചു. അതിനുശേഷം ധാരാളം പരാതികളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. സ്കൂൾകുട്ടികളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി നിരവധി പാഠഭാഗങ്ങൾ നിലവിലെ ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മലയാളം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം ക്ലാസിലെ സാമൂഹിക ശാസ്ത്രം രണ്ടാം ഭാഗത്തിലെ പത്താം അദ്ധ്യായമായ 'കേരളക്കരയിൽ' എന്ന യൂണിറ്റ് കേരളത്തിലെ നദികൾ നേരിടുന്ന മലിനീകരണ ഭീഷണിയെക്കുറിച്ച് സൂചിപ്പിക്കുന്നതാണ്. ആറാം ക്ലാസിലെ സാമൂഹിക ശാസ്ത്രം ഒന്നാം ഭാഗത്തിലെ മൂന്നാം യൂണിറ്റ് 'കേരളം മണ്ണും മഴയും മനുഷ്യരും' എന്ന യൂണിറ്റിൽ മലയാളി ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായി മാലിന്യ സംസ്കരണത്തെക്കുറിച്ച് പ്രതിപാദിക്കുകയാണ്. മാലിന്യ സംസ്കരണത്തിലെ അപര്യാപ്തത നാം നേരിടുന്ന വെല്ലുവിളിയാണെന്നും ഇത് ഒരുപരിധിവരെ കുറയ്ക്കുന്നതിനായി വീട്ടിലെ മാലിന്യങ്ങൾ അവിടത്തന്നെ സംസ്കരിച്ച് ജൈവവളമാക്കുക, മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുക, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുക തുടങ്ങിയവയെക്കുറിച്ചും പ്രതിപാദിക്കുന്നു. ഏഴാം ക്ലാസിലെ സാമൂഹിക ശാസ്ത്രം, ഒന്നാം ഭാഗത്തിലെ

ഏഴാമത്തെ അദ്ധ്യായമായ 'ഭൂമിയും ജീവലോകവും' എന്നതിൽ മണ്ണിന്റെ ഫലഭൂയിഷ്ഠിയെ ദോഷകരമായി ബാധിക്കുന്ന മലിനീകരണ പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നു. നമ്മുടെ നാട്ടിലെ ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട പഠനത്തിനായി കുട്ടികൾക്ക് ഒരു പ്രോജക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ വ്യവസായശാലകൾ, വാഹനങ്ങൾ എന്നിവയിൽനിന്നുമുള്ള മാലിന്യങ്ങൾ വായുമലിനീകരണത്തിന് കാരണമാകുന്നതായും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികളെക്കുറിച്ചുള്ള വിവര ശേഖരണത്തിനായി കുട്ടികൾക്കുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു. മലയാളം പാഠപുസ്തകത്തിൽ പരിസര മലിനീകരണം പ്രമേയമാക്കി ശ്രീ. സി. രാധാകൃഷ്ണന്റെ 'അശാന്തിയുടെ വേനൽ' എന്ന ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. എട്ടാം ക്ലാസിലെ ജീവശാസ്ത്രം പാഠപുസ്തകത്തിൽ മാലിന്യസംസ്കരണവും സുസ്ഥിര കൃഷിയും കമ്പോസ്റ്റ് നിർമ്മാണം, മാലിന്യങ്ങളിൽനിന്ന് കാലിത്തീറ്റ/കോഴിത്തീറ്റ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം പാഠപുസ്തകത്തിൽ പരിസര മലിനീകരണത്തെ അടിസ്ഥാനമാക്കി ശ്രീമതി അംബികാ സുതൻ മാങ്ങാട് രചിച്ച 'രണ്ട് മത്സ്യങ്ങൾ' എന്ന കവിത ഉൾപ്പെടുത്തിയിട്ടുണ്ട്. ഒൻപതാം ക്ലാസിലെ ജീവശാസ്ത്രത്തിൽ ആഗോളതാപനം - കാരണം, പരിഹാരം, അന്തരീക്ഷ മലിനീകരണം, സമുദ്ര മലിനീകരണം-പ്രത്യാഘാതം, നിയന്ത്രണം എന്നിവയും വായുമലിനീകരണവും ശ്വാസകോശ രോഗങ്ങളും പൊതുസ്ഥലങ്ങളിലെ മാലിന്യം എങ്ങനെ ഒഴിവാക്കാം തുടങ്ങിയവും പഠനത്തിന്റെ ഭാഗമാണ്. പത്താം ക്ലാസിലെ ജീവശാസ്ത്രത്തിൽ പൊതുയിടങ്ങളിലെ മാലിന്യങ്ങളും രോഗങ്ങളും സാംക്രമിക രോഗങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ എന്നിവയും ചേർത്തിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗം സാമൂഹിക ശാസ്ത്രം പാഠപുസ്തകത്തിൽ മണ്ണ് മലിനീകരണം, ജലമലിനീകരണം, നഗരവത്കരണം, പ്രകൃതി സംരക്ഷണം എന്നീ ആശയങ്ങളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം വിശദമാക്കുന്നു. ഉറവിട മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെ ക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പതിനൊന്നാം ക്ലാസ് - മലയാളം പാഠപുസ്തകത്തിൽ പരിസര മലിനീകരണം പ്രമേയമാക്കി ശ്രീ. എൻ. എ. നസീർ രചിച്ച 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി കടമ്മനിട്ട രാമകൃഷ്ണൻ രചിച്ച 'കിരാതവൃത്തം' എന്ന കവിത ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും അടുത്ത പാഠ്യപദ്ധതി പരിഷ്കരണവേളയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവബോധം ജനിപ്പിക്കുന്നതിനും വർത്തമാനകാല സാഹചര്യംകൂടി പരിഗണിച്ചും കൂടുതൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഉദ്ദേശിച്ചത്, സ്കൂളുകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഠിപ്പിക്കുന്നതിനുമാത്രമായി ഒരു പുസ്തകവും ആഴ്ചയിൽ ഇരുപത്തിയഞ്ചോളം മിനിട്ട് വരുന്ന ഒരു പീരീഡും കൊണ്ടുവന്നാൽ വലിയൊരു നേട്ടമായിരിക്കും. പുസ്തകങ്ങളിലെ കുറച്ച് പാഠഭാഗങ്ങൾ പഠിക്കുന്നതിലൂടെ സംസ്കാരമുണ്ടാകുന്നില്ല. പണ്ട് സന്മാർഗ്ഗ പാഠാവലിയൊക്കെ പഠിച്ചിട്ടുള്ളതാണ്. അതുകൊണ്ട് മാലിന്യ സംസ്കരണത്തെക്കുറിച്ച് പഠിപ്പിക്കുന്നതിന് ആഴ്ചയിൽ ഒരു പീരീഡ് മാറ്റിവയ്ക്കാനുള്ള പ്രോജക്ട് കൊണ്ടുവരുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 2013-ൽ കരിക്കുലം കമ്മിറ്റി വരികയും പുതിയ പാഠഭാഗങ്ങൾ സംബന്ധിച്ച ചർച്ചകൾ ആരംഭിക്കുകയും പാഠപുസ്തകങ്ങൾ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. പുതിയതായി കരിക്കുലം കമ്മിറ്റി രൂപീകരിക്കാൻ പോകുകയാണ്. പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. പുതിയ പാഠപുസ്തകത്തിന്റെ വലിപ്പവും എണ്ണവും കുറയ്ക്കുന്നത് സംബന്ധിച്ചുള്ള ആലോചനകൾ പൊതുവിൽ നടക്കുന്നുണ്ട്. ആ പാഠപുസ്തകത്തിൽ വർത്തമാനകാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള വിഷയങ്ങൾ പരിഗണിക്കപ്പെടണം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു പേജിലോ അരപ്പേജിലോ മാത്രം എഴുതിവിടാതെ ഒരു പീരീഡിൽ കുട്ടികളെ ഇരുത്തി അക്കാര്യങ്ങൾ നന്നായി പഠിപ്പിക്കുകയും വേണ്ടിവന്നാൽ പ്രായോഗികമായി നടപ്പാക്കുകയും ചെയ്യും. ശുചീകരണത്തെ സംബന്ധിച്ച് ഞാൻ മേയറായിരുന്ന സമയത്തെ മുദ്രാവാക്യം 'ക്ലീൻ സിറ്റി ഗ്രീൻ സിറ്റി' എന്നായിരുന്നു. വിദ്യാർത്ഥികളെ മുഴുവൻ രംഗത്തിറക്കി അവരുടെ മനസ്സിൽ പരിസര ശുചീകരണത്തെ സംബന്ധിച്ച് ബോധമുണ്ടാക്കി. കേരളീയർ വ്യക്തിപരമായ ശുചിത്വത്തിന് ഏറ്റവും മുന്നിലാണെങ്കിലും പരിസര ശുചീകരണത്തെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ലെന്ന ഉദാഹരണങ്ങളാണ് അങ്ങ് ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിച്ചത്. അതുകൊണ്ട് പുതിയതായി വരുന്ന പാഠപുസ്തകത്തിൽ ശുചീകരണവും മാലിന്യനിർമ്മാർജ്ജനവും സ്ത്രീധനംപോലുള്ള സാമൂഹിക പ്രശ്നങ്ങളുംകൂടി ഉൾപ്പെടുത്തുന്നത് ഗൗരവമായി പരിഗണിക്കാമെന്ന് ഉറപ്പ് നൽകുകയാണ്.

## IV സബ്മിഷൻ

### 1. ചെമ്പുമുക്ക്-പാലം /റോഡ് പുനർനിർമ്മാണം

ശ്രീ. പി. ടി. തോമസ്: സർ, പാലാരിവട്ടം സിവിൽ സ്റ്റേഷൻ റോഡിൽ ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് ദേവാലയത്തിന്റെ സമീപത്തുകൂടി ഇടപ്പള്ളി തോടിന്റെ സൈഡിലൂടെ കടന്നുപോകുന്ന ചെമ്പുമുക്ക്-അട്ടിപ്പേറ്റി നഗർ റോഡ്, ഏകദേശം 3500 കുട്ടികൾ പഠിക്കുന്ന വിദ്യാനികേതൻ അസ്സീസി പബ്ലിക് സ്കൂൾ, സിദ്ധിസദൻ നഴ്സിംഗ് കോളേജ്, ആബിലാഭവൻ, വരാപ്പുഴ അതിരൂപതയുടെ റിട്ടയർ ചെയ്ത ബിഷപ്പുമാർ താമസിക്കുന്ന ബിഷപ്പ്ഹൗസ്, കോൺവെന്റുകളായ പ്രതീക്ഷാ ഭവൻ, സെന്റ് തെരേസാസ് കോൺവെന്റ്, വില്ല സൊക്രൊസോ കോൺവെന്റ്, സെന്റ് മൈക്കിൾസ് ചർച്ച്, തൻസീൻ ഫ്ലാറ്റ്, 150-ൽപ്പരം വീടുകൾ ഉൾപ്പെടെ അയ്യായിരത്തിൽപ്പരം ജനങ്ങൾ നിത്യയാത്ര ചെയ്തുകൊണ്ടിരുന്ന റോഡ് ഇടിഞ്ഞുപോയി വാഹനഗതാഗതം പരിപൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ പാലാരിവട്ടത്തുനിന്നും കളക്ടറേറ്റിലേയ്ക്ക് പോകുന്ന റോഡിന്റെ ഇടതുവശത്തായി ഇടപ്പള്ളി തോടിന്റെ സൈഡിലാണ് വലിയൊരു റോഡ് ഇടിഞ്ഞുതാഴ്ന്നിരിക്കുന്നത്. ഇടപ്പള്ളി തോട് കെ.എം.ആർ.എൽ. ഏറ്റെടുത്ത് പുതുക്കിപ്പണിയാനുള്ള നിർദ്ദേശങ്ങളും നടപടികളും നടക്കുകയാണ്. ഇപ്പോൾ മെട്രോയുടെ പണി വരാൻ പോകുകയാണ്. അതിന്റെ പൈലിംഗും മറ്റും വരുമ്പോൾ ഈ റോഡ് കൂടുതൽ ഇടിഞ്ഞുപോകാനും ആ പ്രദേശത്തെ യാത്രാസൗകര്യം പരിപൂർണ്ണമായും തടസ്സപ്പെടാനും ഇടയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദുരിതാശ്വാസ പ്രവർത്തനത്തിലുൾപ്പെടുത്തുകയും പ്രകൃതി ദുരന്തങ്ങൾപോലുള്ള സംഭവങ്ങളിൽ കേന്ദ്ര/സംസ്ഥാന ഗവണ്മെന്റിൽനിന്നും പ്രത്യേകമായി കിട്ടുന്ന പണം കൃത്യമായി ഇതിനുവേണ്ടി മാറ്റിവയ്ക്കാൻ തയ്യാറാകുകയും വേണം. ഞാൻ ഇതുസംബന്ധിച്ച് ജില്ലാ കളക്ടറുടെയും എറണാകുളം ജില്ലയിൽനിന്നുള്ള ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും മുമ്പാകെ എം.എൽ.എ. എന്നുള്ള നിലയിൽ പരാതി കൊടുത്തിട്ടുണ്ട്. അവിടെയുള്ള നാട്ടുകാരെല്ലാവരും ചേർന്ന് ബഹളമുണ്ടാക്കുന്നതുമൂലം വാർഡ് കൗൺസിലറായ ഷാജി പ്ലാശ്ശേരിക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണ്. ഒരു കൗൺസിലറോ എം.എൽ.എ.-യോ വിചാരിച്ചാൽ ഇത് പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് ദയവായി ഗവണ്മെന്റ് അവസരത്തിനൊത്തുണർന്ന് റോഡ് കെട്ടി സംരക്ഷിച്ച് അയ്യായിരത്തോളം വരുന്ന ആളുകളുടെ യാത്രാസൗകര്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ട് 5 കോടി രൂപയുണ്ടായിരുന്നതിൽ 4 കോടി രൂപ തിരിച്ചെടുത്തു. ഇല്ലെങ്കിൽ ഞാൻ ഒരുകോടി രൂപ കൊടുക്കുമായിരുന്നു. എന്ത് ചെയ്യും? ദയവായി മന്ത്രി ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് എടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണെങ്കിലും അങ്ങ് ആവശ്യപ്പെട്ട ദുരന്ത പ്രതികരണനിധിയുമായി ബന്ധപ്പെട്ട് യോജിച്ച് പോകുന്നതല്ലെന്ന സാങ്കേതിക പ്രശ്നമുണ്ട്. തൃക്കാക്കര നഗരസഭയിലെ 23-ാം ഡിവിഷനിലെ അട്ടിപ്പേറ്റി റോഡിന്റെ വശത്തുകൂടി പോകുന്ന ഇടപ്പള്ളി തോടിന്റെ സൈഡ് വാൾ അതിരൂക്ഷമായ മഴയെത്തുടർന്ന് 06-8-2021 -ൽ ഏകദേശം 20 മീറ്ററോളം തള്ളി റോഡിലും എതിർവശത്തുള്ള കോമ്പൗണ്ട് വാളിലും കെട്ടിടത്തിലും വിള്ളൽ രൂപപ്പെട്ടിട്ടുള്ളതും ഈ റോഡ് ഏത് സമയത്തും അപകടം സംഭവിക്കാവുന്ന വിധത്തിൽ തോടിലേയ്ക്ക് ഒഴുകിപ്പോകാവുന്ന അവസ്ഥയിലുമാണ് നിലകൊള്ളുന്നതെന്ന് അങ്ങയുടെ ചോദ്യത്തിന് മറുപടി അന്വേഷിച്ചപ്പോൾ തൃക്കാക്കര നഗരസഭ കാര്യാലയത്തിൽനിന്ന് അറിയിച്ചിട്ടുണ്ട്. ഈ തോട് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലായതിനാൽ അടിയന്തരമായി തോടിന്റെ സൈഡ് വാൾ നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് 06-08-2021-ന് കത്ത് നൽകിയിട്ടുണ്ടെന്നും ആ നടപടി തുടർന്ന് പോകുകയാണെന്നും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തൃക്കാക്കര സഗരസഭാ സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2005-ലെ ദുരന്തനിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടതാണ് ദുരന്ത പ്രതികരണ നിധി. ആയതിനാൽ ദുരന്തസാഹചര്യത്തിൽ അടിയന്തരമായ പ്രതികരണ പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ളതാണ് പ്രസ്തുത നിധി. ആയതിനാൽ തോടിന്റെ സൈഡ് വാൾ നിർമ്മിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിക്കാൻ വ്യവസ്ഥയില്ലെന്ന കാര്യം അങ്ങയെ അറിയിക്കുന്നു. നഗരസഭ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിക്കുന്നതാണ്.

## 2. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ നടപടി

ശ്രീ. വി. ജോയി: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ 18 മാസത്തിലധികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെ അടഞ്ഞു കിടക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന അതേ അവസരത്തിൽത്തന്നെ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും അടഞ്ഞുപോയി. കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണെന്നത് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. നമ്മുടെ നാട്ടിൽ ചെറിയ ക്ലാസുകൾ മുതൽ കുട്ടികളെ ട്യൂഷൻ സെന്ററുകളിലേയ്ക്കും പാരലൽ കോളേജുകളിലേയ്ക്കും ട്യൂഷന് അയയ്ക്കുന്നത് ഒരു പതിവാണ്. ഒരു സ്കൂൾ, അത് യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളാകട്ടെ അവ കേന്ദ്രീകരിച്ച് നാലുംഅഞ്ചും സമാന്തര സ്ഥാപനങ്ങൾ പ്രവർത്തിക്കുകയാണ്. നിരവധി വിദ്യാർത്ഥികൾക്ക് അത് വളരെ പ്രയോജനകരവുമാണ്. ഒരു സ്ഥാപനത്തിൽ കുറഞ്ഞത് 10 അദ്ധ്യാപകരെങ്കിലും ഉണ്ടാകും. നമ്മൾ കണക്കുകൂട്ടിയാൽ

പതിനായിരത്തിനുപുറത്ത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുകയും അതിൽ ലക്ഷക്കണക്കിനാളുകൾ അദ്ധ്യാപകരായി ജോലിചെയ്യുകയും ചെയ്യുന്നുണ്ട്. ഈ സഭയിലെ അംഗങ്ങളിൽ പലരും അവരുടെ ചെറുപ്പകാലത്ത് പാരലൽ കോളേജിലെ അദ്ധ്യാപകരായിരുന്നു. ഞാനും ഡിഗ്രിക്ക് ഒന്നാം വർഷം പഠിക്കുമ്പോൾ എന്റെ വീട്ടിനടുത്തുള്ള ഒരു പാരലൽ കോളേജിൽ പഠിപ്പിക്കാൻ പോയിരുന്നു. എന്റെ അടുത്തിരിക്കുന്ന ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ.-യും ദീർഘകാലം ട്യൂഷനെടുത്തിട്ടുള്ളതാണ്. അതുപോലെ ഇവിടെയുള്ള ബഹുമാന്യരായിട്ടുള്ള പല അംഗങ്ങളും തങ്ങളുടെ ചെറുപ്പകാലത്ത് ട്യൂഷനെടുക്കുകയോ പാരലൽ കോളേജുകളിൽ പോകുകയോ ചെയ്തിട്ടുള്ളവരാണ്. പക്ഷേ, നമ്മുടെ സമാന്തര സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത സ്ഥിതി വളരെ ദയനീയമാണ്. ഇപ്പോൾ കോളേജുകൾ ആരംഭിച്ചുകഴിഞ്ഞു; ഒന്നാം തീയതി മുതൽ സ്കൂളുകൾ തുറക്കുകയാണ്; അപ്പോൾ കർശനമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും തുറക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെല്ലാം സെക്ടറൽ മജിസ്ട്രേട്ടുമാരുണ്ട്; അവരുടെയെല്ലാം നിയന്ത്രണത്തിൽ കോവിഡ് മാനദണ്ഡം കൃത്യമായി പാലിച്ചുകൊണ്ട് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ ഉന്നയിക്കുന്നത്. അതിന് അങ്ങയുടെ മറുപടി പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട വി. ജോയി എം.എൽ.എ. വളരെ പ്രധാനപ്പെട്ടതും നമ്മുടെ സമൂഹത്തിൽ എല്ലാവർക്കും അറിയാവുന്നതുമായ ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചത്. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനോടൊപ്പം പൊതുജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും വിവിധതരത്തിലുള്ള നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അതതുസമയത്തെ കോവിഡ് വ്യാപനത്തോതും ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന രോഗികളുടെ നിരക്കും സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട മറ്റ് സാമൂഹ്യ-ആരോഗ്യ പരിപാലന വിഷയങ്ങളും കണക്കിലെടുത്തശേഷമാണ് ഓരോ സമയത്തും ആവശ്യമായ നിയന്ത്രണങ്ങളും ഇളവുകളും തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനമനുസരിച്ചാണ് ഘട്ടംഘട്ടമായി നവംബർ 1-ാം തീയതി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളും കർശന നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് തുറന്നുപ്രവർത്തിക്കാൻ ഉത്തരവായിട്ടുള്ളത്. സംസ്ഥാനത്തെ ഇനിയുള്ള കോവിഡ് സാഹചര്യവും വാക്സിനേഷൻ നിരക്കും വിലയിരുത്തിയശേഷം സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുൾപ്പെടെയുള്ള ഇളവുകൾക്ക് തീരുമാനമുണ്ടാകുന്നതാണ്.

കോളേജിലും സ്കൂളിലും അഡ്മിഷൻ കിട്ടാത്തവരാണ് പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠിക്കുന്നത്. ഇത്തരം ട്യൂഷൻ സെന്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠിക്കുന്നവർക്ക് വളരെ സഹായകമാണ്. ഹൗസ് ട്യൂഷനുകളും പാരലൽ ട്യൂട്ടോറിയൽ കോളേജുകളും നമ്മുടെ പൊതുവിദ്യാഭ്യാസത്തെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുന്നുണ്ട്. ഗവണ്മെന്റ് അംഗീകാരമില്ലെങ്കിൽപ്പോലും അവിടെ പഠിപ്പിക്കുന്നവരിൽ മഹാഭൂരിപക്ഷവും വിദ്യാസമ്പന്നരാണ്. സ്കൂളുകളിൽ പ്രോട്ടോക്കോൾ നിശ്ചയിച്ചിട്ടാണ് കുട്ടികളെ കൊണ്ടുവരുന്നത്. കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ സഭയിൽ പറഞ്ഞതുപോലെ ഒരു മാർഗ്ഗരേഖയുണ്ട്, അത് തെറ്റിച്ചുകൊണ്ട് പോകാൻ സാധിക്കില്ല. കുട്ടികൾ വീട്ടിൽനിന്നിറങ്ങി സ്കൂൾവരെയെത്തുന്ന കാര്യങ്ങൾ, സ്കൂളിലെ കാര്യങ്ങൾ, തിരിച്ച് വീട്ടിലേയ്ക്കെത്തുന്നതുവരെയുള്ള കാര്യങ്ങൾ എന്നിവയല്ലാതെ വേറൊരു ഇടപെടൽ ഇക്കാര്യത്തിൽ നടത്തുന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. പാരലൽ കോളേജുകൾ വിദ്യാഭ്യാസ രംഗത്ത് സഹായം നൽകുകയും അത് നമ്മുടെ തൊഴിലില്ലായ്മയെ ബാധിക്കുകയും ചെയ്യുന്നുണ്ട്. സ്കൂളുകളും കോളേജുകളും മറ്റ് പല സ്ഥാപനങ്ങളും കടകളും തുറന്നു; പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും മാത്രം അടച്ചിടേണ്ട സാഹചര്യമില്ല. അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നും ആ സ്ഥാപനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശവും മാനദണ്ഡവും എങ്ങനെ തയ്യാറാക്കാൻ സാധിക്കുമെന്നതും സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

## 3. <u>സ്കൂൾ കെട്ടിട നിർമ്മാണം</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, വിദ്യാലയങ്ങളെല്ലാം തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പ്രൈമറി വിദ്യാലയങ്ങളുടെ അതീവ ശോചനീയമായിട്ടുള്ള ഒരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിലെ ക്ലാരി ഗവൺമെന്റ് എൽ.പി. സ്കൂൾ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ്. ഇപ്പോൾ അവിടെ ആവശ്യമായിട്ടുള്ള കെട്ടിടമില്ലാത്തതുകൊണ്ട് വളരെ പ്രയാസകരമായ രീതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ തിരൂരങ്ങാടി നഗരസഭയിലെ ഗവണ്മെന്റ് എൽ. പി. സ്കൂളിലെ രണ്ട് കെട്ടിടങ്ങൾ അൺഫിറ്റാകുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇത്തവണ എങ്ങനെയാണ് ക്ലാസ് തുറക്കുക എന്നറിയില്ല. ഞാനും പി.ടി.എ.-യും ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയുമൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്കും ബന്ധപ്പെട്ട അധികാരികൾക്കും ഇതുസംബന്ധിച്ച് നിവേദനം കൊടുത്തിട്ടുണ്ടെങ്കിലും അതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കാത്തതു കൊണ്ട് കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. സർക്കാർ പ്ലാൻ ഫണ്ടിൽനിന്നെങ്കിലും തുക നൽകി അടിയന്തരമായി ഈ പ്രവൃത്തി

ആരംഭിച്ചില്ലെങ്കിൽ വിദ്യാലയത്തിന്റെ തുടർപ്രവർത്തനത്തിന് പ്രയാസമുണ്ടാകും. എം.എൽ.എ.-മാരുടെ ഫണ്ട് വിതരണത്തിൽ നിയന്ത്രണമില്ലെങ്കിൽ നമുക്കത് നൽകാമായിരുന്നു. പക്ഷേ വളരെ പ്രയാസകരമായ ചുറ്റുപാടാണ്. അതുകൊണ്ട് ഇന്നത്തെ അവസ്ഥ കണക്കിലെടുത്ത് ഈ രണ്ട് പ്രൈമറി വിദ്യാലയങ്ങൾക്കും ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യാനുള്ള മനസ്സ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. പി. എ. മജീദ്, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷൻ സ്കൂളുകൾ തുറക്കുന്ന അവസരത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയിലുൾപ്പെടുത്തി കിഫ്ബിയുടെ ധനസഹായത്തോടെ മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട ക്ലാരി ഗവണ്മെന്റ് എൽ.പി. സ്കൂളിന്റെ വികസനത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി 31-12-2018-ൽ നൽകുകയുണ്ടായി. എന്നാൽ പ്രളയം കാരണം ബഡ്ജറ്റ് വിഹിതം പരിമിതപ്പെടുത്തിയതിനാൽ പ്രസ്തുത വർഷം തുക അനുവദിക്കാൻ കഴിഞ്ഞില്ല. INKEL എന്ന സ്ഥാപനത്തെ ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എസ്.പി.വി. ആയി ആദ്യം ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും പിന്നീട് 28-1-2021-ലെ ഉത്തരവ് പ്രകാരം KILA എന്ന സ്ഥാപനത്തെ എസ്.പി.വി.-യായി ചുമതലപ്പെടുത്തുകയുണ്ടായി. സ്കൂൾ കെട്ടിടനിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്പോൾ അനുവദിക്കപ്പെട്ട തുക മതിയാകില്ലായെന്ന് കാണുന്നപക്ഷം പ്ലാൻ ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. തിരൂരങ്ങാടി നഗരസഭയിലെ ഗവണ്മെന്റ് എൽ.പി. സ്കൂൾ, ചന്തപ്പടിയുടെ വികസനം നിലവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്കൂളിന്റെ വികസനത്തിനായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ എം.എൽ.എ.-മാരേയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ഇന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ഒരു നിവേദനം നൽകി. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 20 സ്കൂളുകളുടെ പ്രവൃത്തികളാണ് നടക്കുന്നത്. അവ വിവിധ ഏജൻസികളെ ഏൽപ്പിച്ചിരിക്കുകയാണ്. കിഫ്ബിയുടെ ഫണ്ടാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിലും പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല. സംസ്ഥാനത്താകെയുള്ള 140 മണ്ഡലങ്ങളിലും കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിക്കപ്പെടുകയും മൂന്നുനാല് ഏജൻസികളെ ഏല്പിച്ചിരിക്കുകയും അവർ ഇത്

വേറെ ആൾക്കാരെ ഏല്പിച്ചിരിക്കുകയുമാണ്. സ്കൂൾ തുറക്കുന്ന അവസരത്തിൽ പല സ്ഥലങ്ങളിലും ഭാഗികമായി പണി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ധാരാളം പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അതിനാൽ ബന്ധപ്പെട്ട ജില്ലകളിലെ എം.എൽ.എ.-മാരേയും കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഈ ഏജൻസികളുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഏറ്റെടുത്ത് നിർമ്മാണം നിർവ്വഹിക്കുന്നതിന് കഴിഞ്ഞില്ലെങ്കിൽ അവരെ ഒഴിവാക്കി വേറെ ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ടെന്നുള്ള കാര്യംകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

## 4. അക്കിക്കാവ്-എരുമപ്പെട്ടി റോഡ് നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, കുന്നംകുളം നിയോജകമണ്ഡലത്തിലെ അക്കിക്കാവ്-കടങ്ങോട്-എരുമപ്പെട്ടി റോഡ് 9.50 കിലോമീറ്ററോളം വരുന്നതാണ്. രണ്ട് സ്റ്റേറ്റ് ഹൈവേകളേയും മൂന്ന് പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ടി റോഡ് കിഫ്ബി പദ്ധതിയിലുള്ളതാണ്. ഈ പദ്ധതി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് 1-2-2019-ൽ എഗ്രിമെന്റ് വച്ചതാണ്. ഇപ്പോൾ ഇതിന്റെ കുറേഭാഗം മെക്കാഡം ടാറിംഗ് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പകുതിയോളം ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റുന്ന പണി നീണ്ടുപോയതിനെത്തുടർന്ന് വലിയ പ്രയാസമുണ്ടായി. റോഡ് പൊളിച്ചിട്ടതിനാൽ യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ പണികഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ മേൽനോട്ടം വഹിച്ചിരുന്ന വർക്ക് റോഡ് ഫണ്ട് ബോർഡിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന്റെ പ്രശ്നങ്ങൾ വന്നിരുന്നു. വാട്ടർ അതോറിറ്റി പൊളിച്ചിട്ട സ്ഥലത്ത് റോഡ് ബലപ്പെടുത്താതെ ടാർ ചെയ്താൽ റോഡിന്റെ ഗുണനിലവാരം കുറഞ്ഞുപോകുമെന്നും അത് അയാളെ ബാധിക്കുമെന്നുമുള്ള തർക്കം കരാറുകാരൻ ഉന്നയിച്ചിരിക്കുകയാണ്. ഇനി ലെവൽസ് എടുത്തുകൊടുത്താൽത്തന്നെയും കിഫ്ബിയിലേയ്ക്ക് വീണ്ടും പോകണമെന്നൊക്കെയാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. നാല് - നാലര കിലോമീറ്ററോളം ദൂരം മനുഷ്യന് യാത്ര ചെയ്യാൻ കഴിയാതെ കിടന്നിട്ട് ഒരു വർഷത്തോളമായി. 7-8-2020 - നാണ് റോഡ് കമ്മീഷൻ ചെയ്യേണ്ടിയിരുന്നത്. ഈ കാലതാമസം വലിയ പ്രയാസമുണ്ടാക്കിയിരിക്കുന്നു. ആയതിനാൽ അടിയന്തരമായി ഇക്കാര്യത്തിലിടപെട്ട് ഈ റോഡിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. കഴിഞ്ഞ നൂറുദിന കർമ്മ പരിപാടിയുടെ ഉദ്ഘാടനത്തിന് ഒരു പ്രോഗ്രാം തയ്യാറാക്കിയിരുന്നുവെങ്കിലും അത് നടന്നില്ല. അതുകൊണ്ട് അങ്ങ് ഗൗരവമായി ഇടപെട്ട് ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ ഉന്നയിച്ച റോഡിന്റെ പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, രണ്ട് സ്റ്റേറ്റ് ഹൈവേകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, മൂന്ന് പഞ്ചായത്തുകൾ ഉൾപ്പെടുന്ന റോഡാണ് അക്കിക്കാവ്-കടങ്ങോട്-എരുമപ്പെട്ടി റോഡ്. ആ റോഡിലെ തടസ്സങ്ങൾ നീക്കണമെന്നുള്ള സബ്മിഷനിലെ അഭിപ്രായം നേരത്തെതന്നെ ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ നിലയ്ക്ക് ചില കാര്യങ്ങൾ മുന്നോട്ടുനീക്കിയിട്ടുണ്ട്. ഇക്കാര്യം വളരെ വിശദമായി പരിശോധിച്ചു. 2016-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ റോഡാണിത്. സാങ്കേതികാനുമതിക്കുശേഷം 2019-ൽ കരാർ നൽകി പ്രവൃത്തിയാരംഭിച്ചു. Kerala State Electricity Board Limited (KSEBL), Kerala Water Authority (KWA) എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിച്ചിരുന്നു. LSGD യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക കൂടുതലായി വന്നതിനാൽ സാമ്പത്തികാനുമതി പുതുക്കേണ്ടിവന്നു. പുതുക്കിയ സാമ്പത്തികാനുമതി കഴിഞ്ഞമാസം 23-ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 65 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓടകളുടെയും കലുങ്കുകളുടെയും പണി ഏറെക്കുറെ പൂർത്തിയായി. Kerala Water Authority-മായി ബന്ധപ്പെട്ട തർക്കങ്ങൾ മാറുകയുംചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി 31-5-2022 വരെ ദീർഘിപ്പിക്കണമെന്ന അപേക്ഷയിന്മേൽ ഫീൽഡ് ഓഫീസിൽനിന്നും വിശദീകരണം ലഭ്യമായാലുടൻ അക്കാര്യത്തിൽ തീരുമാനമെടുക്കുകയും പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ബാക്കിയുള്ളവയുടെ വർക്ക് ഷെഡ്യൂളുകൾ തയ്യാറാക്കി റോഡ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കും. വർക്ക് ഷെഡ്യൂളിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2021- ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാനത്തിന്റെ കായികാടിസ്ഥാന വികസനവും അതിന്റെ പരിപാലനവും അതോടൊപ്പം സംസ്ഥാനത്ത് കായികരംഗം വളർത്തിയെടുക്കുന്നതും ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ 58-ഓളം സ്റ്റേഡിയങ്ങൾ ജില്ലാതലത്തിലുൾപ്പെടെ നിർമ്മിച്ചു വരികയാണ്. സംസ്ഥാനത്തെ കളിസ്ഥലങ്ങളില്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർവ്വേ നടന്നുവരികയാണ്. ഈ സാമ്പത്തിക വർഷംതന്നെ ആ കളിക്കളങ്ങളുടെ നിർമ്മാണവും നിലവിൽ കളിസ്ഥലങ്ങളില്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ബില്ലിലെ മിക്കകാര്യങ്ങളും സർക്കാർ ചെയ്തുവരുന്നവയാണ്. ഇന്ന് രാജ്യത്തിനുതന്നെ മാതൃകയായിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് കായികതാരങ്ങളെ വളർത്തിയെടുക്കാനുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ കായികം ഒരിനമായി പാഠപുസ്തകങ്ങളിൽ ചേർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയനവർഷം മുതൽ അക്കാര്യവും നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കാനുള്ള നടപടികളും പൂർത്തീകരിച്ചു വരികയാണ്. ഒക്ടോബർ രണ്ടിനുതന്നെ അത്തരത്തിലുള്ള സ്പോർട്സ് കൗൺസിലുകൾക്ക് രൂപം നൽകണമെന്ന രീതിയിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയതാണ്. എന്നാൽ ഈമാസംതന്നെ അത്തരത്തിലുള്ള നടപടിക്രമങ്ങളും തെരഞ്ഞെടുപ്പും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനൗദ്യോഗിക ബില്ലിന്റെ പരിഗണന ഇപ്പോൾ ആവശ്യമുണ്ടോയെന്നുള്ള കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിൽപ്പറയുന്ന മിക്കകാര്യങ്ങളും നടപ്പിലാക്കിവരികയാണ്. അതുകൊണ്ടുതന്നെ ഈ ബിൽ പരിഗണിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവണ്മെന്റ് വന്നതിനുശേഷം നിരവധി കാര്യങ്ങൾ കായികമേഖലയിൽ ചെയ്തിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. എങ്കിലും ചില കാര്യങ്ങളിൽ അതിശക്തമായ ഇടപെടൽ അനിവാര്യമായി വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ദേശീയ ഗെയിംസ് ഉൾപ്പെടെയുള്ള നിരവധി മത്സരവേദികൾ കേരളത്തിന് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ പല സ്റ്റേഡിയങ്ങളെയും ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ അവയുടെ പരിപാലനത്തിലുണ്ടായ കുറവ് ഇന്ന് നാശത്തിന്റെ വഴിയിലേയ്ക്കാണ് നീങ്ങുന്നതെന്ന് നാം കാണാതിരിക്കരുത്. പുത്തനുണർവ് നൽകാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളും മികച്ച മൈതാനങ്ങളും ഓരോ കളിക്കാരനിലും ടീമിലും വരുത്തുന്ന മാറ്റങ്ങൾ വളരെ വലുതാണ്. കായിക-വിനോദസഞ്ചാര രംഗത്തും കായിക-മെഡിസിൻ രംഗത്തും ലോകത്തിനുതന്നെ വലിയ സംഭാവന നൽകാൻ കഴിയുന്നൊരു നാടാണ് നമ്മുടേത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് കായിക എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗവേഷണം ഉൾപ്പെടെ പലതും ഇനിയും നടത്തേണ്ടതുണ്ട്. വളരെ അപര്യാപ്തമായ എഞ്ചിനീയറിംഗ് വിഭാഗമാണ് ഇപ്പോഴുള്ളത്. അത് വിപുലീകരിക്കാനുള്ള നടപടിയും അനിവാര്യമാണ്. കളിസ്ഥലങ്ങൾ പൊതുയിടങ്ങളാണെന്നും അവയ്ക്ക് സാമൂഹ്യമാറ്റങ്ങൾ വരുത്താനും കായികതാരങ്ങളുടെ ഭാവിയും പ്രതീക്ഷയും ഉയർത്തിക്കൊണ്ടുവരാനും കഴിയുമെന്ന തിരിച്ചറിവ് ഉണ്ടാകണം. കായികരംഗത്ത് കേരളത്തെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒന്നാം സംസ്ഥാനമായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മികച്ച പരിശീലനത്തിനും പ്രതിഭയുള്ള കുട്ടികൾക്ക് കളിച്ച് വളരാനും പൊതുജനങ്ങൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള വിപുലമായ സൗകര്യമുണ്ട്. കായികരംഗത്ത് വികസനപരമായ കാഴ്ചപ്പാടോ, നിലപാടോ മുൻപുണ്ടായിരുന്നില്ല. 5 വർഷംകൊണ്ട് കായികരംഗത്ത് നിലനിന്നിരുന്ന മോശം പ്രവണതകളിൽ മാറ്റംവരുത്തി, അസാമാന്യ പ്രതിഭയുള്ള കായികതാരങ്ങളെ കണ്ടെത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഒളിമ്പിക്സിൽ മലയാളിയായ ശ്രീ. പി. ആർ. ശ്രീജേഷ് നേടിയ വിജയവും നമുക്ക് അഭിമാനം നൽകുന്നതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചത് ഹോക്കിയിൽ ശ്രീ. പി. ആർ. ശ്രീജേഷിന്റെ നേട്ടം രാജ്യത്തിന് വളരെ അഭിമാനമായിരുന്നുവെന്നാണ്. അത്തരം നേട്ടങ്ങളുണ്ടാകണമെങ്കിൽ തീർച്ചയായും പഞ്ചായത്തുകൾതോറും വലിയ കളിസ്ഥലങ്ങൾ കൊണ്ടുവരേണ്ടതുണ്ട്.

അതുകൊണ്ട് അങ്ങയുടെ ബില്ലിന് വളരെ പ്രസക്തിയുണ്ട്. പല പഞ്ചായത്തുകളിലും വേണ്ടത്ര കളിസ്ഥലമില്ല. കളിസ്ഥലങ്ങളായി പലയിടത്തും ഇപ്പോൾ ഉപയോഗിക്കുന്നത് റവന്യൂ പുറമ്പോക്കുകളാണ്. ആ സ്ഥലങ്ങളെ സർക്കാർ ഇപ്പോൾ പല ആവശ്യങ്ങൾക്കായി മാറ്റാൻ പോകുകയാണ്. അതിനാൽ നിലവിലുള്ള റവന്യൂ പുറമ്പോക്കുകൾ കളിസ്ഥലങ്ങളായി നിലനിർത്തണമെന്ന ആവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും ഉൾപ്പെടെ ഏതാണ്ട് 1,000 കോടി രൂപയുടെ മുതൽമുടക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇനിയും ആരംഭിക്കാനുള്ള നിരവധി പ്രവൃത്തികളുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ-തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. നല്ലൊരു ഭാവിതലമുറയെ ലോകത്തിന് സംഭാവന ചെയ്യാൻ കായിക സ്കൂളുകളും അക്കാദമികളും കൂടുതലായി വരേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാ നടപടികൾ 12.30-ന് അവസാനിപ്പിക്കേണ്ടതിനാൽ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

### (ii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സ്ത്രീകൾ വീട്ടിനുള്ളിൽ ചെയ്യുന്ന ജോലി ത്യാഗനിർഭരവും കഠിനവുമാണ്. പുറത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീകൾ വാസ്തവത്തിൽ ഇരട്ട ജോലിയാണ് ചെയ്യുന്നത്. സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും നിലകൊള്ളുന്നതാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഒരു വകുപ്പുതന്നെ കേരള സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ രൂപീകരിച്ചു. സ്ത്രീ ശാക്തീകരണത്തിനും ക്ഷേമത്തിനും നിരവധി പദ്ധതികൾ എല്ലാ തലത്തിലും ഉറപ്പാക്കിക്കൊണ്ടും അത് കൃത്യമായി ആഡിറ്റ് ചെയ്തുകൊണ്ടുമാണ് കേരളം

മുന്നോട്ടുപോകുന്നത്. സ്ത്രീകൾ വീടുകൾക്കുള്ളിൽ ചെയ്യുന്ന ജോലി പലപ്പോഴും ശ്രദ്ധിക്കപ്പെടാതെയോ അംഗീകരിക്കപ്പെടാതെയോ പോകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള സ്ത്രീകളെ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി അവർക്ക് സഹായം കിട്ടുന്നതിനും അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള വലിയ ഇടപെടലുകൾ സർക്കാർ ചെയ്യുന്നുണ്ട്.

ഇവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ ആണ്. ഒരു വെൽഫെയർ ബോർഡ് രൂപീകരിക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ ഒന്നുംതന്നെ ഇതിലില്ല എന്നതാണ് പ്രത്യേകമായി ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. ഇത്തരത്തിലൊരു വെൽഫെയർ ബോർഡ് രൂപീകരിക്കുമ്പോൾ അതിലൊരു എംപ്ലോയർ വേണം, എംപ്ലോയി വേണം, ആ രീതിയിലൊരു റിലേഷൻ എസ്റ്റാബ്ലിഷ് ചെയ്യണം. വീട്ടമ്മമാരുടെ കാര്യത്തിൽ ആരാണ് എംപ്ലോയർ? വെൽഫെയർ ബോർഡുകളുടെ കീഴിൽ വരണമെങ്കിൽ കുടുംബത്തെ ഏതെങ്കിലും തരത്തിലുള്ള കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റായി കണക്കാക്കേണ്ടതാണ്. പക്ഷേ സാമൂഹികമായും സാംസ്കാരിമായും കുടുംബം ഒരു കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റല്ല. ഇനി അഥവാ അങ്ങനെ കരുതിയാലും സ്റ്റാറ്റ്യൂട്ടറി എസ്റ്റാബ്ലിഷ്മെന്റ് ആകുന്നുമില്ല. Employer-Employee, Government, Any Other Source ഇങ്ങനെയാണ് വെൽഫെയർ ഫണ്ടുണ്ടാകുന്നത്. ഇവിടെ അതിനൊന്നും സാദ്ധ്യതയില്ല. ഇവിടെ വീട്ടമ്മമാർക്കുള്ള ക്ഷേമനിധി രൂപീകരണമെന്നാണ് പറഞ്ഞിരിക്കുന്നത്. സ്ത്രീകളെ വീട്ടമ്മമാർ എന്നുള്ള നിലയിൽ പരിമിതപ്പെടുത്തേണ്ടതില്ല. സ്ത്രീ ശാക്തീകരണ പ്രക്രിയയുടെ ലക്ഷ്യംതന്നെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നിർമ്മിതിയിൽ സ്ത്രീകളെ പങ്കാളികളാക്കുകയും നേതൃത്വത്തിലേയ്ക്ക് അവരെ കൊണ്ടുവരിക എന്നുള്ളതുമാണ്. അതുകൊണ്ടാണ് അവർക്കുവേണ്ടി ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. സ്വയം തൊഴിൽചെയ്യുന്നതിന് കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളിലൂടെ എത്ര മാതൃകാപരമായിട്ടാണ് വായ്പകൾ ഉൾപ്പെടെ നൽകിക്കൊണ്ട് സ്വയംസംരംഭക ത്വത്തിലേയ്ക്ക് അവരെ കൊണ്ടുവരുന്നത്. സ്ത്രീകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ കൊടുക്കുകയാണ് വേണ്ടത്. വീട്ടമ്മമാർ എന്ന രീതിയിലേയ്ക്ക് പരിമിതപ്പെടുത്തുന്നത് ശരിയല്ല എന്നുള്ളതുതന്നെയാണ് അഭിപ്രായം. അതുമാത്രമല്ല, സ്ത്രീകളുൾപ്പെടെ എല്ലാ മേഖലയിലും ജോലി ചെയ്യുന്നവർക്കുവേണ്ടി വിവിധ ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. സ്ത്രീകൾക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്ന പദ്ധതികളുമുണ്ട്. ഈ സാഹചര്യത്തിൽ

സാമൂഹികമായും സാംസ്കാരികമായും ലിംഗസമത്വം നടപ്പിലാക്കുമ്പോൾ നിയമപരമായി ഈ ഘടകങ്ങൾ പരിശോധിച്ചാൽ ഇങ്ങനെയൊരു ബിൽ നിലനിൽക്കുന്നതല്ല. സർക്കാരിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കുവേണ്ടിയുള്ള സ്ത്രീപക്ഷനിലപാടുള്ള സർക്കാരാണിത്. അതുകൊണ്ടുതന്നെയാണ് വകുപ്പ് രൂപീകരിച്ച് മുന്നോട്ടുപോകുന്നത്. പക്ഷേ, ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഈ രീതിയിൽ നിലനിൽക്കുന്നതല്ല എന്നതന്നെയാണ് സർക്കാർ കാണുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ പ്രമേയം അവതരിപ്പിച്ച് തീരുന്നമുറയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനുള്ള ഒരു വ്യക്തത വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ വീട്ടമ്മമാരുടെ സേവനം തൊഴിലായി കണക്കാക്കാത്തതും അതുകൊണ്ടുതന്നെ അവരുടെ സേവനത്തിന്റെ മൂല്യം തിട്ടപ്പെടുത്താനാവാത്തതുമാണ്. സമൂഹത്തിൽ വീട്ടമ്മമാരുടെ സേവനത്തിന് അർഹിക്കുന്ന രീതിയിൽ പരിഗണന ലഭിക്കുന്നുണ്ടോയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അവരുടെ ഏതൊരാവശ്യത്തിനും ഭർത്താവിനെയോ മക്കളെയോ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. പലപ്പോഴും സാമ്പത്തിക പ്രശ്നങ്ങൾമൂലം കുടുംബങ്ങളിൽ ഏറ്റവുമധികം ദുരിതമനുഭവിക്കുന്നതിനുപുറമെ കുടുംബങ്ങളിൽ മാറ്റിവയ്ക്കപ്പെടുന്ന ആവശ്യങ്ങളും വീട്ടമ്മമാരുടേതാണ്. പ്രസ്തുത നിലയിൽ മാറ്റംവരുത്തി പ്രതിമാസം ഒരു നിശ്ചിതതുക വീട്ടമ്മമാരുടെ ക്ഷേമത്തിനും ചികിത്സയ്ക്കും മറ്റ് അടിയന്തരാവശ്യങ്ങൾ നിറവേറ്റുന്നതിനുംവേണ്ടി ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. 'രാക്കുയിലിൻ രാജസദസ്സിൽ' എന്ന സിനിമയിൽ ശ്രീ. എസ്. രമേശൻ നായർ രചിച്ച് ശ്രീ. കെ. ജെ. യേശുദാസ് പാടിയ പാട്ടുതന്നെ വീട്ടമ്മമാരെയും കുടുംബിനികളെയും പ്രകീർത്തിച്ചുകൊണ്ടുള്ളതാണ്.

"പൂമുഖവാതിൽക്കൽ

സ്നേഹം വിടർത്തുന്ന

പൂന്തിങ്കളാകുന്നു ഭാര്യ

ദുഃഖത്തിൻ മുള്ളുകൾ

ത്തുവിരൽ തുമ്പിനാൽ

പുഷ്പങ്ങളാക്കുന്നു ഭാര്യ

എത്ര തെളിഞ്ഞാലും എണ്ണ വറ്റാത്തൊരു

ചിത്രവിളക്കാണ് ഭാര്യ
എണ്ണിയാൽ തീരാത്ത ജന്മാന്തരങ്ങളിൽ
അന്നദാനേശ്വരി ഭാര്യ
ഭൂമിയേക്കാളും ക്ഷമയുള്ള
സൗഭാഗ്യദേവിയാണെപ്പോഴും ഭാര്യ
മന്ദസ്മിതങ്ങളാൽ നീറും മനസ്സിനെ
ചന്ദനം ചാർത്തുന്ന ഭാര്യ
കണ്ണുനീർ തുള്ളിയിൽ മഴവില്ല് തീർക്കുന്ന
സ്വർണ്ണ പ്രഭാമയി ഭാര്യ
കാര്യത്തിൽ മന്ത്രിയും
കർമ്മത്തിൽ ദാസിയും
രൂപത്തിൽ ലക്ഷ്മിയും ഭാര്യ"

എന്ന് പറഞ്ഞവസാനിപ്പിക്കുന്നു. ഇത്തരത്തിൽ നമ്മുടെ ഭാര്യമാരേയും കുടുംബിനികളേയും പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ.

ശ്രീമതി കെ. കെ. രമ: സർ, എന്റെ അഭിപ്രായത്തിൽ, വീട്ടമ്മമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക എന്നുപറയുന്നത് അങ്ങേയറ്റം സ്ത്രീവിരുദ്ധമായ നിലപാടാണ്. ഈ കവിതയിൽപ്പോലും തികച്ചും സ്ത്രീവിരുദ്ധമായ നിലപാടാണ് കാണുന്നത്. സ്ത്രീകളെ വീട്ടുജോലിയിൽനിന്നും മോചിപ്പിക്കുകയാണ് നമുക്കാവശ്യം. സ്ത്രീകൾക്ക് വീട്ടുജോലി കഴിഞ്ഞ് മറ്റൊന്നിനും സമയമുണ്ടാകുന്നില്ല. തങ്ങളുടെ ബുദ്ധിവികസിപ്പിക്കാൻ, ഇഷ്ടപ്പെട്ട വിനോദത്തിലേർപ്പെടാൻ, തങ്ങൾക്കാവശ്യമായ ഒരു നല്ല പുസ്തകം വായിക്കാൻപോലും സ്ത്രീക്ക് അവസരമുണ്ടാകുന്നില്ല. 24 മണിക്കൂറും സ്ത്രീയെ അടുക്കളയിൽ തളച്ചിടുകയാണ്. അതുകൊണ്ട് പൊതുഅടുക്കള എന്ന മാനദണ്ഡമാണ് നാം വയ്ക്കേണ്ടത്. ഇത്തരത്തിലൊരു ക്ഷേമനിധിയുടെ ആവശ്യമില്ല. ക്ഷേമനിധി വന്നാൽ സ്ത്രീകൾ വീണ്ടും വീട്ടുജോലിയിൽ തളച്ചിടപ്പെടുന്നൊരു അവസ്ഥയുണ്ടാകും. അത് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ഇത് തികച്ചും സ്ത്രീ വിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. അത്തരത്തിലുള്ള പൊതുനിലപാടിലേയ്ക്ക് നമ്മുടെ സഭയുൾപ്പെടെ വരേണ്ടതാണ്. ഇത്തരത്തിലുള്ള പ്രാകൃതമായ നിലപാടിലേയ്ക്ക് സമൂഹം പോകുന്നത് തീർച്ചയായും അനുവദനീയമല്ല എന്നുതന്നെയാണ് എനിക്ക് ഇക്കാര്യത്തിലുള്ള അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമാണ് സംസാരിക്കുന്നത്. ശ്രീ. എൻ.ഷംസുദ്ദീൻ ഇരിക്കൂ. ശ്രീ. ടി. വി. ഇബ്രാഹിം സംസാരിക്കൂ. (...ബഹളം...) ഇല്ല... ശ്രീ. ടി. വി. ഇബ്രാഹിം എൽദോസ് പി. കുന്നപ്പിള്ളിലിന് വഴങ്ങിയിട്ടില്ല. (...ബഹളം... ) പ്ലീസ്... പ്ലീസ്...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അമ്മയെന്ന പദത്തിന് ഒരുപാടൊരുപാട് അർത്ഥങ്ങളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമിന്റെ സമയം കഴിഞ്ഞിരിക്കുന്നതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു. പ്ലീസ്... ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇരിക്കൂ.... ശ്രീ. ടി. വി. ഇബ്രാഹിം സമയപരിധിയുണ്ട്. അങ്ങ് വഴങ്ങാൻ പാടില്ലായിരുന്നു. സഭ 12.30-ന് പിരിയേണ്ടതുണ്ട്. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

ശ്രീ. സി. ആർ. മഹേഷ്: സർ, 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സി. ആർ. മഹേഷ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾക്ക് പെൻഷൻ ബോർഡ് രൂപീകരിക്കണമെന്നും പെൻഷൻ അനുവദിക്കണമെന്നുമുള്ള ഈ ആവശ്യം കുറേക്കാലങ്ങളായി സർക്കാരിന്റെ മുമ്പിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഞാൻതന്നെ 1996-ൽ സമാന ആവശ്യത്തിന് സഭയിൽ മറുപടി പറഞ്ഞത് ഓർത്തുപോകുകയാണ്. കുറെക്കാലമായി മുൻപഞ്ചായത്തംഗങ്ങൾക്കുവേണ്ടി പെൻഷൻ ഏർപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. 2012 സാമ്പത്തിക വർഷത്തിൽ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത ഉൾപ്പെടെയുള്ള വിവരങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. 1962 മുതലുള്ള മുൻഅംഗങ്ങൾക്ക് പ്രതിമാസം 500

രൂപ പെൻഷൻ നൽകുന്നതിന് ഏകദേശം 40,07,88,000 രൂപ വരുമെന്നാണ് 2012-ൽ കണക്കാക്കിയത്. അതിനുശേഷം നിരവധി അംഗങ്ങൾ മുൻ അംഗങ്ങളായി മാറിയിട്ടുണ്ട്. 13-2-2014-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി അഞ്ച് വർഷം പൂർത്തിയാക്കിയ അറുപത് വയസ്സ് കഴിഞ്ഞ മറ്റൊരു പെൻഷനും ലഭിക്കാത്ത മുൻജനപ്രതി നിധികൾക്ക് ചില ഉപാധികളോടുകൂടി 1,000 രൂപ നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുകയെന്ന ആശയവും പരിഗണനയിൽ വന്നു. ഇതിൽ സാമ്പത്തിക ബാദ്ധ്യത കുറവാണ്. അതിൻപ്രകാരം 9-3-2016-ൽ മന്ത്രിസഭ അത് പരിഗണിക്കുകയും അതിനുശേഷം അത് നിരസിക്കുകയുമാണ് ഉണ്ടായത്. അതുപോലെ ബഹുമാനപ്പെട്ട അംഗം കരട് ബില്ലിന്റെ 5-ാം ഖണ്ഡികയിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അടയ്ക്കേണ്ട വിഹിതത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് 100 രൂപയും ബ്ലോക്ക് പഞ്ചായത്ത് 200 രൂപയും ജില്ലാ പഞ്ചായത്ത് 300 രൂപയും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ 400 രൂപയും അടയ്ക്കണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ രീതിയിലുള്ള ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. അതുപോലെ ബഹുമാനപ്പെട്ട അംഗം സമർപ്പിച്ചിരിക്കുന്ന ബില്ലിൽ പറഞ്ഞിരിക്കുന്നത് ആകെ 20,000 പേരാണ് നിലവിലെ അംഗങ്ങളെന്നും അതിന് 10 കോടി രൂപ ചെലവ് വരുമെന്നും പറയുന്നുണ്ട്. ഇത് ശരിയല്ലെന്നാണ് കാണുന്നത്. കാരണം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് നിലവിൽ 21,900 മണ്ഡലങ്ങളാണ്/വാർഡുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ളത്. ഇത് അടിസ്ഥാനമാക്കി പെൻഷൻ കൊടുക്കാൻ തീരുമാനിച്ചാൽ വലിയ രീതിയിലുള്ള ബാദ്ധ്യതയുണ്ടാകും. നിലവിൽ മുൻഅംഗങ്ങൾ എത്രയെന്ന് കണക്കാക്കി മുഴുവൻ ആളുകൾക്കും കൊടുക്കേണ്ടി വന്നാൽ വലിയൊരു സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരും. 2020-ന്റെ രണ്ടാം പാദം മുതൽ രാജ്യം മുഴുവൻ കോവിഡും അതുപോലെ തന്നെ മറ്റുരീതിയിലുള്ള പ്രതിസന്ധികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത് ഉചിതമായിരിക്കില്ലെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കോവിഡ് 19-നെ പ്രതിരോധിക്കുന്നതിന് വലിയ രീതിയിലുള്ള പ്രവർത്തനമാണ് പഞ്ചായത്തുകളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെകൂടെ ഇതുപോലുള്ള സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നത് ഈ കാലഘട്ടത്തിൽ ശരിയാകുമെന്ന് തോന്നുന്നില്ല. ഇത്തരം സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻഅംഗങ്ങൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് ഉചിതമാകില്ല. സാമ്പത്തിക സ്ഥിതിയൊക്കെ മെച്ചമാകുന്ന സന്ദർഭത്തിൽ അത്

ആലോചിക്കാവുന്നതാണ്. രണ്ട് പ്രാവശ്യമാണ് ഞാൻ ഇതിന് മറുപടി പറയുന്നത്. 1996-ൽ മന്ത്രിയായിരുന്ന സമയത്തും പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അതേ മറുപടിയാണ് ഇപ്പോഴും പറയുന്നത്. കോവിഡ് പശ്ചാത്തലത്തിൽ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള സാഹചര്യം മറികടന്ന് നല്ലൊരു സാഹചര്യത്തിലേയ്ക്ക് വരുന്ന സന്ദർഭത്തിൽ പരിശോധിക്കാൻ കഴിയുന്നതാണ്. 21900 പേരാണ് ഇപ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിലുള്ളത്. 1962 മുതൽ പഞ്ചായത്തംഗങ്ങളായിരുന്നവരുടെ കണക്കുകൂടി പരിശോധിക്കുമ്പോൾ വലിയ രീതിയിലുള്ള എണ്ണമാണ് വരുന്നത്. പഞ്ചായത്ത് മെമ്പർമാരോടുള്ള അവഗണനകൊണ്ട് പറയുന്നതല്ല. പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അത്തരം കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കില്ലെന്ന നിലപാടാണ് ഗവണ്മെന്റിനുള്ളത്.

ശ്രീ. സി. ആർ. മഹേഷ്: സർ, അങ്ങയുടെ മറുപടി വീണ്ടും പ്രതീക്ഷ നൽകുന്നതാണ്. ഏറെക്കാലമായി ത്രിതല പഞ്ചായത്തംഗങ്ങൾ, പതിനായിരക്കണക്കിന് ആളുകൾ പ്രതീക്ഷയോടെയിരിക്കുകയാണ്. കൊടുക്കുന്ന തുകയുടെ വലിപ്പമല്ല, ഇത് ഇവരെ സംബന്ധിച്ച് അവാർഡും അംഗീകാരവുമാണ്. ജനാധിപത്യ സമ്പ്രദായത്തിൽ ഏറ്റവും താഴെത്തട്ടിൽ, സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ത്രിതല പഞ്ചായത്തംഗങ്ങൾ. ജനങ്ങൾക്ക് വളരെ പെട്ടെന്ന് സമീപിക്കാൻ പറ്റുന്നതും ജനകീയാസൂത്രണത്തിന്റെ ആഘോഷങ്ങൾ വളരെ വിപുലമായി സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുമ്പോൾ അത് ഫലപ്രദമായി നടപ്പിലാക്കാൻ മുന്നിൽ നിന്നതും നാട്ടിലെ മുഴുവൻ വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നതും പഞ്ചായത്തംഗങ്ങളാണ്. മാത്രമല്ല കോവിഡിന്റെ പശ്ചാത്തലത്തിൽ യാതൊരു തരത്തിലുമുള്ള പ്രതിഫലവും വാങ്ങാതെ ആശാ വർക്കർമാരെപ്പോലെ ഏറ്റവും താഴെത്തട്ടിൽ സ്വന്തം ജീവൻപോലും പണയം വച്ചുകൊണ്ട് പഞ്ചായത്തംഗങ്ങൾ നടത്തിയിട്ടുള്ള സേവനം മുഖവിലയ്ക്കെടുക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ്. പഞ്ചായത്തംഗങ്ങൾക്കും മുൻപഞ്ചായത്തംഗങ്ങൾക്കും വേണ്ടി നാൽപ്പത് കോടി രൂപ വിനിയോഗിക്കുമെന്ന് ഗവണ്മെന്റ് പറയുന്നു. പാവപ്പെട്ട പഞ്ചായത്തംഗങ്ങൾക്ക് ലഭിക്കുന്ന വലിയ അംഗീകാരമെന്ന രീതിയിൽ ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിക്കുന്ന ഈ ബില്ലിന് പ്രസക്തിയുണ്ട്. നമ്മൾ എന്തുമാത്രം പണം വെറുതെകളയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ആർ. മഹേഷ് സമയം നീട്ടിക്കിട്ടില്ല.

ശ്രീ. സി. ആർ. മഹേഷ്: സർ, പരിശോധിച്ചാൽ ഇക്കൂട്ടത്തിൽ വൃദ്ധരായിട്ടുള്ള ആളുകൾ, അവശത അനുഭവിക്കുന്നവർ, വിധവകൾ, വനിതകൾ, രോഗികൾ അങ്ങനെയുള്ളവർ വരെ ഉണ്ടാകാം. ഇങ്ങനെ അഞ്ച് വർഷം നിസ്വാർത്ഥമായി ജനങ്ങളെ സേവിച്ചതിനുശേഷം ഇപ്പോൾ ജീവിതത്തിന്റെ സായാഹ്നത്തിൽ മരുന്നിനുപോലും മാർഗ്ഗമില്ലാതെ വിഷമിക്കുന്ന പതിനായിരക്കണക്കിന് ആളുകളുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയം കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കേരളത്തിലെ പതിനായിരക്കണക്കിന് മുൻപഞ്ചായത്തംഗങ്ങൾ സർക്കാരിനുമുന്നിൽ പ്രതീക്ഷയോടുകൂടി ഇരിക്കുകയാണ്. ഈ ബിൽ തീർച്ചയായും തുടർ ചർച്ചയ്ക്ക് വയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ആർ. മഹേഷിന്റെ പ്രസംഗത്തിന്റെ സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

12 noon]

## (iv) 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ ബഹുമാനപ്പെട്ട അംഗം ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ അവതരിപ്പിച്ച അനൗദ്യോഗിക ബിൽ ഗവൺമെന്റ് നല്ലതുപോലെ പരിശോധിച്ചതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്, അയ്യങ്കാളി നഗര തൊഴിലുറപ്പ് എന്നീ പദ്ധതികളുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പെൻഷനും ക്ഷേമനിധിയും കൊടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ചിരുന്നു. അതുകൊണ്ടാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ഈ സഭാസമ്മേളനത്തിൽത്തന്നെ അവതരിപ്പിച്ച് സബ്ജക്ട്

കമ്മിറ്റിയുടെ വിശദമായ ചർച്ചയ്ക്കുശേഷം ആക്ട് ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സംസ്ഥാനത്ത് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിച്ചത്. പ്രസ്തുത ബില്ലിലെ 8 മുതൽ 25 വരെയുള്ള വകുപ്പുകളിൽ ബോർഡിന്റെ രൂപീകരണ പ്രവർത്തനങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അവതരണാനുമതി ലഭിച്ച 36-ാം നമ്പർ അനൗദ്യോഗിക ബില്ലായ 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിൽ പറയുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റുതന്നെ ഔദ്യോഗികമായി ഒരു ബിൽ അവതരിപ്പിക്കുകയും അത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് നിയമമാക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇക്കാരണത്താൽ ഇവിടെ അവതരിപ്പിച്ച ഈ ബിൽ തുടർന്ന് ചർച്ചയ്ക്കെടുക്കേണ്ട ആവശ്യമില്ലെന്നാണ് കരുതുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലും ഗവൺമെന്റ് ബില്ലും വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ രണ്ട് ബില്ലുകളും സമാന സ്വഭാവമുള്ളതല്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രത്യേകത. ഗവണ്മെന്റ് കൊണ്ടുവന്ന ബില്ലിൽ സ്വകാര്യ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തി ആ ബിൽ ശക്തിപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം. ഇന്ത്യയിൽ കോടിക്കണക്കിന് തൊഴിലാളികൾ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് നിൽക്കുന്നുണ്ട്. കേരളത്തിൽ 27 ലക്ഷത്തോളം തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. യു.പി.എ. സർക്കാരിനെ പിന്തുണയ്ക്കാൻ ഇടതുപക്ഷം കൊണ്ടുവന്ന ഏറ്റവും പ്രധാനപ്പെട്ട ഡിമാൻഡുകളിലൊന്നായിരുന്നു ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രശ്നമെന്ന് നമുക്കെല്ലാം അറിയാം. അന്ന് കോമൺ മിനിമം പരിപാടിയിൽ വളരെ കൃത്യമായി പറഞ്ഞു - " ... to enhance the welfare and well being of farmers, farm labour and workers, particularly those in the unorganised sector and assure a secure future for their families in every respect...." എല്ലാ അർത്ഥത്തിലും ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി എന്നുള്ള നിലയ്ക്കാണ് 2005-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇവിടെ ആരംഭിച്ചത്. അതിന്റെ മെച്ചം വളരെ വലുതാണ്. നേരത്തെ ഇവിടെ

സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ ഉന്നമനം പ്രധാനപ്പെട്ട ലക്ഷ്യമാണ്. അവർക്ക് അന്തസ്സോടുകൂടി, അഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന തൊഴിലുണ്ടാകുകയും സമൂഹത്തിൽ മാന്യതയുണ്ടാകുന്ന സ്ഥിതിയുമുണ്ടായി. ഇന്നലെവരെ പുരുഷന്മാർ മാത്രം പണം സമ്പാദിച്ച് അവർ പറയുന്നതുമാത്രം കേൾക്കുന്ന അവസ്ഥയിൽനിന്നും വ്യത്യസ്തമായി സ്ത്രീകളുടെകൂടി വലിയരീതിയിലുള്ള ഒരു പങ്ക് കുടുംബത്തിൽ നിർവ്വഹിക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ മാറി. തൊഴിലുറപ്പിന്റെ പരിപാടി ശക്തിപ്പെട്ടുവന്നപ്പോൾ വേണ്ടവിധത്തിൽ ഇത് മുമ്പോട്ടുപോകാൻ ഗവണ്മെന്റ് ശ്രദ്ധിക്കാത്ത ഒരു സ്ഥിതിയുണ്ട്. അതോടൊപ്പം ഇതിൽ ഉൾപ്പെട്ട തൊഴിലാളികൾക്കുണ്ടാകുന്ന നിരവധി വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത വിഷയവുമുണ്ട്. കഴിഞ്ഞ വർഷം എന്റെ നാട്ടിലുണ്ടായ ഒരു പ്രധാനപ്പെട്ട വിഷയംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ ഗ്രാമീണ തൊഴിലുറപ്പിൽ പണി ചെയ്ത രണ്ടുപേർ, കാരയിൽ പത്മാക്ഷി, തങ്കമണി എന്നുപറയുന്ന രണ്ടുപേർ തൊഴിലുറപ്പിൽ പണിയെടുക്കുന്ന സമയത്താണ് തെങ്ങ് തലയിൽവീണ് മരണപ്പെടുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. ബിൽ തുടർചർച്ചയ്ക്ക് മാറ്റിവയ്ക്കാം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധിയും മറ്റ് കാര്യങ്ങളും നൽകുന്നതിനുവേണ്ടിയാണ് സഭയിൽ ആ ബിൽ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടത്, അത് തിരിച്ചുവന്നിട്ടുണ്ട്. അത് ഈ സമ്മേളനത്തിൽത്തന്നെ ആക്ടാക്കി മാറ്റുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ ബില്ലിന് തുടർച്ച ചർച്ചയ്ക്കുള്ള സാദ്ധ്യതയില്ല. അദ്ദേഹം ചർച്ച അവസാനിപ്പിക്കുന്നതാകും ഉചിതം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയെങ്കിൽ ചർച്ച അവസാനിപ്പിക്കു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ചർച്ച അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (v) 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ അവതരിപ്പിച്ചിരിക്കുന്ന ഈ അനൗദ്യോഗിക ബിൽ ആരാധനാലയ ങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാപ്രവർത്തനം നിയന്ത്രിക്കാൻ വേണ്ടിയുള്ളതാണ്. ഇപ്പോൾ സംസ്ഥാനത്ത് ആരാധനാലയങ്ങളോടുചേർന്ന് അനാരോഗ്യകരമായ സംഘം ചേരൽ; മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ എന്നിവയുടെ പേരിൽ ശത്രുത പുലർത്തി സൗഹൃദാന്തരീക്ഷം തകർക്കുന്ന കൃത്യംചെയ്യൽ, ഏതെങ്കിലും ഘോഷയാത്രയിലോ മറ്റുപരിപാടികളിലോ ആയുധങ്ങൾ വഹിക്കുന്നതും ആയുധത്തോടുകൂടിയ കായിക പരിശീലനം, കായികാഭ്യാസം എന്നിവ നടത്തുകയോ പങ്കെടുക്കുകയോ ചെയ്യൽ തുടങ്ങിയവയ്ക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമം 142 മുതൽ 151 വരെയും 153, 295, 296, 297, 298, 505 എന്നി വകുപ്പുകൾപ്രകാരം നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. കേരള പോലീസ് ആക്ട് 73, 74, 75 വകുപ്പുകൾ പ്രകാരം കായികപരിശീലനം നിയന്ത്രണം, മാസ്ഡ്രിൽ തുടങ്ങിയവ നിരോധിക്കുന്നതിനുള്ള അധികാരം തുടങ്ങിയവയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ അവതരിപ്പിച്ചിരിക്കുന്ന അനൗദ്യോഗിക ബില്ലായ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ പരിഗണിക്കേണ്ടതില്ല എന്നാണ് ഗവണ്മെന്റിനുവേണ്ടി പറയാനുള്ളത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആരാധനാലയങ്ങൾ സുരക്ഷിതമായി വിശ്വാസികൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ഗവണ്മെന്റിന്റെ ഇടപെടലുകൾ ശ്ലാഘനീയമാണ്. 2021 ജൂലൈ 19-ന് വിശ്വഹിന്ദു പരിഷത്തിന്റെ ദേശീയസമിതി യോഗംചേർന്ന് ഉന്നയിച്ചിട്ടുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ബിൽ ഞാൻ അവതരിപ്പിക്കുന്നത് കാലികമാകുന്നത്. ക്ഷേത്രങ്ങളിലും മഠങ്ങളിലും ഗവണ്മെന്റിന്റെ നിയന്ത്രണം ഒഴിവാക്കുന്നതിന് കേന്ദ്ര നിയമമുണ്ടാകണമെന്നാണ് ആ

ഡിമാൻഡിൽ അവർ ഉന്നയിക്കുന്നത്. അതിൽ പ്രത്യേകം പരാമർശിക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. അതോടൊപ്പം തമിഴ്നാട്, കർണ്ണാടകം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളുമുണ്ട്. കേന്ദ്ര ഗവണ്മെന്റ് ഗൗരവപൂർവ്വം ഇടപെട്ട് ആരാധനാലയങ്ങൾ ഹിന്ദുമത സംഘടനകൾക്ക് കൈമാറണമെന്ന നിലയിലാണ് വിശ്വഹിന്ദു പരിഷത്തിന്റെ ആവശ്യം. പൂജാരിയെ നിശ്ചയിക്കാൻ ഗവണ്മെന്റിന് എന്തധികാരമാണുള്ളതെന്നും പൂജാദികാര്യങ്ങൾ നിർണ്ണയിക്കേണ്ടത് ഗവണ്മെന്റല്ലെന്നുമുള്ള നിലയിൽ കേരളത്തെക്കൂടി പരാമർശിച്ചുകൊണ്ടാണ് വിശ്വഹിന്ദു പരിഷത്ത് അംഗീകരിച്ചിട്ടുള്ള പ്രമേയത്തിൽ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുന്നത്. ഈ ബില്ലിലൂടെ സമർപ്പിക്കാനുദ്ദേശിക്കുന്നത്, ഓരോ ആരാധനാലയവും എപ്പോഴും വിശ്വാസികളുടേതായി നിലനിൽക്കണമെന്ന കാഴ്ചപ്പാടിനെ അടിസ്ഥാനപ്പെടുത്തിയാണ്. കേരളത്തിലെ ആരാധനാലയങ്ങൾ ഭൂരിപക്ഷ-ന്യൂനപക്ഷ മതവിശ്വാസികളുടേതാണ്. സമന്വയത്തിന്റെയും കൂട്ടായ്മയുടെയും ഏറ്റവും മനോജ്ഞമായ ദൃഷ്ടാന്തങ്ങളായി എപ്പോഴും ആരാധനാലയങ്ങൾ നിലനിന്നുപോകണമെന്നാണ് ഈ ബില്ലിലൂടെ മുഖ്യമായും ഉദ്ദേശിക്കുന്നത്. ഇതിന്റെ എല്ലാ കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. ഇവിടെ ശ്രീരാമക്ഷേത്ര ശിലാന്യാസത്തിന് പോയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയാണ്. മതനിരപേക്ഷ നിലപാടിന് ഏറ്റവും വലിയ കളങ്കം വരുത്തിയിട്ടുള്ള കാര്യമാണ് രാജ്യം കണ്ടിട്ടുള്ളത്. ക്ഷേത്രങ്ങൾ വിശ്വാസികളുടേതായിരിക്കണം, രാഷ്ട്രീയം ആരാധനാലയങ്ങൾക്ക് പുറത്തായിരിക്കണം നടക്കേണ്ടത്. സ്വച്ഛന്ദമായ മനസ്സോടെ ഓരോ മനുഷ്യനും അവരവരുടെ ആരാധനാലയങ്ങളിൽ കടന്നുചെല്ലാനാകണം, അതിനുതകുന്ന അന്തരീക്ഷമുണ്ടാകണം. ഒരു അനുഭവംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണ് പറശ്ശിനിക്കടവ് മടപ്പുര. ജാതിമത ഭേദമില്ലാതെ എല്ലാ വിഭാഗം വിശ്വാസികൾക്കും അവിടെ കടന്നുചെല്ലാം. അവിടെ ദൈവത്തിന്റെ പ്രതിരൂപമായി വിശ്വാസികളുടെ മുന്നിലെത്തുന്നത് മുത്തപ്പനായി മാറുന്ന കോലധാരികളാണ്. വിശ്വാസികൾക്ക് അവരുടെ സങ്കടങ്ങളും വിഷമങ്ങളുമെല്ലാം മുത്തപ്പന്റെ മുന്നിൽ അവതരിപ്പിക്കാം. ദൈവത്തിനുവേണ്ടി ഇതെല്ലാം കേൾക്കുന്ന കോലധാരികൾ പറഞ്ഞിട്ടുള്ള കാര്യംമാത്രം ഞാനിവിടെ സൂചിപ്പിക്കുകയാണ്. പതിനായിരക്കണക്കിന് മനുഷ്യരുടെ മനസംഘർഷങ്ങളും വേദനകളുമാണ് അവിടെ അവതരിപ്പിക്കുന്നത്. പ്രസ്തുത ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

### (i) 2021-ലെ കേരള അന്ധവിശ്വാസ - അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ അടിസ്ഥാനപരമായ ആശയങ്ങളെ സംബന്ധിച്ച് നേരത്തെ സഭയിൽ പ്രതിപാദിച്ചതാണ്. ഇതിനുമുമ്പ് ശ്രീ. ടി. ഐ. മധുസൂദനൻ ഒരു ബിൽ അവതരിപ്പിച്ചു. അതിൽപ്പറയുന്ന തരത്തിലുള്ള മതവർഗ്ഗീയ വാദികളുടെ വിശ്വാസത്തിനെതിരായ, യഥാർത്ഥ ദൈവവിശ്വാസികൾക്കെതിരായ, നിലപാടുകളെ ചെറുക്കാൻ ഈ ബില്ലും സഹായകരമാകുമെന്ന അഭിപ്രായം ഞാൻ വീണ്ടും മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ ബിൽ രണ്ടുതവണ ചർച്ചയ്ക്ക് വന്നപ്പോഴും അഭിപ്രായം രേഖപ്പെടുത്തിയ ആളാണ് ഞാൻ. ഇതിന് പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. മോൺസൺ മാവുങ്കൽ വന്നപ്പോൾ അന്ധവിശ്വാസങ്ങൾക്കപ്പുറം ചില വിശ്വാസങ്ങൾകൂടി സമൂഹത്തിലുണ്ടെന്ന് മനസ്സിലായി. അന്ധവിശ്വാസങ്ങൾ എന്നുപറയുന്നത് പലരും പറഞ്ഞുകേട്ട കഥകളാണ്. ഇത് അതല്ല. ആരാധനാലയങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വില്പനയ്ക്ക് വയ്ക്കുന്ന രീതിയിലേയ്ക്ക് സമൂഹം എത്തിനിൽക്കുന്നു എന്നുള്ളതാണ്. മോശയുടെ വടി ആണെന്നുപറഞ്ഞാൽ അത് സത്യമാണെന്ന് കരുതി ലക്ഷങ്ങൾ കൊടുത്ത് വാങ്ങാൻ ആളുകൾ വരുന്ന കാലഘട്ടത്തിൽ നമ്മളെത്തിനിൽക്കുന്നു. അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, സാമൂഹ്യപരമായ ദുഷ്ചെയ്തികൾ ഒക്കെ നിറഞ്ഞുനിൽക്കുന്ന സമയത്ത് ഈ ബില്ലിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. ശ്രീ. മോൺസൺ മാവുങ്കലിന്റെ കാര്യം വന്നപ്പോൾ അങ്ങേയ്ക്ക് ഈ ബില്ലിന്റെ പ്രസക്തി കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തീർച്ചയായും കഴിഞ്ഞിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം അത് ഓർമ്മപ്പെടുത്തിയത് നന്നായി. ശ്രീ. മോൺസൺ മാവുങ്കലിന്റെ പുരാവസ്തു പറുദീസയിലേയ്ക്ക് മോക്ഷവും മോഹിപ്പിക്കുന്ന സൗന്ദര്യവുംതേടി പോകുന്നവർക്കെതിരാണ് ഈ ബിൽ കൊണ്ടുണ്ടാവുക എന്ന കാര്യത്തിൽ തർക്കമില്ല. അന്ധവിശ്വാസത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നത്, വസ്തുനിഷ്ഠമല്ലാത്തതും അടിസ്ഥാനരഹിതവുമായ കാര്യങ്ങൾതന്നെയാണ്. മാനവരാശിയുടെ ഉത്ബുദ്ധതയുടെ നിലവാരത്തിന് നിരക്കാത്തതാണ് ഈ അന്ധവിശ്വാസികളുടെ വിശ്വാസം എന്നുപറയുന്നത്. ഇവിടത്തെ പ്രശ്നം, താനൊരു അന്ധവിശ്വാസിയാണെന്ന് സമ്മതിക്കാൻ ഒരാളും തയ്യാറല്ല എന്നതാണ്. എന്നാൽ

അന്യരിൽ അന്ധവിശ്വാസം കണ്ടെത്താൻ ആർക്കും വിഷമവുമില്ല. അതാണ് കേരളത്തിന്റെ പ്രത്യേകത. തന്റേത് വിശ്വാസം, മറ്റുള്ളവരുടെ വിശ്വാസമെല്ലാം അന്ധവിശ്വാസം എന്ന ധാരണയും കേരളത്തിലുണ്ട്. ഇതെല്ലാം നമുക്ക് പരിശോധിക്കേണ്ടതാണ്. പലപ്പോഴും അന്ധവിശ്വാസത്തിനെതിരായ ചർച്ചകൾ ആരംഭിക്കുമ്പോൾ മതവിശ്വാസികളെ, നിഷ്കളങ്കരായ ദൈവവിശ്വാസികളെ, തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ആ ചർച്ചയെ തകർക്കാൻ ശ്രമിക്കാറുണ്ട്. ഞാൻ ഈ ബിൽ അവതരിപ്പിച്ച ദിവസം രാത്രിതന്നെ വിദേശത്തുനിന്നും ഇവിടെനിന്നുമായി നിരവധി ഫോൺകാളുകളാണ് വന്നത്. അതിൽ ഭൂരിപക്ഷവും ക്വട്ടേഷൻ കൊടുത്ത ഫോൺകാളുകളായിരുന്നു. വളരെ പാവപ്പെട്ട, ദുർബ്ബലരായ, നിഷ്കളങ്കരായ, മതവിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഈ ബില്ലിന്റെ ഫലം സംബന്ധിച്ച ആശങ്ക ഓർമ്മിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ഇതിന് നേതൃത്വം കൊടുക്കുന്നത് വർഗ്ഗീയവാദികളും മതമൗലികവാദികളും മതതീവ്രവാദികളുമാണ്. രാഷ്ട്രീയ സാമ്പത്തിക അധികാരം പിടിക്കുന്നതിനുവേണ്ടി ഇവരെല്ലാം എങ്ങനെയാണോ വിശ്വാസത്തെ ഉപയോഗപ്പെടുത്തുന്നത് അതുപോലെയാണ് ആൾദൈവങ്ങളും മന്ത്രവാദികളും മതവിശ്വാസികളുടെ നിഷ്കളങ്കതയെ ഉപയോഗപ്പെടുത്തി ക്കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. യഥാർത്ഥത്തിൽ ഇത് വലിയൊരു സാമൂഹ്യ പ്രശ്നമായി ഉയർന്നുവരികയാണ്. മതം എന്ന വാക്കുമായി കൂട്ടിച്ചേർക്കുന്ന എന്തും വിശ്വാസത്തിനെതിരാണെന്ന് പ്രചരിപ്പിക്കാൻ അവർ ശ്രമിക്കുകയാണ്. മതവുമായി ഒരു ബന്ധവുമില്ലാത്തതാണ് മതവർഗ്ഗീയതയും മതമൗലികവാദവും മതതീവ്രവാദവും. അതിന് മതവിശ്വാസവുമായോ ദൈവവിശ്വാസവുമായോ യാതൊരു പുലബന്ധവുമില്ല. വർഗ്ഗീയവാദികളും മൗലികവാദികളും തീവ്രവാദികളുമാണ് ഇന്ന് ഈ അന്ധവിശ്വാസ പ്രചരണ പ്രവർത്തനത്തിന്റെ നേതൃത്വത്തിൽ നിൽക്കുന്നതെന്ന് കാണാൻ കഴിയും. കേരളീയ സമൂഹത്തിൽ പ്രത്യേകിച്ച് നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വളരെ വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒരു ബില്ലാണ് ഇതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനം സാദ്ധ്യമാകണമെങ്കിൽ ഇത്തരമൊരു ബില്ലിന്റെ സാരാംശം വളരെ വിപുലമായ ചർച്ചയിലൂടെ കേരള സമൂഹത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ബിൽ വളരെ പ്രധാനപ്പെട്ടതാണെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച സമയത്ത് ഞാൻ സൂചിപ്പിച്ചിരുന്നു. അത് പറയാൻ കാരണം, പല കേസ്സുകളിലും യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് സാക്ഷികൾ കൂറുമാറുന്നതിന്റെ അടിസ്ഥാനത്തിലാണ്. സാക്ഷികൾ കൂറുമാറാനുള്ള കാരണം അവർക്ക് അമിതമായ സമ്മർദ്ദം വരുന്നതിലാണ്. സാക്ഷികളുടെ സംരക്ഷണത്തിന് ഒരു നിയമം വേണമെന്ന് ഞാൻ ബിൽ അവതരിപ്പിച്ചപ്പോൾ അന്ന് ഗവണ്മെന്റിനുവേണ്ടി മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്, ഇപ്പോൾ സാക്ഷി സംരക്ഷണ സ്കീം നിലവിലുണ്ടെന്നാണ്. നമ്മുടെ സംസ്ഥാനം ഒരു നിയമം നിർമ്മിക്കുന്നതുവരെയാണ് ഈ സാക്ഷി സംരക്ഷണ സ്കീം നിലവിലുണ്ടാകേണ്ടത്. മഹാരാഷ്ട്ര സർക്കാർ, മഹാരാഷ്ട്ര വിറ്റ്നെസ് പ്രൊട്ടക്ഷൻ ആൻഡ് സെക്യൂരിറ്റി ആക്ട്, 2017 പാസ്സാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ച ഈ സാക്ഷി സംരക്ഷണ സ്കീം പദ്ധതിയിലെ പല വ്യവസ്ഥകളും പ്രായോഗികമല്ല എന്നുള്ളത് മനസ്സിലാക്കണം. ഇപ്പോൾ ഈ പദ്ധതിയുള്ളതുകൊണ്ട് ഒരു നിയമം വേണ്ടെന്നാണ് ഗവണ്മെന്റിന്റെ പക്ഷം; അത് തികച്ചും തെറ്റാണ്. ഈ സാക്ഷി സംരക്ഷണ പദ്ധതിയിൽ ധാരാളം ന്യൂനതകളുണ്ട്. സംസ്ഥാനം ഒരു നിയമം പാസ്സാക്കുന്നതുവരെ ഈ പദ്ധതി മതിയെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. കേരള മോഡൽ എന്നാണല്ലോ നിങ്ങൾ വളരെ അഭിമാനത്തോടെ എപ്പോഴും പറയുന്നത്. എന്നാൽ ഏറ്റവും നല്ല കേരള മോഡലുകളിലൊന്നായി, നമ്മുടെ നാട്ടിലുണ്ടാകുന്ന ക്രിമിനൽ കേസ്സുകളിലെ പ്രതികളെ നിയമത്തിന് മുന്നിൽകൊണ്ടുവന്ന് അവർക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയുന്ന രീതിയിൽ സാക്ഷികളെ സെയ്ഫാക്കാൻ നമുക്ക് കഴിയണ്ടേ; അങ്ങനെയൊരു കേരള മോഡലല്ലേ വേണ്ടത്? ആ രീതിയിൽ ഇതിനെ കാണണമെന്നാണ് എനിക്ക് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. സാക്ഷികൾ നേരിടുന്ന പ്രശ്നങ്ങൾ ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ; ഏറ്റവും പ്രധാനം അവർക്കും അവരുടെ ബന്ധുക്കൾക്കും വരുന്ന സമ്മർദ്ദങ്ങളും ഭീഷണികളുമാണ്. സർക്കാർ ഉദ്യോഗസ്ഥനാണ് ഒരു സാക്ഷിയെങ്കിൽ, മേലുദ്യോഗസ്ഥരുടെ പീഡനങ്ങൾ, സമ്മർദ്ദങ്ങൾ, സ്ഥലംമാറ്റ സമ്മർദ്ദങ്ങൾ ഇതെല്ലാം ഇവർ നേരിടേണ്ടിവരും. ഒരു സാക്ഷി ദൂരെസ്ഥലത്തുനിന്ന് യാത്രചെയ്ത് കോടതിയിൽ വരുമ്പോഴാണ് കേസ് മാറ്റിവയ്ക്കുന്നത്. കേസ് മാറ്റിവയ്ക്കാനുള്ള പല നാടകങ്ങളും ബാക്ക് സ്റ്റേജിലുണ്ടാകാറുണ്ട്. അതുകഴിഞ്ഞ് ടിയാൾ സാക്ഷിപറയാൻ കോടതിവരാന്തയിൽ മണിക്കൂറുകളോളം നിൽക്കുന്ന സാഹചര്യം വരുന്നു. മനസ്സ് മടുപ്പിക്കുന്ന നിലയിലേയ്ക്ക് ഇത് മാറിപ്പോകുകയാണ്. കോടതികൾ സാക്ഷി സൗഹൃദമാക്കുന്നതിനുംകൂടി കഴിയുന്ന നിലയിൽ ഈ നിയമത്തിൽ പ്രൊവിഷൻ കൊണ്ടുവരാം. ഒരു ബിൽ വന്നുകഴിയുമ്പോൾ വലിയ മാറ്റങ്ങൾ വരും. സാക്ഷി സംരക്ഷണ പദ്ധതി നിലവിലുള്ളതുകൊണ്ട് ഇനിയൊന്നും വേണ്ടെന്ന നിലയിൽ

ഗവണ്മെന്റ് പറയരുത്. ഇതുസംബന്ധിച്ച് നിയമ കമ്മീഷന്റെ വിവിധ ശിപാർശകളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിവിധതരത്തിലുള്ള പരാമർശങ്ങളുമുണ്ടായിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുന്ന ബിൽ വളരെ പ്രധാനപ്പെട്ടതാണ്. സാക്ഷി വിസ്താരം ഏറെ സമയമെടുത്ത് മുന്നോട്ടുപോകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞ കാര്യം പ്രധാനപ്പെട്ടതാണ്. എന്തായാലും ഈ വിഷയത്തിൽ സഭയിൽ പൊതുവായ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് കരുതുന്നില്ല. നാട്ടിൽ നല്ലൊരു നിയമവ്യവസ്ഥിതിയുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം മുന്നോട്ടുവച്ചിരിക്കുന്നത്. ടി വിഷയം അതിന്റേതായ ഗൗരവത്തിൽ എടുത്ത് ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബില്ലിന്റെ അവതരണവേളയിൽ കൃത്യമായി എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിച്ചതാണ്. നമുക്കറിയാം, ലോകത്ത് വിവരസാങ്കേതികവിദ്യ വലിയ തോതിൽ ജീവിതത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് കടന്നുവന്ന സന്ദർഭമാണിത്. പൊതുജനങ്ങൾക്കും സാധാരണക്കാർക്കും അവരുടെ ജീവിതത്തിൽ ഏറെ പ്രയോജനപ്പെടുത്താനും സഹായിക്കാനും കഴിയുന്ന ഒരു വിഭാഗമാണ് അക്ഷയസംരംഭകർ. സംസ്ഥാനത്ത് 3000-ത്തിൽപ്പരം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ആളുകളാണ് ഇത് നടത്തുന്നത്. ഇന്ന് സ്ത്രീസമൂഹത്തിന്റെ സുരക്ഷയും അവർക്കുവേണ്ട സൗകര്യങ്ങളെക്കുറിച്ചുമൊക്കെ സംസാരിക്കുമ്പോൾ അതിൽ പറയാവുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ധാരാളം അക്ഷയ കേന്ദ്രങ്ങൾ നടത്തുന്നത് സ്ത്രീ സംരംഭകരാണ്. ഇവർക്ക് വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ലഭിക്കുന്നത്. ഇതിന് പ്രത്യേകമായ ക്ഷേമനിധി വേണമെന്ന് പറഞ്ഞപ്പോൾ അന്ന് മന്ത്രി അഭിപ്രായപ്പെട്ടത് പ്രത്യേക ക്ഷേമനിധിയില്ലാത്ത എല്ലാവർക്കുംവേണ്ടി ഒരു പൊതുക്ഷേമനിധിയുണ്ടെന്നും അതിൽ ഇവർക്ക് അപേക്ഷ കൊടുക്കാവുന്നതാണെന്നുമാണ്, അത് പോരായെന്നാണ് എന്റെ അഭിപ്രായം. പ്രത്യേക പരിഗണന ലഭിക്കേണ്ട

മേഖലയാണിത്. ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് കൊടുക്കണം. അതുപോലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും കല്ല്യാണത്തിനുമൊക്കെ പലിശരഹിത വായ്പ നൽകണമെങ്കിൽ പ്രത്യേക ക്ഷേമനിധി വന്നാൽമാത്രമേ സാദ്ധ്യമാകൂ. ലോകം ആ രീതിയിലുള്ള പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് വിവരസാങ്കേതികവിദ്യ എല്ലാ അർത്ഥത്തിലും ലഭ്യമാകുമ്പോൾ രണ്ട് തലമുറകൾ പ്രശ്നം നേരിടുന്നുണ്ട്. ഞാൻ ഇന്നലെ സാന്ദർഭികമായി 'ഹോം' സിനിമ കാണാനിടയായി. അതിൽ പുതിയ തലമുറയ്ക്ക് വിവരസാങ്കേതിക വിദ്യയിലുള്ള വിജ്ഞാനംകൊണ്ട് ജീവിതത്തിലുണ്ടാകുന്ന എളുപ്പമാർഗ്ഗങ്ങൾ ഒരു ഭാഗത്തും അതില്ലാത്തതും എന്നാൽ ഈ ലോകത്ത് ജീവിക്കുമ്പോൾ അത് ആവശ്യമുള്ളതുമായ പഴയതലമുറ മറുവശത്തും. പഴയതലമുറയുടെ പ്രതിനിധിയെ ശ്രീ. ഇന്ദ്രൻസ് വളരെ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്. അത്തരമൊരു സമൂഹത്തിന് ഒരു മൊബൈൽ ഫോൺ കയ്യിലുണ്ടെങ്കിൽ ഒരു അക്ഷയ കേന്ദ്രത്തിന്റെയും ആവശ്യമില്ല; എല്ലാവർക്കും എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. എന്നാൽ ഇവിടെ രണ്ട് സമൂഹങ്ങളുണ്ട്. നമ്മുടെ കുട്ടികളുടെ ടെക്നോളജിയാണിത്. അവർ അത് വളരെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യും. ഈ സിനിമയിലെ കഥാപാത്രത്തിന്റെ രണ്ട് കുട്ടികൾ ഈ രംഗത്ത് വളരെ വലിയ വൈദഗ്ദ്ധ്യം കാണിക്കുകയും എന്നാൽ അയാൾ അത് ആഗ്രഹിച്ച് ഈ രംഗത്തേയ്ക്ക് വരികയും അബദ്ധത്തിൽ അയാളുടെ ഫേസ്ബുക്ക് അറിയാതെ ഓണാക്കിയിടുകയും ചെയ്യും. ഫേസ്ബുക്ക് അറിയാതെ ഓണായിപ്പോയതാണ്. കൂടുതൽ പറഞ്ഞാൽ സിനിമയുടെ ക്ലൈമാക്സാകും അതുകൊണ്ട് ഞാൻ പറയുന്നില്ല. അബദ്ധങ്ങൾ സംഭവിക്കുമെങ്കിലും ഇത് അറിയാത്തവർക്കും ഈ ലോകത്ത് ജീവിക്കണം. അവർക്ക് സംഭവിക്കുന്ന അബദ്ധങ്ങൾ, അതിന്റെ മാനസിക സംഘർഷങ്ങൾ അതൊക്കെയാണ് ആ സിനിമയിൽ പറയുന്നത്. ഈ കാലഘട്ടത്തിൽ അത് വളരെ പ്രസക്തമാണ്. അത് ഞാൻ സാന്ദർഭികമായി ഇവിടെ സൂചിപ്പിച്ചുവെന്നുമാത്രം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അക്ഷയ കേന്ദ്രങ്ങളിൽ തിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വില്ലേജോഫീസിലെ തിരക്കുകൾ മുഴുവൻ അക്ഷയ കേന്ദ്രത്തിലാണ് എത്തിയിരിക്കുന്നത്. ശ്രീ. രവി പിള്ള ഫൗണ്ടേഷന്റെ സഹായത്തിന് അപേക്ഷ കൊടുക്കാൻ 60 രൂപ ഫീസ് ഈടാക്കി ലക്ഷക്കണക്കിന് അപേക്ഷകർ അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷ കൊടുത്തു. ഇതുവരെ മറുപടി കിട്ടിയിട്ടില്ല. അവർക്ക് ഈ ബില്ലിലൂടെ കുറെ ആനുകൂല്യം ലഭിക്കുമെന്നുള്ളത് സത്യമാണ്. അതോടനുബന്ധിച്ച് അക്ഷയ കേന്ദ്രങ്ങളിൽ കൂടുതലായി കൊടുക്കേണ്ട പദ്ധതികൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇനിയുള്ള കാലഘട്ടത്തിൽ പുതുതലമുറയ്ക്ക് ഇതെല്ലാം അനായാസം ചെയ്യാൻ കഴിയും. എങ്കിലും ഇവിടെ രണ്ടുതരത്തിലുള്ള ജനവിഭാഗമുണ്ട്. പഴയ ആളുകൾക്കും ശാസ്ത്രസാങ്കേതിക പരിജ്ഞാന

മില്ലാത്തവർക്കും ഈ സഹായം ലഭ്യമാകണമെങ്കിൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യമാണ്. ഇന്ന് എല്ലാം ഇ-ഗവേണൻസ് ആയതുകൊണ്ട് എല്ലാവരും അക്ഷയ കേന്ദ്രത്തെ ആശ്രയിക്കുകയാണ്. ഈ സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങൾക്ക് നമ്മൾ എല്ലാവിധ സൗകര്യങ്ങളും ചെയ്യേണ്ടതാണ്. പക്ഷെ, ഗവണ്മെന്റിന്റെ ഇപ്പോഴുള്ള നിലപാട് ഇവർക്ക് പ്രത്യേക ക്ഷേമനിധി ആവശ്യമില്ലെന്നാണ്. ഒരിക്കൽ അങ്ങനെ അഭിപ്രായപ്പെട്ടാലും ചിലപ്പോൾ മാറ്റം വരാറുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഇന്ന് ഒരു സ്വകാര്യ ബിൽ കൊണ്ടുവന്നു. അതിനുമുൻപുതന്നെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. അങ്ങനെ ഓരോ മേഖലയിലും കൊണ്ടുവരുന്നുണ്ട്. ഇനി അടുത്ത ബിൽ കൊണ്ടുവരുമ്പോൾ വലിയ പരിഗണന കൊടുക്കേണ്ടത് അക്ഷയ സംരംഭകർക്കുള്ള ക്ഷേമനിധിക്കാണെന്ന് ഞാൻ ഇവിടെ പ്രത്യേകമായി സൂചിപ്പിച്ചുകൊണ്ട് എന്റെ ചർച്ച അവസാനിപ്പിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഐ.ടി./ഐ.ടി. അനുബന്ധ മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമ പദ്ധതിയുണ്ട്. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സിനുള്ള ക്ഷേമനിധി ബോർഡിനെ ഇക്കാര്യങ്ങൾ നോക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഖണ്ഡിക-2(ജി)-യുടെ നിർവ്വചനത്തിൽ ഐ.ടി./ഐ.ടി. അനുബന്ധ മേഖലയിലെ എല്ലാവിഭാഗം ജീവനക്കാരും സംരംഭകരും ഉൾപ്പെടുന്നുണ്ട്. എന്നുമാത്രമല്ല, ഇവിടെ സൂചിപ്പിച്ചതുപോലുള്ള അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ബില്ലിന് ഒരു പ്രസക്തിയുമില്ല. ചർച്ച ഇവിടെ അവസാനിപ്പിക്കുന്നതായിരിക്കും നല്ലത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.27-ന് പിരിഞ്ഞു.)

## അനുബന്ധം

നക്ഷത്രചിഹ്നമിട്ട ചോദ്യം 2(*122)-ന്റെ ചോദ്യം നമ്പർ *122 -ന്റെ 'എ' പിരിവിന് ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിന്റെ ബാക്കി ഭാഗം

| ക്രമ നമ്പർ | നിലവിലെ സ്ഥിതി | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1. | 19(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | കടുത്തുരുത്തി അതിരമ്പുഴ | 0.21.94 |
| 2. | 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | കുറിച്ചി, മാഞ്ഞൂർ,അതിരമ്പുഴ, നാട്ടകം, മുട്ടമ്പലം, പെരുമ്പായിക്കാട് | 0.50.29 |
| 3. | 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | മുട്ടമ്പലം, മാഞ്ഞൂർ, അതിരമ്പുഴ | 0.17.35 |
| | | ആകെ വിസ്തീർണ്ണം | 0.89.58 |